2. സ്പീഡ് ക്യാമറകൾ സ്ഥാപിക്കുന്നതിന് —154 ലക്ഷം രൂപ

3. പ്രീമൺസൂൺ ട്രെയിനിംഗിന് — 4.25 ലക്ഷം രൂപ

— 364.25 ലക്ഷം രൂപ

6. പോലീസ് വകുപ്പ് :

1. ഹൈവേ പട്രോളിംഗിന് ആൽക്കോ മീറ്റർ വാങ്ങുന്നതിന് — 5 ലക്ഷം രൂപ

2. 30 സ്പീഡ് ഡിറ്റക്ഷൻ ക്യാമറ 100 ലക്ഷം രൂപ

3. 20 സ്പീഡ് റഡാർ 200 ലക്ഷം രൂപ

4. 50 ആൽക്കോമീറ്റർ 30 ലക്ഷം രൂപ

5. റിഫ്ളക്ടീവ് ബാറ്റൺ, ജാക്കറ്റ്, സേർച്ച് ലൈറ്റ് തുടങ്ങിയവ — 25 ലക്ഷം രൂപ

360 ലക്ഷം രൂപ

7. നാറ്റ് പാക് :

ആലപ്പുഴ - മധുര, അമ്പലപ്പുഴ - തിരുവല്ല, അർത്തുംഗൽ - ചെല്ലാനം എന്നീ റോഡുകളിൽ റോഡ് സുരക്ഷാ ഓഡിറ്റ് നടത്തുന്നതിനായി

- 7.6 ലക്ഷം രൂപ

8. ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ :-

കൗൺസിലുകൾക്ക് വാർഷിക ധനസഹായം (14 X 3 ലക്ഷം വീതം)
42 ലക്ഷം രൂപ

9. ശബരിമല സേഫ് സോൺ പ്രോജക്ട്

പത്തനംതിട്ട ആർ.ടി.ഒ.ക്ക് — 3.55 ലക്ഷം രൂപ

ആകെ - 2198.148 ലക്ഷം രൂപ

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, റോഡ് സുരക്ഷയിൽ റോഡ് അപകടത്തിന്റെ ഒരു പ്രധാനപ്പെട്ട പ്രശ്നമായി നമ്മൾ കണ്ടത് റോഡിൽ കൂടി ബസ് പോകുമ്പോൾ ആളെ ഇറക്കാനോ കയറ്റാനോ ആയി ബസ് നിറുത്തിയാൽ അതിന്റെ പിറകിൽ വലിയ തിരക്ക് അനുഭവപ്പെടാറുണ്ട്. ബസ് ബേകളാണ് ഇതിനൊരു പോംവഴിയെന്ന് കണ്ടെത്തുകയുണ്ടായി. കഴിഞ്ഞ ബഡ്ജറ്റിൽ ബസ് ബേകൾ ഉണ്ടാക്കുന്നതിനുള്ള ഒരു സജഷൻ ഉണ്ടായിരുന്നു. അതിന് വല്ലതും സംഭവിച്ചിട്ടുണ്ടോ ?

ശ്രീ. ജോസ് തെറ്റയിൽ : സർ, ബസ് ബേകൾ ഉണ്ടാക്കുന്നതിനുവേണ്ടി നാഷണൽ ഹൈവേയിൽപോലും സ്ഥലം എടുത്തിട്ടില്ല. അത് എടുക്കുന്നതിൽ പോലും ആളുകളുടെ പ്രതിഷേധം പ്രതിരോധമായി നിൽക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പൊതുവേ എല്ലാ റോഡുകളിലും ബസ് ബേകൾ ഉണ്ടാക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്തുമായി ആലോചിച്ച് ചെയ്തുവരികയാണ്.

ശ്രീ. പി. കൃഷ്ണപ്രസാദ് : സർ, റോഡ് സുരക്ഷ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഇതിനെക്കുറിച്ച് അവബോധം വികസിപ്പിച്ചെടുക്കുന്നതാണ്. പ്രത്യേകിച്ചും ചെറുപ്പക്കാരുടെ ഇടയിൽ അന്തംവിട്ടുള്ള യാത്രയുടെ വിഷയങ്ങളുണ്ട്, അവരുടെയിടയിൽ അവബോധം വളർത്തിയെടുക്കണം. അതുകൊണ്ട് ഈ അവബോധം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾക്ക് പ്രാധാന്യം കൊടുക്കുന്നുണ്ടോ ?

ശ്രീ. ജോസ് തെറ്റയിൽ : അന്താരാഷ്ട്ര റോഡ് സുരക്ഷാ ദശകത്തിന്റെ ഭാഗമായി 2011 ജനുവരി 1-ാം തീയതി മുതൽ 7-ാം തീയതി വരെയുള്ള കാലഘട്ടം ദേശീയ റോഡ് സുരക്ഷാവാരം ആചരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടുത്ത മാസം 1-ാം തീയതി ഇതിന്റെ ഉദ്ഘാടനം നടത്തുന്നുണ്ട്. അതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ അതിന്റെ നടപടികൾ സ്വീകരിച്ചു വരുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനം ശക്തമാകണമെങ്കിൽ ആവശ്യമായ ജീവനക്കാർ വേണം. ഇപ്പോൾ എ.എം.വി.ഐ./എം.വി.ഐ. ഉൾപ്പെടെയുള്ള ജീവനക്കാർ വേണ്ടത്രയില്ല. പുതിയ തസ്തികകൾ സൃഷ്ടിച്ച് ഇതിന് പരിഹാരമുണ്ടാക്കുമോ?

ശ്രീ. ജോസ് തെറ്റയിൽ : ഇത് സംബന്ധമായി നിലവിലുള്ള ഉദ്യോഗസ്ഥന്മാരെ കൂടാതെ ഹോം ഗാർഡ്സിൽ നിന്നും 150 പേരെ തരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ഗവൺമെന്റ് പരിഗണിച്ചുവരികയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വ്യാജവാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ

5 (*65) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജ വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ വ്യാപകമായി നിലവിലുണ്ടെന്ന പത്ര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വ്യാജ സർട്ടിഫിക്കറ്റുകളിലെ ഹോളോഗ്രാം ഒറിജിനലാണെന്ന ആരോപണത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അന്വേഷണഫലം എന്താണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗതാഗത വകുപ്പു മന്ത്രിയുടെ പേരിൽ വ്യാജ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തയ്യാറാക്കിയതായി അറിവുണ്ടോ ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(ഡി) വ്യാജ സർട്ടിഫിക്കറ്റു നിർമ്മാണത്തിന്റെ ഉറവിടം കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(ഇ) വളരെ ഗരുതരമായ ഈ പ്രശ്നത്തിൽ സമഗ്രമായ അന്വോഷണവും, സമ്പൂർണ്ണ വാഹന പരിശോധനയും നടത്താൻ നടപടി സ്വീകരിക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതേക്കുറിച്ച് വിശദമായ അന്വേഷണം പോലീസ് വകുപ്പ് നടത്തിവരുന്നു.

(സി) പേരിൽ വ്യാജ സർട്ടിഫിക്കറ്റ് തയ്യാറാക്കിയിട്ടില്ല. എന്നാൽ പത്രവാർത്തയിന്മേൽ അന്വേഷണത്തിന് പോലീസിൽ പരാതി നൽകി അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടന്നുവരുന്നു.

(ഡി) ഈ വിഷയം സംബന്ധിച്ച അന്വേഷണം നടത്തുന്നത് പോലീസ് വകുപ്പാണ്. വിശദവിവരങ്ങൾ ലഭ്യമായിട്ടില്ല.

(ഇ) ഇത്തരം പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും വാഹന പരിശോധന സുഗമമാക്കുന്നതിനും മോട്ടോർ വാഹന വകുപ്പിലെ ഡാറ്റാബേസിലെ വിവരങ്ങൾ പോലീസ് വകുപ്പിനുംകൂടി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ വാഹനപരിശോധനയും രേഖകളുടെ സൂക്ഷ്മപരിശോധനയും കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ട നടപടികളും സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് റോഡുകളുടെ അറ്റകുറ്റപ്പണി ത്വരിതപ്പെടുത്താൻ നടപടി

6 (*66) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും, മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ പാതകൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണി ത്വരിതപ്പെടുത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; ഇതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ;

(ബി) അറ്റക്കുറ്റപ്പണികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും പണികൾ നിശ്ചിത സമയത്തിനകം നടപ്പാക്കുന്നതിനുമായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) റോഡുകളുടെ അറ്റക്കുറ്റപ്പണികൾ മന്ദീഭവിക്കുന്നതിന്റെ കാരണം എന്താണ് ; അറ്റക്കുറ്റപ്പണികൾ എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ കാലവർഷത്തിന്റെ ഫലമായി റോഡുകൾക്ക് ഉണ്ടായ നാശനഷ്ടം എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ഇ) റോഡുകളുടെ അറ്റക്കുറ്റപ്പണികൾക്കായി അത്യാധുനിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും പുതിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ;

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ,

(എ) സംസ്ഥാന റോഡുകളുടെ അറ്റകുറ്റപ്പണി പദ്ധതിയിതര പ്രവൃത്തിയിലുൾപ്പെടുത്തി 240 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. ഇതിന് പുറമേ റോഡുകളുടെ ഇപ്പോഴത്തെ നിലവാരമനുസരിച്ച് വളരെ മോശം, മോശമായവ എന്നിങ്ങനെ തരംതിരിച്ച സംസ്ഥാന പൊതുമരാമത്തു റോഡുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളും സഞ്ചാരയോഗ്യമാക്കുന്നതിന് പ്രത്യേക വിഹിതമായി 718 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ദേശീയപാതയുടെ അറ്റകുറ്റപ്പണികൾക്കായി 17.5136 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) മഴക്കാല കെടുതികൾമൂലം റോഡുകൾക്കുവേണ്ടിവരുന്ന അടിയന്തര അറ്റകുറ്റപ്പണികൾ പി.ഡബ്ല്യൂ.ഡി മന്ത്രി ചെയർമാനായുള്ള സംസ്ഥാനതല ക്രൈസിസ് മാനേജ്മെന്റ് സമിതിയും വിവിധ മന്ത്രിമാരുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാതല ക്രൈസിസ് മാനേജ്മെന്റ് സമിതിയും നിരീക്ഷിക്കുന്നുണ്ട്. പി.ഡബ്ല്യൂ.ഡി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ (വിജിലൻസ്) നേതൃത്വത്തിലുള്ള ടീം അറ്റകുറ്റപ്പണികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി പരിശോധന നടത്തുന്നുണ്ട്. ടെണ്ടർ വിജ്ഞാപനങ്ങൾ അതത് ജില്ലയിൽ നിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നേരിട്ട് നൽകാനും വിവിധ പ്രവൃത്തികൾക്ക് ടെണ്ടർ സമർപ്പിക്കുന്നതിനുള്ള കാലാവധി കുറച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്.

(സി) അപ്രതീക്ഷിതമായ ശക്തവും തുടർച്ചയായതുമായ മഴ മൂലമാണ് അറ്റകുറ്റപ്പണികൾ മന്ദീഭവിച്ചത്. 2011 ജനുവരി 31 നകം പണികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) 12-10-2010 വരെ 133.42 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്.

(ഇ) റോഡുകളിലെ കുഴികൾ അടയ്ക്കുന്നതിനായി ആധുനിക യന്ത്രം വാങ്ങുന്നതിനായി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. പുതിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്ന കാര്യവും പരിഗണനയിലുണ്ട്.

373/14·

LIBRARY ARCHIVES Kerala Legislative Assembly

എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ആശ്വാസ പദ്ധതികൾ

7 (*67) ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻഡോസൾഫാൻ ദുരിത ബാധിതർക്ക് എന്തെല്ലാം ആശ്വാസ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

(ബി) ദുരിത ബാധിതർക്ക് തൊഴിലും പുനരധിവാസവും ഉറപ്പാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ;

(സി) വിവിധ ജില്ലകളിലായി എത്ര ദുരിതബാധിതർ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവർക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഇ) ദുരിതബാധിതർക്ക് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച എൻഡോസൾഫാൻ ദുരിത ബാധിത പരിഹാരസെല്ലിലേക്ക് 2006-ൽ അനുവദിച്ച 50 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപ പുനരധിവാസ പ്രവർത്തനത്തിനായി ഉപയോഗിക്കുകയുണ്ടായി. വിവിധ വർഷങ്ങളായി കാസഗോഡ് ജില്ലാ പഞ്ചായത്ത് 20 ലക്ഷം രൂപ പുനരധിവാസത്തിനായി നൽകി. ഈ ഫണ്ട് ഉപയോഗിച്ച് പ്രൈമറി ഹെൽത്ത് സെന്ററിലേയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേയും രോഗികൾക്ക് തുടർ ചികിത്സ നൽകി വരുന്നു. വൈകല്യം സംഭവിച്ച ദുരിതബാധിതർക്ക് 300 രൂപ പ്രതിമാസ വികലാംഗ പെൻഷന് പുറമേ സാമൂഹ്യക്ഷേമ വകുപ്പുവഴി അധികസഹായമായി 400 രൂപയും രോഗികളെ പരിചരിക്കുന്നവർക്ക് പ്രതിമാസം 300 രൂപസഹായവും നൽകിവരുന്നു. ഇതുകൂടാതെ ആരോഗ്യവകുപ്പ് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ അംഗീകരിക്കുന്ന ലിസ്റ്റ് പ്രകാരം എൻഡോസൾഫാൻമൂലം ഗുരുതരമായതും ദീർഘകാല ചികിത്സ ആവശ്യമുള്ളതും തൊഴിലെടുക്കാതെ വീട്ടിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും വികലാംഗപെൻഷനായി 300 രൂപ ലഭിക്കുന്നവർക്ക് 1700 രൂപയും വികലാംഗപെൻഷൻ ലഭിക്കാത്തവർക്ക് 2000 രൂപയും എൻഡോസൾഫാൻ ദുരിത ബാധിതരിൽപ്പെട്ട രോഗികളായ മറ്റുള്ളവർക്ക് 1000 രൂപ വീതവും പ്രതിമാസം ധനസഹായം നൽകുന്നുന്നതിന് 6-12-2010-ന് ഉത്തരവായിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

9-4-2010 -ൽ എൻഡോസൾഫാൻ ദുരന്തനിവാരണത്തിനായി അനുവദിച്ച 1.25 കോടി രൂപയിൽ നിന്നും 20 ലക്ഷം രൂപ ഉപയോഗിച്ച് പ്രത്യേക സാന്ത്വന ചികിത്സാ പദ്ധതി നടപ്പാക്കി. ഇതിന്റെ ഭാഗമായി കിടപ്പിലായ രോഗികളെ വീട്ടിൽ എത്തി പരിചരിക്കുന്ന ഒരു മൊബൈൽ മെഡിക്കൽ സംഘം പ്രവർത്തിച്ചുവരുന്നു. അയുർവ്വേദ, അലോപ്പതി, ഹോമിയോ ഡോക്ടർമാരും ഫിസിയോതെറാപ്പിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, സ്പീച്ച് തെറാപ്പിസ്റ്റ് ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുള്ള പ്രത്യേക പരിശീലകർ എന്നിവർ അടങ്ങിയ സംഘം പ്രതിമാസം രണ്ട് ദിവസം വീതം പതിനൊന്ന് പഞ്ചായത്തുകളിലും എത്തി രോഗികളെ ചികിത്സിച്ചുവരുന്നു. താലോലം പദ്ധതിയിലൂടെ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട വിദഗ്ധ ആശുപത്രികളിലൂടെ ഒരു രോഗിക്ക് 50,000 രൂപ വരെ ചികിത്സക്കായി നൽകുന്നുണ്ട്. എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിലെ ഓരോ സബ് സെന്ററുകളിലും 2 ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടേയും ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടേയും സേവനം ലഭ്യമാക്കുന്നതിനായി 24 മെയിൻ നഴ്സ്, 69 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് 30 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, 12 ഫിസിയൊ തെറാപ്പിസ്റ്റ്, ഒരു എക്സ്റേ ടെക്നീഷ്യൻ എന്നിവരെ എൻ.ആർ.എച്ച്.എം വഴി നിയമിക്കുകയും ഇനിയും ആവശ്യമുള്ള ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയും ചെയ്യുന്നു. വിവിധ മെഡിക്കൽ കോളേജുകളിൽ നിന്നുള്ള ന്യൂറോളജിസ്റ്റ് ഉൾപ്പെടെയുള്ള വിദഗ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തി 22 മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിന് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിൽ രണ്ട് മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും 1411 രോഗികൾക്ക് ചികിത്സ നൽകുകയും ചെയ്തു. പി.എച്ച്.സി. സി.എച്ച്.സി ജനറൽ ഹോസ്പിറ്റൽ - കാസർഗാഡ് ഡിസ്ട്രിക്ട് ഹോസ്പിറ്റൽ-കാഞ്ഞങ്ങാട് എന്നിവയുടെ സൗകര്യങ്ങളും സേവനങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടു വരുന്നു. കാസർ ഗോഡ് ജില്ല ആശുപത്രിയുടെ നവീകരണം പൂർത്തിയായി. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാസർഗോഡ് ജനറൽ ഹോസ്പിറ്റലിൽ ഫിസിയോ തെറാപ്പി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും അന്തിമ ഘട്ടത്തിലാണ്.

(ബി) എൻഡോസൾഫാൻ ദുരിതബാധികർക്കായി ഒരു പുനരധിവാസ ചികിത്സാ കേന്ദ്രം കാസർഗോഡ് ജനറൽ ആശുപത്രിയിൽ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിപുലമായ പുനരധിവാസ പാക്കേജ് തയ്യാറായി വരുന്നു.

(സി) കാസർഗോഡ് ജില്ലയിൽ നടത്തിയ സർവ്വേയിൽ 2836 പേരെ എൻഡോസൾഫാൻ ദുരിബാധിതരായി കണ്ടെത്തിയിട്ടുണ്ട്. 2010 നവംബറിൽ ഇടുക്കി വയനാട് കോഴിക്കോട്, പാലക്കാട് ജില്ലകളിൽ എൻഡോസൾഫാൻ ഉപയോഗിക്കപ്പെടുന്നതായി ആരോപിക്കപ്പെട്ട പ്രദേശങ്ങളിൽ ആരോഗ്യവകുപ്പ് ഫീൽഡ് വിഭാഗം ജീവനക്കാരും ആശ വോളണ്ടിയർമാരും വഴി പ്രാഥമിക സർവ്വേ നടത്തിവരുന്നു. ഈ ജില്ലകളിൽ വിവിധ ആരോഗ്യപ്രശ്നങ്ങൾ ഉള്ളവരായി കണ്ടെത്തിയവരിൽ കൂടുതൽ വിശദമായ പരിശോധനകൾ വഴി മാത്രമേ എൻഡോസൾഫാനുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങളാണോ എന്നു പറയാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 9-4-2010 -ൽ എൻഡോസൾഫാൻ ദുരന്തനിവാരണത്തിനായി അനുവദിച്ച 1.25 കോടി രൂപയിൽ നിന്നും 20 ലക്ഷം രൂപ ഉപയോഗിച്ച് കാസർഗോഡ് ജില്ലയിൽ പ്രത്യേക സാന്ത്വന ചികിത്സാ പദ്ധതി നടപ്പാക്കി. ഇതിന്റെ ഭാഗമായി കിടപ്പിലായ രോഗികളെ വീട്ടിൽ എത്തി പരിചരിക്കുന്ന ഒരു മൊബൈൽ മെഡിക്കൽ സംഘം പ്രവർത്തിച്ചുവരുന്നു. കൂടാതെ വിവിധ മെഡിക്കൽ കോളേജുകളിൽ നിന്നുള്ള ന്യൂറോളജിസ്റ്റ് ഉൾപ്പെടെയുള്ള വിദഗ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തി 22 മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിന് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിൽ രണ്ട് മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും 1411 രോഗികൾക്ക് ചികിത്സ നൽകുകയും ചെയ്തു. പി.എച്ച്.സി, സി.എച്ച്.സി ജനറൽ ഹോസ്പിറ്റൽ -കാസർഗോഡ്, ഡിസ്ട്രിക് ഹോസ്പിറ്റൽ- കാഞ്ഞങ്ങാട് എന്നിവയുടെ സൗകര്യങ്ങളും സേവനങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊണ്ട് വരുന്നു. കാസർ ഗോഡ് ജില്ലാ ആശുപത്രിയുടെ നവീകരണം പൂർത്തിയായി. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കാസർഗോഡ് ജനറൽ ഹോസ്പിറ്റലിൽ ഫിസിയോ തെറാപ്പി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്.

(ഇ) ദുരിതബാധിതർക്ക് കേന്ദ്രസഹായം ലഭ്യമാക്കുന്നതിന് വേണ്ടി ഒരു ചികിത്സാ പുനരധിവാസ പാക്കേജ് തയ്യാറാക്കി വരുന്നു. ഇത് ഉടനെ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

8 (*68) ശ്രീ. വി. എൻ. വാസവൻ :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. വി. ശശികുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ വന്നശേഷം പുതുതായി എത്ര ബസ്സുകൾ നിരത്തിലിറക്കി എന്ന് വെളിപ്പെടുത്തുമോ ;

(സി) ബസ് സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രധാന ബസ്സ് സ്റ്റേഷനുകളിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബസ്സ് സ്റ്റേഷൻ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാനുള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ ; കോർപ്പറേഷന്റെ ഇപ്പോഴത്തെ സാമ്പത്തിക നില വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ) കെ.എസ്.ആർ.ടി.സി- യുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി മന്ത്രിസഭാ ഉപസമിതിയുടെ ശുപാർശകൾ അംഗീകരിച്ച് 11 ശുപാർശകൾ അടങ്ങിയ ഒരു പാക്കേജ് നടപ്പിലാക്കുവാൻ സ.ഉ.(എംഎസ്.) 10/2008/ഗതാഗതം തീയതി 26-2-2008 പ്രകാരം ഉത്തരവിറക്കിയിട്ടുണ്ട്. ടി ശുപാർശകളിന്മേൽ എടുത്ത നടപടിയും ആയതിന്റെ പുരോഗതിയും ചുവടെ ചേർക്കുന്നു :

1. പ്രതിവർഷം 1000 ബസ്സുകൾ നിരത്തിലിറക്കുന്നതിന്റെ ഭാഗമായി നാളിതുവരെ 2571 ബസ്സുകൾ പുതുതായി നിരത്തിലിറക്കി. 2010-11 കാലയളവിലേക്കായി KTDFC-യിൽ നിന്ന് 65 കോടി രൂപ ആദ്യ ഘട്ടത്തിൽ വായ്പയെടുത്തിട്ടുണ്ട്. ടി പദ്ധതി പൂർത്തിയാക്കുന്നതിനായി അവസാനഘട്ടത്തിലേക്കായി 55 കോടി രൂപ വായ്പയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

2. ഐ.ഒ.സി-ക്കുള്ള കുടിശ്ശിക 133.29 കോടി രൂപയിൽ നിന്ന് 11 കോടി രൂപയായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

3. കോർപ്പറേഷന്റെ 31-3-2008 വരെയുള്ള ബാദ്ധ്യതയായ 1,070.60 കോടി രൂപയിൽ 250.38 കോടി രൂപയുടെ സർക്കാർ ലോൺ തുക ഇക്വിറ്റിയായി മാറ്റുകയും ടി ലോണിന്റെ പലിശയും പിഴപ്പലിശയും മോട്ടോർ വെഹിക്കിൾ ടാക്സും ഉൾപ്പെടെ 820.22 കോടി രൂപ സർക്കാർ എഴുതി തള്ളുകയും ചെയ്തിട്ടുണ്ട്.

4. സമാന്തരസർവ്വീസുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പോലീസ് ഡിപ്പാർട്ട്മെന്റ്, മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ് കെ.എസ്.ആർ.ടി.സി എന്നീ ഡിപ്പാർട്ട്മെന്റുകൾ സംയുക്തമായി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പരിശോധന ഏർപ്പെടുത്തിയതുമൂലം സമാന്തര സർവ്വീസുകളെ നിയന്ത്രിക്കാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്.

5. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി യുടെ ബസ് ഡിപ്പോകളിൽ അത്യന്താധുനിക സജ്ജീകരണത്തോട് കൂടിയ ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. അങ്കമാലി, കാസർഗോഡ് എന്നിവിടങ്ങളിലെ നിർമ്മാണം അവസാനഘട്ടത്തിലാണ്. കോഴിക്കോട്, കാട്ടാക്കട തിരുവനന്തപുരം സെൻട്രൽ എന്നിവിടങ്ങളിലെ നിർമ്മാണം പുരോഗതിയിലാണ്. കൊട്ടാരക്കര ഡിപ്പോയിലെ ഷോപ്പിംഗ് കോംപ്ലക്സ് ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്.

6. 2008 ജനുവരി, ഫെബ്രുവരി മാർച്ച് മാസത്തെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിലേക്കും കോർപ്പറേഷന്റെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി കൊണ്ടു പോകുന്നതിനും KTDFC-യിൽ നിന്നും ലോൺ എടുക്കുന്ന അനുപാതം 50% ൽ നിന്നും 65% ആയി ഉയർത്തേണ്ടതാണെന്ന ശുപാർശ നടപ്പിലാക്കി.

LIBRARY ARCHIVES Kerala Legislative Assembly

7. ടിക്കറ്റില്ലാതെ യാത്രചെയ്യുന്നവരിൽ നിന്ന് 500 രൂപ പിഴ ഈടാക്കി. 31-12-2009 വരെ 12,64,500 രൂപ സർക്കാരിൽ ഒടുക്കിയിട്ടുണ്ട്.

8. കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്.

9. KTDFC-ക്കുള്ള ലോൺ തിരിച്ചടവ് കുറയ്ക്കുന്നതിനായി ലോൺ റീഷെഡ്യൂൾ ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിർദ്ദേശം 2010 നവംബർ 1-ാം തീയതി മുതൽ നടപ്പാക്കിയിട്ടുണ്ട്.

10. പുതിയ ബസ്സുകൾ ശബരിമല സ്പെഷ്യൽ സർവ്വീസ് ഓപ്പറേഷന് ശേഷം യൂണിറ്റുകളിലേക്ക് അനുവദിക്കുന്നതിനുള്ള പൂർണ്ണചുമതല കോർപ്പറേഷൻ മാനേജ്മെന്റിനാണ്. ഈ ബസ്സുകൾ അനുവദിക്കുമ്പോൾ അധിക വരുമാനം കോർപ്പറേഷന് ലഭ്യമാക്കത്തക്ക വിധത്തിൽ മാത്രമേ അനുവദിക്കാൻ പാടുള്ളു എന്ന ശുപാർശ നടപ്പിലാക്കി.

11. കെ.എം.പി.എൽ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ കാരണം KMPL-2005-ൽ 3.84 കി.മീ ആയിരുന്നത് ഇപ്പോൾ 4.25 കി.മീ ആയി ഉയർത്താൻ കഴിഞ്ഞു.

മെക്കാനിക്കൽ വിഭാഗം

കെ.എസ്.ആർ.ടി-സിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ആദ്യപടിയായി നിർജ്ജീവമായി കിടന്ന വർക്ക് ഷോപ്പുകൾ പുനരുദ്ധരിക്കാനുള്ള നടപടികൾ സ്വീകരിച്ചു. ഉപയോഗ ശൂന്യമായികിടന്ന പണിയായുധങ്ങൾക്കും യന്ത്രസാമഗ്രി കൾക്കും പകരം പുതിയവ വാങ്ങി ബസ് ബോഡികൾ കെ. എസ്.ആർ.ടി.സിയുടെ വർക്ക്ഷോപ്പുകളിൽ തന്നെ നിർമ്മിച്ചിറക്കുവാൻ തക്കവിധം സജ്ജമാക്കി. അപ്രകാരം കെ.എസ്.ആർ.ടി.സിയുടെ അഞ്ച് വർക്ക്ഷോപ്പുകളിലും ബസ് ബോഡി നിർമ്മാണം നടന്നുവരുന്നു. എ.സി ബസ്സുകൾ ഒഴികെയുള്ള എല്ലാത്തരം ബസ്സുകളുടേയും ബോഡികൾ പൂർണ്ണമായി കെ.എസ്.ആർ.ടി.സി വർക്ക്ഷോപ്പുകളിൽ തന്നെയാണ് നിർമ്മിച്ചു വരുന്നത്. ഇതുവരെ 2,548 ബസ്സുകൾ പണിതിറക്കിക്കഴിഞ്ഞു. 2005 കാലയളവിൽ പുറമേ നൽകി പണികഴിപ്പിച്ച ബസ് ഒന്നിന് ശരാശരി 5,29,000 രൂപ ചെലവായപ്പോൾ സൂപ്പർഫാസ്റ്റിന് 4,44,495 രൂപയും ഫാസ്റ്റിന് 4,36,489 രൂപയും ഓർഡിനറിക്ക് 4,34,903 രൂപയും മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. ഇത് കോർപ്പറേഷന് ലാഭകരമാണെന്നതിനു പുറമേ ടി ബസ്സുകൾ ഈടുറ്റതായതിനാൽ ആയുർദൈർഘ്യവും കൂടുതലാണ്. കെ.എസ്.ആർ.ടി.സി വർക്ക്ഷോപ്പുകൾക്ക് അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അതിന്റെ ഫലമായി സെൻട്രൽ വർക്സിന് ബി ക്ലാസ് പദവിയിലുള്ള അക്രഡിറ്റേഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്. എടപ്പാൾ വർക്ക്ഷോപ്പിൽ ഫോസ്ഫേറ്റ് പ്ലാന്റ് നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബോഡി ബിൽഡിംഗിന് ആവശ്യമായ ജീവനക്കാരെ പി.എസ്.സി മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ച്വഴി എം പാനൽ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥയിലും നിയമിക്കുകയും ടി മേഖലയിൽ പരിശീലനം നൽകുകയും ചെയ്തു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഡ്രൈവർമാർക്കും മെക്കാനിക്കൽ വിഭാഗം ജീവനക്കാർക്കും തക്കപരിശീലനം നൽകിവരികയും ചെയ്യുന്നു. തൽഫലമായി 3.84 ആയിരുന്ന കെ.എം.പി.എൽ 4.25 ആയി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. അടിക്കടിയുണ്ടാകുന്ന വിലവർദ്ധനവിലുള്ള അധിക ചെലവ് കണക്കിലെടുത്ത് ഒരു പകരം സംവിധാനത്തെക്കുറിച്ച് ആലോചിക്കുകയും ഡീസലിനുപകരം സി.എൻ.ജി ഉപയോഗിക്കുന്നതിന്റെ സാദ്ധ്യതകൾ ആരായുവാൻ ഗെയിൽ-ന് നിർദ്ദേശം നൽകുകയും തുടർനടപടികളുമായി മുന്നോട്ടുപോകുകയും ചെയ്തുവരുന്നു.

സർവ്വീസുകളെ സംബന്ധിച്ച്

കെ.എസ്.ആർ.ടി.സി തകർച്ചയുടെ വക്കിലെത്തിയ ഘട്ടത്തിലാണ് ഈ സർക്കാർ അധികാരത്തിൽ എത്തിയത്. പ്രതിവർഷം 1,000 ബസ്സുകൾ പുറത്തിറക്കി, കോർപ്പറേഷന്റെ വികസനം ഉറപ്പാക്കി നഷ്ടം കുറച്ചുകൊണ്ട് വരുവാനുള്ള ദീർഘവീക്ഷണത്തോടുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. 2006 ജൂൺ മാസം പ്രതിദിനം 11.52 ലക്ഷം കി.മീറ്ററാണ് സർവ്വിസ് നടത്തിയിരുന്നത്. ഇപ്പോൾ പ്രതിദിനം 15 ലക്ഷത്തോളം കി.മീറ്ററായി വർദ്ധിച്ചു. 2006 ജൂണിൽ 2.27 കോടി രൂപയാണ് പ്രതിദിന വരുമാനം ലഭിച്ചിരുന്നത്. 2010 നവംബർ മാസത്തിൽ പ്രതിദിനം 3.54 കോടി രൂപയായി വർദ്ധിച്ചു. കർണ്ണാടക, തമിഴ്നാട് അന്തർസംസ്ഥാന സർവ്വീസുകളും ജനപ്രിയ മലബാർ സർവ്വീസുകളും ഉൾപ്പെടെ 1,188 സർവ്വീസുകൾ അധികമായി ഓടിച്ചും നിലവിലുള്ള ഷെഡ്യൂളുകൾ പുനക്രമീകരിച്ചും തിരുവനന്തപുരം സിറ്റിയിൽ സമാന്തരസർവ്വീസുകളെ നിയന്ത്രിച്ചുമാണ് ഈ നേട്ടം കൈവരിക്കാൻ ആയത്. സുരക്ഷിതവും സുഖകരവും വിശ്വസനീയവുമായ യാത്ര മിതമായ നിരക്കിൽ ഉറപ്പാക്കുന്ന പ്രവർത്തനമാണ് ഇപ്പോൾ കോർപ്പറേഷൻ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കോർപ്പറേഷന്റെ വികസനം ഉറപ്പാക്കാനും സേവനം വിപുലീകരിക്കാനും തിരുവനന്തപുരം നഗരത്തിലെ യാത്രാസൗകര്യം വർദ്ധിപ്പിക്കാനുമായി 80 പുതിയ അനന്തപുരി ഫാസ്റ്റ് ബസ്സുകൾ 2009 ജനുവരി 31-ാം തീയതി ആരംഭിച്ചു. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും പ്രധാനപ്പെട്ട റൂട്ടുകളിൽ ചെയിൻ സർവ്വീസുകൾ ആരംഭിച്ചു. എറണാകുളം നഗരത്തിൽ കെ.എസ്.ആർ.ടി.സി യുടെ സിറ്റി സർവ്വീസുകൾ ആരംഭിക്കണമെന്ന പൊതുജനങ്ങളുടെ വർഷങ്ങളായുള്ള അഭ്യർത്ഥന മാനിച്ച് എറണാകുളം നഗരത്തിൽ 2010 ജൂൺ 16-ാം തീയതി മുതൽ 50 സിറ്റി സർവ്വീസുകൾ തിരു കൊച്ചി എന്നപേരിൽ ആരംഭിച്ചു. യാത്രക്കാരുടെ ഭാഗത്തുനിന്നും ഈ സർവ്വീസ് വിജയപ്രദമാക്കുന്നതിന് കാര്യമായ സഹകരണം ലഭിക്കുന്നുണ്ട്. ജവഹർലാൽ നെഹ്റു നഗരവികസന നവീകരണ പദ്ധതിയുടെ ഭാഗമായി എറണാകുളത്ത് 28 എ.സി ബസും 23 നോൺ എ.സി ബസ്സും തിരുവനന്തപുരത്ത് 18 എ.സി. ബസ്സും 28 നോൺ എ.സി ബസ്സും സർവ്വീസ് നടത്തുന്നുണ്ട്. ഈ പദ്ധതി പൂർണ്ണമാകുന്നതോടുകൂടി എറണാകുളം, തിരുവനന്തപുരം നഗരങ്ങൾ പൂർണ്ണമായും യാത്രാക്ലേശ വിമുക്തനഗരങ്ങളാകു

LIBRARY ARCHIVES Kerala Legislative Assembly

മെന്ന് പ്രതീക്ഷിക്കുന്നു. വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന കൺസഷൻ ടിക്കറ്റ് ദുരുപയോഗം ചെയ്യുന്നതിലൂടെ ഉണ്ടാകുന്ന വരുമാന ചോർച്ച തടയുന്നതിലേക്കായി കൺസഷൻ ടിക്കറ്റുകളിൽ ഫോട്ടോ പതിക്കുന്ന രീതി ഏർപ്പെടുത്തി. ആയതിലൂടെ കൺസഷൻ ടിക്കറ്റ് വിദ്യാർത്ഥികൾ തന്നെ ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിഞ്ഞു. മാത്രമല്ല വിദ്യാർത്ഥികൾക്ക് കൺസഷൻ കാർഡിനുവേണ്ടി അവർതന്നെ കെ.എസ്.ആർ. ടി.സി ഓഫീസിൽ വരേണ്ട ആവശ്യം ഇല്ലാതായി. അതാത് പ്രദേശത്തെ എം.എൽ.എ. മാരെ പങ്കെടുപ്പിച്ചുകൊണ്ട് പ്രതിമാസ യോഗങ്ങൾ നടത്താൻ നടപടികൾ സ്വീകരിച്ചു. സർവ്വീസ് കാര്യക്ഷമമായി നടത്തുന്നതിന് എല്ലാ വിഭാഗം ജീവനക്കാർക്കും ട്രെയിനിഗ് ആരംഭിച്ചു. പുതുതായി വന്ന എല്ലാ ഡ്രൈവർമാർക്കും ട്രെയിംനിംഗ് നൽകി. എല്ലാ കണ്ടക്ടർമാർക്കും ഒരു ദിവസത്തെ ട്രയിനിംഗ് നൽകി. എല്ലാ യൂണിറ്റുകളിലും ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ നൽകിക്കഴിഞ്ഞു. ദീർഘദൂര സർവ്വീസിനും അന്തർ സംസ്ഥാന ബസ് സർവ്വീസിനുമായി 20 എ.സി എയർ ബസ് 30 സൂപ്പർ ഡീലക്സ് 3 വോൾവോ എന്നിവ നിരത്തിലിറക്കി. സർവ്വീസുകൾ മെച്ചപ്പെടുത്തുന്നതിന് കോർപ്പറേഷന്റെ 5 വർക്ക്ഷോപ്പുകളും പൂർണ്ണമായി ഉപയോഗിച്ചുകൊണ്ട് ബസ് ബോഡി നിർമ്മിച്ചുകൊണ്ടിരിക്കുന്നു. ഇതുവരെ 2,571 ബസ്സുകൾ പുതുതായി നിരത്തിലിറക്കി. സ്ഥിരം യാത്രക്കാർക്ക് കുറഞ്ഞ നിരക്കിൽ സീസൺ ടിക്കറ്റ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി. ആദ്യഘട്ടമെന്ന നിലയിൽ കാസർഗോഡ്-മംഗലാപുരം റൂട്ടിൽ സീസൺ ടിക്കറ്റ് ഏർപ്പെടുത്തിക്കഴിഞ്ഞു. 1-2-2010 മുതൽ വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് പുതിയ ഇൻസെന്റീവ് സ്കീം കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് നൽകിത്തുടങ്ങി. സർവ്വീസുകൾ മെച്ചപ്പെടുത്തുന്നതിന് തിരുവനന്തപുരം, കൊല്ലം, എറണാകുളം തൃശ്ശൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ 5 മേഖലാ ഓഫീസുകൾ ആരംഭിച്ചു. തിരുവനന്തപുരത്ത് സിറ്റി ബസ്സുകൾക്ക് റൂട്ട് നമ്പർ നൽകി. ദീർഘദൂര സർവ്വീസുകൾക്ക് ഓൺലൈൻ റിസർവേഷൻ ആരംഭിച്ചു. നോട്ടിഫൈഡ് റൂട്ടുകളിൽ കൂടുതൽ സർവ്വീസുകൾ ആരംഭിച്ചു. കെ.എം.പി.എൽ. വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മെയിന്റനൻസ് കാര്യക്ഷമമാക്കി. ഡ്രൈവർമാർക്ക് ഇതിനായി പ്രത്യേക പരിശീലനം നൽകിവരുന്നുണ്ട്. 2005-ൽ കെ.എം.പി.എൽ.3.84 ആയിരുന്നത് ഇപ്പോൾ 4.27 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. അധിക വേഗതമൂലമുള്ള അപകടം ഒഴിവാക്കുന്നതിനായി ബസ്സുകളിൽ സ്പീഡ് ഗവർണ്ണർ ഘടിപ്പിക്കുകയും എല്ലാ ഡ്രൈവർമാർക്കും പ്രത്യേക പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. ഇതുമൂലം അപകടങ്ങളുടെ നിരക്ക് കുറയ്ക്കുന്നതിനും അപകടം മൂലമുണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. 2005-ൽ 1 ലക്ഷം കിമീ ഓടുമ്പോൾ 0.36 അപകടങ്ങളാണ് ഉണ്ടായിരുന്നത്. അപകടങ്ങൾ ശരിയായി അപഗ്രഥിച്ച് നടപടിയെടുത്ത് അപകട നിരക്ക് ദേശീയ ശരാശരിയേക്കാൾ കുറച്ച് 0.18 എന്ന നിലയിൽ എത്തിക്കാൻ കഴിഞ്ഞു. തമിഴ്നാട്ടിൽ ഇത് 0.26 ആണ്. കേരളത്തിൽ അപകട നിരക്ക് അഖിലേന്ത്യാ നിലവാരത്തിന്റെ മൂന്നിരട്ടിയോളം ഉള്ള സമയത്താണ് കെ.എസ്.ആർ.ടി.സി. യുടെ അപകട

LIBRARY ARCHIVES Kerala Legislative Assembly

നിരക്ക് അഖിലേന്ത്യാ ശരാശരിയിലും താഴെ എത്തിക്കാൻ കഴിഞ്ഞത്. അപകടം പറ്റിയ യാത്രക്കാർക്ക് ആനുകൂല്യം താമസംവിനാ ലഭ്യമാക്കാൻ ബസ്സുകൾ ഇൻഷ്വർ ചെയ്തു. പുതിയ ബസ്സുകളും ഫാസ്റ്റ് പാസഞ്ചർ മുതലുള്ള എല്ലാ ഉയർന്ന ക്ലാസ് ബസ്സുകളും ഇൻഷ്വർ ചെയ്തിട്ടുണ്ട്. ടിക്കറ്റില്ലാതെ യാത്രചെയ്യുന്നവരിൽ നിന്നും മോട്ടോർ വെഹിക്കിൾ ആക്ട് അനുസരിച്ച് 500 രൂപ ഫൈൻ ഈടാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുവഴി ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്നവരുടെ എണ്ണം ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞു. പ്രതിദിനം 34 മുതൽ 36 ലക്ഷത്തോളം യാത്രക്കാർക്ക് സുരക്ഷിതമായി ഗതാഗത സൗകര്യം നൽകുന്നു. കോർപ്പറേഷന്റെ വികസനം ഉറപ്പാക്കാൻ ദീർഘവീക്ഷണത്തോടുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 2005-ൽ കേവലം 13% സംഭാവന മാത്രമുണ്ടായിരുന്ന കെ.എസ്.ആർ.ടി.സിയുടെ പങ്ക് ഇപ്പോൾ റോഡ് ഗതാഗത രംഗത്ത് 27% ആയി വർദ്ധിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്.

<u>സിവിൽ വിഭാഗം</u>

യാത്രക്കാരുടേയും ജീവനക്കാരുടേയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി കേരളത്തിന്റെ അങ്ങോളമിങ്ങോളമുള്ള ബസ് സ്റ്റേഷനുകളിൽ ടോയ്ലെറ്റ്, യാർഡ്, ഓഫീസ് എന്നീ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സിവിൽ ജോലികൾ നടക്കുന്നുണ്ട്. കൂടാതെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് വിവിധ സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ ബി.ഒ.ടി അടിസ്ഥാനത്തിലും കെ.എസ്.ആർ.ടി.സി നേരിട്ടും കോംപ്ലക്സുകൾ നിർമ്മിക്കുന്നുണ്ട്. മേൽ സൂചിപ്പിച്ച കാര്യങ്ങൾവഴി കെ.എസ്.ആർ.ടി.സി യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ സർക്കാർ വന്നശേഷം കെ.എസ്.ആർ.ടി.സി പുതുതായി 2,571 ബസ്സുകൾ നിരത്തിലിറക്കി.

(സി) സർവ്വീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ അഞ്ച് മേഖലാ ഓഫീസുകൾ ആരംഭിച്ചു. തിരുവനന്തപുരം സിറ്റിയിൽ ബസ്സുകൾക്ക് റൂട്ട് നമ്പർ നൽകി. നോട്ടിഫൈഡ് റൂട്ടുകളിലേക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിച്ചു. ദീർഘദൂര സർവ്വീസുകൾക്കായി 30 സൂപ്പർ ഡീലക്സ് 20 എ.സി എയർ ബസ്, 3 വോൾവോ എന്നിവ നിരത്തിലിറക്കി. ആകർഷണീയവും സുഖകരവുമായ ഇരിപ്പിടങ്ങൾ ഈ ബസ്സുകളിൽ യാത്രക്കാർക്കായി ഒരുക്കിയിട്ടുണ്ട്. ദീർഘദൂരയാത്രയ്ക്ക് ഉപയോഗിച്ചിരുന്ന പഴയ ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ് എന്നീ ബസ്സുകൾ മാറ്റി പുതിയ ബസ്സുകൾ സർവ്വീസിന് നൽകി. സർവ്വീസിന് നൽകുന്ന എല്ലാ ബസ്സുകളും ഭംഗിയായി കഴുകി വൃത്തിയാക്കിയതിനുശേഷം മാത്രമേ നൽകാവൂ എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഓൺലൈൻ റിസർവേഷൻ വ്യാപകമാക്കാൻ തീരുമാനിച്ചു. വർഷങ്ങളായി യാത്രക്കാരുടെ നിരന്തര ആവശ്യമായിരുന്ന ഫെയർ സ്റ്റേജുകളിലുള്ള അപാകത പരിഹരിക്കുന്നതിലേക്കായി പുതിയ ഫെയർ സ്റ്റേജുകളും

373/14.

LIBRARY ARCHIVES Kerala Legislative Assembly

ഐഡന്റിക്കൽ ഫെയർ സ്റ്റേജുകളും അനുവദിക്കുകയും ചിലത് പുനർനിർണ്ണയിക്കുകയുമുണ്ടായി.

(ഡി) ഒന്നാംഘട്ടമായി മുപ്പത് ബസ് സ്റ്റേഷനുകളിലും (അനുബന്ധമായി പട്ടിക ചേർക്കുന്നു) ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ബി.ഒ.റ്റി അടിസ്ഥാനത്തിൽ കെ.റ്റി.ഡി.എഫ്.സി മുഖാന്തിരം ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതിൽ അങ്കമാലി ഷോപ്പിംഗ് കോംപ്ലക്സിന്റെ പണികൾ അന്തിമ ഘട്ടത്തിലാണ്. ഉദ്ഘാടനം ജനുവരിയിൽ നടക്കും. കോഴിക്കോട്, തിരുവല്ല തിരുവനന്തപുരം എന്നിവി ടങ്ങളിൽ പണികൾ പുരോഗിക്കുകയാണ്. നെടുമങ്ങാട് ഷോപ്പിംഗ് കോംപ്ലക്സിന്റെ രൂപരേഖ അംഗീകരിച്ച് തുടർ നടപടികൾ പുരോഗമിക്കുന്നു. കെ.എസ്.ആർ.ടി.സി നേരിട്ട് നിർമ്മിച്ച കൊട്ടാരക്കര, കാട്ടാക്കട, കാസർഗോഡ് എന്നിവിടങ്ങളിൽ കൊട്ടാരക്കരയിൽ നിർമ്മാണം പൂർത്തികരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കാട്ടാക്കടയും കാസർഗോഡും നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുന്നു. ഇതിൽ കാസർഗോഡിന്റെ ഉദ്ഘാടനം ജനുവരി ആദ്യവാരം പ്രതീക്ഷിക്കുന്നു. 2008-09 സാമ്പത്തിക വർഷം വരെയുള്ള കണക്ക് പൂർത്തികരിച്ചിട്ടുണ്ട്. അതിൻ പ്രകാരം കെ.എസ്.ആർ.ടി.സി യുടെ ആസ്തി ബാദ്ധ്യത ചുവടെ ചേർക്കുന്നു.

ബാദ്ധ്യത	തുക കോടിയിൽ
മൂലധനം	431.03
ഗവൺമെന്റ് ലോൺ	85.50
കെ.ടി.ഡി.എഫ്.സി "	375.93
ഹഡ്കോ "	104.88
എൽ.ഐ.സി "	75.00
കെ.എസ്.ടി.ടി "	1331.81
ബോണ്ട്	8.35
സർക്കാരിനുള്ള ബാദ്ധ്യത	51.14
പ്രോവിഡന്റ് ഫണ്ട്, പെൻഷൻ ആനുകൂല്യങ്ങൾ	386.46
ഓയിൽ കമ്പനികൾ	88.76
എം.എ.സി.ടി	23.00
മറ്റ് ബാദ്ധ്യതകൾ	210.50
ആകെ	1,842.36

LIBRARY ARCHIVES Kerala Legislative Assembly

ബാദ്ധ്യത തുക കോടിയിൽ

ആസ്തി

ഫിക്സഡ് അസറ്റ് (തേയ്മാന ചെലവ് കഴിച്ച്)	233.95
സ്റ്റോർസ്	20.76
ക്യാഷ്, ബാങ്ക് ബാലൻസ്	55.37
ട്രഷറി ബാലൻസ്	15.95
മറ്റ് ആസ്തികൾ	33.02
സഞ്ചിത നഷ്ടം	1,483.31
ആകെ	1,842.36

2008-09 സാമ്പത്തിക വർഷത്തിലെ നഷ്ടം 117.12 കോടി രൂപയാണ്.

പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ കൈവശം വച്ചിരുന്ന റോഡുകളുടെ ശോച്യാവസ്ഥ

9 (*69) ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. ബാബു പോൾ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ കൈവശം വച്ചിരുന്ന എത്ര കിലോമീറ്റർ റോഡ് മരാമത്ത് വകുപ്പിന് വിട്ടുതന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ആ റോഡുകളുടെ ശോച്യാവസ്ഥ പരിഗണിച്ച് അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാര യോഗ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) കേരളത്തിൽ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ കൈവശം വച്ചിട്ടുള്ള റോഡുകൾ പൊതുമരാമത്തുവകുപ്പിന് വിട്ടുതന്നിട്ടില്ല. എന്നാൽ പൊതുമരാമത്തുവകുപ്പ് വിവിധ ഘട്ടങ്ങളിലായി പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളതും പിന്നീട് ആരുടേയും ചുമതലയിൽ വരാത്തതുമായ 7385 കി.മീറ്റർ റോഡുകൾ പൊതുമരാമത്ത് വകുപ്പിൽ നിലനിർത്തി എം.ഡി.ആർ വിഭാഗത്തിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏറ്റെടുത്ത റോഡുകൾ അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കുന്നതിനും മുമ്പ് പൊതുമരാമത്ത് വകുപ്പ് അറ്റകുറ്റപ്പണികൾ നടത്തി വന്നിരുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ "one time maintenance"-ൽ പ്പെടുത്തി അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്.

ജലഅതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

10 (*70) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജല അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി രൂപീകരിച്ച മാനേജ്മെന്റിന്റെയും ജീവനക്കാരുടെയും പ്രതിനിധികളടങ്ങുന്ന സംയുക്ത സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു.

(സി) ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഈ സംവിധാനം സഹായകരമായിട്ടുണ്ടോ ;

(ഡി) വിവിധ പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കുന്നതിനും അഴിമതി തടയുന്നതിനും മറ്റെന്തൊക്കെ പുതിയ സംവിധാനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) ജലഅതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

- സ്ഥാപനത്തിന്റെ ഘടനാപരമായ ക്രമീകരണത്തിനുള്ള പരിപാടികൾ
- നയങ്ങളിലും നടപടിക്രമങ്ങളിലും മാറ്റങ്ങൾക്കുള്ള നിർദ്ദേശങ്ങൾ
- സാമ്പത്തിക സുസ്ഥിരത
- കാര്യക്ഷമമായ പദ്ധതി നിർവ്വഹണം-ജലനഷ്ടം കുറയ്ക്കൽ, ഊർജ്ജ സംരക്ഷണം, ആസ്തി സംരക്ഷണം, 24 X 7 മണിക്കൂറും കുടിവെള്ള വിതരണം.

LIBRARY ARCHIVES Kerala Legislative Assembly

■ പൊതുജനങ്ങൾ അറിയേണ്ട വിവരങ്ങൾ സുതാര്യമായി വെളിപ്പെടുത്തുന്നതിനുള്ള നടപടി

■ ഉപഭോക്തൃ സൗഹൃദ സമീപനം

■ ജലവിതരണ/സ്വീവേജ് കവറേജ് പദ്ധതി

■ ഇ-ഗവേണൻസ്

(ബി) പുനസംഘടന സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി അതോറിറ്റി മാനേജ്മെന്റും ട്രേഡ് യൂണിയൻ പ്രതിനിധികളും കൂട്ടായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പത്ത് ഉദ്യോഗസ്ഥൻമാരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചു. അതോറിറ്റിയെ പ്രോജക്ട് ഡിവിഷനെന്നും ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ഡിവിഷനെന്നും പുനഃക്രമീകരിച്ചു. ബ്ലൂ ബ്രിഗേഡ് എല്ലാ സബ് ഡിവിഷൻ ഓഫീസുകളിലും ഹെൽപ്പ് ഡെസ്കുകൾ, പൗരാവകാശ ഇ-ടെൻഡറിംഗ് എന്നീ നിർദ്ദേശങ്ങൾ നടപ്പാക്കിവരുന്നു. കൂടാതെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ബംഗ്ലൂർ, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് സെന്റർ, എനർജി മാനേജ്മെന്റ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടെ പുനഃസംഘടന സംബന്ധിച്ച കൂടുതൽ പഠനങ്ങൾ നടന്നുവരുന്നു.

(സി) ഉണ്ട്. അതോറിറ്റിയെ പ്രോജക്ട് ഡിവിഷനെന്നും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് ഡിവിഷനെന്നും പുനഃക്രമികരിച്ചു. ബ്ലൂ ബ്രിഗേഡ് സംവിധാനം എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നടപ്പാക്കി വരുന്നു. എല്ലാ സബ് ഡിവിഷൻ ഓഫീസുകളിലും ഹെൽപ്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ഇപ്പോൾ നടന്നുവരുന്ന പുനഃസംഘടന സംബന്ധിച്ച പഠനം പൂർത്തിയാകുന്നതോടുകൂടി അതോറിറ്റിയെ ശക്തിപ്പെടുത്തുവാനുള്ള കൂടുതൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കുന്നതിനായി അതോറിറ്റിയെ പ്രോജക്ട് ഡിവിഷനെന്നും ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ഡിവിഷനെന്നും പുനഃസംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 13 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ച് പദ്ധതികൾ പൂർത്തിയാക്കിവരുന്നു. ടെൻഡർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനുവേണ്ടി ഇ-ടെൻഡറിംഗ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. കൂടാതെ ടെൻഡറിംഗിലെ കാലതാമസം ഒഴിവാക്കുന്നതിനും ടെൻഡർ നടപടികൾ ലഘൂകരിക്കുന്നതിനുമായി നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ പുനഃസംഘടന സംബന്ധിച്ച കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ നിരീക്ഷിക്കാൻ മോണിട്ടറിംഗ് സമിതികൾ

11 (*71) ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ നിരീക്ഷിക്കാൻ മോണിറ്ററിംഗ് സമിതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പ്രവർത്തികളുടെ നടത്തിപ്പിൽ സമിതിക്ക് എന്തെല്ലാം അധികാര ങ്ങളാണ് നൽകുന്നത് ;

(സി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കു ന്നതിന് നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുമോ ;

(ഡി) കാലാവധി കഴിഞ്ഞും പൂർത്തിയാക്കാതെയുള്ള പണികൾ പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ & ബി) പൊതുമരാമത്ത് വകുപ്പിന്റെ വിവിധ നിർമ്മാണ പ്രവൃത്തി കളുടെ അവലോകനത്തിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ മാരുടെ അദ്ധ്യക്ഷതയിൽ സമിതി ഇതിനകം രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ സമിതി രണ്ടാഴ്ചയ്ക്കൊരിക്കൽ അവലോകനം നടത്തണ മെന്നും പി.ഡബ്ല്യൂ.ഡി ജില്ലാതല ഉദ്യോഗസ്ഥർ വിശദമായ സ്റ്റാറ്റസ് റിപ്പോർട്ട് അവതരിപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ അദ്ധ്യ ക്ഷനും പി.ഡബ്ല്യൂ.ഡി സൂപ്രണ്ടിംഗ് എഞ്ചിനീയർ കൺവീനറുമായി ജില്ലാതല കമ്മിറ്റി മാസംതോറും യോഗംചേർന്ന് പ്രവൃത്തികൾ നിരീക്ഷിക്കുന്നതാണ്. മരാമത്ത് മന്ത്രിതലത്തിൽ മാസംതോറും അവലോകനവും നടത്തുന്നതാണ്. മഴക്കെടുതിമൂലം റോഡുകൾക്ക് വേണ്ടിവന്ന അടിയന്തര അറ്റകുറ്റപ്പണികൾ നിരീക്ഷിക്കാനായി മരാമത്ത് മന്ത്രി ചെയർമാനായി വിവിധ മന്ത്രിമാരും ഉദ്യോഗസ്ഥരും അടങ്ങിയ സംസ്ഥാന തല ക്രൈസിസ് മാനേജ്മെന്റ് സമിതിയും വിവിധ മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാതല സമിതിയും ഉണ്ട്.

(സി) ഇപ്പോൾതന്നെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനമുണ്ട്.

(ഡി) ഓരോ പ്രവൃത്തിയുടേയും കാര്യത്തിൽ കാരണങ്ങൾ വിശകലനം ചെയ്തും ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ചും കരാർ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥകൾക്ക് അനുസൃതമായും ആവശ്യമെങ്കിൽ കരാർ റദ്ദ് ചെയ്ത് പുനഃക്രമീകരണം നടത്തിയും പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

മുല്ലപ്പെരിയാർ പ്രശ്നപരിഹാരത്തിന് സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാര സമിതി

12 (*72) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ പ്രശ്നപരിഹാരത്തിന് സുപ്രീം കോടതി നിയോഗിച്ച ഉന്നതാധികാര സമിതി മുമ്പാകെ കേരളത്തിന്റെ വാദങ്ങൾക്ക് ആധാരമായ തെളിവുകൾ ഹാജരാക്കിയിട്ടുണ്ടോ ;

(ബി) ഡാമിന്റെ ബലക്ഷയം സംബന്ധിച്ച ഏതെല്ലാം പഠന റിപ്പോർട്ടുകളും രേഖകളുമാണ് കേരളം സമർപ്പിച്ചിട്ടുള്ളത്.

(സി) ഉന്നതാധികാര സമിതിയുടെ സന്ദർശനത്തിന് മുമ്പ് ഡാമിന്റെ കേടുപാടുകൾ വ്യക്തമാകാത്തതരത്തിൽ അറ്റകുറ്റപ്പണികളും പെയിന്റിംഗും നടത്തിയ തമിഴ്നാടിന്റെ നടപടി ഉന്നതാധികാര സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) മുല്ലപ്പെരിയാർ പുതിയ ഡാം നിർമ്മിക്കാനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) ഉണ്ട്

(ബി) നിലവിലുള്ള മുല്ലപ്പെരിയാർ ഡാമിന്റെ ബലക്ഷയം സംബന്ധിച്ച് ഡൽഹി, ഐ.ഐ.റ്റി നടത്തിയിട്ടുള്ള പഠന റിപ്പോർട്ടും റൂർക്കി ഐ.ഐ.റ്റി നടത്തിയ സെസ്മിക് Stability analysis of Mullaperiyar Dam - Part I, Seismic Hazard Analysis ഉം സുപ്രീംകോടതി മുമ്പാകെ കേരളം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ രണ്ടാംഭാഗം ഫയലിൽ സ്വീകരിക്കുന്നതിന് കേരളം ബഹുമാനപ്പെട്ട എംപവേർഡ് കമ്മിറ്റി മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 2000 ലെ എക്സ്പർട്ട് കമ്മിറ്റി, ഡാം സുരക്ഷിതമാണെന്ന് വിലയിരുത്തുവാൻ അവലംബിച്ചിട്ടുള്ള assumption-ൽ പലതും ശരിയായിട്ടുള്ളവയായിരുന്നില്ല എന്ന് കേരളം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഡാമിൽനിന്നും ലീച്ച് ചെയ്യുന്ന ലൈമിന്റെ അളവിനെ സംബന്ധിച്ചും, ഡാം നിർമ്മിതിക്ക് ഉപയോഗിച്ചിരിക്കുന്ന വസ്തുക്കളുടെ പഴക്കംമൂലം ഉണ്ടായിട്ടുള്ള ബലക്ഷയത്തെ സംബന്ധിച്ചുള്ള രേഖകളും കേരളം സമർപ്പിച്ചിട്ടുണ്ട്. അമേരിക്ക, ചൈന ഇന്ത്യ എന്നീ രാജ്യങ്ങളിൽ മുമ്പ് സംഭവിച്ചിട്ടുള്ള ഡാം ഫെയിലുവർ സംബന്ധിച്ചുള്ള exhibits ഉം കേരളം കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്

(ഡി) മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മാണത്തിന് ആവശ്യമായ സർവ്വെ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. സർവ്വെ ചെയ്ത് പുതിയ ഡാമിനുവേണ്ടിയുള്ള അലൈൻമെന്റ് കണ്ടെത്തുകയും അതിൽ 5 ബോർഹോൾ എടുത്ത് സാമ്പിൾ പരിശോധിക്കുകയും ചെയ്തു. പ്രസ്തുത വിവരങ്ങൾകൊണ്ട് പുതിയ ഡാമിന്റെ രൂപകല്പന ചെയ്തു. ഈ വിവരങ്ങൾ ചേർത്ത കരട് ഡി.പി.ആർ, ഫീസിബിലിറ്റി റിപ്പോർട്ട് എന്നിവ തയ്യാറാക്കി. തയ്യാറാക്കിയ കരട് DPR-ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി സാങ്കേതികമായി കുറ്റമറ്റ വിധത്തിൽ 2011 മേയ് മാസത്തിൽ അന്തിമ DPR-തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗിച്ചു വരുന്നു ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ പഠനത്തിന് ആവശ്യമായ 10 അധിക ബോർ ഹോളിന്റെ പണി ഏകദേശം പൂർത്തിയായിക്കഴിഞ്ഞു.

കെ.എസ്.ടി.പി പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനം

13 (*73) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. അടൂർപ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുവികസനത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന കെ. എസ്. ടി. പി. പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനം ആരംഭിക്കുന്നതിന് എന്തൊക്കെ സാങ്കേതിക തടസ്സങ്ങളാണുള്ളത് എന്നറിയിക്കുമോ ;

(ബി) രണ്ടാംഘട്ട പദ്ധതിയിൽ നടപ്പിലാക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(സി) പുതുക്കിയ പദ്ധതിയനുസരിച്ച് രണ്ടാം ഘട്ടം എന്ന് പൂർത്തിയാക്കാനാകുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സമയബന്ധിതമായി രണ്ടാംഘട്ട പദ്ധതി പൂർത്തിയാക്കാൻ കഴിയാത്തതുകൊണ്ട് ഇതിന്റെ അടങ്കൽ തുകയിൽ എന്തു വർദ്ധനവ് ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത് ;

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) കെ.എസ്.ഡി.പി രണ്ടാംഘട്ടം ആരംഭിക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഒന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റോഡുകൾ തീരുമാനിച്ചുകഴിഞ്ഞു. പ്രസ്തുത റോഡുകളുടെ സർവ്വേയും എഞ്ചിനീയറിംഗ് ഡിസൈനും പൂർത്തീകരിച്ചു. പദ്ധതിക്ക് ആവശ്യമായ സ്ഥലത്തിന്റെ 90% ഏറ്റെടുത്തു കഴിഞ്ഞു.

(സി&ഡി) പദ്ധതി ആരംഭിച്ചുകഴിഞ്ഞാൽ 4 വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

വ്യാജ ആയുർവേദ മരുന്നുകളുടെ നിയന്ത്രണം

14 (*74) ശ്രീ. വി. എം. ശ്രേയാംസ് കുമാർ :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വ്യാജ ആയുർവ്വേദമരുന്നുകളുടെയും ഇവയുടെ പരസ്യങ്ങളുടെയും നിയന്ത്രണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോളർ മരുന്നുകളുടെ പരസ്യ നിയന്ത്രണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ മരുന്നുകളുടെ പരസ്യങ്ങളാണ് നിയന്ത്രിച്ചതെന്ന് വിശദീകരിക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) വ്യാജമരുന്നുകളുടെ വിപണനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ലൈസൻസുള്ള ആയുർവേദ മരുന്നുകൾ വൻപരസ്യങ്ങൾ നൽകി ഇല്ലാത്ത രോഗ പരിഹാരമുണ്ടാക്കുമെന്ന അവകാശവാദത്തോടെ പരസ്യം ചെയ്യുന്നുണ്ട്. ഇത്തരം പരസ്യങ്ങൾക്കെതിരെ 1954-ലെ ഡ്രഗ്സ് & മാജിക്റെമഡീസ് ((ഒബ്ജക്ഷണബിൾ അഡ്വൈർടൈസ്മെന്റ്) ആക്ട് പ്രകാരം ആയുർവേദ ഡ്രഗ്സ് കൺട്രോളർ നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) നിയമനിഷേധമായി പരസ്യം ചെയ്ത ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 1954 ലെ ഡ്രഗ്സ് & മാജിക് റെമഡീസ്) (ഒബ്ജക്ഷണബിൾ അഡ്വൈർടൈസ്മെന്റ്) ആക്ട് പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. മൂവാറ്റുപുഴയിൽ പ്രവർത്തിക്കുന്ന കുന്നത്ത് ഫാർമസ്യൂട്ടിക്കൽസിന്റെ മുസ്ലി പവർ എക്സ്ട്രാ എന്ന ഉൽപ്പന്നം

2. പാലക്കാട് പ്രവർത്തിക്കുന്ന ഹെർബോ കെയർ എന്ന സ്ഥാപനം നിർമ്മിക്കുന്ന ഉത്തരായനി എന്ന ഉൽപ്പന്നം

3. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന അവർഡൈന ഹെർബൽസിന്റെ ഡിബറ്റിക് പൗഡർ എന്ന ഉൽപ്പന്നം

373/14

LIBRARY ARCHIVES Kerala Legislative Assembly

4. മാവേലിക്കരയിൽ പ്രവർത്തിക്കുന്ന ശ്രീഗുരു ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനം നിർമ്മിക്കുന്ന സുകൃതം ഹെർബർ ഓയിൽ എന്ന ഉൽപ്പന്നം

5. കൊട്ടാരക്കരയിൽ പ്രവർത്തിക്കുന്ന എം.വി.എം ആയുർവേദിക് റിസർച്ച് ലാബ് നിർമ്മിക്കുന്ന കൃഷ്ണതുളസി കഫ് സിറപ്പ് എന്ന ഉൽപ്പന്നം.

6. തൃശ്ശൂർ മാളയിൽ പ്രവർത്തിച്ചുവരുന്ന പാണ്ഡവ ഹെർബൽ റെമഡീസ് എന്ന സ്ഥാപനം നിർമ്മിച്ചുവരുന്ന മദനശക്തി ഓയിൽ എന്ന ഉൽപ്പന്നം

7. കേലിംഗ് ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനം വിൽപ്പന നടത്തി വരുന്ന കേ വീഗോ എന്ന ഉൽപ്പന്നം.

മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ കാര്യക്ഷമമാക്കൽ

15 (*75) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. മുരളി പെരുനെല്ലി :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിലെ അഴിമതി തടയുന്നതിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുമായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) വകുപ്പിൽ നടപ്പാക്കിയ ഇ-ഗവേണൻസ് സംവിധാനങ്ങൾമൂലം വിവിധ സേവനങ്ങൾ നൽകുന്നതിനുള്ള കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ഇടനിലക്കാരെ ഒഴിവാക്കുന്നതിനായി ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഡി) മോട്ടോർ വാഹന വകുപ്പിലെ രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ) ഫാസ്റ്റ് പ്രോജക്ട് (കമ്പ്യൂട്ടർവത്ക്കരണം), ഓൺലൈൻ അപേക്ഷ, ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സംവിധാനം, എസ്.എം.എസ്. സംവിധാനം, സ്പീഡ്, പോസ്റ്റ് സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. മോട്ടോർ വാഹന വകുപ്പിലെ അഴിമതി തടയാനും, പൊതുജനങ്ങൾക്ക് കാര്യക്ഷമമായി സേവനങ്ങൾ നൽകുന്നതിനുമായി താഴെപ്പറയുന്ന വിവിധ ഇ-ഗവേണൻസ് പദ്ധതികൾക്ക് കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. ഫാസ്റ്റ് പദ്ധതി (കമ്പ്യൂട്ടർവത്ക്കരണം)

2. ഫാസ്റ്റ് ട്രാക്ക് സംവിധാനം

3. ഓൺലൈൻ അപേക്ഷ

4. എസ്.എം.എസ്. സംവിധാനം

5. സ്പീഡ് പോസ്റ്റ് സംവിധാനം

6. ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. ഡ്രൈവർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കമ്പ്യൂട്ടർവൽകൃത വാഹനപരിശോധനാ കേന്ദ്രങ്ങൾ, ഡ്രൈവർ ടെസ്റ്റിംഗ് യാർഡുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിന്റെ വെബ്സൈറ്റിന്റെ സുരക്ഷാ പരിശോധനകൾ തീരുന്ന മുറയ്ക്ക് ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതാണ്.

(ഡി) പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്തിട്ടില്ല. നിലവിൽ 55 ലക്ഷത്തോളം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും, 60 ലക്ഷത്തോളം ഡ്രൈവിംഗ് ലൈസൻസുകളും ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ആഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളും മറ്റ് അനുബന്ധ ഫയലുകളും ഡിജിറ്റലൈസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ നിയന്ത്രിക്കാൻ നടപടി

16 (*76) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) റോഡ് സൗകര്യങ്ങൾ മെച്ചപ്പെടാതെ വാഹനങ്ങളുടെ എണ്ണം ദിനംപ്രതി പെരുകുന്നത് നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) വാഹന പരിശോധന സംവിധാനം കൂടുതൽ ശക്തമാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിന് മോട്ടോർ വാഹന വകുപ്പ്നിരന്തരം വാഹനപരിശോധന നടത്തുന്നുണ്ട്. ഇതിനായി 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലും, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. അന്യ സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് വരുന്ന വാഹനങ്ങൾ വകുപ്പിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ചെക്ക് പോസ്റ്റുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ നാല് മേഖലകളിലായി ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഇന്റർസെപ്റ്റർ വാഹനമുപയോഗിച്ച് നാല് മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസുകളുടെ മേൽനോട്ടത്തിൽ ഫ്ളയിംഗ്സ്ക്വാഡ് ചെക്കിംഗ് നടത്തിവരുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റിയും നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. അവ താഴെ പറയുന്നവയാണ്.

1. അപകട സാദ്ധ്യതാ മേഖല(Accident Prone Area)-യും അതീവ -: അപകട സാദ്ധ്യതാ മേഖലയും (Black Spots): റോഡപകടങ്ങളെ സംബന്ധിച്ചുള്ള സ്ഥിതിവിവര കണക്കുകൾ വിശകലനം ചെയ്യുകയും സംസ്ഥാനത്ത് 896 അപകട സാദ്ധ്യതാ മേഖലകളും (Accient Prone Area), 217 അതീവ അപകട സാദ്ധ്യതാ മേഖലകളും (Black Spots) കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മേഖലകളിലെ അപകടകാരണം വ്യക്തമായി കണ്ടെത്തി അപകടങ്ങൾ കുറയ്ക്കുന്നതിലേക്കായി അനുയോജ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. മാതൃകാ റോഡ് പദ്ധതി: സംസ്ഥാനത്തെ തിരഞ്ഞെടുത്ത ആറ് പാതകളെ അപകട വിമുക്ത മാതൃകാ റോഡുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത റോഡുകളെ ശാസ്ത്രീയമായ രീതിയിൽ സംവിധാനം ചെയ്യുകയും, ട്രാഫിക് സിഗ്നൽ ലൈറ്റുകളും സൈൻ ബോർഡുകളും അനുയോജ്യമായ സ്ഥാനത്ത് സ്ഥാപിക്കുകയും സ്പീഡ് റഡാറുകൾ ഉപയോഗിച്ച് അമിത വേഗത കുറയ്ക്കുകയും ചെയ്ത് അപകടങ്ങൾ ഒഴിവാക്കുന്നതിനും നടപടികൾ പുരോഗമിച്ചുവരുന്നു. ഇക്കാര്യം പൊതുമരാമത്ത്, പോലീസ്, മോട്ടോർ വാഹനം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചാണ് ചെയ്തുവരുന്നത്.

3. റോഡു സുരക്ഷാ ബോധവൽക്കരണം: റോഡ് സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ടെലിവിഷൻ മാധ്യമങ്ങൾവഴി ഫിലിമുകൾ സംപ്രേഷണം ചെയ്തും, റേഡിയോ, അച്ചടി മാധ്യമങ്ങൾ തുടങ്ങി സാധ്യമായ മുഴുവൻ മാധ്യമങ്ങളെ ഉപയോഗിച്ചും റോഡ് സുരക്ഷയെപ്പറ്റി പൊതുജനങ്ങളെ ബോധവൽക്കരണം നടത്തിയും അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്ക്കാരം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ആയത് എത്രയും വേഗം നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. റോഡ് സുരക്ഷാ ക്ലബ്ബ്: റോഡു സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുവാനും റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുവാനും, കേരളത്തിലെ സ്ക്കൂൾ/കോളേജുകളിൽ റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബ്ബുകൾ കേരളത്തിലെ എല്ലാ സ്ക്കൂളുകളിലും കോളേജുകളിലും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

5. <u>റോഡ് സുരക്ഷാ പ്രോജക്ടും ഗവേഷണവും</u> : ആലപ്പുഴ ജില്ലയിലെ ആലപ്പുഴ-മധുര, അമ്പലപ്പുഴ-തിരുവല്ല, ആർത്തുങ്കൽ-ചെല്ലാനം എന്നീ റോഡുകളുടെ സേഫ്റ്റി ഓഡിറ്റ് നാറ്റ്പാക്കിന്റെ സഹായത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റി ചെയ്തുകഴിഞ്ഞു.

6. <u>ട്രോമാകെയർ</u> : ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുവാൻ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി നടപടികൾ ആവിഷ്ക്കരിച്ചുവരുന്നു. ആംബുലൻസ് വാങ്ങുന്നതിലേക്കായും, കുറ്റിപ്പുറം, വടകര, പയ്യന്നൂർ, കായംകുളം, പത്തനംതിട്ട തുടങ്ങിയ കേന്ദ്രങ്ങളിൽ ട്രോമാകെയർ സെന്ററുകൾ ആരംഭിക്കുവാനും ആരോഗ്യ വകുപ്പിന് മതിയായ ഫണ്ട് കേരളാ റോഡ് സുരക്ഷാ അതോറിറ്റി അനുവദിച്ചിട്ടുണ്ട്.

7. <u>പരസ്യ ബോർഡുകൾ</u> : അപകടത്തിന് കാരണമായേക്കാവുന്ന പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളെ ചുമതലപ്പെടുത്തി.

8. <u>അപകടാനന്തര അന്വേഷണം</u> : അപകടം സംഭവിക്കുമ്പോൾ മൂന്നോ അതിൽ കൂടുതലോ വ്യക്തികൾ മരണപ്പെടുകയാണെങ്കിൽ, അപകട കാരണങ്ങൾ വ്യക്തമായി കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട മേഖലയിലെ ഡിവൈ.എസ്.പി.യും മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അടങ്ങുന്ന കമ്മിറ്റിയെ കേരള റോഡ് സേഫ്റ്റി അതോറിടി നിയോഗിച്ചിട്ടുണ്ട്. വിവിധ ജില്ലകളിലെ അപകടനിരക്ക് കൂടിയ പ്രധാന ജംഗ്ഷനുകൾ കേന്ദ്രീകരിച്ച് മോഡൽ ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ ആഭ്യന്തരവകുപ്പിന്റെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഗുരുതരമായ ട്രാഫിക് നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ ലൈസൻസും എഫ്.ഐ.ആറിന്റെ പകർപ്പും അതാത് ആർ.ടി.ഒ.മാർക്ക് അയച്ചുകൊടുത്ത് ലൈസൻസ് റദ്ദുചെയ്യുക/സസ്പെന്റ് ചെയ്യുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതിനായുള്ള നിർദ്ദേശം എല്ലാ പോലീസ് സൂപ്രണ്ട്/കമ്മിഷണർമാർക്കും നൽകിയിട്ടുണ്ട്. ടിപ്പർ ലോറി മുഖേന ഉണ്ടാകുന്ന അപകടങ്ങൾ നിയന്ത്രിക്കുന്നതിനായി വ്യക്തമായ നിർദ്ദേശങ്ങൾ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും കമ്മീഷണർമാർക്കും നൽകിയിട്ടുണ്ട്. കൂടാതെ ടിപ്പർ ലോറികൾ ഓടിക്കുന്നതിന് അതാത് ജില്ലാ കളക്ടറുമായി കൂടി ആലോചിച്ച് സമയക്രമീകരണവും നടത്തണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ബി) പൊതുഗതാഗത സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ എടുക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് കേരള റോഡ് സുരക്ഷാ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വാഹന പരിശോധനാ സംവിധാനം കൂടുതൽ ശക്തമാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജലനിധി പദ്ധതി

17 (*77) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ജലനിധി രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഈ പദ്ധതിയിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത് ;

(സി) ഇതുവരെ എത്ര പഞ്ചായത്തുകളിൽ ഈ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട് ;

(ഡി) ഈ വർഷം എത്ര പഞ്ചായത്തുകളിൽകൂടി ഈ പദ്ധതി വ്യാപിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) ജലനിധി രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനു വേണ്ടി ലോക ബാങ്കുമായി ചർച്ചകൾ നടത്തിവരികയാണ്. ഇതുമായി ബന്ധപ്പെട്ട് ലോക ബാങ്ക് പ്രതിനിധി സംഘം സന്ദർശനങ്ങൾ നടത്തിക്കഴിഞ്ഞു. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായുള്ള പഠനങ്ങൾ/പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ബി) പദ്ധതിയിൽ പ്രധാനമായും ചെറുകിട കുടിവെള്ള പദ്ധതികളാണ് ലക്ഷ്യമിടുന്നത്. ആയതിന് പുറമേ ജലപരിപോഷണ പ്രവർത്തനങ്ങൾ, ശാക്തീകരണ പ്രവർത്തനങ്ങൾ, ശുചിത്വ പദ്ധതികൾ തുടങ്ങിയവയും ഉദ്ദേശിക്കുന്നുണ്ട്.

(സി & ഡി) നടപ്പുവർഷം ഏകദേശം 30 പഞ്ചായത്തുകളിൽ പദ്ധതി ആരംഭിക്കുന്നതിന് 18-12-2010-ലെ ജി.ഒ(ആർ.റ്റി)1415/2010/ഡബ്ല്യു.ആർ.ഡി. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പും ഗ്രാമപഞ്ചായത്തുകളും അനുബന്ധമായി ചേർത്തിട്ടുണ്ട്. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്

18 (*78) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജിലെ ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതു സംബന്ധിച്ച പരാതികളിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യം അന്വേഷിക്കുന്നതിന് മെഡിക്കൽ കോളേജുകളിൽ വിജിലൻസ് പരിശോധന നടത്തിയിരിന്നുവോ ; വ്യക്തമാക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ & ബി) പുതിയ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയതിനോടനുബന്ധിച്ച് സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർക്ക് നോൺ പ്രാക്ടീസിംഗ് അലവൻസ് നല്കിക്കൊണ്ട് സ്വകാര്യ പ്രാക്ടീസ് നിരോധിക്കുകയുണ്ടായി. ഇതേ തുടർന്ന് ഇത് നിരീക്ഷിക്കുന്നതിന് വേണ്ടി മെഡിക്കൽ കോളേജ് തലത്തിലും ഡയറക്ടറേറ്റ് തലത്തിലും വിജിലൻസ് കമ്മിറ്റികൾ രൂപവത്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. ചില ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതായി ദൃശ്യമാധ്യമങ്ങളിൽ വന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ഇതേക്കുറിച്ച് വിശദമായ അന്വേഷണത്തിന് സർക്കാർ ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് കിട്ടുന്നമുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി ലഭിച്ച ബസ്സുകൾ

19 (*79) ശ്രീ. സി. എം. ദിനേശ്മണി :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തിന് എത്ര ബസ്സുകൾ ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനകം എത്ര ബസ്സുകൾ ലഭിച്ചിട്ടുണ്ട് ;

(സി) ലോ-ഫ്ളോർ ബസ്സുകളുടെ ഷെഡ്യൂളുകൾ ലാഭകരമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഡി) നഗരാതിർത്തിക്കുപുറത്തേക്ക് സർവ്വീസുകൾ വ്യാപിപ്പിച്ചതിന്റെ ഫലമായി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഇ) ലോ-ഫ്ളോർ ബസ്സുകൾ കേരളത്തിലെ റോഡുകളിൽ സർവ്വീസ് നടത്തുന്നതിനുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് കേരളത്തിന് അനുവദിക്കുന്ന ബസ്സുകളുടെ രൂപ കല്പനയിൽ മാറ്റം വരുത്തുന്നതിന് ആവശ്യപ്പെടുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ) JnNURM പദ്ധതി പ്രകാരം തിരുവനന്തപുരത്തിന് 120 നോൺ എ.സി ബസ്സുകളും, 30 എ.സി. ബസ്സുകളുമാണ് ലഭിക്കുന്നത്. എന്നാൽ കൊച്ചി സിറ്റിക്ക് 120 നോൺ എ.സി ബസ്സുകളും 50 എ.സി. ബസ്സുകളുമാണ് ലഭിക്കുന്നത്.

(ബി) തിരുവനന്തപുരത്തിന് 18 എ.സി ബസ്സുകളും, 31 നോൺ എ.സി ബസ്സുകളും കൊച്ചിക്ക് 28 എ.സി ബസ്സുകളും, 32 നോൺ എ.സി ബസ്സുകളും ലഭിച്ചിട്ടുണ്ട്. ആകെ ലഭിച്ച ബസ്സുകളുടെ എണ്ണം എ.സി. 46, നോൺ എ.സി 63.

(സി) ടി ബസ്സുകൾ കടന്നുപോകുന്ന പ്രധാന ജംഗ്ഷനുകളിൽ സമയവിവരപ്പട്ടിക പ്രദർശിപ്പിച്ചും പത്രമാദ്ധ്യമങ്ങളിലൂടെ വിവരങ്ങൾ നൽകിയും കൂടുതൽ യാത്രക്കാരെ ആകർഷിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ബഹുജനങ്ങളുടെയും സ്ഥിരം യാത്രക്കാരുടെയും അഭിപ്രായങ്ങൾ കണക്കിലെടുത്ത് ചില റൂട്ടുകളിൽ മാറ്റം വരുത്തിയും യാത്രക്കാരെ കൂടുതൽ ആകർഷിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഇ) JnNURM പദ്ധതിപ്രകാരം കേന്ദ്ര നഗര വികസന മന്ത്രാലയം (MOUD) രൂപകൽപ്പന ചെയ്ത് തന്നിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത ബസ്സുകൾ വാങ്ങാൻ കെ.എസ്.ആർ.ടി.സി. ഉത്തരവ് നൽകിയിട്ടുള്ളത്. രാജ്യവ്യാപകമായി ഇത്തരത്തിൽ രൂപകൽപ്പന ചെയ്ത ബസ്സുകൾ ഓടികൊണ്ടിരിക്കുന്നു. സംസ്ഥാനത്തിന് അനുവദിക്കപ്പെട്ട പ്രസ്തുത ബസ്സുകളുടെ രൂപകൽപ്പനയിൽ പ്രത്യേകമായി മാറ്റം വരുത്തുവാൻ കഴിയുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

റോഡുകളിലെ കുഴികൾ അടയ്ക്കാനുള്ള നടപടികൾ

20 (*80) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിലെ കുഴികൾ അടയ്ക്കുന്നതിന് സർക്കാർ എന്തു നടപടികളാണ് സ്വീകരിച്ചത് ;

(ബി) ഈ പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ സാധിക്കാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നു ;

(സി) ഇത്തരത്തിൽ കുഴിയടയ്ക്കൽ പദ്ധതി നടത്തിയതിൽ വ്യാപകമായി അഴിമതി നടന്നതു സംബന്ധിച്ച് എന്തൊക്കെ അന്വേഷണങ്ങളാണ് നടത്തിയത് ;

(ഡി) അടച്ച കുഴികൾ വീണ്ടുംഇളകി വൻകുഴികളായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ?

(ഇ) ഈ പദ്ധതി നടപ്പിലാക്കിയതിൽ എന്തൊക്കെ വീഴ്ചകൾ സംഭവിച്ചതായാണ് വിലയിരുത്തിയിട്ടുള്ളത് ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) പദ്ധതിയിതര പ്രവർത്തിയിലുൾപ്പെടുത്തി 240 കോടി രൂപയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഉത്തരവായി. ഈ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. റോഡിലുണ്ടാകുന്ന കുഴികൾ അപ്പപ്പോൾ അടയ്ക്കുന്നതിന് എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും 50,000 രൂപയുടെ ഇംപ്രസ്റ്റ്മണി അനുവദിച്ചു.

(ബി - ഇ) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതിലഭിച്ചാൽ അന്വേഷണം നടത്തുന്നതാണ്.

രാജീവ്ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസെന്റ് ഗേൾസ് പദ്ധതി

21 (*81) ശ്രീ. എം. മുരളി :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൗമാരക്കാരായ പെൺകുട്ടികളുടെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന 'രാജീവ് ഗാന്ധി സ്കീം

ഫോർ എംപവർമെന്റ് ഓഫ് അഡോളസെന്റ് ഗേൾസ്' പദ്ധതിയുടെ ഭാഗമായി കേരളത്തിലെ പെൺകുട്ടികൾക്ക് മാത്രമായി സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കാൻ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാർ നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രാലയം എന്തൊക്കെ മാർഗ്ഗ നിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തിലെ ഏതൊക്കെ സ്കൂളുകളിൽ പ്രസ്തുത പദ്ധതി ഇപ്പോൾ നടപ്പാക്കിക്കഴിഞ്ഞു എന്നറിയിക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) പ്രസ്തുത പദ്ധതി പ്രകാരം സ്ക്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കുന്നില്ല. എന്നാൽ ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 4 ജില്ലകളിലെ (പാലക്കാട്, മലപ്പുറം, ഇടുക്കി, കൊല്ലം) കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് സപ്ലിമെന്ററി ന്യൂട്രീഷൻ പ്രതിദിനം 600 കലോറിയും 18-20 ഗ്രാം പ്രോട്ടീനും മൈക്രോ ന്യൂട്രിയന്റ് ഉൾപ്പെടെ പോഷകാഹാരം വർഷത്തിൽ 300 ദിവസം നൽകുവാനും 11-15 വയസ്സുവരെ പ്രായമുള്ള സ്ക്കൂൾ ഡ്രോപ്പ്ഔട്ടായ പെൺകുട്ടികൾക്ക് പാകംചെയ്ത പോഷകാഹാരവും 15-18 വയസ്സുവരെയുള്ള പെൺകുട്ടികൾ ടേക്ക്ഹോം റേഷൻ പ്രകാരം പാകം ചെയ്യാത്ത പോഷകാഹാരവും അംഗൻവാടികൾ മുഖേന നൽകുന്നതിന് നടപടികൾ സ്വീകരിക്കുവാൻ 6-12-2010-ലെ ജി.ഒ (ആർ.റ്റി)523/2010/സാക്ഷേവ പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി&സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ താഴെപ്പറയുന്ന നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്.

1. ഐ.സി.ഡി.എസ്. പദ്ധതിയിൻ കീഴിലുള്ള സംവിധാനം വിനിയോഗിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്.

2. ഐ.സി.ഡി.എസ്സിലെയും ബന്ധപ്പെട്ട വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദീകരണം നൽകുന്നതിനായി സംസ്ഥാന/ജില്ല/ പ്രോജക്ട് തലത്തിൽ വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുക.

3. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി ബേസ് ലൈൻ സർവ്വേ നടത്തുക.

LIBRARY ARCHIVES Kerala Legislative Assembly

4. ഐ.ഇ.സി. മെറ്റീരിയിൽ വികസിപ്പിച്ച് പ്രസ്തുത പദ്ധതിയെക്കുറിച്ച് അവബോധം/പ്രചരണം നടത്തുക.

5. പരിപാടിയുടെ ഫലപ്രദമായ നടത്തിപ്പിന് വിവിധ വകുപ്പുകളുമായുള്ള സഹകരണം ഉറപ്പാക്കുക.

6. പ്രസ്തുത പദ്ധതിയിൻ കീഴിലുള്ള വിവിധ സേവനങ്ങൾക്കായി സി.ഡി.പി.ഒ/ഡി.പി.ഒ എന്നിവരുമായി ചർച്ച ചെയ്ത് എം.എൻ.ജി.ഒ/എൻ.ജി.ഒ/സി.ബി.ഒ എന്നിവരെ തെരഞ്ഞെടുക്കുക.

7. ഓരോ ഘട്ടത്തിലുമുള്ള പ്രസ്തുത പദ്ധതിയുടെ ക്രമമായ നടത്തിപ്പ് ഓരോ നിലയിലും യഥാസമയം വിലയിരുത്തുകയും, പദ്ധതിയുടെ പ്രയോജനം നിർണ്ണയിക്കുകയും ചെയ്യുക.

8. മോണിറ്ററിംഗ് കമ്മറ്റികൾ എല്ലാ തലത്തിലും രൂപീകരിക്കുക.

(ഡി) 'സബല' പദ്ധതി സ്ക്കൂളുകൾ മുഖേന നടപ്പാക്കണമെന്ന് കേന്ദ്ര സർക്കാർ ഉദ്ദേശിച്ചിട്ടില്ല. എന്നാൽ കേരളത്തിലെ സാഹചര്യത്തിൽ പദ്ധതിയുടെ നടത്തിപ്പിൽ സ്ക്കൂളുകളിൽ പഠിക്കുന്ന കൗമാരപ്രായക്കാരായ പെൺകുട്ടികളെക്കൂടി ഭാഗഭാക്കാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

സ്കൂളുകൾക്ക് കുടിവെള്ളം നൽകുന്ന പദ്ധതി

22 (*82) ശ്രീ. പി. തിലോത്തമൻ :
ശ്രീ. എൻ. രാജൻ :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ സ്കൂളുകൾക്ക് കുടിവെള്ളം നല്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര സ്കൂളുകളിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ എല്ലാ സ്ക്കൂളുകളിലും കുടിവെള്ളം നൽകി തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ സമയബന്ധിതമായി മുഴുവൻ സ്കൂളുകളിലും കുടിവെള്ളം എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) കേന്ദ്രസർക്കാർ സഹായത്തോടെയുള്ള ത്വരിത ഗ്രാമീണ പദ്ധതിയിലുൾപ്പെടുത്തി ഗ്രാമീണ സർക്കാർ സ്കൂളുകൾ/അംഗൻവാടികൾ എന്നിവയ്ക്ക് കുടിവെള്ളം നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരള വാട്ടർ അതോറിറ്റിയും ജലനിധിയും മുഖേന സർക്കാർ/എയിഡഡ് ഉൾപ്പെടെ 956' ഗ്രാമീണ സ്കൂളുകൾ/അംഗൻവാടികൾ എന്നിവയ്ക്കുള്ള കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഇല്ല. നാളിതുവരെ 2017 ഗ്രാമീണ സർക്കാർ/എയിഡഡ് സ്കൂളുകൾ അംഗൻവാടികൾ എന്നിവയ്ക്ക് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സ്കൂളുകൾക്കും കുടിവെള്ളം നൽകുന്നതു സംബന്ധിച്ച് നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

ദേശീയപാത വികസനത്തിനായി കേന്ദ്രത്തിന് സമർപ്പിച്ച പാക്കേജ്

23 (*83) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത വികസനത്തിനായി ഭൂമി ഒഴിപ്പിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി സർവ്വകക്ഷി തീരുമാനപ്രകാരം സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ച പാക്കേജിന്റെ വിശദാംശം നൽകുമോ ;

(ബി) പാക്കേജ് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ഡി) ദേശീയപാത വികസന പദ്ധതി വൈകാതെ നടപ്പാക്കുന്നതിനായി സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) ദേശീയപാത 17, 47 എന്നിവയുടെ വികസനത്തിനായി സ്ഥലമേറ്റെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്ക് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച കമ്പോളവില നൽകുക, വീടും വാണിജ്യസ്ഥാപനങ്ങളും നഷ്ടപ്പെടുന്നവർക്ക് നഷ്ടപ്പെടുന്ന വസ്തുവിന്റെ തൊട്ട് പിന്നിലെ വസ്തുവിൽ വീടുകളും വാണിജ്യസ്ഥാപനങ്ങളും നിർമ്മിച്ച് പ്രശ്ന രഹിതമായി സ്ഥലമേറ്റെടുപ്പ് പ്രക്രിയ നടത്തുക, ഇത് നടപ്പിലാക്കാൻ കഴിയാത്ത ഭാഗത്ത് പ്രത്യേകമായി ഷോപ്പിംഗ് കോംപ്ലക്സ്/ വീട് എന്നിവ നിർമ്മിച്ച് നൽകുക, സ്വന്തം ഭൂമിയിൽ ബിസിനസ് നടത്തുന്നവർക്ക് നടപ്പ് വർഷത്തെ റേറ്റ് ഷെഡ്യൂളും 25 ശതമാനവുംകൂടി ചേർത്ത് കെട്ടിട വിലനിർണ്ണയിക്കുകയും വസ്തുവിന് ജില്ലാതല ഉപദേശക കമ്മിറ്റി തീരുമാനിക്കുന്ന കമ്പോളവില

LIBRARY ARCHIVES Kerala Legislative Assembly

നൽകുകയും ചെയ്യുക, വാടകയ്ക്ക് സ്ഥാപനങ്ങൾ നടത്തുന്നവർക്ക് നഷ്ടപ്പെടുന്ന വസ്തുവിന്റെ കമ്പോളവിലയുടെ 10 ശതമാനത്തിന് തുല്യമായ തുക നൽകുക, സ്ഥലമെടുപ്പ് കാരണം തൊഴിൽ രഹിതരാകുന്നവർക്ക് Industrial Dispute Act പ്രകാരമുള്ള നഷ്ടപരിഹാരം നൽകുക, സർക്കാർ പുറമ്പോക്ക് ഭൂമിയിൽ അനധികൃതമായി താമസിക്കുന്നവർക്കും ചെറിയ കച്ചവടം നടത്തി ഉപജീവനം നടത്തുന്നവർക്കും പൊളിച്ചുമാറ്റപ്പെടുന്ന കെട്ടിടത്തിന്റെ വിലയും പുനരധിവാസത്തിനായി ഒരു ലക്ഷം രൂപയും നൽകുകയും തൊഴിൽ നഷ്ടപ്പെടുന്നവർക്ക് 6 മാസത്തേക്ക് നിയമം അനുശാസിക്കുന്ന മിനിമം വേതനവും നൽകുക, പൊളിച്ചുമാറ്റപ്പെടേണ്ടിവരുന്ന ആരാധനാലയങ്ങൾക്ക് പകരം അനുയോജ്യമായ സ്ഥലത്ത് അവ സർക്കാർ ചെലവിൽ നിർമ്മിച്ച് നൽകുക തുടങ്ങി സമഗ്രമായ ഒരു പുനരധിവാസ പാക്കേജാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്.

(ബി) ദേശീയപാതാ ആക്ടനുസരിച്ചുള്ള നഷ്ടപരിഹാരം മാത്രമേ അനുവദിക്കാൻ സാധിക്കുകയുള്ളൂ എന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

(സി&ഡി) കേന്ദ്ര നിർദ്ദേശം സർവ്വകക്ഷിയോത്തിൽ ചർച്ച ചെയ്ത് യുക്തമായ തീരുമാനം എടുക്കുന്നതാണ്.

അണക്കെട്ട് നവീകരണ പദ്ധതി

24 (*84) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ഡാം പുനരുദ്ധാരണ നവീകരണ പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ബി) ഏതെല്ലാം ഡാമുകളുടെ നവീകരണമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) പദ്ധതി പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഇ) പദ്ധതി എത്ര വർഷംകൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) കേരളത്തിലെ അണക്കെട്ടുകളെ പുനരുദ്ധരിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുംവേണ്ടി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 19 അണക്കെട്ടുകളും വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള 12 പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിലേക്കായി ജലസേചന വകുപ്പിനായി 111.7 കോടി രൂപയുടേയും സംസ്ഥാന വൈദ്യുതി ബോർഡിനുവേണ്ടി 99.47 കോടി രൂപയുടേയും ഉൾപ്പെടെ 211.17 കോടി രൂപയുടെ സംക്ഷിപ്ത പദ്ധതി റിപ്പോർട്ട് കേന്ദ്ര ജലകമ്മീഷന് (CWC) സമർപ്പിക്കുകയും ലോകബാങ്ക് ഇത് തത്വത്തിൽ അംഗീകരിക്കുകയും 280 കോടി രൂപ (58.33 മില്ല്യൻ യു.എസ്.ഡോളർ) ഇതിലേക്കായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി തുകയുടെ 80% ലോകബാങ്കിന്റെ വിഹിതം ലോണായും 20% സംസ്ഥാന സർക്കാരിന്റെ വിഹിതവുമായി ഉപയോഗിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ഈ പദ്ധതി 3 ഘട്ടത്തിലായി ആറ് വർഷംകൊണ്ട് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പീച്ചി, വാളയാർ, നെയ്യാർ, മലമ്പുഴ, കുറ്റ്യാടി, കാഞ്ഞിരപ്പുഴ, വാഴാനി, ചിമ്മിനി, മലങ്കര, മംഗലം, പോത്തുണ്ടി, മീൻകര, കല്ലട, ശിരുവാണി, ചുള്ളിയാർ, എന്നീ അണക്കെട്ടുകളും പഴശ്ശി, പമ്പ, (മണിയാർ) ഭൂതത്താൻകെട്ട്, എന്നീ ബാരേജുകളും മൂലത്തറ റഗുലേറ്ററും വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള പെരിങ്ങൽ കുത്ത്, ഷോളയാർ, ശബരിഗിരി, ചെങ്കുളം, ഇടുക്കി, നേര്യമംഗലം, ലോവർ പെരിയാർ, കക്കാട്, ഇടമലയാർ, കുറ്റ്യാടി, പന്നിയാർ, പള്ളിവാസൽ, എന്നീ പദ്ധതികളാണ് ഉൾപ്പെട്ടിട്ടുള്ളത്.

(സി) 2011 ജനുവരിയോടെ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഈ പദ്ധതി 3 ഘട്ടങ്ങളിലായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ടത്തിലേക്കായി ജലസേചനവകുപ്പിന്റെ 4 അണക്കെട്ടുകളും വൈദ്യുതി ബോർഡിന്റെ 5 പദ്ധതികളും രണ്ടാം ഘട്ടത്തിലേക്കായി ജലസേചന വകുപ്പിന്റെ 8 അണക്കെട്ടുകളും വൈദ്യുതി ബോർഡിന്റെ 7 പദ്ധതികളും മൂന്നാം ഘട്ടത്തിലേക്കായി ജലസേചന വകുപ്പിന്റെ 7 അണക്കെട്ടുകളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഒന്നാംഘട്ടത്തിലേക്കായി ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള നെയ്യാർ, പീച്ചി, മലമ്പുഴ, വാളയാർ, എന്നീ അണക്കെട്ടുകളും വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള പെരിങ്ങൽകുത്ത്, ശബരിഗിരി, ഷോളയാർ, ഇടുക്കി, ചെങ്കുളം എന്നീ പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഈ പദ്ധതി 3 ഘട്ടങ്ങളിലായി 6 വർഷം കൊണ്ട് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ദേശീയ ഗെയിംസിനുള്ള മുന്നൊരുക്കം

25 (*85) ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസ് കേരളത്തിൽ വച്ച് നടത്തുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി ഏതെല്ലാം സ്റ്റേഡിയങ്ങൾ നവീകരിച്ചിട്ടുണ്ട് ;

(സി) എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനാണ് പദ്ധതിയിട്ടിട്ടുള്ളത് ;

(ഡി) ഇതിനായി കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ;

(ഇ) സ്റ്റേഡിയങ്ങളുടെ നവീകരണവും പുനരുദ്ധാരണ പ്രവർത്തനങ്ങളും എന്നത്തേക്ക് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ദേശീയ ഗെയിംസിൽ പങ്കെടുക്കുന്ന കേരള താരങ്ങൾക്ക് പ്രത്യേക പരിശീലന പദ്ധതികൾ ആവിഷ്ക്കരിക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) 35-ാമത് ദേശീയ ഗെയിംസ് കേരളത്തിൽ വെച്ചു നടത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനായി നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അടിസ്ഥാന വികസനത്തിന്റെ ഭാഗമായി നിലവിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണം, പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി സംസ്ഥാനത്തെ 7 ജില്ലകളിലെ 18 സ്ഥലങ്ങളിലായി 33 പ്രവൃത്തികൾക്ക് വിശദമായ രൂപരേഖയുടെ അടിസ്ഥാനത്തിൽ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ പത്തു പ്രവൃത്തികളുടെ പണികൾ വിവിധ ഘട്ടത്തിലായി പുരോഗമിക്കുന്നു. മറ്റ് ആറ് പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് പണികൾ ആരംഭിക്കാവുന്ന അവസ്ഥയിലാണ്. ബാക്കിയുള്ളവയുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. പുതിയ നാല് ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ദർഘാസ് നടപടികൾ അന്തിമഘട്ടത്തിലാണ്. ഗെയിംസ് വില്ലേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഒരു പുതുക്കിയ പദ്ധതി രൂപരേഖയും തയ്യാറാക്കിയിട്ടുണ്ട്. ഗ്രീൻഫീൽഡ്

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേഡിയങ്ങളുടെ നിർമ്മാണം ആന്വിറ്റി അടിസ്ഥാനത്തിലാണ് (തുല്യ വാർഷിക ഗഡുക്കളായി) നടത്തുവാൻ ഉദ്ദേശിക്കുന്നത്. ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ മുഖേന 8 കമ്പനികളുടെ ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇവരിൽനിന്നും മികച്ച പദ്ധതി രൂപരേഖ സമർപ്പിക്കുന്ന കമ്പനിയെ നിർമ്മാണ ചുമതല ഏൽപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) ഗെയിംസ് നടത്തിപ്പിനായി താഴെ പറയുന്ന സ്റ്റേഡിയങ്ങളാണ് നവീകരിക്കുന്നത് :

1. യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം
2. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം
3. ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം
4. ട്രിവാൻഡ്രം ടെന്നീസ് ക്ലബ്, തിരുവനന്തപുരം
5. ശംഖുംമുഖം ഇൻഡോർ ഹാൾ, (ഐ.ആർ.സി) തിരുവനന്തപുരം6. വാട്ടർ അതോറിറ്റി, നീന്തൽക്കുളം, തിരുവനന്തപുരം
7. കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം
8. രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, എറണാകുളം
9. കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ
10. വി.കെ.കെ മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്
11. വി.കെ.എൻ. മേനോൻ, ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ
12. കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട്
13. സെൻട്രൽ സ്റ്റേഡിയം, തിരുവനന്തപുരം
14. വെള്ളായണി കാർഷിക കോളേജ് ഇൻഡോർ സ്റ്റേഡിയം

(സി) 35-ാമത് ദേശീയ ഗെയിംസിന് സ്റ്റേഡിയങ്ങൾ പുതുക്കി പണിയുന്നതിനും നടത്തിപ്പിനുമായി 446.16 കോടിയോളം രൂപ ചെലവ് പ്രതിക്ഷിക്കുന്നു.

(ഡി) 220 കോടി രൂപ കേന്ദ്രസഹായമായി ലഭ്യമാക്കുന്നതിനു കേന്ദ്ര ഗവൺമെന്റിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 110 കോടി രൂപ കേന്ദ്രം അനുവദിക്കുകയും ആദ്യ ഗഡുവായി 55 കോടി രൂപ സർക്കാരിന് കൈമാറിയിട്ടുമുണ്ട്.

(ഇ) നിർമ്മാണ-പുനരുദ്ധാരണ പ്രവർത്തനങ്ങൾ 2010 ഏപ്രിൽ മെയ് മാസത്തോടെ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ദേശീയ ഗെയിംസിൽ പങ്കെടുക്കുന്ന കേരള താരങ്ങൾക്ക് വേണ്ട വിദഗ്ധ പരിശീലനം നൽകുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

സ്പോർട്സ് മേഖലയുടെ വികസനം

26 (*86) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്ട്സ് മേഖലയുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) സ്പോർട്ട്സ് കമ്മീഷന്റെ ഏതെല്ലാം ശുപാർശകൾ ഈ വർഷം നടപ്പാക്കുമെന്ന് വെളിപ്പെടുത്തുമോ ?

(സി) സംസ്ഥാനത്ത് കായിക സർവ്വകലാശാല സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) സ്പോർട്ട്സ് ക്വാട്ട നിയമനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പ്മന്ത്രി (ശ്രീ. എം. വിജയകുമാർ) :

ഉത്തരം

(എ) സ്പോർട്ട്സ് മേഖലയുടെ അടിസ്ഥാനവികസനത്തിന് ലക്ഷ്യമിട്ടു കൊണ്ടുള്ള 2000-ലെ കേരള സ്പോർട്ട്സ് ആക്ട് പ്രകാരം സംസ്ഥാന/ജില്ലാ സ്പോർട്സ് കൗൺസിലുകൾ നിലവിൽവന്നുകഴിഞ്ഞു. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ കൗൺസിലുകളും രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. പഞ്ചായത്തുകളുടേയും മറ്റ് സ്ഥാപനങ്ങളുടെയും നിലവിലുള്ള കളിസ്ഥലങ്ങൾ മെച്ചപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും നിശ്ചിത മാനദണ്ഡങ്ങൾക്ക് വിധേയമായി സർക്കാർ ധനസഹായം നൽകിവരുന്നു. ഈ ഇനത്തിൽ ഈ സർക്കാർ സ്പോർട്സ് കൗൺസിൽ മുഖേന 17,89,60,689 രൂപയും കായിക യുവജനകാര്യ ഡയറക്ടർ മുഖേന 9.5 കോടി രൂപയും ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ സ്പോർട്സ് രംഗത്തെ വികസനം ലക്ഷ്യമാക്കി ഒരു സ്പോർട്സ് കമ്മീഷനെ നിയോഗിക്കുകയും 69 ശുപാർശകളടങ്ങുന്ന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ശുപാർശകൾ സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും അത് പരിശോധിച്ചു വരികയുമാണ്. ഇവ കൂടാതെ സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി വിഷൻ

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യ, ആരോഗ്യകായിക വിദ്യാഭ്യാസ പദ്ധതി, പഞ്ചായത്ത് യുവ ക്രീഡ ഔർ ഖേർ അഭിയാൻ പദ്ധതി എന്നിവ ഫലപ്രദമായി നടപ്പിലാക്കി വരുന്നു. മലപ്പുറത്ത് ഒരു ഫുട്ബോൾ അക്കാഡമി, തലശ്ശേരിയിൽ ഒരു സർക്കസ് അക്കാഡമി, വയനാട്ടിൽ ഒരു ആർച്ചറി അക്കാഡമി, ചടയ മംഗലത്ത് ഒരു വനിതാ സ്പോർട്ട്സ് അക്കാഡമി, പിരപ്പൻകോട് നീന്തൽ സമുച്ചയം, ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം, മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ എന്നിവ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. 35-ാം ദേശീയ ഗെയിംസിനോടനുബന്ധിച്ച് സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 18 സ്ഥലങ്ങളിൽ 33 നിർമ്മാണ പ്രവർത്തനങ്ങൾ ഉദ്ദേശം 400 കോടി രൂപ ചെലവിൽ സ്റ്റേഡിയങ്ങളുടെ നവീകരണ പ്രവർത്തനങ്ങളും പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ് മുഖേന നടത്തുന്നുണ്ട്. ഇതിനെല്ലാം പുറമേ 2010 കായിക വർഷമായി ആചരിക്കുന്നതിന് തീരുമാനിക്കുകയും അതോടനുബന്ധിച്ച് നടപ്പാക്കാനായി ഒരു സ്പോർട്സ് കലണ്ടറിന് അംഗീകാരം നൽകുകയും ആയവ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 69 ശുപാർശകളടങ്ങുന്ന സ്പോർട്സ് കമ്മീഷൻ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. താഴെ പറയുന്ന ശുപാർശകളാണ് ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് :

1. ആരോഗ്യ-കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും അതുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങളും.
2. കായിക സർവ്വകലാശാല സ്ഥാപിക്കുക
3. സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ട് ഏർപ്പെടുത്തുക
4. സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി
5. മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ അന്തർദേശീയ നിലവാരത്തിൽ ഉയർത്തുന്നത്.
6. സംസ്ഥാന സ്കൂൾ കായിക മേളയുടെ പുനഃക്രമീകരണം.

(സി&ഡി) സംസ്ഥാന കായിക സർവ്വകലാശാല സ്ഥാപിക്കുന്നതിന് ഒരു പദ്ധതി രൂപരേഖ തയ്യാറാക്കി സമർപ്പിക്കുന്നതിന് സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ സ്ഥാപക ഡയറക്ടർ ജനറലായ ശ്രീ. എ. കെ. പാണ്ഡ്യയെ ചുമതലപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രഗത്ഭ കായിക താരങ്ങൾക്ക് പബ്ലിക് സർവ്വീസിൽ നിയമനം നൽകുന്ന സ്പോർട്സ് ക്വാട്ടാ പദ്ധതി പ്രകാരം പ്രതിവർഷം 20 ഒഴിവുകളിലേക്ക് നിയമനം നൽകിവരുന്നു. കൂടുതൽ കായിക താരങ്ങൾക്ക് അവസരം നൽകുന്നതിന്റെ ഭാഗമായി 2009

LIBRARY ARCHIVES Kerala Legislative Assembly

മുതൽ 50 പേർക്ക് പ്രതിവർഷം നിയമനം നൽകാൻ ഉത്തരവായിട്ടുണ്ട്. ഇതിനും പുറമേ സംസ്ഥാന പോലീസിൽ സ്പോർട്ട്സ് ക്വാട്ട നിയമനം നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി.

ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതികൾ

27 (*87) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. വി. എസ്. സുനിൽ കുമാർ:
ശ്രീ. കെ. അജിത്:
ശ്രീ. ബാബു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള എത്ര പദ്ധതികൾ സംസ്ഥാനത്ത് ഇപ്പോൾ നടപ്പാക്കിവരുന്നുണ്ട്; ഇവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് സ്കൂളുകളിൽ ഔഷധ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതികളുണ്ടോ; എങ്കിൽ എത്ര സ്കൂളുകളിൽ ഈ പദ്ധതി നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ;

(സി) നടപ്പാക്കിയ സ്കൂളുകളിൽ ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾക്കായി കേന്ദ്ര ഔഷധ ബോർഡിൽ നിന്നും എത്ര തുക ചെലവഴിച്ചു; ഇതിൽ ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്ര വീതമെന്ന് വെളിപ്പെടുത്തുമോ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ):

ഉത്തരം

(എ) ഔഷധ സസ്യകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഔഷധ സസ്യബോർഡ് വീട്ടുവളപ്പിലും പറമ്പിലും ഔഷധ സസ്യങ്ങൾ കൃഷിചെയ്യുന്നതിനായി ദേശീയ ഔഷധ സസ്യബോർഡിൽ നിന്നും 2002 മുതൽ സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. 2002-08 കാലയളവിൽ 104 പദ്ധതികളിലായി 138 ലക്ഷം രൂപ സാമ്പത്തിക സഹായമായി നൽകിയിട്ടുണ്ട്. ഇതിൽ കൂടി 2000-ൽപ്പരം ഏക്കർ സ്ഥലത്ത് ഔഷധകൃഷി ഇടവിളയായും തനിവിളയായും വ്യാപിക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ 2008 മുതൽ മേൽ പദ്ധതി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേനയാണ് നടപ്പിലാക്കിവരുന്നത്. ഇതു കൂടാതെ സ്കൂളുകളിലും തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റ് ഓഫീസുകളിലും ആയുർവേദ ആശുപത്രികളിലും ഔഷധച്ചെടികൾ വെച്ചുപിടിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും ഔഷധസസ്യങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി 2005-06 അധ്യായനവർഷം മുതൽ

LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകളിൽ സംസ്ഥാന ഔഷധ ബോർഡ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സ്കൂളിൽ ഒരു ഔഷധത്തോട്ടം. ഈ പദ്ധതിയിൽ കൂടി ആയുർവേദ ഔഷധ നിർമ്മാണ രംഗത്ത് സാധാരണയായി ഉപയോഗിക്കുന്ന ചുരുങ്ങിയത് 25 ഇനങ്ങളിൽപ്പെട്ട 50 മുതൽ 100 വരെ (സ്ഥല പരിമിതി അനുസരിച്ച്) ഔഷധ ചെടികളെങ്കിലും എല്ലാ വിദ്യാലയങ്ങളിലും നട്ടുവളർത്തുക എന്നതാണ് ലക്ഷ്യമിടുന്നത്. സോഷ്യൽ ഫോറസ്ട്രി, വനംവകുപ്പ്, ഔഷധി തുടങ്ങിയ ഗവൺമെന്റ് സ്ഥാപനങ്ങളും ഓയിസ്ക എന്ന ഗവൺമെന്റിതര സന്നദ്ധ സംഘടനയുമാണ് മേൽ പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതിനായി ദേശീയ ഔഷധ സസ്യബോർഡിൽ നിന്നും ടി സ്ഥാപനങ്ങൾക്ക് പദ്ധതികൾ മുഖേന ധനസഹായം ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്താകമാനമായി ഇതിനകം മേൽ പദ്ധതി 940 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. സംസ്ഥാന ഔഷധ സസ്യബോർഡിലെ ഉദ്യോഗസ്ഥരും ദേശീയ ഔഷധസസ്യ ബോർഡിലെ ഉദ്യോഗസ്ഥരും കൂടാതെ ദേശീയ ഔഷധസസ്യബോർഡ് നിയോഗിച്ചിട്ടുള്ള ഏജൻസിയും സ്കൂളിലൊരു ഔഷധത്തോട്ടം പദ്ധതിയുടെ പുരോഗതി വിവിധ ഘട്ടങ്ങളിലായി വിലയിരുത്തിയിട്ടുണ്ട് മേൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്കൂളുകളിൽ നട്ടുപിടിപ്പിച്ചിട്ടുള്ള 80% ഔഷധസസ്യങ്ങളും വളരെ നല്ല രീതിയിൽ വളർന്നുവരുന്നു.

(ഡി) സ്കൂളിൽ ഒരു ഔഷധത്തോട്ടം പദ്ധതിക്കായി നാളിതുവരെ 100.62 ലക്ഷം രൂപ ദേശീയ ഔഷധസസ്യബോർഡ് വിവിധ ഏജൻസികൾക്കായി അനുവദിക്കുകയും അതിൽ 86.62 ലക്ഷം രൂപ വിവിധ ഗഡുക്കളായി ഏജൻസികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഏജൻസികൾക്ക് ദേശീയ ഔഷധസസ്യബോർഡിൽനിന്നും അനുവദിച്ച തുകയും വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.†

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള പദ്ധതി

28 (*88) ശ്രീ. പി. വിശ്വൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. സാജു പോൾ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ബി) ആദ്യഘട്ടത്തിൽ ഏതെല്ലാം ബസ് സ്റ്റേഷനുകളിൽ പണി ആരംഭിച്ചു ; ഇവ ഓരോന്നും എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(സി) പദ്ധതിയുമായി സഹകരിക്കുന്നതിന് ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് മുന്നോട്ടു വന്നിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഷോപ്പിംഗ് കോംപ്ലക്സിനായി പ്രധാന ബസ് സ്റ്റേഷനുകളോടു ചേർന്നുള്ള സ്ഥലങ്ങൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഷോപ്പിംഗ് കോംപ്ലക്സിൽ സ്ഥലം അനുവദിക്കുന്നതു സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ്. തെറ്റയിൽ) :

(എ&ബി) യാത്രക്കാരുടെയും ജീവനക്കാരുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ബസ് സ്റ്റേഷനുകളിൽ സിവിൽ ജോലികൾ നടക്കുന്നുണ്ട്. കൂടാതെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് വിവിധ സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ ബി.ഒ.ടി. അടിസ്ഥാനത്തിലും കെ.എസ്.ആർ.ടി.സി. നേരിട്ടും നിർമ്മിക്കുന്നുണ്ട്. ആദ്യഘട്ടത്തിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിക്കുവാൻ ഉൾപ്പെടുത്തിയിരിക്കുന്ന കോഴിക്കോട് 2011 ഡിസംബറിലും, തിരുവനന്തപുരം സെൻട്രൽ 2012 ജൂണിലും, തിരുവല്ല 2012 മേയിലും ആണ് പൂർത്തീകരിക്കാൻ പദ്ധതി ഇട്ടിട്ടുള്ളത്. ആദ്യഘട്ടത്തിൽ ഉൾപ്പെടുന്ന അങ്കമാലി ഷോപ്പിംഗ് കോംപ്ലക്സിന്റെ ഉദ്ഘാടനം 2011 ജനുവരിയിലാണ് നടത്താൻ തീരുമാനിച്ചിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.നേരിട്ട് നിർമ്മിക്കുന്ന കാസർഗോഡ് 2011 ജനുവരിയിലും കാട്ടാക്കട 2011 ഏപ്രിലിലും ആണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. കെ.എസ്.ആർ.ടി.സി. നേരിട്ട് നിർമ്മിച്ച കൊട്ടാരക്കര 2010 മെയ് മാസം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.യുടെ ഷോപ്പിംഗ് കോംപ്ലക്സ് പ്രോജക്ടുകളുമായി സഹകരിക്കുന്നത് കെ.ടി.ഡി.എഫ്.സി. മാത്രമാണ്. കെ.ടി.ഡി.എഫ്.സി. ഷോപ്പിംഗ് കോംപ്ലക്സ് പ്രോജക്ടുകളുടെ ബി.ഒ.റ്റി. ഓപ്പറേറ്ററായി പ്രവർത്തിക്കുന്നു.

(ഡി) ഷോപ്പിംഗ് കോംപ്ലക്സിനായി സ്ഥലങ്ങൾ ഏറ്റെടുക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ഇ) ഇന്ററസ്റ്റ് ഫ്രീ സെക്യൂരിറ്റി ഡിപ്പോസിറ്റും (Interest Free Security Deposit) നിശ്ചിത മാസവാടകയും നൽകാൻ തയ്യാറുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമാണ് ഷോപ്പിംഗ് കോംപ്ലക്സുകളിൽ കച്ചവടസ്ഥലങ്ങൾ അനുവദിക്കുന്നത്. ഇതിനായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ആരും ടെണ്ടർ സമർപ്പിക്കാത്ത പക്ഷം കൂടുതൽ മാസവാടക നല്കുവാൻ തയ്യാറാകുന്നവർക്ക് കച്ചവടസ്ഥലം അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേരള സാമൂഹിക സുരക്ഷാ മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

29 (* 89) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:
ശ്രീ. കെ. സി. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സാമൂഹിക സുരക്ഷാ മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) മിഷൻ എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ദുർബല ജനവിഭാഗങ്ങളുടെ ആരോഗ്യവും പോഷകശേഷിയും ഉയർത്തുന്നതിന് മിഷൻ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) വയോജനങ്ങൾക്കായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഇ) വിവിധ പദ്ധതികൾക്കായി മിഷൻ ഈ വർഷം എത്ര തുക വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ)

1. സംസ്ഥാനത്തെ അശരണരും ആലംബഹീനരും, പാവപ്പെട്ടവരും, വൃദ്ധർ, കുട്ടികൾ, സ്ത്രീകൾ, ഗുരുതരമായ രോഗബാധിതരായവർ, ക്യാൻസർബധിതർ തുടങ്ങി സമൂഹത്തിൽ സഹായവും സുരക്ഷയും ആവശ്യമുള്ള എല്ലാവർക്കും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുക.

2. സംസ്ഥാനത്തെ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

3. സർക്കാർ ആശുപത്രികളിൽ പോഷകമൂല്യമുള്ള ഭക്ഷണം നൽകുന്നതിന് സൗകര്യങ്ങൾ ചെയ്യുക

4. സർക്കാർ ആശുപത്രികളിൽനിന്നും രോഗം ഭേദമായി വിട്ടയയ്ക്കുന്ന ആശ്രിതരില്ലാത്ത രോഗികളുടെ ക്ഷേമത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

5. വിവിധ സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് ഗവേഷണം നടത്തുകയും പ്രശ്നപരിഹാരത്തിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

6. സാമൂഹ്യപഠനങ്ങൾ, ആരോഗ്യം, ശാസ്ത്രം, സാങ്കേതികപഠനങ്ങൾ, പരിസ്ഥിതിപഠനങ്ങളുടെ ഡോക്യുമെന്റേഷൻ നടത്തുക.

7. സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ നൽകുക, അവർക്ക് ആവശ്യമായ പരിശീലനം നൽകി കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് പ്രാപ്തരാക്കുക.

8. സംസ്ഥാനത്തിന്റെ എല്ലാ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെയും പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഏജൻസിയായി പ്രവർത്തിക്കുക.

9. മുകളിൽ ചേർത്തിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക.

(ബി) <u>പ്രധാന പദ്ധതികൾ</u> :

1. ക്യാൻസർ സുരക്ഷാ പദ്ധതി
2. താലോലം പദ്ധതി
3. വികലാംഗർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്ന പദ്ധതി
4. ഹംഗർഫ്രീ സിറ്റി പദ്ധതി
5. കാരുണ്യ സമ്പാദ്യ പദ്ധതി
6. ആശ്വാസകിരണം പദ്ധതി
7. സ്നേഹസ്പർശം പദ്ധതി
8. വയോജനങ്ങൾക്കുള്ള പദ്ധതി
9. എൻഡോസൾഫാൻ ബാധിതർക്ക് പ്രതിമാസ ധനസഹായ പദ്ധതി
10. അന്നദായിനി സ്കീം
11. പേമെന്റ് ഗേറ്റ് വേ
12. കുട്ടികളുടെയും കൗമാരപ്രായക്കാർക്കുമിടയിലുള്ള ആത്മഹത്യാ പ്രവണത തടയുന്നതിനുള്ള കർമ്മ പദ്ധതി
13. പെൺഭ്രൂണഹത്യ, വിവാഹധൂർത്ത്, gender issues മുതലായവയിലുള്ള ബോധവത്ക്കരണം.

(സി) ട്രൈബൽ മേഖലയിലെ കുട്ടികൾക്കും സ്ത്രീകൾക്കും വയോജനങ്ങൾക്കും പാകംചെയ്ത ഭക്ഷണം നൽകുന്ന അന്നദായിനി പദ്ധതി സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി. 2009 ജൂലൈ മാസം മുതൽ നിലമ്പൂരിലെ ട്രൈബൽ കോളനികളിൽ 272 പേർക്ക് 30-9-2010 വരെ രണ്ട് നേരത്തെ ഭക്ഷണം പാകംചെയ്ത് നൽകി. ഈ പദ്ധതി മറ്റ് മേഖല കളിലേക്കും വ്യാപിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി)

1. സർക്കാർ വൃദ്ധസദനങ്ങളിലേക്ക് കെയർ ഗിവേഴ്സിനെയും വൃദ്ധജനങ്ങളെ സംരക്ഷിക്കാൻ ആവശ്യമായ ഡോക്ടർമാർ, പാരാമെഡിക്കൽ ഉദ്യോഗസ്ഥർ, മറ്റ് സഹായികൾ എന്നിവരെ നൽകിവരുന്നു.

2. തിരുവനന്തുപുരം ജനറൽ ആശുപത്രിയിലെ ഒൻപതാം വാർഡിലെ വൃദ്ധരെ മറ്റ് വൃദ്ധമന്ദിരങ്ങളിലേക്ക് പുനരധിവസിപ്പിച്ചുവരുന്നു. ടി ഒൻപതാം വർഡ് പുതുക്കി പണിയുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

3. സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ നവീകരണം നടത്തിവരുന്നു.

(ഇ) വിവിധ പ്രധാന പദ്ധതികൾക്കായി മിഷൻ ഈ വർഷം (1-4-2010 മുതൽ 31-10-2010 വരെ) വിനിയോഗിച്ച തുക

ക്രമ നമ്പർ	പദ്ധതി	തുക ലക്ഷത്തിൽ
(1)	(2)	(3)
1	ക്യാൻസർ സുരക്ഷാ പദ്ധതി	221.38
2	താലോലം പദ്ധതി	187.65
3	വികലാംഗർക്ക് തിരിച്ചറിയൽ കാർഡ് വിതരണം	548.47
4	ഹംഗർ ഫ്രീ സിറ്റി പദ്ധതി	2.73
5	കാരുണ്യ സമ്പാദ്യ പദ്ധതി	...
6	ആശ്വാസ കിരണം പദ്ധതി	12.73
7	സ്നേഹസ്പർശം പദ്ധതി	2.69
8	വയോജനങ്ങൾക്കുള്ള പദ്ധതി	22.12
9	എൻഡോസൾഫാൻ ബാധിതർക്ക് പ്രതിമാസധന സഹായം	10.97
10	അന്നദായിനി സ്കീം	2.98
11	പേമെന്റ് ഗേറ്റ് വേ	...
12	കുട്ടികളുടെയും കൗമാര പ്രായക്കാർക്കുമിടയിലുള്ള ആത്മഹത്യാ പ്രവണത തടയുന്നതിനുള്ള കർമ്മ പദ്ധതി	0.22

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
13	പെൺഭ്രൂണഹത്യ, വിവാഹധൂർത്ത്, Gender Issues മുതലായവയിലുള്ള ബോധവൽക്കരണം	17.51
14	കുടുംബശ്രീ ബഡ് സ്ക്കൂളുകൾക്ക് ബസ് (വൈകല്യമുള്ളവർക്കായിട്ടുള്ള പദ്ധതി	79.88
15	മലബാർ ക്യാൻസർ സെന്ററിന് ലിനിയർ ആക്സിലറേറ്റർ	300.00
16	സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ നവീകരണം	195.62
17	സാമൂഹ്യ ക്ഷേമ വകുപ്പിന്റെ സ്ഥാപന ങ്ങളിൽ കെയർഗിവേഴ്സിനെ നല്കുന്ന പദ്ധതി	10.82

മുല്ലപ്പെരിയാർ പുതിയ ഡാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

30 (* 90) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാറിൽ പുതിയ ഡാമിന്റെ നിർമ്മാണത്തിനായി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വിശദീകരിക്കുമോ ;

(ബി) ഇതിന്റെ വിവിധ പ്രദേശങ്ങളിലെ വനം സർവ്വേ പൂർത്തിയാക്കിയോ ; ഇനി ഇതിനായി എന്തെല്ലാം വിശദമായ പഠനങ്ങളാണ് വേണ്ടത് ;

(സി) പുതിയ ഡാമിന്റെ നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ ഇനിയും എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത് ;

(ഡി) മുല്ലപ്പെരിയാർ പുതിയ ഡാം പണിയുന്നതു സംബന്ധിച്ച എന്തൊക്കെ നിർദ്ദേശങ്ങളാണ് സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാര സമിതി മുമ്പാകെ സർക്കാർ സമർപ്പിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) മുല്ലപ്പെരിയാറിലെ പുതിയ ഡാമിന്റെ നിർമ്മാണത്തിന് ആവശ്യമായ സർവ്വേ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. സർവ്വെ ചെയ്ത പുതിയ

LIBRARY ARCHIVES Kerala Legislative Assembly

ഡാമിനുവേണ്ടിയുള്ള അലൈൻമെന്റ് കണ്ടെത്തുകയും അതിൽ 5 ബോർഹോൾ എടുത്ത് സാമ്പിൾ പരിശോധിക്കുകയും ചെയ്യുകയുണ്ടായി. പ്രസ്തുത വിവരങ്ങൾകൊണ്ട് പുതിയ ഡാമിന്റെ രൂപകൽപ്പന ചെയ്തു. ഈ വിവരങ്ങൾ ചേർത്ത് കരട് ഡി.പി.ആർ. ഫീസിബിലിറ്റി റിപ്പോർട്ട് എന്നിവ തയ്യാറാക്കി തയ്യാറാക്കിയ കരട് ഡി.പി.ആറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി സാങ്കേതികമായി കുറ്റമറ്റ വിധത്തിൽ 2011 മേയ് മാസത്തിനകം അന്തിമ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ പഠനത്തിന് ആവശ്യമായ 10 അധിക ബോർഹോളിന്റെ പണി ഏകദേശം പൂർത്തിയായിക്കഴിഞ്ഞു.

(ബി) ഡാമിന്റെ രൂപകൽപ്പനയ്ക്കും ഡി.പി.ആർ. തയ്യാറാക്കുന്നതിനും റിവർ സർവ്വേ, ബോർഹോൾ കുഴിക്കൽ എന്നീ രണ്ട് സർവ്വേകൾ ആവശ്യമാണ്. ഇതിൽ റിവർ സർവ്വേ (പെരിയാർ ടൈഗർ റിസർവ്വിനകത്തും പുറത്തുമുള്ള) പൂർത്തിയായി. കൂടാതെ 5 ബോർഹോളുകൾ എടുക്കുകയും സാമ്പിൾ പരിശോധിക്കുകയും ചെയ്തു. എന്നാൽ തദവസരത്തിൽ സന്നിഹിതരായിരുന്ന ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ (ജി.എസ്.ഐ) ഉദ്യോഗസ്ഥർ നിർദ്ദേശിച്ചതനുസരിച്ച് 10 ബോർഹോളുകൾ അധികമായി എടുക്കേണ്ടതുണ്ട്. അതിനുള്ള നടപടി പൂർത്തിയായിവരുന്നു.

(സി) കരട് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യയുടെ നിർദ്ദേശനുസരണം അധികമായി 10 ബോർഹോളുകൾ എടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. അതിനുശേഷം ജി.എസ്.ഐ. യുടെ ഇൻസ്പെക്ഷൻ കഴിഞ്ഞ് സാമ്പിൾ ടെസ്റ്റ് ചെയ്ത് പഠനം പൂർത്തിയാക്കേണ്ടതുണ്ട്. ഡാം സെക്ഷൻ സംബന്ധിച്ച തീരുമാനം എടുക്കുന്നമുറയ്ക്ക് സ്പിൽവേയുടെയും മറ്റും ഭാഗത്ത് ബോർഹോൾ എടുക്കേണ്ടതായി വരും. പഴയ ഡാമിന്റെയും പുതിയ ഡാമിന്റെയും ഡാം ബ്രേക്ക് അനാലിസിസ് ചെയ്യേണ്ടതായുണ്ട്.

(ഡി) സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാര സമിതി മുമ്പാകെ മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയുന്നത് സംബന്ധിച്ച് സമർപ്പിച്ച `Response-ന്റെ പ്രസക്തഭാഗം അനുബന്ധം (എ)യിൽ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

എൻഡോസൾഫാൻ കീടനാശിനിമൂലം രോഗബാധിതരായവരെ കണ്ടെത്താനായി നടത്തിയ സർവ്വേകൾ

1 (573) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൻഡോസൾഫാൻ കീടനാശിനിമൂലം രോഗബാധിതരായവരെ കണ്ടെത്താനായി ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്തൊക്കെ സർവ്വേകളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) കാസർഗോഡ് ജില്ലയിലെ ദുരിതബാധിത പ്രദേശങ്ങളായ പതിനൊന്നു പഞ്ചായത്തുകളിലും ഇത്തരത്തിലുള്ള വിശദമായ ആരോഗ്യ സർവ്വേ പൂർത്തിയാക്കിയോ ;

(സി) പ്രസ്തുത സർവ്വേയിലൂടെ ഈ പ്രദേശത്തെ കീടനാശിനിമൂലം രോഗബാധിതരായ മുഴുവൻ പേരുടേയും വിശദവിവരങ്ങൾ ശേഖരിക്കാനായോ ;

(ഡി) കാസർഗോഡ് ജില്ലയ്ക്ക് പുറമേ സംസ്ഥാനത്തെ മറ്റേതൊക്കെ ജില്ലകളിലാണ് ഇത്തരം രോഗബാധിതർ ഉള്ളതായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതുസംബന്ധിച്ച സമഗ്രമായറിപ്പോർട്ടും ലിസ്റ്റും ഹൈക്കോടതിക്ക് സമർപ്പിക്കുകയുണ്ടായോ ;

(എഫ്) ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പ് തയ്യാറാക്കിയ റിപ്പോർട്ടിന്റെയും സമഗ്രമായ ലിസ്റ്റുകളുടേയും പകർപ്പുകൾ ലഭ്യമാക്കുമോ ;

ഉത്തരം

(എ-ഡി) കാസർഗോഡ് ജില്ലയിൽ നടത്തിയ സർവ്വേയിൽ 2836 പേരെ എൻഡോസൾഫാൻ ദുരിതബാധിതരായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സർവ്വെയിലൂടെ രോഗബാധിതരുടെ വിശദവിവരങ്ങൾ ശേഖരിക്കുകയുണ്ടായി. നവംബർ മാസത്തിൽ ഇടുക്കി, വയനാട്, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ എൻഡോസൾഫാൻ ഉപയോഗിക്കപ്പെടുന്നതായി ആരോപിക്കപ്പെട്ട പ്രദേശങ്ങളിൽ ആരോഗ്യവകുപ്പ് ജീവനക്കാരും ആശാ വോളണ്ടിയർമാരും വഴി പ്രാദേശിക സർവ്വെ നടത്തിയിരുന്നു. ഈ സർവ്വേയിൽ ഇടുക്കിയിൽ 5 പേരും വയനാട്ടിൽ 931 പേരും കോഴിക്കോട് 3 പേരും പാലക്കാട് 46 പേരും ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരായി കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ല.

(എഫ്) ജില്ലാ മെഡിക്കൽ ഓഫീസർ, കാസർഗോഡ് നടത്തിയ എൻഡോസൾഫാൻ ദുരിത ബാധിതരുടെ സർവ്വെ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. †

എൻഡോസൾഫാൻ ദുരിതബാധിതരുടെ കണക്ക്

2 (574) ശ്രീ. വി. എസ്. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻഡോസൾഫാൻ കീടനാശിനി തളിച്ച പ്രദേശങ്ങളിൽ ദുരിതബാധിതരെ കണ്ടെത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(ബി) സർവ്വേ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് പൂർത്തീകരിച്ചിട്ടുണ്ടോ ;

(സി) എത്രപേർ ദുരിതബാധിതരാണെന്ന കണക്ക് ലഭ്യമാണോ ;

(ഡി) ദുരിതബാധിതരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ-സി) കാസർഗോഡ് ജില്ലയിൽ നടത്തിയ സർവ്വേയിൽ 2836 പേരെ എൻഡോസൾഫാൻ ദുരിതബാധിതരായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 2010 നവംബറിൽ ഇടുക്കി, വയനാട്, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ എൻഡോസൾഫാൻ ഉപയോഗിപ്പെടുന്നതായി ആരോപിക്കപ്പെട്ട പ്രദേശങ്ങളിൽ ആരോഗ്യവകുപ്പ് ഫീൽഡ് വിഭാഗം ജീവനക്കാരും ആശാ വോളണ്ടിയർമാരുംവഴി പ്രാദേശിക സർവ്വെ നടത്തിയിരുന്നു. ഈ സർവ്വേയിൽ ഇടുക്കിയിൽ 5 പേരും വയനാട്ടിൽ 931 പേരും കോഴിക്കോട് 3 പേരും പാലക്കാട് 46 പേരും ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരായി കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ വിദഗ്ദ്ധ പരിശോധനകൾവഴി മാത്രമേ എൻഡോസൾഫാനുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നമാണോയെന്ന് പറയാൻ കഴിയുകയുള്ളൂ.

(ഡി) കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച എൻഡോസൾഫാൻ ദുരിതബാധിത പരിഹാര സെല്ലിലേക്ക് 2006-ൽ 50 ലക്ഷം രൂപ അനുവദിച്ചു. വിവിധ വർഷങ്ങളായി കാസർഗോഡ് ജില്ലാ പഞ്ചായത്ത് 20 ലക്ഷം രൂപ പുനരധിവാസ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് പ്രൈമറി ഹെൽത്ത് സെന്ററിൽന്റേയും

† അനുബന്ധം

LIBRARY ARCHIVES Kerala Legislative Assembly

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽന്റേയും രോഗികൾക്ക് തുടർ ചികിത്സ നൽകി വരുന്നു. വൈകല്യം സംഭവിച്ച ദുരിതബാധിതർക്ക് സാമൂഹ്യക്ഷേമ വകുപ്പ് വഴി പെൻഷനായി 400 രൂപയും നൽകിവരുന്നു. ഇതുകൂടാതെ ആരോഗ്യവകുപ്പ് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ അംഗീകരിക്കുന്ന ലിസ്റ്റ് പ്രകാരം എൻഡോ സൾഫാൻമൂലം ഗുരുതരമായതും ദീർഘകാലചികിത്സ ആവശ്യമുള്ളതും തൊഴിലെടുക്കാതെ വീട്ടിൽ കഴിയുന്ന വരുമായവരിൽ, ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും വികലാംഗ പെൻഷനായി 300 രൂപ ലഭിക്കുന്നവർക്ക് 1700 രൂപയും വികലാംഗപെൻഷൻ ലഭിക്കാത്ത വർക്ക് 2000 രൂപയും എൻഡോസൾഫാൻ ദുരിത ബാധിതരിൽ രോഗികളായ മറ്റുള്ളവർക്ക് 1000 രൂപവീതവും പ്രതിമാസം ധനസഹായം നൽകുന്നതിന് 6-12-2010-ന് ഉത്തരവായിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 9-4-2010-ൽ എൻഡോസൾഫാൻ ദുരന്തനിവാരണത്തിനായി അനുവദിച്ച 1.25 കോടി രൂപയിൽനിന്നും 20 ലക്ഷം രൂപ ഉപയോഗിച്ച് പ്രത്യേക സാന്ത്വന ചികിത്സാ പദ്ധതി നടപ്പാക്കി. താലോലം പദ്ധതിയിലൂടെ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട വിദഗ്ദ്ധ ആശുപത്രികളിലൂടെ ഒരു രോഗിക്ക് 50,000 രൂപ വരെ ചികിത്സയ്ക്കായി നൽകുന്നുണ്ട്. വിവിധ മെഡിക്കൽ കോളേജുകളിൽ നിന്നുള്ള ന്യൂറോളജിസ്റ്റ് ഉൾപ്പെടെയുള്ള വിദഗ്ദ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തി 22 മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും 1411 രോഗികൾക്ക് ചികിത്സ നൽകുകയും ചെയ്തു. പി.എച്ച്.സി. സി.എച്ച്.സി., ജനറൽ ഹോസ്പിറ്റൽ കാസർഗോഡ്, ഡിസ്ട്രിക്ട് ഹോസ്പിറ്റൽ കാഞ്ഞങ്ങാട് എന്നിവയുടെ സൗകര്യങ്ങളും സേവനങ്ങളും വർദ്ധിപ്പിക്കുന്നതി നുള്ള നടപടി കൈക്കൊണ്ടുവരുന്നു. കാസർഗോഡ് ജില്ലാ ആശുപത്രിയുടെ നവീകരണം പൂർത്തിയായി. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മനുഷ്യന്റെ ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളുടെ നിർമ്മാണവും വിതരണവും നിയന്ത്രിക്കുന്നതിന് നടപടി

3 (575) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മനുഷ്യന്റെ ആരോഗ്യത്തിനും അവയവങ്ങൾക്കും ഹാനീകരമായ വസ്തുക്കൾ ഉണ്ടാക്കുന്നതും വില്പന നടത്തുന്നതും നിയന്ത്രിക്കാനും നിരോധിക്കാനും സർക്കാരിന് അധികാരം നൽകുന്ന നിയമങ്ങൾ നിലവിലുണ്ടോ ; എങ്കിൽ അവയുടെ പ്രസക്തഭാഗത്തിന്റ പകർപ്പ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാൻ പരാഗ്, ചമ്പാക്ക്, ഖൈനി, ഹൈനി, തുടങ്ങി പുകയിലയും മറ്റ് രാസവസ്തുക്കളും ചേർത്ത് നിർമ്മിച്ച് വില്പന നടത്തുന്ന വിഷവസ്തുക്കൾ സംസ്ഥാനത്തെ ആരോഗ്യ വകുപ്പ് ലബോറട്ടറി സൗകങ്ങളു പയോഗിച്ച് പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അവ ഉപയോഗിക്കുന്ന മനുഷ്യരിൽ ദോഷകരമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നില്ലെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(ഡി) അങ്ങിനെ തെളിയിക്കപ്പെട്ടിട്ടില്ലെങ്കിൽ അവ വില്പന നടത്തുന്നത് നിരോധിക്കാത്തതിന്റെ കാരണം വിശദമാക്കുമോ ; ഇതേവരെ അത്തരം പരിശോധന നടത്തിയിട്ടില്ലെങ്കിൽ അടിയന്തരമായി പരിശോധന നടത്തി ഫലം പ്രസിദ്ധീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മന്തുരോഗ സർവ്വേഫലത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ

4 (576) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയുടെ വിവിധ ഭാഗങ്ങളിലും പ്രത്യേകിച്ച് തീര പ്രദേശത്തും നടത്തിയ ആരോഗ്യ സർവ്വേകളിൽ അവിടങ്ങളിൽ മന്തുരോഗ ലക്ഷണങ്ങൾ വളരെ കൂടുതലായി കണ്ടെത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർവ്വേ ഫലം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ക്യൂലക്സ് വിഭാഗത്തിൽപ്പെട്ട കൊതുകുകളാണ് രോഗം പരത്തുന്നതിന് പ്രധാന കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) അതുപോലെതന്നെ "മൈക്രോഫൈലേറിയ" എന്ന രോഗാണു വാഹകരായി അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന തൊഴിലാളികളും രോഗം പകരുന്നതിന് കാരണമാകുന്നതായി സർവ്വേയിൽ കണ്ടെത്തുകയുണ്ടായോ ;

(ഇ) സർവ്വേഫലത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ അടിയന്തര നടപടികൾ കൈക്കൊണ്ടുവെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മലപ്പുറം ജില്ലയിൽ ഈ വർഷം 3952 പേരുടെ രക്ത പരിശോധന നടത്തിയപ്പോൾ താനൂരിൽ ഒരാളുടെ രക്തത്തിൽ മൈക്രോഫൈലേറിയ രോഗാണു ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ഉണ്ട്

(ഡി) മലപ്പുറം ജില്ലയിൽ അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന തൊഴിലാളികളിൽ മൈക്രോഫൈറേറിയ രോഗാണുവാഹകരെ കണ്ടെത്തിയിട്ടില്ല. എന്നാൽ തിരുവനന്തപുരം, തൃശ്ശൂർ, പത്തനംതിട്ട എന്നീ ജില്ലകളിൽ നടത്തിയ സർവ്വേകളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്നവർ രോഗാണു വാഹകരായി കണ്ടെത്തിയിട്ടുണ്ട്.

(ഇ) അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുവരെ മന്ത് രോഗ രക്ത പരിശോധനയ്ക്ക് വിധേയരാക്കണമെന്നും അവർ രോഗാണുവാഹകരാണെങ്കിൽ ഡി.ഇ.സി. ഗുളികകൾ കഴിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മന്ത് രോഗ നിവാരണ മാർഗ്ഗങ്ങൾ ശക്തമാക്കുകയും ചെയ്തിട്ടുണ്ട്.

മന്തുരോഗ പ്രതിരോധത്തിന് നൽകുന്ന മരുന്നിന്റെ ദോഷഫലങ്ങളെക്കുറിച്ചുള്ള പഠനം

5 (577) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മന്തുരോഗ പ്രതിരോധത്തിന് നല്കുന്ന ഗുളികകൾ ഈ വർഷവും വിതരണം ചെയ്തിട്ടുണ്ടോ. എങ്കിൽ എത്ര പേർക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞവർഷം ഈ ഗുളിക കഴിച്ച വിദ്യാർത്ഥികളടക്കമുള്ളവർക്ക് അസ്വാസ്ഥ്യമുണ്ടായത് ശ്രദ്ധയിൽ വന്നുവോ ; എങ്കിൽ ഇതു സംബന്ധിച്ച് പഠനം നടത്തിയിരുന്നുവോ ;

(സി) മന്തിനുള്ള മരുന്നായ ഡൈഈതൈൻ കാർബമസിന്റെ ദോഷ ഫലങ്ങളെക്കുറിച്ച് പഠനം നടത്തുമോ ;

(ഡി) ഈ വർഷം മലപ്പുറം ജില്ലയിൽ വിതരണം ചെയ്ത മരുന്നിൽ കാലാവധി കഴിഞ്ഞവയുമുണ്ടായിരുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 23379430 പേർക്ക് മന്തുരോഗ പ്രതിരൊധത്തിനുള്ള ഗുളികകൾ വിതരണം ചെയ്തിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രദ്ധയിൽ വന്നിട്ടുണ്ട്. ജില്ലാ മെഡിക്കൽ ആഫീസുകളുടെ അഭിമുഖ്യത്തിൽ ഓരോ സംഭവത്തെയും കുറിച്ച് "കേസ്" ഇൻവെസ്റ്റിഗേഷൻ നടത്തിയിരുന്നു.

(സി) ഈ ഗുളികയുടെ ദോഷഫലങ്ങളെക്കുറിച്ച് അന്താരാഷ്ട്രതലത്തിൽ ശാസ്ത്രീയമായി ധാരാളം പഠനങ്ങൾ നടത്തി സ്ഥിരീകരിച്ചിട്ടുള്ളതിനാൽ കൂടുതൽ പഠനത്തിന്റെ ആവശ്യകതയില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പിൽനിന്നും 2010-ലെ മന്ത് രോഗ നിവാരണ ചികിത്സാ പരിപാടിയിലേക്ക് കാലാവധി കഴിഞ്ഞ ഡി.ഇ.സി. ആൽബൻഡസോൾ ഗുളികകൾ വിതരണം ചെയ്തിട്ടില്ല.

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിപ്രകാരം ലഭിക്കുന്ന ഇൻഷ്വറൻസ് തുക

6 (578) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സസ്ഥാനത്ത് നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലൂടെ ഓരോ ആരോഗ്യ സ്ഥാപനത്തിനും ലഭിക്കുന്ന ഇൻഷ്വറൻസ് തുക അതത് ആശുപത്രികളുടെ വികസനത്തിന് ഉപയോഗിക്കാമെന്ന ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) 2010-11 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ സംസ്ഥാനത്തൊട്ടാകെയുള്ള ആരോഗ്യ സ്ഥാപനങ്ങൾക്ക് എത്ര കോടി രൂപ ഇൻഷ്വറൻസ് തുകയായി ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത തുകകൊണ്ട് ഇതുവരെ ഏതൊക്കെ ആരോഗ്യ സ്ഥാപനങ്ങളിലെ എന്തൊക്കെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനായെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റി

7 (581) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റി എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അത് രജിസ്റ്റർ ചെയ്തതാണെന്നും, അതിന്റെ ആസ്ഥാനവും, പ്രവർത്തനമേഖലയും സംബന്ധിച്ച വിശദവിവരങ്ങളും ലഭ്യമാക്കുമോ ;

(സി) ദേശീയ ഗ്രാമീണ ആരോഗ്യ മിഷനിൽനിന്നും ഈ സ്ഥാപനത്തിന് ഇതേവരെ എന്തു തുക ലഭിച്ചിട്ടുണ്ട് ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത തുക എന്തൊക്കെ പ്രവർത്തനങ്ങൾക്കാണ് വിനിയോഗിച്ചതെന്നതു സംബന്ധിച്ച വിശദവിവരം നൽകാമോ ;

(ഇ) ഈ വിനിയോഗത്തിലൂടെ ഏതെല്ലാം മേഖലയിലുള്ള എത്ര പേർക്ക് പ്രയോജനം ലഭിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) 18-4-7-ന് രജിസ്റ്റർ ചെയ്തു. തിരുവനന്തപുരത്ത് ജനറൽ ആശുപത്രി ജംഗ്ഷനിൽ ആണ് ആസ്ഥാനം. സംസ്ഥാനത്തെ ആരോഗ്യം, കുടുംബക്ഷേമം എന്നിവയാണ് അതിന്റെ പ്രവർത്തനമേഖല.

(സി) 2005 മുതൽ 2010 നവംബർവരെ മൊത്തം 814.28 കോടി രൂപ ലഭിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. 2005 മുതൽ 2007 വരെ ആർ.സി.എച്ചിന്റെ കീഴിലായിരുന്നു. ടി സ്ഥാപനത്തിന്റെ പ്രവർത്തനം

വർഷം	തുക (കോടി രൂപയിൽ)
2005-2006	4.45
2006-2007	80.60
2007-2008	120.00
2008-2009	232.47
2010-2011 (Nov 2010)	130.26
Total	814.28

(ഡി) പ്രസ്തുത തുക 14 ജില്ലകളിലെ ആരോഗ്യ-കുടുംബക്ഷേമ സൊസൈറ്റികൾവഴി സംസ്ഥാനത്ത് ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനത്തിനായി വിനിയോഗിക്കുന്നു. ഇത് മാതൃസ്നേഹം, ശിശു ആരോഗ്യ പ്രവർത്തനം, ജനനി സുരക്ഷാ യോജന, ട്രൈബൽ ആർ.സി.എച്ച്, ട്രെയിനിംഗ്, ബി.സി.സി ഐ.ഇ.സി., ആശാ ഇൻസെന്റീവ്സ്, കോൺട്രാക്ട് ഡോക്ടേഴ്സ്, സ്റ്റാഫ് നേഴ്സ്, ഹോസ്പിറ്റൽ അപ്ഗ്രഡേഷൻ, സി.എച്ച്.സി. ഡിസ്ട്രിക്സ് ഹോസ്പിറ്റലുകൾക്ക് ആനുവൽ മെയിന്റനൻസ് ഗ്രാന്റ്, United Funds, HMC എന്നീ പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നത്.

373/14

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ വിനിയോഗത്തിലൂടെ ആരോഗ്യ വകുപ്പിന്റെ കീഴിലെ അനേകം ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും ഇതുമൂലം ജനങ്ങൾക്ക് ലഭിക്കുന്ന സേവനം വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. ഗർഭിണികളായ അമ്മമാർക്ക് ജെ.എസ്.വൈ വഴി പണം നൽകുക, ആശ പ്രവർത്തകർ മുഖേന സമൂഹത്തിന് മെച്ചപ്പെട്ട സേവനം നൽകുക, ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫുകളെയും ലഭ്യമാക്കുക, ആശുപത്രി ഉപകരണങ്ങൾ വാങ്ങുക, ട്രൈബൽ, കോസ്റ്റൽ, അർബൻ മേഖലകളിൽ കൂടുതൽ സേവനം നൽകുക എന്നിവയ്ക്കും സാധിച്ചിട്ടുണ്ട്.

ജീവൻരക്ഷാ ഔഷധങ്ങളുടെ വിലവർദ്ധനവിനെതിരെ നടപടി

8 (583) ശ്രീ. എ. എ. അസ്സീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജീവൻരക്ഷാ ഔഷധങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വില വർദ്ധന പിടിച്ചുനിർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

(സി) നല്ലൊരു വിഭാഗം മരുന്നുകൾക്കും ഗുണമേന്മ ഇല്ലെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജീവൻരക്ഷാ ഔഷധങ്ങളുടെവില നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി (NPPA) ആണ്. നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മരുന്നുവില ലംഘിച്ച് വിപണനം നടത്തുന്ന കമ്പനികളുടെയും വിതരണക്കാരുടെയും വിവരങ്ങൾ മാസാമാസം ഡ്രഗ് കൺട്രോളർ നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റിക്ക് നൽകി വരുന്നു. സംസ്ഥാന ഡ്രഗ്സ് കൺട്രോളർമാർ നൽകുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ടി കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കുവാൻ നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റിക്ക് അധികാരമുണ്ട്.

(സി) ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ പരിശോധനയ്ക്കായി ലഭിക്കുന്ന മരുന്നുകളിൽ 5% മരുന്നുകൾ മാത്രമാണ് ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്ത് കാണുന്നത്. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ഒരു ഇന്റലിജന്റ്സ് വിഭാഗംതന്നെ പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗത്തിൽ ഈ വിഭാഗത്തിൽ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ഇന്റലിജൻസ് ബ്രാഞ്ച് ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംശയാസ്പദമായ മരുന്നുകൾ, നിരോധിക്കപ്പെട്ട മരുന്നുകൾ, വ്യാജമരുന്നുകൾ, എന്നിവയുടെ വിപണനം തടയുന്നതിനായി നടപടികൾ സ്വീകരിക്കാറുണ്ട്. അത്തരം മരുന്നുകളുടെ വിപണനം ശ്രദ്ധയിൽപ്പെട്ടാൽ അവയുടെ സാമ്പിളുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഗുണനിലവാര പരിശോധനയ്ക്കായി തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ അയയ്ക്കാറുണ്ട്. ടി പരിശോധനയിൽ ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ നിർമ്മാതാക്കൾക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകി വകുപ്പുതല നടപടികളും നിയമ നടപടികളും സ്വീകരിക്കുന്നുണ്ട്.

കുട്ടികൾക്കുള്ള സൗജന്യ ചികിത്സാ പദ്ധതികൾ

9 (585) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൈപ്പ് ഒന്ന് പ്രമേഹബാധിതരായ കുട്ടികൾക്ക് ഇൻസുലിൻ ഉപയോഗിച്ചുള്ള ചികിത്സ ആജീവനാന്തം ആവശ്യമാണെന്നിരിക്കെ അവർക്ക് ഇൻസുലിൻ സൗജന്യമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) കുട്ടികളുടെ ഏതെല്ലാം ഗുരുതര രോഗങ്ങൾക്കാണ് സൗജന്യ ചികിത്സാ പദ്ധതികൾ നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) കാൻസർ സുരക്ഷാ സ്കീംവഴി മാരകമായ കാൻസർ രോഗമുള്ള 18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് എ.പി.എൽ., ബി.പി.എൽ തരം തിരിവില്ലാതെ സൗജന്യ ചികിത്സ നല്കിവരുന്നു. ഈ സൗകര്യം എല്ലാ മെഡിക്കൽ കോളേജുകളിലും ആർ.സി.സി., എം.സി.സി, ജനറൽ ഹോസ്പിറ്റൽ എറണാകുളം, പരിയാരം മെഡിക്കൽ കോളേജ് എന്നീ ഹോസ്പിറ്റലുകളിലും ലഭ്യമാണ്.

കാൻസർ അല്ലാതുള്ള മാരക രോഗങ്ങളുള്ള 18 വയസിന് താഴെ പ്രായമുള്ള കുട്ടികൾക്ക് താലോലം പദ്ധതിവഴി ചികിത്സാ സഹായം ലഭ്യമാകുന്നു.

സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ഗവൺമെന്റ് ഹോസ്പിറ്റലുകളിലും ഈ പദ്ധതി വഴിയുള്ള സഹായം ലഭ്യമാണ്.

സ്വകാര്യ ആശുപത്രികളിൽ ബി.പി.എൽ പരിധിയിൽപ്പെടുന്നവർക്ക് സൗജന്യ ചികിത്സ

10 (586) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികൾ വ്യവസായം എന്ന നിലയിൽ മാത്രം നടത്താൻ ശ്രമിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതുമൂലം സാധാരണക്കാർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ ബി. പി. എൽ പരിധിയിൽപ്പെടുന്നവർക്ക് സൗജന്യമായി ചികിത്സ ഉറപ്പുവരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വകാര്യ മേഖലയിലെ ആശുപത്രികളെയും ലബോറട്ടറികളെയും നിയന്ത്രിക്കുന്നതിനുള്ള ഒരു കരട് ബില്ലിന്മേലുള്ള പരിശോധനയും മറ്റ് നടപടിക്രമങ്ങളും നടന്നുവരികയാണ്.

(സി) പരിഗണനയിലില്ല.

ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ വികസനത്തിനായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ

11 (588) ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ വികസനത്തിനായി സ്ഥലം ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി മെഡിക്കൽ കോളേജിൽനിന്നും എത്ര ഏക്കർ സ്ഥലം സർക്കാർ ഏറ്റെടുത്തു എന്ന് വ്യക്തമാക്കുമോ ; പ്രസ്തുത സ്ഥലം ശ്രീചിത്രാ മെഡിക്കൽ സെന്ററിന് കൈമാറിയിട്ടുണ്ടോ ;

(സി) ഇവിടെ എന്തൊക്കെ പുതിയ വികസന പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയാമോ ?

ഉത്തരം

(എ&ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ അധീനതിയിലുള്ള 84.384 സെന്റ് സ്ഥലം ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിക്ക് വിട്ടുനൽകാൻ ഉത്തരവായിട്ടുണ്ട്. സ്ഥലം കൈമാറുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(സി) സ്ഥല പരിമിതിമൂലം ഇപ്പോൾ ശ്രീചിത്രയിൽ വരുന്ന രോഗികൾക്ക് അഡ്മിഷൻ ലഭിക്കാൻ പലപ്പോഴും കാലതാമസം വരുന്നതിനാൽ കൂടുതൽ ഇൻപേഷ്യന്റ് ബെഡ് സൗകര്യം ലഭ്യമാക്കുന്നതിനായി പ്രസ്തുത സ്ഥലത്ത് ഒരു ബഹുനില കെട്ടിടം പണിയാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

എയ്ഡ്സ് തടയാൻ നടപടി

12 (589) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എയ്ഡ്സ് ബാധിതരുടെ ആകെ എണ്ണം സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ലഭ്യമാണോ ;

(ബി) എയ്ഡ്സ് രോഗികളായ സ്ത്രീ-പുരുഷന്മാരുടെയും കുട്ടികളുടേയും എണ്ണം എത്ര വീതമെന്ന് അറിയിക്കുമോ ;

(സി) മുൻ കാലങ്ങളെ അപേക്ഷിച്ച് രോഗികളുടെ എണ്ണത്തിൽ എത്ര ശതമാനം വർദ്ധനവാണ് കാണിക്കുന്നത് ;

(ഡി) എയ്ഡ്സ് രോഗികളുടെ വർദ്ധനവ് തടയുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ ;

(ഇ) ഈ മേഖലയിൽ പ്രതിവർഷം എത്ര തുക വീതം കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചെലവഴിക്കുന്നുവെന്ന് അറിയിക്കുമോ ;

(എഫ്) എയ്ഡ്സ് രോഗനിർണ്ണയത്തിന് നിലവിലുള്ള പരിശോധനാ സംവിധാനങ്ങൾ കുറ്റമറ്റതാണോ ;

(ജി) സാമൂഹിക സുരക്ഷ ഉറപ്പാക്കാൻ വിവാഹ പൂർവ്വ എയ്ഡ്സ് പരിശോധന നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആന്റി റിട്രോ വൈറൽ ചികിത്സാ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം ലഭ്യമാണ്.

(ബി) നവംബർ 30, 2010-ലെ കണക്കുകൾ പ്രകാരം എയ്ഡ്സ് ബാധിതരായ സ്ത്രീ-പുരുഷന്മാരുടെയും കുട്ടികളുടെയും എണ്ണം ചുവടെ ചേർക്കുന്നു :

സ്ത്രീകൾ	-	1852
പുരുഷന്മാർ	-	3035
കുട്ടികൾ	-	263
ആകെ		5150

(സി) ദേശീയ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷൻ നടത്തിയ എച്ച്.ഐ.വി. സാന്ദ്രതാ പഠനത്തിൽ കേരളത്തിൽ മുതിർന്നവരുടെ ഇടയിലുള്ള എച്ച്.ഐ.വി. അണുബാധ സാന്ദ്രത 2007-ൽ 0.26% ആയിരുന്നത് 2009-ൽ 0.19% ആയി കുറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എച്ച്.ഐ.വി. അണുബാധിതർ എയ്ഡ്സ് ബാധിതരാകുന്നത് തടയുന്നതിനായി താഴെപറയുന്ന കാര്യങ്ങളാണ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കീഴിൽ നടപ്പിലാക്കിവരുന്നത്.

◆ സൗജന്യ സി.ഡി 4 പരിശോധന വർഷത്തിൽ 2 തവണ

◆ ആന്റി റിട്രോ വൈറൽ ചികിത്സാ കേന്ദ്രമായ ഉഷസ്സിൽ ആറുമാസം കൂടുമ്പോഴുള്ള സൗജന്യ പരിശോധന

◆ പ്രത്യാശാ കേന്ദ്രം, ഉഷസ് കേന്ദ്രം എന്നിവയിലൂടെയുള്ള കൗൺസിലിംഗ്

◆ പ്രത്യാശാ കേന്ദ്രത്തിൽ മാസം തോറുമുള്ള എച്ച്.ഐ.വി. അണുബാധിതരുടെ കൂട്ടായ്മ

◆ സാമൂഹ്യക്ഷേമ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ എച്ച്ഐ.വി. ബാധിതരായ സ്ത്രീകൾക്കും കുട്ടികൾക്കും പോഷകാഹാര വിതരണം.

◆ ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ എച്ച്.ഐ.വി അണുബാധിതർക്കുള്ള പോഷകാഹാര വിതരണം.

◆ പ്രത്യാശാ കേന്ദ്രങ്ങളിലൂടെയും വിവിധ വകുപ്പുകളുടെ സഹായത്തോടെയും എച്ച്.ഐ.വി. അണുബാധിതർക്കുള്ള സാമൂഹ്യ പിന്തുണ ഉറപ്പാക്കൽ

ഈ പ്രവർത്തനങ്ങളിലൂടെ എച്ച്.ഐ.വി. അണുബാധിതരെ അവരുടെ സി.ഡി. 4 കോശങ്ങളുടെ എണ്ണം ഉയർന്നതോതിൽ നിലനിർത്തി എയ്ഡ്സ് ബാധിതരാകാതിരിരിക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നു.

(ഇ) ഈ മേഖലയിൽ കഴിഞ്ഞ സാമ്പത്തികവർഷം കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു :

EXPENDITURE HEAD	EXPENDITURE (IN LAKHS)
POOL FUND	1628.53
GFATM-VI	517.26
GFATM VII	23.96
DBS-SURVEILLANCE	0.16
DHS FUND	.....
NRHM FUND	2.93
NUTRITION SUPPLIMENTATION PROGRAMME	17.42
REHABILITATION FUND	33.29
TOTAL	2223.55

(എഫ്) അതേ

(ജി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

എയ്ഡ്സ് രോഗികളുടെ ചികിത്സ

13 (591) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര എയ്ഡ്സ് രോഗികൾ ഉണ്ടെന്നാണ് ആരോഗ്യവകുപ്പിന്റെ കണക്ക്; ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) എയ്ഡ്സ് രോഗികളുടെ ചികിത്സക്കായി എല്ലാ ജില്ലാ ആശുപത്രികളിലും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഇത്തരം രോഗികളുടെ ചികിത്സയ്ക്കായി എന്തെല്ലാം സാമ്പത്തിക സഹായം അനുവദിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010 നവംബർ 30 വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ 8 ആന്റി റിട്രോ വൈറൽ ട്രീറ്റ്മെന്റ് (എ.ആർ.ടി) കേന്ദ്രങ്ങളിലുമായി 5150 പേർ ചികിത്സയിലുണ്ട്. ആഗസ്റ്റ് 2010 വരെയുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാണ്. അവ ചുവടെ ചേർക്കുന്നു :

ജില്ല	എയ്ഡ്സ് ബാധിതരുടെ എണ്ണം
തിരുവനന്തപുരം	488
കൊല്ലം	411
പത്തനംതിട്ട	271
ആലപ്പുഴ	345
കോട്ടയം	165
ഇടുക്കി	115
എറണാകുളം	312
തൃശ്ശൂർ	649
പാലക്കാട്	840
മലപ്പുറം	362
വയനാട്	76
കണ്ണൂർ	338
കോഴിക്കോട്	345
കാസർഗോഡ്	158
അന്യസംസ്ഥാനക്കാർ	32
ആകെ	4907

(ബി) എയ്ഡ്സ് ബാധിതരുടെ ചികിത്സ സംസ്ഥാനത്തെ 8 എ.ആർ.ടി. കേന്ദ്രങ്ങൾ വഴിയാണ് നൽകിവരുന്നത്. എ.ആർ.ടി. കേന്ദ്രങ്ങൾ 5 മെഡിക്കൽ കോളേജുകളിലും പാലക്കാട് ജില്ലാ ആശുപത്രിയിലും എറണാകുളം, കാസർഗോഡ് ജനറൽ ആശുപത്രികളിലും പ്രവർത്തിക്കുന്നു. ഇതു കൂടാതെ താഴെപ്പറയുന്ന എ.ആർ.ടി. ഉപകേന്ദ്രങ്ങൾ (ലിങ്ക് എ.ആർ.ടി. സെന്റർ) വഴിയും ചികിത്സ ലഭ്യമാണ്.

1. പബ്ലിക് ഹെൽത്ത് ലബോറട്ടറി, കൊല്ലം
2. ജനറൽ ആശുപത്രി, പത്തനംതിട്ട
3. ജില്ലാ ആശുപത്രി, മലപ്പുറം
4. ജില്ലാ ആശുപത്രി, കാസർഗോഡ്
5. ജില്ലാ ആശുപത്രി, കണ്ണൂർ
6. ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട്
7. ജില്ലാ ആശുപത്രി, പൈനാവ്, ഇടുക്കി
8. താലൂക്കാശുപത്രി, നെയ്യാറ്റിൻകര
9. താലൂക്കാശുപത്രി, പുനലൂർ.

(സി) എയ്ഡ്സ് ബാധിതർക്ക് എ.ആർ.ടി. കേന്ദ്രങ്ങൾവഴി ലഭ്യമാകുന്ന ചികിത്സ തികച്ചും സൗജന്യമാണ്. മറ്റ് സാമ്പത്തിക സഹായങ്ങൾ നൽകുന്നില്ല.

ചികിത്സാ ധനസഹായം ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി

14 (593) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാവപ്പെട്ടവരുടെ ചികിത്സക്കായി നൽകിയ ചികിത്സാ ധനസഹായ അപേക്ഷകളിൽ അർഹരായവർക്ക് ധനസഹായം ലഭിക്കുന്നതിനുള്ള കാല താമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചികിത്സാ ധനസഹായത്തിനുള്ള എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ട് ; ഏത് ദിവസം വരെയുള്ള അപേക്ഷകൾക്ക് ധനസഹായം നൽകിയെന്നും ഏത് ദിവസം വരെയുള്ള അപേക്ഷകൾക്ക് ധനസഹായം പ്രഖ്യാപിച്ചുവെന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പാവപ്പെട്ടവർക്കുള്ള ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകളിൻമേൽ ത്വരിതഗതിയിൽ തീർപ്പ് കൽപ്പിച്ച് അർഹരായവർക്ക് ധനസഹായം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദ പുവർ മുഖേന 10/2010 മുതൽ 15-12-2010 വരെ ലഭിച്ച 590 അപേക്ഷകൾ ഇനി തീർപ്പാക്കാനുണ്ട്. 2010 ഏപ്രിൽ മാസം വരെ അപേക്ഷ സമർപ്പിച്ചവർക്ക് ധനസഹായം നൽകിക്കഴിഞ്ഞു. 2010 മെയ് മാസംമുതൽ സെപ്റ്റംബർ മാസം വരെയുള്ളവർക്ക് ധനസഹായം അനുവദിക്കുവാൻ തീരുമാനിച്ചു കഴിഞ്ഞു. ശേഷിക്കുന്ന അപേക്ഷകളും താമസിയാതെ പരിഗണിക്കുന്നതാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ആംബുലൻസുകൾ

15 (594) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഇപ്പോൾ എത്ര ആംബുലൻസുകൾ ഉണ്ട് എന്ന് അറിയിക്കാമോ ;

(ബി) ഇവയിൽ ഇപ്പോൾ പ്രവർത്തനരഹിതമായ എത്ര എണ്ണമുണ്ടെന്നും അറിയിക്കാമോ ;

(സി) മുഴുവൻ ആംബുലൻസുകളുടേയും സേവനം രോഗികൾക്കും മൃതദേഹങ്ങൾ കൊണ്ടുപോകുന്നതിനും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മേഡിക്കൽ കോളേജ് ആശുപത്രിയിൽ നിലവിലുള്ള ആംബുലൻസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു :

മെഡിക്കൽ കോളേജ് ആശുപത്രി	-	4 എണ്ണം
എസ്.എ.റ്റി. ആശുപത്രി	-	1 എണ്ണം
കണ്ണാശുപത്രി	-	1 എണ്ണം

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഒരു ആംബുലൻസ് പ്രവർത്തന രഹിതമാണ്.

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എല്ലാ ആംബുലൻസിന്റെയും സേവനം രോഗികൾക്കും മൃതശരീരങ്ങൾ കൊണ്ടുപോകുന്നതിനും ലഭ്യമാണ്.

373/14

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

108 നമ്പർ ആംബുലൻസ്

16 (595) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൽ "108" നമ്പറായിട്ടുള്ള ആംബുലൻസുകൾ എത്ര എണ്ണം വാങ്ങിയിട്ടുണ്ട് ; ഇവ വാങ്ങുന്നതിന് നടപടിക്രമങ്ങൾ പാലിച്ചിരുന്നോ ;

(ബി) പ്രസ്തുത ആംബുലൻസുകൾ വാങ്ങുന്നതിന് ഓരോന്നിനും എന്ത് തുക ചെലവായി ; ആകെ ചെലവ് എത്ര ; ഇതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്ത് തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) അന്യ സംസ്ഥാനങ്ങളിൽ, പ്രസ്തുത ആംബുലൻസുകൾ വളരെ താഴ്ന്ന നിരക്കിലാണ് വാങ്ങിയിട്ടുള്ളതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കൂടിയ വിലയ്ക്ക് ആംബുലൻസുകൾ വാങ്ങുന്ന കാര്യത്തിൽ മുൻ വകുപ്പ് സെക്രട്ടറി ഫയലിൽ വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നോ ; എങ്കിൽ അത് പരിഗണിച്ചിട്ടുണ്ടായിരുന്നോ ; അവഗണിച്ചാണ് തീരുമാനമെടുത്തതെങ്കിൽ അതിന് രേഖപ്പെടുത്തിയ കാരണം വ്യക്തമക്കുമോ ; പ്രസ്തുത രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) ഇതേവരെ വാങ്ങിയ ആംബുലൻസുകളിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട് ; അവയുടെ വിതരണം സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുമോ ; ഇപ്പോഴും പ്രവർത്തനക്ഷമമാക്കാത്ത എത്രയെണ്ണമാണെന്ന് വെളിപ്പെടുത്തുമോ ;

ഉത്തരം

(എ) കേരള എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്ടിനുവേണ്ടി 50 അഡ്വാൻസ്ഡ് ലൈഫ് സേവിംഗ് ആംബുലൻസുകൾ വാങ്ങിയിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിച്ചാണ് ഇവ വാങ്ങിയിട്ടുള്ളത്.

(ബി) പ്രസ്തുത ആംബുലൻസുകൾ വാങ്ങുന്നതിന് ഓരോന്നിനും വാഹനവില ഉൾപ്പെടെ 31.9 ലക്ഷം രൂപാവീതം ചെലവായിട്ടുണ്ട്. ആകെ. 16.94 കോടി രൂപാ ചെലവായിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്ന് 2008-09-ൽ 1147 ലക്ഷം രൂപയും 2009-10-ൽ 1094 ലക്ഷം രൂപയും 2010-11-ൽ 700 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കേരള എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്ടിനുവേണ്ടി അഡ്വാൻസ്ഡ് ലൈഫ് സേവിംഗ് ആംബുലൻസാണ് (ALS Ambulance) വാങ്ങിയത്. ഇത് അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന ഉപകരണങ്ങൾ ഘടിപ്പിച്ചതും ഫാബ്രിക്കേഷൻ ചെയ്തതുമാണ്.

(ഡി) സർക്കാർ ഫയലിൽ വിയോജന കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല.

(ഇ) വാങ്ങിയ ആംബുലൻസുകളിൽ 25 എണ്ണം തിരുവനന്തപുരം ജില്ല യിലെ വിവിധ ഭാഗങ്ങളിൽ പ്രവർത്തനക്ഷമമാണ്. ഇവയുടെ വിതരണം സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു. †

ബാക്കിയുള്ള 25 ആംബുലൻസുകൾ ജില്ലാ ആശുപത്രികൾ, പ്രധാനപ്പെട്ട താലൂക്ക് ആശുപത്രികൾ എന്നിവയുമായി ബന്ധപ്പെടുത്തി ഹൈവേകളിൽ ,വിന്യസിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ആദിവാസി മേഖലയിലെ സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ്

17 (596) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ ആദിവാസി മേഖലയിൽ ആദിവാസിവി ഭാഗങ്ങൾക്ക് പെട്ടെന്ന് ചികിത്സാ സൗകര്യങ്ങൾ ഉറപ്പാക്കുവാനായി ഒരു സഞ്ച രിക്കുന്ന മെഡിക്കൽ യൂണിറ്റ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

(ബി) ഇതുമായി ബന്ധപ്പെട്ട് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ-സി) ദേശീയ ആരോഗ്യ ഗ്രാമീണ പദ്ധതിയിൽപ്പെടുത്തി ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ഒരു സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് തുടങ്ങുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഒരു ഫോർവീൽ ഡ്രൈവിംഗ് ജീപ്പ് ലഭ്യമാകുന്ന മുറയ്ക്ക് മെഡിക്കൽ യൂണിറ്റ് പ്രവർത്തനമാരംഭിക്കുന്നതാണ്.

തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

18 (598) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യ ത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പ് തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിയി ട്ടുണ്ട് എന്നും ആയതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നും അറിയിക്കുമോ ?

---

† അനുബന്ധം

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇ.കെ.നായനാർ ഗവൺമെന്റ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി മങ്ങാട്ടു പറമ്പിലേക്ക് 57 തസ്തികകൾ കണ്ണൂർ ജില്ലയിലെ മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഷിഫ്റ്റ് ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും പിന്നീട് 59 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. ടി ആശുപത്രിക്കുവേണ്ടി സുനാമി റീഹാബിലിറ്റേഷൻ പദ്ധതിവഴി 3 കോടി രൂപ ചെലവഴിച്ച് പുതിയ ബ്ലോക്ക് നിർമ്മിച്ചു. ഈ ആശുപത്രിയിലേക്കാവശ്യമായ ഉപകരണങ്ങൾക്കും ഫർണിച്ചറുകൾക്കുമായി ഒരു കോടി രൂപ അനുവദിക്കുകയും ചെയ്തു. എൻ.ആർ.എച്ച്.എം. മുഖേന 13,61,344 രൂപ അടിസ്ഥാന സൗകര്യവികസന ങ്ങൾക്കായും ചെലവഴിച്ചിട്ടുണ്ട്. തളിപ്പറമ്പ് താലൂക്കാശുപത്രിക്കുവേണ്ടി എം.ജി.പി. ഫണ്ട് പ്രകാരം 30,70,791 രൂപയുടെ ആശുപത്രി ഉപകരണങ്ങൾ വാങ്ങി ലഭ്യമാക്കുകയുകയും കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായി ഒ.പി. ബ്ലോക്ക്, ഓപ്പറേഷൻ തിയേറ്റർ എന്നിവയുടെ നിർമ്മാണത്തിനായി 2314786 രൂപ ചെലവാക്കി ഭാഗികമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

എൻ.ആർ.എച്ച്.എം. ഫണ്ടിൽനിന്നും 2 കോടി രൂപ ചെലവാക്കി ഈ ആശുപത്രിയുടെ 8 ക്വർട്ടേഴ്സുകളടക്കമുള്ള നിർമ്മാണത്തിനായി അനുവദിച്ചിട്ടുണ്ട്.

മലപ്പട്ടം പി.എച്ച്.സി.യുടെ വികസനത്തിനായി എൻ.ആർ.എച്ച്.എം. ഫണ്ടിൽനിന്നും 2,56,000 രൂപയും മെഡിസിനും ഫർണിച്ചറും വാങ്ങുന്നതിനായി മലപ്പട്ടം ഗ്രാമപഞ്ചായത്ത് പ്ലാൻ ഫണ്ടിൽനിന്നും 80,000 രൂപയും അനുവദിച്ചിട്ടുണ്ട്. പരിയാരം പ്രാഥമികാരോഗ്യകേന്ദ്രത്തിന് മെഡിസിനും വികസനപ്രവർത്തനങ്ങൾക്കുമായി ഡി.എച്ച്.എസ്.ൽ നിന്നും 2,10,555 രൂപയും എൻ.ആർ.എച്ച്.എം.വഴി 8,81,623 രൂപയും അനുവദിച്ചിട്ടുണ്ട്. കൊളച്ചേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് എൻ.ആർ.എച്ച്.എം. ഫണ്ടിൽനിന്നും ഗ്രാമ പഞ്ചായത്ത് വിഹിതമായും വികസന പ്രവർത്തനത്തിനായി യഥാക്രമം 8,81,623 രൂപ, 36,785 രൂപ എന്നിവ അനുവദിച്ചിട്ടുണ്ട്. ഒടുവള്ളിത്തട്ട് സാമൂഹികാരോഗ്യ കേന്ദ്രത്തിന് അടിസ്ഥാന സൗകര്യ വികസനത്തിനായി തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് വികസന ഫണ്ട്പ്രകാരം 26,15,000 രൂപയും എൻ.ആർ.എച്ച്.എം. വഴി 1,76,351 രൂപയും അനുവദിച്ചിട്ടുണ്ട്.

മരുന്നുകളുടെ ലഭ്യത

19 (599) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗവൺമെന്റ് ആശുപത്രികളിൽ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സർക്കാർ ആശുപത്രികളിൽ ഗുണമേന്മയുള്ള മരുന്നുകളും ചികിത്സാ സാമഗ്രികളും മിതമായ വിലയ്ക്ക് വാങ്ങി സംഭരിച്ച് ആവശ്യാനുസരണം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന വിതരണം ചെയ്തു വരുന്നു. വിദഗ്ദ്ധസമിതിയുടെ ശുപാർശ അനുസരിച്ചാണ് മരുന്നുകൾ സർക്കാർ ആശുപത്രികളിലേക്ക് വിതരണത്തിനായി കോർപ്പറേഷൻ സംഭരിക്കുന്നത്.

ആശുപത്രികൾ നൽകുന്ന വാർഷിക ഇൻഡന്റ് പ്രകാരം ആവശ്യമുള്ള മരുന്നുകൾ സംഭരിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം മെഡിക്കൽ കോളേജുകൾക്ക് മാസത്തിൽ മൂന്നുപ്രാവശ്യവും, ജനറൽ/ജില്ലാ ആശുപത്രികൾക്ക് മാസത്തിൽ രണ്ടുപ്രാവശ്യവും താലൂക്ക് ആശുപത്രികൾ, ബി.പി.എച്ച്.സി., സി.എച്ച്.സി., പി.എച്ച്.സി. എന്നിവയ്ക്ക് മാസത്തിൽ ഒരു പ്രാവശ്യവും മിനി പി.എച്ച്.സി.കൾക്ക് മൂന്നു മാസത്തിലൊരിക്കലുമെന്ന ക്രമത്തിൽ വിതരണം ചെയ്യുന്നു.

അധികമരുന്നു അത്യാവശ്യമായി വന്നാൽ കൂടുതൽ പ്രാവശ്യം മരുന്നു നൽകാറുണ്ട്. ഏതെങ്കിലും ജില്ലയിൽ മരുന്നിന്റെ കുറവ് അനുഭവപ്പെട്ടാൽ അവ ഇന്റർവെയർ ഹൗസ് ട്രാൻസ്ഫർമുഖേന ലഭ്യമാക്കാറുണ്ട്.

എല്ലാ ജില്ലകളിലെയും സർക്കാർ ആശുപത്രികളിലും ആവശ്യാനുസരണം ഇപ്പോൾ മരുന്നുകൾ ലഭ്യമാണ്.

പമ്പാനദിയുടെ മലിനീകരണം

20 (600) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാനദിയും പമ്പയുടെ കൈവഴിയായ ഞുണങ്ങാറും മലിനീകരിക്കപ്പെട്ടതായി മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ അന്വേഷണങ്ങളിൽ കണ്ടെത്തുകയുണ്ടായോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(സി) ഇത് സർക്കാരിന്റെയും ദേവസ്വം ബോർഡിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) മലിനീകരണം തടയുവാൻ ഏതെല്ലാം മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുവെന്നും ഇതിൽ ഏതെല്ലാം നടപ്പിലാക്കിയെന്നും അറിയിക്കുമോ ;

(ഇ) ദേവസ്വം ബോർഡ് സ്വീകരിക്കുന്ന താത്കാലിക മാർഗ്ഗങ്ങൾ മലിനീകരണം തടയുവാൻ പര്യാപ്തമാണോ എന്ന് വ്യക്തമാക്കുമോ ;

(എഫ്) ലക്ഷക്കണക്കിന് ഭക്തജനങ്ങൾ ഉപയോഗിക്കുന്ന പമ്പാനദിയുടെയും അനുബന്ധ നദികളുടെയും മലിനീകരണം തടയുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) പമ്പാനദിയും പമ്പാനദിയുടെ കൈവഴിയായ ഞുണങ്ങാറും മലിനപ്പെടാനുള്ള പ്രധാന കാരണം സന്നിധാനത്ത് സ്വീവേജ് സംസ്ക്കരിക്കാനുള്ള മതിയായ സംവിധാനം ഇല്ലാത്തതുമൂലവും പമ്പയിലെ സ്വീവേജ ട്രീറ്റ്മെന്റ് പ്ലാന്റിന് മതിയായ ശേഷി ഇല്ലാത്തതുമൂലവും മാലിന്യങ്ങൾ എത്തിചേരുന്നതാണ്. അതിനാൽ മനുഷ്യ വിസർജ്ജ്യങ്ങളിൽനിന്നുള്ള കോളിഫാം ബാക്ടീരിയയുടെ അളവ് വളരെ കൂടുതലാണ്. പമ്പയിൽ സ്നാന ഘട്ടത്തിൽ കഴിഞ്ഞ രണ്ടു സീസണിൽ 5000 മുതർ 10000 വരെ കോളിഫോം ബാക്റ്റീരിയയുടെ അളവ് നിരീക്ഷിക്കുകയുണ്ടായി. കൂടാതെ സന്നിധാനത്തു പ്രവർത്തിക്കുന്ന അപ്പം, അരവണ പ്ലാന്റ് ദേവസ്വം ബോർഡിന്റെ വിവിധ ഭക്ഷണ ശാലകൾ, അന്നദാന പുരകൾ എന്നിവിടങ്ങളിൽനിന്നും ഒഴുകിയെത്തുന്ന മാലിന്യങ്ങൾമൂലം ഞുണങ്ങാറിൽ ഓർഗാനിക് മാലിന്യങ്ങളുടെ അളവും കൂടുതലാണ്.

(സി) ഉണ്ട്

(ഡി) സ്വീവേജ് മലിനീകരണം തടയുന്നതിനായി പമ്പയിലും സന്നിധാനത്തും പര്യാപ്തമായ സ്വീവേജ് ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കണമെന്ന് ബോർഡ്, ദേവസ്വം ബോർഡിന് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് പമ്പയിൽ 3.5 mld ശേഷിയുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഏർപ്പെടുത്തി. ഇതിന്റെ ശേഷി അപര്യാപ്തമെന്ന് കണ്ട് ഈ പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിച്ച് 5 Mld ആക്കണമെന്നും ദേവസ്വം ബോർഡിനോട് ആവശ്യപ്പെട്ടു. ഇതിന്റെ ഫലമായി ഈ പദ്ധതികൾക്കായുള്ള ദർഘാസ് നടപടികൾ കേരള വാട്ടർ അതോറിറ്റി മുഖാന്തിരം എടുത്തുവരുന്നു.

ഖരമാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി പമ്പയിലും സന്നിധാനത്തും ഇൻസിനറേറ്റർ സ്ഥാപിക്കുവാൻ നിർദ്ദേശം നൽകി. തൽഫലമായി പമ്പയിലും സന്നിധാനത്തും 300 kg.hr. കപ്പാസിറ്റിയുള്ള ഓരോ ഇൻസിനറേറ്റർ വീതം പ്രവർത്തിച്ചുവരുന്നു. കൂടാതെ ഈ വർഷം 100 kg.hr. കപ്പാസിറ്റിയുള്ള 2 ഇൻസിനറേറ്റർ വീതം പമ്പയിലും സന്നിധാനത്തും ഏർപ്പെടുത്തിയിട്ടുണ്ട്. ഭസ്മക്കുളത്തിലെ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഫിൽറ്ററേഷൻ സംവിധാനം ദേവസ്വം ബോർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) ദേവസ്വം ബോർഡിൽനിന്നും ഇക്കാര്യത്തിൽ വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം ജില്ലാ ആശുപത്രിയിലെ ബയോ മെഡിക്കൽ മാലിന്യങ്ങളുടെ നിർമ്മാർജ്ജനം

21 (601) ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോട്ടയം ജില്ലാ ആശുപത്രിയിലെ ബയോ മെഡിക്കൽ മാലിന്യങ്ങൾ നിലവിൽ എങ്ങനെയാണ് നിർമ്മാർജ്ജനം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും സർക്കാരിന്റെയും അംഗീകാരത്തോടെ ഐ.എം.എ.യുടെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിച്ചു വരുന്ന ഇമേജ് എന്ന സ്ഥാപനം മുഖേനയാണ് കോട്ടയം ജില്ലാ ആശുപത്രിയിലെ ബയോ മെഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നത്.

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ കെട്ടിടങ്ങളുടെ നിർമ്മാണം

22 (603) ശ്രീ. ജോർജ്ജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിർമ്മിച്ച കെട്ടിടങ്ങളിൽ ഏതൊക്കെ വാർഡുകളാണ് ആരംഭിച്ചത് ; ഈ കെട്ടിടങ്ങൾ പൂർണ്ണമായും പ്രവർത്തിച്ചു തുടങ്ങിയോ ;

(ബി) പ്രസ്തുത കെട്ടിടങ്ങളിൽ ഇനിയും ഏതൊക്കെ ബ്ലോക്കുകളാണ് ആരംഭിക്കാനുള്ളതെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത ബ്ലോക്കുകൾ പുതിയ മന്ദിരത്തിൽ എന്നുമുതൽ പൂർണ്ണമായും പ്രവർത്തിച്ചു തുടങ്ങും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ റ്റി.ആർ.പി.ഫണ്ട് ഉപയോഗിച്ച് രണ്ട് നിലകളുള്ള ഒരു കെട്ടിടം പൂർത്തീകരിക്കുകയുണ്ടായി. ഈ കെട്ടിടത്തിൽ ജനറൽ വാർഡ്, ഐ.സി.യു. ഡോക്ടേഴ്സ് റൂം എന്നിവയാണ് തുടങ്ങാൻ നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിന്റെ മുകളിൽ ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഒരു നില കൂടി പണിയുന്നുണ്ട്. ഈ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായാൽ മാത്രമേ ഈ കെട്ടിടം പൂർണ്ണമായി പ്രവർത്തിപ്പിക്കുവാൻ കഴിയുകയുള്ളു.

(ബി) മൂന്നാം നിലയിലെ പണികൾ പുരോഗമിക്കുന്നു. മൂന്നാം നിലയിൽ വാർഡുകൾ, നാലാം നിലയിൽ ഷീറ്റ്റൂഫ് ഇട്ടശേഷം കോൺഫറൻസ് ഹാൾ, ഇമ്മ്യൂണൈസേഷൻ റൂം എന്നിവയാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(സി) പ്രസ്തുത ബ്ലോക്കിലെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2011 മാർച്ച് മാസത്തിൽ തുടങ്ങാൻ കഴിയുമെന്ന് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നെടുങ്ങോലം രാമറാവു ആശുപത്രിയുടെ പ്രവർത്തനം പൂർണ്ണസജ്ജമാക്കാൻ നടപടി

23 (605) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം ഗവൺമെന്റ് രാമറാവു ആശുപത്രി താലൂക്ക് ആശുപത്രി പദവിയിലേക്ക് ഉയർത്തിയെങ്കിലും അതനുസരിച്ചുള്ള തസ്തികകൾ അനുവദിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് ആശുപത്രിയുടെ പ്രവർത്തനം പൂർണ്ണസജ്ജമാക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ നിർബന്ധറൂറൽ സർവ്വീസിന്റെ അടിസ്ഥാനത്തിൽ ഒരു ഡോക്ടറുടെ സേവനം അധികമായി ടി ആശുപത്രിയിൽ ലഭ്യമാക്കിയിട്ടുണ്ട്.

മഞ്ചേശ്വരം ഗവൺമെന്റ് ആശുപത്രി താലൂക്ക് ആശുപത്രിയാക്കാൻ നടപടി

24 (606) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം ഗവൺമെന്റ് ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യത്തിൽ ശുപാർശകളൊന്നും ലഭിച്ചിട്ടില്ല. ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

കോട്ടയം ജില്ലാ ആശുപത്രിയിലെ ചികിത്സാസൗകര്യം

25 (608) ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോട്ടയം, ജില്ലാ ആശുപത്രിയിൽ ക്യാൻസർ, എയ്ഡ്സ് എന്നീ രോഗികൾക്കുള്ള പരിശോധന, കൗൺസിലിംഗ് സൗകര്യം, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്റർ എന്നിവ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കോട്ടയം ജില്ലാ ആശുപത്രിയിൽ എയ്ഡ്സ് രോഗികൾക്കുള്ള പരിശോധന കൗൺസിലിംഗ് സൗകര്യം (എയ്ഡ്സ് സെൽ) ഉണ്ട്. ക്യാൻസർ രോഗികൾക്കുള്ള പരിശോധന, കൗൺസിലിംഗ് സൗകര്യം നിലവിലില്ല. പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ജ്യോതിസിന്റെ ഒരു സെന്റർ പ്രവർത്തിക്കുന്നു. അവിടെയാണ് കൗൺസിലിംഗ് നടത്തിവരുന്നത്. എയ്ഡ്സ് ടെസ്റ്റ് നടത്താനുള്ള സൗകര്യം നിലവിലുണ്ട്.

കോട്ടയം ജില്ലാ ആശുപത്രിയിൽ നിലവിലുള്ള ഡോക്ടരമാരുടെ പാറ്റേൺ

26 (609) ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോട്ടയം ജില്ലാ ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാരുടെ (സ്പെഷ്യാലിറ്റി കേഡർ) പാറ്റേൺ വിശദീകരിക്കുമോ ;

ഉത്തരം

സ്പെഷ്യാലിറ്റി/അഡ്മിനിസ്ട്രേറ്റീവ് കേഡറുകൾ നടപ്പിലാക്കിയതിന്റെ ഭാഗമായി കോട്ടയം ജില്ലാ ആശുപത്രിയിൽ 31 സ്പെഷ്യാലിറ്റി കേഡർ തസ്തികകളും ഒരു അഡ്മിനിസ്ട്രേറ്റീവ് കേഡർ തസ്തികയും 4 ജനറൽ കേഡർ (കാഷ്വാലിറ്റി) തസ്തികകളും ഉൾപ്പെടെ ആകെ 36 തസ്തികകൾ നിലവിലുണ്ട്. സ്പെഷ്യാലിറ്റി കേഡർ പാറ്റേൺ അനുബന്ധമായി ചേർത്തിരിക്കുന്നു. *

ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ നിയമനം

27 (610) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകളാണ് നിലവിലുള്ളത് ;

(ബി) പ്രസ്തുത ആശുപത്രിയിൽ എത്ര ഡോക്ടർമാർ ജോലി ചെയ്തുവരുന്നു ;

(സി) ഇവിടെ ഏതെല്ലാം ഡോക്ടർ തസ്തികകളാണൊഴിഞ്ഞു കിടക്കുന്നത് ;

(ഡി) പ്രസ്തുത തസ്തികകൾ എത്ര ദിവസത്തിനകം നികത്തും എന്ന് വ്യക്തമാക്കുമോ ;

(ഇ) ഹരിപ്പാട് താലൂക്ക് ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റിൽ എത്ര ഡോക്ടർമാരുടെ ഒഴിവാണുള്ളത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്) പ്രസ്തുത ട്രോമാകെയർ യൂണിറ്റിൽ എത്ര ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട് ;

(ജി) ട്രോമാകെയറിൽ ഒഴിവുകളുണ്ടെങ്കിൽ അത് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ എത്ര ദിവസത്തിനകം നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിൽ 9 ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ട്.

(ബി) പ്രസ്തുത ആശുപത്രിയിൽ 11 ഡോക്ടർമാർ നിലവിൽ ജോലി ചെയ്യുന്നു.

(സി) താഴെപ്പറയുന്ന തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

തസ്തിക	ഒഴിവ്
ജനറൽ മെഡിസിൻ കൺസൾട്ടന്റ്	1
ജൂനിയർ കൺസൾട്ടന്റ്	1
ജനറൽ സർജറി കൺസൾട്ടന്റ്	1
ജൂനിയർ കൺസൾട്ടന്റ്	1
ഡെർമറ്റോളജി ജൂനിയർ കൺസൾട്ടന്റ്	1
പിഡിയാട്രിക് ജൂനിയർ കൺസൾട്ടന്റ്	1
റെസ്പിറേറ്ററി മെഡിസിൻ ജൂനിയർ കൺസൾട്ടന്റ്	1
കാഷ്വാലിറ്റി മെഡിക്കലാഫീസർ സൂപ്രണ്ട്.	1
ആകെ	9

(ഡി) പ്രസ്തുത തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ-ജി) നാല് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരെയാണ് ട്രോമായെർ യൂണിറ്റിനുവേണ്ടി നിയമിച്ചിട്ടുള്ളത്. ഇതിൽ ഒരു മെഡിക്കൽ ഓഫീസറുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നു. ടി ഒഴിവ് അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കായംകുളം താലൂക്കാശുപത്രിയിലെ ജീവനക്കാരുടെ ഒഴിവുകൾ

28 (611) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം താലൂക്കാശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ;

(ബി) അവിടെ സർജന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ സർജന്റെ ഒഴിവ് എപ്പോഴത്തേക്ക് നികത്തുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ ;

(സി) അവിടെയുള്ള പാരാ മെഡിക്കൽ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഒഴിവുകൾ എപ്പോൾ നികത്തുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആവശ്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) പി.എസ്.സി. വഴി നേരിട്ട് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിലെ സേവനത്തിന്റെ അപര്യാപ്തത

29 (612) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുകയും ഇവിടെ സ്പെഷ്യാലിറ്റി കേഡർ അനുവദിക്കുകയും രണ്ട് ഗൈനക്കോളജിസ്റ്റുമാരുടെ സേവനം ആശുപത്രിക്ക് ലഭ്യമാക്കുകയും ചെയ്ത ശേഷവും പ്രസവ സംബന്ധമായ ചികിത്സകളും ഓപ്പറേഷനും നേരത്തെ ഉണ്ടായിരുന്നപോലെ കാര്യക്ഷമമായി നടക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

താലൂക്ക് ആശുപത്രിയായി ഉയർത്തിയ തൃക്കരിപ്പൂർ ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റുകളെ പോസ്റ്റ് ചെയ്യുകയും ലാപ്രോസ്ക്കോപിക്ക് ക്യാമ്പ്, ആന്റിനേറ്റൽ ചെക്കപ്പ് മുതലായവ നടന്നുവരികയും ചെയ്യുന്നുണ്ട്. ഗൈനക്കോളജി വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വടക്കാഞ്ചേരി താലൂക്ക് ആശുപത്രിയുടെ ഒ.പി.ബ്ലോക്ക് കെട്ടിടത്തിന്റെ നിർമ്മാണം

30 (613) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. ജി. പി. പദ്ധതി പ്രകാരം ആരംഭിച്ച വടക്കാഞ്ചേരി താലൂക്ക് ആശുപത്രിയുടെ ഒ.പി. ബ്ലോക്ക് കെട്ടിടം പണി മാർച്ച് 31-ശേഷം എം.ജി.പി. ഫണ്ടിൽ നിന്നും പണം ലഭ്യമാകാതെ പ്രവർത്തനം മുടങ്ങി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ ;

(സി) നിലവിൽ പണി പൂർത്തീകരിക്കാൻ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ ;

(ഡി) എങ്കിൽ എന്താണ് എന്ന് വിശദമാക്കുമോ ;

(ഇ) തടസ്സംനീക്കി പണി എന്ന് പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി പ്രവർത്തിക്കായുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറായിട്ടുണ്ട്. എം.ജി.പി. ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഇതുവരെ ചെയ്ത പണിയുടെ തുകയായ 6,88,888- (ആറു ലക്ഷത്തി എൺപത്തി എണ്ണായിരത്തി എണ്ണൂറ്റി എൺപത്തി എട്ട് രൂപ) ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ടിൽ ഉൾപ്പെടുത്തി കരാറുകാരന് നൽകുന്നതിന് അലോട്ട്മെന്റ് ലഭ്യമാക്കിയിട്ടുണ്ട്.

(സി-ഇ) എം.ജി.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഒ.പി. ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം നടന്നത്. എന്നാൽ എം.ജി.പി. പദ്ധതി ഇപ്പോൾ നിലവിലില്ലാത്തതിനാൽ ഫണ്ട് ലഭ്യമല്ല. ആവശ്യമായ ഫണ്ട് ലഭ്യമാക്കി പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കുന്നംകുളം താലൂക്ക് ആശുപത്രി ഒ.പി. ബ്ലോക്ക് നിർമ്മാണം ആരംഭിക്കുന്നതിന് നടപടി

31 (614) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളം താലൂക്ക് ആശുപത്രിയിൽ എൻ.ആർ.എച്ച്.എം. ഫണ്ട് വിനിയോഗിച്ച് ഒ.പി. ബ്ലോക്ക് പണിയുന്നതിന്റെ നടപടികളിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

കുന്നംകുളം താലൂക്കാശുപത്രിയിൽ സർജറി അനസ്തേഷ്യ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ നടപടി

32 (615) ശ്രീ. ബാബു എം. പാലിശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളം താലൂക്ക് ആശുപത്രിയിലെ സ്പെഷ്യാലിറ്റി കേഡർ പ്രകാരമുള്ള രണ്ട് സർജന്മാരുടേയും ഒരു അനസ്തേഷ്യസ്റ്റിന്റെയും തസ്തിക ഒഴിഞ്ഞുകിടക്കുന്നതുകൊണ്ട് അടിയന്തരഘട്ടങ്ങളിൽപോലും സർജറി നടത്താൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ തസ്തികകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സ്വീകരിക്കുമെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുന്നംകുളം താലൂക്കാശുപത്രിയിൽ സർജന്റെയും അനസ്തേഷ്യാസ്റ്റിന്റെയും തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്. ജനറൽ സർജന്റെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണെങ്കിലും മറ്റു സ്പെഷ്യാലിറ്റി വിഭാഗങ്ങളിലെ അടിയന്തരകേസുകൾ അതാതു സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ കൈകാര്യം ചെയ്യുന്നുണ്ട്. അനസ്തേഷ്യസ്റ്റിനെ താൽക്കാലികമായി ലഭ്യമാക്കി പ്രസവസംബന്ധമായ ശുശ്രൂഷകളും നടത്തുന്നുണ്ട്.

(ബി& സി) സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ കുറവുമൂലം ടി ആശുപത്രിയിൽ അനുവദിച്ചിരുന്ന സർജന്റെയും അനസ്തേഷ്യസ്റ്റിന്റെയും ഒഴിവുകൾ നികത്താൻ കഴിഞ്ഞിട്ടില്ല. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ കേഡർ തിരിച്ച് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ലഭ്യത അനുസരിച്ച് ടി ഒഴിവുകൾ നികത്തുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തുറവൂർ സി.എച്ച്.സി. താലൂക്ക് ആശുപത്രിയിലെ പുതിയ തസ്തികകളിലെ നിയമനം

33 (616) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ സി.എച്ച്.സി. താലൂക്ക് ആശുപത്രി നിലവാരത്തിലേക്ക് ഉയർത്തിയതെന്നാണെന്നും കൂടുതലായി തസ്തികകൾ അനുവദിച്ചതെന്നാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പുതുതായി അനുവദിച്ച തസ്തികകളിലേയ്ക്ക് നിയമനം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ തസ്തികകളിലാണ് എന്ന വിവരം ലഭ്യമാക്കുമോ ;

(സി) പുതിയ തസ്തികകളുൾപ്പെടെ ഇപ്പോൾ അവിടെ എത്ര തസ്തികകളുണ്ടെന്നും ആയതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്തെന്നും വ്യക്തമാക്കുമോ ;

(ഡി) പുതുതായി അനുവദിച്ച തസ്തികകളിൽ അടിയന്തര നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 20-8-10-ലെ ജി.ഒ. (എം.എസ്) 557/10/ആ.കു.വ. നമ്പർ ഉത്തരവു പ്രകാരം തുറവൂർ സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തുകയും 30-10-10-ലെ ജി.ഒ. (എം.എസ്) 655/10/ആ.കു.വ ഉത്തരവുപ്രകാരം കൂടുതൽ തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പുതുതായി അനുവദിച്ച തസ്തികകളിൽ നാല് സ്റ്റാഫ് നഴ്സുമാരെയും ഒരു ഗൈനക്കോളജിസ്റ്റിനെയും നിയമിച്ചിട്ടുണ്ട്. ബാക്കിയുള്ള തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ നടന്നുവരുന്നു.

(സി) പുതിയ തസ്തികകൾ ഉൾപ്പെടെ വിവിധ വിഭാഗങ്ങളിലായി 49 തസ്തികകൾ നിലവിലുണ്ട്. അതിൽ ജൂനിയർ കൺസൾട്ടന്റ്-2, ഹെഡ് നഴ്സ്-1, നഴ്സിംഗ് അസിസ്റ്റന്റ് - 1, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2-2, എന്നീ 6 തസ്തികകളിൽ ഒഴിവുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചു വരുന്നു.

അന്തിക്കാട് സി.എച്ച്.സി.യിലെ തസ്തികകൾ

34 (617) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട അന്തിക്കാട് സി.എച്ച്.സി.- യിലെ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുവദിക്കപ്പെട്ട ഡോക്ടർമാരുടെ തസ്തികയും നിലവിൽ ജോലി ചെയ്യുന്ന ഡോക്ടർമാരുടെ എണ്ണവും സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(സി) നിലവിൽ ഏതെല്ലാം തസ്തികകളാണ് ഇവിടെ ഒഴിഞ്ഞുകിടക്കുന്നത് എന്ന് അറിയിക്കുമോ ;

(ഡി) ഒഴിവുള്ള തസ്തികകൾ ഉടനടി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) ഇവിടെ പ്രവർത്തിക്കുന്ന ലാബ് തുറന്നു പ്രവർത്തിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ)	സിവിൽ സർജൻ	1
	അസിസ്റ്റന്റ് സർജൻ	2
	ഹെഡ് നഴ്സ്	1
	സ്റ്റാഫ് നഴ്സ്	4
	ഫാർമസിസ്റ്റ്	1
	ക്ലാർക്ക്	1
	നഴ്സിംഗ് അസിസ്റ്റന്റ്	3
	ഹോസ്പിറ്റൽ അറ്റൻഡന്റർ ഗ്രേഡ്1	1
	ഹോസ്പിറ്റൽ അറ്റൻഡന്റർ ഗ്രേഡ്2	2
	പി.ടി.സി.	1
	ലെപ്രസി ഇൻസ്പെക്ടർ	1
(ബി)	സിവിൽ സർജൻ	1 (ഒഴിഞ്ഞു കിടക്കുന്നു.)
	അസിസ്റ്റന്റ് സർജൻ	2 (നിലവിൽ ഉണ്ട്)

(സി) നിലവിൽ ഒരു സിവിൽ സർജൻ തസ്തിക മാത്രമേ ഒഴിഞ്ഞു കിടക്കുന്നുള്ളൂ.

(ഡി) സിവിൽ സർജൻ തസ്തികയിലെ ഒഴിവ് യോഗ്യരായ അസിസ്റ്റന്റ് സർജൻമാരുടെ ഡി.പി.സി ലിസ്റ്റ് അംഗീകരിച്ചാലുടൻതന്നെ നികത്തുന്നതാണ്.

(ഇ) സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആറാട്ടുപുഴ പ്രൈമറി ഹെൽത്ത് സെന്ററിന്റെ കെട്ടിടം പണി

35 (618) ശ്രീ. ബി. ബാബുപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറാട്ടുപുഴ പ്രൈമറി ഹെൽത്ത് സെന്ററിന്റെ സുനാമി പുനരധിവാസ പദ്ധതിപ്രകാരമുള്ള കെട്ടിടം പണിയുടെ പുരോഗതി വിശദീകരിക്കാമോ ;

(ബി) ഏതു വകുപ്പിൽ നിന്നാണ് പ്രസ്തുത കെട്ടിടത്തിന് സുനാമി പുനരധിവാസ പദ്ധതിപ്രകാരം ഫണ്ട് അനുവദിക്കാമെന്ന് വാഗ്ദാനം ചെയ്തിരുന്നത് ;

(സി) പ്രസ്തുത കെട്ടിടത്തിന് എത്ര ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട് ;

(ഡി) അവശേഷിക്കുന്ന നിർമ്മാണത്തെക്കുറിച്ച് എന്ത് തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദീകരിക്കാമോ ;

(ഇ) എന്നത്തേയ്ക്ക് പ്രസ്തുത കെട്ടിടം പൂർത്തീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആറാട്ടുപുഴ പ്രൈമറി ഹെൽത്ത് സെന്ററിന്റെ സുനാമി പുനരധിവാസ പദ്ധതിപ്രകാരമുള്ള കെട്ടിടത്തിന്റെ 32% പണി പൂർത്തിയായി കഴിഞ്ഞു. തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

(ബി) ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ GO(Ms) No.438/2007/H&FWD dated, 25-10-2007 എന്ന സർക്കാർ ഉത്തരവ് പ്രകാരം 35 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) അടങ്കൽ തുകയായ 35 ലക്ഷം രൂപ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കൈമാറിയിട്ടുണ്ട്. ഇതിൽനിന്നും അഡ്വാൻസ് തുകയായ 8.75 ലക്ഷം രൂപയടക്കം ആകെ 12,58,574 രൂപ കോൺട്രാക്ട് കൊടുത്തിട്ടുണ്ട്.

(ഡി&ഇ) 2011 ജനുവരി 31-നകം പണി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ചിറക്കര പഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ

36 (619) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ചിറക്കര പഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതുതായി രൂപീകരിച്ച പ്രസ്തുത പഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ അരംഭിക്കാത്തതുനിമിത്തം ജനങ്ങൾ വളരെ അധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ചിറക്കര ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ട പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ അവ ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്.

(ബി) ചിറക്കര ഗ്രാമപഞ്ചായത്തിൽ പ്രാഥമികാരോഗ്യകേന്ദ്രം ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ട്. പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

അരൂർ വള്ളിത്തോട് പി.എച്ച്.സി.കളിൽ ഐ.പി.വിഭാഗം അനുവദിക്കൽ

37 (621) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ നിയോജക മണ്ഡലത്തിലെ അരൂർ, വള്ളിത്തോട് പി.എച്ച്.സി-കളിൽ 'ഐ.പി' (24 X 7) അനുവദിച്ചുകൊണ്ട് ഉത്തരവിറങ്ങിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) അത് പ്രകാരം 'ഐ.പി' ആരംഭിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് വരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 6-11-2008-ലെ ജി.ഒ.(എംഎസ്.) 568/08/ആ.കു.വ.നമ്പർ ഉത്തരവ് പ്രകാരം അരൂർ നിയോജകമണ്ഡത്തിലെ അരൂർ പി.എച്ച്.സി. (24X7) പി.എച്ച്.സി. ആയി ഉയർത്തിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. †

(ബി) 6-11-08-ലെ ജി.ഒ.(എംഎസ്.) 568/08/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം പദവി ഉയർത്തിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം എൻ.ആർ.എച്ച്.എം. മുഖാന്തിരവും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴിയുമാണ് നടപ്പിലാക്കേണ്ടത്. അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരികയാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

373/14

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ മെഡിക്കൽ കോളേജിൽ ബൈപാസ് സർജറി നടത്തുന്നതിനുള്ള സൗകര്യം

38 (624) എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിലെ സാധരണക്കാരായ ആളുകൾ സമീപിക്കുന്ന റഫറൽ ആശുപത്രി എന്ന നിലയിൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ ബൈപ്പാസ് സർജറി നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുവാൻ ആലോചിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജിൽ ബൈപ്പാസ് സർജറി സൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാർഡിയോളജി യൂണിറ്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കാർഡിയാക് കാത്ത്‌ലാബും ആൻജിയോപ്ലാസ്റ്റി യൂണിറ്റും കാർഡിയോ വാസ്കുലാർ തൊറാസിക് സർജറി യൂണിറ്റും ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്

39 (625) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിർത്തലാക്കിയതിനുശേഷം ഇന്നുവരെ എത്ര ഡോക്ടർമാർ ജോലി രാജിവെച്ചുപോയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര ഡോക്ടർമാർ പുതുതായി മെഡിക്കൽ കോളേജുകളിൽ ജോലിക്ക് പ്രവേശിച്ചിട്ടുണ്ട് ;

(സി) മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തിയതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; പരാതിയിന്മേൽ ആരുടെയെങ്കിലും പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എത്രപേർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കഞ്ചിക്കോട് കാൻസർ പരിശോധനാ കേന്ദ്രത്തിൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി

40 (626) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഞ്ചിക്കോട് കാൻസർ പരിശോധനാ കേന്ദ്രത്തിൽ എത്ര ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) രണ്ട് മാസമായി പ്രസ്തുത കേന്ദ്രത്തിൽ ഡോക്ടറുടെ സേവനം ലഭ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ കേന്ദ്രത്തിൽ ഡോക്ടറെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കഞ്ചിക്കോട് കാൻസർ പരിശോധനാ കേന്ദ്രത്തിൽ ഒരു മെഡിക്കൽ ആഫീസറെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരുന്നു.

(ബി) ഉണ്ട്.

(സി) ഡോക്ടറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഫിഷറീസ് ആശുപത്രിയിൽ ഡോക്ടറെ നിയമിക്കാൻ നടപടി

41 (627) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര മണ്ഡലത്തിലെ താഴെങ്ങാടിയിൽ സ്ഥിതിചെയ്യുന്ന ഫിഷറീസ് ആശുപത്രിയിൽ ഡോക്ടർ ഇല്ലാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഡോക്ടറെ നിയമിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ആശുപത്രിയിൽ അടിയന്തരമായി ഡോക്ടറെ നിയമിച്ച് കടലോരവാസികൾക്ക് വൈദ്യസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പ്രസ്തുത ആശുപത്രിയിലെ ഒ.പി. വിഭാഗത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് സി.എച്ച്.സി. ഓർക്കാട്ടേരിയിലെ സിവിൽ സർജനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള ഒഴിവ് പി.എസ്.സി. അറിയിച്ചിട്ടുണ്ട്. ടി ഒഴിവ് നികത്തുന്നതിനായി സത്വര നടപടികൾ സ്വീകരിച്ച് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം ജനറൽ ആശുപത്രിയിൽനിന്നുള്ള വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി

42 (628) ശ്രീ. സി. എം. ദിനേശ്മണി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പള്ളുരുത്തി ഗവൺമെന്റ് ആശുപത്രിയിൽ, എറണാകുളം ജനറൽ ആശുപത്രിയിൽ നിന്നുള്ള വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

പള്ളുരുത്തി ഗവൺമെന്റ് ആശുപത്രിയിൽ അനുവദിച്ചിരിക്കുന്ന ഡോക്ടർമാരുടെ മൂന്നു തസ്തികയിൽ രണ്ട് പേർ സേവനം അനുഷ്ഠിക്കുന്നുണ്ട്. രോഗികളുടെ എണ്ണം കൂടുന്ന മുറയ്ക്ക് വിദഗ്ദ്ധ ഡോക്ടരമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഡോക്ടർമാരുടെ ഒഴിവുകൾ

43 (629) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശുപത്രികളിലും പ്രാഥമിക ചികിത്സാരോഗ്യ കേന്ദ്രങ്ങളിലും ഡോക്ടർമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് വിശദീകരിക്കുമോ ;

(ബി) ഈ ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) എൻ.ആർ.എച്ച്.എം. വഴി ഡോക്ടർമാരെ നിയമിക്കുന്നത് നിർത്തി വച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ജനറൽ കേഡർ വിഭാഗത്തിൽ അസിസ്റ്റന്റ് സർജന്റെ 300 തസ്തികകളും സിവിൽ സർജന്റെ 61 തസ്തികകളും ഒഴിഞ്ഞുകിടക്കുന്നു.

(ബി) 31-8-2010-ൽ ഉണ്ടായിരുന്ന 166 ഒഴിവുകളിൽ 150 എണ്ണം പി.എസ്.സി.യെ അറിയിക്കുകയും, ലിസ്റ്റ് ലഭിച്ച പ്രകാരം 99 പേരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് സർജന്മാരെ സിവിൽ സർജനാക്കിയ 99 ഒഴിവുകളും പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്. ബാക്കി റിപ്പോർട്ട് ചെയ്യാനുള്ള 150 ഒഴിവുകളിൽ 25 ഒഴിവുകൾ ബിരുദാനന്തര പഠനത്തിനും/അവധിക്കും ശേഷം ഡോക്ടർമാരെ നിയമിക്കാനായി മാറ്റിവച്ചശേഷം 125 ഒഴിവുകൾ പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ സ്റ്റാഫ് നഴ്സ് പി.എസ്.സി.ലിസ്റ്റ്

44 (631) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ സ്റ്റാഫ് നഴ്സ് നിയമനത്തിന് ഇപ്പോൾ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) എങ്കിൽ ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്നും ഇതുവരെ എത്ര പേരെ നിയമിച്ചുവെന്നും അറിയിക്കുമോ ;

(സി) ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എപ്പോഴാണെന്ന് അറിയിക്കുമോ ;

(ഡി) ലിസ്റ്റിന്റെ കാലാവധി നീട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) നിലവിലുണ്ട്

(ബി) 29-6-2007-ലാണ് പ്രസ്തുത ലിസ്റ്റ് നിലവിൽവന്നത്. ഇതുവരെ 65 പേരെ നിയമിച്ചിട്ടുണ്ട്.

(സി) 31-5-2011-ൽ

(ഡി) ഇതുസംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

നഴ്സിംഗ് പഠനം

45 (632) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നഴ്സിംഗ് പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) നഴ്സിംഗ് പഠന സ്ഥാപനങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത നഴ്സിംഗ് പഠന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) നഴ്സിംഗ് പാസായവർക്കുള്ള തൊഴിൽ സാധ്യത പരിഗണിച്ച് സ്വകാര്യ സഹകരണ മേഖലകളിൽ കൂടുതൽ നഴ്സിംഗ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് നഴ്സിംഗ് പഠനസൗകര്യം വർദ്ധിപ്പിക്കുന്നതിനായി ജനറൽ നഴ്സിംഗ് & മിഡ്വൈഫറി, ബി.എസ്.സി. നഴ്സിംഗ് കോഴ്സുകളുടെ സീറ്റുകൾ വർദ്ധിപ്പിക്കുകയും, പുതിയ നഴ്സിംഗ് സ്കൂളുകളും കോളേജുകളും തുടങ്ങുകയും ചെയ്തു. കൂടാതെ എം.എസ്.സി. നഴ്സിംഗ്, പോസ്റ്റ് ബേസിക് ബി.എസ്.സി.നഴ്സിംഗ് എന്നിവ സ്വകാര്യ മേഖലയിൽ ആരംഭിച്ചു.

ഗവൺമെന്റ് തലത്തിൽ നഴ്സിംഗ് കോളേജുകളിലും സ്കൂളുകളിലും സീറ്റ് വർദ്ധിപ്പിക്കുകയും പുതുതായി ആലപ്പുഴ, തൃശൂർ എന്നിവിടങ്ങളിൽ എം.എസ്.സി.നഴ്സിംഗ് തുടങ്ങുകയും ചെയ്തിട്ടുണ്ട്. പോസ്റ്റ് ബേസിക് ബി. എസ്. സി. നഴ്സിംഗ്, പോസ്റ്റ് ബേസിക് ഡിപ്ലോമ കോഴ്സുകളും ഗവൺമെന്റ് തലത്തിൽ തുടങ്ങിക്കഴിഞ്ഞു.

(ബി) ഉണ്ട്. സംസ്ഥാനത്തെ നഴ്സിംഗ് സ്ഥാപനങ്ങളിൽ എല്ലാവർഷവും കേരള നഴ്സസ് ആന്റ് മിഡ്വൈഫ്സ് കൗൺസിൽ മുഖേന പരിശോധന നടത്തുകയും കുറവുകൾ കണ്ടെത്തിയാൽ അവ പരിഹരിക്കുന്നതിന് നിർദ്ദേശം കൊടുക്കുകയും ചെയ്യുന്നുണ്ട്. അവ പരിഹരിച്ചോ എന്ന് വീണ്ടും പരിശോധിച്ച് ഉറപ്പു വരുത്തുകയും ചെയ്തുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അംഗീകാരമില്ലാത്ത നഴ്സിംഗ് പഠന സ്ഥാപനങ്ങൾക്കെതിരെ കേരള നഴ്സസ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ നടപടി എടുത്തിട്ടുണ്ട്.

(ഡി) നൽകിവരുന്നുണ്ട്.

മലയോര മേഖലയിലെ ആരോഗ്യ കേന്ദ്രങ്ങളിലെ സ്റ്റാഫിന്റെ അപര്യാപ്തത

46 (634) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മലയോര മേഖലയിൽ പ്രവർത്തിക്കുന്ന വിതുര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലും തൊളിക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലും മതിയായ സ്റ്റാഫ് ഇല്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിതുര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സിവിൽ സർജൻ, അസിസ്റ്റന്റ് സർജൻ എന്നീ തസ്തികകൾ എത്ര നാളായി ഒഴിഞ്ഞു കിടക്കുന്നു ;

(സി) തൊളിക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഫീൽഡ് സ്റ്റാഫിന്റേയും ഡോക്ടർമാരുടേയും അഭാവം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സ്ഥിരമായി ഫീൽഡ് സ്റ്റാഫിനേയും ഡോക്ടറേയും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വിതുരയിൽ അസിസ്റ്റന്റ് സർജന്റെ ഒരൊഴിവും സിവിൽ സർജന്റെ ഒരൊഴിവും ആറുമാസമായി നിലവിലുണ്ട്. ടി-സിവിൽ സർജന്റെ ഒഴിവിൽ ഉദ്യോഗക്കയറ്റം വഴി നിയമനം നടത്തിയിട്ടുണ്ട്. അസിസ്റ്റന്റ് സർജന്റെ ഒഴിവിൽ നിയമിച്ച ഡോക്ടർ ജോയിൻ ചെയ്തിട്ടില്ലാത്തതിനാൽ ടി ഒഴിവ് നിലനിൽക്കുന്നു. നേഴ്സ് പാരാമെഡിക്കൽ വിഭാഗത്തിലുള്ള ഒഴിവുകളും നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) തൊളിക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ എൻ.ആർ.എച്ച്.എം. -ലെ രണ്ട് ഡോകടർമാർ ഉൾപ്പെടെ 3 പേർ സേവനം അനുഷ്ഠിക്കുന്നുണ്ട്. തൊളിക്കോട് ഗ്രാമപഞ്ചായത്തിലെ ആരോഗ്യ പ്രവർത്തനങ്ങൾ അതേ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന മലയടി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഫീൽഡ് സ്റ്റാഫ് മുഖാന്തിരം നടത്തിവരുന്നുണ്ട്. സ്ഥിരമായി ഇവിടെ ഫീൽഡ് സ്റ്റാഫിനെ നിയമിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

ഹെൽത്ത് സർവ്വീസ്, മെഡിക്കൽ എഡ്യൂക്കേഷൻ എന്നീ വകുപ്പുകളിലെ പ്ലംബർ തസ്തിക

47 (635) ശ്രീ. അടൂർ. പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹെൽത്ത് സർവ്വീസ്, മെഡിക്കൽ എഡ്യൂക്കേഷൻ എന്നീ വകുപ്പുകളിൽ ആകെ എത്ര പ്ലംബർ തസ്തികകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ നിലവിൽ എത്ര തസ്തികകൾ ഒഴിവായി കിടക്കുന്നു ;

(സി) പി.എസ്.സി-ക്ക് നാളിതുവരെ റിപ്പോർട്ട് ചെയ്ത തസ്തികകളുടെ എണ്ണം വ്യക്തമാക്കുക ;

(ഡി) പി. എസ്. സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ കരാർ വ്യവസ്ഥയിലും താൽക്കാലിക വ്യവസ്ഥയിലും ആളുകളെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ കാരണം വിശദീകരിക്കുമോ ;

(ഇ) പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് അടിയന്തര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഹെൽത്ത് സർവ്വീസിൽ പ്ലംബർമാരുടെ 19 തസ്തികകൾ നിലവിലുണ്ട്. മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിലെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഹെൽത്ത് സർവ്വീസിൽ രണ്ട് തസ്തിക ഒഴിഞ്ഞുകിടക്കുന്നു. (കണ്ണൂർ ജില്ല - 1, ആലപ്പുഴ ജില്ല - 1)

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിലെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ഹെൽത്ത് സർവ്വീസിൽ ഒന്ന് - മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിലെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) ഹെൽത്ത് സർവ്വീസിൽ അനുവദിച്ച തസ്തികയിലേയ്ക്ക് കരാർ/ താൽക്കാലിക വ്യവസ്ഥയിൽ ആളുകളെ നിയമിച്ചിട്ടില്ല. മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിലെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഇ) നടപടി കൈക്കൊള്ളുന്നതാണ്.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ ജോലിയിൽ സ്ഥിരപ്പെടുത്തൽ

48 (637) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 9 വർഷത്തിൽ കൂടുതൽ തുടർച്ചയായ താൽക്കാലിക സർവ്വീസുള്ളവരും ഇപ്പോൾ ജോലിയില്ലാത്തവരുമായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് എന്തെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ;

(സി) അപേക്ഷകരിൽ കൂടുതലും പി.എസ്.സി നിയമനത്തിന് അപേക്ഷിക്കാനുള്ള പ്രായപരിധി കഴിഞ്ഞവരാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ നിയമനം

49 (638) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ പി.എച്ച്.സെന്ററുകളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഭാഗത്തിൽ പി.എസ്.സി.ലിസ്റ്റ് നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എന്തുകൊണ്ടാണ് ഈ വിഭാഗത്തിൽ നിയമനം നടക്കാത്തത് ;

(ഡി) സംസ്ഥാനത്താകെയുള്ള പി.എച്ച്.സി. കളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ എത്ര വീതം ഉണ്ടെന്ന് ജില്ല തിരിച്ചുള്ള എണ്ണം സഹിതം വിശദമാക്കുമോ ;

(ഇ) ജില്ലാ മെഡിക്കൽ ഓഫീസർമാർ പ്രസ്തുത തസ്തികകളുടെ ഒഴിവു വിവരം പി.എസ്.സി.യെ അറിയിക്കാൻ തയ്യാറാക്കാത്തതിന്റെ കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) എല്ലാ ജില്ലകളിലും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ പി.എസ്.സി. നിയമനത്തിനുള്ള ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. മുഖേന നിയമനം നൽകുകയും ചെയ്യുന്നുണ്ട്.

(ഡി) അനുബന്ധമായി ചേർക്കുന്നു. †

(ഇ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 തസ്തികയിലെ നേരിട്ടുള്ള നിയമനത്തിനായുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്.

എൻ.ആർ.എച്ച്.എം.പദ്ധതിയുടെ കീഴിലുള്ള ജീവനക്കാരുടെ സേവനം

50 (639) <u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. ആർ. എച്ച്. എം. പദ്ധതിയിൻകീഴിൽ ജോലി ചെയ്യുന്ന ആയുർവ്വേദ-ഹോമിയോ ഡോക്ടർമാർക്ക് ഇപ്പോൾ നൽകിവരുന്ന വേതനം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവരുടെ വേതനം വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വിഭാഗം ഡോക്ടർമാരുടെ വേതനം വർദ്ധിപ്പിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എൻ.ആർ.എച്ച്.എം. പദ്ധതിയിൻകീഴിൽ ജോലി ചെയ്യുന്ന ആയുർവേദ-ഹോമിയോ ഡോക്ടർമാർക്ക് ഇപ്പോൾ നൽകിവരുന്ന വേതനം 15,000 രൂപയാണ്.

(ബി-ഡി) ഡോക്ടർമാരുടെ വേതനം 2010 സെപ്റ്റംബർ മാസം മുതൽക്കാണ് 15,000 രൂപയായി വർദ്ധിപ്പിച്ചു നൽകിയിട്ടുള്ളത്.

എൻ.ആർ.എച്ച്.എം. പദ്ധതി മുഖേനയുള്ള കെട്ടിട നിർമ്മാണം

51 (640) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചമ്പക്കുളം പി.എച്ച്.സി. യിൽ എൻ.ആർ.എച്ച്.എം പദ്ധതിയിൽപ്പെടുത്തി കെട്ടിടനിർമ്മാണത്തിനുള്ള പ്രൊപ്പോസൽ ക്യാൻസൽ ചെയ്ത തീരുമാനം പുന:പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് നടപടി സ്വീകരിക്കുകയാണെങ്കിൽ എൻ. ആർ. എച്ച്. എം. പദ്ധതിയിൽ പുതിയ കെട്ടിട നിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വിദമാക്കുമോ ?

ഉത്തരം

(എ&ബി) എൻ.ആർ.എച്ച്.എം.-ന്റെ പി.ഐ.പി. പ്രകാരമുള്ള പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. പ്രസ്തുത നിർമ്മാണ പ്രവർത്തനം എൻ.ആർ.എച്ച്. എം./പി.ഐ .പി.-യിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയത് ഈ സാമ്പത്തികവർഷം ചെയ്യുവാൻ സാധിക്കുകയില്ല.

നാഷണൽ റൂറൽ ഹെൽത്ത് മിഷൻ 2005-2010 കാലയളവിൽ ആരോഗ്യമേഖലയിൽ ചെലവഴിച്ച തുക

52 (641) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ 2005-10 കാലയളവിൽ സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ എത്ര രൂപ വിനിയോഗിച്ചുവെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്തുമോ ;

(ബി) എൻ. ആർ. എച്ച്. എം. പ്രകാരം 2005-10 കാലയളവിൽ കണ്ണൂർ ജില്ലയിൽ ഏതൊക്കെ സർക്കാർ ആശുപത്രിയിൽ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും വിനിയോഗിച്ച തുകയും എത്രയെന്ന് പദ്ധതി സഹിതം വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിശദാംശം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. †

(ബി) അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. †

(സി) വിവരം ശേഖരിച്ചു വരുന്നു.

കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രീയയ്ക്കായി അനുവദിച്ച പലിശരഹിത വായ്പ, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി പരിവർത്തനം ചെയ്യൽ

53 (642) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ബധിര-മൂകരായ കുട്ടികളുടെ കേൾവി, സംസാരശേഷി ലഭിക്കുന്നതിനുള്ള കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്കായി അനുവദിച്ച പലിശരഹിത വായ്പ, മെഡിക്കൽ റീഇംബേഴ്സ്മെന്റായി പരിവർത്തനം നടത്തി അനുവദിക്കുന്നതിന് പ്രത്യേക അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരങ്ങളും ഇതുവരെ സ്വീകരിച്ച നടപടികളും വെളിപ്പെടുത്താമോ ;

(ബി) ഇത് സംബന്ധിച്ച് ആരോഗ്യ ഡയറക്ടറേറ്റിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നോ ; ആയത് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) കോക്ലിയർ ഇംപ്ലാന്റേഷൻ സംബന്ധിച്ച് റിപ്പോർട്ട് ധനവകുപ്പ് ആവശ്യപ്പെട്ടിരുന്നോ ; പ്രസ്തുത റിപ്പോർട്ട് ധനവകുപ്പിന് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ;

(ഡി) സർക്കാർ ജീവനക്കാരുടെ വായ്പ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി പരിവർത്തനം നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നിലനിൽക്കുന്നുണ്ടോ ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പലിശരഹിത വായ്പ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റായി പരിവർത്തനം ചെയ്യണമെന്നാവശ്യപ്പെട്ട് സർക്കാരിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദമായ പഠനംനടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ആവശ്യപ്പെട്ടിരുന്നു. ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചുവെങ്കിലും അത് അപര്യാപ്തമായതിനാൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

---

† അനുബന്ധം I

(സി) ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ട് ധനകാര്യവകുപ്പിന് നൽകിയിട്ടില്ല. അത് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നിലവിലുള്ള നിയമമനുസരിച്ച് കോക്ലിയർ ഇംപ്ലാന്റ് സർജറിക്ക് റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുവാൻ കഴിയുകയില്ല.

മുട്ടാർ ഗ്രാമപഞ്ചായത്തിലെ സിദ്ധ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം

54 (643) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുട്ടാർ ഗ്രാമപഞ്ചായത്തിൽ സിദ്ധ ആശുപത്രി കെട്ടിടത്തിന് സമർപ്പിച്ച അപേക്ഷയിന്മേൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രി ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) കുട്ടനാട് നിയോജകമണ്ഡലത്തിൽ പുതിയ ആയുർവ്വേദ, ഹോമിയോ ആശുപത്രികൾക്ക് പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ലഭിച്ച പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു.

മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ സ്വകാര്യ പ്രാക്ടീസ്

55 (644) ശ്രീ. എ. സി. മൊയ്തീൻ
ശ്രീ. ടി. പി. കുഞ്ഞുണ്ണി
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിച്ചെങ്കിലും നിരവധിപേർ സ്വകാര്യപ്രാക്ടീസ് നടത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് തടയുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും കൈകൊണ്ട നടപടികൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വകാര്യ പ്രാക്ടീസ് നിരോധിക്കുന്നതുമായി ബന്ധപ്പെട്ട് മെഡിക്കൽ കോളേജ് അദ്ധ്യാപകർക്ക് നൽകുന്ന അധിക ആനുകൂല്യങ്ങളുടെ വിശദാംശം നൽകുമോ ;

ഉത്തരം

(എ&ബി) ചില ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദമായ അന്വേഷണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) അടിസ്ഥാന ശമ്പളത്തിന്റെ (ബാൻഡ് പേ + അക്കാഡമിക് ഗ്രേഡ് പേ) 25 ശതമാനവും അതിന്റെ ഡി.എ.യും നോൺ പ്രാക്ടീസിംഗ് അലവൻസായി, ഡോക്ടർമാരുടെ പ്രാക്ടീസ് നിരോധിച്ചതിന് പകരമായി നൽകുന്നുണ്ട്.

അവധിയെടുത്ത് വിദേശത്ത് ജോലിചെയ്യുന്ന ഡോക്ടർമാർ

56 (645) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വീസിലുള്ള എത്ര ഡോക്ടർമാർ ലീവെടുത്ത് വിദേശ രാജ്യങ്ങളിൽ സേവനം ചെയ്തുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സർവ്വീസിൽനിന്നും ദീർഘകാല അവധിയെടുത്ത് വിദേശത്ത് ജോലി ചെയ്യുന്നവരെ പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതുസംബന്ധിച്ച സർക്കാർനയം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ദന്തൽ ഡോക്ടർമാർ ഒഴികെയുള്ള ഡോക്ടർമാർക്ക് വിദേശ രാജ്യങ്ങളിൽ സേവനം ചെയ്യുന്നതിന് ലീവ് അനുവദിക്കുന്നില്ല. എന്നാൽ സംസ്ഥാന സർവ്വീസിൽ ആരോഗ്യവകുപ്പിനു കീഴിലുള്ള മൂന്ന് ദന്തൽ ഡോക്ടർമാർക്ക് ഇപ്രകാരം ലീവ് അനുവദിച്ചിട്ടുണ്ട്.

(ബി&സി) അവധിയെടുത്ത് വിദേശത്ത് ജോലി ചെയ്യുന്നവരെ പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ അനധികൃതമായി ജോലിക്കു ഹാജരാകാത്തവരെ പിരിച്ചുവിടാൻ നടപടി സ്വീകരിച്ചുവരുന്നു.

ആയുർവേദമരുന്നുകളുടെ ഗുണനിലവാരം

57 (646) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാപകമായ പരസ്യങ്ങളുടെ സഹായത്താൽ മാത്രം സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ആയുർവ്വേദമരുന്നുകളുടെ ഗുണനിലവാരം

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കുന്നതിനും ഇവയുടെ ഉപയോഗംമൂലം ഉണ്ടാകുന്ന പാർശ്വഫലങ്ങൾ നിരീക്ഷിച്ച് പഠിക്കുന്നതിനും എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(ബി) മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങളുടെ പരസ്യ പ്രചരണങ്ങൾക്ക് നിയന്ത്രണം കൊണ്ടുവരുവാൻ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ആയുർവേദമരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്ത് ആയുർവേദ ഡ്രഗ്സ് കൺട്രോളറുടെ നേതൃത്വത്തിൽ ഒരു പ്രത്യേകവിഭാഗം പ്രവർത്തിക്കുന്നുണ്ട്. മരുന്നുകൾ നിർമ്മിക്കുന്നതിന് അംഗീകാരം നൽകുന്നതിനു മുമ്പായി സ്ഥാപനത്തിലെ ക്രമീകരണങ്ങളും പരിശോധനാസംവിധാനങ്ങളും ഡ്രഗ്സ് ഇൻസ്പെക്ടർമാർ വിലയിരുത്തി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് നൽകുന്നത്. ഇത്തരത്തിൽ ലൈസൻസ് ലഭിച്ച സ്ഥാപനങ്ങൾ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ നിലവിലെ നിയമപ്രകാരം ബാധ്യസ്ഥരാണ്. ഇത്തരത്തിൽ വിൽക്കപ്പെടുന്ന അംഗീകൃത ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഡ്രഗ് ഇൻസ്പെക്ടർമാർ വീണ്ടും വിപണനശൃംഖലയിൽ നിന്നും സാമ്പിൾ ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിലെ ആയുർവേദ സെക്ഷനിലേക്ക് അയയ്ക്കുന്നു. ടി പരിശോധനയിൽ അംഗീകൃത ഗുണനിലവാരം ഇല്ലായെന്ന് കണ്ടെത്തിയാൽ ടി സ്ഥാപനത്തിനെതിരെ നിയമനടപടികൾ സ്വീകരിക്കുന്നു. ഇത്തരത്തിൽ ലൈസൻസ് നൽകിയിട്ടുള്ള ആയുർവേദമരുന്നുകളുടെ ഉപഭോഗംമൂലം പാർശ്വഫലങ്ങളെ സംബന്ധിച്ച പരാതികളൊന്നും നാളിതുവരെ സർക്കാരിന് ലഭിച്ചിട്ടില്ല.

(ബി) ആയുർവേദ ഉൽപ്പന്നങ്ങളുടെ പരസ്യ പ്രചരണങ്ങൾ നിയന്ത്രിക്കുന്നതിലേക്കായി 1954-ലെ ഡ്രഗ്സ് & മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ്) ആക്ട് പ്രകാരം വ്യവസ്ഥയുണ്ട്. ടി നിയമനത്തിന്റെ ലംഘനത്തിനെതിരെ നിർമ്മാതാക്കൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്.

മലപ്പുറം മണ്ഡലത്തിലെ ആയുർവ്വേദ, യുനാനി ആശുപത്രികളിലെ ഒഴിവുകൾ

58 (647) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിൽ നിലവിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് ആയുർവ്വേദ യുനാനി ആശുപത്രികളുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതെങ്കിലും പഞ്ചായത്തുകളിൽ പുതിയ ആശുപത്രി ആരംഭിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ ആയൂർവ്വേദ ആശുപത്രികൾ എന്നിവയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) നിലവിലെ ഒഴിവുകൾ നികത്താൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കുറ്റിപ്പുറം, ഒതുക്കുങ്കൽ, ഏലങ്കുളം, കാളികാവ്, പുറത്തൂർ, കോടൂർ, വാഴയൂർ, മറക്കര, പെരുമ്പടപ്പ്, മോറയൂർ, നെടിയിരുപ്പ്, അലിപ്പറമ്പ്, വെട്ടത്തൂർ, മാങ്കുളം, തൃപ്രൻങ്കോട്, ചുങ്കത്തറ, പള്ളിക്കുന്ന്, പുളിക്കൽ, തിരുന്നാവായ, ചെറിയമുണ്ട, വട്ടംകുളം, കീഴാറ്റൂർ, കുഴിമന്നം, വാഴക്കാട്, പൊൻമുണ്ടം എന്നീ പഞ്ചായത്തുകളിൽ എൻ.ആർ.എച്ച്.എം-ന്റെ ആഭിമുഖ്യത്തിലുള്ള ആയുർവേദ ഡിസ്പെൻസറികളും ആനക്കയം, പൂക്കോട്ടൂർ, ഊരകം, പൊന്മള, മലപ്പുറം മുനിസിപ്പാലിറ്റി, കോട്ടക്കൽ മുൻസിപ്പാലിറ്റി, കണ്ണമംഗലം എന്നിവിടങ്ങളിൽ സർക്കാർ ആയുർവേദ സ്ഥാപനങ്ങളും നിലവിലുണ്ട്.

പ്രസ്തുത മണ്ഡലത്തിൽ താഴെപ്പറയുന്ന പഞ്ചായത്തുകളിൽ എൻ.ആർ.എച്ച്.എം-ന്റെ ആഭിമുഖ്യത്തിൽ യുനാനി ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ട്. തിരുവാളി, മഞ്ചേരി മുനിസിപ്പാലിറ്റി, മാറക്കര, വളവന്നൂർ, ചെറിയമുണ്ട, വാഴക്കാട്.

(ബി) ടി വിഷയം പരിഗണനയിലില്ല.

(സി) 1. ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽവരുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ/ആയുർവേദ ആശുപത്രികൾ എന്നിവയിൽ നിലവിൽ ഒഴിവുകളില്ല.

2. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ താഴെ പറയുന്ന ഒഴിവുകളുണ്ട് :

ആനക്കയം-ക്ലാർക്ക്	- 1
പൊൻമള-ഡ്രൈവർ	- 1
ആനക്കയം-ഹെൽത്ത് അറ്റന്റന്റ് ഗ്രേഡ് 2	- 1
പൊൻമള-ഹെൽത്ത് അറ്റന്റന്റ് ഗ്രേഡ് 2	- 1
ഊരകം-ഹെൽത്ത് അറ്റന്റന്റ് ഗ്രേഡ് 2	- 1
പാർട്ട് ടൈം സ്വീപ്പർ	- 1
ഒതുക്കുങ്ങൽ-ഹെൽത്ത് അറ്റന്റ് ഗ്രേഡ് 2	- 1
ഒതുക്കുങ്ങൽ- പാർട്ട് ടൈം സ്വീപ്പർ	- 1

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

പുതുതലമുറ ആയുർവേദ ഉൽപ്പന്നങ്ങൾ

59 (648) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതലമുറ ആയുർവ്വേദ ഉൽപ്പന്നങ്ങൾ മിക്കവയും വ്യാജവും ഗുണനിലവാരമില്ലാത്തതും പൊതുജനാരോഗ്യത്തെ ബാധിക്കുന്നവയുമാണെന്ന മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ലൈംഗീക ഉത്തേജകഔഷധം പൊണ്ണത്തടി കുറയ്ക്കൽ ഔഷധം എന്ന പേരുകളിൽ വ്യാപകമായി പരസ്യം ചെയ്യുന്ന ഔഷധങ്ങളുടെ നിജസ്ഥിതി പൊതുജനാരോഗ്യത്തെ മുൻനിർത്തി വെളിപ്പെടുത്താൻ സംസ്ഥാന ആരോഗ്യവകുപ്പ് നടപടി സ്വീകരിക്കുമോ ;

(സി) വ്യാജവും ഗുണനിലവാരം ഉറപ്പുവരുത്താത്തതുമായ ഔഷധങ്ങൾക്ക് വൻപരസ്യം നൽകി വിപണനം നടത്തുന്നത് തടയാൻ നടപടി സ്വീകരിക്കുമോ ; ഈ വിഷയത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വൻപരസ്യങ്ങളിലൂടെ ഇല്ലാത്തപ്രയോജനങ്ങൾ വാഗ്ദാനം ചെയ്യുന്ന ഔഷധങ്ങളുടെ പരസ്യപ്രചരണം നിലവിലെ നിയമപ്രകാരം തടയുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തിയ ഔഷധങ്ങൾക്ക് മാത്രമേ ലൈസൻസ് അനുവദിക്കുന്നുള്ളൂ. ലൈസൻസ് ലഭ്യമായ മരുന്നുകൾ ഇല്ലാത്ത രോഗശമനക്ഷമത പറഞ്ഞ് പരസ്യം ചെയ്യുന്നത് നിലവിലെ നിയമപ്രകാരം ശിക്ഷാർഹമാണ്. ഇത്തരത്തിൽ വൻപരസ്യം നൽകുന്ന മരുന്ന് കമ്പനികൾക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു.

കൊയിലാണ്ടി മണ്ഡലത്തിൽ അലോപ്പതി, ആയുർവേദ, ഹോമിയോ വിഭാഗങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ

60 (649) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊയിലാണ്ടി മണ്ഡലത്തിൽ അലോപ്പതി, ആയുർവ്വേദ, ഹോമിയോ വിഭാഗങ്ങളിൽ എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കിയത് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതിലൂടെ ഇതുവരെ എത്ര രൂപ മണ്ഡലത്തിൽ ചെലവഴിച്ചു വെന്ന്വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊയിലാണ്ടി താലൂക്ക് - ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും സ്പെഷ്യാലിറ്റി, ഒ.പി, ഫാർമസി എന്നിവയ്ക്കായി പുതിയ കെട്ടിടം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മിനി ഓപ്പറേഷൻ തിയേറ്ററുകൾ, ഐ.പി. വിഭാഗം എന്നിവ ഉൾപ്പെടെ ആധുനിക സൗകര്യത്തോടെ ആശുപത്രിക്കായി അഞ്ചുനില കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി. ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഫ്രീസർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആശുപത്രിയിൽ പുതിയ എക്സ്റേ മെഷീൻ അനുവദിച്ചിട്ടുണ്ട്. കൊയിലാണ്ടി സർക്കാർ ഹോമിയോ ആശുപത്രിയിൽ ഒരു അൾട്രാ സൗണ്ട് സ്കാനിംഗ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. പ്രസ്തുത ആശുപത്രിയുടെ നവീകരണത്തിനായി ആശുപത്രി കെട്ടിട നിർമ്മാണത്തിന് 15 ലക്ഷം രൂപയും, ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിന് 5 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. ഈ സർക്കാരിന്റെകാലത്ത് കൊയിലാണ്ടി, ചേമഞ്ചേരി എന്നീ പഞ്ചായത്തുകളിൽ എൻ.ആർ.എച്ച്.എം.മുഖേന ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ രണ്ട് താൽക്കാലിക ആയുർവേദ ഡിസ്പെൻസറികൾ പ്രവർത്തനമാരംഭിച്ചു. പയ്യോളി ആശുപത്രിക്ക് 2008-09-ൽ 73,033 രൂപയുടെ ഫർണിച്ചറുകളും-2009-10-ൽ 2.99 ലക്ഷം രൂപ ചെലവഴിച്ച് ലാബും ലാബ് ഉപകരണങ്ങളും മരുന്നുകളും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ ആകെ അലോപ്പതി വിഭാഗത്തിൽ 3,11,10,358 രൂപയും ഹോമിയോപ്പതി വിഭാഗത്തിൽ 12,84,000 രൂപയും ഭാരതീയ ചികിത്സാ (ആയുർവേദ) വിഭാഗത്തിനുകീഴിലുള്ള ആശുപത്രികളിൽ 36,08,392 രൂപയും ചെലവഴിച്ചിട്ടുണ്ട്.

കിഴുവിലം ആയുർവേദ ആശുപത്രിയിൽ മർമ്മചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി

61 (650) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഴുവിലം ആയുർവ്വേദ ആശുപത്രിയിൽ മർമ്മ ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് നടപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ;

(സി) എത്ര നാളിനകം ഇത് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

373/14

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&സി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

ബ്ലഡ് സ്റ്റോറേജ് സെന്ററുകൾ

62 (651) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ ബ്ലഡ് സ്റ്റോറേജ് സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഏതെല്ലാം ആശുപത്രികളിലാണ് ഇപ്രകാരം ബ്ലഡ് സ്റ്റോറേജ് സെന്ററുകൾ ആരംഭിക്കുകയെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ പ്രാഥമിക നടപടികൾ ഏതെങ്കിലും പൂർത്തീകരിച്ചുവോ ;

(ഡി) നിലവിലുള്ള ബ്ലഡ് ബാങ്കുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ & ബി) കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 50 സർക്കാർ ആശുപത്രികളിലാണ് ബ്ലഡ് സ്റ്റോറേജ് സെന്ററുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്. ആശുപത്രികളുടെ പേരുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) (i) ബ്ലഡ് സ്റ്റോറേജ് സെന്ററുകളുടെ പ്രവർത്തനത്തിന് മെഡിക്കൽ ഓഫീസർമാർക്കും ലാബ് ടെക്നീഷ്യന്മാർക്കും ആവശ്യമായ പരിശീലനം തിരുവനന്തപുരം മെഡിക്കൽ കോളേജിൽവച്ച്നൽകി വരുന്നു.

(ii) ബ്ലഡ് സ്റ്റോറേജ് സെന്ററുകൾക്കായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള മുറിയുടെ വൈദ്യുതീകരണം ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾ ചെയ്ത് ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിച്ച് സ്റ്റോറേജ് സെന്ററുകളെ പ്രവർത്തനസജ്ജമാക്കാനുള്ള എല്ലാ ജോലികളും അടിയന്തിരമായി പൂർത്തിയാക്കുവാനുള്ള ഉത്തരവ് HLL Life Care Ltd-ന് 23-11-2012-ലെ 4590/10/ H&FWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്.

(ഡി) നിലവിലുള്ള ബ്ലഡ് ബാങ്കുകളുടെ ശാക്തീകരണത്തിനായി ഈ സാമ്പത്തികവർഷം 80 ലക്ഷം രൂപ ദേശീയ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷൻ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ബ്ലഡ് ബാങ്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു. കൂടാതെ വിവിധ സർക്കാർ ബ്ലഡ് ബാങ്കുകളിലേക്ക് ദേശീയ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷൻ ബ്ലഡ് ബാങ്ക് റഫ്രിജറേറ്റർ നേരിട്ട് വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഡിസ്പോസിബിൾ സിറിഞ്ച് ഉപയോഗശേഷം വീണ്ടും വിപണിയിലെത്തുന്നത് തടയാൻ നടപടി

63 (652) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡിസ്പോസിബിൾ സിറിഞ്ച് സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഉപയോഗശേഷം വീണ്ടും വിപണിയിലെത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെ സംബന്ധിച്ച് കഴിഞ്ഞ രണ്ട് വർഷത്തിനകം എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; എത്ര പോലീസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(സി) സിറിഞ്ചുകൾ ഉപയോഗശേഷം നശിപ്പിച്ച് കളയുന്നതിനും വീണ്ടും വിപണിയിൽ എത്താതിരിക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) ചില റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) ഒരു കേസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത പോലീസ് കേസുകളെ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് ആശുപത്രിയിലെ ഓരോ വാർഡും പരിശോധിച്ച് ഉപയോഗിച്ച സിറിഞ്ചും ഡ്രിപ്സെറ്റും മറ്റു പ്ലാസ്റ്റിക് വസ്തുക്കളും ഉപയോഗശൂന്യമാക്കാതെ പുറത്തേക്ക് നൽകുന്നുണ്ടോ എന്ന് പരിശോധിക്കുവാനും ടി വസ്തുക്കൾ നശിപ്പിക്കുന്നതിനുള്ള നീഡിൽ ഡെസ്ട്രോയർ (ഷ്രെഡർ) ഇല്ലാത്ത വാർഡുകളിൽ പ്രസ്തുത ഉപകരണം അടിയന്തരമായി ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാനും ആശുപത്രി സൂപ്രണ്ടുമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

പൊതു-സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച ചട്ടങ്ങൾ

64 (653) ശ്രീ. യു. സി. രാമൻ :
ശ്രീ. വി. കെ. ഇബ്രാഹീം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു-സ്വകാര്യ ആശുപത്രികളുടെ സേവനങ്ങൾക്ക് ഈടാക്കാവുന്ന നിരക്കുകളും ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളും നിശ്ചയിച്ച് ചട്ടങ്ങൾ പുറപ്പെടുവിക്കാനുള്ള കേന്ദ്ര ഗവൺമെന്റ് നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റേതായ നിർദ്ദേശങ്ങളോ അഭിപ്രായങ്ങളോ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളും ചികിത്സാ സ്ഥാപനങ്ങളുമെല്ലാം രജിസ്റ്റർ ചെയ്തിട്ടുള്ളവയാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവയ്ക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) രജിസ്ട്രേഷൻ നടപടികൾക്ക് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണെന്ന് വെളിപ്പെടുത്തുമോ; ഇതേവരെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) പൊതു-സ്വകാര്യ ആശുപത്രികളുടെ രജിസ്ട്രേഷനും നിയന്ത്രണത്തിനുമുള്ള ചട്ടങ്ങൾ പുറപ്പെടുവിക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുറപ്പെടുവിക്കാനുദ്ദേശിക്കുന്ന ചട്ടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമായാലുടൻ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി&ഡി) സ്വകാര്യ ആശുപത്രികളും ലബോറട്ടറികളും രജിസ്ട്രേഷൻ ചെയ്യണമെന്ന് പ്രത്യേക നിയമം നിലവിലില്ല.

അനലിസ്റ്റ് ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടി

65 (655) ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനലിസ്റ്റ് ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലാബുകൾ ഓരോന്നും ഏതൊക്കെ ജില്ലകളിൽനിന്നുള്ള സാമ്പിൾ പരിശോധനയാണ് നിർവ്വഹിച്ചുവരുന്നത്;

(സി) പ്രതിവർഷം ഓരോ ലാബിനും പരിശോധിക്കാൻ കഴിയുന്ന സാമ്പിളുകളുടെ പരമാവധി പരിധി എത്രയാണ്;

(ഡി) 2008-09, 2009-10 എന്നീ വർഷങ്ങളിൽ ഓരോ ലാബും എത്ര സാമ്പിളുകൾ പരിശോധിച്ചു എന്നും എത്രയെണ്ണത്തിൽ മായം കണ്ടെത്തി എന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ കാലയളവിൽ പരിശോധനയെത്തുടർന്ന് എത്ര കേസുകളിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു ; ഏതെങ്കിലും കേസിൽ കുറ്റക്കാരെ ശിക്ഷിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) അനലിസ്റ്റ് ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ വേണ്ടി ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായ 1,40,00,000 രൂപ ഉപയോഗിച്ച് ലാബുകൾക്ക് ആവശ്യമായ ഗ്ലാസ് വെയേഴ്സ്, കെമിക്കൽസ്, മറ്റു ആധുനിക ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും കേടായി കിടക്കുന്ന ഉപകരണങ്ങൾ നന്നാക്കുന്നതിനും നിലവിലുള്ള ഉപകരണങ്ങളുടെ Annual Maintenance Contract പുതുക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ലാബുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനായി ജീവനക്കാർക്ക് പരിശീലനവും നൽകിവരുന്നു.

(ബി) തിരുവനന്തപുരം അനലിസ്റ്റ് ലബോറട്ടറിയിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ പി.എഫ്.എ ആക്ട് അനുസരിച്ചുള്ള ആഹാര സാമ്പിളുകളും എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ ആഹാര സാമ്പിളുകളും കോഴിക്കോട് റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ആഹാര സാമ്പിളുകളും പരിശോധിച്ചുവരുന്നു.

(സി) ഓരോ ലാബിനും പരിശോധിക്കാൻ കഴിയുന്ന സാമ്പിളുകൾക്ക് പരമാവധി പരിധി നിശ്ചയിച്ചിട്ടില്ല. ഫുഡ് ഇൻസ്പെക്ടർമാർക്കു നിശ്ചയിച്ചിരിക്കുന്ന നിയമാനുസൃത ക്വാട്ട പ്രകാരമുള്ള എല്ലാ ആഹാര സാമ്പികളുകളും പരിശോധിക്കുന്നുണ്ട്. കൂടാതെ റെയിൽവേ, സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുന്ന ആഹാര സാമ്പിളുകളും പരിശോധിക്കുന്നുണ്ട്.

(ഡി) 2008-09 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയിൽ ആകെ 3598 ആഹാര സാമ്പിളുകൾ പരിശോധിച്ചതിൽ 96 സാമ്പിളുകളിൽ മായം ചേർന്നതായി കണ്ടെത്തിയിട്ടുണ്ട്. എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ 4525 ആഹാര സാമ്പിളുകൾ പരിശോധിച്ചതിൽ 122 സാമ്പിളുകൾ മായം ചേർന്നതായി കണ്ടെത്തിയിട്ടുണ്ട്. കോഴിക്കോട് റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ ആകെ 5529 ആഹാര സാമ്പിളുകൾ പരിശോധിച്ചതിൽ 162 സാമ്പിളുകളിൽ മായം ചേർന്നതായി കണ്ടെത്തിയിട്ടുണ്ട്. 2009-10 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയിൽ ആകെ 3338 ആഹാര സാമ്പിളുകൾ പരിശോധിച്ചതിൽ

LIBRARY ARCHIVES Kerala Legislative Assembly

68 സാമ്പിളുകളിൽ മായം ചേർന്നതായി കണ്ടെത്തിയിട്ടുണ്ട്. എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ 3993 ആഹാര സാമ്പിളുകൾ പരിശോധിച്ചതിൽ 98 സാമ്പിളുകളിൽ മായം ചേർന്നതായി കണ്ടെത്തിയിട്ടുണ്ട്. കോഴിക്കോട് റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ ആകെ 4421 ആഹാര സാമ്പിളുകൾ പരിശോധിച്ചതിൽ 95 സാമ്പിളുകളിൽ മായം ചേർന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ഇ) 2008-09 സാമ്പത്തിക വർഷത്തിൽ 296 കേസുകളിലും 2009-10 സാമ്പത്തിക വർഷത്തിൽ 243 കേസുകളിലും പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മേൽ വർഷങ്ങളിൽ ഫയൽ ചെയ്ത കേസുകളിൽ വിചാരണ നടപടികൾ നടന്നുവരുന്നു.

പുതുതായി കണ്ടുപിടിക്കുന്ന മരുന്നുകളുടെ ഫലപരിശോധന പരിശോധിക്കുന്നതിനുള്ള സംവിധാനം

66 (656) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി കണ്ടുപിടിക്കുന്ന മരുന്നുകളുടെ ഫലം പരിശോധിക്കുന്നത് നിരീക്ഷിക്കാനും അനുവാദം നൽകാനും സംസ്ഥാന സർക്കാരിന് കീഴിൽ നിലവിലുള്ള സംവിധാനം എന്താണ് എന്ന് വ്യക്തമാക്കുമോ ;

(ബി) അതിന്റെ പ്രവർത്തനരീതി വിശദീകരിക്കുമോ ;

(സി) ക്ലിനിക്കൽ ട്രയൽ രജിസ്ട്രിയിൽ രജിസ്റ്റർ ചെയ്യാതെ സംസ്ഥാനത്ത് മനുഷ്യരിൽ മരുന്നു പരീക്ഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അനധികൃത മരുന്നുപരിശോധനാ സംഭവങ്ങൾകണ്ടെത്താൻ ആരോഗ്യവകുപ്പിനു കീഴിൽ എന്തു സംവിധാനമാണുള്ളത്. ഈ സംവിധാനമുപയോഗിച്ച് അത്തരം പരീക്ഷണങ്ങളേതെങ്കിലും കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഇ) ക്ലിനിക്കൽ ട്രയൽ രജിസ്ട്രിയിൽ 2009-10-ൽ എത്ര പരീക്ഷണങ്ങൾ രജിസ്റ്റർ ചെയ്തു. അവയിൽ എത്രയെണ്ണത്തിന് അനുമതി നൽകിയെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇത്തരം പരീക്ഷണത്തിൽ മരണം സംഭവച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ വിശദവിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുതുതായി കണ്ടുപിടിക്കുന്ന മരുന്നുകളുടെ ഫലം പരിശോധിക്കുന്നതും അനുവാദം നൽകുന്നതും ഡ്രഗ്സ് കൺട്രോളർ ജനറൽ ഓഫ് ഇൻഡ്യ, ന്യൂഡൽഹിയാണ്.

(ബി) 1940-ലെ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഡ്രഗ്സ് കൺട്രോളർ ജനറൽ ഓഫ് ഇൻഡ്യക്ക് നേരിട്ട് ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് വേണ്ട നടപടി കൈക്കൊള്ളുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അനധികൃത മരുന്നു പരിശോധനാ സംഭവങ്ങൾ കണ്ടെത്തുന്നതിനും പരിശോധിക്കുന്നതിനും ഡ്രഗ്സ് കൺട്രോൾ വകുപ്പിന് അധികാരമുണ്ട്. ഇത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ&എഫ്) ഇതു സംബന്ധിച്ച വിവരങ്ങൾ സംസ്ഥാന സർക്കാരിൽ ലഭ്യമല്ല.

ആലപ്പുഴയിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി തുറന്നുപ്രവർത്തിപ്പിക്കുന്നതിന് നടപടി

67 (657) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി ആലപ്പുഴയിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിടം പണി പൂർത്തിയാക്കി ഉദ്ഘാടനം കഴിഞ്ഞിട്ടും രോഗികൾക്കുവേണ്ടി തുറന്നു കൊടുത്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കെട്ടിടം രോഗികൾക്കുവേണ്ടി ഉടനെ തുറന്നു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ;

ഉത്തരം

(എ) സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി ആലപ്പുഴയിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിടം 18-9-2010 മുതൽ രോഗികൾക്കുവേണ്ടി തുറന്നു കൊടുത്തിട്ടുണ്ട്.

(ബി) ഉദിക്കുന്നില്ല.

ദുർബല വിഭാഗ സുരക്ഷിതത്വ പദ്ധതി

68 (658) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവുകളിൽ അലഞ്ഞുതിരിയുന്ന അനാഥരും വൃദ്ധരും സമനില നഷ്ടപ്പെട്ടവരുമായ ആൾക്കാരെ പുനരധിവസിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ദുർബല വിഭാഗ സുരക്ഷിതത്വ പദ്ധതിയുടെ പ്രവർത്തനം വിശദീകരിക്കുമോ ;

(ബി) ഇവരുടെ ചികിത്സയ്ക്കും പുനരധിവാസത്തിനും ചുമതലപ്പെടുത്തിയിട്ടുള്ള സർക്കാർ സ്ഥാപനങ്ങളും സന്നദ്ധ സംഘടനാ സ്ഥാപനങ്ങളും ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) അലഞ്ഞു തിരിയുന്ന അനാഥരെയും വൃദ്ധരെയും ഈ സ്ഥാപനങ്ങളിൽ എത്തിക്കാനുള്ള സംവിധാനം വിശദമാക്കുമോ ;

(ഡി) ഈ പദ്ധതി പ്രകാരം 2007-08 മുതൽ 2009-10 വരെ ഓരോ സന്നദ്ധ സംഘടനയ്ക്കും നൽകിയ തുക സംബന്ധിച്ച വിശദവിവരം നൽകുമോ ;

(ഇ) ഇവയുടെ പരിശോധനയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കുമോ ;

<u>ഉത്തരം</u>

(എ) അനാരോഗ്യം ബാധിച്ച് നിരാശ്രയരായി തെരുവുകളിൽ അലഞ്ഞു തിരിയുന്നവർക്കും രോഗം ഭേദമായതിനുശേഷം ആരും സ്വീകരിക്കുവാനില്ലാതെ ആശുപത്രികളിൽ കഴിയുവാൻ നിർബ്ബന്ധിതരായവർക്കും സംരക്ഷണം ഉറപ്പുവരുത്തുന്നതിനു വേണ്ടിയുള്ള സർക്കാർ പദ്ധതി അനുസരിച്ച് മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ടവരെ ഏറ്റെടുത്ത് അവർക്ക് എല്ലാവിധ സംരക്ഷണവും നൽകാൻ തയ്യാറുള്ള സന്നദ്ധ സംഘടനകളെ തെരഞ്ഞെടുത്ത് ചുമതല ഏൽപ്പിക്കുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതു കൂടാതെ ഈ വകുപ്പ് നേരിട്ട് നടത്തുന്ന വൃദ്ധസദനങ്ങളിലും ഇവരെ സംരക്ഷിച്ചു വരുന്നു. ഈ പദ്ധതിപ്രകാരം അപേക്ഷിക്കുന്ന സ്ഥാപനത്തിന് ഓർഫനേജ് കൺട്രോൾബോർഡിന്റെ അംഗീകാരവും, നിയമപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയും ഉണ്ടായിരിക്കണം. ഒരു രജിസ്റ്റേർഡ് സംഘടനയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായിരിക്കണം. സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിന് ജില്ലാ കളക്ടർ ചെയർപേഴ്സൺ ആയിട്ടുള്ള ഒരു ജില്ലാതല കമ്മിറ്റിയുണ്ട്. സ്ഥാപനങ്ങളുടെ അപേക്ഷയും ജില്ലാ സാമൂഹ്യക്ഷേമ ഓഫീസറുടെ പരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അർഹരായ സ്ഥാപനങ്ങളെ ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തോടെ തെരഞ്ഞെടുക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനത്തിലെ അന്തേവാസികൾക്ക് 750- രൂപ നിരക്കിൽ പ്രതിമാസ ഗ്രാന്റ് നൽകുന്നു.

(ബി) തിരുവനന്തപുരം ജില്ലയിലെ 3 സന്നദ്ധ സംഘടനാ സ്ഥാപനങ്ങൾക്കും (1) കരുണാലയം, പോത്തൻകോട്, (2) ശാന്തിമന്ദിരം, വേട്ടനാട്, നെടുമങ്ങാട്, (3) പുത്തൻമന്ദിരം, ചിറയിൻകീഴ്. എറണാകുളം ജില്ലയിലെ 4 സന്നദ്ധ സംഘടനാ സ്ഥാപനങ്ങൾ (1) ദി പെലിക്കൺ സെന്റർ, കാഞ്ഞിരമറ്റം, (2) ബത്‌ലഹേം അഭയ ഭവൻ കൂവപ്പടി, (3) അഭയ ഭവൻ,

LIBRARY ARCHIVES Kerala Legislative Assembly

ചാരിറ്റബിൾ സൊസൈറ്റി, കൂവപ്പടി, എറണാകുളം (4) ക്രിസ്തുരാജ പ്രയർസെന്റർ, പിറവം, എറണാകുളം. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള 15 വൃദ്ധസദനങ്ങളിലും ഇപ്രകാരം അനാഥരും വൃദ്ധരുമായുള്ളവർക്ക് അടിയന്തര ഘട്ടങ്ങളിൽ പ്രവേശനം നൽകുന്നുണ്ട്.

(സി) പോലീസ് അധികാരികൾ സ്ഥാപനങ്ങളിൽ എത്തിക്കുന്നവരേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ ശുപാർശ ചെയ്യുന്നവരേയും ഈ സ്ഥാപനങ്ങളിൽ പ്രവേശിപ്പിക്കുന്നുണ്ട്.

(ഡി) 2007-08 മുതൽ 2009-10 വരെ നൽകിയ ധനസഹായത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു :

ജില്ല	സ്ഥാപനം	വർഷം	അനുവദിച്ച തുക (രൂപ)
തിരുവനന്തപുരം	1. കരുണാലയം, പോത്തൻകോട്	2007-08	22,500
		2008-09	3,56,250
		2009-10	96,500
	2. പുത്തൻമന്ദിരം, അഴൂർ	2007-08	46,500
		2008-09	1,27,500
		2009-10	97,500
	3. ശാന്തിമന്ദിരം, വാളിക്കോട്, നെടുമങ്ങാട്	2007-08	82,500
		2008-09	40,250
		2009-10	1,36,750
എറണാകുളം	1. ദി പെലിക്കൺ സെന്റർ,കാഞ്ഞിരമറ്റം	2007 മാർച്ച് മുതൽ 2009 ഫെബ്രുവരി വരെ	1,55,970
		2009-10	2,25,000
	2. ബത്‌ലഹേം, അഭയഭവൻ, കൂവപ്പടി	2007 മാർച്ച് മുതൽ 2009 ഫെബ്രുവരി വരെ	1,55,970
		2009-10	2,25,000
	3. അഭയ ഭവൻ ചാരിറ്റബിൾ സൊസൈറ്റി	2007 മാർച്ച് മുതൽ 2009 ഫെബ്രുവരി വരെ	1,55,970
		2009-10	2,25,000
	4. ക്രിസ്തുരാജാ പ്രെയർ സെന്റർ, പിറവം	2007 മാർച്ച് മുതൽ 2009 ഫെബ്രുവരി വരെ	1,55,970
		2009-10	2,25,000

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ സ്ഥാപനങ്ങളിലും സർക്കാർ ഓൾഡ് ഏജ് ഹോമുകളിലും കേന്ദ്ര സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും അന്തേവാസികൾക്ക് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ പരിശോധിക്കുകയും ചെയ്യുന്നു. സ്ഥാപനവുമായും പദ്ധതിയുമായും ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്ക് ബയോമെട്രിക് ഐഡന്റിറ്റി കാർഡ് നൽകുന്നതിനുള്ള നടപടിക്രമം

69 (659) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ സാമൂഹ്യക്ഷേമപെൻഷൻ ഗുണഭോക്താക്കൾക്കും ബയോമെട്രിക് ഐഡന്റിറ്റി കാർഡ് നൽകുന്നതിനുള്ള നടപടിക്രമം പൂർത്തിയായോ ;

(ബി) ഇതിനായി ഏതൊക്കെ സ്ഥാപനങ്ങളുമായാണ് കരാറുണ്ടാക്കിയത് ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇതുവരെ സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ എത്ര ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്തു എന്ന് അറിയിക്കുമോ ;

(ഡി) ഇതിനായി എന്തു തുകയാണ് ചെലവഴിച്ചത് എന്ന് അറിയിക്കുമോ ;

ഉത്തരം

(എ&ബി) സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്ക് ബയോമെട്രിക് ഐഡന്റിറ്റി കാർഡ് നൽകുന്ന പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് കൊല്ലം ജില്ലയിൽ നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിന് കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) ഇതുവരെ കാർഡുകൾ ഒന്നും വിതരണം ചെയ്തിട്ടില്ല.

(ഡി) ഇതുവരെ ഒരു തുകയും ചെലവഴിച്ചിട്ടില്ല.

സോഷ്യൽ സെക്യൂരിറ്റി മിഷന്റെ പ്രവർത്തനങ്ങൾ

70 (660) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനവും വിശദീകരിക്കാമോ ;

(ബി) ഇതിന് ഏത് നിയമപ്രകാരമാണ് പ്രവർത്തനത്തിനുള്ള നിയമ പരിരക്ഷ ഉറപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; ഒരു കോപ്പി ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിന്റെ ഘടനയും പ്രവർത്തനഫണ്ടും സംബന്ധിച്ച വിശദ വിവരം നൽകുമോ ;

(ഡി) മിഷന്റെ ആസ്ഥാനവും ജില്ലാതല പ്രവർത്തനത്തിനുള്ള സംവിധാനവും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ;

(ഇ) വൃദ്ധജന സംരക്ഷണം സംബന്ധിച്ച കാര്യങ്ങളിൽ സെക്യൂരിറ്റി മിഷൻ നടപ്പാക്കിയ പദ്ധതികളും അതു മുഖേനയുണ്ടായ പ്രയോജനങ്ങളും ചെലവാക്കിയ തുകയും സംബന്ധിച്ച് വിശദീകരിക്കുമോ ;

ഉത്തരം

(എ) ഉദ്ദേശ്യ ലക്ഷ്യങ്ങൾ :

1. സംസ്ഥാനത്തെ അശരണരും ആലംബഹീനരും, പാവപ്പെട്ടവരും, വൃദ്ധർ, കുട്ടികൾ, സ്ത്രീകൾ, ഗുരുതരമായ രോഗബാധിതരായവർ, ക്യാൻസർ ബാധിതർ തുടങ്ങി സമൂഹത്തിൽ സഹായവും സുരക്ഷയും ആവശ്യമുള്ള എല്ലാപേർക്കും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുക.

2. സംസ്ഥാനത്തെ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

3. സർക്കാർ ആശുപത്രികളിൽ പോഷക മൂല്യമുള്ള ഭക്ഷണം നൽകുന്നതിന് സൗകര്യങ്ങൾ ചെയ്യുക.

4. സർക്കാർ ആശുപത്രികളിൽ നിന്നും രോഗം ഭേദമായി വിട്ടയയ്ക്കുന്ന ആശ്രിതരില്ലാത്ത രോഗികളുടെ ക്ഷേമത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

5. വിവിധ സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് ഗവേഷണം നടത്തുകയും പ്രശ്ന പരിഹാരത്തിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക.

6. സാമൂഹ്യ പഠനങ്ങൾ, ആരോഗ്യം, ശാസ്ത്രം, സാങ്കേതിക പഠനങ്ങൾ, പരിസ്ഥിതിപഠനങ്ങളുടെ ഡോക്യുമെന്റേഷൻ നടത്തുക.

7. സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, അവർക്ക് ആവശ്യമായ പരിശീലനം നൽകി കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് പ്രാപ്തരാക്കുക.

8. സംസ്ഥാനത്തിന്റെ എല്ലാ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെയും പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഏജൻസിയായി പ്രവർത്തിക്കുക.

9. മുകളിൽ ചേർത്തിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ :

1. ക്യാൻസർ സുരക്ഷാ പദ്ധതി
2. താലോലം പദ്ധതി
3. വികലാംഗർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്ന പദ്ധതി
4. ഹംഗർഫ്രീ സിറ്റി പദ്ധതി
5. കാരുണ്യ സമ്പാദ്യപദ്ധതി
6. ആശ്വാസകിരണം പദ്ധതി
7. സ്നേഹസ്പർശം പദ്ധതി
8. വയോജനങ്ങൾക്കുള്ള പദ്ധതി
9. എൻഡോസൾഫാൻ ബാധിതർക്ക് പ്രതിമാസ ധനസഹായ പദ്ധതി
10. അന്നദായനി സ്കീം
11. പേമെന്റ് ഗേറ്റ് വേ
12. കുട്ടികളിലേയും കൗമാരപ്രായക്കാർക്കുമിടയിലുള്ള ആത്മഹത്യാ പ്രവണത തടയുന്നതിനുള്ള കർമ്മ പദ്ധതി.
13. പെൺഭ്രൂണഹത്യ, വിവാഹ ധൂർത്ത്, gender issues മുതലായവയിലുള്ള ബോധവൽക്കരണം.

(ബി) സർക്കാർ ഉത്തരവ് (എം എസ്.) നമ്പർ 56/2008/സാക്ഷേവ തീയതി 14-10-2008. കേരള സാമൂഹ്യ സുരക്ഷാ മിഷൻ Travancore Cochin Literary Scienctific and Charitable Societies Registration Act 1955 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സ്ഥാപനമാണ്. ഇത് സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സാമൂഹ്യ സുരക്ഷാ മിഷന് ബഹു. സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി ചെയർ പേഴ്സനും ഗവൺമെന്റ് സെക്രട്ടറി വൈസ്-ചെയർ പേഴ്സനുമായ 16 അംഗങ്ങളുള്ള ഒരു ഗവേണിംഗ് ബോഡിയും ഗവൺമെന്റ് സെക്രട്ടറി ചെയർമാനുമായ അഞ്ച് അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയുമുണ്ട്. എക്സിക്യൂട്ടീവ് ഡയറക്ടറാണ് ദൈനംദിന കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്. സാമൂഹ്യ സുരക്ഷാമിഷന് ആകെ 21 തസ്തികകൾ മാത്രമാണ് അംഗീകരിച്ചിട്ടുള്ളത്. മിഷന്റെ പ്രവർത്തനത്തിനായി സർക്കാർ 65 കോടി രൂപ കോർപ്പസ് ഫണ്ടായി നൽകിയിട്ടുണ്ട്. ഇതിന് പുറമേ രണ്ട് പദ്ധതികൾക്ക് സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ഫണ്ട് ലഭിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മിഷന്റെ ആസ്ഥാനം തിരുവനന്തപുരത്ത് പൂജപ്പുരയിലുള്ള സാമൂഹ്യക്ഷേമ വകുപ്പിന്റെ ഇൻസ്റ്റിറ്റ്യൂഷൻ കോംപ്ലക്സിലാണ്. മിഷന് ജില്ലാതല ഓഫീസുകൾ ഇല്ല. ജില്ലാതല പ്രവർത്തനത്തിന് ജില്ലാ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ സഹായം ലഭിക്കുന്നുണ്ട്.

(ഇ) വയോജനങ്ങൾക്ക് താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്:

(a) സാമൂഹ്യക്ഷേമ വകുപ്പിന്റെ എല്ലാ വൃദ്ധമന്ദിരങ്ങളിലും വൃദ്ധജനങ്ങളുടെ പരിപാലനത്തിനായി കെയർ ഗിവേഴ്സിന്റെ സേവനം നൽകിയിട്ടുണ്ട്. ഇതിനായി മിഷൻ 22.12 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(b) സാമൂഹ്യക്ഷേമ വകുപ്പിന്റെ ചില വൃദ്ധസദനങ്ങൾ കൂടുതൽ agedfriendly ആകാൻ വേണ്ട സജ്ജീകരണങ്ങൾക്കായി ഈ സ്ഥാപനങ്ങൾ നവീകരിക്കാൻ മിഷൻ KHRWS-നെ ഏൽപ്പിച്ചു. ഇതിനുള്ള എസ്റ്റിമേറ്റ് 313.18 ലക്ഷം രൂപയാണ്. ഇതിൽ 222.77 ലക്ഷം രൂപ നാളിതുവരെ മിഷൻ KHRWS-ന് നൽകിയിട്ടുണ്ട്.

(c) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഒൻപതാം വാർഡിലെ വൃദ്ധജനങ്ങളുടെ പരിപാലനത്തിനായി ഒൻപതാം വാർഡ് നവീകരിക്കുന്നു. ഇതിനായി KHRWS-ന്റെ എസ്റ്റിമേറ്റ് 71.72 ലക്ഷം രൂപയാണ്. നാളിതുവരെ മിഷൻ 21.77 ലക്ഷം രൂപ KHRWS-ന് നൽകിയിട്ടുണ്ട്.

(d) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഒൻപതാം വാർഡിലെ വയോജനങ്ങളെ സാമൂഹ്യക്ഷേമ വകുപ്പിന്റെ വൃദ്ധസദനങ്ങളിൽ പുനരധിവസിപ്പിക്കുന്ന പദ്ധതി. ഇതിനായി മിഷൻ 0.34 ലക്ഷം രൂപ ചെലവഴിച്ചു.

കൊയിലാണ്ടി മണ്ഡലത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

71 (661) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യക്ഷേമ വകുപ്പ് കൊയിലാണ്ടി മണ്ഡലത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയത് ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതിനുവേണ്ടി മണ്ഡലത്തിൽ എത്ര രൂപ ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയ ക്ഷേമ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

പേരാവൂർ നിയോജക മണ്ഡലത്തിൽ പുതിയതായി അനുവദിച്ച അംഗൻവാടികൾ

72 (664) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാവൂർ നിയോജക മണ്ഡലത്തിൽ പുതിയ അംഗൻവാടികൾ എത്രയെണ്ണം പഞ്ചായത്തു തലത്തിൽ അനുവദിച്ചുവെന്ന് വിശദീകരിക്കാമോ ;

(ബി) മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാതെ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ എണ്ണം പഞ്ചായത്തുതലത്തിൽ വ്യക്തമാക്കാമോ ;

(സി) ആറളം ആദിവാസി പുനരധിവാസ മേഖലയിൽ എം.എൽ.എ, എസ്,ടി.വകുപ്പ് സാമൂഹ്യക്ഷേമവകുപ്പ് തുടങ്ങിയവയുടെ ഫണ്ട് ഉപയോഗിച്ച് എത്ര അംഗൻവാടികൾ പുതുതായി പണികഴിപ്പിച്ചു ; ഇതിന്റെ പ്രവർത്തന പുരോഗതി വിശദീകരിക്കാമോ ;

(ഡി) പ്രസ്തുത അംഗൻവാടികളുടെ കെട്ടിടം പണി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പേരാവൂർ നിയോജക മണ്ഡലത്തിൽ പുതുതായി അനുവദിച്ച അംഗൻവാടികളുടെ പഞ്ചായത്ത് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

പ്രോജക്ടിന്റെ പേര്	പഞ്ചായത്ത്	അംഗൻവാടികളുടെ എണ്ണം
പേരാവൂർ	മുഴക്കുന്ന്	3
ഇരിട്ടി	അച്ചൻ കുന്ന്	8
ഇരിട്ടി	കൂടാളി	7
ഇരിട്ടി	കീഴല്ലൂർ	3
ഇരിട്ടി	മട്ടന്നൂർ നഗരസഭ	10
ഇരിട്ടി	തില്ലങ്കേരി	6
ഇരിട്ടി	ആറളം	17
ഇരിട്ടി	പായം	7
ഇരിട്ടി	കീഴൂർ-ചാവശ്ശേരി	8
ആകെ		73 (2 മിനി അംഗൻവാടികൾ ഉൾപ്പെടെ)

LIBRARY ARCHIVES Kerala Legislative Assembly

(ബി) മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാതെ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ പഞ്ചായത്തുതിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു :

പ്രോജക്ടിന്റെ പേര്	പഞ്ചായത്ത്	സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികളുടെ എണ്ണം
(1)	(2)	(3)
പേരാവൂർ	മുഴക്കുന്ന്	1
പേരാവൂർ	പേരാവൂർ	2
ഇരിട്ടി	അച്ചൻ കുന്ന്	2
ഇരിട്ടി	കൂടാളി	5
ഇരിട്ടി	തില്ലങ്കേരി	4
ഇരിട്ടി	കീഴൂർചാവശ്ശേരി	9
ഇരിട്ടി	ആറളം	4
ഇരിട്ടി	കീഴല്ലൂർ	2
ഇരിട്ടി	പായം	7
ഇരിട്ടി	മട്ടന്നൂർ നഗരസഭ	17
	ആകെ	53

(സി&ഡി) ആറളം ഫാം ആദിവാസിപുനരധിവാസ മേഖലയിൽ എം. എൽ. എ. യുടെയും എസ്. ടി വകുപ്പിന്റേയും ഫണ്ട് വിനിയോഗിച്ച് 4 അംഗൻവാടികൾക്ക് കെട്ടിടം പുതുതായി പണികഴിപ്പിച്ചിട്ടുണ്ട്. സാമൂഹ്യ ക്ഷേമവകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് പുതുതായി പണികഴിപ്പിക്കുന്ന 3 അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനം അന്തിമഘട്ടത്തിലാണ്. 2011 ജനുവരി മാസത്തോടെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയും.

കാസർഗോഡ് ജില്ലയിൽ അനുവദിച്ച അംഗൻവാടികൾ

73 (665) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ എത്ര അംഗൻവാടികൾ അനുവദിച്ചിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കാസർഗോഡ് ജില്ലയിൽ അനുവദിച്ചിട്ടുള്ള അംഗൻവാടികളുടെ മണ്ഡലം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

നിയോജക മണ്ഡലം	അംഗൻവാടികളുടെ എണ്ണം
ഹോസ്ദുർഗ്ഗ്	87
തൃക്കരിപ്പൂർ	46
കാസർഗോഡ്	118
മഞ്ചേശ്വരം	60
ഉദുമ	94
ആകെ	405

വയനാട് ജില്ലാ ശിശുക്ഷേമ സമിതിയുടെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം പൂർത്തിയാക്കാൻ നടപടി

74 (667) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലാ ശിശുക്ഷേമ സമിതിയുടെ ആസ്ഥാന മന്ദിരമായ ജവഹർ ബാല വികാസ് ഭവൻ നിർമ്മാണം മീനങ്ങാടിയിൽ ആരംഭിച്ചിട്ട് എത്ര വർഷമായെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുവരെ വ്യത്യസ്ത ഫണ്ടുകൾ ഉപയോഗിച്ച് എത്ര തുക ഈ കെട്ടിട നിർമ്മാണത്തിനായി ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഈ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോർ നിർമ്മാണത്തിനായി നീക്കി വച്ച ജില്ലാ വികസന നിധി വകമാറ്റി ചെലവഴിച്ച സംഭവം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഡി) ബാലവികാസ് ഭവൻ കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സഹായം ആവശ്യപ്പെട്ട് ജില്ലാ ശിശുക്ഷേമ സമിതിയുടെ നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ഇ) ഈ കെട്ടിടം നിർമ്മിച്ച വകയിൽ എത്ര രൂപയാണ് ബാദ്ധ്യത വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(എഫ്) ബി.ആർ.ജി.എഫ്. പോലുള്ള ഫണ്ട് ഉപയോഗപ്പെടുത്തി കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യക്ഷേമ വകുപ്പിന്റെ വയനാട് ജില്ലയിലെ പദ്ധതി പ്രവർത്തനം

75 (668) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി കഴിഞ്ഞ നാലു വർഷങ്ങളിൽ ഓരോ വർഷവും വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ താലൂക്കുതല വിശദാംശം വ്യക്തമാക്കുമോ ;

(ബി) വികലാംഗ ക്ഷേമ പരിപാടികളുടെ ഭാഗമായി കഴിഞ്ഞ നാലു വർഷങ്ങളിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിയ പ്രധാന പരിപാടികൾ വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ നാല് വർഷങ്ങളിൽ വയനാട് ജില്ലയിൽ പുതിയതായി ആരംഭിച്ച അംഗൻവാടികളുടേയും അപ്ഗ്രേഡ് ചെയ്യപ്പെട്ട അംഗൻവാടികളുടെയും താലൂക്കുതല വിശദാംശം വ്യക്തമാക്കുമോ ;

ഉത്തരം

(എ-സി) നാലു വർഷമായി വയനാട് ജില്ലയിൽ സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

വാർദ്ധക്യകാല/വിധവാ പെൻഷനുകൾ അനുവദിക്കുന്നത് സംബന്ധിച്ച മാനദണ്ഡം

76 (670) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാർദ്ധക്യകാല/വിധവാ പെൻഷനുകൾ അനുവദിക്കുന്നത് സംബന്ധിച്ച മാനദണ്ഡം വിശദമാക്കുമോ ;

(ബി) ആൺമക്കൾ ഉള്ള വൃദ്ധജനങ്ങൾക്കും വിധവകൾക്കും പെൻഷൻ അനുവദിച്ചുകൂടെന്ന വ്യവസ്ഥ നിലവിലുണ്ടോ ; ഇല്ലെങ്കിൽ പല തദ്ദേശ സ്ഥാപനങ്ങളും ഇത്തരം അപേക്ഷകൾ പരിഗണിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് സംബന്ധിച്ച ഉത്തരവുകളുടേയും മാർഗ്ഗ നിർദ്ദേശങ്ങളുടേയും കോപ്പി ലഭ്യമാക്കുമോ ;

(ഡി) ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് സാമൂഹ്യക്ഷേമ പെൻഷൻ അനുവദിക്കണമെന്നുള്ള നിർദ്ദേശം ബന്ധപ്പെട്ട എല്ലാവർക്കും നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) "വാർദ്ധക്യകാല പെൻഷൻ" : കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡമനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽപ്പെട്ട 65 വയസു കഴിഞ്ഞവർക്ക് ഈ പെൻഷന് അർഹതയുണ്ട്.

"അഗതി (വിധവ) പെൻഷൻ" : വിവാഹ ബന്ധം വേർപ്പെടുത്തുന്നതിലൂടെയോ മരണം മൂലമോ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നതിലൂടെ ഭർത്താവ് നഷ്ടപ്പെടുകയും പുനർവിവാഹം ചെയ്തിട്ടില്ലാത്തവരും ആയിരിക്കണം. ഈ പെൻഷൻ ലഭിക്കുന്നതിനുള്ള ഗുണഭോക്താക്കളുടെ ഉയർന്ന കുടുംബ വാർഷിക വരുമാന പരിധി ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 20,000- രൂപയിലും നഗരപ്രദേശങ്ങളിലുള്ളവർക്ക് 22,375 രൂപയിലും കൂടുതൽ ആയിരിക്കരുത്, എന്ന് നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) ആൺമക്കൾ ഉള്ള വൃദ്ധജനങ്ങൾക്കും വിധവകൾക്കും പെൻഷൻ അനുവദിച്ചുകൂടെന്ന വ്യവസ്ഥനിലവിലില്ല. ഇത്തരം അപേക്ഷകൾ പരിഗണിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 16-1-2008 -ലെ സ. ഉ (എം. എസ്) നം. 2/2008/സാ.ക്ഷേ.വ. നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പും, കേന്ദ്രഗ്രാമീണ വികസന മന്ത്രാലയത്തിന്റെ 24-9-2007-ലെ J 11013/1-2007/NOAP നമ്പർ ഓഫീസ് മെമ്മോറാണ്ടത്തിന്റെ പകർപ്പും അനുബന്ധമായി ചേർത്തിരിക്കുന്നു. † (അനുബന്ധം I, II)

(ഡി) 16-1-2008-ലെ സ. ഉ. (എം.എസ്) നം. 2/08/സാക്ഷേവ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട എല്ലാവരെയും അറിയിച്ചിട്ടുണ്ട്.

വിമൺ എംപവേഡ് കമ്മിറ്റികൾ

77 (671) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽസ്ഥലങ്ങളിലെ സ്ത്രീപീഡനം സംബന്ധിച്ച് പരിശോധന നടത്തുന്നതിനുള്ള വിമൺ എംപവേഡ് കമ്മിറ്റികൾ എത്രയെണ്ണമാണ് സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ വിമൺ എംപവേഡ് കമ്മിറ്റികളുടെ ശുപാർശയിൽമേൽ എത്ര കേസ്സുകൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എൺപത്തിയാറ് സർക്കാർ വകുപ്പുകളിലും/ സ്ഥാപനങ്ങളിലും മുപ്പത് പൊതുമേഖലാ സ്ഥാപനങ്ങളിലും വിമൺ എംപവേർഡ് കമ്മിറ്റികൾ രൂപീകരിച്ച വിവരം ലഭ്യമാണ്. തൊഴിൽസ്ഥലങ്ങളിൽ സ്ത്രീപീഡനം തടയുന്നതിനായുള്ള സുപ്രീംകോടതി മാർഗ്ഗനിർദ്ദേശമനുസരിച്ചുള്ള പരാതി കമ്മിറ്റികൾ അമ്പതോ അതിലധികമോ ജീവനക്കാർ ഉള്ള എല്ലാ സർക്കാർ വകുപ്പുകളിലും, സ്വയംഭരണ സ്ഥാപനങ്ങളിലും, സഹകരണ സ്ഥാപനങ്ങളിലും രൂപീകരിക്കുവാൻ സർക്കാർ കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ള സർക്കാർ വകുപ്പുകളുടേയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) വിവരം ശേഖരിച്ചുവരുന്നു.

തൊഴിലിടങ്ങളിൽ സ്ത്രീകളുടെ കംപ്ലയിന്റ്
കമ്മിറ്റികളുടെ രൂപീകരണം

78 (672) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലിടങ്ങളിൽ സ്ത്രീകളുടെ പരാതികൾ സ്വീകരിക്കുന്നതിന് കംപ്ലയിന്റ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന സുപ്രീം കോടതിവിധി നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) കംപ്ലയിന്റ് കമ്മിറ്റിയുടെ ഘടന എത്തരത്തിലായിരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന പീഡനം സംബന്ധിച്ച് പരാതികൾ സ്വീകരിക്കുന്നതിന് കംപ്ലയിന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സർവ്വകലാശാലകൾ ഉൾപ്പെടെ 86 സർക്കാർ വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ ഇത്തരം കംപ്ലയിന്റ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ലിസ്റ്റ് അനുബന്ധം- I ആയി ചേർത്തിരിക്കുന്നു.* തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീപീഡനം തടയുന്നതിനായുള്ള സുപ്രീംകോടതി മാർഗ്ഗനിർദ്ദേശമനുസരിച്ചുള്ള Sexual Harassment Complaint Committee-കൾ അമ്പതോ അതിലധികമോ ജീവനക്കാർ ഉള്ള എല്ലാ സർക്കാർ വകുപ്പുകളിലും സ്വയം ഭരണ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സഹകരണ സ്ഥാപനങ്ങളിലും രൂപീരിക്കുവാൻ സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം- 2 ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തൊഴിൽ ഇടങ്ങളിലെ നാല് ജീവനക്കാരും ഒരു വനിതാ പൊതു പ്രവർത്തകയും അടങ്ങുന്നതാണ് കംപ്ലയിന്റ് കമ്മിറ്റി - ജീവനക്കാരിൽ ഒരാൾ പുരുഷജീവനക്കാരനായിരിക്കണം. കമ്മിറ്റിക്ക് ചെയർപേഴ്സണും കൺവീനറും ഉണ്ടായിരിക്കുന്നതാണ്. തൊഴിലിടങ്ങളിൽ രൂപീകരിക്കുന്ന കമ്മിറ്റികൾ മൂന്നുമാസത്തിലൊരിക്കൽ യോഗം ചേരേണ്ടതും വർഷത്തിലൊരിക്കൽ സർക്കാരിന് റിപ്പോർട്ട് നൽകേണ്ടതുമാണ്. ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തുന്നതിനും ഉചിതമായ നടപടി നിർദ്ദേശിക്കുന്നതിനും സമിതിക്ക് അധികാരമുണ്ട്.

യത്തീംഖാനകൾക്കുള്ള ഗ്രാന്റ് വർദ്ധിപ്പിക്കാൻ നടപടി

79 (675) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ യത്തീംഖാനകൾക്കുള്ള ഗ്രാന്റ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇപ്പോൾ നൽകി വരുന്ന ഗ്രാന്റിന്റെ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് എത്ര യത്തീംഖാനകൾക്കാണ് ഗ്രാന്റ് നൽകി വരുന്നത് ; എന്നുവരെയുള്ള ഗ്രാന്റ് നൽകിയിട്ടുണ്ടെന്നും, കുടിശ്ശിക എന്നത്തേക്ക് വിതരണം ചെയ്യുമെന്നും വിശദമാക്കുമോ ;

(ഡി) ഗ്രാന്റിനുവേണ്ടിയുള്ള പുതിയ അപേക്ഷകളേതെങ്കിലും തീരുമാനമാകാതെയുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

<u>ഉത്തരം</u>

(എ) ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ്, കേരളയുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന അർഹതയുള്ള സ്ഥാപനങ്ങളുടെ ഗ്രാന്റ് തുക 200 രൂപയിൽനിന്ന് 250-രൂപയായി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഒരു അന്തേവാസിക്ക് പ്രതിമാസം 200 രൂപ പ്രകാരമാണ് സർക്കാർ ഗ്രാന്റ് നൽകുന്നത്.

(സി) സംസ്ഥാനത്ത് ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ്, കേരളയുടെ അംഗീകാരമുള്ള അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, ബഗ്ഗർ ഹോമുകൾ, മറ്റു ധർമ്മസ്ഥാപനങ്ങൾ എന്നീ വിഭാഗങ്ങളിലായി ആകെ 528 സ്ഥാപനങ്ങൾക്ക് 2009-10 സാമ്പത്തിക വർഷം ഗ്രാന്റ് നൽകിയിട്ടുണ്ട്. 2010-11 വർഷത്തെ ഗ്രാന്റ് തുകയ്ക്കുള്ള അലോട്ട്മെന്റുകൾ ബഡ്ജറ്റ് വിഹിതത്തിനാനുപാതികമായി ജില്ലാ സാമൂഹ്യക്ഷേമ ആഫീസുകൾക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതുതായി ഗ്രാന്റിന് അപേക്ഷിച്ചിട്ടുള്ള 17 അനാഥാലയങ്ങളുടേയും 98 വൃദ്ധസദനങ്ങളുടെയും നിലവിൽ ഗ്രാന്റിന് അനുമതി നൽകിയിട്ടുള്ളതും കൂടുതൽ അന്തേവാസികളെ പാർപ്പിക്കാൻ ഓർഫനേജ് കൺട്രോൾ ബോർഡ് അനുമതി ലഭിച്ചതുമായ 40 അനാഥാലയങ്ങളിലേയും വൃദ്ധസദനങ്ങളിലേയും അന്തേവാസികൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചു വരുന്നു.

സർക്കാർ സർവ്വീസിൽ വ്യാജ വികലാംഗ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജോലി നേടിയവർ

80 (678) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ വികലാംഗ നിയമനങ്ങളിൽ വ്യാജ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ഉപയോഗപ്പെടുത്തി അനർഹർ കടന്നുകൂടിയത് സംബന്ധിച്ച് വികലാംഗ അസോസിയേഷൻ ഓഫ് ഇന്ത്യ, വയനാട് ജില്ലാ കമ്മിറ്റി നൽകിയ പരാതിയിന്മേൽ അന്വേഷണത്തിനും അടിയന്തര റിപ്പോർട്ടിനുമായി സാമൂഹ്യക്ഷേമ ഡയറക്ടർ, വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണർ എന്നിവർക്ക് അയച്ചു കൊടുത്തിട്ടുണ്ടോ ;

(ബി) പ്രസ്തുത പരാതി സെക്രട്ടറിയുടെ ഓഫീസ് മേൽപ്പറഞ്ഞ മേധാവികൾക്ക് എന്നാണ് അയച്ചുകൊടുത്തതെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കുമോ ;

(സി) ഈ വിഷയത്തിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ റിപ്പോർട്ട് ലഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഡി) വയനാട് ജില്ലയിലെ നിയമനത്തട്ടിപ്പിന്റെ അടിസ്ഥാനത്തിൽ വികലാംഗ സർട്ടിഫിക്കറ്റ് ഉപയോഗപ്പെടുത്തി സർക്കാർ സർവ്വീസിൽ കയറിയ കേൾവി തകരാറും അസ്ഥിവൈകല്യവുമുള്ളവരെ കൂടുതൽ ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ 2606/എ2/08/സാക്ഷേവ നം. ഫയലിലെ 11-3-2008 തീയതിയിലെ കത്ത് പ്രകാരം സാമൂഹ്യക്ഷേമ ഡയറക്ടർ SCPWD എന്നിവർക്കും 20-10-08-ൽ വയനാട് ജില്ലാ കളക്ടർക്കും അയച്ചുകൊടുത്തിട്ടുണ്ട്.

(സി) ഈ വിഷയത്തിൽ വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണർ, വയനാട് ജില്ലാ കളക്ടർ എന്നിവർ റിപ്പോർട്ട് നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2000-ലെ കേരള വികലാംഗ നിയമത്തിലെ റൂൾ 7 പ്രകാരം വ്യാജ വികലാംഗ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയതായി ആരോപിക്കപ്പെടുന്ന 19 പേരുടെ വികലാംഗ സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിക്കുന്നതിനായി മെഡിക്കൽ കോളേജ് സൂപ്രണ്ട് ചെയർമാനായുള്ള അപ്പലേറ്റ് മെഡിക്കൽ ബോർഡ് രൂപീകരിക്കുവാൻ വേണ്ടി നിർദ്ദേശം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

വികലാംഗരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

81 (677) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗ വികസന കോർപ്പറേഷൻ വഴി വികലാംഗരുടെ സ്വയം തൊഴിലിനായി നൽകിവരുന്ന വായ്പകളുടെയും മറ്റ് ആനുകൂല്യങ്ങളുടേയും വിശദവിവരം അറിയിക്കുമോ ;

(ബി) സാമൂഹ്യക്ഷേമ വകുപ്പുവഴിയും മറ്റ് ഏജൻസികൾവഴിയും വികലാംഗരുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) അനുബന്ധം- 1 ആയി ചേർത്തിട്ടുണ്ട്. †

(ബി) 1995-ലെ വികലാംഗ സംരക്ഷണ നിയമം സംബന്ധിച്ചും വികലാംഗർക്കായുള്ള അവകാശങ്ങളെ സംബന്ധിച്ചും മുനിസിപ്പൽ/കോർപ്പറേഷനുകളിലേയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കായി സെമിനാറുകൾ, ടി. വി. ചാനലുകളിലൂടെ വീഡിയോ ക്ലിപ്പിംഗ്, ഡോക്യുമെന്ററി എന്നിവയുടെ സംപ്രേഷണം കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുക എന്നീ പരിപാടികൾ വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റു തലത്തിൽ ചെയ്തു വരുന്നുണ്ട്. കൂടുതൽ വിവരങ്ങൾ അനുബന്ധം - 2 ആയി ചേർത്തിട്ടുണ്ട്. *

വികലാംഗ സർട്ടിഫിക്കറ്റ് നൽകാൻ നടപടി

82 (679) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പ് നൽകുന്ന വികലാംഗ സർട്ടിഫിക്കറ്റ് ഇപ്പോൾ ഏതെല്ലാം കാര്യങ്ങൾക്കാണ് ആധികാരിക രേഖയായി കണക്കാക്കുമെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആലുവ നിയോജക മണ്ഡലത്തിൽ ഇതുവരെ സാമൂഹ്യക്ഷേമ വകുപ്പ് മുഖേന എത്രപേർക്ക് വികലാംഗ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) വികലാംഗ സർട്ടിഫിക്കറ്റ് ലഭിക്കാത്തവർക്ക് അത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പ് നൽകുന്ന തിരിച്ചറിയൽ കാർഡ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കെ. പി. എസ്. സി, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവർ പൊതു ആധികാരിക രേഖയായി അംഗീകരിക്കണമെന്ന് 30-11-2010-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 86/2010/സാക്ഷേവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) 1797 പേർക്ക്

(സി) വികലാംഗ സർട്ടിഫിക്കറ്റ് ഇതുവരെ ലഭിക്കാത്തവർക്ക് മെഡിക്കൽ കോളേജ്/ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ നിലവിലുള്ള മെഡിക്കൽ ബോർഡുകളെ സമീപിച്ച് സർട്ടിഫിക്കറ്റ് എടുക്കാവുന്നതാണ്.

വികലാംഗർക്ക് തിരിച്ചറിയൽ കാർഡ്

83 (680) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വികലാംഗരുടെ സർവ്വേ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) എല്ലാ വികലാംഗർക്കും തിരിച്ചറിയൽ കാർഡും സർട്ടിഫിക്കറ്റും നൽകുന്നതിനുള്ള പദ്ധതി സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്നുണ്ടോ ;

(സി) എങ്കിൽ ഇതിനായി കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ച ഫണ്ടിന്റെ വിശദാംശവും കാർഡ് നൽകുന്നതിനുള്ള മൊത്തം ചെലവും വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ വികലാംഗർക്ക് കേന്ദ്ര സംസ്ഥാന ഫണ്ടുപയോഗിച്ച് മുമ്പ് തിരിച്ചറിയൽ കാർഡ് നൽകിയിരുന്നോ ; എങ്കിൽ എത്ര പേർക്ക് നൽകിയിട്ടുണ്ടെന്നും ഏത് ഏജൻസിയാണ് ആ പദ്ധതി നടപ്പിലാക്കിയതെന്നും എന്തു തുക ചെലവായെന്നും വ്യക്തമാക്കുമോ ;

(ഇ) മുമ്പ് കാർഡ് ലഭിച്ചവർക്ക് വീണ്ടും കാർഡ് നൽകുന്നുണ്ടോ ; എങ്കിൽ രണ്ട് കാർഡിനും നിശ്ചയിച്ചിട്ടുള്ള ഉപയോഗം വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പ് വികലാംഗരുടെ സർവ്വേ നടത്തിയിട്ടില്ല. 2001 സെൻസസ് പ്രകാരം സംസ്ഥാനത്ത് 8.30 ലക്ഷം വികലാംഗരുള്ളതായി കണക്കാക്കുന്നു.

(ബി) ഉണ്ട്.

(സി) സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 6.2 കോടി രൂപ ഇതിനായി മിഷന് നൽകിയിട്ടുണ്ട്. ഇതിനായി ഇതുവരെ 5.47 കോടി രൂപ ചെലവായിട്ടുണ്ട്.

(ഡി) സംസ്ഥാന ഫണ്ട് ഉപയോഗിച്ച് വികലാംഗക്ഷേമ കമ്മീഷണറേറ്റിൽ നിന്നും KELTRON വഴിയാണ് മുമ്പ് തിരിച്ചറിയൽ കാർഡ് നൽകിയിരുന്നത്. 1,37,072 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിരുന്നു. ചെലവായ തുക സംബന്ധിച്ച് വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) ഇല്ല. എന്നാൽ മുമ്പ് കാർഡ് ലഭിച്ചവർ 18 വയസ്സിന് താഴെ ഉള്ളവരാണെങ്കിൽ അവർക്ക് 18 വയസ്സ് തികയുന്ന മുറയ്ക്ക് കാർഡ് പുതുക്കി നൽകുന്നുണ്ട്. കാലാവധി തീർന്നവർക്ക് വീണ്ടും മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് പ്രകാരം കാർഡ് നൽകിയിട്ടുമുണ്ട്. സർക്കാർ ഉത്തരവ് (പി) നമ്പർ 86/2010/സാക്ഷേവ തീയതി 30-11-2010 പ്രകാരം ഈ തിരിച്ചറിയൽ കാർഡ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ നൽകുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ പൊതു ആധികാരിക രേഖയായി മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണെന്നും വിവിധ വകുപ്പുകൾ നൽകുന്ന ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് വികലാംഗത്വം തെളിയിക്കുന്നതിന് മറ്റ് സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്നത് വികലാംഗർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ ഒഴിവാക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി

84 (681) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഏതൊക്കെ ജലസേചന പദ്ധതികളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏതു ഘട്ടങ്ങളിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ ആവിഷ്കരിച്ച് ഇപ്പോൾ നടപ്പിലാക്കുന്ന ജലസേചന പദ്ധതികൾ.

1. അഴീക്കോടിനും ഏറിയാടിനും ഇടയിൽ 1680 മീ. നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് Critical Anti Sea erosion Works in coastal and other than Ganga Basin States എന്ന സ്കീമിൽ ഉൾപ്പെടുത്തി 3 കോടി രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിരുന്നു.

2. കേന്ദ്ര സർക്കാർ ദുരിതബാധിത ജില്ലകൾക്കായി (വയനാട്, കാസർകോട്, പാലക്കാട്) കർഷകർക്കായുള്ള പ്രത്യേക പദ്ധതിവഴി ചെറുകിട ജലസേചന മേഖലയിൽ RIDF XIII-ൽ ഉൾപ്പെടുത്തി 2007-08-ൽ 19.71 കോടി രൂപയുടെ 75 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. 2010-11-ൽ RIDF XVI-ൽ ഇതുവരെയായി 11.30 കോടി രൂപയുടെ 32 പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്.

3. കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കുട്ടനാട് പാക്കേജ് എന്ന പദ്ധതി കുട്ടനാട് പ്രദേശത്തെ വെള്ളപ്പൊക്ക കെടുതികൾ ലഘൂകരിക്കുന്നതിനും തിരുവനന്തപുരം ജില്ലയുടെ കടൽത്തീരത്ത് കടലാക്രമണം നേരിടുന്നതിനും വേണ്ടി പുലിമുട്ട് നിർമ്മിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയർ, പ്രോജക്ട്-1-ന്റെ കീഴിൽ പാലക്കാട് ജില്ലയിലെ മലമ്പുഴ, കാഞ്ഞിരപ്പുഴ, ചിറ്റൂർപ്പുഴ, എന്നീ പദ്ധതികൾക്ക് പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി കേന്ദ്ര ഗവണ്മെന്റിന്റെ ERM (Extension, Renovation & Modernisation)-ൽ ഉൾപ്പെടുത്തി AIBP സഹായം ലഭിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയർ,പ്രോജക്ട് 2 കീഴിൽ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന് 2002 മുതൽ കേന്ദ്ര ഗവൺമെന്റ് സഹായം ലഭ്യമാണ്. അഡ്മിനിസ്ട്രേറ്റർ, കാഡയുടെ കീഴിൽ പൂർത്തീകരിച്ച ജലസേചന പദ്ധതികളുടെ ആയക്കെട്ട് പ്രദേശത്ത് കേന്ദ്ര സഹായത്തോടു കൂടിയുള്ള കമാന്റ് ഏരിയ വികസന പ്രവർത്തനങ്ങളാണ് കാഡയുടെ കീഴിൽ നടപ്പിലാക്കുന്നത്.

(ബി) ചീഫ് എഞ്ചിനീയറിന്റെ (ജലസേചനവും ഭരണവും) കീഴിൽ

1. Critical anti Sea erosion works in coastal and other than Ganga basin states എന്ന Scheme 2005 ൽ പണി ആരംഭിച്ചു. ഇതിന്റെ പണി പൂർത്തിയായി.

2. RIDF XIII-ൽ 61 പണികൾ പൂർത്തീകരിച്ചു. 5 പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 9 പണികൾ വിവിധ കാരണങ്ങളാൽ ഉപേക്ഷിച്ചു. RIDF XVI-ൽ അനുവദിച്ച പ്രവർത്തികളുടെ ടെണ്ടർ നടപടികൾ തുടങ്ങിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

3. കുട്ടനാട് പ്രദേശത്തെ വെള്ളപ്പൊക്കം ലഘുകരിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികളുടെ വിവിധ ഘട്ടങ്ങൾ താഴെ വിവരിക്കുന്നു.

1. കുട്ടനാട് ഭാഗത്തെ 14 പാടശേഖരങ്ങൾ ഉൾപ്പെടുത്തി 24.70 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കി വരുന്നു.

2. സി. ഡി. റാണി- ചിത്തിര എന്നീ പാടശേഖരങ്ങളും അതിനടുത്ത് കിടക്കുന്ന അഞ്ച് പാടശേഖരങ്ങളും ഉൾപ്പെടുത്തി 118.913 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കിവരുന്നു.

3. ഫെയ്സ് 1-ൽ 231 പാടശേഖരങ്ങൾക്കും ഫെയ്സ് 2-ൽ 432 പാടശേഖരങ്ങൾക്കും ഫെയ്സ് 3-ൽ 335 പാടശേഖരങ്ങൾക്കും വേണ്ടി 2443.89 കോടി രൂപയുടെ പദ്ധതി റിപ്പോർട്ടുകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

4. ഓണാട്ടുകര പ്രദേശത്തെ 12 വാട്ടർ ഷെഡ്ഡുകൾ ഉൾപ്പെടുത്തി വെള്ള പ്പൊക്ക നിവാരണം നടപ്പിലാക്കുന്നതിനായി 252.75 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

5. തണ്ണീർമുക്കം-തോട്ടപ്പള്ളി എന്നിവയുടെ ഷട്ടറുകൾ പുനർനിർമ്മിതി ഉൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതിന് വേണ്ടിയുള്ള പഠനം നടന്നുകൊണ്ടിരിക്കുന്നു. ചീഫ് എഞ്ചിനീയർ, പ്രോജകട് 1-ന്റെ കീഴിൽ കാഞ്ഞിരപ്പുഴ പദ്ധതിയുടെ 182 പ്രവൃത്തികളിൽ 66 പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. ഇതിന് കേന്ദ്ര സഹായത്തിന്റെ ആദ്യ ഗഡുവായി 90.45 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. മലമ്പുഴ പദ്ധതിയുടെ കീഴിലുള്ള 80 പ്രവൃത്തികളിൽ 68 പ്രവൃത്തികൾ പൂർത്തീകരിക്കു കയും ബാക്കിയുള്ളവയുടെ പ്രവർത്തനം വിവിധ ഘട്ടങ്ങളിലുമാണ്. ചിറ്റൂർപ്പുഴ പദ്ധതിയുടെ കീഴിലുള്ള 34 പ്രവൃത്തികൾ അറേഞ്ച് ചെയ്തതിൽ 32 എണ്ണം പൂർത്തീകരിച്ചു. കൂടാതെ 78 വർക്കുകൾ ടെണ്ടറിന് കേന്ദ്ര സഹായത്തിന്റെ ആദ്യ ഗഡുവായി 585.22 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയർ, പ്രോജക്ട് 2-ന്റെ കീഴിൽ മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ട് 1994 - ൽ ഭാഗീകമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. എന്നാൽ ഈ പദ്ധതി 2011 ഡിസംബറിൽ മുഴുവൻ പണികളും പൂർത്തിയാക്കി 2012 മാർച്ചിൽ പൂർണ്ണമായും കമ്മീഷൻ ചെയ്യാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കു ന്നത്. അഡ്മിനിസ്ട്രേറ്റർ, കാഡയുടെ കീഴിൽ കാഞ്ഞിരപ്പുഴ, പഴശ്ശി, കല്ലട എന്നീ ജലസേചന പദ്ധതികളുടെ ആയക്കെട്ട് പ്രദേശത്താണ് ഇപ്പോൾ കമാന്റ് ഏരിയ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നത്. 2010 മാർച്ച് വരെ, കാഞ്ഞിരപ്പുഴ പദ്ധതിയുടെ കീഴിലുള്ള 8167 ഹെക്ടർ ആയക്കെട്ടിൽ 6253.43 ഹെക്ടർ പ്രദേശത്തും, പഴശ്ശി പദ്ധതിയുടെ 11530 ഹെക്ടർ ആയക്കെട്ടിൽ 1361.75 ഹെക്ടർ പ്രദേശത്തും കല്ലട പദ്ധതി യിലെ 535.14 ഹെക്ടർ ആയക്കെട്ടിൽ 225 ഹെക്ടർ പ്രദേശത്തും ജലസേചന സൗകര്യം മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട ശുദ്ധജല വിതരണ പദ്ധതി നടത്തിപ്പ്

85 (682) ശ്രീ. എം. മുരളി :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇനിയും എത്ര ചെറുകിട ശുദ്ധജല വിതരണ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട് ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഇത്തരത്തിൽ എത്ര ചെറുകിട ശുദ്ധജല വിതരണ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തത് ; ഇതിൽ എത്ര പദ്ധതികൾ ഇതിനകം പൂർത്തീകരിക്കാനായി ;

(സി) ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(ഡി) ഇനിയും പൂർത്തീകരിക്കാനുള്ള ഈ ചെറുകിട ശുദ്ധജല വിതരണ പദ്ധതികളുടെ പ്രവർത്തനം പൂർണ്ണമാകുമ്പോൾ പുതുതായി എത്ര ലക്ഷം പേർക്ക് കുടിവെള്ളമെത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഇ) ഈ പദ്ധതികൾ പൂർണ്ണമായി പ്രവർത്തനസജ്ജമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന 210 ചെറുകിട ശുദ്ധജല വിതരണ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം കേരള വാട്ടർ അതോറിറ്റി വിവിധ പദ്ധതികളിലായി 577 ചെറുകിട ശുദ്ധജലവിതരണ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 390 പദ്ധതികൾ ഇതിനകം പൂർത്തിയാക്കി.

(സി) പദ്ധതിക്കാവശ്യമായ സ്ഥലം ലഭിക്കുന്നതിലുള്ള കാലതാമസം, റോഡിൽക്കൂടി പൈപ്പ് ലൈനുകൾ സ്ഥാപിക്കാൻ പൊതുമരാമത്ത് വകുപ്പിൽ നിന്ന് അനുമതി ലഭിക്കാനുള്ള കാലതാമസം, ചില പദ്ധതികൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള കാലതാമസം, കരാറുകാരുടെ ഭാഗത്തുനിന്നുള്ള കാലതാമസം, പൈപ്പുകൾ സ്ഥാപിക്കാൻ റെയിൽവേയുടെ അനുമതി ലഭിക്കാനുള്ള കാലതാമസം, സ്വജലധാരാ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന ബെനിഫിഷറി കമ്മിറ്റികളുടെ ക്രിയാത്മകമായ പ്രവർത്തനത്തിന്റെ അപര്യാപ്തത, വനം വകുപ്പിന്റെ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം എന്നിവ മൂലമാണ് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചെറുകിട പദ്ധതികൾ പൂർത്തിയാക്കുന്നതിന് ഏകദേശം 20 ലക്ഷം പേർക്ക് പുതിയതായി കുടിവെള്ളമെത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) പദ്ധതികൾ പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുന്നതിനു വേണ്ടി വിവിധതലങ്ങളിൽ മീറ്റിംഗുകൾ കൂടുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. വിവിധ തദ്ദേശ സ്ഥാപനങ്ങളുമായി ചർച്ച നടത്തുകയും കരാറുകാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥലലഭ്യതയുടെ കാര്യങ്ങൾ പരിഹരിക്കാൻ ശ്രമിച്ചുവരുന്നു. കേസുകളിൽ തീർപ്പുകൽപ്പിക്കുന്നത് ത്വരിതപ്പെടുത്തുക, പൊതുമരാമത്തുമായി ബന്ധപ്പെട്ട്, പൈപ്പ് ലൈനുകൾ സ്ഥാപിക്കുവാനുള്ള അനുമതി ത്വരിതപ്പെടുത്തുക മുതലായവയും ചെയ്തുവരുന്നു.

വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ

86 (683) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കുടിവെള്ള വിതരണത്തിനായി വാട്ടർ അതോറിറ്റി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വന്നിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) അവയിൽ ഏതെല്ലാമാണ് പൂർത്തീകരിക്കാൻ കഴിഞ്ഞതെന്ന് വെളിപ്പെടുത്തുമോ ;

(സി) ബാക്കിയുള്ള പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ മേഖലയിൽ ഏതെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇവയിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) 190 ഗ്രാമീണ കുടിവെള്ള പദ്ധതികളും 54 നഗരകുടിവെള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) ഇവയിൽ ഇതുവരെ ആകെ 63 പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിലെ ജെ.ബി.ഐ.സി. പദ്ധതി ഭാഗീകമായി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) 2012-13 വർഷത്തോടെ ബാക്കിയുള്ള പദ്ധതികളെല്ലാം പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രസഹായത്തോടെയുള്ള 49 പദ്ധതികളും സംസ്ഥാന സർക്കാരിന്റെ 'സാർക്ക്' പദ്ധതിയിൽപ്പെടുത്തി 30 പദ്ധതികളും 'ജൻറം' വിഭാഗത്തിൽപ്പെടുത്തി 2 പദ്ധതികളും 'യുഡിസ്മാറ്റ്' പദ്ധതിയിൽപ്പടുത്തി 13 പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിനു പുറമേ കേരള ജല അതോറിറ്റി ഏറ്റെടുക്കുകയും എന്നാൽ തുടർ സാമ്പത്തിക സഹായം ലഭിക്കാതെ മുടങ്ങിപ്പോകുകയും ചെയ്ത എൽ. ഐ. സി, എ. ആർ. പി, പി, എം. ജി. വൈ വിഭാഗത്തിപ്പെട്ട പദ്ധതികൾ പുനരാവിഷ്കരിച്ചതും മറ്റു ചില പുതിയ പദ്ധതികളും ഉൾപ്പെടെ 36 പദ്ധതികൾ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഏറ്റെടുത്തു നടപ്പിലാക്കിവരുന്നു.

(ഇ) ഇവയിൽ 13 പദ്ധതികൾ ഇതിനകം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ജലനിധി പദ്ധതിയുടെ നടത്തിപ്പ്

87 (654) ശ്രീ. യു. സി. രാമൻ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ജലനിധി' പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ; ഒന്നാംഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളിൽ ഏതെല്ലാം പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) രണ്ടാം ഘട്ടത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; ഇതു സംബന്ധിച്ച കേന്ദ്ര നിർദ്ദേശങ്ങളുടെ ഗൈഡ് ലൈസൻസിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ജലത്തിന്റെ ഗുണനിലവാരം പരിശോധനാ സംവിധാനം സംസ്ഥാനത്ത് കാര്യക്ഷമമല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങളും തീരുമാനവും എന്താണെന്ന് വിശദമാക്കുമോ ;

(ഡി) ഈ വിഷയത്തിൽ കേന്ദ്രം വിളിച്ചുചേർത്ത സെക്രട്ടറിതലത്തിലെ യോഗത്തിൽ ചർച്ച ചെയ്ത പ്രധാന വസ്തുതകൾ എന്തായിരുന്നു എന്ന് വിശദമാക്കുമോ ;

(ഇ) ഇത്തരത്തിലുള്ള പദ്ധതികൾ വിജയകരമായി ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കിയ മറ്റ് സംസ്ഥാനങ്ങളുടെ മാതൃക പിന്തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ മന്ത്രിതലത്തിൽ ചർച്ച ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ജലനിധി ലോകബാങ്കിന്റെ സഹായത്തോടെ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന ആവശ്യാധിഷ്ഠിത കുടിവെള്ള ശുചിത്വ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയാണ്. ഗുണഭോക്തൃ സമിതിയെ സഹായിക്കാനായി SO/GPA-നെ പഞ്ചായത്ത് നിയമിക്കുന്നു. 1999-തുടങ്ങി 30-9-8-ൽ ലോക ബാങ്കിന്റെ ധനസഹായം അവസാനിച്ചതിനാൽ കേരള സർക്കാർ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പദ്ധതികൾ പൂർത്തീകരിച്ചുവരുന്നു. പദ്ധതി ഘടകങ്ങൾ

· കുടിവെള്ള പദ്ധതികൾ

· പഞ്ചായത്ത് ശാക്തീകരണം,

· പുതിയ കക്കൂസുകളുടെ നിർമ്മാണം;

· ആഴക്കുഴി കക്കൂസുകളുടെ പരിവർത്തനം

· കമ്പോസ്റ്റ് പിറ്റ്, സോക് പിറ്റ് മുതലായവയുടെ നിർമ്മാണം.

(ബി) കുടിവെള്ള പദ്ധതിക്ക് 15% ഗുണഭോക്താക്കളും 10% പഞ്ചായത്തും 75% ലോകബാങ്കും കേരള സർക്കാരുമാണ് വഹിക്കുന്നത്. 3712 കുടിവെള്ള പദ്ധതികൾ ഏറ്റെടുത്തതിൽ ചവറ-പന്മന കുടിവെള്ള പദ്ധതി 7 KM മാത്രമാണ് ഇനി പൂർത്തിയാക്കാനുള്ളത്. പദ്ധതി 2011 ജനുവരിയിൽ കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. തൃശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമ പഞ്ചായത്തിലെ ബൃഹത് കുടിവെള്ള പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പണികൾ SLEC യുടെ മേൽനോട്ടത്തിൽ പൂർത്തീകരിക്കുന്നതാണ്. ജലനിധി രണ്ടാം ഘട്ടത്തിലും പ്രധാനമായും കുടിവെള്ള പദ്ധതികളാണ് ഉദ്ദേശിക്കുന്നത്. ഗുണഭോക്തൃ സമിതികൾ മുഖേന ഗ്രാമപഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. രണ്ടാംഘട്ട പദ്ധതിയുടെ ലോകബാങ്കിന്റെ അംഗീകാരത്തിനായുള്ള ചർച്ചകൾ നടന്നു വരികയാണ്. ഇതു സംബന്ധിച്ച് കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നുംതന്നെ പുറപ്പെടുവിച്ചിട്ടില്ല.

(സി) ജലനിധിവഴി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് തുടർ പരിപാലനത്തിനും നടത്തിപ്പിനുമായി കൈമാറും. പദ്ധതികൾ കമ്മീഷൻ ചെയ്യുന്ന സമയത്ത് ഗുണനിലവാര പരിശോധന നടത്തുകയും പ്രശ്നമുള്ള സ്ഥലങ്ങളിൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഗുണനിലവാര പരിശോധനയുടെ പ്രാധാന്യത്തെക്കുറിച്ചും അത് നടപ്പിലാക്കുന്നതിനെക്കുറിച്ചും ഓരോ ഗുണഭോക്തൃസമിതിക്കും ഓപ്പറേറ്റർമാർക്കും പരിപാലന പരിശീലനത്തിന്റെ ഭാഗമായി പരിശീലനം നൽകാറുണ്ട്. എന്നാൽ ഗുണനിലവാര പരിശോധന കൂടുതൽ കാര്യക്ഷമമായി നടക്കേണ്ടതുണ്ട്. ആയതിലേക്ക് ജലനിധി രണ്ടാംഘട്ടത്തിൽ പദ്ധതി പരിശീലനത്തിനു പുറമെ പദ്ധതികരാർ രേഖയിലും മറ്റും വേണ്ട ഭേദഗതികൾ വരുത്തി ഗുണനിലവാര പരിശോധന കാര്യക്ഷമമാക്കുവാനും ഉദ്ദേശിക്കുന്നു. കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുവാനായി എല്ലാ ജല ശുദ്ധീകരണശാലകളോടനുബന്ധിച്ചും ഗുണനിലവാര

LIBRARY ARCHIVES Kerala Legislative Assembly

പരിശോധനാ ലാബുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും ഓരോ ജില്ലാ ലാബുകളും നിലയിലുണ്ട്. ഇതിന് പുറമേ ആലുവയിലെ മരടിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ ജല ഗുണനിലവാര പരിശോധനയ്ക്കായി '15-സബ് ഡിവിഷണൽ ലാബുകളും പുതുതായി പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്.

(ഡി) ലഭിക്കുന്ന ജലത്തിന് ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിൽ ഇക്കാര്യം പരിഹരിക്കുന്നതിന് അടുത്ത വർഷത്തെ പദ്ധതിയിൽ പരിഹാരം കാണുക, ഫ്ളുറൈഡ് മലിനീകരണം, ലവണാംശം എന്നിവ പരിഹരിക്കുന്നതിലേക്കായി മഴവെള്ള സംഭരണം നേർപ്പിക്കൽ എന്നീ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും കേരള വാട്ടർ അതോറിറ്റി സി. ജി. ഡബ്ല്യു. ബി -യുമായി സഹകരിച്ച് ജല ലഭ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തുന്നതിനും സ്ട്രക്ച്ചേഴ്സിന് രൂപം നൽകുന്നതിനും വാട്ടർ ലെവൽ മോണിറ്റർ ചെയ്യുന്നതിനും അതിനുവേണ്ടി ഉദ്യോഗസ്ഥ തലത്തിൽ പരിശീലനം നൽകണമെന്നും അഭിപ്രായപ്പെട്ടു. കൂടാതെ സി. ജി. ഡബ്ല്യു. ബി ഫീൽഡ് ഓഫീസേഴ്സും പി. എച്ച്. ഇ. ഡി യുമായി ചേർന്ന് എൻ. ഡി. ഡബ്ല്യു. പി ഫണ്ട് ഉപയോഗിച്ച് നിലവിലെ രീതി തുടരുന്നതിനും ഇരുവരും തമ്മിൽ സക്രിയ ഇടപെടലുകൾ ആവശ്യമാണെന്നും ചർച്ചയിൽ അഭിപ്രായപ്പെട്ടിരുന്നു. കർണ്ണാടകത്തിൽ നടപ്പിലാക്കിയതുപോലെ കുടിവെള്ളത്തിൽനിന്നും ഇരുമ്പിന്റെ അംശം നീക്കുന്നത് എല്ലാ സംസ്ഥാനങ്ങളിലും നടപ്പാക്കണമെന്നും, ഇരുമ്പ് അംശംകൂടുതലായുള്ള പ്രദേശങ്ങളിൽ അത് നീക്കം ചെയ്യുന്നതിനുള്ള ലഘുമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും സ്കൂളുകളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള ജലമണി പദ്ധതി ത്വരിതപ്പെടുത്താനും കുടിവെള്ള പദ്ധതി തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് അവനിലനിർത്തണമെന്നും സ്വകാര്യ സാമ്പിളുകൾ പരിശോധിക്കുന്നതിനും നിശ്ചിത ഫീസ് ഈടാക്കി കേരള വാട്ടർ അതോറിറ്റി ലാബുകളിൽ പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക എന്നിവയാണ് ചർച്ച ചെയ്ത പ്രധാന വസ്തുതകൾ. കൂടാതെ സബ്-ഡിവിഷണൽ ലാബുകൾ എൻ.ജി.ഒ കളുടെ കീഴിൽ അനുവദിക്കുകയോ കേരളത്തിലും ഗുജറാത്തിലും ജമ്മു ആന്റ് കാശ്മീരിലും ഉള്ളതുപോലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലാബുകൾ ഉപയോഗപ്പെടുത്തുകയും എല്ലാ സംസ്ഥാനങ്ങളിലും എല്ലാപേർക്കും പൈപ്പ് വഴിയുള്ള ജല വിതരണം ഏർപ്പെടുത്തുന്നതിനുള്ള സ്കീമുകൾക്ക് ആവശ്യമായ തുക അതാത് സംസ്ഥാനങ്ങൾ കണ്ടെത്തണമെന്നും ചർച്ചയിൽ അഭിപ്രായം ഉണ്ടായി.

(ഇ) ഗ്രാമപഞ്ചായത്തുകൾ മുഖേന ജന പങ്കാളിത്തത്തോടെ കേരളം നടപ്പിലാക്കിയ ആദ്യഘട്ട ജലനിധി പദ്ധതി മറ്റ് സംസ്ഥാനങ്ങൾക്കും ഒരു ഉത്തമ മാതൃകയാക്കണമെന്ന് വേൾഡ് ബാങ്ക് അഭിപ്രായപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തമിഴ്നാടിന് വെള്ളം നൽകുന്ന ഡാമുകൾ

88 (685) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഏതെല്ലാം അണക്കെട്ടുകളിൽ നിന്നാണ് തമിഴ്നാടിന് കേരള സർക്കാർ വെള്ളം കൊടുക്കുന്നത് ; അണക്കെട്ടുകളുടെ പേര് വ്യക്തമാക്കുമോ ;

(ബി) മേൽപ്പറഞ്ഞ ഓരോ അണക്കെട്ടിലും നിന്നും 2009 വർഷം എത്ര അളവ് വെള്ളം കൊടുത്തു ; കൊടുക്കുന്ന വെള്ളത്തിന്റെ മാർക്കറ്റ് വില കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(സി) ഇത്തരത്തിൽ വെള്ളം കൊടുക്കുന്ന വകയിൽ ഓരോ ഡാമിൽ നിന്നും സർക്കാരിന് എന്ത് പ്രതിഫലം വീതം ലഭിച്ചിട്ടുണ്ടെന്ന് ഡാം തിരിച്ച് വ്യക്തമാക്കുമോ ;

ഉത്തരം

(എ&ബി)) മുല്ലപ്പെരിയാർ അണക്കെട്ടിലെ 155 അടി ഉയരം വരെയുള്ള കോണ്ടൂർ ലൈനിൽ ചുറ്റപ്പെട്ട പ്രദേശത്തെയോ, അതിലൂടെയോ, അതിൽ നിന്നോ ഒഴുകുന്നജലം മുഴുവൻ തമിഴ്നാട് കൊണ്ടുപോകുന്നുണ്ട്. ഏകദേശം 22 Tmcft ജലം വർഷന്തോറും മുല്ലപ്പെരിയാറിൽ നിന്നും തമിഴ്നാടിന് ലഭിക്കുന്നു.

1970-ൽ ഒപ്പുവച്ച പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പ്രകാരം പെരിയാർ, ചാലക്കുടി, ഭാരതപ്പുഴ എന്നീ നദീതടങ്ങളിലെ ജലം കേരളവും തമിഴ്നാടും പങ്കുവയ്ക്കുന്നുണ്ട്. ഇതിൻപ്രകാരം പെരിയാർ നദീതടത്തിലെ നീരാർ വിയറിൽനിന്നും ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള കാലാവധിയൊഴികെയുള്ള മുഴുവൻ സമയത്തെയും ജലം തമിഴ്നാട് കൊണ്ടുപോകുന്നു.

ചാലക്കുടി നദീതടത്തിൽ നിന്ന് ഓരോ വർഷവും കേരളത്തിന് അവകാശപ്പെട്ട 12.3 Tmcft ജലം ഒഴികെയുള്ള ജലം മുഴുവൻ തമിഴ്നാടിന് ഉപയോഗിക്കാവുന്നതാണ്.

ലോവർ നീരാർ ഡാമിന്റെയും പറമ്പിക്കുളം, പെരുവാരിപ്പള്ളം, തൂണക്കടവ് ഡാമിന്റെയും വൃഷ്ടി പ്രദേശത്തുള്ള ജലം ഒരുമിച്ചു കണക്കാക്കി 16.5 Tmcft വരെയുള്ള മുഴുവൻ ജലവും തമിഴ്നാടിന് ലഭിക്കുന്നു.

1973-ലെ ശിരുവാണി കുടിവെള്ള പദ്ധതികരാർ പ്രകാരം ശിരുവാണി ഡാമിൽ നിന്നും പ്രതിവർഷം 1.3 Tmcft യിൽ കവിയാത്ത ജലം തമിഴ്നാടിന് നൽകുന്നുണ്ട്. മുല്ലപ്പെരിയാർ ഡാമിൽ നിന്ന് 2009-ൽ 18.84 Tmcft ജലവും ശിരുവാണിയിൽനിന്ന് 2009-10-ൽ 1.10057 Tmcft ജലവും പറമ്പിക്കുളം,

LIBRARY ARCHIVES Kerala Legislative Assembly

പെരുവാരിപ്പള്ളം, തൂണക്കടവ് ഡാമുകളിൽ നിന്ന് 2009-10 ജലവർഷം 10.217 Tmcft ജലവും നൽകിയിട്ടുണ്ട്.

ജലം തമിഴ്നാടിന് നൽകുന്നത് വാണിജ്യാടിസ്ഥാനത്തിലല്ലാത്തതിനാൽ വില കണക്കാക്കിയിട്ടില്ല.

(സി) മുല്ലപ്പെരിയാർ ഡാമിൽനിന്നും കൊണ്ടുപോകുന്ന ജലം ഉപയോഗിച്ച് തമിഴ്നാട് ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ തോതനുസരിച്ച് 2009-10-ൽ 2,57,789 രൂപ റോയൽറ്റി ഇനത്തിൽ ലഭിച്ചിട്ടുണ്ട്. ശിരുവാണി ഡാം, അനുബന്ധകെട്ടിടങ്ങൾ, റോഡ് എന്നിവയുടെ നിർമ്മാണം, പരിപാലനം എന്നിവയ്ക്കാവശ്യമായ മുഴുവൻ തുകയും തമിഴ്നാട് നൽകുന്നുണ്ട്.

കമ്മീഷൻ ചെയ്ത ജല വിതരണ പദ്ധതികൾ

89 (686) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ ജലവിതരണ പദ്ധതികളാണ് കമ്മീഷൻ ചെയ്ത് പ്രവർത്തനം ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ പദ്ധതികളാണ് ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇനിയും പൂർത്തീകരിക്കാത്ത ഏതൊക്കെ പദ്ധതികളാണ് നിർമ്മാണത്തിലിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ 67 വൻകിട ശുദ്ധജല വിതരണ പദ്ധതികളും 222 ചെറുകിട ശുദ്ധജല വിതരണ പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി (അനുബന്ധം1) * ചേർക്കുന്നു. കൂടാതെ കേരള വാട്ടർ അതോറിറ്റി 'ജിക്ക' യുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന കേരള വാട്ടർ അതോറിറ്റി പ്രോജക്റ്റിൽ ഉൾപ്പെട്ട 5 പദ്ധതികളിൽ തിരുവനന്തപുരം നഗര മേഖലയിലെ ശുദ്ധജല വിപുലീകരണ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ പൂർത്തീകരിച്ച് 18-5-2010-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. ഇതു കൂടാതെ സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 95 പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭാഗീകമായി കമ്മീഷൻ ചെയ്ത പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly

1. 'ജിക്ക' സഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന തിരുവനന്തപുരം നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിപുലീകരണ പദ്ധതി.

2. ബാങ്ക് സഹായത്തോടുകൂടി തൃപ്പൂണിത്തുറയ്ക്കും സമീപ ഗ്രാമങ്ങളിലേക്കുമുള്ള ശുദ്ധജല വിതരണ പദ്ധതി.

3. ടെക്നോളജി മിഷൻ പദ്ധതിയിൽപ്പെട്ട വോർക്കാടിക്കും സമീപ വില്ലേജുകളിലേക്കുമുള്ള ശുദ്ധജല വിതരണ പദ്ധതി, ഫേസ് ഒന്നും രണ്ടും.

4. നബാർഡ് (സ്പാനിൽ)പ്പെട്ട ഇരിമ്പിലിയം-വളാഞ്ചേരി ശുദ്ധജല വിതരണ പദ്ധതി.

(സി) ഇനിയും പൂർത്തീകരിക്കാത്ത പദ്ധതികളുടെ പട്ടിക അനുബന്ധമായി (അനുബന്ധം2) ചേർത്തിട്ടുണ്ട്.*

കൂടാതെ നിർമ്മാണത്തിലിരിക്കുന്ന വൻകിട പദ്ധതികൾ താഴെപ്പറയുന്നവയാണ്. ജിക്ക പദ്ധതി - 4.

1. കൊല്ലം ജില്ലയിലെ മീനാടിനും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി.

2. ആലപ്പുഴ ജില്ലയിലെ ചേർത്തലയ്ക്കും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി.

3. കോഴിക്കോട് നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി.

4. കണ്ണൂർ ജില്ലയിലെ പട്ടുവത്തിനും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി. ജെ. എൻ. എൻ. യു. ആർ. എം. പദ്ധതികൾ-2.2009-ൽ അംഗീകാരം ലഭിച്ച യു. ഐ. ഡി. എസ്. എസ്.എം. ഡി. പദ്ധതികൾ.

(ഡി) പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി പ്രവർത്തികൾ ത്വരിതപ്പെടുത്തിവരുന്നു.

കസ്റ്റമർ സാറ്റിസ്ഫാക്ഷൻ സർവ്വേ

90 (687) ശ്രീ. കെ. രാജു :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവ വകുപ്പിൻകീഴിൽ കസ്റ്റമർ സാറ്റിസ്ഫാക്ഷൻ സർവ്വേ നടത്തിയിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഈ സർവ്വേയിലൂടെ കണ്ടെത്തിയ ഉപഭോക്താക്കളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; ഇവ പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം നവീകരിക്കുന്നതിന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരത്ത് നടത്തിയിട്ടുണ്ട്

(ബി) തിരുവനന്തപുരം നഗരത്തിൽ കേരള വാട്ടർ അതോറിറ്റി സ്ഥാപന ശാക്തീകരണ കമ്മിറ്റി ഇത്തരത്തിലുള്ള ഒരു സർവ്വേ നടത്തിയിട്ടുണ്ട്. സർവ്വെ ഫലങ്ങൾ താഴെ സൂചിപ്പിക്കുന്നു.

1. കുടിവെള്ളത്തിന്റെ ലഭ്യത

24 മണിക്കൂറും —	59 % ജനങ്ങൾക്ക്
11 മുതൽ 23 മണിക്കൂർ വരെ —	17 % ജനങ്ങൾക്ക്
2 മുതൽ 10 മണിക്കൂർ വരെ —	11 % ജനങ്ങൾക്ക്
2 മണിക്കൂറിൽ താഴെ —	7 % ജനങ്ങൾക്ക്
1 മണിക്കൂറിൽ താഴെ —	6 % ജനങ്ങൾക്ക്

2. ആഫീസിൽ നിന്നും ഉപഭോക്താക്കൾക്ക് ലഭിക്കുന്ന സേവനം :

തൃപ്തികരം —	59 %
നല്ലത് —	20 %
തൃപ്തികരമല്ലാത്തത് —	11 %
പ്രതികരിക്കാത്തവർ —	10 %

3. പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നത് :

കൃത്യമായി —	44%
ഇടയ്ക്കിടെ —	38 %
പരിഹരിക്കപ്പെടാത്തത് —	11 %
പ്രതികരിക്കാത്തവർ —	7 %

LIBRARY ARCHIVES Kerala Legislative Assembly

4. പണമടയ്ക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടോ ?

ഇല്ല —	71 %
ഉണ്ട് —	19 %
പ്രതികരിക്കാത്തവർ —	10 %

5. ജല അതോറിറ്റിക്ക് നൽകിയ മാർക്ക് :

85-ന് മുകളിൽ —	11 %
70-85-ന് മുകളിൽ —	28 %
50-70 ന് മുകളിൽ —	39 %
50-ൽ താഴെ —	17 %
പ്രതികരിക്കാത്തവർ —	5 %

6. ഈ സർവ്വെയിൽ കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ :

1. തിരുവനന്തപുരം നഗരത്തിൽ അനുഭവപ്പെട്ടിരുന്ന ജലലഭ്യതയുടെ കുറവ് ജപ്പാൻ സഹായത്തോടെ നടപ്പിലാക്കി വരുന്ന കുടിവെള്ള പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തതുവഴി ഏറെക്കുറെ പരിഹരിക്കപ്പെട്ടു.

2. ഓഫീസിൽ നിന്നും ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ സബ് ഡിവിഷനുകളിൽ ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിച്ചു. തൃപ്തികരമായി പ്രവർത്തിക്കുന്നു.

3. പരാതികൾ (മുഖ്യമായും ജലലഭ്യതക്കുറവ്, പൈപ്പ് ലൈനിന്റെ ചോർച്ച) ഇവ പരിഹരിക്കാൻ ബ്ലൂ ബ്രിഗേഡ് എന്ന പേരിൽ ഒരു പ്രത്യേക സംവിധാനം രൂപീകരിക്കുകയും പ്രശ്ന പരിഹാരം സമയബന്ധിതമായി ഉണ്ടാവുകയും ചെയ്യുന്നു.

4. പണമടയ്ക്കുന്നതുമായി ബന്ധപ്പെട്ട പരാതികളും ഹെൽപ്പ് ഡെസ്ക്ക് വഴി പരിഹരിക്കാൻ സംവിധാനമുണ്ട്. കൂടാതെ ഇത്തരം ജീവനക്കാർക്ക്പൊതു ജനങ്ങളുമായി ഇടപഴകുന്നതിന് ആവശ്യമായ പരിശീലനം നൽകിവരുന്നു.

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജപ്പാൻ കുടിവെള്ള പദ്ധതി കൂടാതെ സ്പാൻ, സ്പാർക്ക്, മലബാർ പാക്കേജ് തുടങ്ങിയ പദ്ധതികൾവഴി സംസ്ഥാനത്താകെ ഏകദേശം 3000 കോടി രൂപ മുതൽമുടക്കുള്ള പദ്ധതികൾ ആരംഭിച്ചു. കൂടാതെ സ്ഥാപനം പുനസംഘടിപ്പിക്കുന്നതിന് സ്ഥാപന ശാക്തീകരണ കമ്മിറ്റി രൂപീകരിക്കുകയും IIM, Bangalore, എനർജി മാനേജ്മെന്റ് സെന്റർ മുതലായ സ്ഥാപനങ്ങളുടെ സഹായത്തോടെ പ്രവർത്തനം നടന്നുവരുന്നു. പദ്ധതി നടത്തിപ്പിനുവേണ്ടി മാത്രം സംസ്ഥാനത്തൊട്ടാകെ പുതിയ 13 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ച് പദ്ധതികൾ പൂർത്തീകരിച്ചുവരുന്നു. ഈ സംവിധാനത്തിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രോജക്റ്റുകൾക്കും മെയിന്റനൻസിനും പ്രത്യേകം പ്രത്യേകം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ടെൻഡറിംഗിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ, എസ്റ്റിമേറ്റ് സാങ്ഷൻ ചെയ്യുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ പരിഗണനയിലാണ്. ടെൻഡറിംഗിലെ അപാകതയും ഇടപെടലുകളും ഒഴിവാക്കുന്നതിനായി ഇ-ടെൻഡറിംഗ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. തിരുവനന്തപുരം നഗരത്തിൽ വിജയകരമായി പൂർത്തീകരിച്ച വൈഡ് ഏരിയ നെറ്റ്‌വർക്ക് എന്ന കമ്പ്യൂട്ടർ സംവിധാനം കേരളത്തിലുടനീളം വ്യാപിപ്പിക്കുന്നതിനുള്ള പണികൾ നടന്നുവരികയാണ്. ഇതിലൂടെ പൊതുജനങ്ങൾക്ക് സഹായകരമാകുന്നതിനുള്ള റവന്യൂ സംവിധാനം, പരാതി പരിഹാരസംവിധാനം തുടങ്ങിയവ നടപ്പിലാക്കുന്നതാണ്.

മലബാർ ഇറിഗേഷൻ പാക്കേജ്

91 (688) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ഇറിഗേഷൻ പാക്കേജ് എന്നാണ് പ്രഖ്യാപിച്ചത് ; ജലവിഭവ വകുപ്പിന്റെ കീഴിൽ എത്ര കോടി രൂപയുടെ ഏതെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(സി) മലബാറിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണ പദ്ധതികളും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശം ഉണ്ടായിരുന്നോ ; എങ്കിൽ അവയുടെ പണി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ 2-11-2009-ൽ ആണ് മലബാർ ഇറിഗേഷൻ പാക്കേജിന് ജി.ഒ.(ആർ.റ്റി) നമ്പർ. 1226/09/ജലവിഭവ പ്രകാരം ഭരണാനുമതി നൽകിയത്. മലബാർ പാക്കേജിൽ ഉൾപ്പെടുത്തി താഴെപറയുന്ന പദ്ധതികളാണ് വിഭാവനം ചെയ്തത്.

1. ഏഴ് ജില്ലകളിലെ 209 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ (തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ) - 52.76 കോടി രൂപ

2. ഏഴ് ജില്ലകളിലെ 209 തടയണകൾ, വി.സി.ബി.കൾ, റെഗുലേറ്ററുകൾ എന്നിവയുടെ നിർമ്മാണത്തിനും പുനരുദ്ധാരണ പ്രവൃത്തികൾക്കും 127.33 കോടി രൂപ.

3. കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ - 20 കോടി രൂപ ചീഫ് എഞ്ചിനീയർ കാവേരി സെല്ലിന്റെ കീഴിൽ കുറ്റ്യാടി പദ്ധതിക്കു വേണ്ടി 50 കോടി രൂപയാണ് പ്രഖ്യാപിച്ചത്. ഇതിൽ ആദ്യഗഡുവായി 20 കോടി രൂപ 2009-10-ൽ വകയിരുത്തി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ 209 തടയണകൾ, വി.സി.ബി, റെഗുലേറ്ററുകൾ എന്നിവയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 30 എണ്ണം പൂർത്തിയായിട്ടുണ്ട്. 128 എണ്ണത്തിന്റെ പണി പുരോഗതിയിലാണ്. 15 എണ്ണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പണികൾ പുരോഗമിച്ചുവരുന്നു. 32 എണ്ണം ടെണ്ടർ നടപടികൾ പൂർത്തീകരിക്കാനുണ്ട്. 4 പ്രവൃത്തികൾ റദ്ദ് ചെയ്യുന്നതിനുള്ള നിർദ്ദേശം ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

209 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ഇവയിൽ 180 സ്കീമുകൾക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തു. സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ വർക്കുകൾ അതാതു വിഭാഗങ്ങൾ ടെണ്ടർ വിളിക്കുകയും ഇത് വിവിധ ഘട്ടങ്ങളായി നടത്തി വരികയും ചെയ്യുന്നു. ബാക്കി പദ്ധതികളുടെ സാങ്കേതികാനുമതിക്കുള്ള നടപടികൾ ത്വരിതപ്പെടുത്തി വരുന്നു.

ചീഫ് എഞ്ചിനീയർ, കാവേരി സെല്ലിന്റെ കീഴിൽ 123 പ്രവൃത്തികളിൽ 39 എണ്ണം പൂർത്തീകരിച്ചു. 44 പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 40 പ്രവൃത്തികൾ ടെണ്ടറിംഗ് ഘട്ടത്തിലാണ്.

(സി) ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ മലബാറിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികളും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശം ഉണ്ടായിരുന്നു. 209 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും അവയിൽ 180 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തു. സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ വർക്കുകൾ ടെണ്ടർ ചെയ്യുകയും പണികൾ വിവിധ ഘട്ടങ്ങളിലുമാണ്. ബാക്കി സ്കീമുകളുടെ സാങ്കേതികാനുമതിക്കായുള്ള നടപടികൾ ത്വരിതപ്പെടുത്തിവരുന്നു.

ജലവിഭവ വകുപ്പിന്റെ കോഴിക്കോട് ജില്ലയിലെ പദ്ധതികൾ

92 (689) <u>ശ്രീ. എ. പ്രദീപ് കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പ് കോഴിക്കോട് 1-ാം നിയോജക മണ്ഡലത്തിൽ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ പേരും അടങ്കൽ തുകയും ഇപ്പോഴത്തെ അവസ്ഥയും വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് 1-ാം നിയോജക മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം താഴെ പറയുന്നു :

കോഴിക്കോട് നഗരത്തിന്റെ ശുദ്ധ ജലവിതരണ പദ്ധതിയുടെ കാലപ്പഴക്കംചെന്ന എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയുടെ മൊത്തം അടങ്കൽ തുക 14.37 കോടി രൂപയാണ്. ഇതിൽ 1-ാം നിയോജക മണ്ഡലത്തിൽ 700.00 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള പ്രവൃത്തികൾ ഉൾപ്പെടുന്നു. ഈ പ്രവൃത്തികൾ 6 റീച്ചുകൾ ആയി ടെണ്ടർ ചെയ്ത് പദ്ധതി പ്രാവർത്തികമാക്കാൻ നടപടികൾ എടുത്തുവരുന്നു. ടെണ്ടർ ചെയ്ത 6 റീച്ചുകളിൽ 1,6 ഒഴികെയുള്ള 4 റീച്ചുകൾക്ക് ലഭിച്ച ടെണ്ടറുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 1,6 റീച്ചുകൾ 2 പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും കരാറുകാർ ക്വാട്ട് ചെയ്യാത്തതിനാൽ 2010-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ചുള്ള റീ കാസ്റ്റ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോഴിക്കോട് 1-ാം നിയോജക മണ്ഡലത്തിൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും), ചീഫ് എഞ്ചിനീയർ (പ്രോജക്ട്-1) എന്നിവരുടെ കീഴിൽ നടത്തിയ പ്രവൃത്തികളുടെ പേരും അടങ്കൽ തുകയും ഇപ്പോഴത്തെ അവസ്ഥയും അനുബന്ധമായി ചേർക്കുന്നു. *

മാള നിയോജക മണ്ഡലത്തിലെ മലബാർ ഇറിഗേഷൻ പാക്കേജ്

93 (690) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള മാള നിയോജക മണ്ഡലത്തിലെ വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുകയും ഇപ്പോഴത്തെ പ്രവർത്തന പുരോഗതിയും വിശദമാക്കുമോ ;

(ബി) ഇറിഗേഷൻ വകുപ്പുവഴി നടപ്പാക്കാനുദ്ദേശിക്കുന്ന വിവിധ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) ടെണ്ടർ നടപടി പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ചിട്ടുള്ള ചെമ്പാലൂർ പമ്പ് ഹൗസിന്റെ പുനർ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പമ്പ്ഹൗസ് പണി തീരുന്നതോടെ അവിടുത്തെ മോട്ടോറുകളും പമ്പുകളുംമാറ്റി പുതിയവ സ്ഥാപിച്ച് മാള നിയോജക മണ്ഡലത്തിലെ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വെള്ളമെത്തിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള മാള നിയോജക മണ്ഡലത്തിലെ വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുകയും ഇപ്പോഴത്തെ പ്രവർത്തന പുരോഗതിയും അനുബന്ധമായി ചേർക്കുന്നു. *

(ബി) മേൽപ്പറഞ്ഞ പദ്ധതികൾക്കു പുറമെ പാലിശ്ശേരി നം. 1 LIS-ന്റെ പമ്പ് ഹൗസിന്റെ പുനരുദ്ധാരണ പ്രവൃത്തിയും പാലിശ്ശേരി നം. 2 LIS-ന്റെ പുനരുദ്ധാരണ പ്രവൃത്തികളുമാണ് മാള നിയോജക മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പുവഴി നടപ്പിലാക്കുന്നത്.

(സി) ചെമ്പാളൂർ പമ്പ്ഹൗസിന്റെ സൈറ്റ് 9-11-2010-ൽ കോൺട്രാക്ടർക്ക് കൈമാറിയിട്ടുണ്ട്. 6 മാസം പണി പൂർത്തീകരിക്കുന്നതിന് കാലാവധിയുണ്ട്.

(ഡി) പമ്പ്ഹൗസിന്റെ പണി തീരുന്നതോടെ പുതിയ മോട്ടോറും പമ്പും സ്ഥാപിച്ച് മാള നിയോജക മണ്ഡലത്തിലെ ചെമ്പാളൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലൂടെ കൂടുതൽ പ്രദേശങ്ങളിലേക്ക് വെള്ളമെത്തിക്കുന്നതിന് സാധിക്കും.

പെരിങ്ങളം മണ്ഡലത്തിലെ ചെറുകിട ജലസേചന പദ്ധതികൾ

94 (691) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർജില്ലയിൽ പെരിങ്ങളം നിയോജക മണ്ഡലത്തിൽ 2005-10 വർഷത്തിൽ നടപ്പിലാക്കിയ ചെറുകിട ജലസേചന പദ്ധതി പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ ; ഓരോ പ്രവൃത്തികൾക്കും അനുവദിക്കപ്പെട്ട തുക എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) മൊകേരി പഞ്ചായത്തിലെ പാത്തിപ്പുഴയിൽ വേലൻചിറ ചടാല പാലം ഭിത്തികെട്ടി സംരക്ഷണം, കരിയാട് പഞ്ചായത്തിലെ കിടത്തിയിൽ മാഹി പുഴയുടെ ചെരുവയൽമുതൽ ചെമ്പോളി പാർശ്വസംരക്ഷണം, മാഹിപ്പുഴയുടെ പുതിയോട്ടിൽ കണ്ണോത്ത് പാർശ്വ സംരക്ഷണം, മുക്കാളിക്കര- അടിയാരിഭാഗം പാർശ്വ സംരക്ഷണം, മോന്താൽ കോവുക്കൽ കടവ് പാർശ്വ സംരക്ഷണം എന്നീ ആവശ്യങ്ങൾക്കുവേണ്ടി നൽകിയ അപേക്ഷയുടെ പുരോഗതി വെളിപ്പെടുത്തുമോ ;

(സി) കുന്നോത്ത് പറമ്പ് പഞ്ചായത്തിലെ വരമ്പ്ര-കുന്നുമ്മൽ തോടിന് കല്ലറയ്ക്കൽ പള്ളിക്ക് സമീപം വി.സി.ബി.-കം-ബ്രിഡ്ജ് നിർമ്മിക്കാനും തോട് സംരക്ഷിക്കാനും നൽകിയ അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പെരിങ്ങളം നിയോജക മണ്ഡലത്തിൽ 2005 മുതൽ 2010 വരെയുള്ള കാലയളവിൽ ചെറുകിട ജലസേചന വിഭാഗത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. നബാർഡ് RIDF X തൃപ്പങ്ങോട്ടൂർ പഞ്ചായത്തിൽ കൂടപ്രം തോടിന് കുറുകെ പെരുവം വയലിൽ ഒരു വി.സി.ബി നിർമ്മാണം. അനുവദിച്ച തുക 8,14,341.

2. നബാർഡ് RIDF X-ൽ കുന്നോത്തു പറമ്പ പഞ്ചായത്തിൽ കിടാരിയിൽ പുഞ്ചൂർ തോടിന് കുറുകെ ഒരു വി.സി.ബി നിർമ്മാണം. തുക 9,30,721.

3. നബാർഡ് RIDF-XI മൊകേരി പഞ്ചായത്തിൽ പൂങ്കാവനം എന്ന സ്ഥലത്ത് പാത്തിപ്പുഴയ്ക്ക് കുറുകെ ഒരു വിയർ നിർമ്മാണം. തുക 18,00,000.

(ബി) 1. മൊകേരി പഞ്ചായത്തിൽ വേലൻചിറ തോടിന്റെ കുറച്ചു ഭാഗം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി ഭാഗത്തെ പണികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഏറ്റെടുക്കുന്നതാണ്.

2. കരിയാട് പഞ്ചായത്തിലെ കിടത്തിയിൽ ചെറുവയലിൽ മുതൽ ചമ്പോളിവരെ 300 മീറ്റർ പുഴ, ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് ഏകദേശം 15 ലക്ഷം രൂപ ചെലവ് വരും. ഇതിന്റെ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

3. കരിയാട് പഞ്ചായത്തിലെ കിടത്തിയിൽ പുതിയോട്ടിൽ മുതൽ കണ്ടോത്തുവരെ 400 മീറ്റർ പുഴ, ഭിത്തികെട്ടി സംരക്ഷിക്കുന്നതിന് ഏകദേശം 21 ലക്ഷം രൂപ ചെലവുവരും. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

4. കരിയാട് മുക്കാളിക്കര അടിയാറി ഭാഗത്ത് 360 മീറ്റർ നീളത്തിൽ പുഴ, ഭിത്തി കെട്ടി സംരക്ഷിക്കുന്നതിനായി 17.75 ലക്ഷം രൂപയുടെ പ്രവൃത്തി 2007-08 വർഷത്തെ റിവർ മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുണ്ട്.

5. മോന്താൽ കോവുക്കൽ കടവുവരെ 800 മീറ്റർ നീളത്തിൽ പുഴ, ഭിത്തി കെട്ടി സംരക്ഷിക്കുന്നതിനായി 45 ലക്ഷം രൂപ ആവശ്യമായി വരും. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

(സി) അപേക്ഷ ലഭ്യമാക്കി ആവശ്യം പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തി ഭാരതപ്പുഴയിൽ തടയണ നിർമ്മാണം

95 (692) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാരതപ്പുഴയിൽ മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തി പൈങ്കുളം കൂട്ടിൽമുക്ക്, കൊടമ്പാറക്കയം എന്നീ തടയണകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവയുടെ നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കി ഈ തടയണകളുടെ നിർമ്മാണം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്

(ബി) ടി തടയണകൾ രൂപകൽപ്പന ചെയ്യുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറുടെ പരിഗണനയിലാണ്

(സി) പരിഗണിക്കുന്നതാണ്

തട്ടുപാറ തടയണ പദ്ധതി

96 (693) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിപുഴയിൽ പരിയാരം, മേലൂർ ഗ്രാമ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന തട്ടുപാറ തടയണ പദ്ധതിയുടെ ഡിസൈന് അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള മറ്റ് നടപടിക്രമങ്ങൾ വിശദമാക്കുമോ ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേക്ക് ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പ്രവൃത്തിക്ക് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടിക്രമങ്ങൾ നടത്തി കരാറുകാരനുമായി ഉടമ്പടി വച്ച് ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(സി) ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഈ സാമ്പത്തിക വർഷംതന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

മണലൂർ ജലസേചന പദ്ധതി

97 (694) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജക മണ്ഡലത്തിൽപ്പെട്ട 4, 5 വാർഡ് ജലസേചന പദ്ധതി സംബന്ധിച്ച വിശദാംശം അറിയിക്കുമോ ;

(ബി) ഇത് സംബന്ധിച്ച് മൈനർ ഇറിഗേഷൻ ചീഫ് എഞ്ചിനീയർ ഓഫീസിൽ നിലവിലുള്ള ഡബ്ല്യു.1/എഫ്.എസ്./23107/10 നമ്പർ ഫയൽ സംബന്ധമായി നടപടികൾ ഏതു ഘട്ടത്തിലാണെന്നറിയിക്കുമോ ;

(സി) പദ്ധതിക്ക് എന്നേക്ക് അനുമതി നൽകാനാകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) മണലൂർ നിയോജക മണ്ഡലത്തിൽപ്പെട്ട അന്തിക്കാട് ഗ്രാമ പഞ്ചായത്തിലെ 4,5 വാർഡിലെ ആവശ്യത്തിനായി 60 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതിയാണിത്. ലിഫ്റ്റ് ഇറിഗേഷൻവഴി മേലെത്തട്ടിലുള്ള കനാലിൽനിന്നും വെള്ളം ശേഖരിച്ച് PVC പൈപ്പുവഴി പദ്ധതി പ്രദേശത്ത് വെള്ളം എത്തിക്കുന്നതിനുവേണ്ടിയാണ് ഈ ജലസേചന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) Ayacut map, കൃഷി ആഫീസറുടെ സർട്ടിഫിക്കറ്റ്, B.C. ratio, വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പെടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് നൽകാനായി ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമായാൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

തളിപ്പറമ്പ് മണ്ഡലത്തിൽ നടപ്പിലാക്കിയ ജലവിതരണ പദ്ധതികൾ

98 (695) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ ജലവിഭവവകുപ്പിനു കീഴിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) ആയതിലേക്കായി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ)

1. കേരള വാട്ടർ അതോറിറ്റിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ വാട്ടർ സപ്ലൈ ഡിവിഷന്റെ പരിധിയിലുള്ള കൊളച്ചേരി ശുദ്ധജലവിതരണപദ്ധതിയുടെ 22 കിലോമീറ്ററോളം വരുന്ന എ.സി. ഗ്രാവിറ്റി മെയിൻ ഡി.ഐ. പൈപ്പാക്കി മാറ്റിയിടുന്ന പ്രവൃത്തി ഏറ്റെടുത്തു പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തി 17-4-2010-ൽ കമ്മീഷൻ ചെയ്തു. ഇതിന്റെ പ്രയോജനം തളിപ്പറമ്പ് മണ്ഡലത്തിൽ ഉൾപ്പെടുന്ന കൊളച്ചേരി, മയ്യിൽ, കുറ്റ്യാട്ടൂർ എന്നീ പഞ്ചായത്തുകളിൽ ലഭിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിലും കുറുമാത്തൂർ, ചപ്പാരപ്പടവ്, പട്ടുവം, പരിയാരം എന്നീ പഞ്ചായത്തുകളിലും 'ജൈക്ക' സഹായത്തോടെ നടപ്പിലാക്കുന്ന പട്ടുവം പദ്ധതിയുടെ ഭാഗമായി പണികൾ പുരോഗമിച്ചുവരുന്നു.

2. ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) കീഴിൽ തളിപ്പറമ്പ് മണ്ഡലത്തിൽ അഞ്ച് പ്രവൃത്തികൾ തുടങ്ങുകയും അതിൽ മൂന്ന് പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(1) <u>മലബാർ പാക്കേജ്</u> : മയ്യിൽ പഞ്ചായത്തിൽ നെല്ലിക്കപ്പാലം ബ്രിഡ്ജിന്റെ താഴെ ഭാഗത്ത് നെല്ലിക്കപ്പാലം തോടിനു കുറുകെ വി.സി.ബി.-കം-ട്രാക്ടർ വേ നിർമ്മാണം

(2) <u>മലബാർ പാക്കേജ്</u>: പട്ടുവം പഞ്ചായത്തിലെ കുളവയൽ തോടിന് കുറുകെ മണ്ണുക്കായിലെ ഉപ്പുവെള്ളം പ്രതിരോധ ബണ്ടിന്റെ പുനർ നിർമ്മാണം

(3) <u>മലബാർ പാക്കേജ്</u> : പരിയാരം പഞ്ചായത്തിലെ മാണുക്കാരയിൽ പൊടിക്കുള തോടിനു കുറുകെ ഉപ്പുവെള്ളം പ്രതിരോധ ബണ്ടു നിർമ്മാണം

(4) <u>നബാർഡ്</u> : ആർ.ഐ.ഡി.എഫ് XIII പട്ടുവം പഞ്ചായത്തിലെ പാറണ്ടൽ ഉപ്പു വെള്ളം പ്രതിരോധബണ്ട് നിർമ്മാണം.

(5) <u>നബാർഡ്</u> : ആർ.ഐ.ഡി.എഫ് XIII പട്ടുവം പഞ്ചായത്തിലെ പോത്തട മുട്ടുകണ്ടിയിൽ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മാണം.

കൂടാതെ സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി കമ്പിൽക്കടവിനും നരിയാരി ക്രോസ്സ്ബാറിനും ഇടയിലായി വളപട്ടണം പുഴയുടെ കരയോര സംരക്ഷണത്തിനുവേണ്ടി 21.20 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിയും വെള്ളപ്പൊക്ക കെടുതി നിവാരണം എന്നിവയിൽ ഉൾപ്പെടുത്തി 47.05 ലക്ഷം രൂപയുടെ അഞ്ചു പുഴയോര സംരക്ഷണ പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(iii) ഭൂജല വകുപ്പിൻ കീഴിൽ തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ പതിമൂന്ന് പദ്ധതികൾ നടപ്പിലാക്കി. വിശദാംശം അനുബന്ധം I-ൽ ചേർത്തിട്ടുണ്ട്. *

(iv) ചീഫ് എഞ്ചിനീയർ പ്രോജക്ട് I-ന്റെ കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ പദ്ധതികൾ ഒന്നും തുടങ്ങിയിട്ടില്ല. വാർഷിക അറ്റകുറ്റപണികൾ മാത്രമെ നടത്തിയിട്ടുള്ളൂ. വിശദാംശം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. *

(v) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, പഴശ്ശി ജലസേചന പദ്ധതിയുടെ ആയക്കെട്ട് പ്രദേശത്തിൽ ഉൾപ്പെടുന്ന തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ കാഡ മുഖേന താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട് :

1. ഫീൽഡ് ചാനൽ - കുറ്റ്യാട്ടൂർ പഞ്ചായത്ത് (2006-07)

2. ഫീൽഡ് ചാനൽ - കോഴിയോട്ട് (2006-07)

3. ഫീൽഡ് ചാനൽ - കരിമ്പുംകര (2007-08)

4. ഫീൽഡ് ചാനൽ-കാട്ടാമ്പള്ളി ബ്രാഞ്ച് കനാൽ (2008-09) മേൽപ്പറഞ്ഞ 4 പ്രവൃത്തികൾക്കുംകൂടി ആകെ 16,89,939 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ചെലവഴിച്ച തുക

(i) കേരള വാട്ടർ അതോറിറ്റി	2,32,97,43,000
(ii) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)	1,52,23,557
(iii) ഭൂജല വകുപ്പ്	22,74,100
(iv) ചീഫ് എഞ്ചിനീയർ പ്രോജക്ട് -I	22,89,478
(v) കാഡ	16,89,939
ആകെ	2,35,12,20,074

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ കനാലുകളുടെ നിർമ്മാണം

99 (696) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിൻകീഴിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ കനാലുകൾ നിർമ്മിക്കാനായി എത്ര ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട് ; ഇതിൽ കനാലുകൾ നിർമ്മിക്കാതെ എത്ര ഹെക്ടർ സ്ഥലം ബാക്കിയുണ്ട് ; ഇവ ഏതെല്ലാം പഞ്ചായത്തുകളിലാണെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ കൊയിലാണ്ടിയിൽ നിർമ്മിച്ച കനാലുകളിൽ 2006 ഏപ്രിൽ മാസത്തിനുശേഷം അറ്റകുറ്റപ്പണികൾക്കും മറ്റുമായി എത്ര രൂപ ചെലവഴിച്ചു എന്ന വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു

(ബി) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ കനാലുകളുടെ അറ്റകുറ്റപ്പണികൾക്കായി 2005-06 വർഷംമുതൽ നാളിതുവരെ 1,76,72,139 രൂപ ചെലവഴിച്ചു.

കനോലി കനാലിന്റെ രണ്ടാംഘട്ട നവീകരണം

100 (697) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കനോലി കനാലിന്റെ രണ്ടാംഘട്ട നവീകരണം (കൈപ്പുറത്ത് പാലംമുതൽ എരഞ്ഞിക്കൽ വരെയുള്ള ഭാഗം) തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 12-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ കാലാവധി 31-3-2010 വരെ ആയിരുന്നു. ഈ പദ്ധതി ഏറ്റെടുത്ത ഏജൻസി നിശ്ചിതകാലാവധിക്കുള്ളിൽ പ്രവൃത്തി ചെയ്തു തീർക്കാത്തതിനാലാണ് പ്രവൃത്തി തടസ്സപ്പെട്ടത്.

കബനി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

101 (698) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ കബനി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽപ്പെടുത്തി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാമാണ്; നൽകിയിട്ടില്ലെങ്കിൽ ഉടൻ അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) വയനാട് ജില്ലയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഇറിഗേഷൻ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇക്കാര്യത്തിലുള്ള പുരോഗതി വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വയനാട് ജില്ലയിൽ കബനി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽപ്പെടുത്തി ഭരണാനുമതിക്കായി ലഭിച്ച പദ്ധതികൾ താഴെ ചേർക്കുന്നു :

1. പുൽപ്പള്ളി പഞ്ചായത്തിലെ ദാസനക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണം 162 — ലക്ഷം.

2. പുൽപ്പള്ളി പഞ്ചായത്തിലെ ചേകാടി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണം 165 — ലക്ഷം.

3. മുള്ളൻകൊല്ലി പഞ്ചായത്തിലെ സീതാമൗണ്ട്-ശശിമലക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെനിർമ്മാണം-3000 ലക്ഷം.

(ബി) ഇല്ല. പരിശോധിച്ചുവരുന്നു.

(സി) വയനാട് ജില്ലയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഇറിഗേഷൻ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്. നബാർഡ് XVI-ൽ ഉൾപ്പെടുത്തി 186.50 ലക്ഷം രൂപയുടെ 8 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. 16.79 കോടി രൂപയുടെ എസ്റ്റിമേറ്റുള്ള 65 പദ്ധതികൾ പുതുക്കിയ ഫാർമേഴ്സ് പാക്കേജിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തുന്നതിനായി 5 പദ്ധതികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

പത്താഴക്കുണ്ട് ഡാം ചോർച്ച

102 (699) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താഴക്കുണ്ട് ഡാം ചോർച്ചമൂലം ജല സംഭരണിയിൽ വെള്ളം സംഭരിക്കാൻ സാധിക്കുന്നില്ല എന്ന ഡാം സേഫ്റ്റി അതോറിറ്റിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിനായി മൈനർ ഇറിഗേഷൻ വകുപ്പ് സമർപ്പിച്ച 1.75 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) അടിയന്തരമായി ഭരണാനുമതി നൽകി പദ്ധതി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പത്താഴക്കുണ്ട് ഡാം ചോർച്ച പരിഹരിക്കുന്നതിനു വേണ്ട പദ്ധതിക്കായി മണ്ണ് പരിശോധനയ്ക്ക് ഇൻവെസ്റ്റിഗേഷൻ ചീഫ് എഞ്ചിനീയറുടെ 6-9-2010-ലെ IDRB/DSC/BPI/ADI/3188/09 നമ്പർ ഉത്തരവ് പ്രകാരം 1.60 ലക്ഷം രൂപയ്ക്ക് സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്.

(സി) ബാധകമല്ല.

(ഡി) സാമ്പത്തികാനുമതി നൽകുകയും പ്രസ്തുത പ്രവർത്തി (മണ്ണ് പരിശോധന) നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

ചാത്തന്നൂർ മണ്ഡലത്തിലെ പൊഴിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി പൂർത്തിയാക്കാൻ നടപടി

103 (700) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പൊഴിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പുതുക്കിപ്പണി ഇപ്പോൾ ഏതു ഘട്ടത്തിലാണ് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പണി എഗ്രിമെന്റ് പ്രകാരം എന്നാണ് തീരേണ്ടത് ; കരാർ പ്രകാരം പണി നടത്തുന്നതിലേക്ക് എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പണി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പൊഴിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിൽ ആകെ 8 ഷട്ടറുകൾ ഉള്ളതിൽ 4 എണ്ണത്തിന്റെ പണി പൂർത്തീകരിച്ചു. 5-ാമത്തെ ഷട്ടറിന്റെ പണി നടന്നു വരുന്നു.

(ബി) പ്രസ്തുത പണിയുടെ കാലാവധി എഗ്രിമെന്റ് പ്രകാരം 31-3-10 വരെയായിരുന്നു. സമയ പരിധിക്കുള്ളിൽ പൂർത്തിയാകാത്തതിനാൽ അതിന്റെ കാലാവധി ആദ്യം 30-9-10 വരെയും തുടർന്ന് 31-1-2011 വരെയും പുതുക്കി നിശ്ചയിച്ചു. പ്രതികൂല കാലാവസ്ഥ കാരണമാണ് സമയപരിധി ദീർഘിപ്പിക്കേണ്ടിവന്നത്.

(സി) 31-1-2011-നു മുമ്പ് പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പാലായിവളവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം

104 (701) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിയെ, ചീമേനി പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന കാര്യംകോട് പുഴയിൽ പാലാഴി വളവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന വിവരം അറിയിക്കുമോ ;

ഉത്തരം

കാര്യംങ്കോട് പുഴയിൽ പാലായി വളവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി ഈ വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ടോക്കൺ പ്രൊവിഷനായി ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ)-ൽ നിന്നും ലഭിച്ച 10 കോടി രൂപയ്ക്കുള്ള സ്പെഷ്യൽ ഭരണാനുമതി പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

അഴീക്കോട് മുട്ടിൽകാപ്പ് റഗുലേറ്റർ ഇംപ്രൂവ്മെന്റ് പദ്ധതി

105 (702) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴീക്കോട് അസംബ്ലി നിയോജകമണ്ഡലത്തിൽപ്പെടുന്ന ചെറുകുന്ന് പഞ്ചായത്തിലെ മുട്ടിൽകാപ്പ് റഗുലേറ്റർ ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(ബി) ഈ പ്രവൃത്തിയുടെ ഉദ്ഘാടനം നിർവ്വഹിച്ചിട്ടും പ്രവർത്തനം ആരംഭിക്കാത്തത് എന്തുകൊണ്ടെന്ന് അറിയിക്കുമോ ;

(സി) ഈ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് അടച്ച തുക എങ്ങനെയാണ് വിനിയോഗിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ പദ്ധതി അടിയന്തരമായി പൂർത്തീകരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) അഴീക്കോട് അസംബ്ലി നിയോജക മണ്ഡലത്തിൽപ്പെടുന്ന ചെറുകുന്ന് പഞ്ചായത്തിലെ മുട്ടിൽകാപ്പ് റഗുലേറ്ററിന്റെ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ടിയാന്റെ റിസ്ക് ആന്റ് കോസ്റ്റിൽ പ്രവൃത്തിയുടെ കരാർ അവസാനിപ്പിക്കേണ്ടിവന്നു.

(ബി) ഗവൺമെന്റ് സ്ഥാപനമായ സിൽക്കിനെയാണ് ഈ പണിയുടെ കരാർ ഏൽപ്പിച്ചത്. എന്നാൽ സമയത്തിന് പൂർത്തീകരിക്കാൻ പ്രസ്തുത സ്ഥാപനത്തിന് കഴിയാത്തതിനാൽ വന്ന തടസ്സങ്ങളാണ് പ്രവർത്തനം ആരംഭിക്കുന്നതിന് വിഘാതമായത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതിക്കായി ഗ്രാമ പഞ്ചായത്ത് അടച്ച തുക പ്രവൃത്തി ചെയ്യാത്തതിനാൽ പഞ്ചായത്തിനുതന്നെ തിരിച്ചു നൽകിയിട്ടുണ്ട്.

(ഡി) ബാക്കി പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇത് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നകാര്യം പരിശോധിച്ചുവരുന്നു.

പേരാവൂർ മണ്ഡലത്തിലെ വെയർ കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തികൾ

106 (703) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാവൂർ നിയോജക മണ്ഡലത്തിൽ 2006-10 വർഷകാലയളവിൽ മൈനർ ഇറിഗേഷൻ വകുപ്പ് എത്ര വെയർ-കം-ബ്രിഡ്ജുകൾക്ക് തുക അനുവദിച്ച് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വെയർ-കം-ബ്രിഡ്ജുകളുടെ നിർമ്മാണ പ്രവർത്തന പുരോഗതി വിശദീകരിക്കുമോ ; ഇവയുടെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 10 വെയർ-കം-ബ്രിഡ്ജുകൾക്ക്

(ബി) പ്രസ്തുത വെയർ-കം-ബ്രിഡ്ജുകളുടെ നിർമ്മാണ പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു. *

മുല്ലപ്പെരിയാറിലെ നിർദ്ദിഷ്ട അണക്കെട്ടിന്റെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി

107 (704) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. പി. സി. ജോർജ്</u> :
<u>ശ്രീ. തോമസ് ചാഴികാടൻ</u> :
<u>ശ്രീ. ജോർജ് എം. പുതുശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാറിലെ നിർദ്ദിഷ്ട അണക്കെട്ടിന്റെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അണക്കെട്ടിനെ സംബന്ധിക്കുന്ന രഹസ്യ വിവരങ്ങൾ ബന്ധപ്പെട്ട അധികൃതർ തമിഴ്നാടിന് ചോർത്തി കൊടുക്കുന്നുവെന്ന് വെളിപ്പെടുത്തുന്ന പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്രകാരം പുറത്തുവന്ന വാർത്തകൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ വാർത്തയുടെ നിജസ്ഥിതി സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

ഉത്തരം

(എ) മുല്ലപ്പെരിയാർ വിഷയം സംബന്ധിച്ച കേസ് ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലായതു കൊണ്ട് അണക്കെട്ടിന്റെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയിട്ടില്ല. പുതിയ ഡാമിന്റെ നിർമ്മാണത്തിന് ആവശ്യമായ സർവ്വേ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. സർവ്വേ ചെയ്ത് പുതിയ ഡാമിനു വേണ്ടിയുള്ള അലൈൻമെന്റ് കണ്ടെത്തുകയും അതിൽ 5 ബോർഹോൾ എടുത്ത് സാമ്പിൾ പരിശോധിക്കുകയും ചെയ്യുകയുണ്ടായി. പ്രസ്തുത വിവരങ്ങൾകൊണ്ട് പുതിയ ഡാമിന്റെ രൂപകൽപ്പന ചെയ്തു. ഈ വിവരങ്ങൾ ചേർത്ത് കരട് ഡി.പി.ആർ, ഫീസിബിലിറ്റി റിപ്പോർട്ട് എന്നിവ തയ്യാറാക്കി. തയ്യാറാക്കിയ കരട് DPR-ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി സാങ്കേതികമായി കുറ്റമറ്റ വിധത്തിൽ 2011 മേയ് മാസത്തിൽ അന്തിമ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ പഠനത്തിന് ആവശ്യമായ 10 അധിക ബോർഹോളിന്റെ പണി ഏകദേശം പൂർത്തിയായിക്കഴിഞ്ഞു.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

ചെക്ക്ഡാം-കം-ട്രാക്ടർ വേ നിർമ്മാണം

108 (705) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ ചെറുപുഴ പഞ്ചായത്തിൽ നിലവിലുള്ള കമ്പിപാലത്തിന് സമീപം ഒരു ചെക്ക് ഡാം കം ട്രാക്ടർ വേ നിർമ്മിക്കുന്നതിന് നബാർഡ് മുഖേന അനുമതി ലഭിക്കുകയും ഇതിനാവശ്യമായ ഡിസൈനും ഡീറ്റെയിൽഡ് എസ്റ്റിമേറ്റും വകുപ്പ് തയ്യാറാക്കി സമർപ്പിച്ച് കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാനുള്ള അനുമതി ലഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

ഉത്തരം

കണ്ണൂർ ജില്ലയിലെ ചെറുപുഴ പഞ്ചായത്തിൽ നബാർഡ് സാമ്പത്തിക സഹായത്തോടു കൂടിയ RIDF XIII-ൽ ഉൾപ്പെടുത്തിയ കാര്യംകോട് പുഴയ്ക്കുകുറുകെ ചെറുപുഴയിൽ ട്രാക്ടർ പാതയടക്കമുള്ള വെന്റഡ്

LIBRARY ARCHIVES Kerala Legislative Assembly

ചെക്ക്ഡാം നിർമ്മാണത്തിന് സ്ഥലപരിശോധന നടത്തി വിശദമായ ഡിസൈൻ തയ്യാറാക്കേണ്ടതുണ്ടായിരുന്നു. ഇപ്രകാരമുള്ള പരിശോധനകൾ പൂർത്തീകരിച്ച് ജലസേചന വകുപ്പിന്റെ ഡിസൈൻ വിഭാഗത്തിൽ പദ്ധതിയുടെ രൂപരേഖയും അതനുസരിച്ചുള്ള എസ്റ്റിമേറ്റും തയ്യാറാക്കി കഴിഞ്ഞു. RIDF XIII-ന്റെ കാലാവധി 31-3-2011-ൽ അവസാനിക്കുന്നതു കാരണം ഈ ജോലി RIDF XIII-ൽ ഉൾപ്പെടുത്തി ഏറ്റെടുക്കാൻ സാധിക്കുകയില്ല. അതു കൊണ്ട് ഈ പ്രവൃത്തി നബാർഡിന്റെ വരുംവർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കുന്നതാണ്.

കുളങ്ങളുടെ സംരക്ഷണം

109 (706) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേത്രക്കുളങ്ങൾ, ചിറകൾ, ഏലാതലക്കുളങ്ങൾ എന്നിവ വൃത്തിയാക്കുന്നതിനും സംരക്ഷിക്കുന്നതിനും നിലവിൽ ഏതൊക്കെ പദ്ധതികളാണുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പുനലൂർ മണ്ഡലത്തിലെ ഏതൊക്കെ കുളങ്ങളാണ് ഈ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജലസേചന ആവശ്യങ്ങൾക്കായി കുളങ്ങളുടെ സംരക്ഷണത്തിനും, പുനരുദ്ധാരണത്തിനുമായി സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി 'കുളങ്ങളുടെയും, ടാങ്കുകളുടെയും പുനരുദ്ധാരണം' എന്ന പേരിലും പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 'കുളങ്ങളുടെ സംരക്ഷണം' എന്ന പേരിലും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു.

(ബി) പുനലൂർ നിയോജക മണ്ഡലത്തിലെ കാമൻകോട് ക്ഷേത്രക്കുളം, ആയിരവല്ലിച്ചിറ, കാക്കോട്ടിച്ചിറ, ഭൂതത്താൻ ക്ഷേത്രക്കുളം എന്നീ കുളങ്ങൾ 'കുളങ്ങളുടെയും, ടാങ്കുകളുടെയും പുനരുദ്ധാരണം' എന്ന പദ്ധതിയിലും, അനൻഗൂർച്ചിറ മട്ടത്തിൻക്കോണംചിറ, നെടിയറ ടാങ്ക്, ആലയമൺ ചിറ എന്നിവ പതിമൂന്നാം ധനകാര്യ കമ്മീഷനിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

പൈപ്പ്ലൈൻ റോഡിലെ കയ്യേറ്റങ്ങൾ

110 (707) ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്ത് കുടിവെള്ളമെത്തിക്കുന്ന പൈപ്പ് ലൈൻ റോഡിലെ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത റോഡിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് കുടിവെള്ള പൈപ്പുകളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കുടിവെള്ള പൈപ്പുകളുടെ സുരക്ഷയ്ക്ക് ഭീക്ഷണി ഉയർത്തുന്ന പ്രധാന കയ്യേറ്റങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചില്ലെങ്കിൽ ഉളവായേക്കാവുന്ന അപകട സാധ്യതകളെ സംബന്ധിക്കുന്ന റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ ഉള്ളടക്കം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. പ്രധാന കയ്യേറ്റം നടന്നിട്ടുള്ള വെള്ളയമ്പലം, അമ്പലംമുക്ക് റോഡിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ പ്രാരംഭ നടപടികൾക്കായി റവന്യൂ അധികാരികളുടെ സഹായത്തോടു കൂടി സർവ്വേ നടപടികൾ പൂർത്തീകരിക്കുകയും പൈപ്പ് ലൈൻ റോഡിൽ നടന്നിട്ടുള്ള എല്ലാ കയ്യേറ്റങ്ങളും റവന്യൂ അധികാരികളുടെ സഹായത്തോടെ അതിരുകൾ നിശ്ചയിച്ച് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ കനകനഗർ മുതൽ സാൽവേഷൻ ആർമി ജങ്ഷൻ വരെയും, കവടിയാർ മുതൽ നർമ്മദാ വരെയുമുള്ള സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. ടി പ്രദേശങ്ങളിലെ അനധികൃത കയ്യേറ്റങ്ങൾ പൊളിച്ചു മാറ്റുന്നതിന് ഇതിനോടകം നോട്ടീസ് നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം ആകെ തിട്ടപ്പെടുത്തിയിട്ടുള്ള 41 കയ്യേറ്റങ്ങളിൽ 12 എണ്ണം ഇതിനോടകം പൊളിച്ചു മാറ്റിയിട്ടുണ്ട്. 11 എണ്ണത്തിന് വിവിധ കോടതികളിൽ കേസ്സുകൾ നിലവിലുണ്ട്.

എല്ലാ കയ്യേറ്റങ്ങളും ഒഴിപ്പിക്കുന്നതിന് റവന്യൂ അധികാരികളുമായി ചേർന്ന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഒരു സമഗ്ര വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) വെള്ളയമ്പലം കവടിയാർ റോഡിന്റെ വലതു വശത്തുള്ള ശാസ്തമംഗലം വില്ലേജിൽപ്പെട്ട ഷജിസ ഷക്കീർ, ശ്രീമതി ഷീബ ഈപ്പൻ എബ്രഹാം, ശ്രീ. എബി എബ്രഹാം, ശ്രീ കെ.ജി എബ്രഹാം, ശ്രീ. അബ്ദുൾ റഷീദ് എന്നിവരുടേതാണ്.

(സി) വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ഡി) വളരെ വർഷം പഴക്കമുള്ളതും പ്രതിദിനം 36 ദശലക്ഷം വെള്ളം അരുവിക്കരയിൽനിന്നും വെള്ളയമ്പലം ശുദ്ധീകരണശാലയിലേക്ക് പമ്പു ചെയ്യാൻ ശേഷിയുള്ള പൈപ്പുലൈനിൽ അനിഷ്ടകരമായ എന്തെങ്കിലും സംഭവിച്ചാൽ അനവധി പേരുടെ ജീവഹാനി ഉൾപ്പെടെ വളരെയധികം കഷ്ടനഷ്ടങ്ങൾ ഉണ്ടാകുമെന്നതാണ് റിപ്പോർട്ടിലെ പ്രധാന ഉള്ളടക്കം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചങ്ങനാശ്ശേരി പെരുമ്പുഴ കടവ് - പൂവം പാലത്തിന്റെ നിർമ്മാണം

111 (708) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈനർ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ ചങ്ങനാശ്ശേരി പെരുമ്പുഴക്കടവ്-പൂവം പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പാലത്തിന്റെ നിർമ്മാണ ജോലികൾ എന്ന് പൂർത്തീകരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത് ; പാലം പണിയുന്നതിനോടൊപ്പം എന്തൊക്കെ ജോലികൾ കൂടി പൂർത്തീകരിക്കാനായിരുന്നു വ്യവസ്ഥ ചെയ്തിരുന്നത് ;

(സി) ഇതിന്റെ നിർമ്മാണ പ്രവൃത്തികൾക്കും അനുബന്ധ ജോലികൾക്കും എന്തു തുകയാണ് വകയിരുത്തിയിരുന്നത് ; പ്രസ്തുത തുകയിൽ ചെയ്തു തീർക്കേണ്ട ജോലികൾ എന്തൊക്കെ ആയിരുന്നു ; ഇതിൽ ഇതുവരെ എന്തൊക്കെ ജോലികൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കുമോ ;

(ഡി) പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പ്രസ്തുത വർക്കിനൊപ്പം ചെയ്യേണ്ട പാലം മുതൽ ളാപാലം വരെയുള്ള തോട് പായൽനീക്കി ആഴംകൂട്ടി നവീകരിക്കുന്ന ജോലിയുടെയും നിലവിലുള്ള അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതിനായി അനുവദിച്ച തുകയിൽ എന്തു തുക പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരൻ ഇതുവരെ കൈപ്പറ്റിയെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഒരു വർഷമായി യാതൊരു പണിയും നടക്കാത്തതുമൂലം പൂവം പ്രദേശത്തേയ്ക്ക് ഗതാഗതമാർഗ്ഗം ഇല്ലാത്ത അവസ്ഥ പരിഗണിച്ച് പണി തീർക്കുവാൻ സത്വരനടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ചങ്ങനാശ്ശേരി - പെരുംപുഴക്കടവ് - പൂവൻ പാലത്തിന്റെ നിർമ്മാണം 12-ാം ധനകാര്യ കമ്മീഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2009 നവംബർ മാസം തുടങ്ങുകയും 2010 മാർച്ച് മാസം പൂർത്തീകരിക്കുകയും ചെയ്തു. ഏപ്രിൽ 24-ാം തീയതി പാലത്തിന്റെ പടിഞ്ഞാറ് വശത്തെ അപ്രോച്ച് റോഡ് താഴ്ന്നുപോവുകയും തന്മൂലം ഗതാഗത തടസ്സം ഉണ്ടാകുകയും ചെയ്തു. വളരെ വേഗംതന്നെ പൂവത്തേക്ക് ഒരു താൽക്കാലിക റോഡ് നിർമ്മിക്കുകയും വാഹന ഗതാഗതം പുനരാരംഭിക്കുകയും ചെയ്തു. അപ്രോച്ച് റോഡ് താഴ്ന്നതിനെപ്പറ്റി എൽ.ബി.എസ്-നോട് പഠനം നടത്തി റിപ്പോർട്ട് നൽകുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഈ പാലത്തിന്റെ നിർമ്മാണം 2010 മാർച്ചിൽ പൂർത്തിയാക്കാനാണ് തീരുമാനിച്ചിരുന്നത്. ഈ പാലത്തിന്റെ നിർമ്മാണത്തോടുകൂടി ഇരുവശത്തും അപ്രോച്ച് റോഡ്, പെരുമ്പുഴ കടവ്മുതൽ ളാപാലംവരെയുള്ള

തോടിന്റെ പായൽ മാറ്റി ആവശ്യമുള്ള സ്ഥലത്തെ ചെളി നീക്കം ചെയ്യൽ, 100 മീറ്റർ പുതിയ കൽകെട്ട് എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്.

(സി) ഇതിന്റെ നിർമ്മാണ പ്രവൃത്തിക്ക് ടെണ്ടർ എക്സസ് ഉൾപ്പെടെ 188 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. പാലം, അപ്രോച്ച് റോഡ് 2800 മീറ്റർ കനാൽ വൃത്തിയാക്കൽ എന്നിവയാണ് ഉദ്ദേശിച്ചിരുന്നത്. മേൽപ്പറഞ്ഞ ജോലികൾ എല്ലാം പൂർത്തിയായിക്കഴിഞ്ഞു.

(ഡി) പാലത്തിന്റേയും അപ്രോച്ച് റോഡിന്റേയും പ്രസ്തുത വർക്കിനൊപ്പം പാലംമുതൽ ഉാപാലം വരെയുള്ള തോട് പായൽനീക്കി ആഴം കൂട്ടി നവീകരിക്കുന്ന ജോലി മാർച്ച് 2010-ൽ പൂർത്തീകരിച്ചു.

(ഇ) ഇതിനായി അനുവദിച്ച തുകയിൽ പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരൻ ഇതുവരെ ടെണ്ടർ എക്സസ് ഉൾപ്പെടെ 127.70 ലക്ഷം കൈപ്പറ്റി. ബാക്കി തുക ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരം തടഞ്ഞുവച്ചിരിക്കുകയാണ്.

(എഫ്) എൽ.ബി.എസ്. -ന്റെ റിപ്പോർട്ടും നിർദ്ദേശവും അനുസരിച്ച് മേൽ നടപടി സ്വീകരിക്കുന്നതാണ്. നിലവിലുള്ള ഡീവിയേഷൻ റോഡ് പുറം ഭാഗത്തേക്ക് ഗതാഗതത്തിന് ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.

വെള്ളപ്പൊക്കം നിയന്ത്രിക്കാൻ നടപടി

112 (709) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ജലവിഭവ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച് വിശദാംശം നൽകുമോ ;

(ബി) പുതുതായി ഏതെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പൂർത്തിയാക്കിയ വെള്ളപ്പൊക്ക നിയന്ത്രണ പണികളുടെ സംരക്ഷണത്തിന് നടപടി സ്വീകരിക്കുമോ ;

(ഡി) അടുത്തകാലത്ത് വെള്ളപ്പൊക്ക കെടുതിയുണ്ടായ പ്രദേശങ്ങളിൽ വെള്ളപ്പൊക്കം തടയുന്നതിനും കനാലുകളുടെ അറ്റകുറ്റപ്പണികൾക്കും അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ജലവിഭവ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. വർഷാവർഷം കേരള സർക്കാർ നോൺപ്ലാൻ ഇനത്തിൽ അനുവദിക്കുന്ന തുക ഉപയോഗിച്ച് നടപ്പിലാക്കുന്ന നദീതീര സംരക്ഷണ പ്രവൃത്തികൾ.

2. കേന്ദ്രാവിഷ്കൃത പദ്ധതികളായ ഫ്ളഡ് മാനേജ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി വെള്ളപ്പൊക്ക നിയന്ത്രണത്തിനും തീരദേശ സംരക്ഷണത്തിനും വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ.

(ബി) വെള്ളപ്പൊക്കത്തെക്കുറിച്ച് മുൻസൂചനകൾ നൽകുന്നതിനായി കേരളത്തിലെ എല്ലാ നദീതടങ്ങളുടേയും ഫ്ളഡ്മാപ്പിംഗ് നടത്തുന്നതിനു വേണ്ടി ഒരു ബൃഹത് പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ ആലോചനയിലാണ്.

(സി) പൂർത്തിയാക്കിയ വെള്ളപ്പൊക്ക നിയന്ത്രണ പണികളുടെ സംരക്ഷണത്തിന് നിലവിൽ പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല.

(ഡി) ധനലഭ്യത അനുസരിച്ചും, വെള്ളപ്പൊക്ക കെടുതികളുടെ തീവ്രത കണക്കിലെടുത്തും അത്തരം പ്രദേശങ്ങളിൽ വെള്ളപ്പൊക്കം തടയുന്നതിനുള്ള പ്രവൃത്തികളും കനാലുകളുടെ അറ്റകുറ്റപ്പണികളും വകുപ്പ് ഏറ്റെടുത്ത് നടത്താറുണ്ട്.

ജലവിഭവ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണം

113 (710) ശ്രീ. എം. കെ. പ്രേമനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര നിയോജക മണ്ഡലത്തിലെ ഏറാമല പഞ്ചായത്തിനെയും നാദാപുരം മണ്ഡലത്തിലെ തുരുത്തി പ്രദേശത്തെയും ബന്ധിപ്പിച്ച് കരിങ്ങാറ്റി റോഡും തുരുത്തി റോഡും പാലവും ജലവിഭവ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത റോഡും പാലവും യാഥാർത്ഥ്യമാക്കുന്നതിലൂടെയുണ്ടാകുന്ന നേട്ടങ്ങളെപ്പറ്റി സാധ്യതാ പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വടകര നിയോജക മണ്ഡലത്തിലെ ഏറാമല പഞ്ചായത്തിനെയും എടച്ചേരി പഞ്ചായത്തിലെ തുരുത്തി പ്രദേശത്തെയും ബന്ധിപ്പിക്കുന്ന നിലവിലുള്ള നടപ്പാലം പൊളിച്ചുമാറ്റി വി.സി.ബി-ക്കു മുകളിലൂടെ റോഡും പാലവും നിർമ്മിക്കുന്നതിനും വി. സി. ബി. പുനരുദ്ധരിക്കുന്നതിനുമായി 45 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തുന്നതിനായി സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഈ ജോലി ഏറ്റെടുക്കുന്നതുമൂലമുള്ള ജലസേചന നേട്ടങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

അഴീക്കോട്-നീർക്കടവ് പ്രദേശത്തെ കടൽഭിത്തി നിർമ്മാണം

114 (711) ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിതബാധിത പ്രദേശമായ അഴീക്കോട്-നീർക്കടവ് പ്രദേശത്തെ കടൽഭിത്തി നിർമ്മാണം പൂർത്തിയായിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഭാഗത്തെ ഭിത്തി നിർമ്മാണം പൂർത്തീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;

(സി) കടൽ ഭിത്തി നിർമ്മാണം പൂർത്തിയാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇക്കാര്യത്തിൽ അടിയന്തരനടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സുനാമി ദുരിത ബാധിത പ്രദേശമായ അഴീക്കോട് - നീർക്കടവ് പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മാണത്തിന് 12-ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ 235 മീറ്ററിനും രണ്ടാം ഘട്ടത്തിൽ 200 മീറ്ററിനും അനുമതി നൽകിയിരുന്നു. ഒന്നാം ഘട്ടത്തിൽ 235 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണത്തിന് ടെണ്ടർ ചെയ്തെങ്കിലും കോൺട്രാക്ടർ പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ തയ്യാറായില്ല. അതു കാരണം 2009-ലെ നിരക്കിൽ എസ്റ്റിമേറ്റ് പരിഷ്ക്കരിച്ചെങ്കിലും ഫണ്ടിന്റെ അഭാവം കാരണം പ്രവൃത്തി ഏറ്റെടുത്തു നടത്താൻ കഴിഞ്ഞില്ല. രണ്ടാം ഘട്ടത്തിൽ 200 മീറ്റർ കടൽഭിത്തി നിർമ്മിക്കുവാനാണ് അനുമതിയെങ്കിലും നിരക്കുകൾ പരിഷ്ക്കരിച്ചതുകാരണം 173 മീറ്റർ നീളത്തിൽ മാത്രമെ കടൽഭിത്തി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുള്ളൂ.

(സി & ഡി) 12-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയ 173 മീറ്റർ കഴിച്ച് ബാക്കിയുള്ള 412 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മിക്കുന്നതിന് 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസൽ സ്റ്റേറ്റ് ലെവൽ എമ്പവേഡ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പരിക്കേറ്റ കുട്ടികൾക്ക് നഷ്ടപരിഹാരം

115 (712) <u>ശ്രീ. എം. കെ. പ്രേംനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര മണ്ഡലത്തിലെ ചോറോട് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ചോറോട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ കുട്ടികൾക്ക് ഇറിഗേഷൻ വകുപ്പിന്റെ കനാൽ പാലം തകർന്ന് പരിക്കേറ്റതിൽ നഷ്ടപരിഹാരം നൽകണമെന്ന് അഭ്യർത്ഥിച്ച് സ്ഥലം എം.എൽ.എ. നൽകിയ പരാതിയിൻമേൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) പരിക്കേറ്റ കുട്ടികൾക്ക് പരമാവധി സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ & ബി) ജലവിഭവ വകുപ്പുമന്ത്രിക്ക് ലഭിച്ച ബഹു. എം.എൽ.എ. യുടെ പരാതി 6-10-2010-ൽ ബഹു. മുഖ്യമന്ത്രിക്ക് അയച്ചു കൊടുക്കുകയും ആയത് കോഴിക്കോട് ജില്ലാ കളക്ടർക്ക് ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുന്നതിലേക്കായി അവിടെനിന്നും അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയുടെ റവന്യൂ വരുമാനം

116 (713) <u>പ്രൊഫ എൻ. ജയരാജ്</u> :
<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ കേരള വാട്ടർ അതോറിറ്റിയുടെ റവന്യു വരുമാനം വർദ്ധിച്ചിട്ടുണ്ടോ ;

(ബി) നിലവിൽ വാട്ടർ അതോറിറ്റിക്ക് പിരിഞ്ഞുകിട്ടുവാനുള്ള തുക എത്രയാണ് ;

(സി) ഇതിലേക്ക് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്നുമായി സെപ്റ്റംബർ മാസം വരെ 288.42 കോടി രൂപയും തദ്ദേശ ഭരണ സ്ഥാപനങ്ങളിൽനിന്നും 225.39 കോടി രൂപയും പിരിഞ്ഞുകിട്ടുവാനുണ്ട്.

(സി) കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ കണക്ഷനുകൾ വിച്ഛേദിക്കുന്നതിനായി കീഴ്ഘടകങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഭൂഗർഭജലപോഷണം ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതി

117 (714) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭജലപോഷണം ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ ;

(ബി) ഇതിന്റെ ഭാഗമായി നിലവിൽ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കുളങ്ങളും തടാകങ്ങളും പുനഃരുദ്ധരിക്കുന്നതിനുള്ള കർമ്മ പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ കഴിഞ്ഞ നാലുവർഷത്തിനകം എത്ര കുളങ്ങളുടെയും തടാകങ്ങളുടെയും പുനരുദ്ധാരണ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട് ; ഇവയിൽ എത്രയെണ്ണം പൂർത്തിയായി ; പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച തുക എത്ര ;

(ഡി) സംസ്ഥാനത്ത് തെങ്ങുകൃഷി കുറഞ്ഞു വരുന്നത് ഭൂഗർഭജലശോഷണത്തിന് കാരണമാകുന്നുണ്ടോ എന്ന കാര്യം പഠനവിധേയമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം പഠന വിധേയമാക്കുമോ ?

(ഇ) ഭൂഗർഭ ജലപോഷണം ലക്ഷ്യമിട്ടുള്ള ഒരു ജനകീയ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുമോ ?

ഉത്തരം

(എ) ഭൂജല സ്രോതസ്സ് ഉപയോഗിക്കുന്നതോടൊപ്പം ആ പ്രദേശത്തെ ഭൂജല സ്രോതസ്സിന്റെ സന്തുലിതാവസ്ഥ നിലനിറുത്തേണ്ടതിന് കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾ ഭൂജലവകുപ്പ് നടപ്പിലാക്കി വരുന്നു. 2004-05 മുതൽ വകുപ്പ് നടപ്പിലാക്കിവരുന്ന കൃത്രിമ ഭൂജല സംപോഷണ പദ്ധതി വഴി സംസ്ഥാനത്ത് നിരവധി മഴക്കുഴികൾ, ചെക്ക്ഡാമുകൾ, അടിയണകൾ തുടങ്ങിയ സംപോഷണ പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഇത് കൂടാതെ പരിസ്ഥിതി സന്തുലിതമായ ഭൂജല ഉപയോഗത്തെക്കുറിച്ചും, കൃത്രിമ ഭൂജല പരിപോഷണത്തെ കുറിച്ചും അവബോധം വളർത്തുന്നതിലേക്കായി ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ വിവിധ ബോധവൽക്കരണ പരിപാടികൾ വകുപ്പ് നടപ്പിലാക്കി വരുന്നു. നടപ്പു സാമ്പത്തിക വർഷം 40 ലക്ഷം രൂപ അനുവദിച്ചിരിക്കുന്ന ഈ പദ്ധതി മുഖാന്തിരം ഇതുവരെ 5 പദ്ധതികൾ (നവംബർ 2010) പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് പദ്ധതികൾ പുരോഗതിയിലാണ്.

(ബി) കുളങ്ങളുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനുമായി സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി 'കുളങ്ങളുടെയും ടാങ്കുകളുടെയും പുനരുദ്ധാരണം' എന്ന പേരിലും പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 'കുളങ്ങളുടെ സംരക്ഷണം' എന്ന പേരിലും പദ്ധതികൾ ജലസേചന വകുപ്പിനു കീഴിൽ നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതികൾ ഈ സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്ന തേയുള്ളൂ.

(ഡി) പ്രസ്തുത വിഷയത്തിന്മേൽ പഠനം നടത്തിയിട്ടില്ല.

(ഇ) പരിശോധിക്കുന്നതാണ്.

കേരള വാട്ടർ അതോറിറ്റിക്ക് വിവിധ സ്ഥാപനങ്ങളിൽനിന്നും പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക

118 (715) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിക്ക് വിവിധ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുക എത്ര ; സർക്കാർ സ്ഥാപനം, പൊതുമേഖല, സ്വകാര്യമേഖല എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ സർക്കാർ സ്ഥാപനം, പൊതുമേഖല സ്ഥാപനം, സ്വകാര്യ മേഖല സ്ഥാപനം ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം വരുത്തിയ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) 192.92 കോടി രൂപയോളം പിരിഞ്ഞു കിട്ടാനുണ്ട്. ഇതിൽ 71.92 കോടി രൂപ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും 27.69 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും 93.31 കോടി രൂപ സ്വകാര്യ മേഖലയിൽ നിന്നുമാണ് കിട്ടുവാനുള്ളത്. ഇതു കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കേരള വാട്ടർ അതോറിറ്റിക്ക് 225.39 കോടി രൂപ ലഭിക്കാനുണ്ട്.

(ബി) സർക്കാർ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസം, പൊതുമരാമത്ത്, ആഭ്യന്തരം, വ്യവസായം, ടൂറിസം, മെഡിക്കൽ എഡ്യൂക്കേഷൻ എന്നിവയും പൊതു മേഖലാ സ്ഥാപനങ്ങളിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്, ദക്ഷിണ റയിൽവേ, കെ.എസ്.ആർ.ടി.സി എന്നിവയും സ്വകാര്യ സ്ഥാപനങ്ങളിൽ ഹെലിബ്രിയ എസ്റ്റേറ്റ്, ഇടുക്കി സുന്ദർ രാജ് മാരുതി, മലങ്കര സീ ഫുഡ്സ്, ഗോൾഫ് ലിങ്ക്സ് (സർക്കാർ ഏറ്റെടുക്കുന്നതിനു മുമ്പത്തെ കണക്കുപ്രകാരം) വിവിധ സ്വകാര്യ ഹോട്ടലുകൾ എന്നിവ ഉൾപ്പെടുന്നു.

(സി) വീഴ്ച ശ്രദ്ധയിൽപ്പെട്ടാൽ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശുദ്ധജല വിതരണ രംഗത്തുണ്ടായ പുരോഗതി

119 (716) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീമതി ജെ. അരുന്ധതി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുദ്ധജല വിതരണ രംഗത്ത് ഈ സർക്കാർ വന്നശേഷം ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ ;

(ബി) എത്ര ശുദ്ധജല വിതരണ പദ്ധതികളുടെ പ്രവർത്തനമാണ് ഇപ്പോൾ നടന്നുവരുന്നത് ;

(സി) ഇവ പൂർത്തിയാകുമ്പോൾ എത്രപേർക്കുകൂടി കുടിവെള്ളം ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) നിർമ്മാണത്തിലിരിക്കുന്ന ഗ്രാമീണ ശുദ്ധജല വിതരണപദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ഇ) നിലവിലുള്ള കുടിവെള്ളവിതരണ പദ്ധതികൾ വിപുലീകരിക്കുന്നതിനും കുടിവെള്ളത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ ;

ഉത്തരം

(എ) 67 വൻകിട ശുദ്ധജല വിതരണ പദ്ധതികളും 222-ചെറുകിട പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ വാട്ടർ അതോറിറ്റി, ജപ്പാൻ ബാങ്കിന്റെ സഹായത്തോടെയുള്ള തിരുവനന്തപുരം നഗര മേഖലയിലെ ശുദ്ധജല വിപുലീകരണ പദ്ധതി 18-5-2010-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. സുനാമി പുനരധിവാസപദ്ധതിയിൽ ഉൾപ്പെടുത്തി 95 പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ജല അതോറിറ്റി ഏറ്റെടുത്ത് മുടങ്ങിക്കിടന്ന 36 പദ്ധതികൾ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഏറ്റെടുത്തു നടപ്പിലാക്കിവരുന്നു. മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 30 പദ്ധതികളും നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ JNNURM പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലേക്കായി രണ്ട് ശുദ്ധജല വിതരണ പദ്ധതികളുടെയും UIDSSMT പദ്ധതിയിൽ ഉൾപ്പെടുത്തി മുനിസിപ്പാലിറ്റികളിലേക്കായി 13 ശുദ്ധജല വിതരണ പദ്ധതികളുടെയും പ്രവർത്തനവും നടന്നുവരുന്നു.

(ബി) 156 വൻകിട പദ്ധതികളാണ് വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത്. കൂടാതെ ജപ്പാൻ ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന 5 വൻകിട പദ്ധതികളും JNNURM പദ്ധതിയിൽ ഉൾപ്പെടുത്തി '2' പദ്ധതികളും UIDSSMT പദ്ധതിയിൽ ഉൾപ്പെടുത്തി 13-പദ്ധതികളും വാട്ടർ അതോറിറ്റി നടപ്പിലാക്കിവരുന്നു.

(സി) മേൽപ്പറഞ്ഞ പദ്ധതികൾ പൂർത്തിയാകുമ്പോൾ ഏകദേശം 60 ലക്ഷം പേർക്ക് കുടിവെള്ളം ലഭ്യമാകുമെന്നാണ് കണക്കാക്കുന്നത്.

(ഡി) നിർമ്മാണത്തിലിരിക്കുന്ന എല്ലാ ത്വരിത ഗ്രാമീണ പദ്ധതികളും 2012-13 വർഷത്തിനകം കഴിയുന്നതുംവേഗം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഇ) നിലവിലുള്ള കുടിവെള്ള പദ്ധതികൾ വിപുലീകരിക്കാനും കുടിവെള്ള ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ആവിഷ്കരിച്ചുവരുന്നു.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കടൽവെള്ളം ശുദ്ധീകരിച്ച് നൽകുന്നതിനുള്ള പ്രോജക്റ്റ്

120 (717) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ദീർഘകാലാടിസ്ഥാനത്തിൽ കടൽവെള്ളം ശുദ്ധീകരിച്ച് നൽകാനുള്ള പ്രോജക്ട് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇപ്പോൾ കേരളത്തിൽ വിതരണത്തിനായുള്ള കുടിവെള്ള സ്രോതസ്സുകൾ വേണ്ടത്ര ഉണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അത്തരം പദ്ധതി നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല. കുടിവെള്ള വിതരണത്തിന് അനുയോജ്യമായ ധാരാളം ഉപരിതല സ്രോതസ്സുകൾ ഉള്ള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം താരതമ്യേന ചെലവേറിയ കടൽവെള്ള ശുദ്ധീകരണം സാധാരണഗതിയിൽ പ്രായോഗികമല്ല.

(ബി) കുടിവെള്ള പദ്ധതികൾക്ക് ആവശ്യമായ കുടിവെള്ള സ്രോതസ്സുകൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമീണ ശുദ്ധജല പദ്ധതി

121 (718) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. കെ. അച്ചുതൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഗ്രാമീണ ശുദ്ധജല പദ്ധതിയിൻകീഴിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് കേന്ദ്ര ധനസഹായത്തോടെ ഏറ്റെടുത്തിരുന്നത്;

(ബി) ഇതിനായി എത്ര കോടി രൂപയുടെ കേന്ദ്ര ധനസഹായമാണ് ഇതുവരെ ലഭ്യമായത്;

(സി) ഇത്തരം ഗ്രാമീണ പദ്ധതികൾ നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മറ്റ് വിവിധ വകുപ്പുകളും തമ്മിലുള്ള ഏകോപനം ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) കേന്ദ്ര ധനസഹായത്തോടെയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിലുൾപ്പെടുത്തി.

1. കുടിവെള്ളലഭ്യത കുറഞ്ഞ പ്രദേശങ്ങൾക്കുള്ള കുടിവെള്ളപദ്ധതികൾ

2.കുടിവെള്ള ഗുണനിലവാര പ്രശ്നങ്ങളുള്ള പ്രദേശങ്ങൾക്കുള്ള കുടിവെള്ളപദ്ധതികൾ

3. മഴവെള്ള സംഭരണ പദ്ധതിയായ വർഷ പദ്ധതികൾ

4. ഗ്രാമീണ സർക്കാർ സ്കൂളുകൾ അംഗൻവാടികളിലേക്കുള്ള പദ്ധതികൾ

5. കുടിവെള്ള സ്രോതസ്സുകളുടെ സസ്റ്റയ്നബിലിറ്റിക്കായുള്ള പദ്ധതികൾ എന്നിവയാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. കൂടാതെ 9 ജില്ലകളിലായി 115 സുനാമി പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു.

(ബി) കേന്ദ്ര ധനസഹായത്തോടെയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ നടത്തിപ്പിനായി 2006-07 മുതൽ നാളിതുവരെ 470.31 കോടി രൂപ ലഭിച്ചു. ടെക്നോളജി മിഷൻ (26) പദ്ധതിക്കായി ഇതുവരെ 27.15 കോടി രൂപ ലഭിച്ചിട്ടുണ്ട്. സുനാമി പദ്ധതികൾക്ക് 72 കോടി രൂപയുടെ ധനസഹായമാണ് ഇതുവരെ ലഭ്യമായത്.

(സി) വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി സംസ്ഥാനതല സ്കീം സാങ്ഷനിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി മുഖേന യാണ് പദ്ധതികൾക്ക് അംഗീകാരം നൽകുന്നതും നടപ്പിലാക്കുന്നതും.

LIBRARY ARCHIVES Kerala Legislative Assembly

ജപ്പാൻ കുടിവെള്ള പദ്ധതി

122 (719) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ കുടിവെള്ള പദ്ധതിക്കായി തിരുവനന്തപുരം അരുവിക്കരയിൽ പുതുതായി നിർമ്മിച്ച പ്ലാന്റിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആയിട്ടുണ്ടോ ;

(ബി) ഈ പ്ലാന്റിന് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നല്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് ഏർപ്പെടുത്തിയിരുന്നത് ;

(സി) ഈ പ്ലാന്റിന്റെ പ്രവർത്തനത്തോടൊപ്പം ഇതിന്റെ മെയിന്റനൻസും ഇതിന്റെ നിർമ്മാണ ചുമതലയുള്ള കമ്പനി നടത്തണമെന്ന് വ്യവസ്ഥയുണ്ടോ ;

(ഡി) എത്ര വർഷത്തേക്കാണ് ഇത്തരത്തിൽ മെയിന്റനൻസ് കരാർ ഉണ്ടാക്കിയിട്ടുള്ളത് ?

ഉത്തരം

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം അരുവിക്കരയിൽ പുതുതായി നിർമ്മിച്ച പ്ലാന്റിന്റെ പ്രവർത്തനം ഏറെക്കുറെ പൂർണ്ണ തോതിൽ ആയിട്ടുണ്ട്.

(ബി) പ്രസ്തുത പ്ലാന്റിന് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന് ടി പ്ലാന്റിലെ ഓരോ വിഭാഗത്തിലെയും യന്ത്രങ്ങളുടെ പ്രവർത്തനക്ഷമത നിരീക്ഷിച്ച് ടെസ്റ്റ് സർട്ടിഫിക്കറ്റ് നൽകിയതിനു ശേഷമാണ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടത്.

(സി) ഉണ്ട്. ആദ്യത്തെ ഒരു വർഷം ടി കമ്പനി തനിച്ചും രണ്ടാമത്തെ വർഷം വാട്ടർ അതോറിറ്റി നിയോഗിക്കുന്ന ജീവനക്കാർക്ക് പരിശീലനം നൽകി അവരുടേയുംകൂടി സഹായത്തോടെയും പ്ലാന്റിന്റെ മെയിന്റനൻസ് നടത്തേണ്ടതാണ്.

(ഡി) രണ്ടു വർഷത്തേക്കാണ് മെയിന്റനൻസ് കരാർ ഉണ്ടാക്കിയിട്ടുള്ളത്.

ഭാരതപ്പുഴയിലെ ശുദ്ധജല സംരക്ഷണം

123 (720) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേനൽക്കാലത്ത് കടുത്ത വരൾച്ച നേരിടുകയും കുടിവെള്ള ക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്ന ഭാരതപ്പുഴയുടെ സമീപ പഞ്ചായത്തുകളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പുഴയിലൊഴുകുന്നവെള്ളം സംഭരിച്ച് വയ്ക്കാനും വേനൽക്കാലത്ത് ഉപയോഗിക്കാനും വേണ്ടി ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ പട്ടാമ്പിയിൽ ഒരു ബൃഹത് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിരവധി ചെറുകിട കുടിവെള്ള പദ്ധതിക്ക് സർക്കാർ ഫണ്ട് ചെലവാക്കുന്നത് ഒഴിവാക്കി ഇത്തരത്തിലുള്ളൊരു ദീർഘകാലാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പദ്ധതി ആസൂത്രണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി)) നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

പട്ടാമ്പി നിയോജക മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ

124 (721) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി നിയോജക മണ്ഡലത്തിലെ പട്ടാമ്പി, കുലുക്കല്ലൂർ എന്നീ ശുദ്ധജല വിതരണ പദ്ധതികൾ ഉദ്ഘാടനം ചെയ്യാനുള്ള കാലതാമസത്തിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) മേൽപ്പറഞ്ഞ ശുദ്ധജല വിതരണ പദ്ധതികൾ ഉടൻ ഉദ്ഘാടനം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) പട്ടാമ്പി ശുദ്ധജല വിതരണ പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, മൂന്ന് ഉന്നതതല ജല സംഭരണികൾ, റോവാട്ടർ പമ്പിംഗ് മെയിൻ, ഒന്നാം മേഖലയിലേക്കുള്ള വിതരണ ശൃംഖല, ഒന്നും രണ്ടിലേക്കുമുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ മെയിൻ, ക്ലിയർ വാട്ടർ സമ്പ് എന്നിവ പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കി പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. പദ്ധതി 2011 ഏപ്രിൽ മാസത്തോടെ ഭാഗികമായി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ രണ്ടും മൂന്നും മേഖലയിലേക്കുള്ള വിതരണ ശൃംഖലയുടെ 370 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതി നിർദ്ദേശത്തിന് സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ 2011 ഡിസംബർ മാസത്തോടെ പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നെല്ലായ, കുലുക്കല്ലൂർ പദ്ധതിയുടെ കിണർ, റോവാട്ടർ പമ്പിംഗ് മെയിൻ എന്നിവ പൂർത്തീകരിച്ചു എങ്കിലും ശുദ്ധീകരണ ശാലയുടേയും ഉന്നതതല ജല സംഭരണിയുടെയും പ്രവൃത്തികൾ ഉൾപ്പെടുന്ന പാക്കേജ്- 2 ന്റെ ദർഘാസ് റദ്ദു ചെയ്തതിനാൽ 2010-ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ദർഘാസ് പുനർക്ഷണിക്കുന്നതിനും പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

രണ്ടു പദ്ധതികളുടേയും അവശേഷിക്കുന്ന പണികൾ പൂർത്തീകരിച്ച് പദ്ധതികൾ ഉദ്ഘാടനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പേരാവൂർ കുടിവെള്ള പദ്ധതി

125 (722) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടിവെള്ള പദ്ധതിക്കായി പേരാവൂർ നിയോജകമണ്ഡലത്തിൽ എന്തു തുക ഏതൊക്കെ പദ്ധതികൾക്കായി ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ പണി പൂർത്തീകരിച്ച ചാവശ്ശേരി, പാറയ്ക്കമല എന്നീ കുടിവെള്ള പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്ത മാക്കുമോ ;

ഉത്തരം

(എ)

1. അയ്യൻകുന്ന് പഞ്ചായത്തിലെ പാറയ്ക്കാമലയ്ക്കും സമീപ പ്രദേശ ങ്ങൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി-ചെലവ് 60.06 ലക്ഷം രൂപ.

2. കൂടാളി പഞ്ചായത്തിലെ ആയിപ്പുഴ-കാലംപാറ പ്രദേശങ്ങൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ചെലവ് 38.78 ലക്ഷം രൂപ.

3. എ.ആർ.പി സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള കീഴൂർ-ചാവശ്ശേരി വില്ലേജുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി-ചെലവ് 442 ലക്ഷം രൂപ

(ബി) 2011 ഫെബ്രുവരിയിൽ അഞ്ചരക്കണ്ടി കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതോടുകൂടി കീഴൂർ - ചാവശ്ശേരി വില്ലേജുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയും.

പാറയ്ക്ക മലയ്ക്കും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി 2011 ഫെബ്രുവരിയിൽ കമ്മീഷൻ ചെയ്യാൻ കഴിയും

മുന്നാട്-ബോധഡുക്ക കുടിവെള്ള പദ്ധതി

126 (723) ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ മൂന്നാട്, ബോധഡുക്ക വില്ലേജുകളിൽ കുടിവെള്ളം നൽകുന്നതിനുള്ള വാട്ടർ അതോറിറ്റിയുടെ പദ്ധതിയുമായി ബന്ധ പ്പെട്ട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് അനുമതി നൽകിയത് എപ്പോഴാണെന്നും പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കി ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കാനാകും എന്നും അറിയിക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ മൂന്നാട്, ബോധടുക്ക, കുറ്റിക്കോൽ വില്ലേജുകൾക്ക് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ പാക്കേജ്-I ലെ

ഇൻടേക്ക് വെൽ-കം-പമ്പ് ഹൗസിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പാക്കേജ് 2-ലെ മൂന്ന് എം.എൽ.ഡി ശുദ്ധീകരണശാലയുടെ ടെണ്ടർ സൂക്ഷ്മ പരിശോധനയിലാണ്. പാക്കേജ് 3-ലെ 2710 മീറ്റർ റോ വാട്ടർ പമ്പിംഗ് മെയിൻ 2540 മീറ്റർ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, 2.10 ലക്ഷം ലിറ്റർ, 2.80 ലക്ഷം ലിറ്റർ ഭൂതല സംഭരണികൾ എന്നിവയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പാക്കേജ് 4-ലെ വിതരണ ശൃംഖലയുടെ സോൺ II, സോൺ III പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. വിതരണ ശൃംഖലയുടെ സോൺ I-ന്റെ ദർഘാസ് സൂക്ഷ്മ പരിശോധനയിലാണ്.

(ബി) പ്രസ്തുത പദ്ധതിക്ക് 2/2008-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി 31-12-2011-ൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

ദേലമ്പാടി കുടിവെള്ള പദ്ധതി

127 (724) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ദേലമ്പാടി അനുബന്ധ വില്ലേജുകളിലേക്കുള്ള കുടിവെള്ള പദ്ധതി പരിഗണനയിലുണ്ടോ ;

(ബി) മേൽ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) പദ്ധതിക്കു വേണ്ടിയുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ പരിശോധനയ്ക്കും അംഗീകാരത്തിനും ശേഷം പദ്ധതി അംഗീകരിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

കുളത്തൂപ്പുഴ ശുദ്ധജല പദ്ധതി

128 (725) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ മണ്ഡലത്തിലെ കുളത്തൂപ്പുഴ ശുദ്ധജല പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) ഇത് എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) പദ്ധതിയുടെ കിണറിന്റേയും കിണറിന്റെ സംരക്ഷണ പ്രവർത്തനങ്ങളുടേയും നിർമ്മാണം പൂർത്തിയായി. കിണറിൽനിന്നും ശുദ്ധീകരണശാലയിലേക്കുള്ള പമ്പിംഗ് മെയിനിന്റെ പണി 90 % പൂർത്തിയായി. കാഞ്ഞിരോട്ടു

LIBRARY ARCHIVES Kerala Legislative Assembly

കുന്നിലുള്ള 10.53 എം.എൽ.ഡി. ശേഷിയുള്ള ജല ശുദ്ധീകരണശാലയുടെ പ്രവൃത്തി പുരോഗതിയിലാണ്. ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിനിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഭാരതീപുരത്തെ 10 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉപരിതല സംഭരണിയുടെ പണി റീ ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിതരണ ശൃംഖല 2 സോണായി തിരിച്ച് എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 2011 ഡിസംബർ മാസത്തോടുകൂടി ഭാഗികമായി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കുട്ടനാട് പാക്കേജിന്റെ ഭാഗമായി കുടിവെള്ള പൈപ്പ് ലൈനുകൾക്ക് സംഭവിക്കുന്ന നാശനഷ്ടം

129 (726) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി പുറം ബണ്ട് നിർമ്മാണം ആരംഭിക്കുമ്പോൾ കുടിവെള്ളപൈപ്പുകൾക്ക് സംഭവിക്കുന്ന നാശനഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പൈപ്പു ലൈനുകൾ പുനഃസ്ഥാപിക്കുന്നതിന് വേണ്ട നടപടികൾകൂടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) കുടിവെള്ള പൈപ്പുലൈനുകൾ പുനഃസ്ഥാപിക്കുന്നതിന് കുട്ടനാട് പാക്കേജിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ വിഷയം ഒരു പ്രത്യേക പദ്ധതിയായി കേന്ദ്ര സർക്കാരിനു മുമ്പിൽ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 29-8-2010-ൽ മങ്കൊമ്പ് പ്രോജക്ട് ആഫീസ്, ആലപ്പുഴയിൽ വച്ചു കൂടിയ ടാസ്ക് ഇംപ്ലിമെന്റേഷൻ കമ്മിറ്റി മീറ്റിംഗിൽ കുട്ടനാട് പാക്കേജിന്റെ ഭാഗമായി പുറം ബണ്ട് നിർമ്മാണം ആരംഭിക്കുമ്പോൾ കുടിവെള്ള പൈപ്പ് ലൈനുകൾക്ക് സംഭവിക്കുന്ന നാശനഷ്ടത്തെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. പുറം ബണ്ടു നിർമ്മാണവുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന കോൺട്രാക്ടർക്ക്, നിലവിലുള്ള പൈപ്പ് ലൈനുകൾ നാശനഷ്ടം വരുത്തുന്ന പക്ഷം, ഫൈൻ ഏർപ്പെടുത്തുവാനും ഈ പൈപ്പ് ലൈനിന്റെ കേടുപാടുകൾ മാറ്റുന്നതിനുള്ള വ്യവസ്ഥ എഗ്രിമെന്റിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുവാനും ഇറിഗേഷൻ വകുപ്പിനോട് പ്രസ്തുത കമ്മിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കാളിപ്പാറ പദ്ധതി

130 (727) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ കോവളം-പാറശ്ശാല-നെയ്യാറ്റിൻകര മണ്ഡലങ്ങളിലെ ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന കാളിപ്പാറ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) പദ്ധതി എന്നേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ ;

(സി) പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയെന്നും സർക്കാർ എത്ര തുക അനുവദിച്ചുവെന്നും അറിയിക്കുമോ ;

ഉത്തരം

(എ) പദ്ധതിയുടെ പൊതുഘടകങ്ങളായ റോവാട്ടർ ഗ്രാവിറ്റി മെയിൻ 36 എം.എൽ.ഡി. ജല ശുദ്ധീകരണശാല, നെയ്യാർ ഡാം പരിസരത്തുള്ള ഇൻടേക്ക് സംവിധാനങ്ങൾ എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. റോവാട്ടർ പമ്പിംഗ് മെയിനിന്റെ വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. റോ വാട്ടർ പമ്പുസെറ്റ് സ്ഥാപിക്കുന്നതിനുള്ള എഗ്രിമെന്റ് വച്ചു. റോവാട്ടർ സമ്പ്, പമ്പ് ഹൗസ് എന്നിവയുടെ പ്രവൃത്തി പുനർ ദർഘാസ് ചെയ്യേണ്ടതുണ്ട്. പദ്ധതിയുടെ 72 കോടി രൂപ അടങ്കൽ തുകയുള്ള ട്രാൻസ്മിഷൻ മെയിൻ പണികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉപരിതല സംഭരണികൾക്കാവശ്യമായ സ്ഥലം ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുത്ത് നൽകേണ്ടതായിട്ടുണ്ട്.

(ബി) 2013 മാർച്ചോടുകൂടി പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) 136.40 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് നടപ്പു സാമ്പത്തിക വർഷം 47.62 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട ചേർത്തല പ്രോജക്ട്

131 (728) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ നിർവ്വഹണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) ചേർത്തല പ്രോജക്ട് എന്നേക്ക് കമ്മീഷൻ ചെയ്യാനാവും ;

(സി) ഈ പദ്ധതി മന:പൂർവ്വം വൈകിക്കുന്നതിന് ചില ഉദ്യോഗസ്ഥർ ശ്രമിക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ഡി) തുടർ പ്രവർത്തനം യഥാസമയം നടത്താതെ പദ്ധതി വൈകിക്കുന്ന ഉദ്യോഗസ്ഥരുടെമേൽ അച്ചടക്ക നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ;

(ഇ) ഈ പദ്ധതി 2011 ഫെബ്രുവരി 15-ന് ഭാഗീകമായി കമ്മീഷൻ ചെയ്യണമെന്ന് ഏറ്റവും ഒടുവിൽ കൂടിയ മന്ത്രിതല യോഗതീരുമാനം നടപ്പാക്കാനാവുമോ ;

(എഫ്) ചേർത്തല പ്രോജക്ടിന്റെ നടത്തിപ്പിൽ പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹാരം കാണുന്നതിന് ക്രമീകരണം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) ജൈക്ക (ജപ്പാൻ ഇന്റർ നാഷണൽ കോ-ഓപ്പറേഷൻ ഏജൻസി) യുടെ സഹായത്തോടെ നടപ്പിലാക്കുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിലെ അഞ്ച് ശുദ്ധ ജലവിതരണ പദ്ധതികളുടെ പ്രവർത്തന പുരോഗതി താഴെ പറയുന്നു.

പദ്ധതി	പുരോഗതി (30-11-2010 വരെ)
തിരുവനന്തപുരം	83.55 %
മീനാട്	87.7 %
ചേർത്തല	82.28 %
കോഴിക്കോട്	62.57 %
പട്ടുവം	72.21 %

ഇവയിൽ തിരുവനന്തപുരം നഗരത്തിലും പ്രാന്തപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധ ജലവിതരണ പദ്ധതി 18-5-2010-ൽ ഭാഗീകമായി കമ്മീഷൻ ചെയ്ത് 37 mld ജലം വിതരണം ചെയ്തുവരുന്നു.

(ബി) 2011 ഏപ്രിൽ മാസത്തോടെ കമ്മീഷൻ ചെയ്യാനാകും എന്ന് പ്രതീക്ഷിക്കുന്നു.

(സി & ഡി) ഇത്തരത്തിൽ ഒരാരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഫെബ്രുവരി അവസാനത്തോടെ ഭാഗീകമായി കമ്മീഷനിംഗ് നടപ്പിലാക്കാൻ തീവ്രശ്രമം നടന്നുവരുന്നു.

(എഫ്) ഏർപ്പെടുത്തിയിട്ടുണ്ട്.

കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി

132 (729) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കവണക്കല്ല് ആർ.സി.ബി.യുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കൊടിയത്തൂർ, കാരശ്ശേരി, മുക്കം, ഓമശ്ശേരി പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സമർപ്പിച്ച പ്രോജക്ടിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രോജക്ടിന്റെ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രോജക്ടിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കവണക്കല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി കൊടിയത്തൂർ കാരശ്ശേരി, മുക്കം, ഓമശ്ശേരി പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ വിശദമായ റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. ഓമശ്ശേരി പഞ്ചായത്ത് രണ്ടാം ഘട്ടത്തിൽ നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ശുദ്ധീകരണശാലയും ടാങ്കുകളും നിർമ്മിക്കുവാൻ ആവശ്യമായ സ്ഥലം ലഭ്യമാക്കാമെന്ന് മുക്കം, കാരശ്ശേരി പഞ്ചായത്തുകൾ അറിയിച്ചിട്ടുണ്ട്. എന്നാൽ കെ.ഡബ്ല്യു.എ. യുടെ പുതിയ തീരുമാനപ്രകാരം സ്ഥലം പഞ്ചായത്തിൽ നിന്നും ലഭ്യമായതിനു ശേഷമെ പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതി നൽകുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത പ്രോജക്ട് ചേരുമംഗല്ലൂരിൽ ഇരുവഴിഞ്ഞിപ്പുഴ, തെയ്യത്തും കടവ് എന്ന സ്ഥലത്ത് കിണറും (10 മീറ്റർ വ്യാസമുള്ള) പമ്പ് ഹൗസും നിർമ്മിച്ച് ചേരുമംഗല്ലൂർ ഹയർ സെക്കന്ററി സ്കൂളിന് സമീപം ജല ശുദ്ധീകരണ ശാലയ്ക്കും (15 എം.എൽ.ഡി) സംഭരണികളും നിർമ്മിക്കുവാനും ഇവിടെ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ഉന്നതതല സംഭരണിയിൽനിന്നും മുക്കം പഞ്ചായത്തിലേക്കുള്ള പ്രധാന വിതരണ ശൃംഖല സ്ഥാപിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്. കൂടാതെ കാരശ്ശേരി പഞ്ചായത്തിൽ ഓടത്തെരുവിൽ സമ്പും, എള്ളങ്ങൾ എന്ന സ്ഥലത്ത് ഉന്നതതല സംഭരണിയും നിർമ്മിച്ച് കാരശ്ശേരി പഞ്ചായത്തിലേക്കുള്ള പ്രധാന വിതരണ ശൃംഖല സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

കൊടിയത്തൂർ പിടിഎം ഹൈസ്കൂളിനു സമീപം ഭൂതല സംഭരണി നിർമ്മിച്ച് കൊടിയത്തൂർ പഞ്ചായത്തിലേയ്ക്കും പ്രധാന വിതരണ ശൃംഖല സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

രണ്ടാം ഘട്ടത്തിൽ ഓമശ്ശേരി പഞ്ചായത്തിലെ മുതൂർ എന്ന സ്ഥലത്ത് ഭൂതല സംഭരണിയും പമ്പിംഗ് മെയിൻ, വിതരണ ശൃംഖല എന്നിവയും കൂടാതെ, മുക്കം, ഓമശ്ശേരി, കാരശ്ശേരി, കൊടിയത്തൂർ എന്നീ പഞ്ചായത്തുകൾക്കുള്ള അവശേഷിക്കുന്ന വിതരണ ശൃംഖലയും സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഒന്നാം ഘട്ടത്തിന്റെ എസ്റ്റിമേറ്റ് തുക 2500.00 ലക്ഷം രൂപയാണ്. രണ്ടാം ഘട്ടത്തിന്റെ വിശദമായ ടെക്നിക്കൽ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(സി) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഒറ്റപ്പാലം നഗര ശുദ്ധജല പദ്ധതി

133 (730) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നഗരസഭയിലെ പരിധിയിൽ താമസിക്കുന്ന ജനങ്ങളുടെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായുള്ള എൽ.ഐ.സി സഹായത്തോടെയുള്ള യു.ഐ.ഡി.എസ്.എസ്.എം.ടി ഒറ്റപ്പാലം നഗര ശുദ്ധജലപദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ എത്രമാത്രം ജോലി പൂർത്തീകരിച്ചുവെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി പൂർത്തീകരണത്തിനായി എത്ര രൂപയുടെ അനുമതിയാണ് ലഭിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതി എന്ന് പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; പദ്ധതി കുറ്റമറ്റരീതിയിൽ പൂർത്തിയാക്കുന്നതിനായി ആക്ഷൻ പ്ലാൻ ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ പദ്ധതിയുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) എൽ.ഐ.സി. സഹായത്തോടെ ആരംഭിച്ച പദ്ധതിയുടെ ബാക്കി ഘടകങ്ങൾ യു.ഐ.ഡി.എസ്.എസ്.എം.ടി. യിൽ ഉൾപ്പെടുത്തുകയും 1800 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയും പദ്ധതി ആറ് പാക്കേജുകളായി പുന:ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ പാക്കേജായ റോ വാട്ടർ പമ്പിംഗ് മെയിൻ പ്രവൃത്തിക്ക് എഗ്രിമെന്റ് വയ്ക്കുകയും പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം പാക്കേജായ 13 എം.എൽ.ഡി ജല ശുദ്ധീകരണശാലയുടെ ദർഘാസ് പരിശോധനയിലാണ്. മറ്റു പാക്കേജുകളായ ഭാരതപ്പുഴയിലെ തടയണ നിർമ്മാണം, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, റോ വാട്ടർ പമ്പിംഗ് മെയിൻ, വിതരണ ശൃംഖല എന്നിവയുടെ എസ്റ്റിമേറ്റുകൾ അതോറിറ്റിയിൽ സൂക്ഷ്മ പരിശോധനയിലാണ്.

(സി) 1800 ലക്ഷം രൂപയുടെ അനുമതിയാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ പുതിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം എസ്റ്റിമേറ്റ് പുതുക്കേണ്ടതുണ്ട്.

(ഡി) യു.ഐ.ഡി.എസ്.എസ്.എം.ടി. യിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതി നടപ്പാക്കുന്നതിനായി ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ വാട്ടർ അതോറിറ്റിയും സംസ്ഥാന സർക്കാരുമായി ഒരു ധാരണാപത്രം ഒപ്പു വച്ചതനുസരിച്ച് മുനിസിപ്പാലിറ്റി തലത്തിൽ രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ അഡൈ്വസറി ഗ്രൂപ്പ് (TAG)-ന്റെ ശുപാർശയ്ക്കും അംഗീകാരത്തിനും വിധേയമായി ജല അതോറിറ്റിയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതി 2012 മാർച്ച് മാസം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

134 (731) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-07 മുതൽ 2010-11 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് മുഖേനയും കേരള വാട്ടർ അതോറിറ്റി മുഖേനയും നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോന്നിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) നിർമ്മാണം നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാം ആണെന്നും അവയുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ.

(ഡി) നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ ഏതെല്ലാമാണെന്നും ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്നും അവ എന്ന് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

ഉത്തരം

(എ) ചീഫ് എഞ്ചിനീയർ (ജലസേചനവും & ഭരണവും), മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി എന്നിവരുടെ കീഴിൽ നടത്തിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്* ഭൂജല വകുപ്പുമായി ബന്ധപ്പെട്ട് കളക്ടറുടെ ഫണ്ട് ഉപയോഗിച്ച് (വരൾച്ചാ ദുരിതാശ്വാസ പദ്ധതി-2009) കായംകുളം ഗവൺമെന്റ് ഹോസ്പിറ്റലിൽ ഒരു ട്യൂബ് വെൽ കുഴിച്ചിട്ടുണ്ട്. ഇതിനായി 2,35,050 രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ മഞ്ചാടി എസ്.സി കോളനിയിൽ കളക്ടറുടെ എസ്.സി പുനരുദ്ധാരണ ഫണ്ട് ഉപയോഗിച്ച് കുടിവെള്ള വിതരണ പദ്ധതി നടപ്പിലാക്കി. ഇതിനായി 3,61,584 രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും), ഡയറക്ടർ (ഭൂജലവകുപ്പ്) എന്നിവരുടെ കീഴിലുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. മാനേജിംഗ് ഡയറക്ടർ (കേരള വാട്ടർ അതോറിറ്റി)-യുടെ കീഴിലുള്ള പ്രവൃത്തികളെക്കുറിച്ചുള്ള വിവരങ്ങൾ താഴെ പറയുന്നു. അനുബന്ധം (2) ലെ ക്രമനമ്പർ 1 മുതൽ 15 വരെയും, 18 മുതൽ 20 വരെയും, 23 മുതൽ 27 വരെയും, 29 മുതൽ 30 വരെയും പ്രവൃത്തികൾ പൂർത്തീകരിച്ചു.

(സി) ചീഫ് എഞ്ചിനീയർ (ജലസേചനവും & ഭരണവും)-ന്റെ കീഴിൽ നിർമ്മാണം നടന്നുവരുന്ന പ്രവൃത്തികൾ ഒന്നും തന്നെയില്ല. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ-ജനകീയാസൂത്രണം 2010-11 മുതുകുളം പഞ്ചായത്തിലെ വിവിധ വാർഡുകളിലേക്ക് പൈപ്പ്ലൈൻ നീട്ടൽ — നിർമ്മാണം നടപ്പു വരുന്നു. 2011 മാർച്ച് 31-ന് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചീഫ് എഞ്ചിനീയർ (ജലസേചനവും & ഭരണവും)-ന്റെ കീഴിൽ കൃഷ്ണപുരം പഞ്ചായത്തിൽ ആറുക്കടമ്പ പാലത്തിൽ തച്ചേത്തറ പാലം മുതൽ ആറുകടമ്പ തോടിന്റെ ഇരു കരകളുടേയും സംരക്ഷണം അലൈൻമെന്റ് നിർണ്ണയത്തിലെ കാലതാമസം കാരണം ഈ പ്രവൃത്തി തുടങ്ങുവാൻ സാധിച്ചില്ല. 2011 ജനുവരിയിൽ പ്രവൃത്തി തുടങ്ങുവാൻ സാധിക്കും. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ചുവടെ ചേർക്കുന്നു. അനുബന്ധം(2)-ലെ ക്രമ നമ്പർ-16-എ.സി.എ, എസ്.സി.പി കൃഷ്ണപുരം പഞ്ചായത്തിൽ കുഴൽക്കിണർ നിർമ്മിക്കുന്ന ജോലി - പൊതുജനത്തിന്റെ എതിർപ്പുമൂലം പ്രവൃത്തി തുടങ്ങിയിട്ടില്ല. പൊതുജനത്തിന്റെ എതിർപ്പ് പരിഹരിക്കുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കും.

അനുബന്ധം (2)-ലെ ക്രമനമ്പർ 17-ജനകീയാസൂത്രണം 08-09 (എസ്.സി.പി) കായംകുളം മുനിസിപ്പാലിറ്റിയുടെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ-കരാറുകാർ പണി തുടങ്ങിയിട്ടില്ല. ഉടൻ ആരംഭിക്കും 2011 മാർച്ച് മാസത്തിൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.അനുബന്ധം (2)-ലെ ക്രമനമ്പർ 21-വരൾച്ചാ ദുരിതാശ്വാസ പദ്ധതി 09-10 ദേവികുളങ്ങര പഞ്ചായത്തിലെ വടക്കേ ആഞ്ഞിലിമൂട് എന്ന സ്ഥലത്ത് കുഴൽക്കിണർ നിർമ്മാണം - കോൺട്രാക്ടർ പണി തുടങ്ങിയിട്ടില്ല. കോൺട്രാക്ടർക്ക് ഫൈനൽ നോട്ടീസ് കൊടുത്തിട്ടുണ്ട്. ഉടൻ ആരംഭിക്കും 2011 മാർച്ച് 31-ന് പൂർത്തീകരിക്കും.

അനുബന്ധം (2)-ലെ ക്രമ നമ്പർ 28 വരൾച്ച ദുരിതാശ്വാസ പദ്ധതി-09 കായംകുളം മുനിസിപ്പാലിറ്റിയിലെ ആയുർവേദ ഹോസ്പിറ്റൽ പരിസരത്ത് കുഴൽക്കിണർ നിർമ്മിക്കുന്ന ജോലി നാഷണൽ ഹൈവേയ്ക്ക് വീതി കൂട്ടുന്നതിനാൽ പ്രവർത്തി തുടങ്ങിയിട്ടില്ല.

കായംകുളം മണ്ഡലത്തിലെ തീരദേശ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി

135 (732) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിലെ ദേവീകുളങ്ങര, കണ്ടല്ലൂർ, മുതുകുളം എന്നീ തീരദേശ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി, കായംകുളം ആറാട്ടുപുഴ ശുദ്ധ ജല വിതരണ പദ്ധതിയുടെ മാതൃകയിൽ അച്ചൻ കോവിലാറ്റിൽ നിന്നും ജലമെത്തിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യണമെന്ന ആവശ്യത്തിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രോജക്ട് തയ്യാറാക്കുന്നതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നും, അവർ പ്രോജക്ട് തയ്യാറാക്കി നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ; എങ്കിൽ ഏജൻസിയുടെ പേര് വ്യക്തമാക്കുമോ ; പ്രോജക്ടിന്റെ കോപ്പി ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കായംകുളം മണ്ഡലത്തിലെ ദേവീകുളങ്ങര, കണ്ടല്ലൂർ, മുതുകുളം എന്നീ പ്രദേശങ്ങൾക്കുവേണ്ടിയുള്ള പദ്ധതിയുടെ പ്രിലിമിനറി റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടികൾ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ എടുത്തുവരുന്നു.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഐ.പി.ഡി. ഡിവിഷൻ, ചങ്ങനാശ്ശേരിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അവർ നടപടികൾ എടുത്തുവരുന്നു.

കോന്നി നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

136 (733) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ ഓരോന്നിന്റേയും നിലവിലെ അവസ്ഥ ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഇനിയും പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇവയുടെ പൂർത്തീകരണത്തിനായി ഈ സർക്കാർ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദീകരിക്കുമോ ?

ഉത്തരം

(എ) പ്രമാടം, കോന്നിത്താഴം, അട്ടച്ചാക്കൽ, മലപ്പാറ, തവളപ്പാറ, അരുവാപ്പിലം, മലയാലപ്പുഴ, തണ്ണിത്തോട് എന്നിവയാണ് കോന്നി നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ.

(ബി) കോന്നിത്താഴം പദ്ധതിയുടെ, ശുദ്ധീകരണശാലയുടെ നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കി ഘടകങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. പ്രമാടം, അട്ടച്ചാക്കൽ, മലപ്പാറ, അരുവാപ്പിലം, മലയാലപ്പുഴ, റൂറൽ സ്കീം, തണ്ണിത്തോട് എന്നീ കുടിവെള്ള പദ്ധതികൾ ജല വിതരണം നടത്തുന്നുണ്ട്.

(സി) തവളപ്പാറ ശുദ്ധജല വിതരണ പദ്ധതി ഭാഗികമായി ജലവിതരണം നടത്തുന്നുണ്ട്. കോന്നിത്താഴം പദ്ധതിയുടെ വിതരണ ശൃംഖല, ജല സംഭരണി എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു.

(ഡി) തവളപ്പാറ ശുദ്ധജലവിതരണ പദ്ധതിക്ക് ഭാഗീകമായി ജലം എത്തിക്കുന്നത് കോന്നിത്താഴം കുടിവെള്ളപദ്ധതിയുടെ ഇൻടേക്കിൽനിന്നാണ്. എന്നാൽ തോന്നിത്താഴം കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ടി പദ്ധതിയുടെ ശുദ്ധൂകരണശാലയിൽ നിന്നുള്ള ക്രമീകരിക്കുന്നതാണ്. മലയാലപ്പുഴ NC/PC പമ്പിംഗ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

മലപ്പുറം മണ്ഡലത്തിലെ പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം

137 (734) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിലെ വേങ്ങര, കണ്ണമംഗലം എ.ആർ.നഗർ എന്നീ പഞ്ചായത്തുകളിലെ രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ട് കുറ്റൂർ നോർത്ത് നിവാസികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഏതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(സി) മറ്റു പദ്ധതികളിൽ നിന്നും കുടിവെള്ളമെത്തിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടെങ്കിൽ ഈ പ്രദേശത്തേയ്ക്ക് മാത്രമായി ഒരു പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കുറ്റൂർ പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിനുള്ള ഒരു പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ഉത്തരമേഖലാ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ തയ്യാറാക്കി വരുന്നു.

(സി) മറ്റു പദ്ധതികളിൽ നിന്നും കുടിവെള്ളമെത്തിക്കാൻ സാധിക്കാത്ത സാഹചര്യമായതിനാലാണ് ഈ പ്രദേശത്തേയ്ക്ക് മാത്രമായി ഒരു പദ്ധതിയുടെ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

മീനാട് കുടിവെള്ള പദ്ധതി

138 (735) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മീനാട് കുടിവെള്ള പദ്ധതിയോടനുബന്ധിച്ചുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ് ;

(സി) മീനാട് പദ്ധതിയോടനുബന്ധിച്ച് വാളകത്ത് സ്ഥാപിച്ചിട്ടുള്ള ടെലിമെട്രിക് സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൂർത്തീകരിച്ചിട്ടില്ല

(ബി) മീനാട് കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നാലു പാക്കേജുകളായിട്ടാണ് നടപ്പിലാക്കി വരുന്നത്. ഓരോ പാക്കേജിലും അവശേഷിക്കുന്ന പണികൾ താഴെപ്പറയും പ്രകാരമാണ്.

പാക്കേജ് 1 (ഇൻടേക്ക് വെൽ, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്).

അവശേഷിക്കുന്ന പണികൾ

1. ഇൻസ്ട്രുമെന്റേഷൻ
2. ലാന്റ് സ്കേപ്പിംഗ്
3. അവസാനഘട്ടം മിനുക്കു പണികൾ
4. ട്രയൽ റണ്ണിംഗ് പൂർത്തീകരണം

പാക്കേജ് II (79.8 കി.മീ ട്രാൻസ്മിഷൻ പൈപ്പ് ലൈൻ)

അവശേഷിക്കുന്ന പണികൾ

1. ഇൻസ്ട്രുമെന്റേഷൻ
2. ക്ലോറിനേഷൻ യൂണിറ്റുകൾ
3. ഫ്ളഷിംഗ്, ട്രയൽ റണ്ണിംഗ് പൂർത്തീകരണം

പാക്കേജ് III (920 കി.മീ ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ)

അവശേഷിക്കുന്ന പണികൾ

1. 200 കി.മീ ഡിസ്ട്രിബ്യൂഷൻ പൈപ്പുകൾ സ്ഥാപിക്കുന്ന ജോലി
2. ഇതുവരെ പൂർത്തീകരിച്ച 720 കി.മീ പൈപ്പ് ലൈനുകളിലെ ഗ്യാപ്പ് ക്ലോസിംഗ് വർക്കുകൾ
3. ഫ്ളഷിംഗ്/കമ്മീഷണിംഗ്
4. പരവൂർ -മയ്യനാട് റെയിൽവേ ക്രോസിംഗ്
5. വീടുകൾക്കുള്ള വാട്ടർ കണക്ഷനുകൾ

പാക്കേജ് IV (14 റിസർവോയറുകൾ, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, ക്വാർട്ടേഴ്സ്)

14 റിസർവോയറുകളുടെയും പണികൾ പൂർത്തീകരിച്ചുകഴിഞ്ഞുവെങ്കിലും അവസാനഘട്ട മിനുക്കു പണികൾ ചെയ്യാനുണ്ട്.

(സി) വാളകത്ത് സ്ഥാപിക്കുന്ന ടെലിമെട്രിക് സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു.

(ഡി) പ്രസ്തുത പദ്ധതി പൂർണ്ണ തോതിൽ 31-5-2012ൽ കമ്മീഷൻ ചെയ്യാൻ വേണ്ട നടപടികൾ ത്വരിതപ്പെടുത്തുന്നു.

പരിയാരം-കോടശ്ശേരി സമഗ്ര കുടിവെള്ള പദ്ധതി

139 (736) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ പരിയാരം കോടശ്ശേരി സമഗ്രകുടിവെള്ള പദ്ധതിക്കുവേണ്ടിയുള്ള നടപടികൾ വിശദീകരിക്കുമോ ;

(ബി) പദ്ധതിക്കുവേണ്ടിയുള്ള പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ടും സർവ്വേ നടപടികളും പൂർത്തീകരിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നേക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

<u>ഉത്തരം</u>

(എ) പദ്ധതി സംബന്ധിച്ച വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സർവ്വേ ജോലികൾ നടന്നുവരുന്നു.

(ബി) പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് പൂർത്തീകരിച്ചു എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സർവ്വേ ജോലികൾ നടന്നു വരുന്നു.

കോടശ്ശേരി വില്ലേജിലെ സർവ്വേ ജോലികൾ പൂർത്തിയായിട്ടുണ്ട്. പരിയാരം വില്ലേജിലെ 31 കിലോമീറ്ററോളം സർവ്വേ ജോലികൾ പൂർത്തിയാവുകയും ബാക്കിയുള്ള 92 കിലോമീറ്ററോളം സർവ്വേ നടന്നുവരുന്നു.

(സി) സർവ്വേ ജോലികൾ പൂർത്തിയാക്കി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്കേ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

ചേലക്കര നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

140 (737) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) മുൻ തീരുമാനപ്രകാരം ഇവയിലേതെങ്കിലും പദ്ധതികൾ ഭാഗികമായിട്ടെങ്കിലും പ്രവർത്തനമാരംഭിക്കുവാൻ കഴിയുമോ ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഇ) ഇപ്പോൾ നടന്നുവരുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവില്ല്വാമല കൊണ്ടാഴി വില്ലേജുകൾക്കു വേണ്ടിയുള്ള പദ്ധതി, കടങ്ങോടിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള പദ്ധതി, നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന ചെറുതുരുത്തി നെടുംപുര കുടിവെള്ള പദ്ധതി എന്നിവയാണ് ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നവ.

(ബി) തിരുവില്ല്വാമല കൊണ്ടാഴി വില്ലേജുകൾക്കു വേണ്ടിയുള്ള പദ്ധതിയുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. വൈദ്യുതി കണക്ഷൻ ലഭിച്ചുകഴിഞ്ഞാൽ ചാർജ്ജിംഗ് ആരംഭിക്കാവുന്നതാണ്.

കടങ്ങോടിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള പദ്ധതിയുടെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയാക്കി ചാർജ്ജിംഗ് നടന്നു വരുന്നു. ചെറുതുരുത്തി നെടുംപുര കുടിവെള്ള പദ്ധതിയുടെ ജല ശുദ്ധീകരണശാലയുടെ നിർമ്മാണം ആരംഭിക്കുകയും ബാക്കി എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുമുണ്ട്.

(സി&ഡി) മൂന്നു പദ്ധതികളും 2011 ഫെബ്രുവരിയോടുകൂടി പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

പഴവങ്ങാടി-റാന്നി-വടശ്ശേരിക്കര മേജർ കുടിവെള്ള പദ്ധതി

141 (738) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴവങ്ങാടി-റാന്നി-വടശ്ശേരിക്കര മേജർ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടത്തിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതിക്ക് SLEC-യുടെ അംഗീകാരം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് SLEC ഇത് പാസ്സാക്കിയത് ;

(സി) എന്തു തുകയാണ് പാസ്സാക്കിയിട്ടുള്ളത് ;

(ഡി) ഈ നിർമ്മാണം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇനി പൂർത്തീകരിക്കാനുള്ളത് ;

(ഇ) ഇവ പൂർത്തീകരിച്ച് എന്നത്തേക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(എഫ്) ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) പഴവങ്ങാടി-റാന്നി-വടശ്ശേരിക്കര പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കാൻ 1458.99 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ 5-6-2010-ൽ കൂടിയ എസ്.എൽ.എസ്.സി. (സ്റ്റേറ്റ് ലവൽ സ്കീം സാങ്ഷനിംഗ് കമ്മിറ്റി) യിൽ സമർപ്പിക്കുകയും പ്രസ്തുത പദ്ധതിക്ക് 5-6-2010-ൽ കൂടിയ എസ്.എൽ.എസ്.സി 1458.99 ലക്ഷം രൂപയുടെ അംഗീകാരം നൽകുകയുണ്ടായി.

(ഡി) പ്രസ്തുത പദ്ധതി ഭരണാനുമതി നൽകുവാനുള്ള മുൻകൂർ അനുമതി നൽകുന്നതിനുള്ള നപടി ക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

(ഇ&എഫ്) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടതിനുശേഷമേ ടെണ്ടർ നടപടി സ്വീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനാവുകയുള്ളൂ.

പുനലൂർ മുനിസിപ്പാലിറ്റിയിൽ ശുദ്ധജലം എത്തിക്കുവാൻ നടപടി

142 (739) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ മുനിസിപ്പാലിറ്റി മേഖലയെക്കൂടി മീനാട് പദ്ധതിയിൽ ഉൾപ്പെടുത്തി അവിടെ ശുദ്ധജലം എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) മീനാട് പദ്ധതി പ്രകാരം റോഡ് റെക്ടിഫിക്കേഷനുവേണ്ടി പുനലൂർ മണ്ഡലത്തിൽ എത്ര രൂപയാണ് വാട്ടർ അതോറിറ്റി പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത് ; പഞ്ചായത്ത് തിരിച്ച് കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പുനലൂർ മുനിസിപ്പാലിറ്റി മേഖലയെ മീനാട് പദ്ധതിയിൽ ഉൾപ്പെടുത്താൻ തൽക്കാലം നിർവ്വാഹമില്ല.

(ബി) ജൈക്ക പദ്ധതിയുടെ ഭാഗമായി പുനലൂർ മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി റോഡുകളുടെ റെക്ടിഫിക്കേഷനുവേണ്ടി 2,33,15,069 രൂപ കൊല്ലം പി.ഡബ്ല്യൂ.ഡി റോഡ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്. പുനലൂർ പൊതുമരാമത്ത് സബ്ഡിവിഷൻ ആഫീസിന്റെ പരിധിയിൽപ്പെട്ട കരവാളൂർ, ഇടമുളയ്ക്കൽ, അഞ്ചൽ എന്നീ പഞ്ചായത്തുകൾ ഉൾപ്പെട്ട റോഡുകളുടെ റെക്ടിഫിക്കേഷൻ വർക്കുകൾക്ക് വേണ്ടിയാണിത്. പഞ്ചായത്തു റോഡുകൾക്ക് താഴെപ്പറയുന്ന പ്രകാരം തുക കൈമാറിയിട്ടുണ്ട്.

1. അഞ്ചൽ പഞ്ചായത്ത് 78,19,788 രൂപ

2. ഇടമുളയ്ക്കൽ പഞ്ചായത്ത് 18,30,668 രൂപ

LIBRARY ARCHIVES Kerala Legislative Assembly

ഇരിങ്ങാലക്കുട പടിയൂർ കുടിവെള്ള പദ്ധതി

143 (740) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ പടിയൂർ കുടിവെള്ള സമഗ്ര പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഈ പദ്ധതി എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ & ബി) പദ്ധതി സംബന്ധിച്ച വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ലഭിച്ചതിനു ശേഷം പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച തീരുമാനമെടുക്കുന്നതാണ്.

ചെല്ലാനം എൻ.സി.പി.സി പദ്ധതി

144 (741) ശ്രീ. സി. എം. ദിനേശ്മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെല്ലാനം എൻ.സി.പി.സി പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ ;

(ബി) കണ്ടക്കടവ് ഓവർഹെഡ് ടാങ്ക് നിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലി പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായുള്ള പമ്പുസെറ്റുകൾ സപ്ലൈ ചെയ്ത് സ്ഥാപിക്കുന്ന ജോലി ആരംഭിച്ചിട്ടുണ്ട്. എന്നാൽ കണ്ണമാലി ചെറിയകടവിലെ വാട്ടർ ടാങ്കിന്റെ അറ്റകുറ്റ പണികൾക്ക് ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ പുനർ ദർഘാസിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കണ്ടക്കടവ് ഓവർഹെഡ് ടാങ്ക് നിർമ്മിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. പകരം ഗുണ്ടുപറമ്പിലെ ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 45 ലക്ഷം ലിറ്റർ ടാങ്ക് സ്ഥാപിക്കുന്നതോടെ ടി ടാങ്ക് പ്രയോജനപ്പെടുത്തി ചെല്ലാനം പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും കുടിവെള്ളം എത്തിക്കാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ജില്ലയിലെ എസ്.സി/എസ്.ടി കോളനികളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി

145 (742) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എത്ര പദ്ധതികൾ, എവിടെയൊക്കെ സമർപ്പിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത പ്രവൃത്തി എന്നാരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) പട്ടികജാതി, പട്ടികവർഗ്ഗ സങ്കേതങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ അംഗീകാരത്തിനായി സമർപ്പിച്ച പദ്ധതികളുടെ എണ്ണം: 2010-11-ലെ എസ്.സി.പി/റ്റി.എസ്.പി പദ്ധതികൾക്ക് വേണ്ടിയുള്ള പൂൾ ഫണ്ടിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിന് സർക്കാരിൽ സമർപ്പിച്ച പദ്ധതികൾ-3. ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർക്ക് സമർപ്പിച്ചത് -3. പട്ടികജാതി വികസന വകുപ്പിൽ സമർപ്പിച്ചത്-45.

(ബി & സി) താഴെ പറയുന്ന പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു:

1. പൊരുന്നം പിലാവ് ട്രൈബൽ കോളനിയിലേക്കുള്ള പദ്ധതി (വളയം പഞ്ചായത്ത്) പണി കഴിഞ്ഞു കമ്മീഷൻ ചെയ്തു.

2. വാളാതോട് ട്രൈബൽ കോളനിയിലേക്കുള്ള പദ്ധതി (വാണിമേൽ പഞ്ചായത്ത്) തുക മതിയാകാത്തതുകൊണ്ട് പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

3. മാടാഞ്ചേരി ട്രൈബൽ കോളനിയിലേക്കുള്ള പദ്ധതി (വാണിമേൽ പഞ്ചായത്ത്) പണി തുടങ്ങി പുരോഗമിച്ചുവരുന്നു.

4. പന്നിയേരി ട്രൈബൽ കോളനിയിലേക്കുള്ള പദ്ധതി (വാണിമേൽ പഞ്ചായത്ത്) പണി പുരോഗമിച്ചുവരുന്നു.

5. വെള്ളുവൻകുന്ന് കോളനിയിലേക്കുള്ള പദ്ധതി (കാവിലുംപാറ പഞ്ചായത്ത്) കുഴൽകിണർ കുഴിക്കുവാനുള്ള തുക ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന് നൽകിയിട്ടുണ്ട്.

6. കാരിമുണ്ട് കോളനിയിലേക്കുള്ള പദ്ധതി (കാവിലുംപാറ പഞ്ചായത്ത്) ഈ സ്ഥലത്ത് കുഴൽകിണർ കുഴിക്കാൻ കഴിയില്ലെന്ന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് അറിയിച്ചു.

7. പട്ട്യാട്ടു മീത്തൽ കോളനിയിലേക്കുള്ള പദ്ധതി (കാറിലുംപാറ പഞ്ചായത്ത്) ഈ സ്ഥലത്ത് കുഴൽകിണർ കുഴിക്കാൻ കഴിയില്ലെന്ന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് അറിയിച്ചു.

8. ചിറയ്ക്കൽ കോളനിയിലേക്കുള്ള പദ്ധതി (കാറിലുംപാറ പഞ്ചായത്ത്)- കുഴൽകിണർ കുഴിക്കുവാനുള്ള തുക ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് നൽകിയിട്ടുണ്ട്.

9. അടുപ്പിൻ കെട്ടിൽ ട്രൈബൽ കോളനിയിലേക്കുള്ള പദ്ധതി (വാണിമേൽ പഞ്ചായത്ത്)- പ്രവൃത്തി പൂർത്തിയായി. ട്രയൽ റൺ നടത്തി വരുന്നു.

10. കൊളത്തൂർ എസ്റ്റേറ്റ് കോളനിയിലേക്കുള്ള പദ്ധതി (ചക്കിട്ടപ്പാറ പഞ്ചായത്ത്) പ്രവൃത്തി ആരംഭിച്ചു. പുരോഗമിച്ചുവരുന്നു.

കുട്ടനാട്ടിലെ ഓവർ ഹെഡ് ടാങ്കുകളിൽ ശുദ്ധജലമെത്തിക്കാൻ നടപടി

146 (743) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെ ഏതെല്ലാം ഓവർ ഹെഡ് ടാങ്കുകളിലാണ് നിലവിൽ ശുദ്ധജലം ലഭ്യമാകാത്തതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ടാങ്കുകൾ എന്ത് തുക ചെലവഴിച്ചു എന്ന് നിർമ്മാണം പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) രാമങ്കരി, മുട്ടാർ, തലവടി വാട്ടർ ടാങ്കുകളിൽ ശുദ്ധജലം എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) ഈ ടാങ്കുകളിലേക്ക് പൈപ്പുലൈൻ സ്ഥാപിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) കുട്ടനാട്ടിൽ രാമങ്കരി, മുട്ടാർ, തലവടി എന്നീ പഞ്ചായത്തുകളിൽ സ്ഥാപിച്ചിട്ടുള്ള ഓവർ ഹെഡ് ടാങ്കുകളിൽ നിലവിൽ ശുദ്ധജലം ലഭ്യമാകുന്നില്ല. കുട്ടനാട്ടിൽ നീരേറ്റുപുറത്ത് ഇപ്പോൾ പണി നടന്നുവരുന്ന 14 mld ശുദ്ധീകരണശാല കമ്മീഷൻ ചെയ്യുമ്പോൾ ടി ടാങ്കുകളിൽ വെള്ളമെത്തിക്കാൻ കഴിയുന്നതാണ്.

(ബി) രാമങ്കരി 16.49 ലക്ഷം രൂപ 22-7-2009-ൽ പൂർത്തിയായി.

മുട്ടാർ -	15.05 ലക്ഷം രൂപ. പൂർത്തിയായിട്ടില്ല. (വെർട്ടിക്കൽ കണക്ഷൻ പൂർത്തിയാക്കാനുണ്ട്.)
തലവടി-	23.46 ലക്ഷം രൂപ 15-1-2007-ൽ പൂർത്തിയായി.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) രാമങ്കരി ടാങ്കിൽ വെള്ളമെത്തിക്കുന്നതിനുവേണ്ടി 41 ലക്ഷം രൂപ ചെലവുവരുന്ന പദ്ധതിക്ക് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പാനൂർ ജല അതോറിറ്റി കെട്ടിടം പുതുക്കിപ്പണിയാൻ നടപടി

147 (744) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പാനൂർ ഗവൺമെന്റ് എൽ.പി. സ്കൂളിന് സമീപമുള്ള വാട്ടർ അതോറിറ്റിയുടെ പഴയകെട്ടിടം പൊളിച്ചുമാറ്റി പുതുക്കി പണിയാനുള്ള നടപടിയുടെ പുരോഗതി വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) പ്രവൃത്തിയുടെ ദർഘാസ് രണ്ടുതവണ ക്ഷണിച്ചിട്ടും കോൺട്രാക്ടർമാർ ആരുംതന്നെ ഏറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ വീണ്ടും ദർഘാസ് ക്ഷണിക്കുകയും ദർഘാസ് സമർപ്പിക്കുവാനുള്ള അവസാന തീയതി 5-1-2011 ഉം ആണ്. ദർഘാസ് നടപടി പൂർത്തീകരിച്ചു കഴിഞ്ഞാൽ മൂന്നുമാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയും.

കോന്നി കേന്ദ്രീകരിച്ച് വാട്ടർ അതോറിറ്റിയുടെ സെക്ഷൻ ഓഫീസ്

148 (745) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി കേന്ദ്രീകരിച്ച് വാട്ടർ അതോറിറ്റിയുടെ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) സ്ഥലം എം. എൽ. എ.-യുടെ ആവശ്യം പരിഗണിച്ച് പ്രസ്തുത ഓഫീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കാമെന്ന് ബഹു. മന്ത്രി സഭയിൽ നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ ? ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സെക്ഷൻ ഓഫീസ് ആരംഭിക്കുവാനുള്ള അടിയന്തര ഉത്തരവ് നൽകുമോ ?

ഉത്തരം

(എ-സി) കോന്നി കേന്ദ്രീകരിച്ച് വാട്ടർ അതോറിറ്റിയുടെ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് ചീഫ് എഞ്ചിനീയർ (ദക്ഷിണ മേഖല) യിൽനിന്നു ലഭിച്ച റിപ്പോർട്ട് അതോറിറ്റിയുടെ പരിഗണനയിലാണ്. ഇതു സംബന്ധിച്ച മറ്റു വിശദാംശങ്ങൾ ശേഖരിച്ച ശേഷം ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

പൈപ്പ് പൊട്ടുന്നതുകൊണ്ട് തകരുന്ന റോഡു നന്നാക്കുന്നതിനുള്ള ചുമതല

149 (746) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് പൊട്ടുന്നതുമൂലം തകരാറിലാകുന്ന റോഡു നന്നാക്കാനുള്ള ചുമതല ഇപ്പോൾ ആർക്കാണെന്ന് വ്യക്തമാക്കുമോ ;

(ബി) വാട്ടർ അതോറിറ്റിയുടെ പൈപ്പ് പൊട്ടി തകരാറിലാകുന്ന റോഡ് യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നതിൽ വീഴ്ച സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് പൊട്ടുന്നതുമൂലം തകരാറിലാകുന്ന റോഡു നന്നാക്കാനുള്ള ചുമതല PWD, LSGD, KRFB, KSUDP തുടങ്ങിയ സർക്കാർ ഏജൻസികൾക്കാണ്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് പൊട്ടി തകരാറിലാകുന്ന റോഡിലെ കുഴികൾ, പൈപ്പ് ലൈനിന്റെ അറ്റകുറ്റപ്പണി നടത്തിയതിനു ശേഷം യഥാസമയം വാട്ടർ അതോറിറ്റി തന്നെ നികത്താറുണ്ട്. ഇതിനു മുകളിൽ വീണ്ടും ടാർ ചെയ്യുന്നത് പ്രസ്തുത റോഡുകളുടെ സംരക്ഷണ ചുമതലയുള്ള സർക്കാർ ഏജൻസികളാണ്.

പേരൂർക്കടയിലെ ഡ്രെയിനേജ് കണക്ഷൻ

150 (747) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പേരൂർക്കട മണ്ണാംമൂലയിലുള്ള എം. ആർ. എ. നിവാസികൾക്ക് 16-10-2007-ൽ ഐ.എം.807/07/എം(ഡബ്ല്യു. ആർ) വി.ഐ.പി. പ്രകാരവും, 15-7-2009-ൽ ഐ.എം 603/എംഡബ്ല്യൂ.ആർ.) വി.ഐ.പി പ്രകാരവും ഡ്രെയിനേജ് കണക്ഷൻ കൊടുക്കാൻ രണ്ട് ഉത്തരവുകൾ മേലധികാരികൾക്ക് നൽകിയിട്ട് പ്രസ്തുത ജോലിയുടെ വെറും 50 മീറ്റർ ജോലിചെയ്ത് ബാക്കിയുള്ള പ്രധാന ഭാഗത്തിന്റെ പണി ചെയ്യാതെ ഇവിടത്തെ നിവാസികളെ വളരെ കഷ്ടപ്പെടുത്തുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ ;

(ബി) ഈ ഡ്രെയിനേജ് പണി പൂർത്തിയാക്കാത്തതിനെക്കുറിച്ച് പന്ത്രണ്ടാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ 19-2-2009-ൽ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 727 ആയും പതിനാലാം സമ്മേളനത്തിൽ 3-3-2010-ൽ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 663 ആയും പതിനാഞ്ചാം സമ്മേളനത്തിൽ 22-7-2010-ൽ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 5054 ആയും മൂന്ന് പ്രാവശ്യവും ചോദ്യം ഉന്നയിച്ചപ്പോൾ നടപടി സ്വീകരിക്കാമെന്ന് മറുപടിതന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) രണ്ട് ഉത്തരവുകളും നിയമസഭയിൽ മൂന്നുതവണ പ്രസ്തുത കാര്യത്തിൽ ചോദിച്ചതിൽ അനുകൂല നടപടി ഉണ്ടാകുമെന്ന് സഭയിൽ ഉറപ്പ് നൽകിയിട്ടും ഇത് നടപ്പാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ഡ്രെയിനേജ് ഇല്ലാത്തതിനാൽ ഇവിടത്തെ നിവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് പ്രസ്തുത പണി അടിയന്തര മായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്ന് വിശ ദമാക്കുമോ?

ഉത്തരം

(എ) മൂന്ന് മേഖലകളായി തിരിച്ച പ്രവൃത്തിയുടെ ഒന്നാം മേഖലയിലെ 50 മീറ്റർ ഭാഗത്തെ പണി 30-4-2010-ൽ പൂർത്തീകരിക്കുകയുണ്ടായി. രണ്ടും മൂന്നും മേഖലകളുടെ ടെണ്ടർ 30-4-2010-ൽ ക്ഷണിച്ചിരുന്നുവെങ്കിലും ആരും വർക്കെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ 20-5-2010-ൽ റീ-ടെണ്ടർ ചെയ്യുകയും രണ്ടാം മേഖലയുടെ പണി മാത്രം ഒരു കരാറുകാരൻ എടുക്കുകയും 12-7-2010-ൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) രണ്ടും മൂന്നും മേഖലകളുടെ ടെണ്ടർ 30-4-2010-ൽ ക്ഷണിച്ചിരു ന്നുവെങ്കിലും ആരും വർക്കെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ 20-5-2010-ൽ റീ-ടെണ്ടർ ചെയ്യുകയും രണ്ടാം മേഖലയുടെ പണി മാത്രം ഒരു കരാറുകാരൻ എടുക്കുകയും 12-7-2010-ൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഭാഗത്ത് ആഴമേറിയതും ദൃഢമായതുമായ പാറയുള്ള (6 മീറ്റർ താഴ്ചയിൽ) പ്രദേശമാണ്. പണി തുടങ്ങുന്നതിന് പല പ്രാവശ്യം നിർദ്ദേശം നൽകിയിരുന്നുവെങ്കിലും പ്രദേശത്തോട് ചേർന്ന് വീടുകൾ ഉള്ളതിനാലും പാറ പൊട്ടിക്കുമ്പോൾ വീടുകൾക്ക് കേടുപാടുകൾ സംഭവിക്കുമെന്നുള്ളതിനാലും പ്രസ്തുത കോൺട്രാക്ടർ പണി ചെയ്യുന്ന തിൽനിന്നും പിന്നോക്കം പോയിരിക്കുകയാണ്. ആയതുകൊണ്ട് പ്രസ്തുത കോൺട്രാക്ടറുടെ റിസ്ക് ആന്റ് കോസ്റ്റിൽ പണി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) റസിഡന്റ്സ് അസോസിയേഷൻ മുഖാന്തിരം സമീപത്തെ വീട്ടുകാരന്റെ സമ്മതത്തോടുകൂടി സ്ഥലത്തിന്റെ അതിരിൽ കൂടി പൈപ്പുലൈൻ ഇടുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. രണ്ടാം മേഖലയുടെ പണി എത്രയും വേഗം പൂർത്തീകരിക്കുവാനും മൂന്നാം ഭാഗത്തിന്റെ റീ-ടെണ്ടർ നടപടി പൂർത്തീകരിച്ച് പണി ആരംഭിച്ച് എത്രയും വേഗം പൂർത്തീയാക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വാഹനങ്ങൾക്ക് അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ

151 (748) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾക്ക് അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ ഘടിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

ഇല്ല. എന്നാൽ ശ്രീ. മനീന്ദർജിത്ത് സിംഗ് ബിട്ട ഫയൽ ചെയ്ത Writ Petition (Civil) No. 510/2005-ൽ ബഹു. സുപ്രീം കോടതി 13-8-2010-ൽ പുറപ്പെടുവിച്ച വിധി പ്രകാരം സംസ്ഥാനത്ത് അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുവാനും പ്രാരംഭ ഘട്ടത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ നടപ്പിലാക്കുവാൻ എട്ട് ആഴ്ചയ്ക്കുള്ളിൽ ദർഘാസ് വിളിക്കുവാനും നിർദ്ദേശിക്കുകയുണ്ടായി. ഇത് പ്രകാരം G.O. (Ms.) No.69/2010/Tran dated, 7-10-2010 ഉത്തരവ് പ്രകാരം ഈ മൂന്ന് ജില്ലകളിൽ അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ നടപ്പിലാക്കുവാൻ ദർഘാസ് വിളിക്കുവാൻ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് സർക്കാർ അനുമതി നൽകുകയും അതിൻ പ്രകാരം 7-10-2010-ൽ ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ദർഘാസ് സമർപ്പിക്കുവാനുള്ള അവസാന തീയതി 31-1-2011 ആണ്.

വാഹനങ്ങളിൽ അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ

152 (749) ശ്രീ. എൻ. രാജൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രതിവർഷം ശരാശരി എത്ര വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നുണ്ട് ; ഇതിൽ ഓരോ ഇനത്തിലുംപെട്ട വാഹനങ്ങൾ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(ബി) വാഹനങ്ങളിൽ അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ ഘടിപ്പിക്കണമെന്ന് കോടതി വിധിയുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത്തരം നമ്പർപ്ലേറ്റുകൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടോ ;

(സി) സുരക്ഷാ നമ്പർ പ്ലേറ്റുകൾ നിർമ്മിക്കുന്നതിന് ഒരെണ്ണത്തിന് ശരാശരി എത്ര തുക വേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ശരാശരി 5,30,000 ത്തോളം വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നു. ഇനം തിരിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഉണ്ട്. ശ്രീ. മനീന്ദർജിത്ത് സിംഗ് ബിട്ട ഫയൽ ചെയ്ത Writ Petition (Civil) No. 510 of 2005-നുമേൽ ബഹു. സുപ്രീംകോടതി 13-8-2010-ൽ പുറപ്പെടുവിച്ച വിധി പ്രകാരം സംസ്ഥാനത്ത് അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുവാനും പ്രാരംഭ ഘട്ടത്തിൽ തിരുവനന്തപുരം, എറണാകുളം , കോഴിക്കോട് എന്നീ ജില്ലകളിൽ അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ നടപ്പിലാക്കുവാൻ എട്ട് ആഴ്ചയ്ക്കുള്ളിൽ ദർഘാസ് വിളിക്കുവാനും നിർദ്ദേശിക്കുകയുമുണ്ടായി. ഇത് പ്രകാരം G.O (Ms) No.69/ 2010/Tran dated, 7-10-2010 ഉത്തരവ് പ്രകാരം ഈ മൂന്ന് ജില്ലകളിൽ അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ നടപ്പിലാക്കുവാൻ ദർഘാസ് വിളിക്കുവാൻ സർക്കാർ അനുമതി നൽകുകയും അതിൻ പ്രകാരം 7-10-2010-ൽ ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ദർഘാസ് സമർപ്പിക്കുവാനുള്ള അവസാന തീയതി 31-1-2011 ആണ്. ഈ നമ്പർ പ്ലേറ്റുകൾ നിർമ്മിക്കുന്നതിന് യാതൊരു സംവിധാനങ്ങളും സംസ്ഥാനത്ത് ഇപ്പോൾ നിലവിലില്ല. എന്നാൽ ദർഘാസിലെ നിബന്ധന പ്രകാരം കരാർ ലഭിക്കുന്ന കമ്പനി മൂന്ന് മാസത്തിനകം പ്ലേറ്റ് നിർമ്മിക്കുന്നതിനുള്ള സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കേണ്ടതാണ്.

(സി) അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ സംസ്ഥാനത്ത് നടപ്പിലാക്കിയാൽ മാത്രമേ ഇത് നിർമ്മിക്കുന്നതിനുള്ള തുക എത്രയാണെന്ന് അറിയാൻ കഴിയുകയുള്ളൂ.

കെ.എസ്.ആർ.ടി.സി. ബസ് ബോഡി നിർമ്മാണം

153 (750) <u>ശ്രീ. ജി. കാർത്തികേയൻ</u> :
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :
<u>ശ്രീ. വർക്കല കഹാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ഇപ്പോൾ സ്വന്തമായി പ്രതിമാസം ശരാശരി എത്ര ബസ് ബോഡികളാണ് നിർമ്മിക്കുന്നത് എന്നറിയിക്കുമോ ;

(ബി) കെ. എസ്. ആർ. ടി. സി. യുടെ ഏതൊക്കെ വർക്ക് ഷോപ്പുകളിലാണ് ഇത്തരത്തിൽ ബസ് ബോഡികൾ നിർമ്മിക്കുന്നത് ;

(സി) കെ. എസ്. ആർ. ടി. സി. യുടെ പാപ്പനംകോട് സെൻട്രൽ വാക്സിൻ ബസ്ബോർഡി നിർമ്മാണത്തിനായി നിലവാരമില്ലാത്ത സാധനങ്ങൾ വാങ്ങിയതായി പരാതി ഉണ്ടായിരുന്നുവോ ;

(ഡി) ഇത്തരത്തിൽ നിലവാരം കുറഞ്ഞ സാധനങ്ങൾ തിരിച്ചയച്ചിരുന്നുവോ ; എങ്കിൽ ഇത്തരത്തിൽ ഏതൊക്കെ സാധനങ്ങളാണ് തിരിച്ചയച്ചത് എന്ന് അറിയിക്കുമോ ;

(ഇ) ഗുണനിലവാരമില്ലാത്ത ഇത്തരം സാധനങ്ങൾ വാങ്ങിയതു സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി എടുത്തു എന്നറിയിക്കുമോ ?

ഉത്തരം

(എ) ശരാശരി പ്രതിമാസം 60 ബസ് ബോഡികൾ

(ബി) 1. സെൻട്രൽ വർക്ക്സ്, പാപ്പനംകോട്.

2. റീജിയണൽ വർക്ക്ഷോപ്പ്, എടപ്പാൾ.

3. റീജിയണൽ വർക്ക്ഷോപ്പ്, ആലുവ.

4. റീജിയണൽ വർക്ക്ഷോപ്പ്, കോഴിക്കോട്.

5. റീജിയണൽ വർക്ക്ഷോപ്പ്, മാവേലിക്കര.

(സി) പരാതി ഉണ്ടായിരുന്നു.എന്നാൽ അത് വാസ്തവ വിരുദ്ധമാണ്. കെ.എ സ്.ആർ.ടി.സി. ബസ് ബോഡി നിർമ്മാണത്തിനായി നിലവാരമില്ലാത്ത സാധനങ്ങൾ വാങ്ങിയിട്ടില്ല. എന്നാൽ വിതരണക്കാർ, വിതരണം ചെയ്ത ഗുണനിലവാരമില്ലാത്ത സാധനങ്ങൾ കെ.എസ്.ആർ.ടി.സി.യുടെ പരിശോധനാ വിഭാഗം, അവരുടെ പരിശോധനയിൽ ബോദ്ധ്യപ്പെട്ട്, ആയവ തിരിച്ചയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) തിരിച്ചയച്ചിരുന്നു.

1. അലൂമിനിയം ചെക്കേർഡ് ഷീറ്റ്.
2. ഇ.ആർ.ഡബ്ല്യു. സി.ആർ. ട്യൂബ് (40X40X2 മില്ലീമീറ്റർ.)
3. എസ്.എസ്. ഷീറ്റ്.
4. എസ്.എസ്. പൈപ്പ്.

(ഇ) ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വാങ്ങിയിട്ടില്ല. വിതരണക്കാർ, വിതരണം ചെയ്യുന്ന സാധന സാമഗ്രികൾ കെ.എസ്.ആർ.ടി.സി. യുടെ പരിശോധനാ വിഭാഗം പരിശോധിച്ച്, ഗുണനിലവാരം ഉറപ്പാക്കിയതിനു ശേഷമേ സ്വീകരിക്കാറുള്ളു. ഇപ്രകാരമുള്ള പരിശോധനയിൽ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയാൽ, ആയത് തിരിച്ചയയ്ക്കുകയാണ് പതിവ്. അതോടൊപ്പം ഡിപ്പാർട്ട്മെന്റൽ അന്വേഷണം നടത്തുകയും ബന്ധപ്പെട്ട വിതരണക്കാർക്ക് താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ബസ്ചാർജ് വർദ്ധനവിനെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ടെക്നിക്കൽ കമ്മിറ്റി

154 (751) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബസ് ചാർജ് വർദ്ധിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(ബി) ഇതു സംബന്ധമായി നാറ്റ്പാക്ക് എന്തെങ്കിലും റിപ്പോർട്ട് നൽകുകയുണ്ടായോ ; എങ്കിൽ എന്നാണ് നൽകിയത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ബസ് ചാർജ് വർദ്ധനവിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു ടെക്നിക്കൽ കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്നാണ് ഈ കമ്മിറ്റി രൂപീകരിച്ചത് ; കമ്മിറ്റി അംഗങ്ങൾ ആരൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ഇ) കമ്മിറ്റി ഇതു സംബന്ധമായി എന്തെങ്കിലും നടപടികൾ ഇതിനകം കൈക്കൊള്ളുകയുണ്ടായോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) 8-3-2010-ലെ ചാർജ് വർദ്ധനവിനുശേഷം റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടില്ല.

(സി) ഒരു കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്.

(ഡി) ഗവൺമെന്റ് നോട്ടിഫിക്കേഷൻ നമ്പർ ജി.ഒ (എംഎസ്.) നമ്പർ 61/2010/ട്രാൻ. തീയതി 19-8-2010 പ്രകാരം ഫെയർ റിവിഷൻ കമ്മിറ്റി എന്ന പേരിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

റിട്ട. ഹൈക്കോടതി ജഡ്ജി എം. രാമചന്ദ്രൻ കമ്മിറ്റി ചെയർമാനാണ്. ഡോ. ഡി. നാരായണ (ചെയർ പ്രൊഫസർ, ആർ.ബി.ഐ. എൻഡോവ്മെന്റ് യൂണിറ്റ്, സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ്), ശ്രീ. റ്റി. ഇളങ്കോവൻ (സയന്റിസ്റ്റ് 'ജി' നാറ്റ്പാക്ക്, തിരുവനന്തപുരം എന്നിവർ അംഗങ്ങളും ട്രാൻസ്പോർട്ട് കമ്മീഷണർ മെമ്പർ സെക്രട്ടറിയുമാണ്.

(ഇ) കമ്മിറ്റി അതിന്റെ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. അതിലേക്ക് പൊതുജനങ്ങളിൽനിന്നും വിവിധ സംഘടനകളിൽനിന്നും ബസ് ചാർജ് നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചിട്ടുണ്ട്. അവ പരിശോധിച്ചുവരികയാണ്. കൂടാതെ ഇക്കാര്യത്തിൽ താല്പര്യമുള്ളവരുമായി കൂടിക്കാഴ്ച നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ രണ്ട് മീറ്റിംഗുകൾ കഴിഞ്ഞു. കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.യുടെ വരുമാനം മെച്ചപ്പെടുത്താൻ പുതിയ പദ്ധതികൾ

155 (752) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്ഥാനമന്ദിരം പണയപ്പെടുത്തി കെ. എസ്. ആർ. ടി. സി. ഇപ്പോൾ കെ. റ്റി.ഡി. എഫ്. സി.-യിൽ നിന്ന് 241 കോടി രൂപകൂടി വായ്പയെടുക്കുകയുണ്ടായോ ;

(ബി) പുതിയ വായ്പകൂടി ചേരുന്നതോടെ കോർപ്പറേഷന് കെ. റ്റി. ഡി. എഫ്. സി. യിലുള്ള കട ബാദ്ധ്യത എത്ര കോടിരൂപയായി ഉയരുമെന്ന് വ്യക്തമാക്കുമോ ?

(സി) കോർപ്പറേഷന്റെ വരുമാനത്തിൽ നേരിയ കുറവുകൂടി ദൃശ്യമാകുന്ന സാഹചര്യത്തിൽ പുതിയ വായ്പ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(ഡി) കോർപ്പറേഷന്റെ ഇപ്പോഴത്തെ ഒരു മാസത്തെ ശരാശരി വരുമാനം എത്ര ; ശമ്പളം, പെൻഷൻ, ഡീസൽ എന്നിവയ്ക്കും മറ്റു ചെലവുകൾക്കുമായി ഒരുമാസം ചെലവഴിക്കുന്ന തുക എത്ര ?

(ഇ) വരുമാനം മെച്ചപ്പെടുത്താൻ കോർപ്പറേഷൻ എന്തെങ്കിലും പുതിയ പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും എടുക്കുന്ന വായ്പകൾ എസ്ക്രോ മെക്കാനിസത്തിലാണ് തിരിച്ചടയ്ക്കുന്നത്. എന്നിരുന്നാലും തുല്യ തുകയ്ക്കുള്ള കൊളാറ്ററൽ സെക്യൂരിറ്റിയും കെ.റ്റി.ഡി.എഫ്.സി ആവശ്യപ്പെടാറുണ്ട്. 241 കോടി രൂപ വായ്പയെടുക്കാൻ അനുമതി നൽകിയിരുന്നു. അതിന്റെ ഭാഗമായി കോർപ്പറേഷന്റെ ചീഫ് ഓഫീസ് പ്രവർത്തിക്കുന്ന മന്ദിരം ഉൾപ്പെടെയുള്ള ചില വസ്തുവകകൾ കൊളാറ്ററൽ സെക്യൂരിറ്റിയായി നൽകിയിട്ടുണ്ട്.

(ബി) 2010-11-ലേക്ക് പുതുതായി അനുവദിച്ച 241 കോടി രൂപയിൽ 135 കോടി രൂപ മാത്രമേ കെ.റ്റി.ഡി.എഫ്.സി. നടപ്പു സാമ്പത്തിക വർഷത്തിൽ നൽകുകയുള്ളു എന്നറിയിച്ചിട്ടുണ്ട്. ടി ലോണും ചേർത്ത് കെ.റ്റി.ഡി.എഫ്.സി. യിലുള്ള ലോൺ ഇനത്തിലെ ബാദ്ധ്യത 794.51 കോടി രൂപ വരും.

(സി) പുതുതായി വായ്പ എടുക്കുന്നുണ്ടെങ്കിലും ഏകദേശം തുല്യ തുക തിരിച്ചടവായി നൽകുന്നുണ്ട്. വായ്പ എടുക്കുന്നതുകൊണ്ട് പ്രതിസന്ധി രൂക്ഷമാകുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നടപ്പു സാമ്പത്തിക വർഷം കോർപ്പറേഷന്റെ ശരാശരി പ്രതിമാസ വരുമാനം 106 കോടി രൂപയാണ്. ശരാശരി പ്രതിമാസ ചെലവുകൾ താഴെ കൊടുക്കുന്നു :

ശമ്പളം	- 33 കോടി
പെൻഷൻ	- 22 കോടി
പെൻഷനാനുകൂല്യങ്ങൾ	- 10.50 കോടി
ഡീസൽ	- 47 കോടി
ലോൺ തിരിച്ചടവ്	- 20 കോടി
മറ്റ് ചിലവുകൾ	- 8.50 കോടി
ആകെ	141 കോടി

ശരാശരി പ്രതിമാസ കമ്മി 35 കോടി രൂപയാണ്.

(ഇ) വരുമാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങളിൽ ബി.ഒ.റ്റി. അടിസ്ഥാനത്തിലും, നേരിട്ടും ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ട്. ആയവ നടപ്പിലാക്കിവരുന്നു. പ്രധാനപ്പെട്ട നഗരങ്ങളെ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ടുള്ള ഠൗൺ ടു ഠൗൺ സർവ്വീസുകളും, ചെയിൻ സർവ്വീസുകളും, ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് വ്യാപകമാക്കുന്നതിന് കെ.എസ്.ആർ.ടി.സി. പ്രതിജ്ഞാബദ്ധമാണ്. അതുപോലെ എറണാകുളം നഗരത്തിൽ ആരംഭിച്ച സിറ്റി സർവ്വീസ് ഒരു വിജയമായിതീർന്നിരിക്കുകയാണ്. ഭാവിയിൽ ഇത്തരം സർവ്വീസുകൾ മറ്റു നഗരങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഓൺലൈൻ റിസർവേഷൻ സൗകര്യം കൂടുതൽ ബസ്സുകളിലേക്ക് വ്യാപിപ്പിക്കുന്നത് വഴി കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കുന്നതിന് ഉദ്ദേശിക്കുന്നു. സീസൺ ടിക്കറ്റ് സമ്പ്രദായം വിപുലീകരിക്കുന്നതുവഴി കൂടുതൽ സ്ഥിരം യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കാൻ കഴിയുമെന്നും വിശ്വസിക്കുന്നു. ബി.ഒ.റ്റി. അടിസ്ഥാനത്തിലുള്ള ഡിപ്പോകളിലെ കെട്ടിട നിർമ്മാണം (ഷോപ്പിംഗ് കോംപ്ലക്സ്) വഴി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാനും ലക്ഷ്യമിടുന്നു.

കെ.എസ്.ആർ.ടി.സി. നൽകാനുള്ള വായ്പാ കുടിശ്ശിക

156 (753) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ധനകാര്യ സ്ഥാപനങ്ങൾക്ക് കെ.എസ്.ആർ.ടി.സി നൽകാനുള്ള വായ്പാകുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) കെ. എസ്. ആർ. ടി. സി. പുതുതായി വായ്പയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ എത്ര തുകയാണ് വായ്പയെടുക്കാൻ ഉദ്ദേശിക്കുന്നത് ; കെ. എസ്. ആർ. ടി. സി. യുടെ പ്രതിമാസ നഷ്ടം എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. നാളിതുവരെ എടുത്തിട്ടുള്ള ഒരു വായ്പയുടെയും തിരിച്ചടവ് മുടക്കിയിട്ടില്ല. ആയതിനാൽ കുടിശ്ശികയും ഇല്ല. കൂടാതെ വായ്പ തിരിച്ചടവ് ESCROW വഴിയാണ് നടത്തുന്നത്.

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ ആയിരം ബസ്സുകൾ പുറത്തിറക്കുന്നതിനായി ഒന്നാം ഘട്ടത്തിൽ കെ.റ്റി.ഡി.എഫ്.സി-യിൽ നിന്ന് 65 കോടി രൂപ വായ്പയെടുത്തിട്ടുണ്ട്. പദ്ധതിയുടെ അവസാന ഘട്ടത്തിലേക്കായി 55 കോടി രൂപ ഹഡ്കോയിൽനിന്ന് വായ്പയെടുക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ പ്രവർത്തനമൂലധനമായി പ്രതിമാസം 20 കോടി രൂപയും വായ്പ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) നടപ്പു സാമ്പത്തിക വർഷത്തിൽ ആയിരം പുതിയ ബസ്സുകൾ നിരത്തിലിറക്കുന്ന പദ്ധതിയുടെ അവസാന ഘട്ടത്തിലേക്കായി ഏകദേശം 55 കോടി രൂപ ഹഡ്കോയിൽനിന്നും വായ്പയെടുക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ പ്രവർത്തന മൂലധന ആവശ്യത്തിനായി പ്രതിമാസം 20 കോടി രൂപ കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും വായ്പയായി എടുത്തു വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ നഷ്ടം 23.81 കോടി രൂപയാണ്.

കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

157 (754) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി.-യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം ക്രിയാത്മക നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ. എസ്. ആർ. ടി. സി. യുടെ സഞ്ചിത നഷ്ടത്തിൽ എത്ര വർദ്ധനവുണ്ടായെന്ന് വ്യക്തമാക്കുമോ ?

(ബി) മിഡിൽ മാനേജ്മെന്റ് തലംമുതൽ മാനേജ്മെന്റ് വൈദഗ്ദ്ധ്യമുള്ളവരെ നിയമിച്ച കോർപ്പറേഷനെ ആധുനിക മാനേജ്മെന്റ് തന്ത്രങ്ങളിലൂടെ ഒരു മികച്ച സ്ഥാപനമാക്കിയെടുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വികസനത്തിലൂടെ നഷ്ടത്തിന്റെ അളവ് കുറച്ച് കൊണ്ടുവരുന്ന നടപടിയുടെ ഭാഗമായി കൂടുതൽ റൂട്ടുകളിലേക്ക് കോർപ്പറേഷന്റെ സേവനം വർദ്ധിപ്പിച്ചു. നിലവിലുള്ള നഷ്ടത്തിലോടുന്ന ഷെഡ്യൂളുകൾ പുന:ക്രമീകരിച്ചു, ചെലവു ചുരുക്കാവുന്ന മേഖലയിൽ ചെലവ് ചുരുക്കിയും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാനുമുള്ള നടപടികളുടെ ഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷന്റെ കണ്ണായ സ്ഥലങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള വ്യാപാര സമുച്ചയങ്ങൾ നിർമ്മിച്ച് കോർപ്പറേഷനെ സ്വന്തം കാലിൽ നിർത്തുവാനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. നിലവിലുള്ള ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാൻ നടപടികൾ എടുക്കുന്നതാണ്. പ്രധാനപ്പെട്ട നഗരങ്ങളെ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ടുള്ള ടൗൺ ടു ടൗൺ സർവ്വീസുകളും ചെയിൻ സർവ്വീസുകളും ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്. ഓൺലൈൻ റിസർവ്വേഷൻ സൗകര്യം കൂടുതൽ ബസ്സുകളിലേക്ക് വ്യാപിപ്പിക്കുന്നതുവഴി കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കുന്നതിന് ഉദ്ദേശിക്കുന്നു. സീസൺ ടിക്കറ്റ് സമ്പ്രദായം വിപുലീകരിക്കുന്നതുവഴി കൂടുതൽ സ്ഥിരം യാത്രക്കാരെ കെ.എസ്.ആർ.ടി.സി ബസുകളിലേക്ക് ആകർഷിക്കാൻ കഴിയുന്നതാണ്. ബി.ഒ.റ്റി. അടിസ്ഥാനത്തിലും റെന്റ് ഡെപ്പോസിറ്റ് സ്കീമിലും, കെ.എസ്.ആർ.ടി.സി.യുടെ പ്രധാന കേന്ദ്രങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുക വഴി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാനും ലക്ഷ്യമിടുന്നുണ്ട്.

2008-09 വരെയുള്ള വാർഷിക കണക്ക് മാത്രമേ പൂർത്തിയായിട്ടുള്ളു. 2005-06-ലെ സഞ്ചിത നഷ്ടം 1618.10 കോടി രൂപയായിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാഹന നികുതി, പലിശ, പിഴപ്പലിശ, എന്നീ ഇനങ്ങളിൽ 31-3-2008 വരെ നൽകേണ്ടതായ തുക എഴുതിത്തള്ളിയതു കാരണം 31-3-2009-ൽ സഞ്ചിത നഷ്ടം 1483.31 കോടി രൂപയായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) മിഡിൽ മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 25 % നേരിട്ടും 15% മെച്ചപ്പെട്ട യോഗ്യതയുള്ള ജീവനക്കാരിൽ നിന്നും ഉദ്യോഗാർത്ഥികളെ പി.എസ്.സി.-വഴി തെരഞ്ഞെടുക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

മലപ്പുറം കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം

158 (755) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലാ ആസ്ഥാനത്തെ കെ. എസ്. ആർ. ടി. സി. ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) കെ. എസ്. ആർ. ടി. സി ഡിപ്പോ നവീകരണ പ്രവർത്തനങ്ങൾക്ക് എസ്റ്റിമേറ്റ് പുതുക്കി സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതിയുടെ വയബിലിറ്റി സ്റ്റഡി തയ്യാറാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) കെ. റ്റി. ഡി. സി. ബി. ഒ. റ്റി അടിസ്ഥാനത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി ആരംഭിക്കാനുള്ള കാലതാമസം വ്യക്തമാക്കുമോ ; ഇത് എന്നത്തേക്ക് ആരംഭിക്കാൻ കഴിയും ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ബി) ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം കെ.റ്റി.ഡി.എഫ്.സി. സമർപ്പിച്ച എസ്റ്റിമേറ്റ് (2009 എസ്.ഒ.ആർ. പ്രകാരം) പരിശോധിക്കുന്നതിലേക്ക് ചീഫ് എഞ്ചിനീയർ-ബി.ഒ.റ്റി. - കെ.എസ്.ആർ.ടി.സി കൺവീനറായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.ഡബ്ല്യു.ഡി-യുടെ 2010-ലെ ഷെഡ്യൂൾ റേറ്റിൽ എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിച്ചത് പ്രകാരം എസ്റ്റിമേറ്റ് തുക 3024.61 ലക്ഷം രൂപയാണ്. ആയത് കമ്മിറ്റി പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം കെ.റ്റി.ഡി.എഫ്.സി സമർപ്പിച്ച എസ്റ്റിമേറ്റ് പരിശോധിക്കുന്നതിലേക്ക് ചീഫ് എഞ്ചിനീയർ-ബി.ഒ.റ്റി-കെ.എസ്.ആർ.ടി.സി കൺവീനറായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി. ഡബ്ല്യു.ഡി.യുടെ 2010-ലെ ഷെഡ്യൂൾ റേറ്റിൽ എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിച്ചത് പ്രകാരം എസ്റ്റിമേറ്റ് തുക 3024.61 ലക്ഷം രൂപയാണ്. ആയത് കമ്മിറ്റി പരിശോധിച്ചു-വരുന്നു. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി ഉടൻ സ്വീകരിക്കുന്നതാണ്.

കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിന്റെ ഉദ്ഘാടനം

159 (756) ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണം പൂർത്തിയായ കാസർഗോഡ് കെ. എസ്. ആർ. ടി. സി. ഷോപ്പിംഗ് കോംപ്ലക്സിന്റെ ഉദ്ഘാടനം എന്ന് നടത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത കോംപ്ലക്സിൽ ഉൾപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കോംപ്ലക്സിന്റെ നിർമ്മാണ ചെലവ് എത്ര ; ആയത് എങ്ങനെയാണ് കണ്ടെത്തിയത് എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രതിമാസം എത്ര രൂപ വരുമാനം ഉണ്ടാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2011 ജനുവരി മാസത്തിൽ കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യാമെന്നാണ് ഉദ്ദേശിക്കുന്നത്.

(ബി) ജീവനക്കാർക്ക് വേണ്ടുന്ന സൗകര്യങ്ങൾ, യാത്രക്കാർക്ക് ബസ് കാത്തുനിൽക്കുന്നതിനുള്ള സൗകര്യങ്ങൾ, ഇരിപ്പിടങ്ങൾ, സുരക്ഷാ ക്രമീകരണങ്ങൾ, ടോയ്ലറ്റ് സൗകര്യങ്ങൾ, കച്ചവടസ്ഥാപനങ്ങളും അവയ്ക്കു വേണ്ടുന്ന അനുബന്ധ സൗകര്യങ്ങളും, ഇലക്ട്രിസിറ്റി, വാട്ടർ സപ്ലൈ തുടങ്ങി ആധുനിക ഷോപ്പിംഗ് കോംപ്ലക്സ്-കം-ബസ് ടെർമിനലിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

(സി) ആറേകാൽ (6.25) കോടി രൂപയാണ് നിർമ്മാണചെലവ് പ്രതീക്ഷിക്കുന്നത്. കൃത്യമായ തുക, നിർമ്മാണം പൂർത്തിയായശേഷമേ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. പലിശരഹിത നിക്ഷേപം സ്വീകരിക്കുക വഴിയാണ് തുക കണ്ടെത്തിയിരിക്കുന്നത്.

(ഡി) ഇതുവരെ ലേലം (Aucion) ചെയ്ത കടകളിൽ നിന്നായി രണ്ട് ലക്ഷത്തി എൺപത്തിയയ്യായിരം (2,85,000) രൂപയാണ് മാസ വാടകയായി ലഭിക്കുന്നത്.

ലോ ഫ്ളോർ ബസുകളുടെ നടത്തിപ്പ്

160 (757) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് എത്ര ലോ-ഫ്ളോർ എ.സി. ബസുകളാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) ഈ ബസുകളുടെ ഒരു ദിവസത്തെ ശരാശരി വരുമാനം എത്ര ;

(സി) ഈ ബസുകൾ ലാഭകരമായി ഓടുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ നഷ്ടം കുറയ്ക്കുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) സംസ്ഥാന സർക്കാർ എത്ര ലോഫ്ളോർ ബസുകളാണ് നിരത്തിലിറക്കിയിട്ടുള്ളത് ;

(എഫ്) ഇറക്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണമെന്ത് ?

ഉത്തരം

(എ) ജനറം പദ്ധതി പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാർ സഹായത്തോടെ സംസ്ഥാനത്തിന് 80 എ.സി ലോ ഫ്ളോർ ബസ്സുകളാണ് അനുവദിച്ചിട്ടുള്ളത്.

(ബി) പതിനായിരം രൂപയാണ് ഒരു ബസ്സിന്റെ ഒരു ദിവസത്തെ ശരാശരി വരുമാനം.

LIBRARY ARCHIVES Kerala Legislative Assembly

(സി) തേയ്മാന ചെലവ് ഉൾപ്പെടെയുള്ള ഒരു ബസ്സ് സർവ്വീസിന്റെ ആവശ്യമായ എല്ലാ ഘടകങ്ങളും കണക്കിലെടുക്കുമ്പോൾ പ്രസ്തുത സർവ്വീസുകൾ നഷ്ടത്തിലാണ്. എന്നാൽ ജീവനക്കാരുടെ ശമ്പളം,ഡീസൽ, മറ്റ് പ്രധാന അനുബന്ധ ചെലവുകൾ എന്നിവയ്ക്കുള്ള പണം പ്രസ്തുത സർവ്വീസിൽ ലഭ്യമാകുന്നുണ്ട്.

(ഡി) ടി ബസ്സുകൾ കടന്നുപോകുന്ന പ്രധാന ജംഗ്ഷനുകളിൽ സമയ വിവര പട്ടിക പ്രദർശിപ്പിച്ചും, പത്രമാദ്ധ്യമങ്ങളിലൂടെ വിവരങ്ങൾ നൽകിയും, യാത്രക്കാരുടെ അഭിപ്രായങ്ങൾ കണക്കിലെടുത്ത് റൂട്ടുകളിൽ ചെറിയമാറ്റങ്ങൾ വരുത്തിയും യാത്രക്കാരെ കൂടുതൽ ആകർഷിക്കുന്നതിനും, -അതുവഴി വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ & എഫ്) ഇപ്പോൾ നിരത്തിലിറക്കിയിട്ടുള്ള ആകെ ബസ്സുകൾ 109 എ/സി- 46, നോൺ എ/സി-63.

കെ.എസ്.ആർ.ടി.സി.യുടെ ആസ്തി ബാദ്ധ്യതയും ലാഭവും

161 (758) <u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽ വരുമ്പോൾ കെ. എസ്. ആർ. ടി സി. യുടെ ആസ്തി-ബാദ്ധ്യതയും ലാഭവും എത്രയായിരുന്നു എന്നു വെളിപ്പെടുത്തുമോ ;

(ബി) ഇപ്പോൾ കെ. എസ്. ആർ. ടി. സി. യുടെ ആസ്തി-ബാദ്ധ്യതയും ലാഭവും എത്രയാണ് ;

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം എത്ര പുതിയ കെ. എസ്. ആർ. ടി. സി ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട് ;

(ഡി) ഇവയിൽ എത്ര സംസ്ഥാനാന്തര റൂട്ടുകളുണ്ട് എന്ന് അറിയിക്കുമോ ;

(ഇ) കണ്ണൂർ ജില്ലയിൽ എത്ര പുതിയ കെ. എസ്. ആർ. ടി. സി. ബസ്സുകളാണ് ഈ ഗവൺമെന്റിന്റെ കാലത്ത് നിരത്തിലിറക്കിയിട്ടുള്ളത് ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുൻപുള്ള സാമ്പത്തിക വർഷത്തിലെ (2005-06) കണക്ക് അനുസരിച്ചുള്ള ആസ്തി ബാദ്ധ്യത ചുവടെ ചേർക്കുന്നു.

1. **ബാദ്ധ്യത:**

മൂലധനം:	147.95 കോടി രൂപ
ലോൺ:	
ഗവൺമെന്റ് ലോൺ	90.65 കോടി രൂപ
ബോണ്ട്	8.35 കോടി രൂപ
കെ.റ്റി.ഡി.എഫ്.സി ലോൺ	349.34 കോടി രൂപ
ഹഡ്കോ ലോൺ	11.75 കോടി രൂപ
സർക്കാരിനുള്ള ബാദ്ധ്യത	503.29 കോടി രൂപ
പ്രൊവിഡന്റ് ഫണ്ട് പെൻഷൻ ആനുകൂല്യങ്ങൾ	415.38 കോടി രൂപ
ഓയിൽ കമ്പനികൾ	125.77 കോടി രൂപ
എം.എ.സി.റ്റി .	26.10 കോടി രൂപ
മറ്റു ബാദ്ധ്യതകൾ	186.31 കോടി രൂപ
ആകെ	1864.89 കോടി രൂപ

2. **ആസ്തി:**	ഫിക്സഡ് അസറ്റ്
(തേയ്മാന ചെലവു കഴിച്ച്)	168.97 കോടി രൂപ
സ്റ്റോർസ്	11.92 കോടി രൂപ
ക്യാഷ് ബാങ്ക് ബാലൻസ്	17.36 കോടി രൂപ
ട്രഷറി ബാലൻസ്	10.99 കോടി രൂപ
മറ്റ് ആസ്തികൾ	37.55 കോടി രൂപ
സഞ്ചിത നഷ്ടം	1618.10 കോടി രൂപ
ആകെ	1864.89 കോടി രൂപ

ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുമ്പുള്ള സാമ്പത്തിക വർഷത്തിലെ (2005-06) നഷ്ടം 191.90 കോടി രൂപയാണ്.

(ബി) 2009-10 വാർഷിക കണക്ക് പൂർത്തിയായിട്ടില്ല. 2008-09-ലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.യുടെ ആസ്തി-ബാദ്ധ്യത ചുവടെ ചേർക്കുന്നു :

1. **ബാദ്ധ്യത:**

മൂലധനം	431.03 കോടി രൂപ
ലോൺ	
ഗവൺമെന്റ്	85.50 കോടി രൂപ
കെ.റ്റി.ഡി.എഫ്.സി	375.93 കോടി രൂപ

ഹഡ്കോ	104.88 കോടി രൂപ
എൽ.ഐ.സി	75.00 കോടി രൂപ
കെ.എസ്.റ്റി -133	1.81 കോടി രൂപ
ബോണ്ട്	8.35 കോടി രൂപ
സർക്കാരിനുള്ള ബാദ്ധ്യത	51.14 കോടി രൂപ
പ്രൊവിഡന്റ് ഫണ്ട് പെൻഷൻ ആനുകൂല്യങ്ങൾ	384.46 കോടി രൂപ
ഓയിൽ കമ്പനികൾ	88.76 കോടി രൂപ
എം.എ.സി.റ്റി	23.00 കോടി രൂപ
മറ്റു ബാദ്ധ്യതകൾ	210.50 കോടി രൂപ
ആകെ	1842.36 കോടി രൂപ

2. ആസ്തി

ഫിക്സഡ് അസറ്റ് തേയ്മാന ചെലവു കഴിച്ച്	233.95 കോടി രൂപ
സ്റ്റോർസ്	20.76 കോടി രൂപ
ക്യാഷ്, ബാങ്ക് ബാലൻസ്	55.37 കോടി രൂപ
ട്രഷറി ബാലൻസ്	15.95 കോടി രൂപ
മറ്റ് ആസ്തികൾ	33.02 കോടി രൂപ
സഞ്ചിത നഷ്ടം	1483.31 കോടി രൂപ
ആകെ	1842.36 കോടി രൂപ

2008-09 സാമ്പത്തിക വർഷത്തിലെ നഷ്ടം 117.12 കോടി രൂപയാണ്.

(സി) 2571 ബസുകൾ നിരത്തിലിറക്കി

(ഡി) കേരള-തമിഴ്നാട്, കേരള-കർണ്ണാടക അന്തർ സംസ്ഥാന കരാറുകൾ പ്രകാരം കെ.എസ്.ആർ.ടി.സി.ക്ക് 433 സംസ്ഥാനാന്തര റൂട്ടുകൾ നടത്തുന്നതിന് അനുവാദമുണ്ട്.

(ഇ) ആകെ 135 ബസുകൾ നിരത്തിലിറക്കി.

കണ്ണൂർ	68
പയ്യന്നൂർ	35
തലശ്ശേരി	32
ആകെ	135

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. വായ്പ സ്വരൂപിക്കൽ

162 (759) ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ഈ വർഷം എത്ര കോടി രൂപയാണ് വിവിധ സ്ഥാപനങ്ങളിൽനിന്നും വായ്പയായി സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) കെ. എസ്. ആർ. ടി. സി. ഈ കാലയളവിൽ എത്ര കോടി രൂപ വായ്പയായി ആവശ്യപ്പെട്ടിരുന്നു ;

(സി) ഇതിൽ എന്തു തുകയാണ് വായ്പയായി നൽകാമെന്ന് അറിയിച്ചിട്ടുള്ളത് ;

(ഡി) ആവശ്യപ്പെട്ട മുഴുവൻ തുകയും വായ്പയായി നൽകാതിരുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(ഇ) പ്രതിമാസം വായ്പയിനത്തിൽ മുതലും പലിശയുമായി കെ. എസ്. ആർ. ടി. സി. എന്തു തുക വീതമാണ് ഓരോ സ്ഥാപനത്തിനും തിരിച്ചടയ്ക്കേണ്ടതെന്ന വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) നടപ്പുസാമ്പത്തിക വർഷത്തിന്റെ അവസാനഭാഗ പ്രവർത്തന മൂലധനത്തിനായി 241 കോടി രൂപ ആവശ്യമായിവരും. ടി തുക കെ.റ്റി.ഡി. എഫ്.സിയിൽ നിന്ന് ലോണായി എടുക്കാൻ അനുമതി നൽകിയിട്ടുണ്ട്.

പ്രതിവർഷം 1000 ബസ്സുകൾ നിരത്തിലിറക്കുന്നതിന്റെ ഭാഗമായി നടപ്പു സാമ്പത്തിക വർഷം ടി പദ്ധതിയുടെ അവസാനഘട്ടത്തിലേക്ക് 55 കോടി രൂപ ഹഡ്കോയിൽ നിന്ന് വായ്പയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഈ കാലയളവിൽ കെ.എസ്.ആർ.ടി.സി 404.57 (163.57+241) കോടി രൂപ പ്രവർത്തന മൂലധന ആവശ്യത്തിനുവേണ്ടിയും 130 കോടി രൂപ ബസ് വാങ്ങുന്നതിനുവേണ്ടിയും കെ.റ്റി.ഡി.എഫ്.സി. യോട് ആവശ്യപ്പെട്ടിരുന്നു.

(സി) ഇതിൽ 404.57 കോടി രൂപ പ്രവർത്തന മൂലധനത്തിനുവേണ്ടിയും 65 കോടി രൂപ ബസ് വാങ്ങുന്നതിനുവേണ്ടിയും നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) കെ.റ്റി.ഡി.എഫ്.സി. ബസ് വാങ്ങുന്നതിന്റെ കാര്യത്തിൽ 50 % മാത്രം (65 കോടി) നൽകാനാണ് തീരുമാനിച്ചത്.

(ഇ) കെ.എസ്.ആർ.ടി.സി. പ്രതിമാസം വായ്പയുടെ തിരിച്ചടവിനത്തിൽ കെ.റ്റി.ഡി.എഫ്.സി.ക്ക് ശരാശരി 12.51 കോടി രൂപ മുതൽ ഇനത്തിലും 5.09 കോടി രൂപ പലിശയിനത്തിലും അടയ്ക്കുന്നുണ്ട്. നടപ്പു സാമ്പത്തിക

വർഷം ഹഡ്കോയ്ക്ക് 2.01 കോടി രൂപ മുതൽ ഇനത്തിലും ശരാശരി 52 ലക്ഷം രൂപ പലിശയിനത്തിലും പ്രതിമാസം അടയ്ക്കുന്നുണ്ട്. എൽ.ഐ.സി.ക്ക് പ്രതിവർഷം 5 കോടി രൂപ മുതൽ ഇനത്തിലും 13 ശതമാനം നിരക്കിൽ അർദ്ധ വാർഷികമായി പലിശയും തിരിച്ചടയ്ക്കണം. നാളിതുവരെ 5 കോടി രൂപ മുതൽ ഇനത്തിലും 15.20 കോടി രൂപ പലിശ ഇനത്തിലും ഒടുക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി 133-ൽ മുതൽ ഇനത്തിൽ 5.50 ലക്ഷം രൂപയും പലിശയിനത്തിൽ 1.50 ലക്ഷം രൂപയും ഒടുക്കുന്നുണ്ട്.

ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യുന്ന നടപടി

163 (760) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവർമാരുടെ കുറവ് കെ. എസ്. ആർ. ടി. സി-യുടെ മിക്ക ഡിപ്പോകളിലെയും ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി ഏതൊക്കെ നടപടികൾ കൈക്കൊള്ളും;

(സി) ഡ്രൈവർമാരുടെ കുറവ് കാരണം ഷെഡ്യൂളുകൾ ഗണ്യമായി ക്യാൻസൽ ചെയ്യുന്നതും അതു വരുമാനത്തെ ഗണ്യമായി ബാധിക്കുന്നതും പരിശോധിക്കുമോ;

(ഡി) കെ. എസ്. ആർ. ടി. സി-യെ ചില ഡ്രൈവർമാർ സ്വകാര്യ ബസ്സുകളെ സഹായിക്കുന്നതിനുവേണ്ടി മെല്ലെപ്പോക്ക്, സ്റ്റോപ്പിൽ ബസ്സ് നിർത്താതിരിക്കൽ തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിശോധിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഒഴിവുകൾ പി.എസ്.സി.യെ എഴുതി അറിയിച്ചിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന താല്ക്കാലിക നിയമനം നടത്തുവാൻ യൂണിറ്റധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് നിയമനം നടന്നു വരുന്നു.

(സി) ഡ്രൈവർമാരുടെ കുറവുമൂലം ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യേണ്ടിവരുന്നുണ്ട്. തന്മൂലം വരുമാന നഷ്ടവും ഉണ്ടാകുന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ഡ്രൈവർമാരെ നിയമിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്ന മുറയ്ക്ക് ഇത് പരിഹരിക്കുവാൻ കഴിയുമെന്ന് വിശ്വസിക്കുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അത്തരത്തിൽ പരാതികൾ ലഭിച്ചാൽ അന്വേഷിച്ച് കർശന നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

കണ്ടക്ടർമാരെ സ്ഥിരപ്പെടുത്താൻ നടപടി

164 (761) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യിൽ പി. എസ്. സി മുഖേന നിയമിക്കപ്പെട്ട കണ്ടക്ടർമാരെ സ്ഥിരപ്പെടുത്തണമെന്ന് കോടതി നിർദ്ദേശം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അവർക്ക് സ്ഥിരനിയമനം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എത്ര പേരെ സ്ഥിരപ്പെടുത്തി ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ട കണ്ടക്ടർമാരെ സ്ഥിരപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ ; എങ്കിൽ അതിന് പി. എസ്. സി. യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; ഈ കാര്യത്തിൽ സംവരണം പാലിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) സ്ഥിര നിയമനത്തിന് പരിഗണിക്കപ്പെടുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്താണ് ;

(ഡി) സ്ഥിരപ്പെടുത്താൻ തയ്യാറാക്കുന്ന ലിസ്റ്റിൽ മാനദണ്ഡം മറികടന്ന് ഭരണകക്ഷിയൂണിയനിൽപ്പെട്ടവരും, ദിവസ വേതന അടിസ്ഥാനത്തിൽ നേരിട്ട് നിയമനം നേടിയ അനർഹരേയും ഉൾപ്പെടുത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതേക്കുറിച്ച് അടിയന്തരമായി അന്വേഷണം നടത്തുമോ ; അനധികൃത സ്ഥിരപ്പെടുത്തൽ നീക്കം നിർത്തിവയ്ക്കാൻ സത്വര നിർദ്ദേശം നൽകുമോ ;

(ഇ) കെ. എസ്. ആർ. ടി. സി. ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിച്ച്വരുന്നത് ?

ഉത്തരം

(എ) പി.എസ്.സി. നൽകിയിട്ടുള്ള നാമ വിവരപട്ടികയിൽ നിന്നും എംപാനൽ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളവരെ സ്ഥിരപ്പെടുത്തണമെന്ന് കോടതി നിർദ്ദേശം ലഭിച്ചിട്ടില്ല.

(ബി) എംപ്ലോയ്മെന്റ് വഴി നിയമനം നൽകിയ കണ്ടക്ടർമാരെ മാത്രമായി സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ 8 വർഷം തികച്ച മെക്കാനിക്ക്, കണ്ടക്ടർ, ഡ്രൈവർ വിഭാഗത്തിൽപ്പെട്ടവരെ സ്ഥിരപ്പെടുത്തണമെന്ന അംഗീകൃത യൂണിയനുകളുടെ ആവശ്യം അംഗീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ടി വിഷയത്തിൽ ഇപ്പോൾ ബഹു. ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കോർപ്പറേഷൻ താൽക്കാലിക സേവനത്തിൽ 8 വർഷം പൂർത്തിയാക്കിയവരെയാണ് സ്ഥിര നിയമനത്തിന് പരിഗണിച്ചത്. 1-9-2008-ന് മുൻപ് 120 ഡ്യൂട്ടികൾ തികച്ച എട്ട് സേവന വർഷം പൂർത്തിയാക്കിയവരെയാണ് പരിഗണിക്കുന്നത്. കൂടാതെ ഇവർ 1-9-2008-ൽ കോർപ്പറേഷൻ റോളിൽ ഉണ്ടായിരിക്കണം.

(ഡി) അംഗീകൃത യൂണിയനുകൾ കൂടി സമ്മതിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് എട്ടുവർഷം താൽക്കാലിക സേവനം പൂർത്തിയാക്കിയവരെ മാത്രമാണ് സ്ഥിരപ്പെടുത്തലിന് നിർദ്ദേശിക്കപ്പെട്ട പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അനർഹർ പ്രസ്തുത പട്ടികയിലുണ്ടെന്ന് ചൂണ്ടിക്കാണിച്ചാൽ അന്വേഷണം നടത്തി സത്യമെന്നു തെളിഞ്ഞാൽ പട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്. അനർഹ നിയമനം സ്വന്തമാക്കിയവരെ നിയമനത്തിന്റെ ഏത് ഘട്ടത്തിലും കോർപ്പറേഷന് നീക്കം ചെയ്യാവുന്നതാണ്.

(ഇ) കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം ലാഭത്തിലാണ്. എന്നാൽ പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങൾ, മുൻ ബാദ്ധ്യതകൾ തീർക്കുന്നതിനു വേണ്ടി എടുത്ത കടത്തിന്റെ തിരിച്ചടവ്, പലിശ എന്നിവ കൂടി കണക്കിലെടുക്കുമ്പോൾ നഷ്ടത്തിലാണ്.

എം.പാനൽ കണ്ടക്ടർമാരെ സ്ഥിരപ്പെടുത്തുവാൻ നടപടികൾ

165 (762) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി-യിൽ 8 വർഷവും അതിനുമുകളിലും ജോലി ചെയ്തുവരുന്ന എംപ്ലോയ്മെന്റ് എം. പാനൽ കണ്ടക്ടർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുവോ എന്ന് വ്യക്തമാക്കുമോ ; എങ്കിൽ ഇതിനുള്ള നടപടിയുടെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം നിയമനത്തിനർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കിയപ്പോൾ ഏതെല്ലാം മാനദണ്ഡങ്ങൾ അവലംബിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യിൽ വ്യവസ്ഥകൾ പ്രകാരം 8 വർഷത്തെ താൽക്കാലിക സേവനം പൂർത്തിയാക്കിയ മെക്കാനിക്ക്, ഡ്രൈവർ, കണ്ടക്ടർ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ പട്ടിക സർക്കാർ പരിശോധിച്ചു വരികയാണ്. സ്ഥിരപ്പെടുത്തൽ സംബന്ധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നത് ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവുപ്രകാരം തടഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മാനദണ്ഡങ്ങൾ ചുവടെ ചേർത്തിരിക്കുന്നവയാണ് :

1. 1-9-2008-ൽ കെ.എസ്.ആർ.ടി.സി.-യുടെ റോളിൽ ഉണ്ടായിരിക്കണം.

2. അതിനുമുൻപ് പ്രതിവർഷം 120 ഡ്യൂട്ടി തികച്ചുള്ള 8 സജീവ സേവന വർഷം ഉണ്ടായിരിക്കണം.

3. ഇപ്പോഴും റോളിൽ തുടരുന്നവരായിരിക്കണം.

കെ.എസ്.ആർ.ടി.സി.-യിലെ ഒഴിവുകൾ

166 (763) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി-യിൽ എത്ര ഡ്രൈവർമാരുടെ കുറവ് ഇന്നനുഭവിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) മെക്കാനിക്കുകളുടെ എത്ര ഒഴിവു നിലവിലുണ്ട് .എന്ന് വെളിപ്പെടുത്തുമോ ;

(സി) മെക്കാനിക്കൽ എ.ഡി. മാരുടെ എത്ര തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) മേൽ ഒഴിവുകൾ എല്ലാം പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ചെയ്തത് ;

(ഇ) റിപ്പോർട്ട് ചെയ്ത് നാളുകൾ കഴിഞ്ഞിട്ടും ഉദ്യോഗാർത്ഥികളെ കിട്ടാത്തതുമൂലം കെ. എസ്. ആർ. ടി. സി-ക്കുണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം നികത്താൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) നിലവിൽ 1124 ഡ്രൈവർമാരുടെ കുറവുണ്ട്.

(ബി) 473 ഒഴിവുകൾ.

(സി) എ.ഡി.ഇ. മാരുടെ 30 ഒഴിവുകൾ.

(ഡി) ഉണ്ട്. 3-5-2010-ലെ RIB (2) 8466/10/GW പ്രകാരം അഡൈ്വസ് ചെയ്യപ്പെട്ട 2216 പേരിൽനിന്നും നിയമനം നടത്തിയത് കഴിച്ചുള്ള 446 എൻ.ജെ.ഡി. ഒഴിവുകൾ 11-11-2010-ലും 3-2011-ൽ പ്രതീക്ഷിക്കുന്ന 27 ഒഴിവുകൾ 4-10-2010-ലും പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്. എ.ഡി.ഇ തസ്തികയിലെ 14 ഒഴിവുകൾ 17-8-2006-ലും 16 ഒഴിവുകൾ 4-6-2007-ലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) 13-2-2009 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 26/09 ട്രാൻ. പ്രകാരം അംഗീകരിക്കപ്പെട്ട 2008 സേവന വേതന കരാറിന്റെ XLVI-ാം ഖണ്ഡികയിൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളതിൻ പ്രകാരം (1-9-2008-ൽ

LIBRARY ARCHIVES Kerala Legislative Assembly

8 വർഷം പൂർത്തിയാക്കിയ) സ്ഥിരപ്പെടുത്തേണ്ടതായ 299 ദിവസക്കൂലിക്കാരായ ആട്ടോ മെക്കാനിക്കുകൾ ജോലി ചെയ്തുവരുന്നു. ടി ജീവനക്കാരെ വിവിധ യൂണിറ്റുകളിൽ വിന്യസിച്ചിട്ടുള്ളതുമൂലം ജീവനക്കാരുടെ കുറവ് ഒരു പരിധിവരെ ഒഴിവാകുന്നുണ്ട്.

അസിസ്റ്റന്റ് ഡിപ്പോ എൻജിനീയർമാരുടെ 30 ഒഴിവുകൾ പി.എസ്.സി-ക്ക് നൽകിയിട്ടുണ്ട്. പി.എസ്.സി-യിൽ നിന്നും നിയമനം വൈകുന്നതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം 28 പേരെ നിയമിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡി.എ

167 (764) ശ്രീ. പി. കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാകുമ്പോൾ കെ. എസ്. ആർ. ടി. സി. ജീവനക്കാർക്ക് ലഭിച്ചിരുന്ന ഡി.എ. എത്ര ശതമാനമായിരുന്നു ;

(ബി) ഈ കാലയളവിൽ സംസ്ഥാന ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന നിരക്ക് എത്ര ; ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കെ. എസ്. ആർ. ടി. സി. ജീവനക്കാർക്ക് എത്ര ശതമാനം ഡി. എ. നൽകി. ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഇപ്പോൾ കെ. എസ്. ആർ. ടി. സി. ജീവനക്കാർക്കും ഗവൺമെന്റ് ജീവനക്കാർക്കും നൽകിവരുന്ന ഡി. എ. നിരക്കിലെ വ്യത്യാസം വ്യക്തമാക്കുമോ ;

(ഡി) കെ. എസ്. ആർ. ടി. സി. ജീവനക്കാർക്ക് ലീവ് സറണ്ടർ സംവിധാനം നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാക്കുമ്പോൾ കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് 45 % ഡി.എ. ആണ് നൽകിയിരുന്നത്.

(ബി) ഈ കാലയളവിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പഴയ ശമ്പളത്തിന്റെ 74 % ഉം പുതുക്കിയ ശമ്പളത്തിന്റെ 15 % ഉം ആണ് ഡി.എ ആയി നൽകിയിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പഴയ ശമ്പള സ്കെയിലിൽ 10 % കൂടി നൽകി 55 % നൽകുകയും 28-11-2008-ൽ ഒപ്പുവച്ച 1-3-2006 മുതൽ നടപ്പിലാക്കിയ ശമ്പള പരിഷ്കരണത്തിൽ 59 % ഡി.എ ചേർക്കുകയും ഇപ്പോൾ പുതുക്കിയ ശമ്പളത്തിന്റെ 45 % നൽകുകയും ചെയ്യുന്നു. ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് ഇപ്പോൾ 45 % ഡി.എ. നൽകുന്നു. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 78 % ഡി.എ. നൽകുന്നു. ഡി.എ നിരക്കിലെ വ്യത്യാസം 33 % ആണ്.

(ഡി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ടെർമിനൽ ലീവ് സറണ്ടർ സംവിധാനം നിലവിലുണ്ട്.

താൽക്കാലിക കണ്ടക്ടർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള ലിസ്റ്റിൽ ചിലർ വിട്ടുപോയത് സംബന്ധിച്ച്

168 (765) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യിൽ 8 വർഷം പൂർത്തിയാക്കിയ താൽക്കാലിക കണ്ടക്ടർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള ലിസ്റ്റിൽ ക്ലറിക്കൽ പിഴവുമൂലം ചിലർ വിട്ടുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വിശദമാക്കുമോ ;

ഉത്തരം

(എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദമായി അന്വേഷണം നടത്തി വിട്ടുപോയവരുടെ പേരുകൾ കൂട്ടിചേർത്ത് ഒരു സപ്ലിമെന്ററി ലിസ്റ്റ് തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി. പ്രതിമാസ പെൻഷൻ വിതരണത്തിലെ കാലതാമസം

169 (766) ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ പ്രതിമാസ പെൻഷൻ വിതരണം യഥാസമയത്ത് നടക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പെൻഷൻ വിതരണത്തിലെ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) കെ. എസ്. ആർ. ടി. സി.-യുടെ സാമൂഹ്യ പ്രതിബദ്ധത കണക്കിലെടുത്ത് പെൻഷൻ ബാധ്യത ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ എല്ലാ മാസവും അതാത് മാസത്തെ പെൻഷൻ മുടക്കം കൂടാതെ നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ.എസ്.ആർ.ടി.സി.-യിൽ അതാത് മാസത്തെ പെൻഷൻ മുടക്കം കൂടാതെ നൽകിവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ദൈനംദിന വരുമാനത്തിൽ നിന്നാണ് പെൻഷൻ നൽകി വരുന്നത്. ഡീസൽ, ശമ്പളം, ലോണുകളുടെ തിരിച്ചടവ്, സ്പെയർ പാർട്ടുകൾ, പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി നീക്കിവയ്ക്കുന്ന 10 % റ്റി.എസ്.ബി. നിക്ഷേപം എന്നിവ കഴിച്ച് ദൈനംദിന വരുമാനത്തിലെ നീക്കിയിരിപ്പുതുകയും ബാക്കി തുക കെ.റ്റി.ഡി.എഫ്.സി-യിൽ നിന്നും വായ്പ എടുത്തുമാണ് പെൻഷൻ നൽകിവരുന്നത്. കടം കിട്ടുന്നതിനുള്ള കാലതാമസമനുസരിച്ച് പെൻഷൻ നൽകുന്ന തീയതിയിലും മാറ്റമുണ്ടാകാറുണ്ട്.

(സി)&(ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

ശ്രീമതി ഐഷാബീവിയുടെ പെൻഷൻ അപാകതകൾ പരിഹരിക്കാൻ നടപടി

170 (767) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ഫാമിലി പെൻഷൻ (പി.പി.ഡി. നമ്പർ. 15763) ആയ ശ്രീമതി ഐഷാബീവി തനിക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള അപാകതകൾ ചൂണ്ടിക്കാട്ടി സമർപ്പിച്ച പരാതി പരിഗണിച്ചിട്ടുണ്ടോ ;

(ബി) പരാതിയിൽ ചൂണ്ടിക്കാണിച്ച അപാകതകൾ പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിച്ചശേഷം പരാതിക്കാരിക്ക് വ്യക്തമായ മറുപടി നല്കിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എത്രയും വേഗം വ്യക്തമായതും വിശദമായതുമായ മറുപടി നല്കാൻ നിർദ്ദേശം നല്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) മറുപടി നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. പെൻഷൻ കുടിശ്ശിക

171 (768) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ഇപ്പോൾ എത്ര പേർക്കാണ് പെൻഷൻ നൽകിക്കൊണ്ടിരിക്കുന്നത് ;

(ബി) പെൻഷൻ നൽകുന്നതിനായി പ്രതിവർഷം എത്ര രൂപ കെ. എസ്. ആർ. ടി. സി. ചെലവഴിക്കുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പെൻഷൻ കുടിശ്ശികയായി എത്ര കോടി രൂപ ഇനി അനുവദിക്കാനുണ്ട് ;

(ഡി) പെൻഷൻ കുടിശ്ശിക തീർക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. പ്രതിമാസം 35843 പേർക്ക് പെൻഷൻ നൽകുന്നു.

(ബി) കെ.എസ്.ആർ.ടി.സി. 2009-10 വർഷത്തിൽ പെൻഷൻ നൽകുന്നതിനായി 192 കോടി രൂപ ചെലവാക്കി. നടപ്പു സാമ്പത്തിക വർഷം നവംബർ 2010 വരെ 165 കോടി രൂപ ചെലവായിട്ടുണ്ട്. പെൻഷൻ നൽകുന്നതിന് പ്രതിമാസം 22 കോടി രൂപ ചെലവാകുന്നുണ്ട്. കൂടാതെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിലേയ്ക്കായി നടപ്പു സാമ്പത്തിക വർഷത്തിൽ ഇതുവരെ 74.43 കോടി രൂപ ചെലവായിട്ടുണ്ട്.

(സി)&(ഡി) ഒരുമാസത്തെപോലും പെൻഷൻ കുടിശ്ശികയില്ല. അതാതുമാസത്തെ പെൻഷൻ അതാതുമാസം തന്നെ നൽകിവരുന്നു.

പെൻഷൻകാർക്ക് കൃത്യമായി പെൻഷൻ ലഭിക്കുവാൻ സ്ഥിരം സംവിധാനം

172 (769) <u>ശ്രീ. കെ. കെ. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 വർഷത്തിൽ കെ. എസ്. ആർ. ടി. സി,-യിലെ പെൻഷൻകാർക്ക് ഓരോ മാസവും പെൻഷൻ വിതരണം ചെയ്ത തീയതിയും ആയതിന് ഓരോ മാസവും ചെലവായ ആകെ തുകയും എത്രയാണെന്നും വ്യക്തമാക്കുമോ ;

(ബി) പെൻഷൻ വിതരണത്തിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ സർക്കാർ എത്ര തുക കെ. എസ്. ആർ. ടി. സി-ക്ക് ധനസഹായമായോ, വായ്പയായോ, ബഡ്ജറ്റ് വിഹിതമായോ അനുവദിച്ചിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(ഡി) പെൻഷൻകാർക്ക് കൃത്യമായി പെൻഷൻ ലഭിക്കുവാൻ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദവിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) 2010 വർഷത്തിൽ കെ.എസ്.ആർ.ടി.സി. പെൻഷൻ നൽകിയ തീയതിയും പ്രതിമാസം ചെലവായ തുകയുടെ വിശദവിവരങ്ങളും ചുവടെ ചേർക്കുന്നു.

മാസം	തീയതി	തുക (കോടിയിൽ)
Jan. 2010	7-1-2010	16.50
Feb. 2010	10-2-2010	17.89
Mar. 2010	10-3-2010	17.81
Apr. 2010	5-4-2010	17.97
May. 2010	19-5-2010	19.24
June. 2010	9-6-2010	19.56
July. 2010	9-7-2010	21.43
Aug. 2010	13-8-2010	21.43
Sep. 2010	9-9-2010	21.63
Oct. 2010	8-10-2010	21.58
Nov.2010	23-11-2010	21.41

(ബി) കെ.എസ്.ആർ.ടി.സി.-യിൽ അതാത് മാസത്തെ പെൻഷൻ മുടക്കം കൂടാതെ നൽകിവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ദൈനംദിന വരുമാനത്തിൽ നിന്നാണ് പെൻഷൻ നൽകിവരുന്നത്. ഡീസൽ, ശമ്പളം, ലോണുകളുടെ തിരിച്ചടവ്, സ്പെയർ പാർട്സുകൾ, പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി നീക്കിവയ്ക്കുന്ന 10 % റ്റി.എസ്.ബി നിക്ഷേപം എന്നിവ കഴിച്ച് ദൈനംദിന വരുമാനത്തിലെ നീക്കിയിരുപ്പ് തുകയും ബാക്കി തുക കെ.റ്റി.ഡി.എഫ്.സി യിൽ നിന്നും വായ്പയെടുത്തുമാണ് പെൻഷൻ നൽകിവരുന്നത്. ശമ്പളത്തിനായി മാസത്തിന്റെ അവസാനം ലോൺ എടുക്കേണ്ടി വരുന്നുണ്ട്. തുടർന്ന് മാസത്തിന്റെ ആദ്യഭാഗത്ത് വീണ്ടും വായ്പ അനുവദിക്കാൻ കെ.റ്റി.ഡി.എഫ്.സി-ക്ക് കഴിയാറില്ല. വായ്പ കിട്ടുന്നതിനുള്ള കാലതാമസമനുസരിച്ച് പെൻഷൻ നൽകുന്ന തീയതിയിലും മാറ്റമുണ്ടാകാറുണ്ട്.

(സി) 2009-10 വാർഷിക ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 15 കോടി രൂപയിൽ ഉൾപ്പെട്ട 5 കോടി രൂപയും 2010-11 വാർഷിക ബഡ്ജറ്റിലെ 30 കോടി രൂപയും മൂലധന വിഹിതമായി 2010 വർഷത്തിൽ നാളിതുവരെ അനുവദിച്ച് നൽകിയിട്ടുണ്ട്. (ആകെ 35 കോടി) ആയതു കൂടാതെ വായ്പായിനത്തിൽ 2010 വർഷത്തിൽ നാളിതുവരെ അനുവദിച്ച തുകകൾ.

LIBRARY ARCHIVES Kerala Legislative Assembly

തുക	മാസം	ആവശ്യം
25 കോടി	1/2010	ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ കടം തീർക്കുന്നതിന്.
15 കോടി	2/2010	ജീവനക്കാർക്ക് ഡി.എ. നൽകുന്നതിന്.
25 കോടി	5/2010	ഐ. ഒ. സി യുടെ കടം തീർക്കുന്നതിന്.
10 കോടി	6/2010	അടിയന്തിര ആവശ്യങ്ങൾക്ക്.
35 കോടി	8/2010	ഓണം ചെലവുകൾ വഹിക്കുന്നതിന്.
10 കോടി	11/2010	അടിയന്തര ആവശ്യങ്ങൾക്ക്.

(ഡി) നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ പെൻഷൻ ഒരു നിശ്ചിത ദിവസം തന്നെ നൽകുവാൻ കഴിയുകയില്ല.

ബസ്സുകളിലെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമം

173 (770) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബസ്സുകളിൽ സ്ത്രീകൾക്കെതിരായ അതിക്രമം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സ്ത്രീകൾക്ക് മാത്രമായി യാത്ര ചെയ്യുന്നതിന് കൊച്ചി, ആലുവ നഗരങ്ങളെ ബന്ധിപ്പിച്ച് ലേഡീസ് ഒൺലി ബസ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ബസ്സുകളിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന ആക്രമണങ്ങൾ തടയുന്നതിന് ഫലപ്രദമായ മറ്റു നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടപടി സ്വീകരിക്കുന്നതാണ്.

(ബി) ബസ്സുകളിൽ സ്ത്രീകൾക്ക് മാത്രമായി 25 % സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. സ്ത്രീകളുടെ സീറ്റിൽ പുരുഷൻമാർ യാത്രചെയ്യുകയും സ്ത്രീകൾ നിൽക്കേണ്ടിവരികയും ആണെങ്കിൽ ഇരിക്കുന്നവർ ശിക്ഷാർഹരാണ്. കണ്ടക്ടർ സ്ത്രീകൾക്ക് സീറ്റ് ഉറപ്പാക്കിയില്ലെങ്കിൽ ലൈസൻസ് റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾക്ക് വിധേയമാവുന്നതായിരിക്കും. ബസ്സുകളിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന ഇതര അതിക്രമങ്ങൾ തടയുന്നതിലേക്ക് പോലീസ് വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ കെ.എസ്.ആർ.ടി.സി വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനവും ശക്തിപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

വടകര-മണിയൂർ റൂട്ടിലെ യാത്രാക്ലേശം

174 (771) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വടകര-മണിയൂർ റൂട്ടിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് കെ. എസ്. ആർ. ടി. സി. എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വടകര-മണിയൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി ഇപ്പോൾ ഒരു സർവ്വീസ് നടത്തുന്നുണ്ട്. പുറമെ 12 ട്രിപ്പുകൾ ലഭ്യമാക്കുന്ന തരത്തിൽ ഒരു സർവ്വീസ് കൂടി ആരംഭിക്കുന്നതിനുള്ള അനുവാദം നൽകി കഴിഞ്ഞിട്ടുണ്ട്. ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് അനുവാദം നൽകിയ സർവ്വീസ് ആരംഭിക്കുന്നതാണ്.

തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ

175 (772) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവമ്പാടിയിൽ കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വിശദമാക്കുമോ ?

(ബി) ഓപ്പറേറ്റിംഗ് സെന്റർ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്നു വിശദമാക്കുമോ ?

ഉത്തരം

(എ)&(ബി) തിരുവമ്പാടിയിൽ ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം കെ.എസ്.ആർ.ടി.സി.യുടെ സജീവ പരിഗണനയിലാണ്.

തൃശ്ശൂർ-കുണ്ടുകാട്-വടക്കാഞ്ചേരി കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ്

176 (773) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ-കുണ്ടുകാട്-വടക്കാഞ്ചേരി വഴി കെ. എസ്. ആർ. ടി. സി. സർവ്വീസ് ആരംഭിക്കണം എന്ന നിവേദനം ലഭ്യമായിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സർവ്വീസ് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) നടപടികൾ പൂർത്തീകരിച്ച് സർവ്വീസ് എന്ന് ആരംഭിക്കാനാകും എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) സ്വകാര്യ ബസ്സുകൾ മാത്രം സർവ്വീസ് നടത്തുന്ന റൂട്ടാണിത്. ഒറ്റപ്പെട്ട സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. നടത്തിയാൽ ലാഭകരമാവുകയില്ല. ഒരു സർവ്വീസ് നടത്തിയിരുന്നത് ലാഭകരമല്ലാത്തതിനാൽ നിർത്തുകയാണ് ഉണ്ടായത്. ചെയിൻ സർവ്വീസായി ആരംഭിച്ചാൽ മാത്രമേ ലാഭകരമായി ഈ റൂട്ടിൽ സർവ്വീസ് നടത്തുവാൻ കഴിയുകയുള്ളൂ. ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ ഇപ്പോൾ ഇത് പരിഗണിക്കുവാൻ കഴിയില്ല.

ഗുരുവായൂരിൽ നിന്നും പമ്പയിലേക്ക് കൂടുതൽ കെ. എസ്. ആർ. ടി. സി ബസ്സ് സർവ്വീസ് ആരംഭിക്കാൻ നടപടി

177 (774) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല അയ്യപ്പഭക്തന്മാരുടെ സൗകര്യാർത്ഥം ഗുരുവായൂർ കെ. എസ്. ആർ. ടി. സി സ്റ്റേഷനിൽ നിന്നും എത്ര ബസ്സുകൾ പമ്പയിലേക്ക് സ്പെഷ്യൽ സർവ്വീസ് നടത്തുന്നുണ്ട് ;

(ബി) വർദ്ധിച്ച തിരക്കു കണക്കിലെടുത്ത് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) അയ്യപ്പഭക്തന്മാരുടെ സൗകര്യാർത്ഥം ഗുരുവായൂർ ഡിപ്പോയിൽ നിന്നും രാത്രി 7.00 മണിക്ക് ദിവസവും ഒരു സർവ്വീസ് പമ്പയിലേയ്ക്ക് നടത്തുന്നുണ്ട്. ഈ സർവ്വീസിന് ഓൺലൈൻ ഉൾപ്പെടെയുള്ള റിസർവ്വേഷൻ സൗകര്യം ലഭ്യമാക്കിയിട്ടും മതിയായ യാത്രക്കാരെ കിട്ടുന്നില്ല. പുറമേ രാത്രി 10.00 മണിക്ക് ഒരു സർവ്വീസ് കൂടി നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തീർത്ഥാടകരെ കിട്ടാത്തതിനാൽ ഈ സർവ്വീസ് നടത്താൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും തിരക്ക് വർദ്ധിച്ചാൽ ആവശ്യമായ സർവ്വീസുകൾ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ കെ.എസ്.ആർ.ടി.സി. ഗുരുവായൂർ ഡിപ്പോയിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

മാള ഡിപ്പോയിൽ നിന്നുമുള്ള ഷെഡ്യൂളുകൾ

178 (775) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ കെ. എസ്. ആർ. ടി. സി-യുടെ മാള ഡിപ്പോയിൽ നിന്ന് എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്നുവെന്നും ഇപ്പോൾ എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റു ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) ഈ ഡിപ്പോയിൽ ഇപ്പോൾ നിലവിലുള്ള ബസ്സുകളിൽ പലതും കാലപ്പഴക്കംമൂലം കേടുപാടുകൾ സംഭവിച്ച് ഓടിക്കാൻ കഴിയാത്തതുമൂലം നിലവിലുള്ള ഷെഡ്യൂളുകൾ കൃത്യമായി നടത്തുവാൻ കഴിയാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) മാള ഡിപ്പോയിൽ കണ്ടക്ടർമാരുടേയും ഡ്രൈവർമാരുടേയും കുറവുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ജീവനക്കാരുടെ കുറവ് നികത്തി ഷെഡ്യൂളുകൾ സുഗമമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ മാളയിൽ നിന്നും 34 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. ഇപ്പോൾ 52 എണ്ണം ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ബി) മാള ഡിപ്പോയിൽ 52 ഷെഡ്യൂളുകൾ നടത്തുവാൻ 58 ബസുകള നുവദിച്ചിട്ടുണ്ട്. ഇവയിൽ 13 വർഷം പഴക്കമുള്ള 4 ബസുകൾ മാത്രമാണുള്ളത്. 21 ബസുകൾ പുതുതായി അനുവദിച്ചവയാണ്. പഴയ ബസുകൾ സ്ക്രാപ്പ് ചെയ്യുന്ന മുറയ്ക്ക് സ്പെയർ ബസുൾപ്പെടെ പുതിയവ അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

(സി) ഉണ്ട്. 9 ഡ്രൈവർമാരുടെയും 12 കണ്ടക്ടർമാരുടെയും കുറവ് നിലവിലുണ്ട്. ഡ്രൈവർമാരുടെ കുറവ് പരിഹരിക്കാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എസ്.സി. വഴിയുള്ള കണ്ടക്ടർ നിയമനം പുരോഗമിക്കുകയാണ്. പി.എസ്.സി. ലിസ്റ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് മാള ഡിപ്പോയിലേക്ക് ആവശ്യമായ കണ്ടക്ടർമാരെ നൽകുന്നതാണ്.

വടകര കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ

179 (776) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകരയിലെ കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റിംഗ് സെന്ററിന്റെ ഇന്നത്തെ അവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ ബസ്സുകൾ വടകരയിലേക്ക് അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ സാമ്പത്തിക വർഷം കാലാവധി കഴിഞ്ഞ എത്ര ബസ്സുകൾ ഒഴിവാക്കിയെന്നും അവയ്ക്ക് പകരം എത്ര ബസ്സുകൾ അനുവദിച്ചുവെന്നും വെളിപ്പെടുത്തുമോ ;

373/14

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓപ്പറേറ്റിംഗ് സെന്ററിന്റെ വികസനത്തിന് മുനിസിപ്പാലിറ്റി സൗജന്യമായി നൽകിയ ഒരേക്കർ ഭൂമിയിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വടകര കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിംഗ് സെന്റർ ഇപ്പോൾ മുനിസിപ്പൽ ബസ് സ്റ്റാൻഡിലാണ് പ്രവർത്തിച്ചുവരുന്നത്. ഓപ്പറേറ്റിംഗ് സെന്ററിനുവേണ്ടി വടകര മുനിസിപ്പാലിറ്റി കൈമാറിയ ഒരേക്കർ സ്ഥലം 4-9-2010-ൽ കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടറുടെ പേരിൽ നികുതി അടച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയാൽ മാത്രമേ ഓപ്പറേറ്റിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുകയുള്ളൂ. 16 ഷെഡ്യൂളുകൾ നടത്തുന്നതിനായി 18 ബസുകളനുവദിച്ചിട്ടുണ്ട്. 13 വർഷത്തിൽ കൂടുതൽ ആയുർദൈർഘ്യമുള്ള ബസുകൾ പിൻവലിക്കുകയും പുതിയ ബസുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത വർഷത്തെ പ്ലാൻ ഫണ്ട് ലഭിക്കുന്ന പ്രകാരം ആവശ്യമുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതാണ്.

(ബി) 9 പുതിയ ബസ്സുകൾ അനുവദിച്ചു.

(സി) ഈ സാമ്പത്തിക വർഷത്തിൽ 2 ബസുകൾ സ്ക്രാപ്പ് ചെയ്തു. പകരം 2 പുതിയ ബസുകൾ അനുവദിച്ചു.

(ഡി) ഇപ്പോൾ ഒന്നും നടത്തിയിട്ടില്ല.

പള്ളുരുത്തി നിയോജകമണ്ഡലത്തിലെ ബസ് സർവ്വീസ്

180 (777) ശ്രീ. സി. എം. ദിനേശ്മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളുരുത്തി നിയോജകമണ്ഡലത്തിലെ ചേപ്പനം ചാത്തമ ഭാഗത്ത് നിന്ന് എറണാകുളത്തേക്ക് കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) തോപ്പുംപടി-ചോറ്റാനിക്കര റൂട്ടിൽ സർവ്വീസ് നടത്തുന്ന തിരുകൊച്ചി ബസ് പെരുമ്പടപ്പിലേക്ക് നീട്ടണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ സർവ്വീസ് നീട്ടുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) പള്ളുരുത്തി നിയോജകമണ്ഡലത്തിലെ ചേപ്പനം-ചാത്തമ ഭാഗത്തുനിന്നും എറണാകുളത്തേക്ക് സർവ്വീസ് വേണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് കാരണമാണ് ടി സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയാതിരിക്കുന്നത്. ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് ടി ആവശ്യം പരിശോധിക്കുന്നതാണ്.

(ബി) ഉണ്ട്. ടി സർവ്വീസ് പെരുമ്പടപ്പിലേക്ക് നീട്ടുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

വയനാട് ജില്ലയിലെ ഗതാഗത സൗകര്യ വികസനം

181 (778) ശ്രീ. എം. വി. ശ്രേയാംസ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർ സംസ്ഥാന ഗതാഗത കരാറിന്റെ ഭാഗമായി വയനാട് ജില്ലയുമായി ബന്ധിപ്പിച്ച് കഴിഞ്ഞ നാലുവർഷങ്ങളിൽ ആരംഭിച്ച ബസ് സർവ്വീസുകളുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ നാല് വർഷങ്ങളിൽ വയനാട് ജില്ലയിൽ ഓരോ ഡിപ്പോയിൽ നിന്നും ആരംഭിച്ച കെ. എസ്. ആർ. ടി. സി സർവ്വീസുകളുടെ വിശദാംശം വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ നാല് വർഷങ്ങളിൽ വയനാട് ജില്ലയിൽ ഓരോ ഡിപ്പോയ്ക്കും അനുവദിച്ച ബസ്സുകളുടെ വിശദാംശം വ്യക്തമാക്കുമോ ;

ഉത്തരം

(എ) 2009 - ലെ കേരളാ കർണ്ണാടക അന്തർ സംസ്ഥാന കരാർ പ്രകാരം വയനാട് ജില്ലയിലൂടെ 15 സർവ്വീസുകൾ കർണ്ണാടകയിലേയ്ക്കും 2008 ലെ കേരള-തമിഴ്നാട്- അന്തർ സംസ്ഥാന കരാർ പ്രകാരം 10 സർവ്വീസുകൾ തമിഴ് നാട്ടിലേയ്ക്കും ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം * 1-ൽ ചേർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ അന്തർ സംസ്ഥാന കരാറുകൾ ഇരു സംസ്ഥാനങ്ങളുമായി രൂപപ്പെടുത്തിയിട്ടുണ്ട്.

(ബി) ഡിപ്പോ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-2-ൽ ചേർക്കുന്നു.*

(സി)

കൽപ്പറ്റ	28
മാനന്തവാടി	34
സുൽത്താൻബത്തേരി	37
ആകെ	99

ആറ്റിങ്ങൽ ഡിപ്പോയിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

182 (779) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ ട്രാൻസ്പോർട്ട് ഡിപ്പോയിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിനുള്ള എന്തെല്ലാം നടപടികൾ ഇതുവരെ ആയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ നിർമ്മാണം എത്ര നാൾക്കകം ആരംഭിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ;

ഉത്തരം

(എ) ആറ്റിങ്ങൽ ട്രാൻസ്പോർട്ട് ഡിപ്പോയിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് ഒന്നാം ഘട്ടമായി ചെയ്യാൻ ഉദ്ദേശിക്കുന്ന 30 എണ്ണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) രൂപരേഖ തയ്യാറാക്കുന്നതിനായി തെരഞ്ഞെടുത്ത ആർക്കിടെക്ടുകളിൽ നിന്നും മത്സര സ്വഭാവത്തിലുള്ള ഡിസൈനുകൾ ക്ഷണിച്ചിരുന്നു. എന്നാൽ അവസാന രൂപരേഖ തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.

(സി) രൂപരേഖ അംഗീകരിച്ച് നൽകുന്നതിനനുസരിച്ചു മാത്രമേ ആറ്റിങ്ങൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

കെ.എസ്.ആർ.ടി.സി. ഓൺലൈൻ റിസർവേഷൻ സൗകര്യം

183 (780) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി-യിൽ ഓൺലൈൻ റിസർവേഷൻ സൗകര്യം നിലവിലുണ്ടോ ;

(ബി) എങ്കിൽ എത്ര ഷെഡ്യൂളുകൾക്ക് പ്രസ്തുത സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഓൺലൈൻ റിസർവേഷൻ സൗകര്യം നിലവിലുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ 18-12-2008-ൽ കോഴിക്കോട് ഡിപ്പോയിൽ നടപ്പിലാക്കിയ പ്രസ്തുത സംവിധാനം 18-11-2009-ൽ പൊതുജനങ്ങൾക്ക് നേരിട്ട് ബുക്ക് ചെയ്യാവുന്ന രീതിയിൽ നിലവിൽവന്നു.

(ബി) 214 ഷെഡ്യൂളുകൾക്ക് നിലവിൽ ഓൺലൈൻ റിസർവേഷൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

കണ്ണൂർ-കാട്ടാമ്പള്ളി-മയ്യിൽ റൂട്ടിലെ രാത്രികാല യാത്രാ ദുരിതം

184 (781) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ-കാട്ടാമ്പള്ളി-മയ്യിൽ റൂട്ടിലെ രാത്രികാല യാത്രാ ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ മേഖലയിലെ രൂക്ഷമായ യാത്രാദുരിതം പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു ;

(സി) ആദ്യത്തെയും അവസാനത്തെയും ട്രിപ്പ് കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നിന്ന് പുറപ്പെടുന്ന വിധത്തിൽ ക്രമീകരിച്ച് ഒരു കെ. എസ്. ആർ. ടി. സി. ബസ് അടിയന്തരമായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) കണ്ണൂർ-കാട്ടാമ്പള്ളി റൂട്ടിലെ രാത്രികാല യാത്രാദുരിതം സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ട്. ഇപ്പോൾ കണ്ണൂരിൽ നിന്നും മയ്യിലിലേക്ക് രാത്രി 8.50 ന് ഒരു സ്റ്റേ സർവ്വീസ് കൃത്യമായി ഓടിക്കുന്നുണ്ട്. വീണ്ടുമൊരു സർവ്വീസ് രാത്രിയിൽ ആരംഭിച്ചാൽ ലാഭകരമായി നടത്താൻ കഴിയില്ല.

(ബി) 7-11-2010 മുതൽ കണ്ണൂരിൽ നിന്നും മയ്യിലിലേക്കും തിരിച്ചും കെ.എസ്.ആർ.ടി.സി 3 ട്രിപ്പുകൾ വീതം പുതിയതായി ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ ഒരു സ്വകാര്യ ബസിന് പെർമിറ്റ് നൽകിയിട്ടുമുണ്ട്.

(സി) ബസിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

കോഴിക്കോട് ജില്ലയിലെ ബസ് സർവ്വീസുകൾ

185 (782) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ കെ. എസ്. ആർ. ടി. സി. എത്ര പുതിയ ബസ് സർവ്വീസുകൾ ആരംഭിച്ചു ; അവ ഏതെല്ലാം ; ഇവയുടെ മണ്ഡലാടിസ്ഥാനത്തിലെ കണക്കുകൾ നൽകുമോ ;

(ബി) പ്രസ്തുത കാലയളവിൽ കോഴിക്കോട് ജില്ലയിൽ എത്ര പുതിയ ബസ്സുകൾ അനുവദിച്ചു ; ഇവയുടെ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ എത്ര സർവ്വീസുകൾ നിറുത്തലാക്കിയിട്ടുണ്ട് ; അവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കോഴിക്കോട് ജില്ലയിലെ കുറുമ്പോയിൽ എന്ന സ്ഥലത്തുനിന്നും കോഴിക്കോട്ടേക്ക് ലാഭകരമായി പ്രവർത്തിച്ചിരുന്ന സർവ്വീസ് എന്ന് മുതലാണ് നിർത്തലാക്കിയത് ; അതിന് കാരണമെന്താണ് ; ഈ സർവ്വീസ് പുനരാരംഭിക്കാതിരിക്കുന്നതിന് കാരണമെന്താണ് ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 50 പുതിയ സർവ്വീസുകൾ ആരംഭിച്ചു. സർവ്വീസുകളുടെ വിവരവും മണ്ഡലം തിരിച്ചുള്ള കണക്കും അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ 100 പുതിയ ബസുകൾ അനുവദിച്ചു.

ഡിപ്പോ തിരിച്ചുള്ള കണക്ക് താഴെ കാണിക്കുന്നു.

കോഴിക്കോട്	54
താമരശ്ശേരി	19
തൊട്ടിൽപ്പാലം	18
വടകര	9
ആകെ	100

(സി) 11 സർവ്വീസുകൾ./നിർത്തലാക്കിയ സർവ്വീസുകൾ

1. 6.20	കോഴിക്കോട്	-	പായിമ്പ്ര
2. 6.05	കോഴിക്കോട്	-	പെരുമണ്ണ
3. 3.7.00	കോഴിക്കോട്	-	രാമനാട്ടുകര
4. 6.25	കോഴിക്കോട്	-	രാമനാട്ടുകര
5. 7.00	കോഴിക്കോട്	-	മാവൂർ -മുക്കം
6. 12.30	കോഴിക്കോട്	-	ബാലുശ്ശേരി
7. 6.00	കോഴിക്കോട്	-	കുരാച്ചുണ്ട്
8. 6.40	കോഴിക്കോട്	-	മേപ്പയൂർ
9. 6.20	കോഴിക്കോട്	-	തൃശ്ശൂർ
10. 15.00	തൊട്ടിൽപ്പാലം	-	കോഴിക്കോട് -എയർപോർട്ട്
11. 6.30	തൊട്ടിൽപ്പാലം	-	തെക്കേടത്തു കടവ് -പേരാമ്പ്ര

(ഡി) കുറുമ്പൊയിൽ സർവ്വീസ് 2002 മുതലാണ് നിർത്തലാക്കിയത്. പിന്നീട് രാവിലെ 11.00 മണി കോഴിക്കോട്-മണിച്ചേരി ആയും 12.30 കോഴിക്കോട്-ബാലുശ്ശേരി ആയും ക്രമീകരിച്ച് ഓടിച്ചുവെങ്കിലും, പ്രൈവറ്റ് ബസുകളുടെ കടന്നുകയറ്റം കാരണം വരുമാനം കുറഞ്ഞതുകൊണ്ടും, ബസുകളുടെ കുറവ് കാരണവും കൃത്യമായി ഓടിക്കാൻ കഴിയാത്തതു കൊണ്ടും വീണ്ടും നിർത്തി വയ്ക്കുകയാണുണ്ടായത്. ലാഭകരമായി നടത്തുവാൻ കഴിയാത്തതിനാൽ ടി സർവ്വീസ് പുനരാരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കായംകുളം-പത്തനംതിട്ട കെ.എസ്.ആർ.ടി.സി ബസ് സർവ്വീസ്

186 (783) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളത്തുനിന്നും പത്തനംതിട്ടയിലേക്ക് കെ. എസ്. ആർ. ടി. സി. ബസ്സുകൾ സർവ്വീസ് നടത്തുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കായംകുളം-ചാരുംമൂട്-പടനിലം-പന്തളം-പത്തനംതിട്ട റൂട്ടിൽ കെ. എസ്. ആർ. ടി. സി. വേണാട് ലിമിറ്റഡ് സ്റ്റോപ്പ് ചെയിൻ സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്നും എന്നുമുതൽ സർവ്വീസ് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വകാര്യ ബസുകൾ മാത്രം സർവ്വീസ് നടത്തുന്ന റൂട്ടാണിത്. ഒറ്റപ്പെട്ട സർവ്വീസുകൾ ആരംഭിച്ചാൽ ആയത് കെ.എസ്.ആർ.ടി.സി.ക്ക് ലാഭകരമായി നടത്തുവാൻ കഴിയുകയില്ല. ചെയിൻ സർവ്വീസുകൾ ആരംഭിച്ചാൽ ലാഭകരമായി നടത്തുവാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചിട്ടില്ല. ബസിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ ചെയിൻ സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

പുതിയ ബസ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച്

187 (784) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ സർവ്വീസ് നടത്തുന്നതിന് ആറ്റിങ്ങൽ ഡിപ്പോയിലേക്ക് എത്ര പുതിയ ബസ്സുകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ ബസ്സുകൾ അനുവദിക്കുന്നതിനുള്ള നടപടി പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വെളിപ്പെടുത്തുമോ ;

(സി) പുതിയ ബസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഡിപ്പോയിൽ നിന്നും എന്തെങ്കിലും നിർദ്ദേശം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 40 പുതിയ ബസുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള ഷെഡ്യൂളുകൾ നടത്തുന്നതിന് 9 സ്പെയർ ബസുൾപ്പെടെ മതിയായ ബസ്സുകൾ ആറ്റിങ്ങിൽ ഡിപ്പോയിലുണ്ട്. ബസ്സുകൾ സ്ക്രാപ്പ് ചെയ്യുന്ന മുറയ്ക്ക് പുതിയ ബസുകൾ അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിലുള്ള ഷെഡ്യൂളുകളും പുതിയ ഷെഡ്യൂളുകളും നടത്തുന്നതിനാവശ്യമായ ബസുകളനുവദിക്കണമെന്ന ആവശ്യം മറ്റു ഡിപ്പോകളിൽ നിന്നുമെന്നപോലെ ആറ്റിങ്ങൽ ഡിപ്പോയിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. നിലവിൽ ബസുകൾ ലഭ്യമല്ലാത്തതിനാൽ, അവ പണിത് ലഭിക്കുന്ന മുറയ്ക്ക് ഇത്തരത്തിലുള്ള ആവശ്യങ്ങൾ പരിഗണിക്കുന്നതാണ്.

ഇന്റർസെപ്റ്റർ സംവിധാനത്തിന്റെ പുരോഗതി

188 (785) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വാഹനങ്ങളുടെ വേഗത നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ ;

(ബി) വാഹനങ്ങളുടെ വേഗത നിയന്ത്രിക്കാൻ വേണ്ടി നടപ്പിലാക്കിയ ഇന്റർസെപ്റ്റർ സംവിധാനത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ ;

(സി) ഇന്റർസെപ്റ്റർ സംവിധാനത്തിനായി സംസ്ഥാനത്ത് എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ട് ; ഇതിൽ ഓരോ വാഹനത്തിന്റേയും വിലയെത്രയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നിലവിൽ സംസ്ഥാനത്ത് എത്ര ഇന്റർസെപ്റ്റർ വാഹനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ചും വകുപ്പിന്റെ മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ വഴിയും വാഹനങ്ങൾ അനുവദനീയമായ വേഗതയിൽ തന്നെയാണോ ഓടുന്നത് എന്ന് ഉറപ്പ് വരുത്താറുണ്ട്.

(ബി) 2009-ൽ 10457 നിയമലംഘനങ്ങൾ കണ്ടെത്തുകയും, 98,08,200 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. 2010 നവംബർ മാസംവരെ 12048 നിയമലംഘനങ്ങൾ കണ്ടെത്തുകയും 1,41,12,345 രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) 3 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. ഒരു വാഹനത്തിന്റെ വില 22.2 ലക്ഷം രൂപ.

(ഡി) നിലവിൽ സംസ്ഥാനത്ത് നാല് ഇന്റർസെപ്റ്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഒരെണ്ണം കേന്ദ്ര ഗവൺമെന്റിൽ നിന്നും സൗജന്യമായി ലഭിച്ചതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഡ്രൈവിംഗ് ലൈസൻസ് ലഭ്യമാക്കുന്നതിനുവേണ്ട രേഖകൾ

189 (786) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡ്രൈവിംഗ് ലൈസൻസിന് അപേക്ഷിക്കുന്നവർക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ എന്തെല്ലാമെന്നും അതിനായി ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമെന്നതും സംബന്ധിച്ച് വിശദവിവരം നൽകുമോ ;

(ബി) മേൽവിലാസത്തിന് തെളിവായി ഹാജരാക്കാൻ നിർദ്ദേശിക്കപ്പെട്ട രേഖകൾ എന്തെല്ലാമാണ് ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് മേൽവിലാസത്തിന്റെ തെളിവായി സ്വീകരിക്കരുതെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ ;

(ഡി) വാടകക്കെട്ടിടത്തിൽ താമസിക്കുന്ന പാസ്പോർട്ടോ, പാൻകാർഡോ ഇല്ലാത്ത സാധാരണക്കാരന് ഡ്രൈവിംഗ് ലൈസൻസ് എടുക്കാൻ ചെലവേറിയ രേഖകൾ ഹാജരാക്കണമെന്ന നിബന്ധന അനീതിയാണെന്ന വസ്തുത പരിഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനം നൽകുന്ന റസിഡൻസി സർട്ടിഫിക്കറ്റ് മേൽവിലാസത്തെളിവായി സ്വീകരിക്കാൻ ആർ. ടി. ഒ.-മാർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) പൊതുസ്ഥലത്ത് മോട്ടോർ വാഹനം ഓടിക്കുന്നതിന് 18 വയസ്സ് പൂർത്തിയായിരിക്കണം. 50 സി.സി യിൽ താഴെ എൻജിൻ കപ്പാസിറ്റിയുള്ള ഗിയർ ഇല്ലാത്ത മോട്ടോർ സൈക്കിൾ 16 വയസ്സ് പൂർത്തിയായവർക്ക് ഓടിക്കാം. മതിയായ കാഴ്ച ശക്തിയും ശാരീരിക ക്ഷമതയും ഉണ്ടായിരിക്കണം. ഡ്രൈവിംഗ് ലൈസൻസിന് അപേക്ഷിക്കുന്നവർക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതയെക്കുറിച്ച് നിലവിലുള്ള മോട്ടോർ വാഹന നിയമങ്ങളും, ചട്ടങ്ങളും പ്രത്യേകം പ്രതിപാദിക്കുന്നില്ല. എന്നാൽ 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 8 പ്രകാരം ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് ലഭിക്കുന്നതിന് അതായത് ബാഡ്ജ് ലഭിക്കുന്നതിന് 8-ാം ക്ലാസ്സ് പാസ്സായിരിക്കണം എന്ന് നിർബന്ധമാണ്. മാത്രമല്ല കേന്ദ്രമോട്ടോർ വാഹന ചട്ടം 9 പ്രകാരം മനുഷ്യ ജീവന് അപകടം ഉണ്ടാക്കുന്ന വസ്തുക്കൾ വഹിച്ചുകൊണ്ടു പോകുന്ന വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് ട്രാൻസ്പോർട്ട് വാഹനങ്ങൾ ഓടിക്കുന്നതിനുള്ള ലൈസൻസിന് പുറമെ ഇന്ത്യൻ ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കുന്ന ഏതെങ്കിലും ഭാഷയും ഇംഗ്ലീഷും എഴുതുവാനും വായിക്കുവാനും ഉള്ള പ്രാവീണ്യവും, 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 9-ൽ പ്രതിപാദിച്ചിരിക്കുന്ന സിലബസിലുള്ള കോഴ്സ് വിജയിച്ചതിന്റെ സർട്ടിഫിക്കറ്റും അത്യന്താപേക്ഷിതമാണ്. പ്രസ്തുത കോഴ്സിന്റെ കാലാവധി 3 ദിവസമാണ്.

LIBRARY ARCHIVES Kerala Legislative Assembly

1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 14 പ്രകാരം ഡ്രൈവിംഗ് ലൈസൻസിനായി താഴെ പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്:

(1) ഡ്രൈവിംഗ് ലൈസൻസിനായി ഫോാം 4-ൽ ഉള്ള അപേക്ഷ. ഇതിനോടൊപ്പം താഴെ പറയുന്ന രേഖകളും ഹാജരാക്കേണ്ടതാണ്.

(എ) 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 10 പ്രകാരമുള്ള വാലിഡിറ്റിയുള്ള ലേണേഴ്സ് ലൈസൻസ്.

(ബി) 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 32 പ്രകാരമുള്ള കോംപിറ്റൻസി ടെസ്റ്റിനും, ലൈസൻസ് നൽകുന്നതിനും വേണ്ട ഫീസ്.

(സി) അപേക്ഷകന്റെ അടുത്ത കാലത്തുള്ള പാസ്പോർട്ട് സൈസ് ഫോട്ടോ. (3 കോപ്പി)

(ഡി) ട്രാൻസ്പോർട്ട് വാഹനങ്ങൾ ഓടിക്കുവാൻ ഫോാം 1 എ-യിൽ ഉള്ള മെഡിക്കൽ സർട്ടിഫിക്കറ്റും ഫോാം 1-ലുള്ള സത്യവാങ്മൂലവും നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഫോാം 1-ലുള്ള സത്യവാങ്മൂലം.

(ഇ) അപേക്ഷകന് ഡ്രൈവിംഗുമായി ബന്ധപ്പെട്ടു പരിശീലനം നൽകിയ ഡ്രൈവിംഗ് സ്കൂളിന്റെ അല്ലെങ്കിൽ സ്ഥാപനത്തിന്റെ ഫോാം 5-ലുള്ള ഡ്രൈവിംഗ് സർട്ടിഫിക്കറ്റ്.

(എഫ്) അപേക്ഷകന്റെ വാസസ്ഥലം തെളിയിക്കുന്നതിനുള്ള രേഖ.

(ജി) വയസ് തെളിയിക്കുന്നതിനുള്ള രേഖ.

(ബി) 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 4 പ്രകാരംതാഴെപ്പറയുന്ന രേഖകൾ മേൽവിലാസത്തിനായി ഹാജരാക്കാവുന്നതാണ്.

(എ) ഇലക്ട്രൽ റോൾ.

(ബി) ലൈഫ് ഇൻഷ്വറൻസ് പോളിസി.

(സി) പാസ്സ്പോർട്ട്.

(ഡി) കേന്ദ്ര ഗവൺമെന്റോ, സംസ്ഥാന ഗവൺമെന്റോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ നൽകുന്ന പേ സ്ലിപ്.

(ഇ) സ്കൂൾ സർട്ടിഫിക്കറ്റ്.

(എഫ്) ജനന സർട്ടിഫിക്കറ്റ്.

(ജി) വിദേശികളുടെ കാര്യത്തിൽ ഇന്ത്യയിൽ താമസിക്കുന്നു എന്നതും നിയമപരമായ സാന്നിദ്ധ്യവും തെളിയിക്കുന്ന രേഖകൾ.

LIBRARY ARCHIVES Kerala Legislative Assembly

മേൽപ്പറഞ്ഞ രേഖകൾ ഒന്നും മതിയായ കാരണത്താൽ ഹാജരാക്കാൻ അപേക്ഷകന് കഴിയുന്നില്ലായെങ്കിൽ മേൽ വിലാസത്തിനും, വയസ്സിനുമുള്ള തെളിവായി എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്, ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, നോട്ടറി പബ്ലിക് എന്നിവരിൽ ആരുടെ എങ്കിലും സാന്നിധ്യത്തിൽ ഉള്ള അപേക്ഷകന്റെ സത്യവാങ്മൂലവും തെളിവായി സ്വീകരിക്കാവുന്നതാണ്.

(സി) 1989-ലെ കേന്ദ്ര വാഹനചട്ടത്തിലെ ചട്ടം 4 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള പേ സ്ലിപ്പ് ഒഴികെ മറ്റ് സർട്ടിഫിക്കറ്റുകൾ മേൽവിലാസത്തിന്റെ തെളിവായി ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 27 (ബി) പ്രകാരം ലേണേഴ്സ് ലൈസൻസുമായി ബന്ധപ്പെട്ട രേഖകൾ സംബന്ധിച്ച് തീരുമാനം എടുത്തിരിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. സംസ്ഥാന സർക്കാരിന് മേൽവിലാസത്തിനായുള്ള രേഖകൾ നിർദ്ദേശിക്കുന്നതിന് അധികാരം ഉണ്ടെങ്കിലും തല്ക്കാലം അത്തരം നിർദ്ദേശങ്ങൾ പരിഗണനയിലില്ല.

വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് നടത്തുന്ന ബോട്ട് സർവ്വീസ്

190 (787) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ് എത്ര ബോട്ടുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട് ; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ ;

(ബി) അതിൽ എത്ര ബോട്ടുകൾ പ്രവർത്തിപ്പിക്കാൻ കഴിയാതെ കരയ്ക്ക് കയറ്റി വച്ചിട്ടുണ്ട് ; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ ;

(സി) ഏറെ ജനത്തിരക്കുള്ള എറണാകുളം നഗരത്തിൽ തേവരയിൽ നിന്നും കാക്കനാട്ടേക്ക് വാട്ടർ സർവ്വീസ് തുടങ്ങുന്നതിനുവേണ്ടി വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജലഗതാഗത വകുപ്പ് ഇപ്പോൾ 48 ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

എറണാകുളം	-	8
ആലപ്പുഴ	-	27
കോട്ടയം	-	7
കൊല്ലം	-	4
കാസർകോട്	-	2

LIBRARY ARCHIVES Kerala Legislative Assembly

(ബി) വകുപ്പിന് ഒരു വർക്ക്ഷോപ്പ് ബോട്ട്, ഒരു പൈലറ്റ് ബോട്ട്, ഒരു സ്പീഡ് ബോട്ട് എന്നിവ ഉൾപ്പെടെ 87 ബോട്ടുകളാണുള്ളത്. അതിൽ 6 ബോട്ടുകൾ ലേലത്തിനായി മാറ്റിയിട്ടിരിക്കുന്നു. ബാക്കിയുള്ള 81 ബോട്ടിൽ 3 എണ്ണമൊഴികെ 78 ബോട്ടുകളിൽ 48 ബോട്ടുകൾ സർവ്വീസ് നടത്തുന്നു. കരയ്ക്ക് കയറ്റിവെച്ചിരിക്കുന്നതും റിപ്പയറിനായി കാത്തുകിടക്കുന്നവയുമായ ബോട്ടുകളുടെ വിവരം താഴെ കൊടുക്കുന്നു :

ജില്ല	കരയ്ക്ക് കയറ്റിവെച്ച ബോട്ടുകളുടെ വിവരം	റിപ്പയറിനായി കാത്തു കിടക്കുന്ന ബോട്ടുകളുടെ വിവരം
ആലപ്പുഴ	5	13
കണ്ണൂർ	3	1
എറണാകുളം	2	5
കൊല്ലം	...	1
	10	20

(സി) തേവരയിൽ നിന്നും ചമ്പക്കര കനാലിൽകൂടി കാക്കനാട്ടേക്ക് സർവ്വീസ് നടത്തുന്നതിനുള്ള സാധ്യതാ പഠനത്തിനായി എറണാകുളം ട്രാഫിക് സൂപ്രണ്ടിനെ സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ ചുമതലപ്പെടുത്തിയതനുസരിച്ച് ടിയാൻ നൽകിയ റിപ്പോർട്ടിൽ എൻ.എച്ച്. ബൈപ്പാസിലെ മരടു പാലത്തിന്റെ വടക്കുഭാഗത്തുനിന്നും (തൈക്കൂട്ടം ജെട്ടി) യാത്രക്കാരെ കിട്ടുവാൻ സാദ്ധ്യത വളരെയേറെയാണെന്നും ആലപ്പുഴ അരൂർ ഭാഗത്തുനിന്നും എറണാകുളം കളക്ടറേറ്റിലേക്ക് പോകുന്ന യാത്രക്കാർക്ക് വൈറ്റിലയിലെ ഗതാഗത കുരുക്കിൽപ്പെടാതെ വളരെ കുറഞ്ഞ സമയംകൊണ്ട് കാക്കനാട് എത്തിച്ചേരുവാൻ ടി ഫെറി സർവ്വീസ് ഉപയോഗപ്പെടുമെന്നും മനസ്സിലായിട്ടുണ്ട്. കൂടാതെ വൈക്കം, തൃപ്പൂണിത്തുറ മേഖലയിൽ നിന്നും വരുന്ന യാത്രക്കാർക്കും ഗതാഗതകുരുക്കിൽപ്പെടാതെ കുറഞ്ഞ സമയത്തിനുള്ളിൽ കാക്കനാട് എത്തുവാൻ സാധിക്കും. വൈറ്റിലയിൽ നിന്നും കാക്കനാട്ടേക്ക് എത്തുവാൻ ബസ്സ് മാർഗ്ഗം ഒരുമണിക്കൂറിൽ കൂടുതൽ എടുക്കും. എന്നാൽ തൈക്കൂട്ടത്തുനിന്നും 35 മിനിട്ടും, ചമ്പക്കരയിൽ നിന്നും 30 മിനിട്ടും മാത്രമേ ബോട്ടുസർവ്വീസിനു വേണ്ടിവരികയുള്ളു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 10-12-2010-ൽ ഗതാഗതവകുപ്പുമന്ത്രി, എറണാകുളം എം.എൽ.എ ഡൊമിനിക് പ്രസന്റേഷൻ എറണാകുളം ജില്ലാ കളക്ടർ, എന്നിവരുടെ നേതൃത്വത്തിൽ ടി റൂട്ട് പരിശോധിക്കുകയുണ്ടായി. ടി റൂട്ടിലുള്ള ബോട്ട് സർവ്വീസ് പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാണെന്ന് കണ്ടതിനാൽ ടി സർവ്വീസ് ഉൾപ്പെടെ എറണാകുളം മേഖലയിലെ സർവ്വീസ് വികസനത്തിനായി പുതിയ ബോട്ടുകൾ വാങ്ങുന്നതിന് 2.5 കോടി രൂപ 2011-12 വർഷത്തേക്ക് ബജറ്റ് വിഹിതമായി പ്ലാൻ സ്കീമിൽ അധികമായി അനുവദിക്കുന്നതിന് പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജലഗതാഗത വകുപ്പിൽ ഒഴിവുള്ള തസ്തികകൾ

191 (788) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പിൽ നിലവിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത വകുപ്പിന്റെ സുഗമമായ നടത്തിപ്പിന് ഒഴിവുള്ള തസ്തികകൾ പി. എസ്. സി-ക്ക് സമയബന്ധിതമായി റിപ്പോർട്ടു ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജലഗതാഗത വകുപ്പിൽ താഴെപ്പറയുന്ന തസ്തികകളാണ് നിലവിൽ ഒഴിഞ്ഞു കിടക്കുന്നത്.

	തസ്തിക	എണ്ണം
1.	മെക്കാനിക്കൽ എഞ്ചിനീയർ	1
2.	അസിസ്റ്റന്റ് വർക്സ് മാനേജർ	1
3.	എൽ.ഡി ക്ലാർക്ക്	1
4.	കാർ ഡ്രൈവർ	2
5.	ശിപായി/വാച്ച്മാൻ	3
6.	ബോട്ട് സ്രാങ്ക്	75
7.	ബോട്ട് മാസ്റ്റർ	7
8.	കാർപ്പന്റർ	6
9.	ബ്ലാക് സ്മിത്ത്	2
10.	ടൈംകീപ്പർ	1
11.	ബാറ്ററി ചാർജ്ജർ	1
12.	മെഷിനിസ്റ്റ്	1
13.	കോൾക്കർ	4
14.	അപ്ഹോൾസ്റ്റർ	1
15.	അസിസ്റ്റന്റ് സ്റ്റോർ കീപ്പർ	1
16.	ബോട്ട് ലാസ്കർ	11
17.	ഇലക്ട്രീഷ്യൻ	3

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുകളിൽ (എ) യിലെ ക്രമനമ്പർ 3 മുതലുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ക്രമ നമ്പർ 1, 2 എന്നിവ നികത്തുന്ന കാര്യം പരിശോധിച്ചുവരികയാണ്.

വകുപ്പിലെ വർക്സ് മാനേജർ തസ്തികയിൽ വകുപ്പിലെ ഫോർമാനെ താൽക്കാലികമായി സ്ഥാനക്കയറ്റം വഴി നിയമിച്ചിട്ടുണ്ട്. ടി ഫോർമാന് മെക്കാനിക്കൽ എൻജിനീയറുടെ ചുമതല കൂടി നൽകിയിരിക്കുകയാണ്.

റോഡുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കാനായി അനുവദിച്ച തുക

192 (789) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ റോഡുകളുടെ ഗുണ നിലവാരം വർദ്ധിപ്പിക്കാനായി കേന്ദ്ര സർക്കാർ എത്ര കോടി രൂപയുടെ പദ്ധതിക്കാണ് അനുമതി നൽകിയിരുന്നത് ;

(ബി) ഇതിനായി ഇതുവരെ എന്തു തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ വർഷം ഇത്തരത്തിൽ അനുവദിച്ച തുക ലാപ്സാകാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) സംസ്ഥാനത്തെ റോഡുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാർ ഈ വർഷം കേന്ദ്ര റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി 30.45 കോടി രൂപയുടെയും, IRQP-യിൽ ഉൾപ്പെടുത്തി 126.70 കോടി രൂപയുടെയും പദ്ധതികൾക്ക് അനുമതി നല്കിയിട്ടുണ്ട്.

(ബി) ഈ പദ്ധതികൾ പ്രാരംഭഘട്ടത്തിലാണ് ;

(സി) തുക ലാപ്സാകാൻ സാധ്യതയില്ല.

സംസ്ഥാന പാതകൾ ദേശീയപാതകളാക്കുന്ന നടപടി

193 (790) ശ്രീമതി പി. അയിഷാപോറ്റി :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനപാതകൾ ദേശീയപാതകളാക്കുന്നതിനായി കേന്ദ്രസർക്കാരിന്, നിവേദനം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം സംസ്ഥാന പാതകളാണ് ദേശീയപാതകളാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത് ;

(സി) ഈ പാതകൾ ഓരോന്നിന്റേയും വിശദാംശം നൽകുമോ ;

(ഡി) പുതിയ ദേശീയ പാതകൾ എത്ര മീറ്റർ വീതിയിൽ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) സംസ്ഥാനത്ത് പുതിയ ദേശീയ പാതകൾ നിർമ്മിക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ നിലപാട് എന്താണ് ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി)

1. തിരുവനന്തപുരം- നെടുമങ്ങാട് - ചുള്ളിമാനൂർ- മടത്തറ - കുളത്തൂപ്പുഴ - തെന്മല - പുനലൂർ - പത്തനാപുരം -റാന്നി - പ്ലാച്ചേരി - മണിമല - പൊൻകുന്നം - പാലാ -തൊടുപുഴ - മൂവാറ്റുപുഴ (246 കി.മീ)

2. ചാലക്കുടി-അതിരപ്പിള്ളി-വാഴച്ചാൽ - പെരിങ്ങൽകുത്ത്- പൊള്ളാച്ചി (70 കി.മീ)

3. കൊടുങ്ങല്ലൂർ - ഇരിങ്ങാലക്കുട - തൃശൂർ - വടക്കാഞ്ചേരി- ചെറുതുരുത്തി- ഷൊർണൂർ - പട്ടാമ്പി - പെരിന്തൽമണ്ണ - മേലാറ്റൂർ- പട്ടിക്കാട് - പാണ്ടിക്കാട് - വണ്ടൂർ - വടപുരം - കാളികാവ് - നിലമ്പൂർ- ഗൂഡല്ലൂർ (181 കി.മീ)

4. കോഴിക്കോട് - ചെറുപ്പ്- ഊരാക്കടവ് - അരീക്കോട് - ഇടവണ്ണ- നിലമ്പൂർ - നാടുകാണി - ഗുഡല്ലൂർ - ഊട്ടി (60 കി.മീ)

5. വടകര - നാദാപുരം - കുറ്റ്യാടി - തൊട്ടിൽപാലം- വക്രംതാലം - തരുവണ - നാലാം മൈൽ - മാനന്തവാടി - കാട്ടിക്കുളം- ബാവേലി - മൈസൂർ (90 കി.മീ)

6. തലശ്ശേരി - കൂത്തുപറമ്പ് - കണ്ണവം - നെടുമ്പോയിൽ- മാനന്തവാടി - പനമരം - സുൽത്താൻബത്തേരി (124കി.മീ)

7. തലശ്ശേരി - കൂത്തുപറമ്പ് - മട്ടന്നൂർ - ഇരിട്ടി - കുട്ടപ്പുഴ- വിരാജ്പേട്ട - ഗോനികൊപ്പം - ഹുൺസൂർ - മൈസൂർ (കേരളത്തിനകത്ത് - 54 കി.മീ)

(ഡി) ദേശീയപാതയായി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡ പ്രകാരം കുറഞ്ഞപക്ഷം 30 മീറ്റർ എങ്കിലും വീതി ഉണ്ടായിരിക്കേണ്ടതാണ്.

(ഇ) വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 50,000 കി.മീ സംസ്ഥാന റോഡുകൾ ദേശീയപാതയാക്കുവാനുള്ള നിർദ്ദേശങ്ങളാണ് കേന്ദ്രമന്ത്രാലയത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ഇതിനകം ലഭിച്ചിരിക്കുന്നതെന്നും ആയത് റോഡിന്റെ അടിയന്തര സ്വഭാവം, ഫണ്ടിന്റെ ലഭ്യത മറ്റ് മാനദണ്ഡങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിലാണ് അനുവദിച്ചു നൽകുന്നതെന്നും കേരളത്തിന്റെ ആവശ്യം കൂടുതൽ ദേശീയ പാതകൾ അനുവദിക്കുന്ന സമയത്ത് മറ്റു സംസ്ഥാന സർക്കാരുകളുടെ ആവശ്യത്തിനൊപ്പം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണെന്ന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി അറിയിച്ചിരിക്കുന്നു.

വികസന പദ്ധതികളുടെ ധനകാര്യപരിശോധനാ വിഭാഗത്തിന്റെ പരിശോധന

194 (791) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. എ. ഷുക്കൂർ
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി നടത്തിവന്നിരുന്ന വികസന പദ്ധതികൾ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ കൂടുതൽ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നുവോ ;

(ബി) ഏതൊക്കെ പദ്ധതികളാണ് ഇത്തരത്തിൽ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിഗണനയ്ക്ക് അയച്ചിരുന്നത് ;

(സി) സംസ്ഥാനത്തെ റോഡ്, പാലം, എന്നിവയുടെ ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇതുമൂലം വൈകിയത് ;

(ഡി) ആകെ എത്ര കോടി രൂപയുടെ പദ്ധതികളാണ് ഇത്തരത്തിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നത് ;

(ഇ) ഇവയിൽ ഇനിയും പരിശോധന പൂർത്തിയാക്കാൻ എന്തൊക്കെ പദ്ധതികളാണുള്ളത് ?

ഉത്തരം

(എ-ഇ) പൊതുമരാമത്ത് വകുപ്പ് സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിലായി നടത്തിവരുന്ന വികസന പദ്ധതികളെക്കുറിച്ച് ധനകാര്യ പരിശോധനാ വിഭാഗത്തോട് കൂടുതൽ പരിശോധന നടത്താൻ ആവശ്യപ്പെട്ടിട്ടില്ല.

തിരക്കേറിയ വീഥികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ

195 (792) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. മുരളി :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരക്കേറിയ പൊതുവീഥികളിൽ അശാസ്ത്രീയവും നിയമവിരുദ്ധവുമായി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൊതുജനത്തിന്

LIBRARY ARCHIVES Kerala Legislative Assembly

വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതായ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതുവഴികളിൽ നിർമ്മാണ സാമഗ്രികൾ നിരത്തി സഞ്ചാര സ്വാതന്ത്ര്യം നിരോധിക്കരുതെന്ന പൊതുമരാമത്ത് വകുപ്പ് നിയമാവലിയും ഇതു സംബന്ധിച്ച കോടതി നിർദ്ദേശങ്ങളും ലംഘിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഈ വർഷം ഇത്തരത്തിൽ എത്ര സംഭവങ്ങളിൽ വകുപ്പുതല നടപടി സ്വീകരിച്ചു ; ഇതു സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) അശാസ്ത്രീയവും നിയമവിരുദ്ധവുമായ നിർമ്മാണ പ്രവർത്തനങ്ങൾ പൊതുവീഥികളിൽ അനുവദിക്കാറില്ല.

(ബി) കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് അനുസരിച്ച് ഹൈവേ അതോറിറ്റി കൂടിയായ എക്സി.എഞ്ചിനീയർമാർ കർശന നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

മേജർ ജില്ലാ റോഡുകൾ സ്റ്റേറ്റ് ഹൈവേയാക്കാനുള്ള പദ്ധതികൾ

196 (793) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മേജർ ജില്ലാ റോഡുകൾ സ്റ്റേറ്റ് ഹൈവേയാക്കാനുള്ള എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ ഏറ്റെടുത്തിട്ടുള്ളത് ;

(ബി) ദേശീയ റോഡ് ഫണ്ടിൽ നിന്നുള്ള ധനസഹായത്തിനായി ഇവയിൽ ഏതൊക്കെ റോഡുകളുടെ ലിസ്റ്റാണ് കേന്ദ്രത്തിന് സമർപ്പിച്ചിരുന്നത് ;

(സി) ഇതുവരെ ഇവയിൽ എത്ര റോഡുകളുടെ വികസനത്തിനാണ് അനുമതി ലഭിച്ചത് ;

(ഡി) ഇതിനായി ഇതുവരെ ആകെ എത്ര കോടി രൂപ കേന്ദ്ര ധനസഹായമായി ലഭിച്ചു ;

(ഇ) ഈ റോഡുകളുടെ വികസന പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഇ) ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെയും ഹൈവേ പ്രൊട്ടക്ഷൻ ആക്ടിന്റെയും മാനദണ്ഡങ്ങൾ പാലിക്കുന്ന റോഡുകളാണ് സംസ്ഥാന ഹൈവേയായി ഉയർത്തുന്നതിന് പരിഗണിക്കുന്നത്. ഇതിനായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

തലസ്ഥാന നഗര റോഡ് വികസന പരിപാടി

197 (794) ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിലെ റോഡ് വികസന പ്രവർത്തനങ്ങൾ ഇനിയും പൂർത്തിയാക്കാൻ കഴിയാത്തതിലുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(ബി) ഈ പദ്ധതിയിൻകീഴിൽ ഇനിയും ഏതൊക്കെ പണികളാണ് പൂർത്തീകരിക്കാനുള്ളത് ;

(സി) നഗരറോഡ് വികസന പരിപാടി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) തകരപ്പറമ്പ് ഫ്ളൈ ഓവറിന്റെ പണി തുടങ്ങുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണ് ;

(ഇ) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ;

ഉത്തരം

(എ) വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്ഥലമേറ്റെടുത്തു നൽകുന്നതിന് മുൻപ് 2004-ൽ കരാർ ഉറപ്പിച്ചതുമൂലം ഈ പദ്ധതി തുടക്കം മുതലേ താളം തെറ്റിയിരുന്നു. 2009-ലെ പുതുക്കിയ കരാർ പ്രകാരം പുനരാരംഭിച്ച പ്രവൃത്തി കഴിഞ്ഞ ആറുമാസമായി കേരളത്തിൽ പെയ്ത ക്രമാതീതമായ മഴമൂലം മന്ദഗതിയിലായി. കൂടാതെ ജപ്പാൻ കുടിവെള്ള പദ്ധതിക്കായി പൈപ്പ് സ്ഥാപിക്കുന്ന ജോലിയിൽ ഉണ്ടായ കാലതാമസവും ഭൂമിക്കടിയിലുള്ള മറ്റ് പൈപ്പുകളും കേബിളുകളും മാറ്റി സ്ഥാപിക്കുന്ന ജോലികളിലുണ്ടായ കാലവിളംബവും പദ്ധതിയുടെ പൂർത്തീകരണത്തിന് തടസ്സമായി. റോഡ് നിർമ്മാണ പ്രവർത്തനങ്ങളുടെ കരാർ ഏറ്റെടുത്ത ടി.ആർ.ഡി.സി.എൽ കമ്പനിയുടെ ഭാഗത്ത് ഉണ്ടായ വീഴ്ചകളും പദ്ധതി നീണ്ടു പോകുന്നതിനു കാരണമായി.

(ബി) തകരപ്പറമ്പ് ഫ്ളൈ ഓവറിന്റെ നിർമ്മാണം ഉൾപ്പെടുന്ന ചൂരക്കാട്ട് പാളയം-പാറ്റൂർ റോഡ്, പട്ടം-മെഡിക്കൽകോളേജ് ഉള്ളൂർ-കൊച്ചുള്ളൂർ റോഡ്, കവടിയാർ-പട്ടം റോഡ്, വെള്ളയമ്പലം-ശാസ്തമംഗലം

LIBRARY ARCHIVES Kerala Legislative Assembly

റോഡ്, കവടിയാർ-പേരൂർക്കട-വഴയില റോഡ്, എൽ.എം.എസ്-അട്ടക്കുളങ്ങര റോഡ്, മ്യൂസിയം-ബേക്കറി-തമ്പാനൂർ-ഓവർ ബ്രിഡ്ജ് റോഡ്, അട്ടക്കുളങ്ങര-ഈഞ്ചയ്ക്കൽ-എൻ.എച്ച്.ബൈപ്പാസ് റോഡ്, ജി.ജി. ഹോസ്പിറ്റൽ-കിംസ് എൻ.എച്ച്. ബൈപ്പാസ് റോഡ് എന്നിവയുടെ നിർമ്മാണമാണ് പൂർത്തീകരിക്കാനുള്ളത്.

(സി) രണ്ടാംഘട്ട പ്രവർത്തനങ്ങൾ 30-10-2010-നുള്ളിലും മൂന്നാംഘട്ട പ്രവർത്തനങ്ങൾ സ്ഥലം ഏറ്റെടുത്ത് നൽകിയശേഷം 24 മാസത്തിനുള്ളിലും പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.

(ഡി) തകരപ്പറമ്പ് ഫ്ളൈ ഓവർ നിർമ്മിക്കേണ്ട സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള ചില കോടതി വ്യവഹാരങ്ങൾ നിലവിലുണ്ട്. ഇതുകൂടാതെ കുടിഒഴിപ്പിക്കുന്ന കച്ചവടക്കാരെ സൗകര്യപ്രദമായ രീതിയിൽ പുനരധിവസിപ്പിക്കുന്ന കാര്യത്തിലും അന്തിമ തീരുമാനമായിട്ടില്ല. വാട്ടർ സപ്ലൈ, ഡ്രെയിനേജ് എന്നിവയുടെ പൈപ്പുകൾ ഇലക്ട്രിസിറ്റി ബോർഡ്, ടെലികോം എന്നിവയുടെ പോസ്റ്റുകൾ കേബിളുകൾ എന്നിവയും മാറ്റി സ്ഥാപിക്കേണ്ടതായുണ്ട്.

(ഇ) മുകളിൽപ്പറഞ്ഞ തടസ്സങ്ങൾ മാറിയാലുടനെ ഫ്ളൈ ഓവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കേന്ദ്ര റോഡ് ഫണ്ടിൽനിന്നും അനുവദിച്ച തുക

198 (795) ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുകൾ, പാലങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കുമായി കേന്ദ്രറോഡ് ഫണ്ടിൽനിന്നും ഈ വർഷം എത്ര കോടി രൂപ അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം റോഡുകളുടെ നിർമ്മാണത്തിനാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പാലങ്ങളാണ് നിർമ്മിക്കുന്നത് ;

(ഡി) മുൻവർഷങ്ങളിൽ കേന്ദ്ര റോഡ് ഫണ്ടിൽനിന്നും അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഫണ്ട് നിശ്ചിത കാലയളവിൽ പൂർണ്ണമായും വിനിയോഗിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്ര റോഡു ഫണ്ടിൽനിന്നും ഈ വർഷം 30.45 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഈ വർഷം കേന്ദ്ര റോഡ് ഫണ്ടിൽനിന്നും സഹായം അനുവദിക്കുവാൻ തത്വത്തിൽ അംഗീകരിച്ചിട്ടുള്ള റോഡുകളുടെ വിശദാംശം അനുബന്ധം I-ആയി ചേർക്കുന്നു. *

(സി) കൊല്ലം പട്ടണത്തിൽ എൻ.എച്ച് 47 ന്റെ കി.മീ. 494/800-ൽ നില വിലുള്ള ഇരുമ്പ് പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) വിശദാംശം അനുബന്ധം II-*ആയി ചേർക്കുന്നു.

(ഇ) പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

മോണിറ്ററിംഗ് സമിതികളുടെ രൂപീകരണം

199 (796) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. എസ്. സുനിൽകുമാർ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ സമിതികളുടെ ഘടന എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ സമിതികളിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ എന്തെല്ലാ മാണെന്ന് വ്യക്തമാക്കുമോ ;

(സി) മരാമത്ത് വകുപ്പിന് കീഴിൽ നടക്കുന്ന ജോലികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയുന്നില്ലെന്നുള്ളത് വസ്തുതയാണോ ; ഇതെന്തു കൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതി നുള്ള എന്ത് നടപടിയെടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ)&(ബി) പൊതുമരാമത്ത് വകുപ്പിന്റെ വിവിധ നിർമ്മാണ പ്രവൃത്തി കളുടെ അവലോകനത്തിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ. മാരുടെ അദ്ധ്യക്ഷതയിൽ സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി രണ്ടാഴ്ചയ്ക്കൊരിക്കൽ അവലോകനം നടത്തണമെന്നും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പി.ഡബ്ല്യു.ഡി. ജില്ലാതല ഉദ്യോഗസ്ഥർ വിശദമായ സ്റ്റാറ്റസ് റിപ്പോർട്ട് അവതരിപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ അദ്ധ്യക്ഷനും പി.ഡബ്ല്യു.ഡി. സൂപ്രണ്ടിംഗ് എഞ്ചിനീയർ കൺവീനറുമായി ജില്ലാതല കമ്മിറ്റി മാസംതോറും യോഗം ചേർന്ന് പ്രവൃത്തികൾ നിരീക്ഷിക്കുന്നതാണ്. മരാമത്ത് മന്ത്രിതലത്തിൽ മാസംതോറും അവലോകനവും നടത്തുന്നുണ്ട്. മഴക്കെടുതിമൂലം റോഡുകൾക്ക് വേണ്ടിവന്ന അടിയന്തര അറ്റകുറ്റപ്പണികൾ നിരീക്ഷിക്കാനായി മരാമത്ത് മന്ത്രി ചെയർമാനായി വിവിധ മന്ത്രിമാരും ഉദ്യോഗസ്ഥരും അടങ്ങിയ സംസ്ഥാനതല ക്രൈസിസ് മാനേജ്മെന്റ് സമിതിയും മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാതല സമിതിയും ഉണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിൽ ചില പ്രവൃത്തികൾ വിവിധ കാരണങ്ങളാൽ യഥാസമയം പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്നുണ്ട്. സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വരുന്ന പ്രവൃത്തികളുടെ കാരണങ്ങൾ വിലയിരുത്താറുണ്ട്. അനുവദിക്കപ്പെട്ടിട്ടുള്ള കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരുന്ന പ്രവൃത്തികൾക്ക് ഒരു പ്രാവശ്യം മാത്രമേ സമയപരിധി ദീർഘിപ്പിച്ചു നൽകുകയുള്ളൂ. രണ്ടാമത് സമയപരിധി ദീർഘിപ്പിച്ച് നൽകേണ്ടിവന്നാൽ കരാറുകാർ നിശ്ചിത തുക പിഴയായി സർക്കാരിൽ ഒടുക്കേണ്ടതാണ്. രണ്ടാമതും ദീർഘിപ്പിച്ചു നൽകുന്ന കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കിയിട്ടില്ലായെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദാക്കി പ്രവൃത്തി റീ-ടെണ്ടർ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

അഴിമതി അവസാനിപ്പിക്കാനായി നടപ്പിലാക്കിയ പുതിയ സംവിധാനങ്ങൾ

200 (797) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ അഴിമതി അവസാനിപ്പിക്കാനായി നടപ്പിലാക്കിയ പുതിയ സംവിധാനങ്ങൾ എന്തൊക്കെയാണ് ;

(ബി) ഈ സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നത് നിരീക്ഷിക്കാനും അവലോകനം നടത്താനും എന്തൊക്കെ സംവിധാനങ്ങളാണുള്ളത് ;

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിൽ പ്രവർത്തിക്കുന്ന വിജിലൻസ് വിഭാഗവും സംസ്ഥാന ധനകാര്യ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിനു കീഴിലുള്ള ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗവും ചീഫ് ടെക്നിക്കൽ എക്സാമിനറും സംസ്ഥാന ആഭ്യന്തര വകുപ്പിനു കീഴിലുള്ള വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയും പൊതുമരാമത്ത് വകുപ്പിലെ അഴിമതിക്കെതിരെ ശക്തമായ നടപടികൾ എടുത്തുവരുന്നുണ്ട്.

(ബി) ഈ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നത് സർക്കാർ തലത്തിൽ നിരീക്ഷിക്കുന്നുണ്ട്.

ടെണ്ടർ നിരക്കുകൾ

201 (798) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണ വസ്തുക്കൾക്ക് വില വർദ്ധിക്കുന്നതനുസരിച്ച് കരാർ തുകയിലും ആനുപാതിക മാറ്റം വരുത്തുന്നതിന് പൊതുമരാമത്തിന്റെ കരാർ നിയമങ്ങളിൽ എന്തൊക്കെ വിലവ്യതിയാന വ്യവസ്ഥകൾ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട് ;

(ബി) നിർമ്മാണ വസ്തുക്കളുടെ വില വർദ്ധനമൂലം കരാർ മേഖലയിൽ ഉണ്ടായിരിക്കുന്ന സ്തംഭനാവസ്ഥ ഒഴിവാക്കാൻ പുതിയ ടെണ്ടർ നിരക്കുകളിൽ എന്തൊക്കെ ശാസ്ത്രീയ മാനദണ്ഡങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇക്കാര്യത്തിൽ എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത് ?

ഉത്തരം

(എ) നിർമ്മാണ വസ്തുക്കളുടെ വില വർദ്ധനവിന് ആനുപാതികമായി പൊതുമരമാത്ത് വകുപ്പ് നിരക്കുകൾ (ഷെഡ്യൂൾ ഓഫ് റേറ്റ്സ്) പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്. (2008, 2009, 2010 എന്നീ വർഷങ്ങളിൽ ഇപ്രകാരം നിരക്കുകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്) എന്നാൽ കരാർ നിയമങ്ങളിൽ വില വ്യതിയാന വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) & (സി) നിർമ്മാണ വസ്തുക്കളുടെ കമ്പോള വിലയുമായി പരമാവധി യോജിക്കുന്ന വിധത്തിലാണ് പൊതുമരാമത്ത് വകുപ്പ് ഓരോ പ്രാവശ്യവും ഷെഡ്യൂൾ ഓഫ് റേറ്റ്സ് പുതുക്കി നിശ്ചയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ദേശീയപാതകളിലെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നതിന് നടപടി

202 (799) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. മുരളി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയപാതകളിലെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താൻ കഴിയാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇക്കാര്യത്തിൽ ദേശീയപാതാ അതോറിറ്റി ഏർപ്പെടുത്തിയിട്ടുള്ള എന്തെങ്കിലും നിയന്ത്രണങ്ങൾ നിലവിലുണ്ടോ ;

(സി) ഇത്തരം നിയന്ത്രണങ്ങൾ നീക്കുന്നതിനും സമയബന്ധിതമായി ദേശീയ പാതകളിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഇതുവരെ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(ഡി) ദേശീയപാതകളിലെ എല്ലാ അറ്റകുറ്റപ്പണികളും സമയബന്ധിതമായി നടത്തുന്നതിന് എന്തൊക്കെ പുതിയ സംവിധാനങ്ങൾക്കാണ് രൂപം നൽകിയിട്ടുള്ളത് ?

ഉത്തരം

(എ & ബി) ദേശീയപാതയുടെ അറ്റകുറ്റപ്പണികൾക്ക് അംഗീകരിച്ച മാനദണ്ഡങ്ങൾ പ്രകാരമുള്ള തുക കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാത്തതാണ് യഥാസമയം അറ്റകുറ്റപ്പണികൾ നടത്താൻ സാധിക്കാതെ വന്നത്. കഴിഞ്ഞ 5 വർഷം ഈ ആവശ്യത്തിന് കേന്ദ്രത്തിൽനിന്ന് ലഭിക്കേണ്ടിയിരുന്ന തുകയിൽ 409 കോടി രൂപയുടെ കുടിശ്ശിക നിലവിലുണ്ട്.

(സി) & (ഡി) ദേശീയപാതയുടെ അറ്റകുറ്റപ്പണികൾക്കായി സംസ്ഥാന ഖജനാവിൽനിന്നും 16 കോടി രൂപ ഈ വർഷം അനുവദിച്ചു. പാച്ച്വർക്ക് നടത്തിയിട്ടുണ്ട്. ഇതിനോടൊപ്പം കേന്ദ്രത്തിൽനിന്നും ആവശ്യമായ ഫണ്ട് ലഭിക്കുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്രത്തിൽ നിവേദനം നൽകിയതിന്റെ ഫലമായി ഫണ്ട് അനുവദിക്കാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

ദേശീയപാതയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നഷ്ടപരിഹാര പാക്കേജ്

203 (800) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാതയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് കേന്ദ്രത്തിന് സംസ്ഥാന സർക്കാർ ഏതു തരത്തിലുള്ള നഷ്ടപരിഹാര പാക്കേജാണ് സമർപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പാക്കേജിൽ കടിയൊഴിപ്പിക്കുന്നവർക്ക് എന്ത് നഷ്ട പരിഹാരമാണ് ചോദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) നിലവിലുള്ള ലാന്റ് അക്വിസിഷൻ നിയമപ്രകാരമുള്ള തുക അല്ലാതെ കുടിയൊഴിപ്പിക്കുന്നവർക്ക് എന്തെങ്കിലും നഷ്ടപരിഹാര പാക്കേജ് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) ദേശീയപാത 17, 47 എന്നിവയുടെ വികസനത്തിനായി സ്ഥലമേറ്റെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്ക് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച കമ്പോളവില നൽകുക, വീടും വാണിജ്യ സ്ഥാപനങ്ങളും നഷ്ടപ്പെടുന്നവർക്ക് നഷ്ടപ്പെടുന്ന വസ്തുവിന്റെ തൊട്ട് പിന്നിലെ വസ്തുവിൽ വീടുകളും വാണിജ്യ സ്ഥാപനങ്ങളും നിർമ്മിച്ച് നല്കി പ്രശ്നരഹിതമായി സ്ഥലമേറ്റെടുപ്പ് പ്രക്രിയ നടത്തുക, ഇത് നടപ്പിലാക്കാൻ കഴിയാത്ത ഭാഗത്ത് പ്രത്യേകമായി ഷോപ്പിംഗ് കോംപ്ലക്സ്/വീട് എന്നിവ നിർമ്മിച്ച് നൽകുക. സ്വന്തം ഭൂമിയിൽ ബിസിനസ്സ് നടത്തുന്നവർക്ക് നടപ്പ് വർഷത്തെ റേറ്റ് ഷെഡ്യൂളും 25 ശതമാനവും കൂടി ചേർത്ത് കെട്ടിട വില നിർണ്ണയിക്കുകയും വസ്തുവിന് ജില്ലാതല അഡ്വൈസറി കമ്മിറ്റി തീരുമാനിക്കുന്ന കമ്പോളവില നൽകുകയും ചെയ്യുക, വാടകയ്ക്ക് സ്ഥാപനങ്ങൾ നടത്തുന്നവർക്ക് നഷ്ടപ്പെടുന്ന വസ്തുവിന്റെ കമ്പോളവിലയുടെ 10 ശതമാനത്തിന് തുല്യമായ തുക നൽകുക, സ്ഥലമെടുപ്പ് കാരണം തൊഴിൽരഹിതരാകുന്നവർക്ക് Industrial Dispute Act പ്രകാരമുള്ള നഷ്ടപരിഹാരം നൽകുക, സർക്കാർ പുറമ്പോക്ക് ഭൂമിയിൽ അനധികൃതമായി താമസിക്കുന്നവർക്കും ചെറിയ കച്ചവടം നടത്തി ഉപജീവനം നടത്തുന്നവർക്കും പൊളിച്ചുമാറ്റപ്പെടുന്ന കെട്ടിടത്തിന്റെ വിലയും പുനരധിവാസത്തിനായി ഒരു ലക്ഷം രൂപയും നൽകുകയും തൊഴിൽ നഷ്ടപ്പെടുന്നവർക്ക് 6 മാസത്തേക്ക് നിയമം അനുശാസിക്കുന്ന മിനിമം വേതനവും നൽകുക, പൊളിച്ചു മാറ്റപ്പെടേണ്ടിവരുന്ന ആരാധനാലയങ്ങൾക്ക് പകരം അനുയോജ്യമായ സ്ഥലത്ത് അവ സർക്കാർ ചെലവിൽ നിർമ്മിച്ച് നൽകുക തുടങ്ങി സമഗ്രമായ ഒരു പുനരധിവാസ പാക്കേജാണ് കേന്ദ്രസർക്കാരിന്റെ പരിഗണിനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ദേശീയപാതകളുടെ വികസനം

204 (801) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനത്തിനായി ഈ വർഷത്തെ വാർഷിക പദ്ധതി അടങ്കലായി എത്ര കോടി രൂപയ്ക്കാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിരിക്കുന്നത് ;

(ബി) ഇതിൽ റോഡുകളിലെ അറ്റകുറ്റപ്പണി ചെയ്യുന്നതിന് എന്തു തുകയാണ് വകയിരുത്തിയിരുന്നത് ;

(സി) സംസ്ഥാനത്തെ ഏതൊക്കെ ദേശീയ പാതകളിലെ വിവിധ റൂട്ടുകളിലെ എന്തൊക്കെ പണികൾക്കാണ് ഈ തുക വകയിരുത്തിയതെന്നും ഈ ഓരോ പ്രവൃർത്തികൾക്കുമായി ഇതുവരെ എന്തു തുക എത്ര വീതം ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2010-11 വാർഷിക പദ്ധതിയിൽ കേന്ദ്രം 602 കോടി രൂപയുടെ പണികൾക്ക് തത്വത്തിൽ അംഗീകാരം നൽകുകയും നാളിതുവരെ 126.70 കോടി രൂപയുടെ 11 എസ്റ്റിമേറ്റുകൾക്ക് അംഗീകാരം ലഭിക്കുകയും ചെയ്തു.

(ബി) റോഡുകളുടെ മെയിന്റനൻസ് റിപ്പയർ എന്നിവയ്ക്കായി 26.41 കോടി രൂപയുടെ പ്രാരംഭാനുമതിയാണ് നൽകിയിരിക്കുന്നത്.

(സി) NH47, NH17, NH208, NH212, NH213 എന്നീ നാഷണൽ ഹൈവേകളുടെ IRQP പണികൾക്കാണ് 126.70 കോടി രൂപയുടെ 11 എസ്റ്റിമേറ്റുകൾക്ക് അംഗീകാരം ലഭിച്ചിരിക്കുന്നത്. പ്രസ്തുത പണികൾ എല്ലാം തന്നെ പ്രാരംഭഘട്ടത്തിലാണ്.

ദേശീയപാത വികസനം

205 (802) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയപാത വികസനത്തിനായുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കാലാവധിക്കുള്ളിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാനായില്ലെങ്കിൽ ഇതിനായുള്ള നടപടി ക്രമങ്ങൾ വീണ്ടും ആദ്യം മുതൽ വേണ്ടിവരുമെന്ന വസ്തുത കണക്കിലെടുത്ത് ഈ കാലാവധിക്കുമുമ്പായി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഇനി എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ ദേശീയപാത 17, 47 എന്നിവയുടെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് പുറപ്പെടുവിച്ച 3 A വിജ്ഞാപനങ്ങളിൽ പലതിന്റെയും കാലാവധി 2010 ഡിസംബർ മാസത്തിൽ അവസാനിക്കുകയാണ്. എന്നാൽ ദേശീയപാത വികസനത്തിനു വേണ്ടി സ്ഥലമേറ്റെടുക്കുന്നതു കാരണം ദുരിതമനുഭവിക്കേണ്ടിവരുന്നവർക്കുള്ള പുനരധിവാസ പാക്കേജിന്റെ കാര്യത്തിൽ നിലനില്ക്കുന്ന അനിശ്ചിതത്വം കാരണം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാൻ കഴിയാത്ത അവസ്ഥയാണ്.

കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ചുള്ള റോഡ് സംരക്ഷണം

206 (803) ശ്രീ. എം. കെ. പ്രേംനാഥ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷം നീണ്ടുപോകുന്നതുകാരണം സംസ്ഥാനത്തെ റോഡുകളുടെ പുനരുദ്ധാരണം നടത്താൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാലാവസ്ഥ വ്യതിയാനത്തിനനുസരിച്ച് റോഡുകളുടെ സംരക്ഷണത്തിന് എന്തൊക്കെ പ്രതിവിധികളാണ് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാനായി ഒരു ഇടക്കാല പദ്ധതിയും ദീർഘകാല പദ്ധതിയും വിഭാവന ചെയ്തിട്ടുണ്ട്. ഇടക്കാല പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന/ജില്ലാതല ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവൃത്തികൾ നടത്തി വരുന്നു. ദീർഘകാല പദ്ധതി നടപ്പിലാക്കുന്നതിനായി ഉന്നതതല സാങ്കേതിക സമിതിക്ക് രൂപം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ദേശീയപാതകൾ ഗതാഗതയോഗ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ

207 (804) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പ്രധാന ദേശീയപാതകൾ എല്ലാം പൊട്ടിപ്പൊളിഞ്ഞ് ഗതാഗത യോഗ്യമല്ലാതെ കിടക്കുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) ദേശീയപാത അറ്റകുറ്റപ്പണി ഏത് ഏജൻസിയാണ് നടത്തേണ്ടത് ;

(സി) പ്രസ്തുത ഏജൻസി ശരിയായി പ്രവർത്തിക്കുന്നില്ലെങ്കിൽ ദേശീയപാത അറ്റകുറ്റപ്പണി സംസ്ഥാന സർക്കാർ നടത്തുന്നതിന് തീരുമാനമെടുക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) സംസ്ഥാനത്തെ മിക്ക ദേശീയ പാതകളിലും അഗാധഗർത്തങ്ങളും, വൻകുഴികളും കാരണം ധാരാളം അപകടങ്ങൾ ഉണ്ടാകുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രധാന ദേശീയപാതയായ എൻ.എച്ച്.47 പൊതുവെ ഗതാഗതയോഗ്യമാണ്. നീണ്ടുനിന്ന മഴമൂലമുണ്ടായ കെടുതികൾ പരിഹരിക്കുവാൻ എല്ലാ ദേശീയപാതകളിലും അത്യാവശ്യം വേണ്ട അറ്റകുറ്റപ്പണികൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. കേന്ദ്ര ഫണ്ട് ഉപയോഗിച്ചാണ് ദേശീയപാതകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതെങ്കിലും സാഹചര്യത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് കേന്ദ്ര ഫണ്ടിനായി കാത്തുനിൽക്കാതെ ആവശ്യമായ തുക ലഭ്യമാക്കി അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്.

(ബി&സി) ദേശീയപാതയുടെ അറ്റകുറ്റപ്പണി സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള എൻ.എച്ച്. വിഭാഗമാണ് നടത്തുന്നത്. നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറിയ റീച്ചുകളിൽ അതോറിറ്റിയാണ് അറ്റകുറ്റപ്പണി നടത്തുന്നത്.

(ഡി) ദേശീയപാതയിൽ ഇപ്പോൾ അഗാധഗർത്തങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നീണ്ടുനിന്ന കാലവർഷംമൂലം ഉണ്ടായിട്ടുള്ള കുഴികൾ അടച്ച് ദേശീയപാത ഗതാഗത യോഗ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ഫണ്ട് ലഭിക്കുവാൻ വൈകിയ സാഹചര്യത്തിൽ സ്റ്റേറ്റ്ഫണ്ടിൽനിന്നും ആവശ്യമായ തുക അനുവദിച്ച് കുഴി അടയ്ക്കൽ പണികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുവാൻ സർക്കാർ ശ്രമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തകർന്ന പി.ഡബ്ല്യു.ഡി. റോഡുകൾ നന്നാക്കാൻ സ്വീകരിച്ച നടപടികൾ

208 (805) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തകർന്ന പി.ഡബ്ല്യു.ഡി. റോഡുകൾ അടിയന്തരമായി റിപ്പയർ ചെയ്യുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട് ;

(സി) മണ്ഡലാടിസ്ഥാനത്തിൽ തകർന്ന റോഡുകൾ റിപ്പയർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) റിപ്പയർ ജോലികൾ 2011 ജനുവരി 31-ന് മുമ്പ് പൂർത്തീകരിക്കാൻ സാധിക്കുമോ ;

(ഇ) ഇതിനായി ധനകാര്യ വകുപ്പ് ജില്ലാടിസ്ഥാനത്തിൽ അനുവദിച്ച തുകയുടെ വിശദാംശം നൽകുമോ ; തുക പര്യാപ്തമാണോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) സംസ്ഥാന റോഡുകളുടെ അറ്റകുറ്റപ്പണിക്കായി പദ്ധതിയിതര പ്രവൃത്തിയിലുൾപ്പെടുത്തി 240 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന് പുറമേ റോഡുകളുടെ ഇപ്പോഴത്തെ നിലവാരമനുസരിച്ച് വളരെ മോശം, മോശമായവ എന്നിങ്ങനെ തരംതിരിച്ച സംസ്ഥാന പൊതുമരാമത്ത് റോഡുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളും സഞ്ചാരയോഗ്യമാക്കുന്നതിന് പ്രത്യേക വിഹിതമായി 718 കോടകി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഓരോ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും കീഴിലുള്ള സെക്ഷൻ ഓഫീസ് അടിസ്ഥാനമാക്കിയാണ് നിലവിൽ പ്രവൃത്തികൾ ചെയ്തുവരുന്നത്.

(ഡി) അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിലാണ് നടത്തിവരുന്നത്.

(ഇ) ധനകാര്യ വകുപ്പ് അതാത് ശീർഷകങ്ങളിലാണ് ഇതിലേക്കായി തുക അനുവദിക്കുന്നത്. ജില്ലാ അടിസ്ഥാനത്തിലല്ല തുക അനുവദിക്കുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ ആവശ്യമനുസരിച്ചും പ്രവൃത്തികളുടെ പ്രാധാന്യം കണക്കിലെടുത്തുമാണ് തുക അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടപരിഹാരമായി നൽകിയ തുക

209 (806) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്തെ വിവിധ റോഡുകളുടെ നിർമ്മാണത്തിന്റെ ഭാഗമായി 2006-07 മുതൽ ഓരോ സാമ്പത്തിക വർഷവും ബി. എസ്. എൻ. എൽ., കെ. ഡബ്ല്യു.എ.,കെ.എസ്.ഇ.ബി എന്നീ സ്ഥാപനങ്ങൾക്ക് നഷ്ടപരിഹാരമായി എത്ര തുക വീതം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) തലസ്ഥാനത്തെ റോഡ് നിർമ്മാണത്തിലെ അപാകതയും അശാസ്ത്രീയമായ റോഡ് കുഴിക്കലിന്റെ ഭാഗമായും ബി.എസ്.എൻ.എൽ.-ന്റെ കേബിളുകൾക്ക് നഷ്ടം സംഭവിച്ച വകയിൽ 2006-07 മുതൽ നാളിതുവരെ എത്ര തുകവീതം ഓരോ സാമ്പത്തിക വർഷവും നൽകിയെന്ന് അറിയിക്കുമോ ;

(സി) ഓരോ വർഷവും ബി. എസ്. എൻ. എൽ. നഷ്ടപരിഹാരമായി ആവശ്യപ്പെട്ട തുക എത്രവീതമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ & ബി) തുകയൊന്നും നൽകിയിട്ടില്ല.

(സി) നഷ്ടപരിഹാരം നൽകാൻ പൊതുമരാമത്ത് വകുപ്പിന് ബാദ്ധ്യതയില്ലാത്തതിനാൽ ഈ ഒരു ആവശ്യം സർക്കാർ പരിഗണിച്ചിട്ടില്ല.

റോഡുകളിലെ കുഴികൾ

210 (807) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം കേരളത്തിലെ വിവിധ റോഡുകളിൽ സഞ്ചാരത്തിന് തടസ്സമാകുന്ന രീതിയിൽ എത്ര കുഴികളാണ് കണ്ടെത്തിയിട്ടുള്ളത് ;

(ബി) ഇതിൽ നാളിതുവരെ എത്ര കുഴികൾ മൂടി ; എത്ര റോഡുകൾ സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട് ;

(സി) ഇതിലേക്ക് നാളിതുവരെ എത്ര രൂപ ചെലവ് ചെയ്തു ;

(ഡി) ഇനി എത്ര കുഴികൾ മൂടാനുണ്ട് ;

(ഇ) ഈ ജോലികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(എഫ്) ഇതിലേക്ക് ആകെ എത്ര രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-എഫ്) സാമ്പത്തിക വർഷാടിസ്ഥാനത്തിൽ റോഡുകളിൽ കുഴികൾ രൂപപ്പെടാറില്ല. അവയുടെ കണക്കുകൾ തിട്ടപ്പെടുത്താറുമില്ല. ആവശ്യകത അനുസരിച്ച് കുഴികൾമൂടി റോഡുകൾ സഞ്ചാരയോഗ്യമാക്കലാണ് സർക്കാരിന്റെ പരിപാടി.

കുഴിയടയ്ക്കാനുള്ള യന്ത്രം വാങ്ങുന്നതിന് നടപടി

211 (808) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളിലെ കുഴിയടയ്ക്കുന്നതിനായി ഒരുവർഷം എത്ര കോടി രൂപയാണ് ചെലവിടുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളിലെ കുഴിയടയ്ക്കാനുള്ള യന്ത്രം വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടായിരുന്നുവോ ;

(സി) ഇതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഏതൊക്കെ സ്ഥലങ്ങളിൽ നേരിട്ടുപോയി ഇത്തരം യന്ത്രങ്ങൾ പരിശോധിക്കുകയുണ്ടായി ;

(ഡി) ഇത്തരത്തിൽ എത്ര യന്ത്രങ്ങൾ, ഏത് കമ്പനിയിൽ നിന്നും വാങ്ങാനാണ് തീരുമാനിച്ചത് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) കുഴി അടയ്ക്കുന്നതിനായി ഓരോവർഷവും ഉണ്ടാകുന്ന ഭീമമായ ചെലവ് ഒഴിവാക്കുവാൻ സഹായിക്കുന്ന ഇത്തരം യന്ത്രങ്ങൾ വാങ്ങുന്നതിന് എന്തൊക്കെ എതിർപ്പുകളാണ് വകുപ്പുദ്യോഗസ്ഥർ ഉന്നയിച്ചിരുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന് സംസ്ഥാനത്തെ റോഡുകളിലെ കുഴിയടയ്ക്കുന്നതിനായി 91.5 കോടി രൂപയുടെ പ്രവൃത്തികൾക്ക് അനുമതി നൽകി. ദേശീയപാതാ വിഭാഗത്തിൽ കുഴി അടയ്ക്കുന്നതിനായി ഈ വർഷം 686.24 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) തീരുമാനിച്ചിട്ടുണ്ട്.

(സി) ഡൽഹിയിലും പാറ്റ്നയിലും നേരിട്ടുപോയി യന്ത്രങ്ങൾ പരിശോധിക്കുകയുണ്ടായി.

(ഡി) ആദ്യപടിയായി ഒരു യന്ത്രം പാറ്റ്നയിലെ മേസ്സേഴ്സ് സ്പീഡ് ക്രാഫ്റ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽനിന്നും വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഇ) എതിർപ്പുകൾ ഉന്നയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

റോഡുകളിലെ കുഴിയടക്കുന്നതിനായി നൽകിയ കരാർ

212 (809) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിലെ റോഡുകളിലെ കുഴിയടയ്ക്കുന്നതിനായി ഈ വർഷം ഇതുവരെ ആകെ എന്തു തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) കുഴികൾ ഇല്ലാത്ത റോഡുകളിൽ ഇത്തരത്തിൽ കുഴിയടക്കുവാൻ കരാർ നൽകിയതു സംബന്ധിച്ച് ധനകാര്യ വകുപ്പ് പരിശോധന നടത്തിയിരുന്നുവോ ;

(സി) ഇത്തരത്തിൽ എത്ര കോടി രൂപയുടെ കരാർ നൽകിയതായാണ് പരിശോധനയിൽ കണ്ടെത്തിയത് ;

(ഡി) ഇത്തരത്തിൽ സംസ്ഥാന ഖജനാവിന് വൻ നഷ്ടം വരുത്തുന്ന ഇല്ലാത്ത കുഴിയടക്കാൻ കരാർ നൽകിയ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ റോഡുകളിലെ കുഴിയടക്കുന്നതിനായി നിരത്തുകളും പാലങ്ങളും വിഭാഗം ഈ വർഷം 91.53 കോടി രൂപയും ദേശീയപാത വിഭാഗം 22.15 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം റോഡുകളിലെ കുഴികളുടെ എണ്ണം സംബന്ധിച്ചും അവ നികത്തിയ ശേഷമുള്ള വെരിഫിക്കേഷനുമാണ് നടത്തിയിട്ടുള്ളത്. മറ്റ് അന്വേഷണങ്ങൾ ഒന്നും നടത്തിയിട്ടില്ല.

(സി & ഡി) ബി പിരിവിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

റോഡ് നിർമ്മാണ രംഗത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

213 (810) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണ രംഗത്ത് പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ നൽകാമോ ;

(ബി) ഏറ്റെടുത്ത കരാറുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഇല്ലെങ്കിൽ ബദൽ സംവിധാനത്തെ സംബന്ധിച്ച് ആലോചന നടത്തുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) റോഡുകളിൽ ഗട്ടറുകൾ, വെള്ളക്കെട്ടുകൾ എന്നിവ രൂപപ്പെട്ടാൽ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വർദ്ധിച്ചുവരുന്ന വാഹനപ്പെരുപ്പം കണക്കിലെടുത്ത് സംസ്ഥാനത്ത് നിലവിലുള്ള റോഡുകൾ പുനരുദ്ധരിക്കുന്നതിനും ഉപരിതലം കൂടുതൽ ബലപ്പെടുത്തുന്നതിനുമായി ബി.എം.ആന്റ് ബി.സി.(ബിറ്റ്മെൻ മെക്കാഡം ആന്റ് ബിറ്റുമിനസ് കോൺക്രീറ്റ്) ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനും നടപടികൾ എടുത്തിരുന്നു. 2009-10 കാലഘട്ടത്തിൽ സംസ്ഥാനത്ത് മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ഏകദേശം 3000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. അതുപോലെ, റോഡുകളുടെ അറ്റകുറ്റപ്പണികൾ ദീർഘകാലാടിസ്ഥാനത്തിൽ ലോംഗ്ടേം ഹെവി മെയിന്റനൻസ് ആയി നടപ്പിൽ വരുത്തുന്നതിന് തത്വത്തിൽ തീരുമാനിക്കുകയും അതനുസരിച്ച് ശബരിമല റോഡുകളുടെ അറ്റകുറ്റപ്പണികൾ ലോംഗ്ടേം ഹെവി മെയിന്റനൻസ് പദ്ധതി ആയി നടപ്പിലാക്കിവരികയും ചെയ്യുന്നു. ദേശീയപാത 2010-11 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 412.83 കോടി രൂപയ്ക്കുള്ള 71 പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും അതിൽ 151.68 കോടി രൂപയ്ക്കുള്ള 13 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്ര റോഡ് ഫണ്ടിലും ഇന്റർസ്റ്റേറ്റ് കണക്ടിവിറ്റിയിലും ഉൾപ്പെടുത്തി 94.27 കോടി രൂപയ്ക്കുള്ള 9 പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇവയുടെ പ്രാരംഭപണികൾ നടന്നുവരുന്നു.

(ബി) പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിലവിലുള്ള കരാർ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രവൃത്തികൾക്കാവശ്യമായ സ്ഥലം ലഭിച്ചതിന് ശേഷമേ പ്രവൃത്തിക്ക് ദീർഘാസുകൾ ക്ഷണിക്കുവാൻ പാടുള്ളൂ എന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

(സി) റോഡുകളുടെ വശങ്ങളിൽ ഓടകൾ വൃത്തിയായി സൂക്ഷിക്കുന്നതിനും വെള്ളക്കെട്ടുകൾ തടയുന്നതിന് മഴക്കാലപൂർവ്വ പ്രവൃത്തികൾ നടത്തുന്നതിനും എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിരത്തുകളിലെ കൊടും വളവുകളും കയറ്റിറക്കങ്ങളും ലഘൂകരിക്കുന്നതിനും ഉപരിതലത്തിന്റെ ക്യാമ്പർ കറക്ഷൻ നടത്തി സഞ്ചാരയോഗ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മരാമത്ത് വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് പരിശീലനം

214 (811) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരാമത്ത് വകുപ്പിലെ എഞ്ചിനീറിംഗ് വിഭാഗത്തിന് എസ്റ്റിമേറ്റ്, പ്ലാൻ, ഡിസൈനിംഗ് എന്നീ വിഷയങ്ങളിൽ കൂടുതൽ പരിശീലനം നൽകുന്നതിനെ സംബന്ധിച്ച് തീരുമാനം എടുക്കുമോ ;

(ബി) സംസ്ഥാനത്തെ പി. ഡബ്ല്യൂ. ഡി. ചുമതലയിൽ നടക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വെട്ടിപ്പുകൾ കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും വകുപ്പിൽ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(സി) പൊതുമരാമത്ത് പണികളുടെ സുതാര്യത ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടി സ്വീകരിക്കാൻ കഴിയും എന്നത് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് മേഖലകളായി തിരിച്ച് വിവിധ വിഷയങ്ങളിൽ വിശദമായ പരിശീലനം നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) പൊതുമരാമത്ത് വകുപ്പിൽ മരാമത്ത് പണികളുടെ ഗുണനിലവാരം വിവിധ തലത്തിലുള്ള എഞ്ചിനീയർമാർ പരിശോധിക്കുന്നുണ്ട്. റോഡുകളും പാലങ്ങളും വിഭാഗത്തിൽ പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി വിവിധ യൂണിറ്റുകളിലായി ആറ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ നിയമിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിൽ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കീഴിൽ രണ്ട് ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ (കെ.എസ്.ടി.പി.) കീഴിലുള്ള റോഡുപണികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പരിശോധിക്കുന്നതിനും പ്രത്യേകം സജ്ജീകരിച്ച ലബോറട്ടറി പ്രവർത്തിക്കുന്നുണ്ട്. കെട്ടിട വിഭാഗത്തിലെ വകുപ്പുതല ഉദ്യോഗസ്ഥർ ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. കൂടാതെ ധനവകുപ്പിന്റെ കീഴിലുള്ള ചീഫ് ടെക്നിക്കൽ എക്സാമിനർ മിന്നൽ പരിശോധനകളും സാങ്കേതിക പരിശോധനകളും നടത്തി മിക്ക പൊതുമരാമത്ത് പ്രവൃത്തികളുടെയും ഗുണനിലവാരം ഉറപ്പ് വരുത്താറുണ്ട്. കൂടാതെ വിജിലൻസ്&ആന്റീ കറപ്ഷൻ ബ്യൂറോയും (വി.എ.സി.ബി) പൊതുമരാമത്ത് പ്രവൃത്തികൾ പരിശോധിച്ച് ആവശ്യമായ കേസുകളിൽ നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യാറുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിൽ 'ഇ' ടെൻഡറിംഗ് സംവിധാനം നപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ സംവിധാനം നടപ്പിൽ വരുന്നതോടുകൂടി പൊതുമരാമത്ത് പണികളിൽ കുടുതൽ സുതാര്യത കൈവരുന്നതാണ്.

373/14

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പ് അഴിമതിമുക്തമാക്കാനുള്ള കർമ്മ പദ്ധതികൾ

215 (812) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പൊതുമരാമത്ത് വകുപ്പ് അഴിമതിമുക്തമാക്കാൻ കർമ്മ പദ്ധതികളെന്തെങ്കിലും ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പൊതുമരാമത്ത് വകുപ്പിൽ ഏതൊക്കെ തരത്തിലും തലത്തിലുമുള്ള അഴിമതികളാണ് നിലനിൽക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) അഴിമതി തടയുന്നതിനായി ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതൊക്കെ ചട്ടങ്ങളാണ് പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) നിശ്ചിത കാലാവധിക്കുശേഷം ജോലി പൂർത്തീകരിച്ചു കിട്ടാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നത് ;

(ഇ) വർക്ക് കംപ്ലീഷന് അനുവദിക്കുന്ന സമയപരിധി തീരെ കുറവാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) & (ബി) പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം എഞ്ചിനീയറുടെ കീഴിൽ പ്രവർത്തിക്കുന്ന വകുപ്പുതല വിജിലൻസ് വിഭാഗവും സംസ്ഥാന ധനകാര്യ വകുപ്പിന് കീഴിലുള്ള ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗവും ചീഫ് ടെക്നിക്കൽ എക്സാമിനറും സംസ്ഥാന ആഭ്യന്തര വകുപ്പിന് കീഴിലുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിഭാഗവും വെവ്വേറെ പ്രവർത്തിച്ച് പൊതുമരാമത്ത് വകുപ്പിൽ അഴിമതി തടയുന്നതിനുള്ള ശക്തമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(സി) പൊതുമരാമത്ത് മാന്വൽ പരിഷ്ക്കരണം അന്തിമ ഘട്ടത്തിലാണ്.

(ഡി) നിശ്ചിത കാലാവധിക്കകം ജോലി പൂർത്തീകരിച്ച് കിട്ടുന്നതിന് വേണ്ടി 2-8-2010-ലെ സ.ഉ(ആർ.റ്റി) നമ്പർ 1244/2010/പൊ.മ.വ. പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ടെണ്ടറിന്റെ പേരിൽ നടത്തുന്ന ഒത്തുകളി

216 (813) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെണ്ടറിന്റെ പേരിൽ പൊതുമരാമത്ത് വകുപ്പിൽ നടക്കുന്നത് ഒത്തുകളിയാണെന്ന അഭിപ്രായത്തിന് ആധാരമായ വസ്തുതകൾ വിശദീകരിക്കാമോ ;

(ബി) ഈ ഒത്തുകളിമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടത്തിന്റെ തോത് കണക്കാക്കിയിട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഈ ഒത്തുകളി ആരംഭിച്ചിട്ട് എത്ര കാലമായി എന്നും ഇതുമുഖേന എത്ര നഷ്ടം സർക്കാർ ഖജനാവിനുണ്ടായിട്ടുണ്ടെന്നും കണക്കാക്കിയിട്ടുണ്ടോ ;

(ഡി) ഈ ന്യൂനത പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ - ഡി) ടെണ്ടറിന്റെ പേരിൽ ഒത്തുകളി നടക്കുന്നുണ്ടെന്ന ചില പരാതികൾ ലഭിച്ച സാഹചര്യത്തിലാണ് ഇ-ടെണ്ടർ സമ്പ്രദായം നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തത്. ടെണ്ടർ സംവിധാനത്തിൽ നിലവിലുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനും കൂടുതൽ മത്സരാധിഷ്ഠിതമാക്കുന്നതിനും വേണ്ടി ഇ-ടെണ്ടർ സമ്പ്രദായം നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ടെണ്ടർ ഫോറവും ഷെഡ്യൂളും പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസിൽ നിന്നും വാങ്ങുന്നതിന് പകരം വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു.

കെ.എസ്.ടി.പി.യുടെ രണ്ടാം ഘട്ട പാക്കേജ്

217 (814) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ടി. പി. യുടെ രണ്ടാംഘട്ട പാക്കേജിൽ സംസ്ഥാനത്തെ ഏതൊക്കെ റോഡുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) കാസർഡോഡ് ജില്ലയിലെ കാഞ്ഞങ്ങാട്-കാസർഗോഡ് സ്റ്റേറ്റ് ഹൈവേ കെ. എസ്. ടി. പി ഏറ്റെടുത്തിട്ട് എത്ര വർഷമായി ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽ റോഡിന്റെ ഉപരിതലം വർഷങ്ങളായി പൂർണ്ണതോതിൽ പുതുക്കിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത റോഡുഗതാഗതം സുഗമമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

<u>ഉത്തരം</u>

(എ) കെ.എസ്.ടി.പി-യുടെ രണ്ടാംഘട്ട പാക്കേജിൽ താഴെപ്പറയുന്ന റോഡുകളും എം.സി. റോഡിന്റെ ഭാഗമായ ചെങ്ങന്നൂർ-ഏറ്റുമാനൂർ, ഏറ്റുമാനൂർ-മൂവാറ്റുപുഴ എന്നീ റീച്ചുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

1. കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ്
2. പിലാത്തറ-പാപ്പിനിശ്ശേരി റോഡ്
3. തളിപ്പറമ്പ്-ഇരിട്ടി റോഡ്
4. തലശ്ശേരി-വളവുപാറ റോഡ്
5. പുനലൂർ-മൂവാറ്റുപുഴ റോഡ്
6. പെരുമ്പിലാവ്-പട്ടാമ്പി-പെരിന്തൽമണ്ണ റോഡ്

(ബി) പ്രസ്തുത റോഡ് കെ.എസ്.ടി.പി. ഇതുവരെ ഏറ്റെടുത്തിട്ടില്ല.

(സി) ഉണ്ട്

(ഡി) പ്രസ്തുത റോഡ് കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഗതാഗത യോഗ്യമാക്കാനാവശ്യമായ വിധത്തിലുള്ള താല്ക്കാലിക അറ്റകുറ്റപ്പണികൾ പുരോഗതിയിലാണ്.

കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ

218 (815) <u>ശ്രീ. മോൻസ് ജോസഫ് :</u>
<u>ശ്രീ. റ്റി. യു. കുരുവിള :</u>
<u>ശ്രീ. പി. ജെ. ജോസഫ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ടി.- പി. യുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയും ;

(ബി) കെ. എസ്. ടി. പി. ധനസഹായം നൽകുന്നതിനായി ഏതെങ്കിലും ഏജൻസിയെ സമീപിച്ചിട്ടുണ്ടോ ;

(സി) ലോക ബാങ്ക് സഹായത്തിനായി കേരളം കേന്ദ്രത്തിന് ശുപാർശ ചെയ്ത പട്ടികയിൽ കെ. എസ്. ടി. പി. പദ്ധതി ഉൾപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ.എസ്.ടി.പി. യുടെ രണ്ടാംഘട്ടത്തിന് ധനസഹായം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ തീരുമാനമായ ശേഷമേ രണ്ടാംഘട്ട പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുകയുള്ളു.

(ബി) ഉണ്ട്.

(സി) ഉണ്ട്.

എം.സി. റോഡ് നവീകരണ ജോലികൾ

219 (816) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. സി. റോഡിൽ ശേഷിക്കുന്ന ഭാഗത്തെ നവീകരണ ജോലികൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ജോലികൾ കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ലോക ബാങ്ക് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

നാലാഞ്ചിറ റോഡ് വികസനം

220 (817) ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനനഗരിയിലെ നലാഞ്ചിറ റോഡ് വികസനത്തിന് എത്ര കോടി രൂപയുടെ പദ്ധതിക്കാണ് രൂപകല്പന നടത്തിയിരുന്നത് ;

(ബി) പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ഇവിടത്തെ വികസനം പൂർത്തിയാകുമ്പോൾ എന്തു തുക ചെലവിടേണ്ടിവരും ;

(സി) ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; ഇത് എന്ന് പൂർത്തിയാക്കാൻ കഴിയും ?

ഉത്തരം

(എ) തലസ്ഥാനനഗരിയിലെ നാലാഞ്ചിറ റോഡ് വികസനത്തിന് 1997-ൽ 14.75 കോടി രൂപയുടെ പദ്ധതിയാണ് രൂപകല്പന ചെയ്തിരുന്നത്.

(ബി) പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ഇവിടത്തെ വികസനം പൂർത്തിയാക്കുന്നതിനായി 31.496 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇത് സ്ഥലമെടുപ്പും കൂടി ഉൾപ്പെട്ട തുകയാണ്.

(സി) പണി പുരോഗതിയിലാണ്. 60% പണികൾ പൂർത്തിയായി. പ്രസ്തുത പണി പൂർത്തിയാക്കേണ്ട കാലാവധി 2011 ജൂൺ മാസത്തിലാണ്.

ദേശീയപാതകളുടെ വികസനത്തിന് കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ

221 (818) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാതകളുടെ വികസനത്തിന് കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ നിലപാടുകൾ വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തുള്ള ദേശീയപാതകളുടെ വികസത്തിനായി കേന്ദ്രസർക്കാർ നിഷ്ക്കർഷിക്കുന്ന വ്യവസ്ഥകൾ എന്തെല്ലാമാണ് ?

ഉത്തരം

(എ) സംസ്ഥാനത്തെ ദേശീയപാത 17, 47 എന്നിവയുടെ വികസനത്തിന് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങളും വ്യവസ്ഥകളും അംഗീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് ഒപ്പു വയ്ക്കുവാൻ സംസ്ഥാന സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. മറ്റ് അഞ്ച് ദേശീയപാതകൾ (എൻ.എച്ച്.49, 208, 212, 213, 220) NHDP Phase IV പ്രകാരം പി.പി.പി. സംവിധാനത്തിൽ DBFOT വ്യവസ്ഥയിൽ വികസിപ്പക്കാൻ തീരുമാനിക്കുകയും ആയതിനുള്ള ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ബി.ഒ.റ്റി. രീതിയിലുള്ള ദേശീയപാത വികസനത്തിന് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു :

1. കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിശ്ചിത കാലാവധിയിലേക്ക് ടോൾ പിരിച്ചാണ് നടപ്പിലാക്കുന്നത്.

2. ഈ കാലയളവിൽ ഇതിന് സമാന്തരമായി സ്റ്റേറ്റ് ഗവൺമെന്റ് പുതിയ റോഡുകൾ പണിയുവാനോ നിലവിലുള്ള റോഡുകൾ വികസിപ്പിക്കുവാനോ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

3. ടി റോഡിന് സമാന്തരമായി ബി.ഒ.ടി. വ്യവസ്ഥയിൽ സ്റ്റേറ്റ് ഗവൺമെന്റ് മറ്റൊരു റോഡ് നിർമ്മിക്കുകയാണെങ്കിൽ ടി റോഡിന്റെ ടോൾ ദേശീയപാതയിൽ നിശ്ചയിച്ചിരിക്കുന്ന ടോളിനേക്കാൾ 25% എങ്കിലും അധികമായിരിക്കണം.

4. ടി ദേശീയപാതകളിൽ നിശ്ചയിച്ചിരിക്കുന്ന ടോൾ തുകയ്ക്ക് പുറമേ സംസ്ഥാന ഗവൺമെന്റിന്റെ യാതൊരു വിധ ടോൾ, ഫീസ്, ടാക്സ് എന്നിവ പിരിക്കുവാൻ പാടുള്ളതല്ല.

കരമന മുതൽ വഴിമുക്ക് വരെയുള്ള ഹൈവേ വികസനം

222 (819) ശ്രീ. എൻ. ശക്തൻ :
ശ്രീ. ജി. കർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. എച്ച്. 47-ന്റെ കരമന മുതൽ വഴിമുക്ക് വരെയുള്ള വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നിർത്തിവച്ചിട്ടുണ്ടോ ; എങ്കിൽ ഈ തീരുമാനം കൈക്കൊള്ളുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെ യെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതു സംബന്ധിച്ച് പുതുതായി ഏതൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിരുന്നത് ; ഇതിനായി സർക്കാർ നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഈ ഭാഗത്തെ വികസനത്തിന്റെ ഭാഗമായി അതിർത്തി തിരിച്ച് കല്ലിടുന്ന പണി ഇപ്പോൾ നടക്കുന്നുണ്ടോ ;

(ഡി) ഇത്തരം സർവ്വേ നിർത്തിവയ്ക്കണമെന്ന നിർദ്ദേശം നൽകിയി ട്ടുണ്ടോ ;

(ഇ) ഈ ഭാഗത്തെ സ്ഥലം ഏറ്റെടുക്കുന്നതിനും അതിർത്തി തിരിച്ച് കല്ലുകൾ ഇടുന്നതിനും എന്തു തുകകൾ വീതമാണ് വകയിരുത്തിയിട്ടുള്ളത് ;

(എഫ്) ഈ സ്ഥലത്തുനിന്നും ഒഴിപ്പിക്കുന്ന വ്യാപര സ്ഥാപന ങ്ങൾക്കും വസ്തു ഉടമകൾക്കും നഷ്ടപരിഹാരവും പുനരധിവാസവും നൽകു ന്നതിന് എന്തൊക്കെ വ്യവസ്ഥകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ജി) ഇപ്പോൾ നിർത്തിവച്ചിരിക്കുന്ന ഈ ഭാഗത്തെ വികസന പ്രവർത്തനങ്ങൾ എന്ന് പുനരാരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) കരമന മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തെ വികസനത്തിന് വേണ്ടിയുള്ള അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പണി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പണി നിർത്തിവയ്ക്കുന്നതിനുള്ള ഒരു നിർദ്ദേശവും നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സംബന്ധിച്ച പുതിയ നിർദ്ദേശങ്ങൾ ഒന്നുംതന്നെ നൽകിയിട്ടില്ല.

(സി) അതിർത്തി തിരിച്ച് കല്ലിടുന്ന പണി ആരംഭിച്ചിട്ടുണ്ട്.

(ഡി) സർവ്വെ നിർത്തിവെയ്ക്കാൻ നിർദ്ദേശം ഒന്നും നൽകിയിട്ടില്ല.

(ഇ) ഈ പ്രദേശത്തെ പ്രവൃത്തിക്ക് (കരമന മുതൽ വഴിമുക്ക് വരെ 12 കി.മി.) 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ കല്ലിടൽ പ്രവർത്തിക്ക് 8 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(എഫ്) ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി വസ്തുഏറ്റെടുക്കാനും വസ്തുവിനും കെട്ടിടങ്ങൾക്കും വിപണി വില നൽകാനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിനുവേണ്ടി പ്രത്യേകമായ പുനരധിവാസ പദ്ധതിയൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(ജി) ഈ ഭാഗത്തെ അതിർത്തി തിരിച്ച് കല്ലിടുന്ന പണി നടന്നുവരുന്നു.

എൻ.എച്ച്.47-ലെ പാപ്പനംകോട് മുതൽ കൈമനം വരെയുള്ള റോഡ് വികസനം

223 (820) ശ്രീ. എൻ. ശക്തൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. എച്ച് 47-ലെ പാപ്പനംകോട് മുതൽ കൈമനം വരെയുള്ള റോഡിന്റെ വികസനത്തിനായി ഭൂമി ലഭ്യമായിട്ടും ഇവിടത്തെ നിർമ്മാണ പ്രവർത്തനം ഇനിയും പൂർത്തിയാക്കാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(ബി) ഇവിടെ ഇതുവരെ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടിട്ടുള്ളത് ;

(സി) സമയബന്ധിതമായി ഈ പണി പൂർത്തിയാക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തായിരുന്നു ;

(ഡി) ഈ ഭാഗത്തെ മുഴുവൻ പണികളും പൂർത്തിയാക്കി ഗതാഗത സൗകര്യത്തിന് നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പാപ്പനംകോട് മുതൽ കൈമനം വരെയുള്ള ഭൂമി റോഡു വികസനത്തിനായി വിട്ടുകിട്ടുയിട്ടുണ്ട്. പ്രസ്തുത സ്ഥത്ത് താൽക്കാലിക ബസ്ബേ നിർമ്മിക്കുവാനും പാർക്കിംഗ് സ്ഥലം പണിയുവാനുമുള്ള പ്രവർത്തികൾ നടന്നുവരുന്നു.

(ബി) ശ്രീ. ചിത്തിരതിരുനാൾ എൻജിനീയറിംഗ് കോളേജിന്റെ മുൻവശം വീതികൂട്ടുകയും താൽക്കാലിക ബസ്ബേ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി & ഡി) ടി പണിയുടെ ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ബസ്ബേയുടെ പണി തുടങ്ങുന്നതും സമയബന്ധിതമായി പൂർത്തിയാക്കുന്നതുമാണ്.

കൊല്ലം-തേനി ദേശീയപാതയുടെ അലൈൻമെന്റ് പുനർനിർണ്ണയം

224 (821) പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം തേനി ദേശീയപാതയുടെ (എൻ. എച്ച് 220) അലൈൻമെന്റ് പുനർനിർണ്ണയം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിലേക്കായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. കൊല്ലം-തേനി ദേശീയപാതയുടെ കൊല്ലം മുതൽ കോട്ടയം വരെയുള്ള അലൈൻമെന്റ് പുനർനിർണ്ണയിക്കാനുള്ള നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. കോട്ടയം മുതൽ തേനിവരെ നിലവിൽ ദേശീയപാത ആയതുകൊണ്ട് അലൈൻമെന്റിൽ മാറ്റമില്ല.

ബസ് ഷെൽട്ടറുകൾ

225 (822) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് തിരുവനന്തപുരം നഗരപരിധിയിൽ എത്ര ബസ് ഷെൽട്ടറുകൾ പണിയുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ;

(ബി) ഇതുവരെ എത്ര ബസ് ഷെൽട്ടറുകൾ സ്ഥാപിച്ചു ;

(സി) ഈ വർഷം ഇനി എത്ര ഷെൽട്ടറുകൾ കൂടി നിർമ്മിക്കാനാകും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) ബസ് ഷെൽട്ടറിന്റെ ഒരു മാതൃക മ്യൂസിയം ജംഗ്ഷനിൽ സ്ഥാപിച്ചിട്ടുണ്ട്.

(സി) തീരുമാനം എടുത്തിട്ടില്ല.

373/14

LIBRARY ARCHIVES Kerala Legislative Assembly

കാട്ടാക്കട-കോട്ടൂർ റോഡ് ബി.എം & എ.സി. ചെയ്യുന്നതിന് നടപടി

226 (823) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആര്യനാട് നിയോജകമണ്ഡലത്തിലെ കാട്ടാക്കട-കോട്ടൂർ റോഡ് ബി. എം & എ. സി തലത്തിലേക്ക് ഉയർത്തി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുമെന്ന് നിയമസഭയിൽ ഉറപ്പ് നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പൊതുമരാമത്ത് വകുപ്പ് ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) ഈ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ സർക്കാരിന്റെ അടിയന്തര പരിഗണനയിലുണ്ടോ ;

(ഡി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അവസാനമായി എന്നാണ് ചെയ്തതെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത റോഡ് ഗതാഗത യോഗ്യമല്ലാത്തതരത്തിൽ പൊളിഞ്ഞു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ പ്രസ്തുത റോഡ് ദീർഘകാലം ഗതാഗത യോഗ്യമാക്കുന്ന തരത്തിൽ ബി. എം.&എ. സി. ചെയ്യുന്നതിനായി ഭരണാനുമതി ഉടൻ നൽകുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. പ്രസ്തുത പ്രവൃത്തിക്കായി നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ 1243 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(സി) ഇത് സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ഡി) 2006-ൽ.

(ഇ & എഫ്) ഉണ്ട്. ഇക്കാര്യം പരിശോധനയിലാണ്.

ആര്യനാട് നിയോജകമണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണ പുരോഗതി

227 (824) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആര്യനാട് നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര റോഡുകളുടെ പണികളാണ് നടന്നു കൊണ്ടിരിക്കുന്നത് ; ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പണി പുരോഗമിച്ചു കൊണ്ടിരുന്ന റോഡുകളിൽ ഏതെല്ലാം റോഡുകളുടെ പണിയാണ് മുടങ്ങിക്കിടക്കുന്നത് ; ഇതിനുള്ള കാരണം എന്താണ് ;

(സി) നെടുമങ്ങാട്-ഷേർലക്കോട് റോഡിന്റെ പണിയിൽ ബി.എം.പണി ചെയ്തതിനു ശേഷം എ.സി പണി ഇനിയും തുടങ്ങാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പണി ഉടൻതന്നെ ആരംഭിച്ച് റോഡ് ദീർഘ കാലത്തേക്ക് സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പേയാട്-ഉറിയാക്കോട് റോഡ് കി.മീ 8/900 മുതൽ 10/250 വരെ. കരാറുകാരന്റെ അനാസ്ഥയാണ് കാരണം. കരാറുകാരനെതിരെ നടപടി സ്വീകരിച്ചുവരുന്നു.

(സി & ഡി) കരാറുകാരൻ മരിച്ചതിനെതുടർന്ന് നെടുമങ്ങാട്-ഷേർലക്കോട് റോഡിന്റെ പണി നടത്തുവാൻ കഴിഞ്ഞിട്ടില്ല. തുടർന്നുള്ള പണി നടത്തുവാൻ ബുദ്ധിമുട്ടുണ്ടെന്നും ആയതിനാൽ ടിയാനെ ഒഴിവാക്കി ടെർമിനേറ്റ് ചെയ്യണമെന്നും കരാറുകാരന്റെ മകൻ ആവശ്യപ്പെട്ടതിനെതുടർന്ന് ഇത് സംബന്ധിച്ച എഗ്രിമെന്റിലുള്ള നിയമപരമായ വശങ്ങളെക്കുറിച്ച് സർക്കാർ പരിശോധിച്ചുവരുന്നു. ഇക്കാര്യത്തിൽ ഒരു തീരുമാനമെടുത്ത ശേഷം ബാക്കി പണികൾ പുതിയ റേറ്റിൽ തയ്യാറാക്കി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കരമന-കളിയിക്കാവിള ദേശീയപാതയുടെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

228 (825) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി ജെ. അരുന്ധതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരമന-കളിയിക്കാവിള ദേശീയപാതയുടെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) പദ്ധതിക്ക് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ ;

(ഡി) ഭൂമിയും കെട്ടിടവും നഷ്ടപ്പെടുന്ന വർക്ക് നഷ്ടപരിഹാരം നൽകുന്നതിന് പാക്കേജ് തയ്യാറാക്കിയിട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഇ) ഒന്നാംഘട്ട വികസനം എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(എഫ്) ദേശീയപാത വികസിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിൽ നിന്നും സഹായം ലഭിക്കുമോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കരമന-കളിയിക്കാവിള ദേശീയപാത 30.2 മീറ്ററിൽ 4 വരിയാക്കി വികസിപ്പിക്കുവാൻ തത്വത്തിൽ അംഗീകാരം നൽകുകയും കരമന മുതൽ വഴിമുക്ക് വരെയുള്ള ഒന്നാംഘട്ട വികസനത്തിന് സ്ഥലമെടുക്കുവാൻ 100 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുള്ള അലൈൻമെന്റ് അംഗീകരിക്കുകയും ഇതിൻപ്രകാരം അധിക സ്ഥലം ഏറ്റെടുക്കുന്നതിന് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പണികൾ ആരംഭിക്കുകയും ചെയ്തു.

(ബി) ഈ പദ്ധതിക്ക് 640 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

(സി) കരമന മുതൽ വഴിമുക്ക് വരെയുള്ള ഒന്നാംഘട്ട വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലേക്ക് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പണികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി വസ്തുവിനും കെട്ടിടങ്ങൾക്കും കമ്പോള വില നൽകി ഏറ്റെടുക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി സ്ഥലം ഏറ്റെടുക്കുമ്പോൾ അനുവദനീയമായിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ഈ പദ്ധതിക്കും ബാധകമാണ്.

(ഇ) ഒന്നാംഘട്ട വികസനം രണ്ട് വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(എഫ്) കഴക്കൂട്ടം-കളിയിക്കാവിള ബൈപ്പാസ് ദേശീയപാതയായി വികസിപ്പിക്കുന്നതിനാൽ നിലവിലുള്ള കരമന-കളിയിക്കാവിള ദേശീയപാതാ വികസനത്തിന് കേന്ദ്ര സർക്കാരിൽനിന്നും സഹായം ലഭിക്കുകയില്ല. സംസ്ഥാന ഫണ്ടിൽ നിന്നാണ് പ്രസ്തുത റോഡ് വികസനം നടത്തുവാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കോവളം നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

229 (826) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 സംസ്ഥാന ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പ് കോവളം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുത്തിയ ഏതെല്ലാം നിർമ്മാണ പ്രവൃത്തി കൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) 2008-09, 2009-10-ൽ പൊതുമരാമത്ത് വകുപ്പ് കോവളം നിയോജക മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്നും ഇവ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും തുക എത്ര വീതം എന്നും അറിയിക്കുമോ ;

(സി) പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ ഏറ്റെടുത്തതും വർഷങ്ങളായി യാതൊരുവിധ നിർമ്മാണവും നടത്താത്തതുമായ ഉച്ചക്കട-സിസിലിപുരം റോഡ്, മുള്ളുമുക്ക്-വെങ്ങാനൂർ റോഡ്, അമ്പലത്തുംമൂല കുരിശ്ശടി-കരുംകുളം റോഡ്, വണ്ടിത്തടം-പാലപ്പൂര് റോഡ് എന്നിവ സഞ്ചാര യോഗ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കോവളം-കളിയിക്കാവിള റോഡ് കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി പണി ആരംഭിച്ചു.

(ബി) കോവളം-കളിയിക്കാവിള റോഡ് കെ.എസ്.റ്റി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പുരോഗമിക്കുന്നു. മൊത്തം അടങ്കൽ തുക 33.45 കോടി രൂപയാണ്. പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം, കെട്ടിട വിഭാഗം എന്നിവയെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം 1, അനുബന്ധം 2, എന്നിവയിൽ കൊടുത്തിട്ടുണ്ട്.*

(സി) പരിഗണിക്കുന്നതാണ്.

കായംകുളം മണ്ഡലത്തിൽ അനുമതി നൽകിയിട്ടുള്ള മരാമത്ത് പ്രവൃത്തികൾ

230 (827) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-07 മുതൽ 2010-11 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുള്ള മരാമത്ത് പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോന്നിനും എന്തു തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാം ആണെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിർമ്മാണം നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാം ആണെന്നും അവയുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

(ഡി) നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ ഏതെല്ലാമെന്നും പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്നും അവ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.

(ഡി) അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു. *

ആലുവ മണ്ഡലത്തിലെ പദ്ധതികൾക്ക് ഭരണാനുമതി

231 (828) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആലുവ മണ്ഡലവുമായി ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ ഏതെങ്കിലും പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ബി) ആലുവ മണ്ഡലത്തിലെ 2010-11 വർഷത്തെ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള പദ്ധതികൾക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലുവ ഗസ്റ്റ് ഹൗസ് മന്ദിരത്തിന്റെ പണികൾക്കായി 688 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി ടൂറിസം വകുപ്പിൽനിന്നും നൽകിയിട്ടുണ്ട്.

(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 18 പദ്ധതികളാണ് ബഡ്ജറ്റിലുള്ളത്. ഇവയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടിയെടുത്തു വരുന്നു.

പട്ടാമ്പി നിയോജക മണ്ഡലത്തിലെ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി

232 (829) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി നിയോജക മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി റോഡുകളുടെ അറ്റകുറ്റപ്പണികൾ ഉടൻ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുളപ്പുള്ളി പട്ടാമ്പി പാതയിലെ പട്ടാമ്പി ടൗണിലെ ഒന്നര കിലോമീറ്റർ ദൂരം നന്നാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ഇത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എസ്റ്റിമേറ്റ് തുക എത്രയെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ പുരോഗതിയിലാണ്. കൂടാതെ അപ്ഗ്രഡേഷൻ പ്രവർത്തികൾക്കുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആ പ്രവർത്തികൾ ഉടൻ ആരംഭിക്കുന്നതാണ്.

(ബി & സി) പ്രസ്തുത റോഡിൽ വീതി കൂട്ടലും ഉപരിതലം പുതുക്കലും ഇപ്പോൾ പുരോഗതിയിലാണ്. ഇതിനുപുറമേ BMBC കൂടി ചെയ്യാൻ 150 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറിൽനിന്നും (നിരത്തുകളും പാലങ്ങളും) ലഭിച്ചിട്ടുണ്ട്. അയത് പരിശോധിച്ചു വരുന്നു.

അക്കിക്കാവ്-കടങ്ങോട് റേഡ് അറ്റകുറ്റപ്പണികൾ നടത്താൻ നടപടി

233 (830) ശ്രീ. ബാബു. എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ല-കുന്നംകുളം പി.ഡബ്ല്യൂ.ഡി. റോഡ്സ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയരുടെ കീഴിൽ വരുന്ന അക്കികാവ്-കടങ്ങോട് റോഡ് തകർന്ന് സഞ്ചാരയോഗ്യമല്ലാതെയായിത്തീർന്നത് ശ്രദ്ധൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് അടിയന്തരമായി അറ്റകുറ്റപ്പണി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി & സി) അക്കിക്കാവ് കടങ്ങോട് റോഡിന്റെ 100 ലക്ഷം രൂപയ്ക്കുള്ള പ്രവൃത്തിക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

മാള മണ്ഡലത്തിൽ പ്രഖ്യാപിച്ച പ്രവൃത്തികളുടെ സ്ഥിതി

234 (831) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുവായിരം കോടി രൂപയുടെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മാള മണ്ഡലത്തിൽ സർക്കാർ പ്രഖ്യാപിച്ച പ്രവൃത്തികളുടെ ഇന്നത്തെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതായ കൊടകര-കൊടുങ്ങല്ലൂർ സ്റ്റേറ്റ് ഹൈവേയുടെയും അന്നമട-മുഴിക്കുളം റോഡിന്റെയും, കരിങ്ങച്ചിറ പാലത്തിന്റെയും പ്രവൃത്തികൾ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ ;

(സി) മാളയിലെ മിനി സിവിൽ സ്റ്റേഷന്റെയും പറയംതോട് പാലത്തിന്റെയും നിർമ്മാണത്തിനുള്ള നടപടി എന്തായിയെന്ന് വ്യക്തമാക്കുമോ ;

(ഡി) മാള ടൗൺ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനം എന്തായി എന്ന് വ്യക്തമാക്കുമോ ;

(ഇ) ബഹു. മരാമത്ത് വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തൃശ്ശൂർ, കളക്ടറേറ്റിൽ വച്ച് എം. എൽ.എ മാരേയും മരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ച് നടത്തിയ പ്രവൃത്തി അവലോകനത്തെത്തുടർന്ന് മാള മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾ നടത്തുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി മാള നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ വിവരണം ചുവടെ ചേർക്കുന്നു :

1. കല്ലേറ്റുംകര-റെയിൽവേ സ്റ്റേഷൻ റോഡ്-എഴുന്നള്ളത്തുപാത റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചു

2. കൊടകര-കൊടുങ്ങല്ലൂർ റോഡിന്റെ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

3. അന്നമനട-മൂഴിക്കുളം റോഡിന്റെ പ്രവൃത്തി തുടങ്ങിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. കൊടകര-കൊടുങ്ങല്ലൂർ റോഡിന് 25-6-2010-ലെ സ.ഉ.1042/2010/ പൊ.മ.വ. പ്രകാരം 35% അധിക എസ്റ്റിമേറ്റ് തുക അനുവദിച്ചുവെങ്കിലും കൺസ്ട്രക്ഷൻ കോർപ്പറേഷൻ ടി പ്രവൃത്തി ചെയ്യാൻ തയ്യാറല്ലെന്ന് അറിയിച്ചിട്ടുണ്ട്.

2. അന്നമനട-മൂഴിക്കുളം റോഡിന്റെ ടെണ്ടർ ശ്രീ. കെ. ജെ. വർഗ്ഗീസ് എന്ന കരാറുകാരന് 23-7-2010-ലെ സ.ഉ.(സാധാ) നമ്പർ 1198/10/പൊ.മ.വ. പ്രകാരം 24% അധിക എസ്റ്റിമേറ്റ് തുക അനുവദിച്ചിരുന്നു. ഈ പ്രവൃത്തി ടിയാൻ ചെയ്യാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ടി തീരുമാനം പുനഃപരിശോധിക്കുന്നതിനായിട്ടുള്ള നിർദ്ദേശം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

3. ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.

(സി) മാളയിലെ മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് വേണ്ടി കരാർ വച്ചിട്ടുണ്ടെങ്കിലും നിർമ്മാണ സ്ഥലത്തുള്ള വൃക്ഷങ്ങൾ മുറിച്ചുമാറ്റേണ്ടതിനായി വനം വകുപ്പിന്റെ അനുമതി തേടിയിരിക്കുകയാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

പറയംതോട് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായി. പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

(ഡി) മാള ടൗൺ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ട നിർദ്ദേശം ചീഫ് എഞ്ചിനീയറിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) മാന്ദ്യവിരുദ്ധ പദ്ധതിയിൽപ്പെട്ട പ്രവൃർത്തികളുടെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 30-11-2010-ലെ സ.ഉ.(സാധാ) 1809/10/പൊ.മ.വ. പ്രകാരം തൃശ്ശൂർ ജില്ലയിൽ 43 പ്രവൃത്തികൾക്ക് 993.04 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ബാക്കി പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് വേണ്ട നടപടി സ്വീകരിച്ചുവരുന്നു

പറയംകുളം-പുലിമേൽ-ചുനക്കര-ചാരുംമൂട് റോഡ്

235 (832) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ പന്തളം മണ്ഡലത്തിൽപ്പെടുന്ന പറയംകുളം ജംഗ്ഷൻ-ആഞ്ഞിലിമൂട്, പുലിമേൽ-ചുനക്കര ക്ഷേത്രം ചാരുംമൂട് റോഡിന് ക്രമനമ്പർ 57-58 ആയി കമ്മിറ്റികളിൽ ചർച്ചചെയ്തെങ്കിലും അന്തിമ ഭരണാനുമതി ലിസ്റ്റിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

373/14

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ റോഡിന് എത്ര തുകയുടെ എസ്റ്റിമേറ്റാണ് പി.ഡബ്ല്യൂ.ഡി സർക്കാരിന് സമർപ്പിച്ചിട്ടുള്ളത് ;

(സി) ഈ റോഡിന് അടിയന്തരമായി ഫണ്ട് അനുവദിക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) 2 കോടി രൂപ എസ്റ്റിമേറ്റുള്ള ടി പ്രവൃത്തി, 22-2-2010-ൽ കൂടിയ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കമ്മിറ്റി പരിഗണിച്ചു. എന്നാൽ ബഡ്ജറ്റിൽ ഈ പ്രവൃത്തിക്ക് തുക വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

കൊല്ലം-തേനി ദേശീയപാത നിർമ്മാണം

236 (833) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട കൊല്ലം-തേനി ദേശീയപാതയുടെ പദ്ധതി പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് എന്ന് വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പാത കടന്നുപോകുന്ന പ്രദേശങ്ങളെ സംബന്ധിച്ച് വ്യക്തമായ തീരുമാനം എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ അസംബ്ലി നിയോജകമണ്ഡലങ്ങളും പഞ്ചായത്ത് പ്രദേശങ്ങളും ഉൾപ്പെടും എന്ന് വ്യക്തമാക്കുമോ ;

(സി) ഏതൊക്കെ പ്രധാന ജംഗ്ഷനുകൾ വഴിയാണ് നിർദ്ദിഷ്ട പാത കടന്നുപോകുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി രീതി വിശദീകരിക്കുമോ ;

(ഇ) റോഡു കടന്നുപോകുന്ന പ്രദേശങ്ങളിലെ സ്വകാര്യ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണങ്ങൾ എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയെന്നും എങ്ങനെയെന്നും വിശദമാക്കാമോ ;

(എഫ്) കൊല്ലം-തേനി ദേശീയപാത പദ്ധതി പ്രവർത്തനത്തിന്റെ പ്രധാനപ്പെട്ട ചുമതലയുള്ള ഓഫീസർമാരും ഓഫീസുകളും ഏതൊക്കെ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിർദ്ദിഷ്ട കൊല്ലം-തേനി ദേശീയപാത സ്വകാര്യ പങ്കാളിത്വത്തോടെ പേവ്ഡ് ഷോൾഡറോടു കൂടിയ രണ്ടുവരി പാതയായി വികസിപ്പിക്കുന്നതിന് ദേശീയപാത വികസന പദ്ധതിയുടെ നാലാം ഘട്ടത്തിൽ (NHDP Phase IV – Public Private Participation) DBFOT വ്യവസ്ഥയിൽ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം അംഗീകരിച്ച അലൈൻമെന്റ് പ്രകാരം കൊല്ലം-തേനി (NH 220) ദേശീയപാത കടന്നുപോകുന്നത് കൊല്ലം-കൊട്ടാരക്കര-അടൂർ-കോട്ടയം-കാഞ്ഞിരപ്പള്ളി വണ്ടിപ്പെരിയാർ എന്നീ സ്ഥലങ്ങളിലൂടെയാണ്. എന്നാൽ കൊല്ലം മുതൽ കോട്ടയം വരെയുള്ള അലൈൻമെന്റ് പുനർനിർണ്ണയിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൻപ്രകാരം പ്രസ്തുത പാത കൊല്ലം-തൃക്കടവൂർ-അഞ്ചാലമൂട്-പെരിനാട്-പനയം-കുണ്ടറ (ഇളംമ്പള്ളൂർ)- ഈസ്റ്റ് കല്ലട-ഭരണിക്കാവ്-ചക്കുവള്ളി-ശൂരനാട്-താമരക്കുളം-ചാരുമൂട്-ചുനക്കര-കൊല്ലകടവ്-ചെങ്ങന്നൂർ എന്നിവിടങ്ങളിലൂടെയാണ് കടന്നുപോകുന്നത്. കോട്ടയം മുതൽ തേനിവരെ നിലവിൽ ദേശീയപാത ആയതുകൊണ്ട് ഇതിന്റെ അലൈൻമെന്റിൽ മാറ്റമില്ല.

(സി) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ അംഗീകാരത്തിനായി സമർപ്പിച്ച അലൈൻമെന്റ് പ്രകാരം കൊല്ലം-തേനി ദേശീയപാത കൊല്ലം-തൃക്കടവൂർ-അഞ്ചാലംമൂട്-പെരിനാട്-പനയം-കുണ്ടറ(ഇളംമ്പള്ളൂർ) -ഈസ്റ്റ് കല്ലട-ഭരണിക്കാവ്-ചക്കുവള്ളി-ശൂരനാട്-താമരക്കുളം-ചാരുമൂട്-ചുനക്കര-കൊല്ലക്കടവ്-ചെങ്ങന്നൂർ-തിരുവല്ല-ചങ്ങനാശ്ശേരി-കോട്ടയം-കഞ്ഞിക്കുഴി-പാമ്പാടി-പൊൻകുന്നം-കാഞ്ഞിരപ്പള്ളി-മുണ്ടക്കയം-കുട്ടിക്കാനം പീരുമേട്-കുമിളി എന്നിവിടങ്ങളിലൂടെ കടന്നുപോകുന്നു.

(ഡി) അലൈൻമെന്റ് പുനർനിർണ്ണയത്തിനുള്ള നിർദ്ദേശം കേന്ദ്ര ഉപരിതലമന്ത്രാലയം അംഗീകരിച്ചതിനുശേഷം റോഡിന്റെ സാദ്ധ്യതാ പഠനം കഴിഞ്ഞതിനുശേഷമേ ഭൂമി ഏറ്റെടുക്കൽ നടപടിയെക്കുറിച്ച് തീരുമാനമുണ്ടാകുകയുള്ളു.

(ഇ) അലൈൻമെന്റ് മുഴുവനായി അംഗീകരിച്ചു കിട്ടാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല.

(എഫ്) കൊല്ലം-തേനി ദേശീയപാതയുടെ പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരും അവരുടെ ഓഫീസും അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കോഴിക്കോട് നഗര വികസന പദ്ധതി

237 (834) ശ്രീ. പി. എം. എ. സലാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയിൽ ഏതൊക്കെ റോഡുകളുടെ വികസനമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത് അവയിൽ ഓരോന്നി ന്റേയും ഇപ്പോഴത്തെ പുരോഗതി അറിയിക്കുമോ ;

(ബി) ഈ പദ്ധതിക്കായി എത്ര രൂപ വകയിരുത്തിയിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) രണ്ടു വർഷത്തിലധികകാലത്തെ ഈ പദ്ധതി പ്രവർത്തനത്തിന് എത്ര രൂപ ഏതൊക്കെ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതി പ്രവർത്തനത്തിലെ അക്ഷന്തവ്യമായ കാലതാമസം പരിഹരിക്കാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് നഗരവികസന പദ്ധതിയിൽ താഴെപ്പറയുന്ന റോഡു കളുടെ വികസനമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത് :

1. സ്റ്റേഡിയം-പുതിയറ റോഡ് : ലാന്റ് അക്വസിഷൻ പൂർത്തിയായി. റോഡ് നിർമ്മാണത്തിനുള്ള ഭരണാനുമതി സർക്കാരിന്റെ പരിഗണനയിലാണ്.

2. കാരപ്പറമ്പ്-കല്ലുത്താൻകടവ്: ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം 26-11-2010-ന് പ്രസിദ്ധീകരിച്ചു. സർവ്വേ ജോലികൾ നടന്നുവരുന്നു.

3. മാനാഞ്ചിറ-വെള്ളിമാടുകുന്ന്: സർവ്വേ ജോലികൾ നടന്നുവരുന്നു

4. വെള്ളിമാട്കുന്ന്-കോവൂർ : സർവ്വേ നടപടികളും വില നിർണ്ണയവും പൂർത്തിയായി.

5. ഗാന്ധി റോഡ്-മിനി ബൈപ്പാസ്സ് & കുനിയിൽകടവ്-മാവൂർ റോഡ് ജംഗ്ഷൻ ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം 12-11-2010-ന് പ്രസിദ്ധീക രിച്ചു. സർവ്വേ ജോലികൾ നടന്നുവരുന്നു.

6. പനാത്ത് താഴം- CWRDM : ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

7. ഫ്രാൻസിസ് റോഡ് മാങ്കാവ് ജംഗ്ഷൻ: റോഡ് നിർമ്മാണ പ്രവർത്ത

LIBRARY ARCHIVES Kerala Legislative Assembly

നങ്ങൾക്കായി തയ്യാറാക്കിയ അലൈൻമെന്റിലും, ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചും ചില ആക്ഷേപങ്ങളുള്ളതിനാൽ ആയത് പരിശോധിച്ചുവരുന്നു.

(ബി) മേൽപറഞ്ഞിട്ടുള്ള പ്രവൃത്തികൾക്കായി 113.42 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഭൂമി ഏറ്റെടുക്കുന്നതിനായി 20 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) ഈ പദ്ധതി പ്രവർത്തനത്തിന് ഇതുവരെയായി ലാന്റ് അക്വസിഷൻ അടക്കം 11,61,60,181 രൂപ താഴെപ്പറയുന്ന ഇനങ്ങളിൽ ചെലവായിട്ടുണ്ട്.

ലാന്റ് അക്വസിഷൻ ചെലവ്	11,04,74,642
ആഫീസ് ചെലവുകൾ	56,85,539
ആകെ	11,61,60,181

(ഡി) കാലതാമസം ഒഴിവാക്കി സമയബന്ധിതമായി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കോഴിക്കോട് ഒന്നാം മണ്ഡലത്തിൽ പൊതുമരാമത്ത് ഏറ്റെടുത്ത് നടത്തിയ പദ്ധതികൾ

238 (835) <u>ശ്രീ. എ. പ്രദീപ് കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ഒന്നാം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തിയ പദ്ധതികളുടെ പേരും അടങ്കൽ തുകയും പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥയും വിശദമാക്കുമോ ?

<u>ഉത്തരം</u>

പൊതുമരാമത്ത് വകുപ്പ് റോഡുകളും പാലങ്ങളും വിഭാഗം, ദേശീയപാതാ വിഭാഗം, കേരളാ റോഡ് ഫണ്ട് ബോർഡ്, കെട്ടിട വിഭാഗം എന്നിവയിലൂടെ കോഴിക്കോട് ഒന്നാം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ പേരും അടങ്കൽ തുകയും യഥാക്രമം അനുബന്ധം-1, അനുബന്ധം-2, അനുബന്ധം-3, അനുബന്ധം-4 എന്നിവയിലായി ചേർത്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പാവയിൽ ചീർപ്പ് ഭാഗത്ത് പുതിയ പാലം പണിയുന്നതിന് അടിയന്തര നടപടി

239 (836) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിനേയും കക്കോടി പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന പുത്തൂർ പുഴയിൽ പാവയിൽ ചീർപ്പ് ഭാഗത്ത് ഒരു പുതിയ പാലം പണിയുന്നതിനുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ; ഈ പാലം യാഥാർത്ഥ്യമാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ ;

(സി) ദേശീയപാത 17-ൽ കോരപ്പുഴയുടെ കുറുകെ ഒരു പുതിയ പാലം പണിയണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഈ കാര്യത്തിൽ ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ പാലം പണിയുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. എൻ.എച്ച്.17-ൽ നിലവിലുള്ള കോരപ്പുഴ പാലത്തിന് സമാന്തരമായി പുതിയപാലം നിർമ്മിക്കുന്നതിനുള്ള സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നു.

പൊന്നാനി-വെങ്ങളം തീരദേശപാത നിർമ്മാണം

240 (837) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി-വെങ്ങളം തീരദേശപാത യാഥാർത്ഥ്യമായാൽ കോഴിക്കോടിനും കൊച്ചിക്കുമിടയിലുള്ള ദൂരം 215-ൽ നിന്നും 171 കിലോമീറ്ററായി കുറയുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ 2002-ൽ ആർ.ഐ.ടി.ഇ.എസ്., 2009-ൽ കിറ്റ്കോ എന്നീ സ്ഥാപനങ്ങൾ ഇതു സംബന്ധമായ പഠന റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായോ ;

(സി) തീരദേശപാതയിൽപ്പെടുന്ന കടലുണ്ടി പാലം ഗതാഗതത്തിന് തുറന്നു കൊടുത്തതും നിർദ്ദിഷ്ട പാതയുടെ ചില ഭാഗങ്ങളിൽ പഴയ ടിപ്പുസുൽത്താൻ റോഡ് നിലനിൽക്കുന്നതും പാത നിർമ്മാണത്തിന്റെ ചെലവ് ഏറെ കുറയ്ക്കുന്ന ഘടകങ്ങളാണെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സമർപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കിറ്റ്കോ 2009-ൽ സമർപ്പിച്ച ആദ്യത്തെ റിപ്പോർട്ടിൽ പൊന്നാനി-എ ലത്തൂർവരെയാണ് ഉൾപ്പെടുത്തിയിരുന്നത്. ഇത് വെങ്ങളം വരെ നീട്ടികൊണ്ടുള്ള പുതിയ റിപ്പോർട്ട് 2010 നവംബറിൽ ആർ.ബി.ഡി.സി.കെ-ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

വയനാട് ജില്ലയിലെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണ പുരോഗതി

241 (838) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാലുവർഷങ്ങളിൽ വയനാട് ജില്ലയിൽ റോഡുകളുടെ നിർമ്മാണത്തിനായി ചെലവഴിച്ച തുകയുടെ താലൂക്ക്തല വിശദാംശം വ്യക്തമാക്കുമോ ;

(ബി) വൈത്തിരി താലൂക്കിൽ കഴിഞ്ഞ നാലുവർഷങ്ങളിൽ നടത്തിയ റോഡ് പുനരദ്ധാരണ പ്രവൃത്തിയുടെ വിശദാംശം വ്യക്തമാക്കുമോ ;

(സി) വൈത്തിരി താലൂക്കിൽ നടപ്പുവർഷം ഭരണാനുമതി ലഭിച്ച റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) 2006-07 മുതൽ 2010-11 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ വൈത്തിരി താലൂക്കിൽ ഏതെല്ലാം പാലങ്ങളുടെ നിർമ്മാണത്തിനാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഭരണാനുമതി ലഭിച്ച പാലങ്ങളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) സുൽത്താൻബത്തേരി താലൂക്കിൽ 23.21 കോടി രൂപ, വൈത്തിരി താലൂക്കിൽ 22.41 കോടി രൂപ മാനന്തവാടി താലൂക്കിൽ 32.32 കോടി രൂപ

(ബി)

1. ഹിൽഹൈവേ വയനാട് ജില്ലാ-മാനന്തവാടി കല്പറ്റ റോഡിൽ കി.മീ.19/500-നും 30/500-നും ഇടയിൽ ബി.എം.& ബി.സി. പ്രവൃത്തി എസ്റ്റിമേറ്റ് തുക 170 ലക്ഷം പൂർത്തീകരിച്ചു

2. ചെന്നലോട്-ഓട്ടുപാറ റോഡിൽ കി.മീ.0/00 മുതൽ 3/900 വരെ എസ്റ്റിമേറ്റ് തുക 1 കോടി പൂർത്തീകരിച്ചു.

3. കല്പറ്റ-മേപ്പാടി റോഡ് കി.മീ 4/00 മുതൽ 6/00 വരെ, പണി പുരോഗമിക്കുന്നു.

4. വിഷൻ 2010 മുട്ടിൽ മേപ്പാടി റോഡ് 0/00 മുതൽ 4/00 വരെ, പണി പുരോഗമിക്കുന്നു.

5. വിഷൻ 2010 ചെന്നലോട്-ഓട്ടുപാറ റോഡ് കി.മീ. 0/00 മുതൽ 3/900 വരെ പണി പുരോഗമിക്കുന്നു.

6. ടൂറിസം വികസനം വയനാട് ജില്ല വെള്ളമുണ്ട-ബാണാസുരസാഗർ റോഡ് കി.മീ.0/000 മുതൽ 9/500-നും ഇടയിൽ വെള്ളമുണ്ട-വാരാമ്പറ്റ പന്തിപൊയിൽ-പടിഞ്ഞാറെത്തറ റോഡ് ബി.എം.&ബി.സി. പ്രവൃത്തി പുരോഗമിക്കുന്നു.

7. ടൂറിസം കാവുംമന്ദം എച്ച്.എസ്സ് കർളാട് തടാകം റോഡ് 0/00 മുതൽ 3/400 പണി പുരോഗമിക്കുന്നു.

8. ടൂറിസം മലബാർ പാക്കേജിൽ പടിഞ്ഞാറത്തറ പന്തിപൊയിൽ റോഡ് കി.മീ. 0/00 മുതൽ 4/00 ബി.എം.&ബി.സി. പ്രവൃത്തി പുരോഗമിക്കുന്നു.

9. തളിപ്പുഴ പൂക്കോട് തടാകം വൈത്തിരി റോഡ് കി.മീ. 0/000 മുതൽ 2/850 നും ബി.എം.&ബി.സി. പ്രവൃത്തി പുരോഗമിക്കുന്നു.

10. എം.എൽ.എ.എസ്. ഡി.എഫ്. 2008 മുട്ടിൽ ഗ്രാമപഞ്ചായത്തിലെ മണക്കാത്തി പാലം നിർമ്മാണം കരാർ നടപടി തുടങ്ങി

11. കോഴിക്കോട്-വൈത്തിരി ഗൂഡല്ലൂർ റോഡ് കി.മീ. 97/000 ചോലാടി പാലം പുനർനിർമ്മാണം നബാഡിൽ ഉൾപ്പെടുത്തി പണി പൂർത്തീകരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

(സി)

1. വിഷൻ 2010 മൂട്ടിൽ മേപ്പാടി റോഡ് 0/00 മുതൽ 4/00 വരെ അഭിവൃദ്ധിപ്പെടുത്തൽ പണി പുരോഗമിക്കുന്നു.

2. വിഷൻ 2010 ചെന്നലോട്-ഓട്ടുപാറ റോഡ് ക.മീ; 0/000 മുതൽ 3/900 വരെ അഭിവൃദ്ധിപ്പെടുത്തൽ പണി പുരോഗമിക്കുന്നു.

3. തളിപ്പുഴ-പൂക്കോട് തടാകം-വൈത്തിരി റോഡ് കി.മീ. 0/000 മുതൽ 2/850 വരെ ബി.എം.&ബി.സി. പ്രവൃത്തി പുരോഗമിക്കുന്നു.

4. കാവുമന്ദം എച്ച്.എസ്. കർളാട് തടാകം റോഡ് 0/00 മുതൽ 3/400-നും ഇടയിൽ അഭിവൃദ്ധിപ്പെടുത്തൽ പണി പുരോഗമിക്കുന്നു.

5. വെള്ളമുണ്ട-വാരാമ്പറ്റ പന്തിപൊയിൽ-പടിഞ്ഞാറത്തറ റോഡ് അഭിവൃദ്ധിപ്പെടുത്തൽ കി.മീ.0/00 മുതൽ 9/500 വരെ പണി പുരോഗിക്കുന്നു.

6. പടിഞ്ഞാറത്തറ-ബാണാസുരസാഗർ റോഡ്-പന്തിപൊയിൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ-കി.മീ. 0/00 മുതൽ 4/00 വരെ പണി പുരോഗമിക്കുന്നു.

(ഡി)

1. ചിക്കല്ലൂർ പാലം
2. പാത്തിക്കൽ പാലം
3. മണക്കത്തി പാലം
4. ചോലാടി പാലം

(ഇ)

1. ചിക്കല്ലൂർ പാലം-പാലം പണി പുരോഗമിക്കുന്നു.
2. പാത്തിക്കൽ പാലം ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.
3. മണക്കത്തി പാലം കരാർ എഗ്രിമെന്റ് വച്ചു.
4. ചോലാടി പാലം പണി പൂർത്തീകരിച്ചു.

വയനാട് ചുരം ബദൽ റോഡ്

242 (839) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിപ്പിലിത്തോട്, മരുതിലാവുവഴി വയനാട് ചുരം ബദൽ റോഡ് പ്രോജക്ടിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതി നടപ്പിലാക്കുന്നതിന് നേരിടുന്ന തടസ്സങ്ങൾ എന്താണെന്ന് വിശദമാക്കുമോ;

(സി) പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) നിർദ്ദിഷ്ട വയനാട് ചുരം ബദൽ റോഡ് എൻ.എച്ച്. 212-ൽ കി.മീ 47/500-ൽ തുടങ്ങി കി.മീ.60/200-ൽ(തളിപ്പുഴ) വയനാട് ജില്ലയിൽ അവസാനിക്കുന്നു. പ്രസ്തുത റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് എൽ.ബി.എസ്. പ്രാഥമിക സർവ്വേ നടത്തിയിട്ടുണ്ട്. ഇത് പരിശോധിച്ചുവരുന്നു. പ്രസ്തുത റോഡിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആവശ്യമായ ഭൂമിയും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകി റോഡ് നിർമ്മാണം ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) ചുരം ബദൽ റോഡിന് 31.97 ഏക്കർ വനഭൂമിയും 180.5 ഏക്കർ സ്വകാര്യ ഭൂമിയും ഏറ്റെടുക്കേണ്ടതുണ്ട്. ഇതിൽ വയനാട് ജില്ലയിലെ വനഭൂമി Ecologically Fragile Land വിഭാഗത്തിൽ ഉൾപ്പെട്ടതാണ്. വനഭൂമി ഏറ്റെടുക്കുന്നതിന് വനം വകുപ്പിന്റെയും കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെയും അനുമതി ആവശ്യമാണ്. വനഭൂമിയിൽ ഉൾപ്പെടുന്ന 3.5 കി.മീ. സ്ഥലം അനുവദിച്ച് കിട്ടുക എന്നതാണ് ഇത് സംബന്ധിച്ച പ്രധാന തടസ്സം.

(സി) വനം വകുപ്പുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ വകുപ്പ് തലത്തിൽ കൈക്കൊണ്ടിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ ഭരണാനുമതി ലഭിച്ച റോഡുകളും പാലങ്ങളും

243 (840) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-11 സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിലെ ഏതെല്ലാം റോഡുകളുടേയും പാലങ്ങളുടേയും പ്രവൃത്തിക്ക് ഭരണാനുമതി നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾ ഇതിനോടകം ടെണ്ടർ വിളിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികൾ ഇതിനോടകം ടെണ്ടർ വിളിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകിയെന്നും ഓരോന്നിനും ടെണ്ടർ തുക എത്രയെന്നും അറിയിക്കുമോ?

ഉത്തരം

(എ)

1. മാടായി ടി.ബി. മുട്ടം എട്ടിക്കുളം എച്ച്.എസ്. റോഡ് 552 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

2. പൂതപ്പാറ നീർക്കടവ് റോഡ് കി.മീ.0/00 മുതൽ 2/400 കി.മീ. 145 ലക്ഷം

3. ചൊവ്വ-മമ്പറം റോഡ് കി.മീ. 1/500-ൽ ചൊവ്വ നടാൽ ബൈപാസ്സ് കി.മീ. 1/900 മുതൽ 2/350 (ബാക്കി പ്രവൃത്തി) വരെ ബൈപാസ് നിർമ്മാണം 100 ലക്ഷം രൂപ. കൂടാതെ അനുബന്ധത്തിൽ ചേർത്തിരിക്കുന്ന 68 റോഡുകളുടെ ഉപരിതലം പുതുക്കുന്നതിനായി 1579.09 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി) 2010-11 വർഷം ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പേരാവൂർ മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ നവീകരണം

244 (841) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാവൂർ നിയോജകമണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി റോഡുകളുടെ നവീകരണത്തിനുവേണ്ടി എത്ര കോടിരൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ ;

(ബി) മലബാർ പാക്കേജിൽ ഉൾപ്പെടുത്തിയ ഈ മണ്ഡലത്തിലെ റോഡുകളുടെ നവീകരണ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാവൂർ നിയോജകമണ്ഡലത്തിൽ റോഡുകളുടെ ഉപരിതലം പുതുക്കൽ പ്രവൃത്തികൾക്കായി 918.40 ലക്ഷം രൂപയുടെയും റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി 4 പ്രവൃത്തികൾക്കായി 1406 ലക്ഷം രൂപയുടെയും വിഷൻ 2010-ൽ ഉൾപ്പെടുത്തി 2 പ്രവൃത്തികൾക്കായി 148.60 ലക്ഷം രൂപയുടെയും ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പ്രവൃത്തിക്കായി 750 ലക്ഷം രൂപയുടെയും പദ്ധതി ഇനത്തിൽ 2 പ്രവൃത്തികൾക്കായി 1270 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. പേരാവൂർ മണ്ഡലത്തിൽ നവീകരണ പ്രവൃത്തി നടത്തിയവകയിൽ പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗം 2006-10 കാലയളവിൽ 8,19,36,862 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി 4 റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 1406 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു :

1, കുന്നോത്ത് കേളൻ പീടിക-മട്ടിണി വള്ളിത്തോട് റോഡ് കെ1/00 -1020-728 ലക്ഷം-പ്രവൃത്തി ആരംഭിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. ഉരുവച്ചാൽ, കക്കയങ്ങാട് റോഡ് കി.മീ. 0/00 - 16/640 ടെണ്ടർ ചീഫ് എഞ്ചിനീയർ തലത്തിൽ പരിശോധിച്ചുവരുന്നു.

3. മട്ടന്നൂർ-ശിവപുരം-തോലമ്പ്ര പേരാവൂർ റോഡ് കി.മീ. 0/00-5/00 - 140 ലക്ഷം - പ്രവർത്തി ആരംഭിച്ചു

4. ഈന്തുംകരി-ഉരുപ്പുംകുറ്റി-ഏഴാംകടവ് റോഡ് കി.മീ. 0/00 - 2/100 - 98 ലക്ഷം പ്രവൃത്തി പുരോഗമിക്കുന്നു.

തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യു.ഡി യുടെ പ്രവൃത്തികൾ

245 (842) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ പി.ഡബ്ല്യു.ഡി ഏതെല്ലാം പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്നും ആയതിലേക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ ?

ഉത്തരം

ദേശീയപാത കി.മീ. 125/000 മുതൽ 135/000 വരെ (പരിയാരം മുതൽ തൃച്ചംബരം വരെ) ഉപരിതലം മെച്ചപ്പെടുത്തുന്നതിന് 5,99,97,108- രൂപയും 135/000 മുതൽ 140/500 വരെ (തൃച്ചംബര മുതൽ ധർമ്മശാല വരെ) ഉപരിതലം മെച്ചപ്പെടുത്തുന്നതിന് 16,5,48,445 രൂപയും കി.മീ. 129/800 മുതൽ 130/050 വരെ (ചിറവക്കിനും കുപ്പത്തിനും ഇടയിൽ ഉളള ഭാഗത്തെ വളവ, നികത്തി വീതി കൂട്ടുന്നതിന് 13,92,974 രൂപയും കി.മീ. 132/850 ചിറവക്കലുള്ള കലുങ്ക് പുനർനിർമ്മിച്ചതിന് 7,90,421 രൂപയും ചെലവഴിച്ചിട്ടുണ്ട്. കെ.എസ്.റ്റി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി തളിപ്പറമ്പ്, ഇരിട്ടി റോഡിന്റെ ഉപരിതലം മിനുക്കൽ ജോലികൾ ഏറ്റെടുത്ത് നടത്തിവരുന്നു. ഇതിലേക്കായി 6.38 കോടി രൂപ ചെലവഴിക്കുന്നതാണ്. കെട്ടിടവിഭാഗത്തെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* നിരത്തുകളും പലങ്ങളും വിഭാഗത്തെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

ബേവിഞ്ച-ആലൂർ-ഇരിയണ്ണി റേഡ് നിർമ്മാണം

246 (843) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് മണ്ഡലത്തിലെ ബേവിഞ്ച-ആലൂർ-ഇരിയണ്ണി റോഡിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത റോഡിന്റെ പണി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) പണി പൂർത്തിയാകുമ്പോൾ എന്ത് തുക ചെലവാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ- സി) 264 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്സ് ചീഫ് എഞ്ചിനീയറിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഭരണാനുമതി നൽകുന്നകാര്യം പരിശോധിച്ചുവരുന്നു.

പെരുമ്പളക്കടവ്-നായന്മാർമൂല-എരപ്പക്കട്ട റോഡ് പുനഃരുദ്ധാരണം

247 (844) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് മണ്ഡലത്തിലെ പെരുമ്പളക്കടവ്-നായന്മാർമൂല എരപ്പക്കട്ട റോഡിന്റെ അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) എന്നത്തേക്ക് പണി ആരംഭിക്കാൻ കഴിയുമെന്നും പണി പൂർത്തിയാകുമ്പോൾ എന്ത് തുക ചെലവാകുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) കാസർകോഡ് മണ്ഡലത്തിലെ പെരുമ്പളക്കടവ്-നായന്മാർമൂല-എരപ്പക്കട്ട റോഡിന്റെ അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തി തുടങ്ങിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാകുമ്പോൾ ഏകദേശം 290 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

കാസർഗോഡ്-കാഞ്ഞങ്ങാട് റോഡിന്റെ പുനരുദ്ധാരണം

248 (845) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് മണ്ഡലത്തിലെ കാസർഗോഡ്-കാഞ്ഞങ്ങാട് ഓൾഡ് എസ്. എച്ച് റോഡിന്റെ (കളങ്കര കടവത്ത് കറന്തക്കാട് റോഡ്) അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) എന്നത്തേക്ക് പണി ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) പണി പൂർത്തിയാകുമ്പോൾ എന്ത് തുക ചെലവാകുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) കാസർഗോഡ് മണ്ഡലത്തിലെ കാസർഗോഡ് കാഞ്ഞങ്ങാട് ഓൾഡ് എസ്.എച്ച് റോഡിന്റെ (കളങ്കര കടവത്ത് കറന്തക്കാട് റോഡ്) അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തി തുടങ്ങിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാകുമ്പോൾ ഏകദേശം 294 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

പാലങ്ങളുടെ നിർമ്മാണം

249 (846) ശ്രീ. പി. വിശ്വൻ :
ശ്രീ. എം. ഹംസ
ശ്രീമതി കെ. കെ. ലതിക
ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ പാലങ്ങൾ പണിയുന്നതിനും ബലക്ഷയമുള്ള പാലങ്ങൾ പുനർനിർമ്മിക്കുന്നതിനുമായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ വന്നശേഷം എത്ര വൻകിട പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി ; എത്ര പാലങ്ങളുടെ പണി നടന്നുവരുന്നു ;

(സി) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി എത്ര പാലങ്ങളുടെ പണിക്ക് അനുമതി നൽകിയിട്ടുണ്ട് ; ഇവയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ഡി) പാലം പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിന്റെ ബജറ്റ് വിഹിതം ഉപയോഗിച്ച് ഓരോ വർഷവും പുതിയ പാലങ്ങൾ പണിയുന്നതിനും ബലക്ഷയമുള്ള പാലങ്ങൾ പുനർനിർമ്മിക്കുന്നതിനും അനുമതി നൽകിയതിനുപുറമേ 2009-10 വർഷത്തെ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 14-7-2009-ലെ സർക്കാർ ഉത്തരവ് പ്രകാരം 575.86 കോടി രൂപ മതിപ്പ് ചെലവിൽ 97 പ്രവൃത്തികൾക്കും 14-8-2009-ലെ സർക്കാർ ഉത്തരവ് പ്രകാരം 282.95 കോടി രൂപ മതിപ്പ് ചെലവിൽ 77 പ്രവൃത്തികൾക്കും ഭരണാനുമതി നൽകുകയുണ്ടായി. ഇവയിൽ മിക്കവാറും പാലങ്ങളുടെ പ്രവൃത്തികൾ പുരോഗമിക്കുകയാണ്.

(ബി) വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്

(സി) 174 പ്രവൃത്തികൾക്ക് ഭരണാനുമതി നല്കി. ഇവയിൽ 120 പ്രവൃത്തികൾക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകിയ പ്രവൃത്തികൾ നിർമ്മാണ ഘട്ടത്തിലും ബാക്കിയുള്ളവ പ്രാരംഭ ഇൻവെസ്റ്റിഗേഷൻ ഘട്ടത്തിലുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

റോഡുകളുടെയും പാലങ്ങളുടെയും പ്രവൃത്തികൾക്ക് ഭരണാനുമതി

250 (847) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 സാമ്പത്തിക വർഷം കോട്ടയം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെയും പാലങ്ങളുടെയും പ്രവൃത്തിക്ക് ഭരണാനുമതി നൽകിയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഭരണാനുമതി നൽകിയ ഉത്തരവുകളുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ;

(സി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾ ഇതിനോടകം ടെണ്ടർ വിളിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) എ.എസ്. നൽകിയ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇനിയും സാങ്കേതികാനുമതി നൽകാൻ അവശേഷിക്കുന്നതെന്ന് അറിയിക്കുമോ ;

(ഇ) ഭരണാനുമതി നൽകിയ ഏതൊക്കെ പ്രവൃത്തികൾ ടെണ്ടർ വിളിച്ചിട്ടുണ്ട്.

(എഫ്) ടെണ്ടർ വിളിച്ച ഏതെല്ലാം പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകിയെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച ടെണ്ടർ തുക എത്രയാണെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2010-11 സാമ്പത്തിക വർഷം താഴെപ്പറയുന്ന 7 റോഡുകൾക്കും കാഞ്ഞിരംപാലം നിർമ്മാണത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട് :

1. R.P. 2010-11 providing 20mm chiping carpet Kottayam to Veloor Road 0/00 to 1/500 Km.

2. R.P. 2010-11 providing 20mm chipping carpet Kumarakm-Vechoor Road 4/500 to 5/40 KM.

3. R.P. 2010-11 providing 20mm chipping carpet Kanjiram-Panampady road 0/000 to 1/800 KM.

4. R.P. 2010-11 providing 20mm chipping carpet Kanjikuzhy to Kalladu Road 2/500 to 4/330 Km.

5. R.P. 2010-11 providing 20mm chipping carpet Thiruvathukal to Temple Road Kottayam.

6. D.R. 2010-11 providing 20mm chipping carpet Parayil Valayilkadavu Road 0/00 to 1/200 Km.

LIBRARY ARCHIVES Kerala Legislative Assembly

7. D.R. 2010-11 providing 20mm chipping carpet to Old MC Road-Boat Jetty Roa.

(ബി) പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 7 റോഡ് പണികൾക്ക് 2011 ജനുവരി മാസത്തിൽ ടെണ്ടർ വിളിച്ചിട്ടുണ്ട്

(ഡി) കാഞ്ഞിരം പാലത്തിന് സാങ്കേതികാനുമതി നൽകിയിട്ടില്ല.

(ഇ) സി. പിരിവിന്റെ മറുപടി കാണുക.

(എഫ്) ടെണ്ടർ നടന്നിട്ടില്ലാത്തതിനാൽ ഇപ്പോൾ ലഭ്യമല്ല.

ആര്യനാട് നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

251 (848) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആര്യനാട് നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചവയും നിർമ്മാണത്തിലുമുള്ള ഏതെല്ലാം പാലങ്ങളാണ് ഉള്ളത് ; വിശദാംശം നൽകുമോ ;

(ബി) നെല്ലിക്കുഴി-പരുത്തിക്കുഴി പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് അനുബന്ധ റോഡിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി വൈകുന്നതിന്റെ കാരണം എന്താണ് ;

(സി) അണിയിലക്കടവ് പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് തുടങ്ങാൻ സാധിക്കും ; ഇതിലേക്കായി എന്തെല്ലാം നടപടികളാണ് പൂർത്തിയായിട്ടുള്ളത് ;

(ഡി) പലവട്ടം മുടങ്ങിയ കീഴാറൂർക്കടവ് പാലത്തിന്റെ നിർമ്മാണം എന്തായിയെന്ന് വ്യക്തമാക്കുമോ ; ഇതിന്റെ നിർമ്മാണം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) 1. കരമനയാറിന് കുറുകെയുള്ള ആര്യനാട് അണിയിലക്കടവ് പാലം.

2. ചിറ്റാർ നദിക്ക് കുറുകെയുള്ള നെല്ലിക്കുഴി-പരുത്തിക്കുഴി പാലം. ഇവയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

ആര്യനാട് അണിയിലക്കടവ് പാലത്തിന്റെ അലൈൻമെന്റ് അംഗീകരിച്ചിട്ടുള്ളതും മണ്ണ് പരിശോധന നടത്തിക്കഴിഞ്ഞിട്ടുള്ളതുമാണ്. നെല്ലിക്കുഴി-പരുത്തിക്കുഴി പാലത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൊന്നുംവില നടപടിക്രമങ്ങളിലുള്ള കാലതാമസം മൂലമാണ് ഭൂമി ഏറ്റെടുക്കൽ വൈകുന്നത്.

(സി) ആര്യനാട് - അണിയിലക്കടവ് പാലത്തിന്റെ അലൈൻമെന്റ് അംഗീകരിച്ച് മണ്ണ് പരിശോധന നടത്തിക്കഴിഞ്ഞു. സ്ഥലം ഏറ്റെടുക്കുന്നതിനു വേണ്ടി ഉടനെതന്നെ അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതാണ്. സ്ഥലം ഏറ്റെടുത്തു കഴിഞ്ഞാൽ ഉടനെതന്നെ ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

(ഡി) കീഴാറൂർക്കടവ് പാലത്തിന്റെ നിർമ്മാണത്തിനായി സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലമെടുപ്പ് നടപടികൾ നടന്നുവരുന്നു.

എഴുപുന്ന-കുമ്പളങ്ങി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

252 (849) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ-എറണാകുളം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന എഴുപുന്ന-കമ്പളങ്ങി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം ഏതു ഘട്ടം വരെയെത്തിയെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത അപ്രോച്ച് റോഡ് നിർമ്മിക്കാത്തുമൂലം ഇരുപ്രദേശങ്ങളിലുമുള്ളവർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത അപ്രോച്ച് റോഡിന് നിർമ്മാണത്തിന് അനുമതി കൊടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത അപ്രോച്ച് റോഡിന് അനുമതി നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) അപ്രോച്ച് റോഡ് നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പൊന്നുംവില നടപടികൾ പൂർത്തിയായിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് 160 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) അപ്രോച്ച് റോഡിന്റെ ടെണ്ടർ നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മങ്ങാട്ടുപുലം പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

253 (850) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിലെ മങ്ങാട്ടുപുലം പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായി 4 വർഷം പിന്നിട്ടിട്ടും അനന്തര നടപടികൾ വൈകുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) അപ്രോച്ച് റോഡ് നിർമ്മാണം ആരംഭിക്കാനും പാലം ഗതാഗത യോഗ്യമാക്കാനും സത്വരനടപടികൾ സ്വീകരിക്കുമോ ;

ഉത്തരം

(എ&ബി) അപ്രോച്ച് റോഡ് നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടില്ല.

(സി) ആവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് പാലം ഗതാഗതത്തിന് തുറന്നുകൊടുക്കാവുന്നതാണ്.

ചെയിനേജ് പുനരുദ്ധാരണം

254(851) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോരങ്കുഴി പാലത്തിന്റെയും നെടുമുടി-കരുവാറ്റ റോഡിന്റെയും ഹരിപ്പാട് നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ചെയിനേജിന്റെ പുനരുദ്ധാരണത്തിന് പൊതുമരാമത്ത് വകുപ്പ് ഫണ്ട് അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഫണ്ട് ചെലവഴിക്കുന്നതിന് വകുപ്പ് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദീകരിക്കുമോ ;

(ഡി) പ്രസ്തുത നിർമ്മാണ പ്രവൃത്തി ഏതു മാസം പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പ്രസ്തുത പ്രവൃത്തിക്ക് 4-1-2010-ൽ എഗ്രിമെന്റ് വയ്ക്കുകയും റോഡ് നിർമ്മാണത്തിനായുള്ള എർത്ത് ഫില്ലിംഗ് പുരോഗമിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2011 മാർച്ച് മാസത്തിനുള്ളിൽ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

പുതിയ പട്ടാമ്പി പാലം നിർമ്മിക്കുന്നതിന് നടപടി

255 (852) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പിയിൽ ഭാരതപ്പുഴയുടെ കുറുകെ സ്ഥിതിചെയ്യുന്ന നിലവിലുള്ള പാലത്തിന്റെ ബലക്ഷയം പരിഗണിച്ച് പുതിയ പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ ;

(ബി) ഇതു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എസ്റ്റിമേറ്റ്സ് സംഖ്യ എത്ര രൂപയാണ് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) പാലം പണിയുന്നതിനുള്ള സ്ഥലം പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്.

മന്ത്രി മന്ദിരങ്ങളുടെ നിർമ്മാണം

256 (853) ശ്രീ. എം. എ. വാഹീദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മന്ത്രിമാർക്കായി നിർമ്മിക്കുന്ന പുതിയ മന്ദിരങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഇത്തരത്തിൽ പുതുതായി നിർമ്മിക്കുന്ന ഓരോ മന്ത്രിമന്ദിരങ്ങളുടെയും ചെലവ് എത്ര രൂപ വീതമാണ് ;

(സി) ഈ മന്ത്രിമന്ദിരങ്ങളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്നറിയിക്കുമോ ;

(ഡി) ഈ മന്ത്രിമന്ദിരങ്ങൾകൂടി പൂർത്തിയാകുമ്പോൾ സംസ്ഥാനത്ത് എല്ലാ മന്ത്രിമാർക്കും ഔദ്യോഗിക വസതികൾ ലഭ്യമാക്കാൻ കഴിയുമോ ;

(ഇ) ഇനിയും കൂടുതലായി പുതിയ മന്ത്രിമന്ദിരങ്ങൾ നിർമ്മിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ മന്ത്രിമാർക്കായി പുതിയതായി ആറ് മന്ദിരങ്ങളാണ് നിർമ്മിക്കുന്നത്. ഇവയുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗതിയിലാണ്. 70 ശതമാനം പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഫ്ളോറിംഗ്, പെയിന്റിംഗ്, സാനിറ്ററി ഫിറ്റിംഗ്സ് മുതലായ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രവൃത്തി പുരോഗമിക്കുന്ന ആറ് മന്ദിരങ്ങളിൽ ഓരോന്നിലും ടെണ്ടർ അധിക തുക ഉൾപ്പെടെ 1,25,00,000 രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നു.

(സി) ഈ മന്ത്രിമന്ദിരങ്ങളുടെ നിർമ്മാണം 2011 മാർച്ച് മാസം 31-ന് മുൻപ് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) പ്രതിപക്ഷ നേതാവിന്റേത് ഉൾപ്പെടെ ഇപ്പോൾ നിലവിൽ 15 മന്ത്രി മന്ദിരങ്ങൾ ഉണ്ട്. പുതിയതായി ആറ് മന്ദിരങ്ങളാണ് നിർമ്മിക്കുന്നത്. ഇതുകൂടി പൂർത്തിയാകുന്നതോടെ എല്ലാ മന്ത്രിമാർക്കും ഔദ്യോഗിക വസതികൾ ലഭ്യമാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

വയനാട് ജില്ലയിലെ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി

257 (854) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ കഴിഞ്ഞ നാല് വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച കെട്ടിടനിർമ്മാണ പ്രവൃത്തികളുടെ താലൂക്ക്തല വിശദാംശം വ്യക്തമാക്കുമോ ?

(ബി) നാലുവർഷം വൈത്തിരി താലൂക്കിൽ ഭരണാനുമതി ലഭിച്ച കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം വ്യക്തമാക്കുമോ ;

(സി) കൽപ്പറ്റ കോടതിയുടെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന കാര്യത്തിലെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

(സി) കൽപ്പറ്റ കോടതി നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് 600 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മണലൂർ സബ്ട്രഷറി കെട്ടിട നിർമ്മാണം

258 (855) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ കാഞ്ഞാണിയിൽ മണലൂർ സബ്ട്രഷറി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ട്രഷറി ഡയറക്ടറേറ്റിൽ നിന്നും ബിൽഡിംഗ് വിഭാഗം ചീഫ് എഞ്ചിനീയർക്ക് കത്തു ലഭിച്ചിരുന്നോ ;

(ബി) 4-8-2010-ലെ പി. എൻ.4 (എ1) 1753/09 നമ്പർ കത്തുമുഖേന എന്ത് വിവരമാണ് ട്രഷറി ഡയറക്ടറേറ്റ് ആവശ്യപ്പെട്ടിരുന്നത് ;

(സി) പ്രസ്തുത വിവരങ്ങൾ ട്രഷറി ഡയറക്ടറേറ്റിന് നൽകിയോ എന്നറിയിക്കാമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ കാലതാമസത്തിനു കാരണമെന്ത് എന്നറിയിക്കുമോ ;

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) കാഞ്ഞാണിയിലുള്ള പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒന്നാം നിലയിൽ സ്ട്രോംഗ് റൂം പണിയുന്നതിന്റെ സുരക്ഷിതത്വം പരിശോധിക്കുവാനാണ് ആവശ്യപ്പെട്ടിരുന്നത്.

(സി & ഡി) പ്രസ്തുത വിവരങ്ങൾ ട്രഷറി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പരിശോധനയിൽ പ്രസ്തുത കെട്ടിടത്തിന്റെ ഒന്നാം നില സ്ട്രോംഗ് റൂം പണിയുന്നതിന് യോഗ്യമല്ല എന്ന് കണ്ടതിനാൽ നിലവിലുള്ള കെട്ടിടത്തോടുചേർന്ന് മുകളിൽ സ്ട്രോംഗ് റൂമും താഴെ കൗണ്ടറും എന്ന രീതിയിൽ രണ്ട് നിലയിലുള്ള ഒരു കെട്ടിടം പണിയുന്നതിനെ സംബന്ധിച്ച് ഒരു വിദഗ്ദ്ധ സമിതി, സ്ഥലം പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തൃശൂർ എഞ്ചിനീയറിംഗ് കോളേജ് പ്രസ്തുത സ്ഥലത്തെ മണ്ണ് പരിശോധിച്ച് പൈൽ ഫൗണ്ടേഷൻ വേണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കൊയിലാണ്ടി താലൂക്ക് ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം

259 (856) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ കൊയിലാണ്ടി താലൂക്ക് ആശുപത്രിയുടെ ബഹുനില കെട്ടിടത്തിന്റെ പ്രവൃത്തിടെണ്ടർ കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞിട്ടും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തത് ആരാണെന്നും ടെണ്ടർ നിരക്കിനെക്കാൾ എത്ര ശതമാനമാണ് ഇവർ കൂടുതൽ ആവശ്യപ്പെട്ടെന്നതും വ്യക്തമാക്കുമോ ;

(സി) ഈ ടെണ്ടർ അംഗീകരിക്കാനുള്ള തടസ്സമെന്താണെന്നും ഇതു പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഡി) മലബാർ പാക്കേജിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ ഏതൊക്കെ ടെണ്ടറുകൾക്ക് അംഗീകാരം നൽകിയെന്നും അതിനൊക്കെ സ്വീകരിച്ച നടപടക്രമങ്ങൾ എന്തൊക്കെയായിരുന്നെന്നും അവ ഓരോന്നും ടെണ്ടർ നിരക്കിനെക്കാൾ കൂടുതൽ എത്ര ശതമാനമുണ്ടായിരുന്നെന്നും വിശദാംശം ലഭ്യമാക്കുമോ ;

(ഇ) കൊയിലാണ്ടി താലൂക്ക് ആശുപത്രിയുടെ പ്രവൃത്തി നടപടി ക്രമങ്ങൾ പൂർത്തിയാക്കി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) ഈ പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തത് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ്. എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 12.93% കൂടുതൽ സിവിൽ വർക്കിനും 18.6% ഇലക്ട്രിക്കൽ വർക്കിനും ഇവർ ആവശ്യപ്പെട്ടിട്ടുണ്ട്.

22-6-2010-ലെ ടെണ്ടർ കമ്മിറ്റി പ്രസ്തുത നിരക്ക് അംഗീകരിച്ച് ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്കായി അയയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രാദേശിക നിരക്കും പൊതുമരാമത്ത് നിരക്കും തമ്മിലുള്ള വ്യത്യാസം സംബന്ധിച്ചുള്ള സാക്ഷ്യപത്രം ലഭിക്കുന്നതിനുള്ള കാലതാമസമാണ് ടി ടെണ്ടർ അംഗീകരിക്കുന്നതിനുള്ള തടസ്സമായിരുന്നത്. ഇത് ലഭ്യമാക്കുകയും പ്രസ്തുത ടെണ്ടർ അംഗീകരിക്കുന്നതിന് ധനകാര്യ വകുപ്പിനോട് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഡി) മലബാർ പാക്കേജിൽ ഉൾപ്പെടുത്തി ടെണ്ടർ അംഗീകരിച്ച കെട്ടിടനിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. * നിരത്തുകളുടെ പ്രവൃത്തികളുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുവരുന്നു.

(ഇ) ടെണ്ടർ അംഗീകരിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കുറ്റാലം റസ്റ്റ് ഹൗസ്

260 (857) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാട്ടിലെ കുറ്റാലത്ത് കേരള സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിന് റസ്റ്റ്ഹൗസ് ഉണ്ടോ ; ഇതിന്റെ നടത്തിപ്പു ചുമതല ആരെയാണ് ഏൽപ്പിച്ചിട്ടുള്ളത് ; റസ്റ്റ് ഹൗസ് സ്ഥിതിചെയ്യുന്നതടക്കം എത്ര ഏക്കർ സ്ഥലമാണ് ഇവിടെ കേരള സർക്കാരിനുള്ളത് ; ഇവയുടെ അതിർത്തികൾ എല്ലാം തന്നെ മതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) റസ്റ്റ് ഹൗസിന്റെ നടത്തിപ്പു ചുമതല ഇപ്പോൾ സബ്കോൺട്രാക്ട് കൊടുക്കുകയാണോ ചെയ്യുന്നത് ;

(സി) എങ്കിൽ എത്ര വർഷം കൂടുമ്പോഴാണ് ഇതിന്റെ നടത്തിപ്പിനുള്ള അവകാശം ലേലം ചെയ്യുന്നത് ;

(ഡി) ഇങ്ങനെ സബ്-കോൺട്രാക്ട് കൊടുക്കുന്നതുമൂലം ഇതെടുക്കുന്നവർ ഇത് ദുരുപയോഗം ചെയ്യുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത റസ്റ്റ് ഹൗസ് നടത്തിപ്പ് പി.ഡബ്ള്യൂ.ഡി. നേരിട്ട് നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തമിഴ്നാട്ടിലെ കുറ്റാലത്ത് കേരള പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ റസ്റ്റ് ഹൗസ് ഉണ്ട്. ഇതിന്റെ നടത്തിപ്പ് ചുമതല പൊതുമരാമത്ത് വകുപ്പ് കൊല്ലം ബിൽഡിംഗ്സ് ഡിവിഷന്റെ കീഴിലുള്ള പുനലൂർ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്കാണ്. പ്രസ്തുത റസ്റ്റ് ഹൗസ് സ്ഥിതി ചെയ്യുന്നതടക്കം 56.68 ഏക്കർ സ്ഥലം ഉണ്ട്. ഇത് മതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്.

(ബി-ഡി) പ്രസ്തുത റസ്റ്റ് ഹൗസിന്റെ നടത്തിപ്പ് ചുമതല സബ് കോൺട്രാക്ട് നൽകിയിട്ടില്ല.

(ഇ) പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് ഇപ്പോൾ നടക്കുന്നത്.

അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ

261 (858) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ 2008 ജനുവരിക്കു ശേഷം എത്ര അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികകളിലാണ് വേക്കൻസി ഉണ്ടായിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്ര വേക്കൻസികൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തു ; ഇതിൽ എത്ര ഒഴിവുകളിൽ നിയമനം നടത്തി ;

(സി) ഇപ്പോൾ വകുപ്പിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2008 ജനുവരിക്കുശേഷം അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) മാരുടെ 76 വേക്കൻസികളാണ് ഈ വകുപ്പിൽ ഉണ്ടായിരുന്നത്.

(ബി&സി) 76 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എൻ.ജി.ഒ.ക്വാർട്ടേഴ്സിലെ താമസക്കാർ

262 (859) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്കായി നിർമ്മിച്ചിട്ടുള്ള ക്വാർട്ടേഴ്സുകളിൽ സർക്കാർ ഉദ്യോഗസ്ഥരല്ലാത്തവർ താമസക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പി.എം.ജി. യിലെ ഹരിഹർ നഗർ ഇ4എ ക്വാർട്ടേഴ്സിൽ ഇപ്പോൾ താമസിക്കുന്നതാരാണെന്നും താമസിക്കുന്നയാൾ ഏത് വകുപ്പിലെ ജീവനക്കാരനാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) പി.എം.ജി.-യിലെ ഹരിഹർ നഗർ ഇ4 എ ക്വാർട്ടേഴ്സിൽ ഇപ്പോൾ താമസിക്കുന്നത് അർദ്ധസർക്കാർ സ്ഥാപനമായ കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റിയിലെ ജീവനക്കാരിയായ ശ്രീമതി ചന്ദ്രികാദേവി (ക്ലീനർ) ആണ്.

നിയമപരിഷ്ക്കരണ കമ്മീഷൻ റിപ്പോർട്ട്

263 (860) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിയമ പരിഷ്ക്കരണം നടത്തുന്നതിന് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ച ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ കമ്മീഷൻ അതിന്റെ റിപ്പോർട്ട് എന്നാണ് സർക്കാരിന് സമർപ്പിച്ചതെന്നറിയിക്കുമോ ;

(ബി) കമ്മീഷൻ പുതുക്കി ഏതെല്ലാം നിയമനങ്ങൾ കൊണ്ടുവരുന്നതിനാണ് ശുപാർശ സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) നിലവിലുള്ള ഏതെല്ലാം നിയമനങ്ങൾ റദ്ദ് ചെയ്യണമെന്നാണ് കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളതെന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിലുള്ള ഏതെല്ലാം നിയമനങ്ങൾക്കാണ് കമ്മീഷൻ ഭേദഗതി നിർദ്ദേശിച്ചിട്ടുള്ളതെന്നറിയിക്കുമോ ;

(ഇ) കമ്മീഷന്റെ ശുപാർശയിന്മേൽ സർക്കാർ നാളിതുവരെ എന്തെല്ലാം തീരുമാനങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) കമ്മീഷന്റെ ഏതെങ്കിലും ശുപാർശകൾ സർക്കാർ നാളിതുവരെ നടപ്പിലാക്കിയിട്ടുണ്ടോ ;

(ജി) കമ്മീഷന്റെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) കമ്മീഷന്റെ റിപ്പോർട്ട് 20-2-2009-ന് സർക്കാരിന് സമർപ്പിച്ചു.

(ബി-ഡി) 20-2-2009-ന് സർക്കാരിന് സമർപ്പിച്ച 1164 പേജ് വരുന്ന മൂന്ന് വാല്യങ്ങളുള്ള കമ്മീഷന്റെ പൂർണ്ണ റിപ്പോർട്ടിൽ വിവിധ വിഷയങ്ങളെ സംബന്ധിക്കുന്ന 104 കരട് ബില്ലുകളുണ്ട്. അവയിൽ 65 ബില്ലുകൾ പുതിയ നിയമങ്ങൾ ഉണ്ടാക്കുന്നതിനും 30 ബില്ലുകൾ നിലവിലുള്ള നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനും 9 ബില്ലുകൾ നിലവിലുള്ള ചട്ടങ്ങളും റഗുലേഷനുകളും ഭേദഗതി ചെയ്യുന്നതിനുമുള്ളതാണ്. കാലഹരണപ്പെട്ട 107 നിയമങ്ങൾ റദ്ദാക്കുന്നതിനും പ്രസ്തുത റിപ്പോർട്ടിൽ നിർദ്ദേശമുണ്ട്.

(ഇ-ജി) സുപ്രധാനമായ പല കണ്ടെത്തലുകളും ഉള്ള കമ്മീഷൻ റിപ്പോർട്ട് വിശദമായി പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ 31-3-2010-ലെ ജി.ഒ.(എം എസ്.) നം.62/2010 എന്ന ഉത്തരവിലൂടെ ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്.

തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച്

264 (861) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബി. രാഘവൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് പുനഃസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(ബി) ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) ബഞ്ച് സ്ഥാപിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കെട്ടിടം നിർമ്മിക്കാത്തതാണ് ബഞ്ച് സ്ഥാപിക്കുന്നതിന് തടസ്സമെന്ന കേന്ദ്ര നിയമ മന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഹൈക്കോടതി ബഞ്ച് സ്ഥാപിച്ചു കിട്ടാൻ ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ&ബി) 16-8-2006-ൽ സംസ്ഥാന മന്ത്രിസഭായോഗം, തിരുവനന്തപുരത്ത് സ്ഥിരമായി ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു. അതനുസരിച്ച് ബഞ്ച് സ്ഥാപിക്കുവാൻ അനുവാദത്തിനായി കേരള ഹൈക്കോടതി ബഹു. ചീഫ് ജസ്റ്റിസിനോട് അഭ്യർത്ഥിച്ചു. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിലും കൊണ്ടുവന്നു. കേരള നിയമസഭ ഇക്കാര്യത്തിൽ രണ്ട് പ്രാവശ്യം ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും ചെയ്തു. 2007-ജനുവരിയിൽ ബഹു. കേരള മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിയേയും കേന്ദ്ര നിയമ മന്ത്രിയേയും കണ്ട് ഇക്കാര്യത്തിൽ അടിയന്തര നടപടി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിച്ചു. 14-12-2007-ൽ ബഹു. കേരള ചീഫ് ജസ്റ്റിസ് അഭ്യർത്ഥന നിരസിച്ചതിനെത്തുടർന്ന് 27-12-2007 -ലെ മന്ത്രിസഭാ യോഗം ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിനോട് തീരുമാനം പുന : പരിശോധിക്കുവാനും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുവാനും തീരുമാനിച്ചു. തദനുസരണം 29-1-2008-ലെ 26880/ലെഗ്.ബി.1/07/നിയമം നമ്പർ അർദ്ധഔദ്യോഗിക കത്തും, 4-2-2008-ലെ 26880/ലെഗ്.ബി.1/07/നിയമം നമ്പർ കത്തും അനുസരിച്ച് കേരള ചീഫ് ജസ്റ്റിസിനോടും കേന്ദ്രസർക്കാരിനോടും തിരുവനന്തപുരത്ത് സ്ഥിരമായി ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ അപേക്ഷ പരിഗണിക്കുന്നതിന് അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് 25-3-2008-ൽ ബഹു. മുഖ്യമന്ത്രിയും നിയമമന്ത്രിയും ഇതിലേക്കായി പൂർണ്ണമായ ഒരു നിർദ്ദേശം ബഹു. കേരള ഗവർണ്ണർക്ക് സമർപ്പിച്ചു. കൂടാതെ ബഹു. മുഖ്യമന്ത്രിയും ബഹു. പ്രതിപക്ഷനേതാവും നയിച്ച സർവ്വകക്ഷിസംഘം 30-4-2008-ൽ ബഹുമാന്യയായ ഇന്ത്യൻ പ്രസിഡന്റിനെയും 15-4-2008-ൽ ബഹു. പ്രധാന മന്ത്രിയേയും കണ്ട് അതേ നിർദ്ദേശം സമർപ്പിച്ചിട്ടുമുണ്ട്. മാത്രമല്ല തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിന് അനുകൂല ഉത്തരവ് ഉണ്ടാക്കുന്നതിനായി കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുവാനും ബഹുമാനപ്പെട്ട കേരള ഗവർണ്ണർക്ക് 4-12-2008-ൽ ബഹു. മുഖ്യമന്ത്രി ഒരു അർദ്ധ ഔദ്യോഗിക കത്തും നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഗവർണ്ണറുടെ ശുപാർശ കേന്ദ്രസർക്കാരിന് നൽകിയിട്ടുണ്ട്.

(സി) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ബഹു. കേരള ചീഫ് ജസ്റ്റിസിനെ ബോധ്യപ്പെടുത്തിയതിനുശേഷം ആവശ്യപ്പെട്ടാൽ പരിഗണിക്കാമെന്നാണ് 16-2-2009-ലെ D.O. Lr. K-No.18/1/2008 US1 കത്ത് മുഖാന്തിരം ബഹുമാനപ്പെട്ട കേന്ദ്ര നിയമമന്ത്രി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയെ അറിയിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സാധ്യമാകുന്ന എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

ദേശീയ ഗെയിംസിന് അനുവദിച്ച തുക വിനിയോഗിക്കുന്നതിനുള്ള സംവിധാനം

265 (862) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി കേന്ദ്രം നാളിതുവരെ എത്ര തുക സംസ്ഥാന സർക്കാരിന് ധനസഹായമായി നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുക വിനിയോഗിക്കുന്നതിന് സംസ്ഥാന സർക്കാർ ഏതെങ്കിലും ഏജൻസിയെയോ കമ്മിറ്റിയെയോ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത തുക ചെലവ് ചെയ്യുന്നതിനും മോണിറ്റർ ചെയ്യുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഇ) സംസ്ഥാന സർക്കാർ ദേശീയ ഗെയിംസിനായി എത്ര തുക നാളിതുവരെ ചെലവ് ചെയ്തു എന്നറിയിക്കുമോ ;

(എഫ്) പ്രസ്തുത തുക എന്തെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിച്ചതെന്നറിയിക്കുമോ ?

(ജി) പ്രസ്തുത തുക വിനിയോഗിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) 35-ാമത് ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി കേന്ദ്രസർക്കാർ 110 കോടി രൂപ അനുവദിക്കുകയും ആദ്യഗഡുവായി 55 കോടി രൂപ സംസ്ഥാന സർക്കാരിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

(ബി-ഡി) ഉണ്ട്. 35-ാമത് ദേശീയ ഗെയിംസ് ഒരു ബൃഹത് സംരംഭമായതിനാൽ ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിന് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ നിർദ്ദേശങ്ങൾക്കനുസരണമായി വ്യക്തമായ രൂപരേഖയോടെ നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ് എന്ന പേരിൽ ഒരു സ്ഥാപനം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ നടപ്പാക്കുന്നതിനായി മുഖ്യമന്ത്രി ചെയർമാനായി ഗവേണിംഗ് ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയും കായിക വകുപ്പുമന്ത്രി ചെയർമാനായി ഒരു എംപവേർഡ് കമ്മിറ്റിയും കൂടാതെ സ്പോർട്സ് ടെക്നിക്കൽ കമ്മിറ്റിയും വർക്ക്സ് ടെക്നിക്കൽ കമ്മിറ്റിയും,

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിച്ചിട്ടുണ്ട്. നാഷണൽ ഗെയിംസ് നടത്തിപ്പിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങളും നവീകരണങ്ങളും പ്രസ്തുത കമ്മിറ്റികളുടെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്നു.

(ഇ) 35-ാമത് ദേശീയ ഗെയിംസിനായി ഇതേവരെ പദ്ധതിയിനത്തിൽ 16.13 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 2.91 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(എഫ്) ദേശീയ ഗെയിംസിനുവേണ്ടി വിവിധ സ്റ്റേഡിയങ്ങളുടെ നവീകരണത്തിനും പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനും വേണ്ടിയാണ് തുക ചെലവഴിച്ചത്.

(ജി) നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് മുഖേനയാണ് തുക വിനിയോഗിക്കുന്നത്.

കേരളത്തിൽ നിന്ന് ഐ.പി.എൽ.ടീം

266 (863) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രിക്കറ്റ് കായിക രംഗത്തിന്റെ പ്രചരണാർത്ഥം കേരളത്തിൽ നിന്ന് ഒരു ഐ.പി.എൽ.ടീമിനെ സ്വപ്ന സാക്ഷാത്കാരത്തിനായി സംസ്ഥാന സർക്കാരിന്റെ ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് ;

(ബി) കൊച്ചി ഐ.പി.എൽ. ടീമിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കത്തിന് പരിഹാരം കാണുന്നതിന് സർക്കാരിന് ഏതെങ്കിലും ഇടപെടൽ നടത്താനാകുമെന്ന് കരുതുന്നുണ്ടോ ; ഇതിനായി പ്രസ്തുത ടീമിന്റെ ഉടമസ്ഥാവകാശമുള്ള റോന്ദേവു കൺസോർഷ്യത്തിന്റെ പ്രതിനിധികളുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ ;

(സി) ഇതിനായി സർക്കാർ തലത്തിൽ മദ്ധ്യസ്ഥ ചർച്ചകൾ നടത്തണമെന്ന നിർദ്ദേശം ,പരിഗണനയിലുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) & (സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കോമൺവെൽത്ത് ഗെയിംസിലും ഏഷ്യാഡിലും മെഡൽ നേടിയവർക്ക് പ്രോത്സാഹനം

267 (864) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. എം. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ കോമൺവെൽത്ത് ഗെയിംസിലും ഏഷ്യാഡിലും വിവിധ ഇനങ്ങളിൽ മെഡലുകൾ നേടിയ മലയാളി കായികതാരങ്ങൾക്ക് സംസ്ഥാന സർക്കാർ എന്തൊക്കെ പ്രോത്സാഹനങ്ങളാണ് നല്കിയത് എന്ന് വിശദമാക്കുമോ ;

(ബി) കോമൺവെൽത്ത്, ഏഷ്യാഡ് എന്നീ കായിക മത്സരങ്ങളിൽ പങ്കെടുത്തവർക്ക് കൂടുതൽ കായിക നേട്ടം കൈവരിക്കാൻ സഹായകരമാകുന്ന തരത്തിൽ അന്തർദേശീയ നിലവാരമുള്ള കോച്ചിംഗ് പരിപാടികളിൽ പങ്കെടുക്കുന്നതിന് സർക്കാർ എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഏതെങ്കിലും വ്യക്തികളുടെ മാത്രം കോച്ചിംഗ് ലഭിച്ചതുമൂലം ഈ മേളകളിൽ കഴിവുകൾ പൂർണ്ണമായും പ്രകടിപ്പിക്കാനാകാതിരുന്ന കായികതാരങ്ങളെ കണ്ടെത്തി അവർക്ക് കൂടുതൽ അന്തർദേശീയ നിലവാരത്തിലുള്ള കൂടുതൽ പരിശീലനം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഡൽഹിയിൽ നടന്ന 19-ാമത് കോമൺവെൽത്ത് ഗെയിംസിലും ചൈനയിൽ നടന്ന 16-ാമത് ഏഷ്യൻ ഗെയിംസിലും മെഡൽ നേടിയ മലയാളി കായിക താരങ്ങൾക്കും പരിശീലകർക്കും സർക്കാർ ക്യാഷ് അവാർഡ് പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി & സി) കോമൺവെൽത്ത്/ഏഷ്യാഡ് കായിക മത്സരങ്ങളിലെ നേട്ടം പരിശോധിച്ചപ്പോൾ വ്യക്തമാകുന്നത് അത്‌ലറ്റിക്സിലാണ് കേരളത്തിൽ വൻ നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്നത് എന്നാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അത്‌ലറ്റിക്സിൽ 2012, 2016 ഒളിമ്പിക്സുകളിൽ മെഡൽ പ്രതീക്ഷിച്ചുകൊണ്ട് 'ഗോ ഫോർ ഗോൾഡ്' എന്ന പുതിയൊരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത ഇനങ്ങളിൽ മകവ് തെളിയിച്ചവർക്ക് ഉന്നത നിലവാരമുള്ള പരിശീലനം നൽകുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

സ്പോർട്സ് പരിശീലകർക്ക് പാരിതോഷികം

268 (865) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഷ്യൻ ഗെയിംസിൽ മെഡലുകൾ നേടിയ മലയാളി കായിക താരങ്ങളുടെ പരിശീലകർക്ക് പാരിതോഷികം പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആർക്കൊക്കെ എത്ര തുക വീതം അനുവദിച്ചിട്ടുണ്ട് എന്നറിയിക്കുമോ ;

(സി) ഇല്ലെങ്കിൽ അവർക്ക് അർഹിക്കുന്ന പരിഗണന നൽകി പാരിതോഷികം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. എം.എ. ജോർജ്ജ്, ശ്രീ. നിഷാദ്, ശ്രീമതി പി.റ്റി.ഉഷ, ശ്രീ. ബിനു എം.റ്റി., ശ്രീ. രതീഷ്, ശ്രീ. ബാബു ജോൺ, ശ്രീ. ഭാസ്കരൻ എന്നിവർക്ക് ഓരോ ലക്ഷം രൂപവീതം അനുവദിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

പാലക്കാട് ജില്ലയിലെ കായികവിദ്യാഭ്യാസം

269 (866) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി പാലക്കാട് ജില്ലയിലെ ഏതൊക്കെ വിദ്യാലയങ്ങൾക്ക് എന്തൊക്കെ സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) സംസ്ഥാന കായികമേളയിലും ദേശീയ കായികമേളയിലും മികവുപുലർത്തുന്ന സ്കൂളുകൾക്കായി പ്രത്യേക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

(സി) ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ദേശീയ സംസ്ഥാന കായികമേളകളിൽ മികച്ച പ്രകടനം കാഴ്ചവച്ച പാലക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട പറളി ഹൈസ്ക്കൂളിന് എന്തൊക്കെ സഹായങ്ങൾ നൽകിയിട്ടുണ്ട് എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ വിദ്യാലയങ്ങൾക്ക് കളിസ്ഥലനിർമ്മാണത്തിനായി കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, കായികയുവജനകാര്യാലയം എന്നിവിടങ്ങളിൽ നിന്നും താഴെപ്പറയുംപ്രകാരം സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖാന്തിരം നൽകിയ തുക

1.	ജി.എച്ച്.എസ്.എസ്. കുമാരനല്ലൂർ	1,50,000
2.	ജി.എച്ച്.എസ്. മങ്കര	1,50,000
3.	ശ്രീ നാരായണ എഡ്യൂക്കേഷണൽ സൊസൈറ്റി, ഈസ്റ്റ് വില്ലേജ്, പല്ലശ്ശന	1,50,000
4.	ശ്രീ ശങ്കര ഓറിയന്റൽ എച്ച്.എസ്., ലക്കിടി	1,50,000
5.	എച്ച്.എം.എസ്. ആയല്ലൂർ, പാലക്കാട്	2,00,000
6.	ഡോ. ബി.കെ. മേനോൻ മെമ്മോറിയൽ എച്ച്.എസ്., തൃത്താല.	5,00,000
7.	ജി.എച്ച്.എസ്., കിഴക്കഞ്ചേരി	5,00,000
8.	ഗോപാൽ മെമ്മോറിയൽ വി.എച്ച്.എസ്., തിരുവാളത്തൂർ	1,50,000
9.	എസ്.എം.എം. എച്ച്.എസ്., പഴമ്പാലക്കോട്	3,00,000
10.	ജി.എച്ച്.എസ്.എസ്., കിഴക്കഞ്ചേരി, പാലക്കാട്	10,00,000

കായിക യുവജനകാര്യാലയം മുഖേന നൽകിയ തുക:
ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ, കുമാരനല്ലൂർ, തൃത്താല, ഒറ്റപ്പാലം, പാലക്കാട്-2,00,000

(ബി - ഡി) പരിഗണിക്കുന്നതാണ്.

ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം നിർമ്മാണം

270 (867) ശ്രീ. ആനത്തലവട്ടം ആനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ ഉദ്ഘാടനം ചെയ്യാൻ സാധിക്കുമോ ;

(സി) ഇനി ഏതൊക്കെ പണികളാണ് ശേഷിക്കുന്നത് ; വ്യക്തമാക്കുമോ ;

(ഡി) ഇതിന്റെ നിർമ്മാണച്ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്നും എത്ര ലക്ഷം രൂപയാണ് ഇതിന് വകയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

ഉത്തരം

(എ) നിർമ്മാണ പ്രവർത്തനം അവസാനഘട്ടത്തിലണ്.

(ബി) ഉദ്ഘാടനം എത്രയും വേഗത്തിൽ നടത്തുന്നതിനായി നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(സി) ഇൻഡോർ സ്റ്റേഡിയം, ഫുട്ബോൾ കോർട്ട്, റണ്ണിംഗ് ട്രാക്ക്, ഗ്യാലറി, വോളിബോൾ കോർട്ട്, ബാസ്ക്കറ്റ്ബോൾ കോർട്ട്, പവിലിയൻ, മതിൽ, ഗേറ്റ് തുടങ്ങിയവയുടെ പണികൾ അവസാന ഘട്ടത്തിലാണ്.

(ഡി) സർക്കാർ സ്ഥാപനമായ സിഡ്ക്കോയ്ക്കാണ് നിർമ്മാണ ചുമതല. 5,04,30,077-രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്.

ദേശീയ ആർച്ചറി അക്കാദമി

271 (868) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുൽപ്പള്ളിയിൽ ആരംഭിക്കുന്ന ദേശീയ ആർച്ചറി അക്കാഡമിയുടെ പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിക്കുമോ ;

(ബി) അക്കാഡമിയിൽ നിലവിൽ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്നും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(സി) അക്കാഡമിയുടെ കെട്ടിട നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും എത്ര കാലംകൊണ്ട് പൂർത്തീകരിക്കാനാവുമെന്നും ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത അക്കാഡമിയ്ക്ക് കേരള വർമ്മ പഴശ്ശിരാജയുടെ നാമദേയം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വയനാട് ജില്ലയിൽ പുൽപ്പള്ളിയിൽ ഒരു ആർച്ചറി അക്കാഡമി സ്ഥാപിക്കുന്നതിനായി 8 ഏക്കർ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്ഥലത്തിന്റെ സംരക്ഷണ ചുമതല ജില്ലാ സ്പോർട്സ് കൗൺസിലിനെ ഏൽപ്പിക്കുകയും താൽക്കാലികമായി അക്കാഡമി ആരംഭിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ അക്കാഡമി സ്ഥാപിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നതിനായി ജംഷഡ്പൂരിലെ ടാറ്റാ ആർച്ചറി അക്കാഡമി സന്ദർശിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിന് ഒരു വിദഗ്ദ്ധ സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) അക്കാഡമിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(സി) സംസ്ഥാന സർക്കാർ ലഭ്യമാക്കിയ 8 ഏക്കർ സ്ഥലത്ത് ആർച്ചറി അക്കാഡമി സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയ്ക്ക് നൽകുന്നതിനും താൽക്കാലികമായി ഷെഡ് പണിത് അക്കാഡമി പ്രവർത്തനം ആരംഭിക്കുന്നതിന് വയനാട് ജില്ലാ സ്പോർട്സ് കൗൺസിലിന് ഫണ്ട് ലഭ്യമാക്കുന്നതാണ്.

(ഡി) ഇക്കാര്യം പരിഗണിക്കുന്നതാണ്.

ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് അനുവദിച്ച തുക

272 (869) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി സ്പോർട്സ് കൗൺസിൽ, കായികയുവജനകാര്യാലയം എന്നിവ മുഖാന്തിരം അനുവദിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

കാസർഗോഡ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം

273 (870) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) നിർദ്ദിഷ്ട ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കാനുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ ?

(സി) ഇതിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കാസർഗോഡ് ഗവൺമെന്റ് കോളേജിൽ സ്പോർട്സ് കൗൺസിലിന്റെ ഫണ്ട് ഉപയോഗിച്ച് സ്റ്റേഡിയം നിർമ്മിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്. ഇതിലേക്കായി ജില്ലാ കളക്ടർ ചെയർമാനും കോളേജ് പ്രിൻസിപ്പൽ കൺവീനറുമായി ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(ബി) 14,33,64,000 രൂപ

(സി) കമ്മിറ്റിയുടെ തീരുമാനം വരുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്.

നീലേശ്വരം സ്റ്റേഡിയം നിർമ്മാണം

274 (871) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലബാർ സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി നീലേശ്വരം സ്റ്റേഡിയം നിർമ്മിക്കുന്നതിന് തുക അനുവദിച്ചുവെങ്കിലും നാളിതുവരെ ഈ പ്രവൃത്തിക്ക് അനുവദിച്ച തുക നീലേശ്വരം ബ്ളോക്ക് പഞ്ചായത്തിന്റെ പേരിൽ മാറ്റി നൽകാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ഉത്തരം

ഉണ്ട്. നീലേശ്വരം ഇ.എം.എസ്. മെമ്മോറിയൽ സ്റ്റേഡിയം നിർമ്മാണത്തിനായി 2010-11 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 2 കോടി രൂപ അനുവദിക്കുന്നതിനായി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ഇതുവരെയും ലഭ്യമാക്കിയിട്ടില്ല.

റെയിൽവേ വികസന പദ്ധതികൾ

275 (872) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ കേരളത്തിന് വേണ്ടിയുള്ള പദ്ധതികൾ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന ഗവൺമെന്റ് നിവേദനം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് അതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച അഭിപ്രായ രൂപീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യത്തിൽ എം.പി.മാർ എം.എൽ.എ. മാർ മറ്റ് പൊതുപ്രവർത്തകർ, യാത്രക്കാരുടെ പ്രതിനിധികൾ എന്നിവരുടെ അഭിപ്രയങ്ങൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(ഡി) മലബാർ മേഖലയുടെ റെയിൽ വികസനത്തിനുള്ള പ്രത്യേക പാക്കേജ് തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച് നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. 2010-11-ലെ റെയിൽ ബഡ്ജറ്റിനു മുന്നോടിയായി കേരളത്തിലെ റെയിൽവേ വികസനം സംബന്ധിച്ച് എം.പി.മാരുടെ യോഗം വിളിച്ചുചേർക്കുകയും നിർദ്ദേശങ്ങൾ അടങ്ങിയ മെമ്മോറാണ്ടം തയ്യാറാക്കി റെയിൽ മന്ത്രാലയത്തിൽ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മെമ്മോറാണ്ടത്തിന്റെ പകർപ്പ് അനുബന്ധമായി വെച്ചിട്ടുണ്ട്.*

(സി) പലപ്പോഴായി ജനപ്രതിനിധികളിൽ നിന്നും യാത്രക്കാരിൽ നിന്നും പാസഞ്ചർ അസോസിയേഷനുകളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളും പരിഗണിച്ചാണ് കേന്ദ്ര സർക്കാരുമായി ബന്ധപ്പെടുന്നത്.

(ഡി) കേന്ദ്ര സർക്കാരിന് നൽകിയ നിവേദനത്തിൽ സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള റെയിൽവേ വികസന പദ്ധതികളിൽ മലബാർ മേഖലയിലെ റെയിൽവേ വികസനവും ഉൾപ്പെടും.

കഞ്ചിക്കോട് കോച്ച് ഫാക്ടറി

276 (873) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. വി ചെന്താമരാക്ഷൻ :
ശ്രീ. എം. ഹംസ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഞ്ചിക്കോട് കോച്ച് ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത ഫാക്ടറി ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം സർക്കാർ ഏറ്റെടുത്ത് നൽകിയിട്ടിട്ടുണ്ടോ ;

(സി) കോച്ച് ഫാക്ടറിയുടെ പ്രവർത്തനം ആരംഭിക്കാത്തത് സംസ്ഥാന സർക്കാർ മുന്നോട്ട് വച്ചിട്ടുള്ള ഉപാധികൾ കാരണമാണെന്ന് കേന്ദ്ര റെയിൽവേ സഹമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വസ്തുതകൾ വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റെയിൽവേയുടെ സംരംഭമെന്ന നിലയിൽ പദ്ധതി ആരംഭിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ ?

ഉത്തരം

(എ & ബി) റെയിൽ കോച്ച് ഫാക്ടറി പദ്ധതിക്കാവശ്യമായ 430.59 ഏക്കർ ഭൂമിയിൽ 429.27 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്ത് കഴിഞ്ഞു. ഫാക്ടറിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ല. അനുമതി ലഭിക്കുന്ന മുറയ്ക്ക് സ്ഥലം കൈമാറുന്നതാണ്.

(സി) റെയിൽ കോച്ച് ഫാക്ടറി ഒരു പൊതുമേഖല സ്ഥാപനമായിരിക്കണമെന്നാണ് സംസ്ഥാന സർക്കാർ ആഗ്രഹിക്കുന്നതെന്നും ഭാവിയിൽ പദ്ധതി ഒരു ജോയിന്റ് വെഞ്ചറായി മാറ്റണമെന്ന സാഹചര്യം വരികയാണെങ്കിൽ സംസ്ഥാന സർക്കാർ സൗജന്യമായി നൽകുന്ന ഭൂമിയുടെ വില ഫാക്ടറിയിലുള്ള സംസ്ഥാന സർക്കാരിന്റെ ഓഹരിയായി കണക്കാക്കണമെന്ന നിബന്ധനയാണ് സംസ്ഥാന സർക്കാർ മുന്നോട്ടുവച്ചത്. തുടർന്ന് ജോയിന്റ് വെഞ്ചറി-ലെ സ്വകാര്യ പങ്കാളിക്ക് ഭൂമി ഉപ-പാട്ടത്തിന് നൽകാനുള്ള സ്വാതന്ത്ര്യത്തോടുകൂടി പദ്ധതിക്കാവശ്യമായ ഭൂമി 90 കൊല്ലത്തെ ദീർഘകാല പാട്ടത്തിന് റെയിൽവേക്ക് സംസ്ഥാന സർക്കാർ നൽകണമെന്ന് റെയിൽവേ മന്ത്രാലയം സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ടി നിർദ്ദേശം പരിശോധിച്ച് യുക്തമായ തീരുമാനം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും പദ്ധതി അടിയന്തരമായി നടപ്പാക്കാനാവശ്യപ്പെടുകയും ചെയ്യുന്നതാണ്.

റെയിൽവേ വികസനം

277 (874) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ എന്തെല്ലാം പദ്ധതികളാണ് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ളത് ;

(ബി) അടുത്ത ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട പദ്ധതികളെ സംബന്ധിച്ച് കേരളത്തിൽ നിന്നുള്ള എം.പി.മാരുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പുതിയ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ;

(ഡി) മുൻ ബഡ്ജറ്റുകളിൽ കേരളത്തിന് അനുവദിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2010-11 റെയിൽ ബഡ്ജറ്റിന് മുന്നോടിയായി, സംസ്ഥാനത്തെ റെയിൽ വികസനം സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് എം.പി. മാരുടെ യോഗം വിളിച്ചുകൂട്ടുകയും ചർച്ചയിൽ ഉരുത്തിരിഞ്ഞു വന്ന ആശയങ്ങൾ ഉൾപ്പെടുത്തി നിവേദനം തയ്യാറാക്കി റെയിൽ മന്ത്രാലയത്തിനുമുമ്പാകെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുമുണ്ട്. നിവേദനത്തിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്. *

(ബി) 31-12-2010-ൽ ഇത് സംബന്ധിച്ച് എം.പി.മാരുമായി ചർച്ച നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) കേരളത്തിൽ ഹെഡ്ക്വാർട്ടേഴ്സുള്ള ഒരു പെനിൽസുലാർ റെയിൽവേ സോൺ, പാലക്കാട് കോച്ച് ഫാക്ടറി, വാഗൺ ഫാക്ടറി, ഹൈ സ്പീഡ് കോറിഡോർ, ഫ്രെയിറ്റ് കോറിഡോർ എന്നീ പദ്ധതികൾ നടപ്പിലാക്കണമെന്നാണ് മുഖ്യമായി സംസ്ഥാന സർക്കാർ കേന്ദ്രത്തോടാവശ്യപ്പെട്ടിരിക്കുന്നത്.

(ഡി) സമ്മർദ്ദം ചെലുത്തിവരുന്നു.

റെയിൽവേ വികസനത്തിന് ഡൽഹിയിൽ ലെയ്സൺ ഓഫീസറെ നിയമിക്കാൻ നടപടി

278 (875) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ റെയിൽവേ ആവശ്യങ്ങളും പ്രശ്നങ്ങളും സമയാസമയങ്ങളിൽ റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഡൽഹിയിൽ ലെയ്സൺ ഓഫീസർ ഉണ്ടോ ; ഇല്ലെങ്കിൽ ഒരു ലെയ്സൺ ഓഫീസറെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) റെയിൽവേ കാര്യങ്ങൾ സമയാസമയം വിലയിരുത്താൻ ഈ രംഗത്ത് പ്രഗത്ഭ്യം നേടിയ വിദഗ്ദ്ധർ അംഗങ്ങളായി ഒരു മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റെയിൽവേക്ക് മാത്രമായി ലെയ്സൺ വിംഗ് ഇല്ല. എന്നാൽ സംസ്ഥാനത്തിന്റെ വിവിധ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത് ഉതകുംവിധം ഡൽഹിയിൽ കേരള ഹൗസിൽ ഒരു ലെയ്സൺ വിംഗ് നിലവിലുണ്ട്.

(ബി) സംസ്ഥാനത്തെ റെയിൽവേ വികസനത്തിന് മാർഗ്ഗരേഖ നിശ്ചയിക്കുന്നതിനായി ഒരു മോണിറ്ററിംഗ് സെൽ നിലവിലുണ്ട്. 26-7-2010-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 300/2010/ഗതാ. നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത സെൽ പുന:സംഘടിപ്പിച്ചിട്ടുണ്ട്. മേൽ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

റെയിൽവേയുടെ കേരളാ സോൺ

279 (876) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്, തിരുവനന്തപുരം, കൊങ്കൺ ഡിവിഷനുകളെ ഏകോപ്പിച്ചുകൊണ്ട് റെയിൽവേയുടെ കേരളാ സോൺ ലഭിക്കുന്നതിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാന എം.പി. മാരും സർക്കാരും ചേർന്ന് റെയിൽവേ മന്ത്രിയുമായി ചർച്ച നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) കേരളത്തിൽ ഹെഡ്ക്വാർട്ടേഴ്സുള്ള ഒരു പെനിൻസുലാർ റെയിൽവേ സോൺ രൂപീകരിക്കണമെന്നത് സംസ്ഥാനത്തിന്റെ മുഖ്യ ആവശ്യമായി സർവ്വകക്ഷിയോഗം ബഹു. കേന്ദ്ര റെയിൽവേ മന്ത്രിക്ക് നൽകിയ നിവേദനത്തിൽ മുന്നോട്ടുവച്ചിട്ടുണ്ട്. കൂടാതെ ടി നിർദ്ദേശം എം.പി.മാരുടെ കോൺഫറൻസുകളിലെ അജണ്ടകളിൽ മുഖ്യ വിഷയമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. *

റെയിൽവേ റിസർവേഷൻ കൗണ്ടർ പട്ടം എൽ.ഐ.സി. ഓഫീസിൽ നിലനിർത്തുന്നതിന് നടപടി

280 (877) ശ്രീ. എൻ. ശക്തൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ പട്ടം എൽ.ഐ.സി ഓഫീസിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന റെയിൽവേ റിസർവേഷൻ കൗണ്ടർ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവിടെനിന്നും ഈ ഓഫീസ് മാറ്റുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇവിടെ റെയിൽവേ റിസർവേഷൻ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിൽതന്നെ ഈ ഓഫീസ് നിലനിർത്തുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. ഇക്കാര്യം റെയിൽ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എൽ.ഐ.സി. ഉദ്യോഗസ്ഥരും, റെയിൽവേ ഉദ്യോഗസ്ഥരുമായി ഇത് സംബന്ധിച്ച് ചർച്ചകൾ നടത്തുന്നതാണ്.

(ചോദ്യോത്തരങ്ങൾകഴിഞ്ഞു.)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 572, 579, 580, 582, 584, 587, 590, 592, 597, 602, 604, 607, 620, 622, 623, 630, 633; 636, 654, 662, 663, 666, 669, 673.674,678 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

അടിയന്തരപ്രമേയം

അനെർട്ടിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ

മി. സ്പീക്കർ : പൊതുമേഖലാ സ്ഥാപനമായ അനെർട്ടിന്റെ പുന:സംഘടനയിൽ നിയമവിരുദ്ധ പ്രവർത്തനങ്ങളും ധൂർത്തും ഫണ്ട് വകമാറ്റി ചെലവഴിക്കലും പുതിയ കമ്പനി രൂപീകരിക്കുവാനുള്ള തീരുമാനവും മൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. ജോർജ്, കെ. ബാബു, കെ. കുട്ടി അഹമ്മദ് കുട്ടി, കെ. പി മോഹനൻ, കെ. ബി. ഗണേഷ് കുമാർ, കെ. കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

പിന്നോക്ക-പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, കഴിഞ്ഞ നിയമസഭാ സമ്മേളനം നടക്കുമ്പോൾ ഇതേ പ്രശ്നംതന്നെ അടിയന്തര പ്രമേയമായി കൊണ്ടുവരികയും ബഹുമാനപ്പെട്ട സ്പീക്കർ 9-3-2010-ൽ സബ്മിഷനായി അനുവദിക്കുകയും ചെയ്ത പ്രശ്നം തന്നെയാണ് വീണ്ടും ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഞാൻ ഇവിടെ മറുപടി പറഞ്ഞതും സഭയ്ക്ക് അത് ബോദ്ധ്യപ്പെട്ടതുമാണ്. അത് ബോദ്ധ്യപ്പെടാഞ്ഞത് പോരാഞ്ഞിട്ട് ബഹുമാനപ്പെട്ട പി. സി. ജോർജ്ജ് ഞാനടക്കമുള്ളവരെ പ്രതിയാക്കി Before the Honourable Court of enquiry commission and the Special Judge Trivandrum. ഒരു കേസ്സും കൊടുത്തു. ഞാൻ ആറാമത്തെ പ്രതിയാണ്. ഈ പരാതിയിൽ സൂചിപ്പിച്ച ശ്രീ. സി. പി. നാരായണനും

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉണ്ണികൃഷ്ണനും രണ്ടും മൂന്നും പ്രതികളാണ്. ഞാൻ അതിന്റെ എല്ലാ കാര്യങ്ങളും പറയുന്നില്ല. ബഹുമാനപ്പെട്ട സ്പീക്കർക്ക് വേണമെങ്കിൽ ഞാൻ അത് മേശപ്പുറത്ത് വയ്ക്കാം. In the aforesaid circumstances, the complaint is rejected. അതിൽ പറഞ്ഞ കാരണങ്ങളാൽ കംപ്ലെയിന്റ് റിജക്ട് ചെയ്തിരിക്കുന്നുവെന്ന് വിജിലൻസ് കോടതി പറഞ്ഞിട്ടും ബഹുമാനപ്പെട്ട ജോർജിന് സംതൃപ്തി വരാത്തതുകൊണ്ട് അത് ഹൈക്കോടതിയിൽ കൊടുക്കുകയും ഹൈക്കോടതി 30-6-2010-ന് വിധി പറഞ്ഞു. In the result to the criminal revision petition is dismissed, has not pressed. എന്നു പറഞ്ഞാൽ, പെറ്റീഷൻ പ്രസ് ചെയ്യാത്തതുകൊണ്ട് റിജക്ട് ചെയ്തിരിക്കുന്നുവെന്നാണ് വിധിയിൽ പറഞ്ഞിരിക്കുന്നത്. ആ പ്രസ് ചെയ്യാത്ത കാര്യമാണ് ഇപ്പോൾ വീണ്ടും കൊണ്ടുവന്നിരിക്കുന്നത്. എന്നാലും ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച മൂന്ന് കാര്യങ്ങൾക്ക് മറുപടി പറയാൻ ഒരു മന്ത്രി എന്നുള്ള നിലയിൽ എനിക്ക് ബാദ്ധ്യതയുണ്ട്. വീണ്ടും വന്നു കഴിഞ്ഞാൽ വീണ്ടും മറുപടി പറയുന്നതിൽ എനിക്ക് യാതൊരു വൈമനസ്യവുമില്ല. അനെർട്ട് എന്നുപറയുന്നത് Agency for Non conventional Energy for Rural Technology, 1956-ലെ ട്രാവൻകൂർ-കൊച്ചിൻ സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതുമായ ഒരു ആട്ടോണമസ് ബോഡിയാണ് അനെർട്ട്; ഇതിന്റെ പ്രവർത്തനം സുതാര്യമാണ്, യാതൊരാക്ഷേപത്തിനും വിധേയമല്ലാത്ത രൂപത്തിലാണ് മുന്നോട്ടു പോകുന്നത്. ഏതെങ്കിലും സ്പെസിഫിക്കായ അലിഗേഷൻ ഉണ്ടെങ്കിൽ കൊണ്ടുവന്നാൽ അതിനെ സംബന്ധിച്ച് സമഗ്രമായ അന്വേഷണവും പരിശോധനയും നടത്തുന്നതിൽ ഗവൺമെന്റിന് ഒരു വൈമനസ്യവുമില്ല. ബഹുമാനപ്പെട്ട ശ്രീ. പി. സി. ജോർജ് ഇവിടെ മൂന്ന് കാര്യങ്ങളാണ് സൂചിപ്പിച്ചത്. അതിൽ ഒന്ന്, ഫണ്ടിന്റെ വിനിയോഗമാണ്. രണ്ടാമത്തേത് നിയമനങ്ങളാണ്. മൂന്നാമതായി, പുതുതായി രൂപീകരിക്കാൻ പോകുന്ന കമ്പനിയെ സംബന്ധിച്ചാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഞാൻ പറഞ്ഞതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 35 കോടി രൂപ അനെർട്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. അനെർട്ട് എന്നു പറയുന്നത് ഗ്രാമീണ വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് ഊർജ്ജ ഉൽപ്പാദനത്തിൽ വികേന്ദ്രീകരണം ഏറ്റവും ഫലപ്രദമായി നടപ്പിലാക്കുന്ന ഒരു സ്ഥാപനത്തിന് സാങ്കേതികമായിട്ടുള്ള അറിവ് പകരുന്ന ഒരു സ്ഥാപനമാണ്. അതാണ് അനെർട്ടിന്റെ പ്രധാനപ്പെട്ട ജോലി. ഭരണഘടനാ ആർട്ടിക്കിൾ 73, 74 പ്രകാരം പാരമ്പര്യേതര ഊർജ്ജ മേഖല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമതലയുള്ളതാണ്. മാത്രമല്ല നേരത്തെ കേന്ദ്ര സർക്കാർ നടപ്പിലാക്കിവന്ന സബ്സിഡി സ്കീമുകൾ, ഐ.ആർ.ഇ.പി. പ്രോജക്ടുകളെല്ലാം അവസാനിപ്പിച്ചശേഷം ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ഗ്രാമീണ ഊർജ്ജ ഉൽപ്പാദനത്തിൽ കേന്ദ്ര ഗവൺമെന്റ് വലിയ പ്രാധാന്യം കൊടുത്തിരിക്കുന്നത്. അതിന്റെ ഭാഗമായി അവർ 35 കോടി രൂപ അനെർട്ടിൽ നിക്ഷേപിച്ചു. ഇതിൽ 18 കോടി രൂപ ഇന്റഗ്രേറ്റഡ് റൂറൽ എനർജി പ്ലാൻ തയ്യാറാക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

വിവിധ പഞ്ചായത്തുകൾ അനെർട്ടിൽ നിക്ഷേപിച്ചിട്ടുള്ളതാണ്. പാരമ്പര്യേതര ഊർജ്ജ പദ്ധതികളുടെ ഭാഗമായി കേന്ദ്ര പദ്ധതികൾ സമർപ്പിക്കുന്നതിനും കാർബൺ ക്രെഡിറ്റിനും വേണ്ടി യൂണൈറ്റഡ് നേഷൻസിൽ അപേക്ഷിക്കുന്നതിന് അടിസ്ഥാന രേഖയായി ഇന്റഗ്രേറ്റഡ് റൂറൽ പ്ലാന്റ് ഉണ്ടാക്കണം. അതുപോലെ തന്നെ മാൻഡേറ്ററി സർവ്വേ, എൻ.ടി.യു. സർവ്വേ, പവർലൈൻ മാപ്പിംഗ് തുടങ്ങിയ പ്രവൃത്തികളാണ് ഇവിടെ നടക്കേണ്ടത്. 2012-ഓടുകൂടി ഇത് പൂർത്തീകരിക്കേണ്ടത് ശ്രമകരമായ ഒരു ജോലിയാണ്. ഇതിൽ മാൻഡേറ്ററി സർവ്വേ ഇപ്പോൾ പൂർത്തിയായി. എൻ.ടി.യു. സർവ്വേയും പവർ ലൈൻ മാപ്പിംഗും ഇപ്പോൾ നടന്നുവരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ പഞ്ചായത്തുകളുടേയും സമഗ്ര ഊർജ്ജ ആസൂത്രണ രേഖ ഇപ്പോൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. 2012 മാർച്ച് മാസത്തോടെ ഇത് പൂർത്തിയാക്കാനാകും. അത് പൂർത്തിയാകുന്നതിന്റെ ഭാഗമായി വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സമഗ്ര പിക്ചർ നമുക്ക് ലഭിക്കുന്നതാണ്. അതിന്റെ പവർ ലൈൻ മാപ്പിംഗും സാങ്കേതികമായ കാര്യങ്ങളും പഠനങ്ങളുമെല്ലാം ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. 2012 മാർച്ച് വരെയാണ് ഈ പ്രോജക്ടിന്റെ കാലാവധിയെങ്കിലും അത് പൂർത്തിയാകും. 18 കോടി രൂപ അതിനുവേണ്ടിയുള്ളതാണ്. 9 കോടി രൂപ വിവിധ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനു വേണ്ടിയുള്ളതാണ്. നല്ല ഉപകരണങ്ങൾ നൽകുന്നതിന് കഴിയാതെ വന്നപ്പോൾ റീ-ടെന്റർ ചെയ്തതിന്റെ ഭാഗമായി കുറച്ച് കാലതാമസമുണ്ടായിയെങ്കിലും ഇപ്പോൾ എല്ലാം ശരിയായിട്ടുണ്ട്. അതിന്റെ ഭാഗമായി സോളാർ കുക്കർ, സോളാർ വാട്ടർ ഹീറ്റർ, വാംലൈറ്റിംഗ് സിസ്റ്റംസ്, പോർട്ടബിൽ ചൂള ഇതെല്ലാം പഞ്ചായത്തുകൾക്ക് ഇപ്പോൾ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ വിതരണം നടന്നുകൊണ്ടിരിക്കുകയാണ്. ഇനി നാല് ഉപകരണങ്ങളുടെ ടെസ്റ്റിംഗ് കൂടി നടന്നാൽ മാത്രമേ അത് വിതരണം നടത്താൻ പറ്റുകയുള്ളൂ. അതിന്റെ ടെസ്റ്റിംഗ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ച 18 കോടി രൂപയും ഈ 9 കോടി രൂപയും കൂടി ആകെ 27 കോടി രൂപയായിട്ടുണ്ട്. പിന്നെ 8 കോടി രൂപയാണ് ബാക്കിയുള്ളത്. 8 കോടി രൂപ ചെലവ് ചെയ്തുവെന്നതാണ് ആരോപണമായി വന്നിരിക്കുന്നത്. പഞ്ചായത്തുകൾ വികേന്ദ്രീകൃത ഊർജ്ജ ഉൽപ്പാദനത്തിനുവേണ്ടി പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ സാമ്പത്തികമായി അവരെ സഹായിക്കാൻ നമുക്ക് കഴിയില്ല. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഒരു പഠനത്തിന്റെ ഭാഗമായി ഏതാണ്ട് 333 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 867 ചെറുകിട ജലവൈദ്യുത പദ്ധതികൾ നമ്മുടെ വിവിധ സൈറ്റുകളിലുണ്ട്. ഇതിനുപുറമേ 20 മെഗാവാട്ടിന്റെ ജൈവ ഗ്യാസ് പ്ലാന്റുകളുടേയും സാദ്ധ്യത ഇവിടെയുള്ളതിനാൽ ഇതിനൊരു കമ്പനി ആവശ്യമാണ്. അതിന്റെ ഭാഗമായി ഒരു കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ കണ്ടുപിടിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുംവേണ്ടി ഈ കമ്പനി രൂപീകരിച്ചു കഴിഞ്ഞാൽ ഇവർക്ക് ഫണ്ട് ഫ്ളോട്ട് ചെയ്യാം. 333 മെഗാവാട്ടിന്റെ ചെറുകിട പദ്ധതികൾ പഞ്ചായത്ത് തുടങ്ങണമെങ്കിൽ

373/14

LIBRARY ARCHIVES Kerala Legislative Assembly

2,200 കോടി രൂപ വേണ്ടിവരും. പക്ഷേ നമുക്ക് അത് പറ്റില്ല. പഞ്ചായത്തുകളുടെ സഹായത്തോടുകൂടി അനെർട്ടിന്റെ സാങ്കേതികജ്ഞാനം ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ബാക്കിയുള്ള 8 കോടി രൂപ ആ കമ്പനിയിലേക്ക് ഷെയറായി കൊടുക്കുന്നതാണ്. അത് ആരും എടുക്കുന്നില്ല. അത് കമ്പനിക്കുവേണ്ടിയിട്ടുള്ളതാണ്. അതുകൊണ്ട് നേരത്തെ സൂചിപ്പിച്ചതുപോലെ 18 കോടി രൂപ പവർലൈൻ മാപ്പിംഗ് ആന്റ് ഇന്റഗ്രേറ്റഡ് റൂറൽ എനർജി പ്ലാൻ തയ്യാറാക്കൽ, 9 കോടി രൂപയുടെ ഉപകരണങ്ങൾ വാങ്ങിക്കൊടുക്കൽ, 8 കോടി രൂപ കമ്പനി രൂപീകരണത്തിനും മാറ്റിവച്ചിരിക്കുകയാണ്. ഇതിൽ യാതൊരു രൂപത്തിലുമുള്ള മിസ് അപ്രോപ്രിയേഷനും ഇല്ല. അനെർട്ട് എന്നു പറയുന്നത് ഒരു ഓട്ടോണമസ് സ്ഥാപനമാണ്. അത് പി.എസ്.സി.-ക്ക് വിട്ട ഒരു സ്ഥാപനമല്ല. സ്പെഷ്യൽ റൂൾസ് ഇല്ലാത്തതാണ്. ചട്ടപ്രകാരമല്ലാതെ ഒരു കാര്യവും നടക്കുന്നില്ല. ഒരു നിയമനവും നടന്നിട്ടുമില്ല. ഫിനാൻസ് ഓഫീസറുടെ നിയമനമാണ് നടന്നത്. അതിന് എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അധികാരമുള്ളതാണ്. ഞാൻ ലളിതമായ ഭാഷയിൽ എല്ലാവർക്കും ബോദ്ധ്യപ്പെടാവുന്ന രൂപത്തിൽ ഇവിടെ വിശദീകരിച്ചതാണ്. ബഹുമാനപ്പെട്ട പി. സി. ജോർജ് ഇടയ്ക്കിടയ്ക്ക് എന്തിനാണ് ഇങ്ങനെ പറയുന്നതെന്ന് എനിക്കറിയില്ല. അതുകൊണ്ട് ഇതോടുകൂടി ഇത് അവസാനിപ്പിച്ചാൽ നന്നായിരിക്കും എന്ന ഒരു അപേക്ഷ എനിക്കുണ്ട്. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു പ്രശ്നവും ഇതിലില്ല.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, അങ്ങ് പറഞ്ഞ എല്ലാ കാര്യവും മുഖവിലയ്ക്ക് എടുത്തുകൊണ്ട് ബഹുമാനത്തോടെ അങ്ങയോട് പറയട്ടെ, സാധാരണ ജുഡീഷ്യൽ എൻക്വയറി വയ്ക്കാനല്ലേ എല്ലാവരും പറയുന്നത്, പക്ഷേ ഞാൻ വിനയത്തോടുകൂടി അങ്ങയോട് അപേക്ഷിക്കുന്നു. ബഹുമാനപ്പെട്ട സ്പീക്കറും പ്രതിപക്ഷ നേതാവും മുഖ്യമന്ത്രിയും അവിടെയിരിക്കുന്ന എം.എൽ.എ. മാരും ചേർന്നുകൊണ്ട്, പ്രതിപക്ഷത്തെ എം.എൽ.എ.മാർ വേണ്ട, ഭരണകക്ഷിയിലെ അഞ്ച് എം.എൽ.എ മാരെ വച്ച് ഞാൻ പറയുന്ന കാര്യങ്ങൾ അങ്ങ് അന്വേഷിക്കാൻ തയ്യാറുണ്ടോ? ഞാൻ സാക്ഷിയായി ആ കമ്മിറ്റിയിൽ ഹാജരായിക്കൊള്ളാം. അങ്ങ് പറഞ്ഞതിന് വിരുദ്ധമായ സത്യസന്ധമായ കാര്യങ്ങൾ ഞാൻ ബോദ്ധ്യപ്പെടുത്തിയാൽ, ആ കമ്മിറ്റി അത് അംഗീകരിച്ചാൽ അങ്ങ് കുറ്റം സമ്മതിച്ച് നടപടി സ്വീകരിക്കാൻ തയ്യാറാകുമോ? അങ്ങ് ഇൻ-ഡയറക്ടായി ഇതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് അങ്ങ് സ്വയം ശിക്ഷ വാങ്ങിക്കുമോ എന്ന് ഈ സഭയിൽ പറയണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. ഞാൻ ആരേയും അപമാനിക്കാനല്ല, ഞാൻ ആദ്യമേ പറഞ്ഞല്ലോ, അങ്ങും പ്രതിപക്ഷ നേതാവും മുഖ്യമന്ത്രിയും ചേർന്നുകൊണ്ട് ഭരണകക്ഷിയിലെ അഞ്ച് എം.എൽ.എ.മാരെ വച്ചുകൊണ്ട് അന്വേഷിച്ചാൽ മതി. അങ്ങ് പറഞ്ഞപ്പോൾ ഞാൻ സ്വസ്ഥമായിട്ടിരുന്ന് കേട്ടല്ലോ, ഞാൻ പറയുന്നത് കേട്ടിട്ട് അഭിപ്രായം പറയണം. എന്താണ് ഇവിടത്തെ പ്രശ്നം? 18-6-2009-ൽ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിച്ച് ഉത്തരവ് പുറത്തിറക്കിയിട്ടുണ്ട്. അനെർട്ടിന്റെ പുന:സംഘടന വന്നപ്പോൾ പ്ലാനിംഗ് ബോർഡിന്റെ സെക്രട്ടറി ശ്രീ. ടിക്കാറാം മീണ ഈ കമ്മിറ്റി കൂടുന്നത് നിയമാനുസൃതമല്ലെന്ന് പറഞ്ഞ് ഫയൽ എഴുതി ഇട്ടിരിക്കുകയാണ്. ഫയൽ എഴുതി ഒപ്പിടാതെ കമ്മിറ്റിയിൽനിന്ന് ഇറങ്ങിപ്പോയി. അദ്ദേഹം പവർ സെക്രട്ടറിയല്ലേ എന്തിനാണ് ഇറങ്ങിപ്പോയത്. ഇത് അങ്ങ് കണ്ടിട്ടുണ്ടോ? ഈ ഫയലിൽ എന്താണ് എഴുതിയിരിക്കുന്നതെന്ന് അങ്ങ് നോക്കണ്ടേ? അതുപോലെതന്നെ ഈ കമ്മിറ്റിയുടെ പവർ സെക്രട്ടറി ശ്രീ. രാധാകൃഷ്ണനെ മറികടന്ന് പ്ലാനിംഗ് ബോർഡിലെ ശ്രീ. ഉണ്ണിക്കൃഷ്ണൻ യോഗം വിളിക്കുകയും പുന:സംഘടനാ റിപ്പോർട്ട് അവതരിപ്പിക്കുന്നതിൽ അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തുകൊണ്ട് ഫയലിൽ എഴുതിയിട്ടുമുണ്ട്. അത് ഞാൻ വായിക്കുന്നില്ല, ഫയൽ തരാം. അല്ലെങ്കിൽ ഇത് സഭയിൽ വയ്ക്കാം, അങ്ങ് വായിക്കണം. ഇത് രണ്ട് ഐ.എ.എസ് ഉദ്യോഗസ്ഥൻമാരും മടയൻമാരായതുകൊണ്ടാണോ ഇത് ചെയ്തിരിക്കുന്നത്. കഴിഞ്ഞ ദിവസത്തെപ്പോലെ സമയം ഇല്ലാതെപോകും, അതുകൊണ്ടാണ് ഞാനിത് വായിക്കാത്തത്. ഈ വിവാദ പുന:സംഘടനാ റിപ്പോർട്ട് അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി തന്നെ പങ്കെടുത്തിരിക്കുകയാണ്. ഈ റിപ്പോർട്ടിന്റെ മിനിട്ട്സ് ശ്രീ. ഉണ്ണിക്കൃഷ്ണൻ തയ്യാറാക്കിയിരിക്കുകയാണ്. അങ്ങനെ കേട്ടിട്ടുണ്ടോ? പ്ലാനിംഗ് ബോർഡിന്റെ സെക്രട്ടറിയുടെ ഒപ്പില്ലാതെ മിനിട്ട്സ് തയ്യാറാക്കി ഏതു നിയമപ്രകാരമാണ് പാസ്സാക്കുന്നത്. അതങ്ങ് കാണണം. ഇത് റീ-സ്ട്രക്ച്ചർ ചെയ്തപ്പോൾ രജിസ്ട്രാർക്കും ഫിനാൻസ് മാനേജർക്കും മാത്രമേ യോഗ്യത നിശ്ചയിച്ചിട്ടുള്ളൂ. ബാക്കി തസ്തികകളിലെല്ലാം ഏജ് ലിമിറ്റില്ല, യോഗ്യതയില്ല, മാനദണ്ഡമില്ല. ഔദ്യോഗികമായി ഈ കത്ത് ഞാൻ ഹാജരാക്കാം. ഫൈനാൻസ് രജിസ്ട്രാർക്കും ഫൈനാൻസ് മാനേജർക്കും മാത്രമേ ഇതിൽ ക്വാളിഫിക്കേഷൻ പറഞ്ഞിട്ടുള്ളൂ. ബാക്കിയൊന്നിനുമില്ല, ഏജ് ലിമിറ്റില്ല, 140 -ഓളം നിയമനങ്ങളുടെ റിപ്പോർട്ട് വന്നിരിക്കുകയാണ്, ക്യാബിനറ്റിനെ കളിപ്പിച്ചിരിക്കുകയാണ്. മന്ത്രിമാരെ കബളിപ്പിച്ചുകൊണ്ട് കൊണ്ടുവന്നിരിക്കുകയാണ്. ഇത് എന്ത് ന്യായമാണ്; ഇത് അഴിമതിയല്ലേ? അതാണ് ഞാൻ ഇവിടെ പറഞ്ഞത്. നിയമനം സംബന്ധിച്ച് പത്രപ്പരസ്യം കൊടുത്തിരിക്കുന്നു, അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളാണിത്. അത് ഞാൻ ഇവിടെ ഹാജരാക്കാം. ഇങ്ങനെയൊരു നിയമനം എങ്ങനെയാണ് നടത്താൻ പറ്റുന്നത്? ഈ രാജ്യത്ത് നടക്കുന്ന കാര്യമാണോ? പവർ സെക്രട്ടറി എതിർക്കുന്നു. പ്ലാനിംഗ് ബോർഡ് മെമ്പർമാർ എന്നുകരുതി എന്തും ചെയ്യാനുള്ള അധികാരമുണ്ടോ; ഈ അധികാരം ആരാണ് കൊടുത്തത്? ലിസ്റ്റിലുണ്ടായിരിക്കേണ്ട കാര്യങ്ങളാണിത്. അതിലും വളരെ വ്യക്തമായി അനെർട്ടിന്റെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ആ കാര്യങ്ങൾ പരിശോധിക്കണം. അതുപോലെതന്നെ ഈ നിയമനത്തിനുവേണ്ടി പത്രപ്പരസ്യവും കൊടുത്തിട്ടുണ്ട് ഇതിനകത്ത് എനിക്ക് ഏറ്റവും രസമായി തോന്നിയത്, ഒരു ടെക്നീഷ്യന്റെ ക്വാളിഫിക്കേഷൻ എന്താണ്? ലൈറ്റ് ഹെവി ഡ്രൈവിംഗ് ലൈസൻസ്, ബാറ്ററി ഓപ്പറേറ്റേഴ്സ് വാഹനങ്ങൾ, എക്സിബിഷൻ വാഹനങ്ങൾ ഇവ ഓടിച്ച് കുറഞ്ഞത് അഞ്ചു വർഷത്തെ പരിചയം. അതാണോ ഫീൽഡ്

LIBRARY ARCHIVES Kerala Legislative Assembly

അസിസ്റ്റന്റിന്റെ ജോലിക്കുള്ള മാനദണ്ഡം. (ബഹുമാനപ്പെട്ട മെമ്പർ ഒരു പത്രക്കട്ടിംഗ് ഉയർത്തിക്കാട്ടി) ഇത് പത്രപ്പരസ്യമാണ്. ഞാൻ എഴുതിപ്പിടിപ്പിച്ചതല്ല. അതുപോലെതന്നെ അനെർട്ടിന്റെ പുനഃസംഘടനാ റിപ്പോർട്ടുമായി ബന്ധപ്പെട്ട് പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയ്ക്കൊരു കത്തുകൊടുത്തിട്ടുണ്ട്. മുഖ്യമന്ത്രി ക്യാബിനറ്റ് മീറ്റിംഗ് കഴിഞ്ഞ് ബ്രീഫിംഗ് നടത്തുമ്പോൾ മുഖ്യമന്ത്രിയ്ക്ക് ഇങ്ങനെ കത്തു കിട്ടിയിട്ടുണ്ടോ എന്നു ചോദിച്ചപ്പോൾ കത്ത് കിട്ടിയിട്ടില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, മുഖ്യമന്ത്രി നുണ പറയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എന്താണ് സംഭവമെന്ന് അറിയണ്ടേ? ഞാൻ അതിനെക്കുറിച്ച് അന്വേഷിച്ചപ്പോഴാണ് കള്ളൻ കപ്പലിൽതന്നെ ഉണ്ടെന്ന് മനസ്സിലായത്. ഈ കാര്യങ്ങൾക്കെല്ലാം നേതൃത്വം കൊടുക്കുന്ന ശ്രീ. ഉണ്ണിക്കൃഷ്ണന്റെ സന്തത സഹചാരിയായി ഈ കൊള്ളയ്ക്ക് മുഴുവൻ കൂട്ടുനിൽക്കുന്ന ശ്രീ. സി.പി. നാരായണൻ എന്നുപറയുന്ന ആൾ പൊളിറ്റിക്കൽ സെക്രട്ടറിയായി ഇപ്പോൾ മുഖ്യമന്ത്രിയുടെ ഓഫീസിലുണ്ട്. പ്രതിപക്ഷ നേതാവിന്റെ പരാതിപോലും മുഖ്യമന്ത്രിക്ക് ചെന്നിട്ടില്ല, അത് മുക്കിയിരിക്കുകയാണ്. അതുപോലെ എയിഡഡ് കോളേജിലെ ഒരു നിയമനം സംബന്ധിച്ചുള്ള കാര്യം, ഇത് ബഹുമാനപ്പെട്ട സി. പി. നാരായണന്റെ കത്താണ്. ശ്രീ. സി.പി. നാരായണൻ പ്ലാനിംഗ് ബോർഡ് മെമ്പറാണ്, അദ്ദേഹത്തിന്റെ കത്താണ്. ബഹുമാനപ്പെട്ട ഡയറക്ടർ................സർ, Appointment to the post of State Programme Manager, ANERT, Shri K. Balagopalan, St.Mary's College, Sulthanbethery. സുൽത്താൻബത്തേരി കോളേജിലെ ഒരു അദ്ധ്യാപകനെ അഡീഷണൽ ഡയറക്ടറായി നിയമിക്കുകയാണ്. യോഗ്യത എന്താണ്? അനെർട്ടിൽ അഡീഷണൽ ഡയറക്ടറായി വരികയാണ്. ഇതുവരെ ഡയറക്ടർ ഇല്ല, നിയമിക്കാൻ പറഞ്ഞ് ആർക്കാണ് കത്ത് കൊടുക്കുന്നത്? ഒരു പെർമനന്റ് ഡയറക്ടർപോലും ഇല്ലാത്ത സ്ഥാപനത്തിൽ എങ്ങനെ ഇതുപോലെ നിയമനം നടത്തും സർ, നിയമനം നടത്താൻവേണ്ടി നരേശൻ ഉണ്ണിത്താൻ എന്നുപറയുന്ന ഒരു ഡയറക്ടർക്കാണ് ചാർജ്ജ് ഉള്ളത്. (ഉണ്ണിത്താൻ കൊടുത്ത കത്തിന്റെ കോപ്പിയാണ് ഇത്) അതിനകത്ത് വേറൊരു പ്രധാനകാര്യം കൂടിയുണ്ട്. നിയമിച്ചാൽ മാത്രം പോരാ. This matter may be placed in the meeting of the executive committee of ANERT and got approved. ഈ കമ്മിറ്റിയിൽ വയ്ക്കണം. ശ്രീ. ഉണ്ണികൃഷ്ണനും ശ്രീ. സി. പി. നാരായണനുമാണ് ഈ കമ്മിറ്റിയിലുള്ളത്. കത്ത് കൊടുത്ത് നിയമിക്കുന്നതും കമ്മിറ്റിയിൽ പാസ്സാക്കിക്കൊടുക്കുന്നതും അദ്ദേഹം തന്നെയാണ്. ഇത് എവിടത്തെ നിയമമാണ്, ഒരു കോളേജ് അദ്ധ്യാപകനെ ഡെപ്യൂട്ടേഷനിൽ നിയമിക്കാൻ പറ്റുമോ? അതിന്റെ ഔദ്യോഗിക കത്തിനെക്കുറിച്ച് ശ്രീ. സി. പി. നാരായണന് നിഷേധിക്കാൻ പറ്റുമോ? ഈ കത്ത് നിഷേധിക്കട്ടെ, 16-11-ലെ മിനിട്ട്സ് എന്റെ കൈവശമുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത്, Appointment of Shri K. Balagopalan, of State Programme Manager എന്നാണ്. ഇത് ഏത് മാനദണ്ഡത്തിൽ ചെയ്തുവെന്ന് എനിക്കറിയണം? ഞാൻ പ്രധാനപ്പെട്ട ഭാഗത്തിലേക്ക് പോകുകയാണ്. ഈ നിയമനം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയോടും

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ചോദിച്ചു. (നിയമനത്തിന്റെ ഉത്തരവ് എന്റെ കൈയിലുണ്ട്) എനിക്ക് ഏറ്റവും പ്രധാനമായി തോന്നിയ ഒരു സംഭവം ഇതിനകത്തുണ്ട്. ഈ അദ്ധ്യാപകന്റെ ശമ്പളം 43,332 രൂപയാണ്, ചെറിയ ശമ്പളമൊന്നുമല്ല. അങ്ങനെയാണ് നിയമിച്ചിരിക്കുന്നത്. അതുപോലെതന്നെ ത്രിതല പഞ്ചായത്തുകളിൽനിന്ന് അങ്ങ് മുപ്പത്തിയഞ്ചരക്കോടി രൂപ പിരിച്ചെന്ന് സമ്മതിച്ചിട്ടുണ്ട്. അങ്ങ് വച്ചിരിക്കുന്ന എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്നതെന്താണ്? അങ്ങ് വളരെ വ്യക്തമായി ഉത്തരം തന്നേ പറ്റുകയുളളു. പഞ്ചായത്തുകളിൽനിന്നും എങ്ങനെയാണ് പണം പിരിച്ചത്? ശ്രീ. പി. വി. ഉണ്ണിക്കൃഷ്ണനും ശ്രീ. സി. പി. നാരായണനും ത്രിതല പഞ്ചായത്തുകളിലേക്ക് കത്ത് അയയ്ക്കുകയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെ കത്തയച്ച് മുപ്പത്തിയഞ്ചരക്കോടി രൂപ വാങ്ങിയെടുത്തിരിക്കുകയാണ്. പുകയില്ലാത്ത അടുപ്പുകൾ ഉൾപ്പെടെ കൊടുക്കുമെന്നാണ് ഇതൊടൊപ്പമുള്ള ഉടമ്പടി. ഇപ്പോഴുള്ള ഉടമ്പടി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനം ഒപ്പു വച്ച പ്രോജക്ട് അടങ്കൽ തുക അനെർട്ടിന്റെ പ്രത്യേകമായി ആരംഭിച്ചിട്ടുള്ള അക്കൗണ്ട് നമ്പരിലേക്ക് അടയ്ക്കണമെന്നാണ് താൽപ്പര്യപ്പെടുന്നത്. അക്കൗണ്ട് നമ്പർ അടക്കം ഡയറക്ടർ അനർട്ട്, ഒപ്പിട്ടിരിക്കുന്നത് ശ്രീ. ഉണ്ണി കൃഷ്ണപിള്ളയും ശ്രീ. സി. പി. നാരായണനുമാണ്. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമില്ലെന്ന് ആഡിറ്റ് റിപ്പോർട്ടിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അപ്പോൾ കബളിപ്പിച്ച് ത്രിതല പഞ്ചായത്തുകളിൽ നിന്ന് പണം വാങ്ങാൻ ശ്രീ. ഉണ്ണിക്കൃഷ്ണനും ശ്രീ. സി. പി. നാരായണനും എന്ത് അധികാരമാണു ളളത്; അങ്ങനെ വാങ്ങിയിട്ട് എന്തൊക്കെ ചെയ്യാമെന്നാണ് പറഞ്ഞിരുന്നത്, പക്ഷേ എന്തൊക്കെയാണ് ചെയ്തത്? പുകയില്ലാത്ത അടുപ്പ്, കംപ്ലീറ്റ് ചൂള, പോർട്ടറി ചൂള, സോളാർ കുക്കർ, സോളാർ ഡ്രയർ, സോളാർ വാട്ടർ ഹീറ്റർ ഇതൊക്കെ 2009 ജൂൺ മുപ്പതിനു മുമ്പ് പൂർത്തിയാക്കുമെന്നും ഇല്ലെങ്കിൽ രണ്ടു ശതമാനം പലിശ വച്ച് തിരികെ കൊടുക്കുമെന്ന് പറഞ്ഞിരിക്കുകയാണ്. ഈ പണം തിരികെ നൽകിയിട്ടുണ്ടോ? അതിനുപകരം പ്രത്യേകം കമ്പനിയുണ്ടാക്കാൻ ശ്രമിക്കുകയാണ്. ഇതിന്റെ അർത്ഥമെന്താണ്? ഏറ്റവും പ്രധാനപ്പെട്ടത് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഞാൻ ഇതിനെക്കുറിച്ച് പറഞ്ഞു കഴിഞ്ഞപ്പോൾ ഡബ്ള്യൂ എച്ച്.ഒ. നിരോധിച്ചിട്ടുള്ള ബാംഗ്ലൂർ പ്രൈവറ്റ് കമ്പനിയിൽനിന്നും ശ്രീ. ഉണ്ണിക്കൃഷ്ണൻ അറുപത് ലക്ഷം രൂപയ്ക്ക് അടുപ്പുകൾ വാങ്ങിച്ചു. അതിന്റെ റെക്കോർഡ് ഞാൻ ഹാജരാക്കാം. ഏഴായിരം അടുപ്പുകളിൽ കുറേ അടുപ്പുകൾ പഞ്ചായത്ത് കൊണ്ടുപോയിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ പുകയില്ലാത്ത അടുപ്പിനാണ് അപേക്ഷ ലഭിച്ചിട്ടുളളത്. തീക്കോയ് പഞ്ചായത്തിൽ കുറേ അടുപ്പുകൾ കൊണ്ടുവച്ചിട്ടുണ്ട്. അതിന്റെ വിലയെക്കുറിച്ചും ഞാൻ അന്വേഷിച്ചു. 1200 രൂപ വച്ച് പാവപ്പെട്ട ബിപിഎൽ കാരന് അടുപ്പ് കൊടുത്തുകൊള്ളാൻ അനെർട്ട് പറഞ്ഞിരിക്കുകയാണ്. ഈരാറ്റുപേട്ട ബാങ്കിന് താഴെയുള്ള സ്ഥാപനത്തിൽ ഇതേ അടുപ്പ് കൊണ്ടുവച്ചിട്ടുണ്ട്. അതിന്റെ വില അറുന്നൂറ് രൂപയാണ്, അങ്ങ് ഇത് അറിയണം. അങ്ങ് എന്തിനാണ് ഞാൻ പറയുമ്പോൾ നിഷേധിക്കുന്നത്. വെറും അറുന്നൂറ് രൂപ വച്ച് ഞാൻ അടുപ്പു വാങ്ങിത്തരാം. ആ അടുപ്പാണ് 1200 രൂപ

LIBRARY ARCHIVES Kerala Legislative Assembly

യെന്ന് പറഞ്ഞ് തീക്കോയ് പഞ്ചായത്തിൽ കൊണ്ടുപോയി കൊടുത്തിരിക്കുന്നത്. എങ്ങനെ മുതലാകും? ബാംഗ്ലൂർ പ്രൈവറ്റ് കമ്പനിയിൽനിന്നും 7000 അടുപ്പുകൾ വാങ്ങിയതിലൂടെ അറുപത് ലക്ഷം രൂപ ചെലവിട്ടതിന് റിക്കോർഡുണ്ട്.

ഇങ്ങനെ മാർക്കറ്റിൽ 600 രൂപയ്ക്ക് കിട്ടുന്ന അടുപ്പുകൾ കൊണ്ടുവന്ന് 1200 രൂപയ്ക്ക് ഈ പൊതുമേഖലാ സ്ഥാപനം കൊടുക്കുകയെന്നു പറഞ്ഞാൽ അതിന്റെ സ്ഥിതി. എന്താവുമെന്ന് ആലോചിക്കണം. കഴിഞ്ഞ ദിവസം സഖാവ് പാലോളി മുഹമ്മദ് കുട്ടിയുടെ മുറിയിൽ രണ്ട് മന്ത്രിമാർ കമ്മിറ്റി കൂടി പുതിയൊരു കമ്പനിയുണ്ടാക്കാൻ തീരുമാനിക്കുകയുണ്ടായി. അങ്ങ് പറഞ്ഞതുപോലെ കമ്പനിയുണ്ടാക്കുന്നതിന് ഞാൻ എതിരല്ല. നിങ്ങളുടെ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്ന ഒരു കാര്യമാണ്. പുതിയ കമ്പനിയുണ്ടാക്കുന്നത് ഈ 35 കോടി രൂപവച്ചല്ല, അങ്ങനെ ഒരു കമ്പനിയുണ്ടാക്കണമെങ്കിൽ ത്രിതല പഞ്ചായത്തുകളുടെ അനുവാദം വാങ്ങണം. കേന്ദ്ര ഗവൺമെന്റിൽനിന്നും ത്രിതല പഞ്ചായത്തുകൾ മുന്നര കൊല്ലം മുമ്പ് വാങ്ങിവച്ച പണം രണ്ട് ശതമാനം പലിശ വച്ച് തിരികെ കൊടുക്കുന്നതിനു പകരം ഇവിടെ വന്ന് ആ പണമെടുത്ത് കമ്പനി ഉണ്ടാക്കാൻ തീരുമാനിച്ചാൽ എങ്ങനെ ശരിയാകും എങ്ങനെ അംഗീകരിക്കാൻ കഴിയും? അതുപോലെ തന്നെ ഊർജ്ജ കമ്മീഷനിലെ എത്രയോ നിയമനങ്ങൾക്കാണ് പരസ്യം കൊടുത്തിരിക്കുന്നത്. ഇത് എവിടെ കൊണ്ടുപോയി ചെലവാക്കും. (തടസ്സം) അനെർട്ടിലെ നിയമനം. 1-4-2010-ന് ശേഷം അനെർട്ടിൽ (തടസ്സം) .... നിലവിലില്ല. ആയതിനാൽ അതിന്റെ ചുമതല താൽക്കാലിക ഉദ്യോഗസ്ഥന് നൽകിയിട്ടില്ലായെന്നു പറഞ്ഞു. 30-4-2010-ലെ ഓർഡറാണ്. ആ ഓർഡറിൽ വളരെ വ്യക്തമായി ആളെ നിയമിച്ചുകൊണ്ട് ആരാണ് ഓർഡർ ഇട്ടിരിക്കുന്നത് Posting of Special Officer, Polytechnique, Palakkad. ഓർഡർ ഇട്ടിരിക്കുകയാണ്. 1-4-2010-നുശേഷം അനെർട്ട് അഡ്മിനിസ്ട്രേറ്റീവ് ആഫീസർ (തടസ്സം) നടപടി വേണമെന്ന് പറഞ്ഞ ഹൈക്കോടതിയിൽ പോയപ്പോൾ ഗവൺമെന്റിനുവേണ്ടി ഹാജരായ വക്കീൽ എ.ജി.യുടെ റിപ്പോർട്ടിൽ മാറ്റം വന്നിട്ടുണ്ടെന്ന് പറഞ്ഞപ്പോൾ എങ്കിൽ എനിക്ക് കേസില്ലെന്ന് പറഞ്ഞു. അങ്ങനെയാണ് കേസ് വിത്ഡ്രോ ചെയ്തത്. അതുകൊണ്ട് ഞാൻ ആവശ്യപ്പെടുന്നു സഭ നിർത്തിവച്ച് ചർച്ച ചെയ്യണം. നേരത്തെ പറഞ്ഞതുപോലെ പ്രതിപക്ഷ നേതാവും മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട സ്പീക്കറും ചേർന്നുകൊണ്ട് ഭരണ കക്ഷി എം.എൽ.എ.മാരുടെ ഒരു കമ്മിറ്റിയുണ്ടാക്കി (തടസ്സം)......ആ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാനുള്ള മര്യാദ കാണിക്കണമെന്ന് അപേക്ഷിക്കുകയാണ്.

പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ബഹുമാനപ്പെട്ട പി. സി. ജോർജ് ഇവിടെ ഉന്നയിച്ച കാര്യങ്ങൾ സഭയ്ക്ക് ബോധ്യപ്പെടാവുന്ന രൂപത്തിൽ ഞാൻ വ്യക്തമാക്കിയതാണ്. ഇക്കാര്യങ്ങൾ പലപ്പോഴായി നാല് കോടതികളിൽ വന്നതാണ്. ഒന്ന്, വിജിലൻസ് കോടതിയിൽ വന്നു, വിജിലൻസ് കോടതി നിരസിച്ചു, പിന്നെ ഹൈക്കോടതിയിൽ വന്നു, ഹൈക്കോടതി നിരസിച്ചു,

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ ഒന്ന് എന്നോട് പറയാൻമറന്നുപോയി, ലോകായുക്തയിൽ വന്നത് പറഞ്ഞില്ല.- ഈ പറഞ്ഞ കാര്യങ്ങളൊക്കെ ലോകായുക്തയിലും വന്നു, ലോകായുക്തയും നിരസിച്ചു, അതിനുശേഷമാണ് ഇപ്പോൾ ഇവിടെ വന്നിട്ടുള്ളത്. ഏതെങ്കിലും ഒരു സ്ട്രിക്ചേഴ്സ് ഈ വകുപ്പിന് എതിരായി ലോകായുക്തയിലോ വിജിലൻസിലോ ഹൈക്കോടതിയിലോ ഉണ്ടെങ്കിൽ ശ്രീ. പി. സി. ജോർജ് പറയുന്ന ഏത് അന്വേഷണത്തിനും ഞാൻ തയ്യാറാണ്. ഇവിടെ ഇപ്പോൾ പറഞ്ഞല്ലോ, 9-3-2010-ന് അങ്ങ് കേട്ടിട്ടുണ്ടാവുമല്ലോ അതുതന്നെയാണല്ലോ ശ്രീ. പി.സി. ജോർജ് ഇപ്പോഴും പറയുന്നത്. അതിന് ഞാൻ മറുപടി പറഞ്ഞതാണ്. ഊർജ്ജോല്പാദന രംഗത്ത് പാരമ്പര്യേതര ഊർജ്ജമേഖലയ്ക്ക് കേന്ദ്ര ഗവൺമെന്റ് വലിയ പ്രാധാന്യമാണ് കൊടുക്കുന്നത്. അത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെക്കൊണ്ട് മാത്രം കഴിയുകയില്ല. അര മെഗാവാട്ടിന്റെ കാൽ മെഗാവാട്ടിന്റെ മുക്കാൽ മെഗാവാട്ടിന്റെ പിന്നാലെ യൊന്നും കെ.എസ്.ഇ.ബി.-ക്ക് പോകാൻ പറ്റില്ല. ഗ്രാമീണ തലത്തിലുള്ള ജലസ്രോതസ്സുകൾ പരിപൂർണ്ണമായി ഉപയോഗപ്പെടുത്തണമെങ്കിൽ പഞ്ചായത്തുകളെ ഉപയോഗപ്പെടുത്തണം. അതുകൊണ്ടാണ് പഞ്ചായത്തിനെ സഹായിക്കാൻ ഒരു സാങ്കേതിക സമിതി എന്നുള്ള നിലയിൽ അനെർട്ട് രംഗത്ത് വരുന്നത്. നിലവിലുള്ള അനെർട്ടിനെക്കൊണ്ടുമാത്രം അത് കഴിയുകയില്ല. അതുകൊണ്ട് ഒരു പുന:സംഘടന ആവശ്യമാണ്. പക്ഷേ പണ്ട് അനെർട്ട് ചെയ്തിട്ടുള്ളത് ഐ.ആർ.ഇ.പി.യുടെ പണി മാത്രമായിരുന്നു. അതായത് ഇന്റഗ്രേറ്റഡ് റൂറൽ എനർജി പവ്വറാണ്, അത് അങ്ങേക്ക് അറിയാം. കാലാവധി കഴിഞ്ഞതോടുകൂടി കേന്ദ്ര ഗവൺമെന്റ് അത് നിർത്തലാക്കുകയുണ്ടായി. എന്നാൽ പാരമ്പര്യേതര ഊർജ്ജ മേഖലയ്ക്ക് വലിയ പ്രാധാന്യം കേന്ദ്ര ഗവൺമെന്റ് കൊടുക്കുന്നുവെന്നുള്ളതുകൊണ്ടാണ് ഇന്നത്തെ ആവശ്യകത നേരിടാൻ അനെർട്ടിന്റെ നിലവിലുള്ള സംവിധാനം കൊണ്ട് കഴിയുകയില്ല അതുകൊണ്ട് അതിനെ പുനഃസംഘടിപ്പിക്കണമെന്ന് പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് പുന:സംഘടന നടത്തിയത്. ആ പുന:സംഘടന തെറ്റാണെന്ന് ഇന്നേവരെ ഒരു കോടതിയും പറഞ്ഞിട്ടില്ല, ആരും പറഞ്ഞിട്ടില്ല. അതുകൊണ്ട് പുന:സംഘടനയുടെ ഉള്ളടക്കത്തിലേക്ക് കടന്ന് അത് ശരിയാണോ തെറ്റാണോ എന്നതിനെ സംബന്ധിച്ച് ഓപ്പറേഷൻ നടത്തേണ്ട ഒരു ആവശ്യവുമില്ല, അത് ക്യാബിനറ്റ് അംഗീകരിച്ചതാണ്. പുന:സംഘടനാ നിയമനവുമായി ബന്ധപ്പെട്ടുകൊണ്ട് ഞാൻ ആ കാര്യങ്ങൾ വിശദമായി പറയാം. പുനഃസംഘടനയ്ക്ക് മുമ്പ് അനെർട്ടിൽ 196 തസ്തികയാണ് മൊത്തം ഉണ്ടായിരുന്നത്. പുനഃസംഘടനയുടെ ഭാഗമായി 191 തസ്തികയായിട്ട് ചുരുങ്ങുകയാണ് ചെയ്തത്. ഞാനും ധനകാര്യ വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥന്മാരും കൂടിചേർന്ന യോഗത്തിൽ 196 തസ്തികകൾക്ക്പകരം 191 ആയിട്ട് ചുരുക്കുകയാണ് ചെയ്തത്. അനെർട്ടിൽ മുമ്പുണ്ടായിരുന്ന തസ്തികകൾ: റെഗുലർ-105, താൽക്കാലികം -21, ഐ. ആർ. ഇ. പി. -70, അങ്ങനെ ആകെ 196. പുന:സംഘടനയ്ക്കുശേഷം റെഗുലർ തസ്തിക -105, ഊർജ്ജ സുരക്ഷാ മിഷൻ പ്രോജക്ടിലേക്ക് 2010 വരെ താൽക്കാലിക തസ്തികകളായ 86 തസ്തികകളടക്കം 191. ആകെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

105 റെഗുലർ തസ്തികളിൽ 51 എണ്ണം 1991-ൽ ഐ.ആർ.ഇ.പി-യിൽ നിയമിച്ചവരെ റെഗുലറൈസ് ചെയ്യുന്നതിനും (ഐ.ആർ.ഇ.പി. എന്നു പറഞ്ഞാൽ 1991-ൽ നിയമിച്ചതാണ്. ഞങ്ങളാരും നിയമിച്ചതല്ല, അവരെ റെഗുലറൈസ് ചെയ്യുകയാണ് ചെയ്തത്.) 28 തസ്തികകൾ നിലവിൽ അനെർട്ടിലെ സ്ഥിരം ജീവനക്കാർക്കുവേണ്ടിയുള്ളതുമാണ്. ബാക്കിയുള്ള 26 ഒഴിവുകൾ നോട്ടിഫൈ ചെയ്തിട്ടുണ്ട്. നോട്ടിഫൈ ചെയ്യുകയെന്നു പറഞ്ഞാൽ ഇത് പി.എസ്.സി.-ക്ക് വിടേണ്ടതല്ല. ഇതൊരു ഓട്ടോണമസ് ബോഡിയായതിനാലും ഇവിടെ സ്പെഷ്യൽ റൂൾസില്ലാത്തതിനാലും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ പറ്റുന്നതല്ല. എന്നാൽപോലും ഇക്കാര്യങ്ങൾ അനെർട്ട് മാത്രം നോക്കിയാൽ പോര എന്നുള്ളതുകൊണ്ട് നിയമനങ്ങൾ നടത്താനുള്ള ഗവേണിംഗ് ബോഡിയുടെ അധികാരം ഉപയോഗിച്ച് ഫിനാൻസ് മാനേജർ, രജിസ്ട്രാർ, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ തുടങ്ങി 10 സീനിയർ തസ്തികകളിൽ പരിചയ സമ്പന്നരായിട്ടുള്ള ഉദ്യോഗാർത്ഥികളെ അനെർട്ടിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം ശ്രീ. സി.പി.നായർ (മുൻ ചീഫ് സെക്രട്ടറി), ശ്രീ. പോൾ ആന്റണി (പവർ വകുപ്പ് സെക്രട്ടറി), അനെർട്ട് ഡയറക്ടർ, സബ്ജക്ട് എക്സ്പെർട്ട് എന്നിവരടങ്ങുന്ന ഒരു ഇന്റർവ്യൂ ബോർഡാണ് ഇപ്പോൾ സെലക്ഷൻ നടത്തുന്നത്. ഓരോ തസ്തികയിലും വളരെ കുറച്ച് അപേക്ഷകരെയുള്ളൂ. ബാക്കി 16 പോസ്റ്റുകളിലും ഇപ്പോൾ എൽ.ബി.എസ്. (ലാൽബഹദൂർ ശാസ്ത്രി സെന്റർ) പരീക്ഷ നടത്തിയതിനുശേഷം മാത്രമാണ് ഇന്റർവ്യൂം സെലക്ഷനും നടത്തുന്നത്. ബാക്കിയെല്ലാം പി.എസ്.സി.-ക്ക് വിടുന്നതിനോട് എനിക്ക് ബുദ്ധിമുട്ടില്ല. പക്ഷേ ഇപ്പോൾ നമ്മൾ പി.എസ്.സി.-ക്ക് വിട്ടു കഴിഞ്ഞാൽ മൂന്ന് കൊല്ലം കഴിഞ്ഞേ ഉദ്യോഗാർത്ഥികളെ ലഭിക്കുകയുള്ളൂ. ഇപ്പോൾ അനെർട്ടിൽ സ്പെഷ്യൽ റൂൾസ് ഇല്ലാത്തതുകൊണ്ടും ഇത് ട്രാവൻകൂർ-കൊച്ചിൻ ആന്റ് സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട്, 1956 പ്രകാരം ഇതൊരു ഓട്ടോണമസ് ബോഡിയായതുകൊണ്ടും ഇത് അവർക്കുള്ള അധികാരമാണ്. അത് കുറെക്കൂടി സുതാര്യമായിക്കൊള്ളട്ടെയെന്നുള്ളതുകൊണ്ടാണ് നമ്മൾ ഈ വിദഗ്ദ്ധ കമ്മിറ്റിയെ വച്ച് ഇന്റർവ്യൂ നടത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട അങ്ങ് പറയുന്നതുപോലെ യാതൊരു രൂപത്തിലുള്ള അപാകതയും ഇതിലില്ല. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ പ്ലാനിംഗ് ബോർഡിന്റെ അതായത് ഗവൺമെന്റിന്റെ ഒരു ഫ്രണ്ട്ഷിപ്പ് പരിപാടി എന്നുള്ള നിലയിൽ എന്തിന് ഇത് റീസ്ട്രക്ചറിംഗ് നടത്തണം; അതിന് ഞങ്ങളെക്കാളും ഏറ്റവും കഴിവുള്ളതും അർഹതപ്പെട്ടതും പ്ലാനിംഗ് ബോർഡിനാണ്. പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാനാണ് ഗവൺമെന്റിന് ഇങ്ങനെയൊരു കത്ത് അയയ്ക്കുന്നത്. ഇന്നത്തെ സാഹചര്യത്തിൽ നിങ്ങൾക്ക് ഇത് പുനഃസംഘടിപ്പിച്ചേ മുന്നോട്ട് പോകാൻ പറ്റൂ. മാത്രമല്ല 10-500 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ചെറിയ ചെറിയ അരുവികൾ ഉപയോഗിക്കാതെ പോവുകയാണ്, ഇത് ഉപയോഗപ്പെടുത്തേണ്ടേ? കെ.എസ്.ഇ.ബി.-ക്ക് അര മെഗാവാട്ടിന് ഡി.പി.ആർ. തയ്യാറാക്കാൻ പറ്റുമോ; അതിനുവേണ്ടിയാണ്

LIBRARY ARCHIVES Kerala Legislative Assembly

കമ്പനിയുണ്ടാക്കുന്നത്. കമ്പനി എന്ന് കേൾക്കുമ്പോൾ ഞങ്ങളുടെ കമ്പനിയൊന്നുമല്ല ഗവൺമെന്റിന്റെ കമ്പനിയാണ് വേറെ ആരുമില്ല. പഞ്ചായത്തും ഗവൺമെന്റുംകൂടിയുള്ള കമ്പനിയാണ്. പക്ഷേ നമുക്ക് 331 മെഗാവാട്ടിന്റെ ഫണ്ട് ഫ്ളോട്ട് ചെയ്യാൻ 2500 കോടി രൂപ വേണം; സ്വാഭാവികമായിട്ടും കമ്പനി രൂപീകരിച്ചാൽ കേന്ദ്രത്തിൽനിന്നും നമുക്ക് സഹായം കിട്ടുമെന്നുമാത്രവുമല്ല, അനെർട്ടിന്റെ പുന:സംഘടനയെ സംബന്ധിച്ച് കേന്ദ്ര മന്ത്രിയടക്കം അപ്രീസിയേഷൻ നടത്തിയതാണ്. ശ്രീ. ജി. കാർത്തികേയന്റെ മണ്ഡലത്തിൽ ഒരു പരിപാടിയുണ്ടായിരുന്നു അതിന് അദ്ദേഹം വന്നതാണ്. അന്ന് ഞങ്ങൾ 4200 വീടുകൾക്കാണ് സൗരോർജ്ജ വിളക്കുകൾ കൊടുത്തത്. വിളക്കുകൾ കൊടുത്തില്ല, കൊടുത്തില്ല എന്ന് ശ്രീ. പി.സി. ജോർജ് പറഞ്ഞല്ലോ; ശ്രീ. ഫറൂക്ക് അബ്ദുള്ളയുടെ കൈകൊണ്ട് വിളക്കുകൾ കൊടുത്തിട്ട് ബോദ്ധ്യപ്പെട്ടില്ലായെന്നു പറഞ്ഞാൽ ഞാൻ എന്താണ് ശ്രീ. പി.സി. ജോർജ്ജ് ചെയ്യേണ്ടത്. സത്യം പറഞ്ഞാൽ, നിങ്ങളാണെ സത്യം ഇതിനകത്ത് യാതൊരു അപാകതയുമില്ല. ഒരു കുറ്റവും ഇതിനകത്തില്ല. എന്തെങ്കിലും ഉണ്ടെങ്കിൽ അംഗീകരിക്കുന്നതിന് എനിക്ക് ബുദ്ധിമുട്ടില്ല. കോടതിയുടെ വിധിയെല്ലാം ഞാൻ പരിശോധിച്ചു എവിടെയെങ്കിലും ഒരു ചെറിയ പരാമർശമുണ്ടെങ്കിൽ ഞാൻ അന്വേഷണം നടത്തുമായിരുന്നു. ഹൈക്കോടതിയുടേതില്ല, വിജിലൻസ് കോടതിയുടേതില്ല, ലോകായുക്തയുടേതില്ല. അത് പോകട്ടെ. പ്ലീസ് ഇതങ്ങ് വിശ്വസിക്കുക. വേറെ ഒന്നും എനിക്ക് ഇപ്പോൾ പറയാനില്ല. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്ന് ബഹുമാനപ്പെട്ട പി. സി. ജോർജ്ജിന് തന്നെ ഇപ്പോൾ ബോദ്ധ്യപ്പെട്ടിട്ടുണ്ടാകും.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : അങ്ങ് ഒരു തീരുമാനമെടുക്കുന്നതിനുമുമ്പ് ഒരു കാര്യംകൂടി. ക്ലിയർ ചെയ്യണം. അനെർട്ട് വഴി ജനങ്ങൾക്ക് ഏറ്റവും പ്രയോജനകരമായി കൊടുക്കേണ്ട പുകയില്ലാത്ത അടുപ്പുകൾ കൊടുക്കുന്നതിനെക്കുറിച്ച് ശ്രീ. പി. സി. ജോർജ് പറഞ്ഞു. അത് അങ്ങ് ഒന്ന് പരിശോധിക്കണം. മാർക്കറ്റിൽ ഉള്ളതിനേക്കാൾ കൂടുതൽ വിലയ്ക്കാണോ കൊടുക്കുന്നത്; അതിന്റെ ഇരട്ടി വിലയ്ക്ക് കൊടുക്കുന്നു എന്നാണ് ഇവിടെ പറഞ്ഞത്. അത് അങ്ങ് ഒന്ന് പരിശോധിക്കണം. അതിന് അങ്ങ് മറുപടി പറയാത്തതുകൊണ്ടാണ് ഞാൻ ഇടപെടുന്നത്. അങ്ങനെയുണ്ടെങ്കിൽ സാധാരണക്കാർക്ക് ഏറ്റവും കുറഞ്ഞ വിലയ്ക്ക് അനെർട്ടിന്റെ നോ ലോസ് നോ പ്രോഫിറ്റ് എന്നുള്ള ആ ബേസിസ്സിൽ എങ്കിലും പുകയില്ലാത്ത അടുപ്പുകൾ കൊടുക്കത്തക്കവിധത്തിലുള്ള നടപടിയെടുക്കണം.

ശ്രീ. എ. കെ. ബാലൻ : സ്റ്റോർ പർച്ചേസ് ചട്ടത്തിനപ്പുറം നമുക്ക് ഒന്നും ചെയ്യാൻ പറ്റുകയില്ല. ഇതും കോടതിയുടെ പരിഗണനയിൽ വന്നതാണ്. ഞാൻ വേണമെങ്കിൽ ആ കോടതിയുടെ വിധി സാറിന് വാങ്ങിച്ചുതരാം.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടെണ്ണവും വന്നു. ഇതിൽ ആദ്യം ടെണ്ടർ വച്ച് നോക്കുമ്പോൾ ക്വാളിഫൈഡ് ആയിട്ടുള്ള ആൾക്കാർ ഉണ്ടായിരുന്നില്ല. ഒറ്റ ടെണ്ടർ ഉണ്ടായിരുന്നു. റീ ടെണ്ടർ ചെയ്തു. അതുകൊണ്ടാണ് കാലതാമസം വന്നത്. അതിൽ നാല് ഉപകരണങ്ങളാണ് ടെസ്റ്റിംഗിന് ഇപ്പോൾ ബാക്കിയുള്ളത്. ബാക്കിയുള്ള സോളാർ കുക്കർ കഴിഞ്ഞു. അതുപോലെതന്നെ സോളാർ വാട്ടർ ഹീറ്ററും കഴിഞ്ഞു. ഹോം ലൈറ്റ്സ് കഴിഞ്ഞു. പോർട്ടൽ ചൂള കഴിഞ്ഞു. ഇതൊക്കെ സിസ്റ്റമാറ്റിക് ആയിട്ട് സ്റ്റോർ പർച്ചേസ് റൂൾ അല്ലാതെ ഇവിടന്ന് ആരെങ്കിലും ടെണ്ടർ വയ്ക്കുന്നതല്ല. ഇവിടെനിന്ന് ആർക്കും ഇതിൽ ഇടപെടാനും കഴിയുകയില്ല. സ്റ്റോർ പർച്ചേസ് റൂൾ അപ്ളൈ ചെയ്തിട്ടുണ്ടോ ഇല്ലയോ എന്നുള്ളതാണല്ലോ പിന്നെ വരുന്ന പ്രശ്നം. അത് പരിശോധിച്ചേയ്ക്കാം. അതിൽ യാതൊരു സംശയവുമില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഈ പ്രശ്നം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ചെയർ കരുതുന്നില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

III. ശ്രദ്ധക്ഷണിക്കൽ

(1) വന്യമൃഗങ്ങളുടെ ആക്രമണം

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, മലബാർ മേഖലയിലെ മലയോരങ്ങളിലും എന്റെ നിയോജകമണ്ഡലമായ നിലമ്പൂരിലും പ്രത്യേകിച്ച് ഇപ്പോൾ കാട്ടുമൃഗങ്ങളെക്കൊണ്ട് വളരെയധികം ശല്യം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കാട്ടാനകളും കാട്ടുമൃഗങ്ങളും മനുഷ്യജീവനേയും കൃഷിയേയും നശിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നു മാത്രമല്ല ഇതിപ്പോൾ അവിടെ നിത്യസംഭവങ്ങളായി മാറിയിരിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ കഴിഞ്ഞ ഒരു വർഷംകൊണ്ട് പത്തിലധികം ആളുകൾ കാട്ടാനയുടെ കുത്തേറ്റ് മരിക്കുകയും കോടിക്കണക്കിന് രൂപയുടെ കൃഷിനാശം സംഭവിക്കുകയുമുണ്ടായി; എന്നുമാത്രമല്ല മലയോരപ്രദേശങ്ങളിലെ കൃഷിക്കാർ വളരെയധികം ഭയത്തോടുകൂടിയാണ് ഇന്ന് ജീവിച്ചുകൊണ്ടിരിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ പ്രത്യേകിച്ച് തമിഴ്നാട്ടിന്റെ ബോർഡറിൽ നിന്നും വരുന്ന കൂട്ടമായിട്ടുള്ള കാട്ടാനകളുടേയും അതുപോലെ അവിടെയുള്ള വന്യ മൃഗങ്ങളായ പന്നി മുതലായ മൃഗങ്ങളുടെയും ശല്യംകൊണ്ട് ജനങ്ങൾ ആകെ പ്രയാസത്തിലാണ്. അവിടെ ജനങ്ങൾ വിവിധ സമരങ്ങൾ നടത്തിക്കഴിഞ്ഞു. മലബാറിന്റെ പല ഭാഗത്തും, അങ്ങയുടെ നിയോജക മണ്ഡലത്തിൽ മണ്ണാർക്കാടും ഇത് സംഭവിച്ചു. അവിടെ നാട്ടുകാരിറങ്ങി റോഡ് തടസ്സപ്പെടുത്തി. റോഡ് ബന്ദ് ആചരിച്ചു. രണ്ടുദിവസം മുമ്പ് ശ്രീ. മൊയ്തീന്റെ നിയോജകമണ്ഡലമായ വടക്കാഞ്ചേരിയിലും ഇത് സംഭവിച്ചു. പക്ഷേ എന്റെ നിയോജകമണ്ഡലത്തിൽ നിത്യ സംഭവമാണ്.

LIBRARY ARCHIVES Kerala Legislative Assembly

വഴിക്കടവ്, പോത്തുകല്ല്, മൂത്തേടം, കരുളായി തുടങ്ങിയ പഞ്ചായത്തുകളിൽ ഇത് നിത്യസംഭവമായി മാറിയിരിക്കുകയാണ്. ഇന്ന് മനുഷ്യന്റെ ജീവനും സ്വത്തിനും രക്ഷയില്ല. ഇന്നത്തെ ഈ സാഹചര്യത്തിൽ ഇതിന് സംരക്ഷണം നൽകാൻ പല പ്രാവശ്യം ഞാൻ സഭയിൽ ആവശ്യപ്പെട്ടുവെങ്കിലും ബഹുമാനപ്പെട്ട മന്ത്രി അല്ലെങ്കിൽ ഗവൺമെന്റ് അത് വേണ്ടതുപോലെ ശ്രദ്ധിക്കപ്പെടുന്നില്ല. സെൻട്രൽ ആക്ടിലെ വ്യവസ്ഥപ്രകാരം കാട്ടുമൃഗങ്ങളെ ഒരിക്കലും വെടിവയ്ക്കാനോ കൊല്ലാനോ ഉള്ള അധികാരമില്ലെന്നാണ് സർക്കാർ പറയുന്നത്. എന്നാൽ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് 1972-ൽ 11-ാം വകുപ്പിൽ പറയുന്നത് - Hunting of wild animals to be permitted in certain cases:

(1) Notwithstanding anything contained in any other law for the time being in force and subject to the provisions of Section IV.

(a) the Chief Wild Life Warden may, if he is satisfied that any wild animal specified in Schedule I has become dangerous to human life or is so disabled or diseased as to be beyond recovery; by order in writing and stating the reasons therefor permit any person to hunt such animal or cause such animal to be hunted.

(b) the Chief Wild Life Warden or the authorised officer may if he is satisfied that any wild animal specified in Schedule II, Schedule III or Schedule IV has become dangerous to human life or to property, (including standing crops on any land) or is so disabled or diseased as to be beyond recovery, by order in writing and stating the reasons therefor e permit any person to hunt such animal or cause such animal to be hunted.

ആവാം. അതിനെ വെടിവയ്ക്കാനും കൊല്ലാനുള്ള അധികാരം വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് സെക്ഷൻ പതിനൊന്നിൽ വളരെ ക്ലിയറായിട്ട് പറഞ്ഞിരിക്കുന്നു. ഇതിനെ തടയുന്നതിനുവേണ്ടി ട്രഞ്ചിംഗും സോളാർ ഫെൻസിംഗും ഏർപ്പെടുത്തണമെന്നൊക്കെയാണ് ഇപ്പോൾ വകുപ്പുമന്ത്രിയും ഡിപ്പാർട്ടുമെന്റും പറയുന്നത്. പക്ഷേ കുറച്ചൊക്കെ അത് ശരിയാകുമെങ്കിലും ഇപ്പോഴും മൃഗങ്ങൾ ആളുകളെ കൊല്ലുകയും കൃഷികൾ നശിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇത് തടയുന്നതിന് നിയമംതന്നെ നിലവിലുണ്ട്. വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ടിലെ സെക്ഷൻ 11-ൽ ഒരു കാര്യംകൂടി പറയുന്നുണ്ട്. മുടക്കുവെടിവയ്ക്കാം. ആനയെ കൊല്ലണ്ട. പന്നിയെ കൊല്ലണ്ട, മുടക്കുവെടിവച്ചാൽ അവറ്റ ഓടിപ്പോകും. പിന്നെ വരില്ല. അത് ചെയ്യുന്നില്ല. അത് ചെയ്യാനും വ്യവസ്ഥയുണ്ട്. ഞാൻ പറയുന്നു, വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് സെക്ഷൻ 11(2) The killing or wounding in good faith of any wild animal in defence of oneself or of any other person shall not be an offence. ഒരു കാട്ടാന ആളെക്കൊല്ലാൻ വരുമ്പോൾ അല്ലെങ്കിൽ കാട്ടാന കൃഷി നശിപ്പിക്കുവാൻ വരുമ്പോൾ അല്ലെങ്കിൽ പന്നി

LIBRARY ARCHIVES Kerala Legislative Assembly

വരുമ്പോൾ ഡിഫൻസിനുവേണ്ടി മുടക്കുവെടിവച്ചാൽ അത് ഒരിക്കലും നിയമ വിരുദ്ധമല്ല എന്ന് നിയമത്തിൽ അനുശാസിക്കുന്നുണ്ട്, സെൻട്രൽ ആക്ടിൽ പറയുന്നുമുണ്ട്. ഇതൊന്നും നോക്കാതെ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന കാര്യം മാത്രമാണ് ഇന്ന് ചെയ്തുവരുന്നത്. എനിക്ക് ഒന്നു മാത്രമാണ് പറയാനുള്ളത്, മലയോരങ്ങളിലെ പാവപ്പെട്ട കൃഷിക്കാരുടെ ജീവനും സ്വത്തുമെല്ലാം നശിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ദയവുചെയ്ത് ഇത് പ്രതിപക്ഷത്തിന്റെ മാത്രം ആവശ്യമല്ല ഭരണപക്ഷാംഗങ്ങളുടേയുംകൂടി ആവശ്യമാണെന്ന കാര്യം പരിഗണിച്ച് അതിന് പരിഹാരമുണ്ടാക്കുവാൻ വേണ്ടി ഈ പറയുന്ന സ്ഥലങ്ങ ളിൽ ആക്ടിലെ വ്യവസ്ഥപ്രകാരം മുടക്കുവെടിവയ്ക്കുവാനെങ്കിലും ഗവൺമെന്റ് തയ്യാറാകണം. ഞാൻ എന്റെ നിയോജകമണ്ഡലത്തിലെ റെയിഞ്ച് ഓഫീസർമാരേയും ഡി.എഫ്.ഒ.മാരേയും പഞ്ചായത്ത് പ്രസിഡന്റു മാരേയുമൊക്കെ വിളിച്ചുകൂട്ടി സംസാരിച്ചു. ചില പ്രതിവിധികളൊക്കെ ചെയ്യാൻ തീരുമാനമായെങ്കിലും പക്ഷേ അത് ഒരു കൊല്ലം മുമ്പ് ചെയ്തിട്ട് പരി ഹാരമായില്ല, കഴിഞ്ഞ മാസം വീണ്ടും പ്രതിവിധികൾ ചെയ്തു എന്നിട്ടും ഒന്നും ആകുന്നില്ല. അതുകൊണ്ട് പ്രശ്നബാധിത പ്രദേശങ്ങളിലെ നിവാരണ പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിക്കണമെന്നു മാത്രമല്ല ഇത്തരം കാട്ടുമൃഗങ്ങളെ ഷെഡ്യൂൾ ഒന്ന് ആണെങ്കിലും രണ്ട് ആണെങ്കിലും മൂന്ന് ആണെങ്കിലും നാല് ആണെങ്കിലും മുടക്കുവെടിവയ്ക്കാനുള്ള അധികാരമുണ്ട്. അതിനുള്ള ഡയറക്ഷൻ താഴത്തലങ്ങളിലേക്ക് നൽകണമെന്നും ഇതിൽനിന്ന് കൃഷിക്കാരെ രക്ഷപ്പെടുത്തുവാനുള്ള നടപടി അടിയന്തരമായി കൈക്കൊള്ളണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

വനവും ഭവനനിർമ്മാണവും വകുപ്പു മന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് അതീവ ഗുരുതരമായ പ്രശ്നമാണ് സഭയിൽ ശ്രദ്ധക്ഷണിക്കൽ പ്രമേയമായി ഉന്നയിച്ചിട്ടുള്ളത്. അദ്ദേഹം സൂചിപ്പിച്ചിട്ടുള്ള നിയമം എങ്ങനെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും പരിശോധിക്കുന്നതാണ്. അങ്ങ് തന്നെ ശ്രമിച്ച് നേരിട്ട് വിളിച്ച് കൂട്ടിയതിന്റെ ഫലമായി ചെറിയ ആശ്വാസ നടപടികളുണ്ടായെങ്കിലും തുടർ നടപടികൾ ഉണ്ടാകുന്നില്ല. മനുഷ്യന്റെ ജീവൻ രക്ഷിക്കാൻ സെൽഫ് ഡിഫൻസിനുവേണ്ടി വന്യമൃഗങ്ങളെ കൊല്ലാൻ നിയമത്തിൽ വകുപ്പുകളുണ്ടെങ്കിൽ തീർച്ചയായും അക്കാര്യം പരിശോധിക്കുന്നതാണ്. നിലമ്പൂർ നോർത്ത് ആന്റ് സൗത്ത് ഡിവിഷനുകളിലായി വ്യാപിച്ചു കിടക്കുന്ന വനമേഖലകളിൽ അനുഭവപ്പെടുന്ന കാട്ടാനകളുടെ ആക്രമണത്തിനെതിരെ വനംവകുപ്പ് ശക്തമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ ഡിവിഷനുകളിൽ 42.36 ലക്ഷം രൂപ ചെലവഴിച്ച് 50.91 കിലോമീറ്റർ സൗരോർജ്ജ വേലിയും 33.97 ലക്ഷം രൂപ ചെലവഴിച്ച് ആന പ്രതിരോധ കിടങ്ങുകളും നിർമ്മിക്കുകയും വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ തന്നെ ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിനായി എട്ട് തടയണകളും പതിനഞ്ച്

LIBRARY ARCHIVES Kerala Legislative Assembly

കുളങ്ങളും നിർമ്മിക്കുകയും വിവധ ഭാഗങ്ങളിലായി 389 ഹെക്ടർ സ്ഥലത്ത് മുളന്തോട്ടവും 141.64 ഹെക്ടർ സ്ഥലത്ത് നിശ്ചിത തോട്ടവും വച്ചുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ ഈ രണ്ട് ഡിവിഷനുകളിലായി വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെട്ട 11-പേരുടെ കുടുംബങ്ങൾക്ക് 15.90 ലക്ഷം രൂപയും കൃഷി നാശം സംഭവിച്ച ഇനത്തിൽ 373 അപേക്ഷകളിൽ 9.29 ലക്ഷം രൂപയും നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിക്കുന്നവർക്കുള്ള നഷ്ട പരിഹാരത്തുക അൻപതിനായിരം രൂപ മാത്രമായിരുന്നു. കൃഷിനാശത്തിനും കന്നുകാലികൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും നൽകിയിരുന്ന തുക പതിനായിരം രൂപയായിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യജീവി ആക്രമണംമൂലം മരണപ്പെട്ടവർക്കുള്ള നഷ്ടപരിഹാരത്തുക മൂന്ന് ലക്ഷം രൂപയായും കൃഷിനാശത്തിനും മറ്റുമുള്ള നഷ്ട പരിഹാരത്തുക അൻപതിനായിരം രൂപയായി വർദ്ധിപ്പിക്കുന്നതാണ്. മലബാർ മേഖലയിലുള്ള പാലക്കാട് ജില്ലയിലും കാട്ടാന ശല്യം അനുഭവപ്പെടുന്നുണ്ട്. അതിന്റെ കണക്കുകളെല്ലാം ഇതിനകത്ത് ഉദ്ധരിച്ചിട്ടുണ്ട്. വനമേഖലകളോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ രൂക്ഷമായ വന്യമൃഗശല്യം നേരിടുന്നതിന് വനംവകുപ്പ് ആസ്ഥാനത്ത് 12-7-2010-ൽ എം.എൽ.എ. മാരുടെ യോഗം ചേരുകയും വന്യമൃഗശല്യത്തിന് പരിഹാര നടപടികൾ കൈക്കൊള്ളുന്നതിനായി അതാതു ജില്ലകളിലെ എം.എൽ.എ. മാരുമായി ചർച്ച ചെയ്ത് ഒരു പ്രവർത്തന പദ്ധതി തയ്യാറാക്കുകയും അത് നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഈ വർഷം നബാർഡിന്റെയും പതിമൂന്നാം ധനകാര്യ കമ്മീഷന്റേയും പ്ലാൻ ഫണ്ടിന്റേയും സഹായത്തോടെ 10.81 കോടി രൂപയ്ക്കുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. പ്രശ്ന ബാധിത പ്രദേശങ്ങളിൽ ഈ തുകയ്ക്കുള്ള നിവാരണ പ്രവർത്തനങ്ങൾ അടിയന്തരമായി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: 42 ലക്ഷം രൂപ ചെലവിട്ട് ഉണ്ടാക്കുന്ന ട്രെഞ്ചും സോളാർ ഫെൻസിംഗിനെക്കുറിച്ചുമാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് മരത്തിന്റെ കൊമ്പ് മുറിച്ചെടുത്ത് അതുകൊണ്ട് സോളാർ ഫെൻസിംഗിന് അടിച്ച് പൊളിച്ച് കടക്കുകയാണ് ഇപ്പോൾ ആനകൾ ചെയ്യുന്നത്. അവിടെ മുടക്കുവെടി വയ്ക്കുകയാണ് വാസ്തത്തിൽ ഇതിന് പരിഹാരമായിട്ടുള്ളത്. വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് 1972, സെക്ഷൻ 11 അനുസരിച്ച് ഹണ്ടിംഗിന് തന്നെ പ്രൊവിഷനുണ്ട്. ഞാൻ അതു പറയുന്നില്ല, പക്ഷേ മുടക്കുവെടി വച്ചാൽ ആന ഭയപ്പെട്ട്പോകും അതുപോലെ ബാക്കിയുള്ള മൃഗങ്ങളും പോകുന്നതാണ്. മൃഗങ്ങളുടെ സെൻസസ് എടുത്തുനോക്കിയാൽ വൈൽഡ് ബോറുകളും മറ്റും ഇന്ന് ആവശ്യത്തേക്കാൾ കൂടുതലായിട്ടുണ്ട്. അതുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്, വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് സെക്ഷൻ 11 അനുസരിച്ച് അവിടെ മുടക്ക്വെടി വയ്ക്കാൻ ഈ കൃഷിക്കാർക്ക് അനുവാദം കൊടുക്കാമോ അതാണ് എനിക്ക് അറിയേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ദിവാകരൻ : നിയമത്തിനകത്തുനിന്ന് മുടക്ക്വെടിയാണോ പൊയ്വെടിയാണോ, ആ വെടി വയ്ക്കേണ്ടത് ആരാണ് അതിന്റെ സാഹചര്യം അനുസരിച്ച് ചെയ്യാൻ പറ്റുമോ എന്ന് നോക്കാം. ആളുകൾക്കെല്ലാം വെടിവയ്ക്കാനുള്ള അനുവാദം കൊടുക്കുന്നത് ശരിയല്ല. ഫോറസ്റ്റുകാർക്ക് നിർദ്ദേശപ്രകാരം പാഴ്വെടി വയ്ക്കാൻ കഴിയും.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇത് നിലമ്പൂർ മാത്രമല്ല.

ശ്രീ. സി. ദിവാകരൻ : കേരളത്തിന്റെ മൊത്തത്തിലുള്ള പ്രശ്നമാണ്.

2. എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസം

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : സർ, കാസർഗോട് ജില്ലയിലെ കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ എന്ന മാരക കീടനാശിനി തളിച്ചതിന്റെ ദുരന്ത ഫലങ്ങളെ സംബന്ധിച്ച് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. എൻഡോസൾഫാൻ ഒരു മാരക കീടനാശിനിയാണെന്ന് ഇതിനകം നടത്തിയ പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. എഡോസൾഫാൻ ഓർഗാനോക്ലോറിൻ എന്ന രാസവസ്തുവാണ്. വായിലൂടെയും ത്വക്കിലൂടെയും ശരീരത്തിൽ പ്രവേശിച്ച് വൃക്കകളിലും തൈറോയിഡ് ഗ്രന്ഥിയിലും അടിഞ്ഞുകൂടുമെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. കാസർഗോട് ജില്ലയിലെ പ്ലാന്റേഷൻ തോട്ടങ്ങളിൽ കശുമാവിന്റെ പൂക്കളെ നശിപ്പിക്കുന്ന തേയില കൊതുകുകളെ തുരത്താൻ തളിച്ച എൻഡോസൾഫാൻ കാസർഗോട് ജില്ലയിലെ എൻമകജെ പഞ്ചായത്ത് ഉൾപ്പെടെ പതിനൊന്ന് ഗ്രാമങ്ങളിലാണ് വിഷ മഴയായി പെയ്തിറങ്ങിയത്. ഇവിടത്തെ ജനങ്ങളെ തലമുറകളോളം നീളുന്ന തീരാദുരിതത്തിലാക്കിയിരിക്കുകയാണ്. കാസർഗോഡിനുപുറമെ ഇടുക്കി, വയനാട്, പാലക്കാട്, കോഴിക്കോട് ജില്ലകളിലും എൻഡോസൾഫാൻ ഉപയോഗിച്ചതുമൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതുമൂലം ജനിതക വൈകല്യങ്ങൾ, നാഡീവ്യൂഹത്തിലുണ്ടാകുന്ന തകരാറുകൾ, അംഗവൈകല്യങ്ങൾ, ഹോർമോൺ വ്യതിയാനങ്ങൾ, പ്രത്യുൽപ്പാദന വ്യവസ്ഥയിലെ തകരാറുകൾ, മാനസിക വൈകല്യങ്ങൾ, ബുദ്ധിമാന്ദ്യം, കാൻസർ തുടങ്ങിയ എണ്ണമറ്റ ദുരിതങ്ങൾക്കുമുമ്പിൽ കാസർഗോട് ജില്ലയിലെ ഒരുപറ്റം പാവം മനുഷ്യർ പകച്ചുനിൽക്കുകയാണ്. 1970 മുതലാണ് എൻഡോസൾഫാൻ ഹെലികോപ്റ്റർ വഴി തളിക്കാൻ തുടങ്ങിയത്. രണ്ട് ദശാബ്ദക്കാലം തുടർച്ചയായി ഒരേ കീടനാശിനി തളിച്ചതിന്റെ ഉത്തരവാദിത്വം പ്ലാന്റേഷൻ കോർപ്പറേഷനും സർക്കാരിനുമാണ്. ഇതിന്റെഫലമായി കാസർകോട് ജില്ലയിൽ രണ്ടായിരത്തി അഞ്ഞൂറോളം രോഗികൾ ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുളളത്. കൂടാതെ നിരവധി പേർ മരണപ്പെടുകയും പുതിയതായി ആളുകൾക്ക് ഈ രോഗം ഉണ്ടായിക്കൊണ്ടിരിക്കുകയുമാണ്. കാസർഗോട് കാണുന്ന ഈ രോഗങ്ങൾക്കൊന്നും കാരണം എഡോസൾഫാൻ അല്ലെന്നാണ് ഇതൊക്കെയായിട്ടും കേന്ദ്ര കൃഷി വകുപ്പു മന്ത്രി കേരളക്കാരനും ഈ സഭയിലെ അംഗം കൂടിയായിരുന്ന ശ്രീ. കെ. വി. തോമസ് കാസർകോട് കഴിഞ്ഞ ഒക്ടോബർ 25-ാം തീയതി ഒരു

LIBRARY ARCHIVES Kerala Legislative Assembly

സമ്മേളനത്തിൽ നടത്തിയ പ്രസംഗത്തിൽ പറഞ്ഞത്. കാസർകോട് ജില്ലയിലേയും കേരളത്തിലേയും ജനങ്ങളെ ഞെട്ടിപ്പിച്ച ഒരു പ്രസ്താവനയായിരുന്നു അത്. ഇങ്ങനെ പറയുന്നതിന് തൊട്ടുമുൻപ് ജനീവയിൽ ചേർന്ന പോപ്സ് കൺവെൻഷനിൽ ഇന്ത്യൻ പ്രതിനിധിതന്നെ എൻഡോസൾഫാൻ നിരോധിക്കേണ്ടതില്ലെന്ന വാദഗതി ഉയർത്തുകയും ചെയ്തു. ഇവ രണ്ടും കൂട്ടി വായിക്കേണ്ടതുമാണ്. ജനീവാ കൺവെൻഷനിൽ പങ്കെടുത്ത 26 രാജ്യങ്ങളും എൻഡോസൾഫാൻ നിരോധിക്കണമെന്നാണ് പറഞ്ഞത്. പക്ഷേ ഇന്ത്യൻ പ്രതിനിധി മാത്രമാണ് ഇത് നിരോധിക്കരുത് എന്ന് അവിടെ ആവശ്യപ്പെട്ടത്. കേരളത്തിലെ മുഖ്യമന്ത്രി ഇത് നിരോധിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു, പക്ഷെ ഇതൊന്നും കണക്കാക്കാതെ ഇന്ത്യൻ പ്രതിനിധി ജനീവാ സമ്മേളനത്തിൽ ഇത് നിരോധിക്കരുത് എന്ന് വാദിച്ചതും അതിനെത്തുടർന്ന് ശ്രീ. കെ. വി. തോമസിന്റെ പ്രഖ്യാപനവും രണ്ടുംകൂടി വന്നപ്പോഴാണ് കാസർഗോഡ് ജില്ലയിലെ ജനങ്ങൾ പ്രക്ഷുബ്ധരായത്. ഇതുസംബന്ധിച്ച് വീണ്ടും പഠനം നടത്തണമെന്നാണ് കേന്ദ്ര ഗവൺമെന്റ് പറയുന്നത്. ഇതിനകം എൻഡോസൾഫാൻ സൃഷ്ടിക്കുന്ന പാരിസ്ഥിതിക-ആരോഗ്യ പ്രശ്നങ്ങളുടെ ഭീകരത വ്യക്തമാക്കുന്ന 16 പഠനങ്ങൾ നടത്തിയിട്ടുണ്ട്, ഒട്ടേറെ പഠന റിപ്പോർട്ടുകളും വന്നിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ചിലതാണ് അലഹാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒക്യുപ്പേഷൻ ഹെൽത്ത് വാണിനഗർ, പെഡ്രെ വില്ലേജുകളിൽ നടത്തിയ പഠനത്തിലൂടെ ഒട്ടനവധി ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി ഇനി എൻഡോസൾഫാൻ തളിക്കരുതെന്ന് പറഞ്ഞിട്ടുണ്ട്. ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചും (ഐ.സി.എം.ആർ.) പഠനം നടത്തി എൻഡോസൾഫാന്റെ ഉപയോഗം നിർത്തണമെന്ന് പറഞ്ഞിട്ടുണ്ട്. ഡൽഹിയിലെ സയൻസ് ആന്റ് എൻവയോൺമെന്റൽ (ഐ.എസ്.സി.) നടത്തിയ പഠനത്തിൽ മണ്ണിലും വെള്ളത്തിലും മനുഷ്യനിലും ജീവികളിലും എൻഡോസൾഫാന്റെ അളവ് അനുവദനീയമായ അളവിനേക്കാൾ കൂടുതലാണെന്ന് കണ്ടെത്തിയതിനാൽ ഇനി മുതൽ എൻഡോസൾഫാൻ ഉപയോഗിക്കരുതെന്ന് പറഞ്ഞിട്ടുണ്ട്. യു.എസ്. -ലെ എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ ഏജൻസിയുടെ (ഇ.പി.എ)-യുടെ പഠനത്തിലും ഇത് ഭീകരമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ലണ്ടൻ ആസ്ഥാനമായ എൻവയോൺമെന്റൽ ജസ്റ്റിസ് ഫൗണ്ടേഷൻ നടത്തിയ പഠനത്തിലും കേരളത്തിലെ സയൻസ് ആന്റ് ടെക്നോളജി നടത്തിയ പഠനത്തിലും എൻഡോസൾഫാൻ നിരോധിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. കേരള സർക്കാർ നിയമിച്ച ഡോക്ടർ അച്യുതൻ കമ്മിറ്റിയും ഇനി എൻഡോസൾഫാന്റെ ഉപയോഗം നിറുത്തണമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷെ ഇതൊന്നും വകവയ്ക്കാതെ കേന്ദ്ര ഗവൺമെന്റിന്റെ കൃഷി വകുപ്പ് നിയോഗിച്ച ഒ.പി. ദുബേ കമ്മിറ്റി നടത്തിയ പഠനത്തിൽ എൻഡോസൾഫാന് അനുകൂലമായ നിലപാടെടുത്തിട്ടുണ്ട്. ഇന്ത്യയിൽ എൻഡോസൾഫാൻ ഉപയോഗിക്കണമെന്നാണ് ഒ.പി. ദുബേ കമ്മിറ്റി പറഞ്ഞിട്ടുള്ളത്. എൻഡോസൾഫാൻ കമ്പനിക്കു വേണ്ടിയായിരുന്നു ഒ.പി. ദുബേ പറഞ്ഞത്. അന്ന് ഈ പഠനം നടത്തിയ സമയത്ത് ഒ.പി. ദുബേ കാസർഗോട് സി.പി.സി.ആർ.ഐ-ന്റെ ഡയറക്ടർ കൂടിയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ കമ്മിറ്റിയിലെ ഭൂരിപക്ഷം അംഗങ്ങളും ഇത് പാടില്ലെന്ന് പറഞ്ഞിട്ടും ഒ.പി. ദുബേ തന്റെ സ്വന്തം ഇഷ്ടത്തിന് നൽകിയ റിപ്പോർട്ടാണ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചത്. എല്ലാ പഠനങ്ങളേയും അവഗണിച്ചു കൊണ്ട് ഒ.പി. ദുബേയുടെ നിർദ്ദേശപ്രകാരം എൻഡോസൾഫാൻ വീണ്ടും വീണ്ടും ഉപയോഗിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടാണ് ഈ പ്രശ്നങ്ങളെല്ലാം ഉണ്ടായത്. വീണ്ടും പഠനം നടത്തണമെന്ന് പറഞ്ഞിരിക്കുകയാണെങ്കിലും ഇനിയൊരു പഠനം ഇവിടെ ആവശ്യമില്ല. കാസർഗോട് ജില്ലയിൽ ജീവിച്ചിരിക്കുന്ന കുറേ മനുഷ്യക്കോലങ്ങളുണ്ട്. അതു തന്നെയാണ് ഏറ്റവും വലിയ ഉദാഹരണം. അതുകൊണ്ട് എല്ലാ പഠനങ്ങളും ഇനി അവസാനിപ്പിക്കണം. കഴിഞ്ഞ ഒരു സാമ്പത്തിക വർഷം മാത്രം ഇന്ത്യൻ കമ്പോളത്തിൽ 9,500 കോടി രൂപയുടെ എൻഡോസൾഫാനാണ് വിറ്റഴിക്കപ്പെട്ടിട്ടുള്ളത്.

ഈ ബഹുരാഷ്ട്ര കമ്പനിയോട് കേന്ദ്ര ഗവൺമെന്റിന് എന്തിനാണ് ഇത്രയും വലിയ പ്രേമം ? ഇൻഡ്യാ ഗവൺമെന്റ് കമ്പനിക്ക് അനുകൂലമായ ജനദ്രോഹ നടപടിയാണ് സ്വീകരിക്കുന്നത്. കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റാണ് കഴിഞ്ഞ നാല് വർഷങ്ങളിൽ കുറെയേറെ കാര്യങ്ങൾ ചെയ്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഇതുവരെ ഇക്കാര്യത്തിൽ ഒരു ധനസഹായവും നല്കിയിട്ടില്ല. എൻഡോസൾഫാൻ സമ്പൂർണ്ണമായി നിരോധിക്കണമെന്നും ഭരണകൂടത്തിന്റെ തെറ്റായ നടപടിമൂലം ദുരിതമനുഭവിക്കുന്നവർക്ക് മതിയായ നഷ്ടപരിഹാരം നൽകണമെന്നും മരണപ്പെട്ടവർക്ക് രണ്ടുലക്ഷം രൂപയും ജീവിച്ചിരിക്കുന്ന ഇരകൾക്ക് അഞ്ചുലക്ഷം രൂപയും മാസത്തിൽ അയ്യായിരം രൂപ പെൻഷനുമുൾപ്പെടെ നൽകണമെന്നും ആധുനിക ചികിത്സാ സൗകര്യം നൽകുന്ന ഒരു ബഹൃത്തായ കേന്ദ്ര പാക്കേജ് അനുവദിക്കാൻ കേന്ദ്രത്തിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തണമെന്നും ഇനിയൊരു പഠനം ആവശ്യമില്ലെന്ന് കേന്ദ്രത്തെ ബോധ്യപ്പെടുത്തണമെന്നുമാണ് ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. സംസ്ഥാനത്തിന് ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ഇതിനകം ചെയ്തിട്ടുണ്ട്. ഇനിയും സംസ്ഥാനത്തിന് എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിയുമോ ആ കാര്യങ്ങളെല്ലാം ചെയ്യണം. എൻഡോസൾഫാൻ ദുരിതബാധിതർക്ക് നിയമപരമായി നഷ്ടപരിഹാരം ലഭിക്കുന്നതിന് ജുഡീഷ്യൽ അധികാരത്തോടുകൂടിയ ഒരു ട്രിബ്യൂണൽ സ്ഥാപിക്കണം. ഇങ്ങനെയുള്ള ഒട്ടനവധി കാര്യങ്ങൾ ചെയ്താൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ ഈ സഭയുടെ ശ്രദ്ധയുണ്ടാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ പ്രതികരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, 1981 മുതൽ 2001 വരെ കാസർഗോഡ് ജില്ലയിലെ പ്ലാന്റേഷൻ കോർപ്പറേഷൻ വക കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ തളിക്കുകയുണ്ടായി. എൻഡോസൾഫാൻ

LIBRARY ARCHIVES Kerala Legislative Assembly

തളിച്ചതുമൂലം കാസർഗോഡ് ജില്ലയിലെ പതിനൊന്ന് പഞ്ചായത്തുകളിൽ കടുത്ത പാരിസ്ഥിതി പ്രശ്നങ്ങളുണ്ടായതായും ജനങ്ങൾക്ക് കടുത്ത ആരോഗ്യ പ്രശ്നങ്ങളുണ്ടായതായും ചൂണ്ടിക്കാട്ടി ബഹുജന പ്രക്ഷോഭം ഉയരുകയും നിയമസഭയിൽ പ്രശ്നം ഉന്നയിക്കപ്പെടുകയും വിവിധ കമ്മിറ്റികൾ എൻഡോസൾഫാൻ കീടനാശിനി നിരോധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്ത സാഹചര്യത്തിലും കോടതി നിർദ്ദേശത്തിന്റെ വെളിച്ചത്തിലും 2004-ൽ കേരളത്തിൽ എൻഡോസൾഫാന്റെ ഉത്പാദനവും ഉപയോഗവും നിരോധിച്ചു. നിരോധിച്ച് ആറുവർഷം കഴിഞ്ഞിട്ടും കാസർഗോട്ടെ പ്ലാന്റേഷൻ മേഖലയിൽ എൻഡോസൾഫാൻ വിതച്ച ദുരിതങ്ങൾ തുടരുകയാണ്. നൂറുകണക്കിന് ആളുകൾ മരണപ്പെട്ടിട്ടുണ്ട്. ആയിരക്കണക്കിന് ആളുകൾ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ കാരണം നരകയാതന അനുഭവിക്കുന്നു. അംഗവൈകല്യവും വന്ധ്യതയും ജനിതക രോഗങ്ങളുമെല്ലാം എൻഡോസൾഫാൻ ഉപയോഗിക്കുന്നതിന്റെ ഫലമായി തുടരുന്നു. എൻഡോസൾഫാന്റെ ഉത്പാദനവും ഉപയോഗവും രാജ്യത്താകെ നിരോധിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് പലതവണ ആവശ്യപ്പെട്ടിട്ടുണ്ട്. കീടനാശിനികൾ സംബന്ധിച്ച ലോകസമ്മേളനത്തിൽ മറ്റ് രാജ്യങ്ങൾ എൻഡോസൾഫാന് എതിരായ നിലപാട് സ്വീകരിച്ചപ്പോൾ ഇൻഡ്യാ ഗവൺമെന്റ് ആ അന്തകവിഷത്തിന് അനുകൂലമായ നിലപാട് എടുത്തതിൽ സംസ്ഥാന സർക്കാർ ശക്തമായ പ്രതിഷേധം അറിയിച്ചിട്ടുണ്ട്. കേന്ദ്ര കൃഷി സഹമന്ത്രി ശ്രീ. കെ. വി. തോമസ് എൻഡോസൾഫാന് ഗുഡ് സർട്ടിഫിക്കറ്റ് കൊടുത്തത് ശക്തമായ ജനരോഷത്തെ തുടർന്ന് പിൻവലിച്ച് മാപ്പും പറഞ്ഞു. എന്നാൽ, എൻഡോസൾഫാൻ നിരോധിക്കാനല്ല പഠനം നടത്താനാണ് കേന്ദ്രം ഇറങ്ങിപ്പുറപ്പെടുന്നത്. എൻഡോസൾഫാന് അനുകൂലമായ നിലപാടെടുത്ത ശ്രീ. സി. ഡി. മായി എന്ന വിദഗ്ദ്ധനെയാണ് ആദ്യം കമ്മിറ്റിയുടെ തലവനായി വച്ചത്. ഇപ്പോൾ അദ്ദേഹത്തെ മാറ്റിയെന്നാണ് ഔദ്യോഗിക വിവരം. ഇനിയൊരു കമ്മിറ്റിയെ വയ്ക്കുകയല്ല, എൻഡോസൾഫാന്റെ ഉദ്പാദനവും ഉപയോഗവും നിരോധിക്കുകയും ആ അന്തകവിഷത്തിന്റെ ദുഷ്ഫലം അനുഭവിക്കുന്നവരെ പുനരധിവസിപ്പിക്കുകയും സമഗ്രമായ പാക്കേജ് നടപ്പിലാക്കണമെന്നുമാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്നത്. പുനരധിവാസത്തിനായി അടിയന്തിരമായി 100 കോടി രൂപ അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആശ്വാസം എത്തിക്കാൻ സംസ്ഥാന സർക്കാർ കഴിവിന്റെ പരമാവധി ശ്രമിക്കുന്നുണ്ട്. മരിച്ചവരുടെ ആശ്രിതർക്ക് അരലക്ഷം രൂപ വീതം നൽകുന്നതിനുപുറമേ രോഗബാധിതരായി ജോലിക്കുപോകാൻ കഴിയാത്തവർക്കും ശയ്യാവലംബികളായവർക്കും രണ്ടായിരം രൂപ പ്രതിമാസം അലവൻസ് നൽകാൻ നടപടിയെടുത്തിട്ടുണ്ട്. രോഗബാധിതരായ മറ്റുള്ളവർക്ക് പ്രതിമാസം ആയിരം രൂപ അലവൻസ് നൽകുന്നു. മുഴുവൻ എൻഡോസൾഫാൻ രോഗബാധിത കുടുംബങ്ങൾക്കും സൗജന്യ റേഷൻ അനുവദിച്ചു. രോഗബാധിതരുടെ ചികിത്സയ്ക്കും സാന്ത്വന ചികിത്സയ്ക്കും വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മൊബൈൽ

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ യൂണിറ്റുകൾ ഏർപ്പെടുത്തുകയും പ്രശ്നമേഖലയിലെ ആരോഗ്യ കേന്ദ്രങ്ങളിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനും തിരികെ വിടുന്നതിനും പതിമൂന്ന് ആരോഗ്യകേന്ദ്രങ്ങളിൽ ഓരോ വാഹനം വീതം ലഭ്യമാക്കുകയും എൻഡോസൾഫാൻ രോഗബാധിതർക്ക് എല്ലാവിധ ചികിത്സയും മരുന്നും സൗജന്യമായി ലഭ്യമാക്കാൻ നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സാന്ത്വന ചികിത്സ ഉൾപ്പെടെ ലഭ്യമാക്കാൻ പ്രത്യേക ഹെൽത്ത് വർക്കർമാരെയും ആശാ വോളന്റിയർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. രോഗബാധിത മേഖലയിൽ 22 സ്പെഷ്യാലിറ്റി ചികിത്സാ പരിശോധനാ ക്യാമ്പുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നാല് ക്യാമ്പുകൾ നടന്നുകഴിഞ്ഞു. ഓരോ ക്യാമ്പുകളിലും മെഡിക്കൽകോളേജ് ആശുപത്രിയിലെ ഇരുപത് വീതം ഡോക്ടർമാർ പങ്കെടുക്കുന്നുണ്ട്. അവർ നിശ്ചയിക്കുന്ന തരത്തിലുള്ള വിദഗ്ദ്ധ ചികിത്സ ഏത് ആശുപത്രിയിൽനിന്നാണോ ലഭ്യമാക്കേണ്ടത് അവിടെ ചികിത്സിപ്പിക്കുകയും. അതിനാവശ്യമായ തുക മുഴുവൻ സർക്കാർ വഹിക്കുകയും ചെയ്യുന്നതാണ്. സൂപ്പർ സ്പെഷ്യാലിറ്റി പരിശോധനാ ക്യാമ്പ് ജനുവരിയിൽ പൂർത്തിയാകും. എൻഡോസൾഫാൻ കാരണം യാതന അനുഭവിക്കുന്ന മുഴുവൻ പേർക്കും സഹായം എത്തിക്കുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ഉത്തരവാദിത്തമുണ്ട്. കാരണം, ഭരണകൂടത്തിന്റെ പിഴവാണ് ഇത്തരമൊരു ദുരന്തത്തിന് കാരണം. ഇപ്പോഴത്തെ സംസ്ഥാന സർക്കാർ ആ നിലയിൽ തന്നെ കണ്ട് കഴിയാവുന്നത്ര എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ട്. എന്നാൽ കേന്ദ്രത്തിന്റെ സമീപനം അനുകൂലമായിട്ടില്ല. കടബാധ്യത കാരണമുള്ള ജപ്തി നടപടികൾ നിറുത്തിവയ്ക്കുകയും കടാശ്വാസ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. സമഗ്രമായ പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിന് പുനരധിവാസ പാക്കേജ് തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഇനി കേന്ദ്ര സർക്കാരിനാണ് നടപടി എടുക്കേണ്ടത്. പുനരധിവാസ പാക്കേജ് നടപ്പിലാക്കാനാവശ്യമായ പണം കേന്ദ്ര ഗവൺമെന്റ് അനുവദിക്കണം. എൻഡോസൾഫാൻ രാജ്യത്താകെ നിരോധിക്കുന്നതോടൊപ്പം മേൽപ്പറഞ്ഞ കാര്യങ്ങൾക്കൂടി ആവശ്യപ്പെട്ടുകൊണ്ട് പ്രധാനമന്ത്രിക്ക് നിവേദനം നൽകാൻ തീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : സർ, കേന്ദ്ര ഗവൺമെന്റിനോട് നൂറുകോടി രൂപയുടെ ഒരു പാക്കേജാണ് ആവശ്യപ്പെടുന്നത്. ഇതുസംബന്ധിച്ച് കേരളാ ഗവൺമെന്റ് പ്രോജക്ട് തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചോയെന്നും ഇത് നേടിയെടുക്കുന്നതിനുവേണ്ടി കേരളത്തിൽനിന്ന് ഒരു സർവ്വകക്ഷി സംഘം കേന്ദ്ര ഗവൺമെന്റിന്റെ ഭരണാധികാരികളെ കാണാൻവേണ്ടി പോകാൻ നിശ്ചയിച്ചിട്ടുണ്ടോയെന്നും എന്നാണ് പോകുന്നതെന്നും അറിയാൻ താല്പര്യമുണ്ട്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, അതുസംബന്ധിച്ചും ആലോചിച്ചുകൊണ്ടിരിക്കുകയാണ്. പ്രതിപക്ഷാംഗങ്ങളെക്കൂടി സഹകരിപ്പിച്ച് ഒരു സർവ്വകക്ഷി നിവേദനം കേന്ദ്രത്തിന് നൽകാൻ നടപടി എടുത്തുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

IV സബ്മിഷൻ

1. ദമാം എയർപോർട്ടിൽ കുടുങ്ങിയ എയർ ഇൻഡ്യ യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, ദമാമിൽനിന്ന് കഴിഞ്ഞ ഞായറാഴ്ച പുറപ്പെടേണ്ടിയിരുന്ന എയർ ഇൻഡ്യയുടെ വിമാനം ഇന്നലെയാണ് ഇവിടെ എത്തിച്ചേർന്നത്. മൂന്നു രാത്രിയും നാല് പകലും എയർപോർട്ടിലും ഹോട്ടൽ മുറികളിലുമായി ഏതാണ്ട് 230-ഓളം യാത്രക്കാർക്ക് തങ്ങേണ്ടിവന്നിട്ടുണ്ട്. ഹോട്ടലിൽ അവർക്ക് ആവശ്യമായ സൗകര്യം ചെയ്തുകൊടുത്തിട്ടില്ല. ഇതിൽ പ്രതിഷേധിച്ച യാത്രക്കാരെ സൗദി പോലീസ് മർദ്ദിച്ചതായും വാർത്തകൾ വന്നിട്ടുണ്ട്. എയർ ഇൻഡ്യാ അധികൃതരുടെ അനാസ്ഥയാണ് ഇതിനെല്ലാം ഇടയാക്കിയിട്ടുള്ളത്. പിതാവിന്റെ മയ്യത്ത് കാണാനും ക്രിസ്മസ് ആഘോഷ ങ്ങൾക്കുമായി പുറപ്പെട്ടവരും വളരെ ചുരുങ്ങിയ ദിവസത്തിനകം മടങ്ങിപ്പോയി മറ്റ് ഡ്യൂട്ടികൾക്ക് പ്രവേശിക്കേണ്ടവരുമായ യാത്രക്കാരുണ്ടായിരുന്നു. ആ യാത്രക്കാർക്കൊന്നും യഥാസമയം ഇവിടെ എത്തിച്ചേരാൻ സാധിച്ചിട്ടില്ല. എയർ ഇൻഡ്യ പലപ്പോഴും ഇതുപോലെ നിരുത്തരവാദപരമായ സമീപനം സ്വീകരിക്കുന്നുണ്ട്. ഒരു വിമാനത്തിന് എന്തെങ്കിലും തകരാർ സംഭവി ച്ചാൽ ആ യാത്രക്കാരെ കൊണ്ടുവരാനുള്ള മറ്റൊരു അറേഞ്ച്മെന്റ്സും എയർ ഇൻഡ്യ ഉണ്ടാക്കുന്നില്ല. ഇന്നലെ ബോംബെയിൽനിന്ന് എയർ ഇൻഡ്യാ വിമാനം പോയിട്ടാണ് നാലുദിവസമായി അവിടെ കുടുങ്ങിപ്പോയ യാത്രക്കാരെ കൊച്ചിയിലെത്തിക്കാൻ സാധിച്ചിട്ടുള്ളത്. ഈ അവസ്ഥ തുടരാതിരിക്കാനും എയർ ഇൻഡ്യയുടെ ഭാഗത്തുനിന്നുമുണ്ടാകുന്ന നിരുത്തരവാദപരമായ സമീപനങ്ങൾക്ക് അറുതി വരുത്താനുമാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ദമാം എയർപോർട്ടിൽ കുടുങ്ങിപ്പോയ മലയാളി വിമാനയാത്രക്കാർക്ക് എയർ ഇൻഡ്യ അധികൃതരിൽനിന്നും നേരിട്ട ദുരനുഭവം സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധ യിൽപ്പെട്ടയുടൻതന്നെ ബോംബെയിലേയും തിരുവനന്തപുരത്തേയും എയർ ഇൻഡ്യാ അധികൃതരുമായി ടെലിഫോൺ മുഖേനയും ഫാക്സ് മുഖേനയും ബന്ധപ്പെടുകയുണ്ടായി. യാത്രക്കാർക്ക് ആവശ്യമായ അടിയന്തര സഹായം എത്തിക്കുവാനും ഇതുസംബന്ധിച്ച് കൈക്കൊണ്ട നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഡൽഹി യിലുള്ള സിവിൽ ഏവിയേഷൻ ഡയറക്ടറുടേയും സൗദി അറേബ്യയിലെ ഇൻഡ്യൻ അംബാസിഡറുടേയും ശ്രദ്ധയിൽപ്പെടുത്തി ഇക്കാര്യത്തിൽ അടിയന്തര ഇടപെടൽ ഉണ്ടാക്കി യാത്രക്കാർക്ക് വേണ്ട സഹായം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. ദമാമിൽ കുടുങ്ങിയ യാത്രക്കാരെ നാട്ടിലെത്തിക്കാൻ ഒരു പ്രത്യേക വിമാനം അങ്ങോട്ടേക്ക് അയയ്ക്കണമെന്ന് ബോംബെയിലെ എയർ ഇൻഡ്യാ അധികൃതരോട് ടെലഫോണിൽ ബന്ധപ്പെട്ട് ആവശ്യപ്പെട്ട തിന്റെ അടിസ്ഥാനത്തിൽ ഇന്നലെ (22-12-2010) രാവിലെ ആറുമണിക്ക് ദമാമിൽനിന്നും ഈ യാത്രക്കാരെ വഹിച്ചുകൊണ്ടുള്ള വിമാനം

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചിയിലും പിന്നെ കോഴിക്കോട്ടും എത്തിയതായി എയർ ഇൻഡ്യാ അധികൃതർ ഇപ്പോൾ വിവരം നൽകിയിട്ടുണ്ട്. ഈ സംഭവത്തിൽ യാത്രക്കാർക്കുണ്ടായിട്ടുള്ള കഷ്ടപ്പാടുകൾ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മെമ്പറുടെ നിവേദനത്തെ തുടർന്ന് സംസ്ഥാന സർക്കാർ അടിയന്തിര നടപടി എടുത്തിട്ടുണ്ട്.

2 ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസനം

ശ്രീ. എം. എ. വാഹിദ്: സർ, വികസനപ്രവർത്തനത്തിന് സ്ഥലമേറ്റെടുക്കുന്ന കാര്യത്തിൽ ഞാൻ എല്ലാ സർക്കാരിന്റേയും കൂടെയായിരുന്നു. അതിലൊരുപാട് തിക്താനുഭവങ്ങൾ അനുഭവിച്ച ആളാണ് ഞാൻ. കഴക്കൂട്ടം ടെക്നോപാർക്കിന്റെ രണ്ടും മൂന്നും ഘട്ട വികസനത്തിന് സ്ഥലമെടുക്കുമ്പോൾ ഒരുപാട് ജനകീയ സമരങ്ങൾ നേരിട്ടയാളാണ്, അതിന് സ്ഥലമെടുപ്പിന് മുമ്പന്തിയിൽനിന്ന ആളുമാണ് ഞാൻ. അന്നത്തെ മുഖ്യമന്ത്രിയും ഇന്നത്തെ പ്രതിപക്ഷനേതാവുമായ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി അന്ന് ആറ്റിപ്ര നിവാസികൾക്ക് ഒരു ഉറപ്പ് കൊടുത്തിരുന്നു. ഇൻഫോസിസ്സിനും യു.എസ്. ടെക്നോളജിക്കും സ്ഥലമെടുത്തതിനുശേഷം -200 ഏക്കർ സ്ഥലമെടുത്തു-പിന്നെ അവിടെനിന്നും സ്ഥലമെടുക്കുകയില്ലായെന്നും പകരം മറ്റൊരു സ്ഥലം കണ്ടെത്തുന്നതാണെന്നും അന്ന് ഉറപ്പ് നൽകിയിരുന്നു. അതിന് വിപരീതമായിട്ടാണ് ഇപ്പോൾ പണ്ടെങ്ങോ നോട്ടിഫൈ ചെയ്തിരുന്ന സ്ഥലത്തിന്റെ പേരിൽ പോകാനുള്ള വഴിയോ ഇടമോയില്ലാത്ത വളരെ പിന്നോക്ക പ്രദേശമായ ടെക്നോപാർക്കിന്റെ കിഴക്കുവശത്തുള്ള കുറേ സ്ഥലംകൂടി ഏറ്റെടുക്കാനുള്ള നടപടികൾ ഇപ്പോൾ നടന്നുവരികയാണ്. അവിടെ ഭൂമിയുള്ള ആളുകൾ രണ്ട് പ്രാവശ്യം കുടിയൊഴിപ്പിക്കപ്പെട്ടവരാണ്. ആദ്യം യൂണിവേഴ്സിറ്റിക്ക് സ്ഥലമെടുത്തപ്പോൾ കുഴിയൊഴിപ്പിക്കപ്പെട്ടവർ ടെക്നോപാർക്കിന്റെ സ്ഥലത്ത് താമസിച്ചിരുന്നു. ടെക്നോപാർക്കിന് സ്ഥലമെടുത്തപ്പോൾ വീണ്ടും അവരെ അവിടെനിന്ന് ഒഴിപ്പിക്കുകയാണ് ചെയ്തത്. ടെക്നോപാർക്കിന്റെ കിഴക്കുവശത്തുള്ള മലഞ്ചരിവിൽ താമസിക്കുന്നവർ ഇനി അഞ്ചും പത്തും സെന്റ് സ്ഥലങ്ങളിലായി വീട് വച്ച് താമസിക്കാൻവേണ്ടി കിടക്കുന്നവരാണ് അവിടെ റോഡൊന്നും ഇല്ലാത്തതുകൊണ്ട് കേവലം പതിനായിരവും പതിനയ്യായിരവും ഇരുപത്തയ്യായിരവും രൂപയാണ് വില നിശ്ചയിച്ചിരിക്കുന്നത്. ആ പണം ഉപയോഗിച്ച് ഇവർക്ക് പുതിയ വസ്തു വാങ്ങി താമസിക്കാൻ കഴിയാത്തൊരു സ്ഥിതിവിശേഷമുണ്ട്. ഇതെല്ലാംകൂടി കണക്കിലെടുത്തുകൊണ്ടാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടെക്നോസിറ്റിയെന്നുള്ള ഒരു ആശയം ഉണ്ടാകുകയും എന്റെ സ്വന്തം പഞ്ചായത്തായ അണ്ടൂർക്കോണം പഞ്ചായത്തിലെ പള്ളിപ്പുറത്ത് 506 ഏക്കർ സ്ഥലമേറ്റെടുക്കുകയും ചെയ്തത്. അതിൽ 80 ഏക്കർ സ്ഥലം മാത്രമാണ് കൈമാറിയിട്ടുള്ളത്. ബാക്കിയുള്ള സ്ഥലം വെറുതെ കിടക്കുകയാണ്. ഇവിടെ വരാൻ പോകുന്ന കമ്പനികൾക്ക് വേണമെങ്കിൽ അവിടെ സ്ഥലം കൊടുക്കാൻ കഴിയും. പക്ഷേ അതിനേക്കാൾ വില കുറച്ച് ഈ സ്ഥലം കിട്ടുമെന്നുള്ളതുകൊണ്ടും ഈ സ്ഥലം മൊത്തത്തിലെടുത്ത് വലിയ റോഡുണ്ടാക്കി ചില സ്വകാര്യകമ്പനികളുടെ ഹോട്ടലുകളും അമ്യൂസ്മെന്റ് പാർക്കുകൾ പോലുള്ള

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളുമൊക്കെ ചെയ്യാൻ വേണ്ടിയാണ് ഈ സ്ഥലം കൊടുക്കാൻ ഉദ്ദേശിക്കുന്നത്. അതിന് ടെക്നോപാർക്കിനകത്ത് ഒരു മാഫിയ വർക്ക് ചെയ്യുന്നുണ്ട്. ടെക്നോപാർക്ക് ഉണ്ടായ കാലത്ത് ശ്രീ. വിജയരാഘവനോടു കൂടി വന്ന കുറേ ഉദ്യോഗസ്ഥന്മാർ അദ്ദേഹം പോയിട്ടും അവർ ഇപ്പോഴും അവശേഷിക്കുന്നുണ്ട്. ഇവരുടെ സ്വത്തുവിവരം അന്വേഷിക്കണം. ഇവർ ഏജൻസിപ്പണിയാണ് ചെയ്യുന്നത്. വില കുറഞ്ഞ സ്ഥലം വാങ്ങിക്കൊടുക്കുന്ന ഏജൻസി പണി ചെയ്ത് കോടാനുകോടി രൂപയുണ്ടാക്കുന്ന ചില താഴ്ന്ന ഉദ്യോഗസ്ഥന്മാർ അവിടെയുണ്ട്. കാലാകാലങ്ങളിൽ വരുന്ന സി.ഇ.ഒ.മാരെ തെറ്റിദ്ധരിപ്പിക്കാറുമുണ്ട്. ഇപ്പോൾ ടെക്നോപാർക്കിൽ തേജസ്വിനി ബിൽഡിംഗിൽ പകുതി ഒഴിഞ്ഞു കിടക്കുകയാണ്. ഇനി യു.എസ്. ടെക്നോളജിയും ഇൻഫോസിസും അവിടെനിന്നും മാറി പുതിയ കാമ്പസിലേയ്ക്ക് പോകുമ്പോൾ പകുതിയോളം സ്ഥലം ടെക്നോപാർക്കിൽ മൊത്തം ഒഴിവുവരും. 5 സെന്റിലും 10 സെന്റിലും വീട് വച്ചുതാമസിക്കാൻ കിടക്കുന്ന പാവങ്ങളെ ഇനി എന്തിനാണ് ദ്രോഹിക്കുന്നത്; അവരുടെ കണ്ണുനീര് എന്തിനാണ് കാണുന്നത്? അവരോട് ദയാപൂർവ്വമായ ഒരു സമീപനം ഉണ്ടാകണം. നാട്ടുകാരുടെ നിവേദനം മുഖ്യമന്ത്രിക്ക് കൊടുത്തിട്ടുണ്ട്, ഞാൻ നേരിട്ടും നിവേദനം തന്നിട്ടുണ്ട്. പക്ഷേ എന്നിട്ടും ടെക്നോപാർക്കിലെ ചില താഴ്ന്ന ഉദ്യോഗസ്ഥന്മാർ ഏജൻസിപ്പണി ചെയ്ത് ഈ പാവങ്ങളെ ഉപദ്രവിക്കുകയാണ്. പള്ളിപ്പുറം വില്ലേജിൽ ഇനി 400 ഏക്കറിൽ കൂടുതൽ സ്ഥലം കിടപ്പുണ്ട്. അതുകൊണ്ട് 5-ഉം 10 -ഉം സെന്റുകളിൽ താമസിക്കുന്ന പാവപ്പെട്ട ആളുകളുടെ ഭൂമി ഏറ്റെടുക്കുന്ന നടപടി റദ്ദാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, തിരുവനന്തപുരം ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ ആറ്റിപ്ര വില്ലേജിൽപ്പെട്ട 53 ഹെക്ടർ സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നതിന് 17-10-2003-ൽ ഉത്തരവായിട്ടുണ്ട്. ഇതിൽ 9.64 ഹെക്ടർ വസ്തുക്കളുടെ ഏറ്റെടുക്കൽ നടപടികൾ യഥാസമയം പൂർത്തിയാക്കാത്തതിനാൽ അസാധുവായി. ടെക്നോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യപ്പെട്ടതനുസരിച്ച് മേൽ വസ്തുക്കളിൽപ്പെട്ട 1.87 ഹെക്ടർ സ്ഥലം ഏറ്റെടുക്കൽ നടപടികളിൽനിന്ന് ഒഴിവാക്കിക്കൊണ്ടും 7.78 ഹെക്ടർ സ്ഥലം ഈ ആവശ്യത്തിനായി ഏറ്റെടുക്കുവാനും 1-7-2009-ൽ ഉത്തരവായിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രഖ്യാപനം ഏറ്റെടുക്കൽ നിയമമനുസരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം ടെക്നോപാർക്കിന്റെ ഭാവി വികസനത്തിന് ആവശ്യമുള്ളതിനാൽ ഏറ്റെടുക്കലിൽനിന്നും ഒഴിവാക്കാൻ സാദ്ധ്യമല്ല. സ്ഥലമെടുപ്പിനെതിരെ 5 (എ) വകുപ്പ് അനുസരിച്ച് കക്ഷികൾ സമർപ്പിച്ച പരാതികൾ സ്ഥലമെടുപ്പ് അധികാരികൾ വിശദമായി പരിശോധിച്ചശേഷം ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. ടെക്നോപാർക്കിലെ പാർക്ക് സെന്ററിന്റെ തെക്കുകിഴക്ക് ഭാഗത്തുള്ള 306, 307 എന്നീ നമ്പരുകളിൽ സ്ഥിതിചെയ്യുന്ന വസ്തുക്കൾകൂടി ഉൾപ്പെടുത്തി 7-5-2010-ലെ റദ്ദാക്കൽ വിജ്ഞാപനത്തിനുപകരം പുതിയ റദ്ദാക്കൽ

LIBRARY ARCHIVES Kerala Legislative Assembly

വിജ്ഞാപനം പുറപ്പെടുവിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന ബഹുമാനപ്പെട്ട മെമ്പറുടെ കത്തിലെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. ഈ ആവശ്യം അംഗീകരിക്കാൻ നിർവ്വാഹമില്ലായെന്നാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തിനെ അറിയിച്ചു കൊള്ളുന്നു.

3. ശബരിമല തീർത്ഥാടകരോട് പോലീസ് അപമര്യാദയായി പെരുമാറിയ സംഭവം

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ശബരിമല തീർത്ഥാടകരെ സംബന്ധിച്ചുള്ള ബുദ്ധിമുട്ട് ഇന്നലെ റോഡുമായി ബന്ധപ്പെട്ട കാര്യത്തിൽ ഇവിടെ ചർച്ച ചെയ്യുകയുണ്ടായി. ലക്ഷക്കണക്കിന് ആളുകൾ കടന്നു വരുന്നൊരു സ്ഥലമെന്നുള്ള നിലയിൽ അവർക്ക് സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടത് ഏറ്റവും അനിവാര്യമായ കാര്യമാണ്. എന്നാൽ ഈ വർഷം പോലീസുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ അവിടെയുണ്ടാകു ന്നുവെന്ന് നിരവധി റിപ്പോർട്ടുകൾ വരുന്നുണ്ട്. അത് ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. ലക്ഷക്കണക്കിന് ആളുകൾ കടന്നുവരുന്ന സ്ഥലമെന്നുള്ള നിലയിൽ പോലീസിന്റെ സേവനവും പ്രവർത്തനങ്ങളും ധാരാളമായി ഉണ്ടാകേണ്ട സ്ഥലമാണ്. കുറേയേറെ നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന കാര്യം മറന്നുകൊണ്ടുമല്ല സംസാരിക്കുന്നത്. എന്നാൽ ഈ പ്രാവശ്യം "ശബരിമല തീർത്ഥാടകർക്കുനേരെ ക്രൂരപീഡനം," "ക്യൂവിൽ മണിക്കൂറുകൾ," "വാഹനങ്ങ ൾ കൊടുംകാട്ടിൽ," "തീർത്ഥാടകക്ഷേമം മറന്നുപോകരുത്" തുടങ്ങിയ നിരവധി റിപ്പോർട്ടുകൾ ഇതുമായി ബന്ധപ്പെട്ട് വന്നിരിക്കുകയാണ്. പോലീസ് ലാത്തി ഉപയോഗിച്ച് ആളുകളെ മർദ്ദിക്കുന്നു. ലക്ഷക്കണക്കിന് ആളുകൾ വരുന്നുവെ ന്നുള്ള സ്ഥലമെന്ന നിലയിൽ ക്രൗഡ് മാനേജ്മെന്റ് ശാസ്ത്രീയമായി നടക്കു ന്നില്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. വടം കെട്ടി തീർത്ഥാടകരെ തടഞ്ഞുനിർത്തി അവിടെനിന്ന് കുടിവെള്ളമില്ലാതെ 10-15 മണിക്കൂർ ക്യൂവിൽ നിൽക്കേണ്ട സാഹചര്യമുണ്ടാകുന്നു. ആ നിലയിൽ വരുമ്പോൾ സ്വാഭാവിക മായും അവ നിയന്ത്രണാതീതമായി വരുന്ന സാഹചര്യത്തിൽ പോലീസ് നിയന്ത്രണം വിട്ടു പെരുമാറുന്നുവെന്നുള്ളതാണ്. ഇങ്ങനെ ലാത്തികൊണ്ട് പോലീസുകാർ മർദ്ദിച്ച സംഭവം, കഴിഞ്ഞ ദിവസം ഇടുക്കി ജില്ലയിൽ നിന്നു വന്ന ശാന്തിക്കാരനായ ഒരു ആളിന്റെ പൂണൂൽ വലിച്ച് പൊട്ടിച്ച സംഭവമു ണ്ടായിട്ടുണ്ട്. അതുപോലെ ഇരുമുടി കെട്ട് വലിച്ച് താഴെയിട്ട സംഭവവുമു ണ്ടായിട്ടുണ്ട്. ഇങ്ങനെ നിരവധി സംഭവങ്ങൾ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. കാരണം പോലീസ് ഉദ്യോഗസ്ഥ ന്മാർ തന്നെ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. നിരവധി പരാതികൾ അയ്യപ്പഭക്തർ പോലീസിന് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാന ത്തിൽ ശാസ്ത്രീയമായ ക്രൗഡ് മാനേജ്മെന്റിനും അതുപോലെ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുമുള്ള നടപടിയുണ്ടാകണം. കുറ്റക്കാരായ

LIBRARY ARCHIVES Kerala Legislative Assembly

ആളുകളുടെമേൽ. നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, ശബരിമലയിൽ ഭക്തജനങ്ങളുടെ അനിയന്ത്രിതമായ തിരക്കുണ്ടാകുന്ന സന്ദർഭത്തിൽ തിക്കിലും തിരക്കിലുംപെട്ട് പരിക്കേൽക്കാതിരിക്കാനാവശ്യമായ ക്രമീകരണങ്ങളും ഇടപെടലുകളുമാണ് പോലീസ് ഉദ്യോഗസ്ഥന്മാർ നടത്തിക്കൊണ്ടിരിക്കുന്നത്. വളരെ വലിയ തിരക്കുണ്ടാകുന്ന സന്ദർഭങ്ങളിൽ നീണ്ട ക്യൂവിൽ നിൽക്കുന്ന ചില ഭക്തന്മാർ ശബരിമലയിലെ ക്രമീകരണങ്ങൾ തെറ്റിച്ച് ബാരിക്കേഡുകൾക്കിടയിലൂടെയുംമറ്റും നുഴഞ്ഞുപുറത്തുചാടി നടപ്പന്തലിലും അമ്പലത്തിനോട് അനുബന്ധമായിട്ടുള്ള സ്ഥലങ്ങളിലും തള്ളിക്കയറാൻ ശ്രമിക്കാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ ഡ്യൂട്ടിയിലുള്ള പോലീസ് ഉദ്യോഗസ്ഥന്മാർ അത് തടയുന്നതിനായി ഇടപെടേണ്ട സാഹചര്യമുണ്ടായ സന്ദർഭങ്ങളുണ്ട്. അപ്രകാരം തള്ളിക്കയറൽ നിയന്ത്രിച്ചിട്ടില്ലെങ്കിൽ അത് വലിയ അപകടങ്ങൾ സൃഷ്ടിക്കാനിടയുണ്ടെന്നുള്ളതുകൊണ്ടാണ് പോലീസിനെ അവിടെ കൂടുതൽ വിന്യസിച്ചിട്ടുള്ളത്. 20-12-2010-ൽ ബഹുമാനപ്പെട്ട അംഗം ജോസഫ് എം. പുതുശ്ശേരി പറഞ്ഞ തരത്തിലുള്ള ഒന്നു രണ്ട് സംഭവങ്ങൾ റിപ്പോർട്ട് ചെയ്തതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. 5.45-ന് സന്നിധാനത്ത് കെ.എസ്.ഇ.ബി. ഓഫീസിന് സമീപം വച്ച് ക്യൂ നിന്നിരുന്ന അയ്യപ്പഭക്തന്മാരുടെ മുമ്പിൽ പുറകിൽനിന്നിരുന്ന അയപ്പഭക്തന്മാർ കയറിയതുസംബന്ധിച്ച് തർക്കമുണ്ടാകുകയും അത് നിയന്ത്രിക്കുന്നതിനിടയിൽ ഒരു ഭക്തന്റെ പൂണൂൽ പൊട്ടിപ്പോയതായിട്ടുള്ള പരാതി ലഭിച്ചിട്ടുണ്ട്. ഇത് യാദൃശ്ചികമായി സംഭവിച്ചൊരു കാര്യമാണ്. ഇതു സംബന്ധിച്ച അന്വേഷണത്തിന് പത്തനംതിട്ട ജില്ലാ പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആരോപണവിധേയരായ പോലീസ് ഉദ്യോഗസ്ഥന്മാരെ തൽക്കാലം ഡ്യൂട്ടിയിൽനിന്നും മാറ്റുകയും ചെയ്തിരുന്നു. വിശദമായ അന്വേഷണത്തിനുശേഷം ഇതിലെന്തെങ്കിലും കുറ്റം ഇവരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കുകയും ചെയ്യും. ശബരിമലയിൽ പോലീസ് ഉദ്യോഗസ്ഥന്മാർ നടത്തുന്ന സേവനം വളരെ സ്തുത്യർഹമാണെന്ന് പ്രത്യേകം എടുത്തുപറയേണ്ടതായിട്ടുണ്ട്.

ശബരിമലയിൽ കഴിഞ്ഞ ദിവസം 20 സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. ക്രൗഡ് കൺട്രോളിനും മറ്റുമുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കാൻ ശാസ്ത്രീയമായ ഒരു സംവിധാനം പോലീസ് ഇപ്പോൾ ആവിഷ്ക്കരിച്ചിരിക്കുകയാണ്. അതിന്റെ ഉദ്ഘാടന പരിപാടിയിൽ പങ്കെടുക്കാൻ പോയപ്പോൾ അവിടെ നിന്ന് കണ്ട രംഗങ്ങൾ നോക്കിയാൽ പോലീസിന്റെ സേവനം എത്ര പ്രകീർത്തിച്ചാലും മതിയാകാത്ത വിധത്തിലുള്ള വളരെ കഠിനമായ പ്രവർത്തനങ്ങളാണ് അവിടെ നടത്തുന്നത്. ഭക്തജന പ്രവാഹം തന്നെയാണ് നടക്കുന്നതെന്നതുകൊണ്ടും പതിനെട്ടാം പടിയിൽക്കൂടി മാത്രമേ അങ്ങോട്ട് കടക്കാൻ കഴിയൂവെന്നുള്ളതുകൊണ്ടുമാണ് അനിയന്ത്രിതമായ തിരക്ക് ചില സന്ദർഭങ്ങളിൽ ഉണ്ടാകുന്നത്. അപകടം കൂടാതെ ദർശനത്തിന്

LIBRARY ARCHIVES Kerala Legislative Assembly

അവസരം കൊടുക്കുക എന്ന ശ്രമകരമായ ദൗത്യമാണ് പോലീസ് അവിടെ ചെയ്യുന്നത്. ഇപ്പോഴുണ്ടായത് ഈ ദൗത്യത്തിനിടയിലുണ്ടായ ഒറ്റപ്പെട്ട ഒരു സംഭവമാണ്. അനിയന്ത്രിതമായ തിരക്ക് ഉണ്ടാകുന്ന അവസരങ്ങളിൽ പോലീസ് ഇടപെടുക അത്യന്താപേക്ഷിതമാണ്. അല്ലെങ്കിൽ വലിയ അപകടങ്ങൾക്ക് സാധ്യതയുണ്ട്. ശബരിമലയിൽ ലാത്തി ഉപയോഗിക്കാൻ പാടില്ല എന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്തജനങ്ങളെ നിയന്ത്രിക്കുന്നതിനിടയിൽ ലാത്തി ആവശ്യമില്ല എന്നുള്ളതുകൊണ്ട് ഡ്യൂട്ടിക്കായി ലാത്തി നൽകിയിട്ടുമില്ല. ഭക്തജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ തിരക്ക് നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള എല്ലാ ക്രമീകരണങ്ങളും ഉണ്ടാക്കുന്നതാണ്. ഓരോ ഡ്യൂട്ടിക്കും മുമ്പായി ചുമതല ഏൽക്കുന്ന പോലീസ് ഉദ്യോഗസ്ഥൻമാർക്ക് ഇത് സംബന്ധിച്ചുള്ള വ്യക്തമായ നിർദ്ദേശങ്ങൾ നൽകി അയയ്ക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

4 ഗൺ ലൈസൻസ്

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, കാസർഗോഡ് ജില്ലയിലെ വനമേഖലയോട് ചേർന്ന് കിടക്കുന്ന സ്ഥലങ്ങളിൽ നൂറുകണക്കിന് കർഷക കുടുംബങ്ങൾ താമസിക്കുന്നുണ്ട്. അവർ നിരന്തരമായി കാട്ടാന, കാട്ടുപോത്ത്, പന്നി, കുരങ്ങ് ഉൾപ്പെടെയുള്ള വന്യജീവികളുടെ ആക്രമണത്തിന് വിധേയരായിക്കൊണ്ടിരിക്കുന്നു. ഇത്തരം മേഖലകളിൽ സ്വയരക്ഷയ്ക്കുവേണ്ടി കർഷകർക്ക് ഗൺ ലൈസൻസുകൾ നൽകി വരുന്നുണ്ട്. അത് കാലാകാലങ്ങളിൽ പുതുക്കി നൽകുകയും ചെയ്യാറുണ്ട്. ഇത്തരത്തിൽ ഗൺ ലൈസൻസുള്ള കർഷകരാരും ക്രിമിനൽ പശ്ചാത്തലമുള്ളവരായി ഇതുവരെ ആക്ഷേപമുയർന്നിട്ടുമില്ല. കഴിഞ്ഞ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ് കാലത്ത് ജില്ലാ ഭരണകൂടം ആവശ്യപ്പെട്ടതനുസരിച്ച് ലൈസൻസുള്ള മുഴുവൻ തോക്കും സറണ്ടർ ചെയ്തു. ഈ തോക്കുകൾ തിരിച്ചുനൽകുന്നതിനോ ലൈസൻസ് പുതുക്കി നൽകുന്നതിനോ ജില്ലാ ഭരണകൂടം തയ്യാറാകാത്തത് വലിയ അമർഷത്തിന് ഇടയാക്കിയിട്ടുണ്ട്. ഈ വിഷയം ഗൗരവപൂർവ്വം പരിഗണിച്ച് സറണ്ടർ ചെയ്ത മുഴുവൻ തോക്കുകളും തിരിച്ചുനൽകുന്നതിനും ലൈസൻസുകൾ പുതുക്കി നൽകുന്നതിനും അടിയന്തിരമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, കാസർഗോഡ് ജില്ലയിലുള്ള സംഭവം സംബന്ധിച്ചാണ് ബഹുമാനപ്പെട്ട കുഞ്ഞിരാമൻ ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. തോക്ക് നൽകുന്നതിന് ചില നിയമങ്ങൾ നിലനിൽക്കുന്നുണ്ട്. നിലവിൽ ഗൺ ലൈസൻസ് പുതുക്കുന്നതിന് ഫോറസ്റ്റ്, പോലീസ്, റവന്യൂ വിഭാഗങ്ങളിലെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ആവശ്യമാണ്. ഈ മൂന്നുവകുപ്പിന്റെയും എൻ.ഒ.സി.യോടുകൂടി ലഭിക്കുന്ന റിപ്പോർട്ട് പരിഗണിച്ചാണ് ജില്ലാ ഭരണകൂടം ലൈസൻസ് പുതുക്കി നൽകുന്നത്. കാസർഗോഡ് ജില്ലയിലെ 16 പോലീസ് സ്റ്റേഷനുകൾ ഉള്ളതിൽ നാല് പോലീസ് സ്റ്റേഷനുകൾ ഒഴികെ മറ്റെല്ലാ

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് സ്റ്റേഷനുകളും വനമേഖലയോട് ചേർന്ന് അതിർത്തി പ്രദേശങ്ങളിൽ ഉള്ളവയാണ്. വനമേഖലയോട് ചേർന്ന് കിടക്കുന്ന സ്ഥലങ്ങളിൽ 1020 Arms licence നിലവിലുണ്ട്. അതിൽ 252 എണ്ണം പുതുക്കുവാൻ അപേക്ഷ ലഭിച്ചിട്ടുണ്ട്. 152 അപേക്ഷകൾ പരിശോധിച്ചതിൽ തോക്ക് കൈവശം വയ്ക്കുന്ന ആളുകൾക്ക് തോക്ക് കൈവശം വയ്ക്കത്തക്ക തരത്തിലുള്ള സുരക്ഷാ ഭീഷണിയൊന്നും ഇല്ലാത്തവരും വനമേഖലയിൽനിന്നും പത്ത് കിലോമീറ്റർ മാറിത്താമസിക്കുന്നവരും പ്രായമായി കാഴ്ചശക്തി കുറഞ്ഞ് ക്ഷീണിതരായവർ ആയതിനാലുമാണ് അവരുടെ അപേക്ഷകൾ നിരസിച്ചിട്ടുള്ളതെന്നാണ് ഗവൺമെന്റിന് ലഭിച്ച റിപ്പോർട്ട്. 85 അപേക്ഷകൾ അന്വേഷണ അവസ്ഥയിലാണ്. 16 അപേക്ഷകളിന്മേൽ യോഗ്യരായ ആളുകൾ ആയതിനാൽ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്, ആർക്കും ലൈസൻസ് പുതുക്കി നൽകാത്ത പ്രശ്നം അവിടെ നിലനിൽക്കുന്നില്ല. ഓരോന്നും പരിശോധിച്ചുകൊണ്ട് അർഹതയുള്ളവർക്ക് കൊടുത്തുവരുന്നുണ്ട്. കാസർകോഡ് ജില്ലയിൽ ആകെ 1023 പേർക്ക് തോക്ക് ലൈസൻസുണ്ട്. അതിൽ 316 എണ്ണം പുതുക്കുവാൻ അപേക്ഷ ലഭിച്ചിട്ടുണ്ട്. 24 എണ്ണം ശുപാർശ ചെയ്തിട്ടുണ്ട്. 112 അപേക്ഷകൾ വിവിധ കാരണങ്ങളാലാണ് ശുപാർശ ചെയ്യാതിരുന്നിട്ടുള്ളത്. 108 അപേക്ഷകൾ അന്വേഷണാവസ്ഥയിലാണുള്ളത്. വനമേഖലയിൽ മാത്രമല്ല മറ്റ് സ്ഥലങ്ങളിലും പോലീസിന്റെയും മറ്റ് ഡിപ്പാർട്ട്മെന്റുകളുടെയും അന്വേഷണത്തിൽ ആയുധം കൈവശം വയ്ക്കാൻ യോഗ്യരല്ലാത്ത ആളുകൾക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. ജില്ലയിൽ തോക്ക് മുതലായ ആയുധങ്ങൾ സാമൂഹ്യ വിരുദ്ധരുടെ കൈയിൽ എത്തിപ്പെടാനും അത് ദുരുപയോഗം ചെയ്യാനും സാധ്യതയുള്ളതിനാൽ ആയുധ ലൈസൻസ് നൽകുമ്പോഴും പുതുക്കുമ്പോഴും വിശദമായ അന്വേഷണം നടത്തണമെന്ന് ഇത് സംബന്ധിച്ച് വിവിധ ഏജൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സുരക്ഷാ പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ട് കേന്ദ്ര ഗവൺമെന്റും ഒരു കത്ത് നൽകിയിട്ടുണ്ട്. അതുകൊണ്ട് ആരുടെയും അപേക്ഷകൾ മന:പ്പൂർവ്വം നിരസിക്കുവാൻ പാടില്ല. നോംസ് അനുസരിച്ച് ലഭിക്കുന്ന അപേക്ഷകൾ എല്ലാം പുതുക്കി നൽകുന്നുണ്ട്. അത് സംബന്ധിച്ച് എന്തെങ്കിലും ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ഗവൺമെന്റ് ഇടപെടുന്നതായിരിക്കും. 5-5-2010-ൽ ഇത് സംബന്ധിച്ച് വ്യക്തമായ ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് സർക്കാർ ഇടപെടുകയും ചെയ്തിട്ടുണ്ട്.

5 സ്പെഷ്യൽ റൂൾസ് പ്രകാരം നിയമനങ്ങൾ നടത്താൻ നടപടി

<u>ശ്രീ. എം. മുരളി</u>: സർ, സംസ്ഥാന ഹയർ സെക്കണ്ടറി വകുപ്പിൽ അദ്ധ്യാപക നിയമനത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഗുരുതരമായ ക്രമക്കേടുകൾ ഞാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവരികയാണ്. 2001-ൽ നിയമസഭ അംഗീകരിച്ച സ്പെഷ്യൽ റൂൾസ്,

LIBRARY ARCHIVES Kerala Legislative Assembly

യോഗ്യതകൾ നിർണ്ണയിക്കാനും മാനദണ്ഡങ്ങൾ നിശ്ചയിക്കാനുമുള്ള അധികാരം നിയമസഭയ്ക്കും നിയമസഭയോട് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്കുമുള്ളതാണ്. 2001-ൽ ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനം സംബന്ധിച്ച് യോഗ്യതകളും മാനദണ്ഡങ്ങളും തീരുമാനിച്ചതനുസരിച്ചാണ് എച്ച്.എസ്.എസ്.റ്റി ജൂനിയർ, സീനിയർ പോസ്റ്റുകളിലേക്ക് വിവിധങ്ങളായ വിഷയങ്ങളിൽ അദ്ധ്യാപക നിയമനങ്ങൾ നടക്കേണ്ടത്. പക്ഷേ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ ആ സ്പെഷ്യൽ റൂൾസിനെ മറികടന്നുകൊണ്ട് നിയമനത്തട്ടിപ്പ് നടക്കുന്നുവെന്ന് ഞാൻ ആക്ഷേപം ഉന്നയിക്കുകയാണ്. ആ നിയമനത്തട്ടിപ്പ് വിശദമായ ഒരു അന്വേഷണത്തിന് വിധേയമാക്കുകയും അന്യായമായി തസ്തിക മാറ്റം വഴി കൊടുത്തിട്ടുള്ള നിയമനങ്ങൾ പുനഃപരിശോധിക്കുകയും റദ്ദാക്കുകയും ചെയ്യണം. സ്പെഷ്യൽ റൂൾസിൽ ഫിക്സ് ചെയ്ത ഒരു അനുപാതമുണ്ട് 1:3. ഡിപ്പാർട്ട്മെന്റിൽ യോഗ്യതയുള്ളവർക്ക് തസ്തിക മാറ്റംവഴി നിയമനം കൊടുക്കുന്നു. പി.എസ്.സി റാങ്ക് ലിസ്റ്റിലുള്ള 3 പേർക്ക് നിയമനം കൊടുക്കുമ്പോൾ ഡിപ്പാർട്ട്മെന്റിലുള്ള ഒരാൾക്ക് നിയമനം കൊടുക്കുന്നു. ഇവിടെ പി.എസ്.സി ലിസ്റ്റിലുള്ളവരെ നോക്കുകുത്തിയായി വച്ചുകൊണ്ട് ഡിപ്പാർട്ട്മെന്റിലെ തസ്തിക മാറ്റം വഴിയുള്ള നിയമനം മാത്രമാണ് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ നടക്കുന്നത്. 1:3 എന്ന അനുപാതം നിയമസഭ തിരുമാനിച്ച സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള അനുപാതമാണ്, പക്ഷേ സർക്കാർ വിജ്ഞാപനം ചെയ്ത അനുപാതം കാറ്റിൽപ്പറത്തിയിരിക്കുകയാണ്. വിശദമായ അന്വേഷണം നടത്തി ഇതിന് ഉത്തരവാദികളായ ഹയർ സെക്കണ്ടറിയിലെ ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കുകയും ഈ നിയമനങ്ങൾ റദ്ദാക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ എം. എ. ബേബി) : സർ, 2001-ലാണ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപക നിയമന രീതികൾ, യോഗ്യതകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സ്പെഷ്യൽ റൂൾസ് നിലവിൽ വന്നത്. ഈ ഉത്തരവ് നിലവിൽ വരുന്നതിനുമുമ്പ് അതതു കാലത്തെ സർക്കാരുകൾ പുറപ്പെടുവിക്കുന്ന എക്സിക്യൂട്ടീവ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ യോഗ്യരായ ഹൈസ്കൂൾ അദ്ധ്യാപകർ, പ്രൈമറി അദ്ധ്യാപകർ എന്നിവരിൽ നിന്നാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ തസ്തിക മാറ്റം മുഖേന ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരെ കണ്ടെത്തുകയും നിയമിക്കുകയും ചെയ്തിരുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഇത്തരം നിയമന ഉത്തരവുകൾ സാധൂകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതിനുമുമ്പ് നിയമാനുസൃതം നിയമനം നേടിയ എല്ലാ ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെയും നിയമനം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്പെഷ്യൽ റൂൾസ് നിലവിൽ വന്നശേഷം അതുപ്രകാരം ഹയർ സെക്കണ്ടറി സ്കൂൾ ജൂനിയർ അദ്ധ്യാപകരുടെ നിയമനം ആകെ ഒഴിവുകളുടെ 1:3 എന്ന നിലയിൽ തസ്തിക മാറ്റത്തിലൂടെയും പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനം വഴിയും വിന്യസിക്കുന്നതിൽ കൃത്യത പാലിച്ചിട്ടുണ്ട്. അതല്ലെന്നുണ്ടെങ്കിൽ അത് സംബന്ധിച്ച് കൃത്യമായ

LIBRARY ARCHIVES Kerala Legislative Assembly

വിവരങ്ങൾ തന്നാൽ നടപടി എടുക്കുന്നതാണ്. സ്പെഷ്യൽ റൂൾസ് പ്രകാരം ഒഴിവുകൾ ഉണ്ടാകുന്ന കാലയളവിൽ ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപക നിയമനത്തിന് യോഗ്യരായ ജൂനിയർ അദ്ധ്യാപകരുണ്ടെങ്കിൽ ആ ഒഴിവുകളിലേക്ക് ഈ വിഭാഗക്കാരെ നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എച്ച്.എസ്.എസ്.റ്റി. ജൂനിയർ അദ്ധ്യാപകരുടെ അഭാവത്തിൽ 1:3 എന്ന നിലയിൽ തസ്തിക മാറ്റത്തിലൂടെയും പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനത്തിലൂടെയുമാണ് ഒഴിവുകൾ നികത്തേണ്ടത്. സ്പെഷ്യൽ റൂൾസ് പ്രകാരം എച്ച്.എസ്.എസ്.റ്റി. നിയമനത്തിൽ യോഗ്യരായ ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകർ ഇല്ലെങ്കിൽ ആ ഒഴിവുകൾ കൂടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നു. ഇപ്രകാരം എച്ച്.എസ്.എസ്.റ്റി. സീനിയർ നിയമനത്തിന്റെ കാര്യത്തിൽ 1:3 എന്ന ക്രമം പാലിക്കപ്പെടാൻ മിക്കവാറും കഴിയാതെ വരുന്ന സാഹചര്യമുണ്ടാകുന്നു. ഹയർ സെക്കണ്ടറി വിഭാഗത്തിൽ എച്ച്. എസ്.എസ്.റ്റി.- ജൂനിയർ, സീനിയർ എന്നീ രണ്ടു വിഭാഗം അദ്ധ്യാപകർ ഉള്ളതിനാൽ ജൂനിയറിന്റെ കാര്യത്തിലാണ് മൊത്തം ഒഴിവുകളുടെ 1:3 എന്ന ക്രമം നിയമനത്തിലും പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനത്തിനുമായി വിഭജിക്കണമെന്ന് സ്പെഷ്യൽ റൂൾ നിഷ്കർഷിച്ചിട്ടുള്ളത്. സ്പെഷ്യൽ റൂൾസ് നിലവിൽ വന്നശേഷം ഇക്കാര്യത്തിൽ കൃത്യത പാലിക്കാൻ കഴിയുന്നുണ്ട്. ഇക്കാര്യത്തിൽ അതീവ ജാഗ്രത പാലിക്കണമെന്ന് ഹയർ സെക്കണ്ടറി വകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ എന്തെങ്കിലും തരത്തിൽ ക്രമവിരുദ്ധമായി നടന്നിട്ടുണ്ടെന്ന് കൃത്യമായി വിവരം ബഹുമാനപ്പെട്ട അംഗം ലഭ്യമാക്കിയാൽ അത് അന്വേഷിക്കുന്നതും വളരെ കർശനമായ നടപടി അക്കാര്യത്തിൽ സ്വീകരിക്കുന്നതുമാണ്.

(6) ഗ്രൂപ്പ് 'സി' ഡൈവേർഷൻ ആനുകൂല്യം

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, കഴിഞ്ഞ 42 വർഷം അതായത് 1968 മുതൽ ഭാഷാദ്ധ്യാപക തസ്തികകൾക്ക് അനുവദിച്ച ഗ്രൂപ്പ് 'സി' ഡൈവേർഷന്റെ ആനുകൂല്യം 2010 നവംബർ 4-ന് ജി.ഒ.(എം.എസ്.) 220/2010എന്ന സർക്കാർ ഉത്തരവിലൂടെ റദ്ദാക്കിയിരിക്കുകയാണ്. എൽ.പി. വിഭാഗം പി.ടി., ക്രാഫ്റ്റ്, തയ്യൽ എന്നിവയ്ക്കായി നീക്കിവച്ചിട്ടുള്ള പീരിയഡുകൾ കണക്കാക്കി ഇവയെ ബാധിക്കാതെ അറബിക് പാർട്ട് ടൈം കോഴ്സുകൾ ഫുൾടൈമാക്കുകയും അറബി, ഉറുദു, സംസ്കൃതം എന്നീ ഭാഷകൾ പഠിപ്പിക്കുന്നതിന് 1978 മുതൽ ഉറുദുവിനും സംസ്കൃതത്തിനും കൂടി ബാധകമാക്കിയുള്ള ഒരു ആനുകൂല്യമായിരുന്നു ഇത്. ഇപ്പോൾ ഇതുവരെ സംസ്ഥാനത്ത് നിലവിൽ വന്നിട്ടില്ലാത്ത വിദ്യാഭ്യാസ അവകാശ നിയമത്തെ കരുവാക്കിയാണ് ഈ ആനുകൂല്യം റദ്ദാക്കിയിരിക്കുന്നത്. വിദ്യാഭ്യാസ അവകാശ നിയമം പഠിക്കാൻ ലിഡ ജേക്കബ് കമ്മിഷനെ നിയമിച്ചത് 27-7-2010-നാണ്. എന്നാൽ ഗ്രൂപ്പ് 'സി' ഡൈവേർഷൻ റദ്ദാക്കി കത്ത് വരുന്നത് 29-5-2010-നാണ് എന്നുള്ളത് ഈ ഉത്തരവിലെ ഏറ്റവും വലിയ വൈരുദ്ധ്യമായി കാണുന്നു. കമ്മീഷൻ നിലവിൽ വരുന്നതിനുമുമ്പുതന്നെ തീരുമാനം എടുത്തുവെന്ന് വ്യക്തമാണ്. ആർട്ട് എഡ്യൂക്കേഷൻ, വർക്ക്

LIBRARY ARCHIVES Kerala Legislative Assembly

എഡ്യൂക്കേഷൻ, ഹെൽത്ത് ആന്റ് ഫിസിക്കൽ എഡ്യൂക്കേഷൻ എന്നിവയ്ക്ക് തുല്യ പ്രാധാന്യം നൽകണമെന്ന് വിദ്യാഭ്യാസ അവകാശനിയമത്തിലുണ്ടെന്നാണ് സർക്കാരിന്റെ വാദം. എന്നാൽ പതിറ്റാണ്ടുകളായി ഭാഷാ പഠനത്തിന് നൽകിയ ഗ്രൂപ്പ് 'സി' ഡൈവേർഷന്റെ ആനുകൂല്യം ചർച്ചപോലും നടത്താതെ റദ്ദാക്കിയതാണ് നീതീകരിക്കാൻ ആകാത്തത്. അതുമാത്രമല്ല ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ വർഷങ്ങളായി നടത്തിയിരുന്ന അറബി, ഉറുദു, സംസ്കൃത ഭാഷാദ്ധ്യാപക പരീക്ഷകൾ നിറുത്തൽ ചെയ്ത് മറ്റൊരു ഉത്തരവുകൂടി സർക്കാർ ഇറക്കിയിരിക്കുന്നു. വിദ്യാഭ്യാസ ചട്ടം യോഗ്യതയായി അംഗീകരിച്ച ഈ പരീക്ഷയ്ക്ക് ഉദ്ദേശിച്ച ഫലമില്ലായെങ്കിൽ, അതിൽ ന്യൂനതകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുപകരം അത് റദ്ദാക്കിയത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. പുതുതായി അനുവദിച്ച 178 ഹയർ സെക്കന്ററി സ്കൂളുകളിൽ നേരത്തെയുണ്ടായിരുന്ന 4 ഭാഷകൾക്കുപകരം 2 ഭാഷകൾ മാത്രമേ ആകാവൂ എന്നുകൂടി നിഷ്ക്കർഷിച്ചിരിക്കുകയാണ്. അറബി, ഉറുദു ഭാഷകളെ പടിയിറക്കാനുള്ള ഒരു നീക്കമായി ഇതിനെ കാണേണ്ടിയിരിക്കുന്നു. തമിഴ്നാട്ടിൽ സംസ്ഥാന സർക്കാർ അടുത്ത അദ്ധ്യായന വർഷം മുതൽ അറബി, ഉറുദു ഭാഷകളെ പാഠ്യപദ്ധതിയുടെ ഭാഗമാക്കി ഉത്തരവ് ഇറക്കിക്കൊണ്ട് മുഖ്യമന്ത്രിതന്നെ പ്രഖ്യാപനം നടത്തിയിരിക്കുകയാണ്. കേരളത്തിലാകട്ടെ നാലര പതിറ്റാണ്ടുകാലമായി അനുഭവിക്കുന്ന ആനുകൂല്യങ്ങൾ നിഷേധിക്കുന്നതിനും അതിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്നതിനുമാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഭാഷാപഠനം നിലനിർത്തുന്നതിനുവേണ്ടി രക്തപങ്കിലമായ ഒരു പോരാട്ടത്തിന്റെ ചരിത്രം കേരളത്തിലുണ്ട്. സർക്കാർ അതുകൊണ്ടുതന്നെ ഇത് പുന:പരിശോധിച്ച് ഗ്രൂപ്പ് 'സി' ഡൈവേർഷൻ ഉത്തരവ് റദ്ദാക്കി അനുകൂല്യങ്ങൾ പുന:സ്ഥാപിക്കുന്നതിന് അനുകൂലമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ എം. എ. ബേബി): സർ, കെ.ഇ.ആർ. വ്യവസ്ഥകൾ പ്രകാരം കുട്ടികൾ പ്രാദേശിക ഭാഷകൾ പഠിക്കേണ്ടതുണ്ട്. ഇതിനെ പാർട്ട്-I, പാർട്ട്-II എന്നിങ്ങനെ വിഭജിച്ചിട്ടുമുണ്ട്. പാർട്ട്-II-ന് ഒരാഴ്ചയിൽ രണ്ട് പീരിയഡുകളാണുള്ളത്. ഇത് മുഴുവൻ കുട്ടികളും പഠിക്കണം. ഇതിന് സാധാരണഗതിയിൽ മലയാളം സെക്കന്റ് എന്നാണ് പറയുന്നത്. എന്നാൽ പാർട്ട്-I ആയി മലയാളം, അറബിക്, ഉറുദു, സംസ്കൃതം, ഫ്രഞ്ച് തുടങ്ങിയ ഭാഷകൾ പഠിക്കാൻ ഇന്ന് സൗകര്യങ്ങളുണ്ട്. ഇതിന് ആഴ്ചയിൽ 4 പീരിയഡുകളാണുള്ളത്. മലയാളം അദ്ധ്യാപകർ ടി.ടി.സി., ബി.എഡ്. യോഗ്യതയുള്ളവരും ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾ കൂടി പഠിപ്പിക്കേണ്ടവരുമായതിനാൽ ഇവർ ഫുൾടൈം അദ്ധ്യാപകരും മറ്റുള്ള ഭാഷകൾ കൈകാര്യം ചെയ്യുന്ന അധ്യാപകർ പാർട്ട് ടൈം അധ്യാപകരുമാകാൻ സാധ്യതയുണ്ട്. ഇവർ ഫുൾടൈം അദ്ധ്യാപകരാകാൻ ഗ്രൂപ്പ് 'സി' വിഷയങ്ങളായ കലാ-കായിക-തൊഴിൽ വിദ്യാഭ്യാസം എന്നിവയ്ക്കായിട്ടുള്ള പീരിയഡുകൾകൂടി പരിഗണിച്ച് അതുംകൂടി

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ച് കൊടുക്കും. ഇതിനെയാണ് ഗ്രൂപ്പ് 'സി' ഡൈവേർഷൻ എന്നുപറയുന്നത്. ഇങ്ങനെ ഡൈവേർഷൻ നടത്തിയാൽ പ്രസ്തുത സ്കൂളുകളിൽ കലാ-കായിക-തൊഴിൽവിദ്യാഭ്യാസം എന്നിവയ്ക്ക് അധ്യാപകരെ നിയമിക്കാൻ കഴിയുകയില്ല. വിദ്യാഭ്യാസ അവകാശ നിയമത്തിൽ കലാ-കായിക-തൊഴിൽ വിദ്യാഭ്യാസത്തിന് മറ്റു വിഷയങ്ങളോടൊപ്പം പ്രാധാന്യം നല്കുന്നുണ്ട്. അതുകൊണ്ടുതന്നെ 6 മുതൽ 8 വരെ ക്ലാസ്സുകളിൽ 100 കുട്ടികളിൽ കൂടുതലുണ്ടെങ്കിൽ കലാ-കായിക-തൊഴിൽ വിദ്യാഭ്യാസം എന്നിവയ്ക്ക് ഒരു പാർട്ട് ടൈം അധ്യാപകനെ നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുകൊണ്ട് വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഗ്രൂപ്പ് 'സി' ഡൈവേർഷന് സാധ്യതയില്ല എന്നതാണ് സ്ഥിതിയെങ്കിലും 2010-11 അദ്ധ്യയന വർഷംവരെ ഗ്രൂപ്പ് 'സി' ഡൈവേർഷൻ അനുവദിച്ചു കൊണ്ട് ഇപ്പോൾ നിലവിലുള്ള വ്യവസ്ഥ തുടരാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. 2010-11 വരെ ഈ വ്യവസ്ഥ തുടരുകയാണ്. അതിനെക്കുറിച്ചുള്ള യാതൊരു ആശങ്കകളും വേണ്ട. മുൻകൂട്ടി നടപ്പാക്കാൻ പോകുന്നുവെന്നുള്ള ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയുടെ ആശങ്ക അടിസ്ഥാന രഹിതമാണ്. ഇതുസംബന്ധിച്ച് 4-10-2010-ൽ ഉത്തരവ് ഇറക്കിയിട്ടുണ്ട്. നിലവിൽ സർവ്വീസി ലുള്ള ഫുൾടൈം അധ്യാപകർക്ക് യാതൊരു വിധത്തിലുമുള്ള ബുദ്ധിമുട്ടും ഈ ഉത്തരവ്വഴി ഉണ്ടാകുകയില്ല. ഇവർ റിട്ടയർ ചെയ്തശേഷവും പ്രസ്തുത തസ്തിക ഫുൾ ടൈം ആയിത്തന്നെ തുടരണമെന്ന വാദമുണ്ട്. ഇതാണ് നമ്മൾ ചർച്ച ചെയ്യേണ്ടത്. ഇതു സംബന്ധിച്ച് ഒരു തീരുമാനം നമ്മൾ ഇപ്പോൾ എടുക്കുന്നില്ല. ഇവിടെ വ്യക്തമാക്കേണ്ട കാര്യം, ഗ്രൂപ്പ് 'സി' ഡൈവേർഷൻ വഴി ജൂനിയർ-സീനിയർ എന്നുള്ള വ്യത്യാസ മാണുള്ളത്. ഇവരുടെ ജോലി നഷ്ടപ്പെടുന്ന പ്രശ്നമേയില്ല. ഗ്രൂപ്പ് 'സി' ഡൈവേർഷൻവഴി ഇവർക്ക് സീനിയർ അധ്യാപകരാകാനുള്ള അവകാശമുണ്ട്. അത് 2010-11 വർഷവും തുടരും. ഭാവിയിൽ എന്ത് വേണമെന്നുള്ളകാര്യം നമുക്ക് ചർച്ച ചെയ്ത് തീരുമാനിക്കാം. നിലവിൽ 12 പീരിയഡുകളുള്ള അധ്യാപകർക്ക് ഗ്രൂപ്പ് 'സി' വിഷയങ്ങളിൽനിന്ന് 3 പീരിയഡുകൾ കൂടി കൂട്ടിച്ചേർത്ത് 15 പീരിയഡുകളാക്കിയാണ് ഫുൾടൈം തസ്തിക സൃഷ്ടിക്കുന്നത്. ഗ്രൂപ്പ് 'സി' ഡൈവേർഷൻ മുഖേന ഫുൾടൈം ആയ അധ്യാപകർ റിട്ടയർ ചെയ്യുന്നതുവരെ ഇവർക്ക് ലഭിച്ച ആനുകൂല്യങ്ങൾ നഷ്ടപ്പെടുകയില്ല. പിന്നീട് അതേ തസ്തികയിൽ നിയമിക്കപ്പെടുന്ന അധ്യാപകർ പാർട്ട് ടൈമായി നിയമിക്കപ്പെട്ടാം എന്നുള്ളതാണ് ഈ വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുമ്പോൾ ഉണ്ടാകുന്നത്. അവിടെയും അവർക്ക് ജോലി നഷ്ടപ്പെടുന്നി ല്ല. അവർ പാർട്ട് ടൈം അധ്യാപകരായിരിക്കേണ്ട ഒരു സാഹചര്യമുണ്ടാകാം. ഇത് ഇന്ത്യൻ പാർലമെന്റ് ഐകകണ്ഠ്യേന പാസ്സാക്കിയ വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടാണ്. എല്ലാ വിഭാഗങ്ങളുമായി ചർച്ച ചെയ്ത് എന്തുവേണമെന്നുള്ളതിനെക്കുറിച്ച് തീരുമാനിക്കാം. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുടെ ഭാഷ പഠിപ്പിക്കാൻ ഈ ഗവൺമെന്റിന്റെ കാലത്ത് നൽകിയതുപോലുള്ള പ്രാധാന്യം മുമ്പ് ഒരിക്കലും നൽകിയിട്ടില്ല. കഴിഞ്ഞ ദിവസം ലോക അറബി

LIBRARY ARCHIVES Kerala Legislative Assembly

ദിനാചരണ വേളയിൽ ഞാൻ പറഞ്ഞതുപോലെ കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ പരിധിക്കുള്ളിൽ ഒരു ഇന്റർനാഷണൽ അറബിക് സ്റ്റഡി സെന്റർ സ്ഥാപിക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചു കഴിഞ്ഞിരിക്കുന്നു, അതിനുള്ള നടപടികളുമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. അത്തരമൊരു സാഹചര്യത്തിൽ ഈ ഗവൺമെന്റ് ന്യൂനപക്ഷ ഭാഷകളുടെ പഠനത്തിന് എന്തെങ്കിലും പ്രാധാന്യം കുറച്ചു കാണുന്നതായിട്ടുള്ള ആരോപണം ഉന്നയിക്കുന്നത് ദൗർഭാഗ്യകരമാണെന്നുകൂടി പറയുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഒരു വിഷയം ഉന്നയിച്ചിരുന്നു. അറബി, ഉറുദു തുടങ്ങിയ ഭാഷകളിൽ അധ്യാപകരാകാൻ ആരുമില്ലാത്ത ഒരു സ്ഥിതി കേരളത്തിൽ മുമ്പുണ്ടായിരുന്നു. അപ്പോഴാണ് ഒരു കമ്മീഷന്റെ നേതൃത്വത്തിൽ ഒരു താൽക്കാലിക പരീക്ഷ നടത്തി കുറെ ആളുകളെ യോഗ്യതയുള്ളവരാക്കി അറബി അധ്യാപകരും ഉറുദു അധ്യാപകരുമായൊക്കെ നിയമിച്ചിരുന്നത്. ഇപ്പോൾ നമ്മുടെ നാട്ടിൽ പൂർണ്ണ യോഗ്യതയുള്ള ധാരാളം ആളുകൾ പ്ലസ് ടു-വും ബിരുദവും പാസ്സായി വരുന്നുണ്ട്. അവരെല്ലാം തൊഴിലില്ലാതെ നിൽക്കുമ്പോൾ ഒരു അര പരീക്ഷ നടത്തി ആളുകളെ ലഭ്യമാക്കേണ്ട ആവശ്യമില്ല. ഈ മാറ്റം ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കുമെന്നാണ് വിചാരിക്കുന്നത്.

7. മമ്പാട്, തുവ്വൂർ പഞ്ചായത്തുകളിലെ റോഡുകൾ ഗതാഗതയോഗ്യമാക്കാൻ നടപടി

ശ്രീ. എ. പി. അനിൽകുമാർ : സർ, എന്റെ നിയോജകമണ്ഡലത്തിലെ മമ്പാട്, തുവ്വൂർ എന്നീ രണ്ട് പഞ്ചായത്തുകളിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് റോഡുകളായ ഏതാണ്ട് പതിനഞ്ച് കിലോമീറ്ററോളം വരുന്ന പുള്ളിപ്പാടം-ഓടായിക്കൽ റോഡും അരിമണൽ-നീലാഞ്ചേരി റോഡും പൂർണ്ണമായി തകർന്ന് ഗതാഗത യോഗ്യമല്ലാത്തതിനാൽ നിലവിലുണ്ടായിരുന്ന ബസ്സ് സർവ്വീസുപോലും നിർത്തിവച്ച സാഹചര്യമാണുള്ളത്. മുമ്പ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത ഈ രണ്ട് റോഡുകളും ഇന്ന് പി.ഡബ്ല്യു.ഡി ലിസ്റ്റിലില്ല. ത്രിതല പഞ്ചായത്തുകൾക്ക് നൽകിയെന്നാണ് പറഞ്ഞതെങ്കിലും ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ ലിസ്റ്റിലും ഈ റോഡ് ഇന്ന് കാണാനില്ല. എവിടെയും ഇല്ലാത്ത ഈ സാഹചര്യത്തിൽ ജനങ്ങൾ ആകെ ബുദ്ധിമുട്ടിലാണ്. വളരെ പ്രധാനപ്പെട്ട ചാലിയാർ പുഴയ്ക്ക് കുറുകെയുള്ള ഈ റോഡ് ഒറ്റപ്പെട്ട ഒരു പ്രദേശത്തെ ബന്ധിപ്പിക്കുന്ന റോഡാണ്. പ്രസ്തുത റോഡ് തകർന്ന സാഹചര്യത്തിൽ ജനങ്ങൾക്ക് പോകാൻ ഓട്ടോറിക്ഷാ പോലുമില്ലാത്ത സാഹചര്യമാണുള്ളത്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവന്നതാണ്. ഈ റോഡുകൾ എത്രയും പെട്ടെന്ന് ഗതാഗത യോഗ്യമാക്കിത്തീർക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, വണ്ടൂർ നിയോജക മണ്ഡലത്തിൽപ്പെട്ട മമ്പാട് പഞ്ചായത്തിലെ മുണ്ടേങ്കര-പുള്ളിപ്പാടം-ഓടായിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

റോഡും തൂവൂർ പഞ്ചായത്തിലെ തൂവൂർ-നീലാഞ്ചേരി-അരിമണൽ റോഡും 14-8-2009-ലെ സർക്കാർ ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ നിലനിർത്താൻ ഉത്തരവായ മേജർ ഡിസ്ട്രിക്ട് റോഡുകളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും മമ്പാട് പഞ്ചായത്തിലെ മുണ്ടേങ്കര-പുള്ളിപ്പാടം റോഡിന് 250 ലക്ഷം രൂപയുടേയും തൂവൂർ പഞ്ചായത്തിലെ തൂവൂർ-നീലാഞ്ചേരി റോഡിന് 300 ലക്ഷം രൂപയുടേയും എസ്റ്റിമേറ്റുകൾ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ ഭരണാനുമതിക്കായി സമർപ്പിക്കുകയും പ്രസ്തുത പ്രവൃത്തികൾക്ക് ബഡ്ജറ്റ് പ്രൊവിഷനില്ലാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ലാത്തതുമാണ്. എന്നാൽത്തന്നെയും ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പി. അനിൽകുമാറിന്റെ ആവശ്യം പരിഗണിച്ച് പ്രസ്തുത റോഡുകൾ ഒ.ഡി.ആർ.കളുടെ അപ്ഗ്രഡേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുവാനാവശ്യമായ തുക അനുവദിക്കുന്നതാണ്.

(8) സ്ഥലമെടുപ്പ് നടപടികൾ

ശ്രീ. എം. എം. മോനായി: സർ, കുന്നത്തുനാട് മണ്ഡലത്തിലൂടെ കടന്നുപോകുന്ന കൊച്ചി-മധുര ദേശീയ പാതയുടെ തൃപ്പൂണിത്തുറ ബൈപ്പാസിനായി തിരുവാണിയൂർ ഗ്രാമപഞ്ചായത്തിലെ മറ്റക്കുഴി മുതൽ തിരുവാങ്കുളം വരെയുള്ള ഭാഗത്തെ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിനായി വർഷങ്ങൾക്കുമുമ്പ് നോട്ടിഫിക്കേഷൻ നടത്തുകയും സർവ്വേ നടപടികൾ പൂർത്തീകരിച്ച് കല്ല് സ്ഥാപിച്ചിട്ടുള്ളതുമാണ്. എന്നാൽ അക്വിസിഷന് ആവശ്യമായ ഫണ്ടില്ല എന്ന കാരണത്താൽ ഏറ്റെടുക്കൽ നടപടി മുന്നോട്ടു പോകാതെ വരികയും നോട്ടിഫിക്കേഷൻ ഡി-നോവോ ആവുകയും ചെയ്തു. സ്ഥലം ഉടമകളെ സംബന്ധിച്ചിടത്തോളം ഈ സ്ഥലം ക്രയവിക്രയം നടത്തുവാനോ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാനോ കഴിയാത്ത അവസ്ഥ സംജാതമായിരിക്കുകയാണ്. ആയതിനാൽ പ്രസ്തുത ബൈപ്പാസിന്റെ സ്ഥലമെടുപ്പ് നടപടികൾ പരമാവധി ആറ് മാസത്തിനകം പൂർത്തിയാക്കുവാൻ കഴിയുന്ന വിധത്തിൽ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, കൊച്ചി-മധുര ദേശീയ പാതയിൽ തൃപ്പൂണിത്തുറ ബൈപ്പാസ് റോഡിനുവേണ്ടി മറ്റക്കുഴി മുതൽ തിരുവാങ്കുളം വരെയുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് 6-2-2004-ൽ 657 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കി ഭൂവുടമകൾക്ക് ഇതുവരെ 604 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയതിട്ടുണ്ട്. ആദ്യ എസ്റ്റിമേറ്റിൽ ബേസിക് വാല്യുവേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ വീഴ്ച വന്നതുകൊണ്ട് അത് പുതുക്കി നിശ്ചയിക്കേണ്ടിവന്നു. അപ്രകാരം 17.275 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് കേന്ദ്ര അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റിന് കേന്ദ്ര അനുമതി ലഭിക്കുന്ന മുറയ്ക്ക് ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും സ്ഥലമേറ്റെടുക്കൽ നടപടികൾ പുനരാരംഭിക്കുന്നതിനുമാണ്

LIBRARY ARCHIVES Kerala Legislative Assembly